# ബൈബിൾ സ്വാധീനം സക്കറിയയുടെ കൃതികളിൽ

(THE INFLUENCE OF BIBLE ON THE WORKS OF SACARIA)

*കാലിക്കറ്റ് സർവ്വകലാശാലയിൽ*
*ഡോക്ടർ ഓഫ് ഫിലോസഫി*
*ബിരുദത്തിനായി സമർപ്പിക്കുന്ന പ്രബന്ധം*

**ലില്ലിക്കുട്ടി ജോർജ്ജ്**

**മലയാള കേരള പഠനവിഭാഗം**
**കാലിക്കറ്റ് സർവ്വകലാശാല**
**2009**

# സാക്ഷ്യപത്രം

ഡോ. എൻ. രാജൻ
മലയാള വിഭാഗം
എൻ.എസ്.എസ്. കോളേജ്
മഞ്ചേരി

കാലിക്കറ്റ് സർവ്വകലാശാലയിൽ ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനു വേണ്ടി സമർപ്പിക്കുന്ന *'ബൈബിൾ സ്വാധീനം സക്കറിയയുടെ കൃതികളിൽ'* എന്ന പ്രബന്ധം ലില്ലിക്കുട്ടി ജോർജ്ജ് എന്റെ നിർദ്ദേശമനുസരിച്ച് നിർവ്വഹിച്ച ഗവേഷണ ത്തിന്റെ രേഖയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

മഞ്ചേരി ഡോ.എൻ. രാജൻ

## സത്യവാചകം

ഈ പ്രബന്ധം ഇതിനുമുമ്പ് ഏതെങ്കിലും സർവ്വകലാശാലയുടെയോ തത്തുല്യമായ സ്ഥാപനത്തിന്റെയോ ബിരുദത്തിന് അടിസ്ഥാനമായിട്ടില്ലെന്ന് ഇതിനാൽ സത്യബോധപ്പെടുത്തുന്നു.

കാലിക്കറ്റ് യൂണിവേഴ്സിറ്റി

ലില്ലിക്കുട്ടി ജോർജ്ജ്

## കൃതജ്ഞത

പഠനക്കുറിപ്പുകൾ ക്ഷമയോടെ പരിശോധിച്ച് അതാതുസമയങ്ങളിൽ വേണ്ട നിർദ്ദേശങ്ങളും, പ്രോത്സാഹനങ്ങളും നല്കിയ മാർഗ്ഗ നിർദ്ദേശകൻ രാജൻ മാസ്റ്ററോ ടുള്ള വലിയ കടപ്പാട് അനുസ്മരിക്കുന്നു. കാലിക്കറ്റ് യൂണിവേഴ്സിറ്റി മലയാളം വകുപ്പ് മേധാവികളും, ഓഫീസ് ജീവനക്കാരും, ലൈബ്രറി ജീവനക്കാരും ചെയ്തുതന്ന ഉപ കാരങ്ങൾക്ക് നന്ദി പറയുന്നു. ഹോളി ഫാമിലി ഹൈസ്കൂൾ പടത്തുകടവ്, സെന്റ് മേരീസ് ഹൈസ്കൂൾ കക്കാടംപൊയിൽ, സെന്റ് മേരീസ് ഹൈസ്കൂൾ മരുതോങ്കര എന്നിവിടങ്ങളിലെ സഹപ്രവർത്തകരായിരുന്ന എല്ലാവരും നല്കിയ പ്രോത്സാഹന ങ്ങൾക്ക് നന്ദി പറയുന്നു. പഠനസാമഗ്രികൾ ശേഖരിക്കാൻ സഹായിച്ച ഭർത്താവിനും പഠനസൗകര്യങ്ങൾ ചെയ്തുതന്ന ഭർത്തൃമാതാവിനും, എന്റെ സഹോദരങ്ങൾക്കും ഹൃദയപൂർവ്വം നന്ദിപറഞ്ഞുകൊണ്ട് ഈ പ്രബന്ധം സമർപ്പിക്കുന്നു.

## സമർപ്പണം

പ്രബന്ധം പൂർത്തിയാക്കാനാവില്ലെന്ന് കരുതിയ പ്രതിസന്ധിഘട്ടങ്ങളിലൊക്കെയും ശക്തി നല്കിയ, സാഹചര്യം ഒരുക്കിതന്ന സർവ്വവിജ്ഞാനത്തിന്റെയും അധിപനായ ദൈവത്തിന്,

മക്കൾക്കുവേണ്ടി ആളിക്കത്തിയ തിരിയായ് അകാലത്തിൽ വേർപിരിഞ്ഞുപോകേണ്ടിവന്ന ഞങ്ങളുടെ എല്ലാമായിരുന്ന അമ്മച്ചിക്ക്.

## ഉള്ളടക്കം


ഉപോദ്ഘാതം i - v

അധ്യായം ഒന്ന്

**ബൈബിൾ സ്വാധീനം കഥാസാഹിത്യത്തിൽ** 1 - 60

1.1. ബൈബിൾ സ്വാധീനം പ്രമേയഘടനയിൽ, നോവലിൽ, ചെറുകഥയിൽ
1,1.1. നോവലിൽ
1.1.2. ചെറുകഥയിൽ
1.2. ബൈബിൾ സ്വാധീനം കഥാപാത്രസൃഷ്ടിയിൽ, നോവലിൽ, ചെറുകഥയിൽ
1,2.1. നോവലിൽ
1.2.2. ചെറുകഥയിൽ
1.3. ബൈബിൾ സ്വാധീനം സംഭാഷണത്തിൽ, നോവലിൽ, ചെറുകഥയിൽ
1,3.1. നോവലിൽ
1.3.2. ചെറുകഥയിൽ
1.4. ബൈബിൾ ദർശനത്തിന്റെ സ്വാധീനം, നോവലിൽ, ചെറുകഥയിൽ
1,4.1. നോവലിൽ
1.4.2. ചെറുകഥയിൽ

അധ്യായം രണ്ട്

**ബൈബിൾ സ്വാധീനം സക്കറിയയുടെ കഥകളിൽ** 61 - 96

2.1. ബൈബിൾ സ്വാധീനം സക്കറിയയുടെ കഥകളുടെ പ്രമേയത്തിൽ
2.2. ബൈബിൾ പ്രമേയം ആക്ഷേപഹാസ്യകഥകളിൽ
2.3. ബൈബിൾ പ്രമേയം പാരഡി സ്വഭാവങ്ങളുടെ കഥകളിൽ
2.4. സഭയുടെ പ്രബോധനങ്ങൾ പ്രമേയമാക്കിക്കൊണ്ടുള്ള കഥകൾ
2.5. ദിവ്യബലിയും പ്രാർത്ഥനയും പ്രമേയമാക്കിയിട്ടുള്ള കഥകൾ.
2.6. പ്രമേയരൂപീകരണത്തിൽ ബൈബിൾ മിത്തുകൾ
2.7. ബൈബിൾ പരാമർശിതസംഭവങ്ങൾ പ്രമേയമാക്കിയ കഥകൾ

അധ്യായം മൂന്ന്

**ബൈബിൾ സ്വാധീനം സക്കറിയയുടെ കഥാപാത്രങ്ങളിൽ** 97 - 132

3.1. കഥാപാത്രമായ യേശു
3.2. ബൈബിളിൽ നിന്നുള്ള മറ്റു കഥാപാത്രങ്ങൾ
3.3. ബൈബിൾ സംഭവപശ്ചാത്തലത്തിൽ രൂപംകൊണ്ട കഥാപാത്രങ്ങൾ

**അധ്യായം നാല്**

**ആഖ്യാനരീതികളിലെ ബൈബിൾ സ്വാധീനം** 133 - 186

4.1. സക്കറിയയുടെ ആഖ്യാനരീതിയുടെ സവിശേഷതകൾ
4.1.1. പഴയ കഥനസങ്കേതങ്ങളുടെ നിരാസം
4.1.2. കഥ എഴുത്തിന്റെ ചർച്ച
4.1.3. സക്കറിയൻ കഥകളിലെ സംസാരഭാഷ
4.1.4. മാധ്യമങ്ങളിലെ ഭാഷ
4.1.5. ചലച്ചിത്രഭാഷ
4.1.6. താളാത്മകഭാഷ
4.1.7. യുക്തിയുടെ ഭാഷ
4.1.8. ഭാഷയുടെ വ്യാകരണലംഘനം
4.2. പ്രതീകാത്മകശൈലി
4.3. അന്യാപദേശരൂപേണയുള്ള കഥകൾ
4.4. ബലിയർപ്പണത്തിന്റെ ഭാഷ
4.5. ക്രൈസ്തവ പ്രാർത്ഥനയിലെ ഭാഷ
4.6. ബൈബിൾ വാക്യങ്ങളുടെ പുനരാഖ്യാനം
4.7. ബൈബിൾ ശൈലികൾ, പ്രയോഗങ്ങൾ, ബിംബകല്പനകൾ
4.8. നസ്രാണി വ്യവഹാരഭാഷ

**അധ്യായം അഞ്ച്**

**ബൈബിൾ സ്വാധീനം സക്കറിയയുടെ കഥകളുടെ ദർശനത്തിൽ** 187 - 220

5.1. ക്രിസ്തുവിലെ ദൈവികതയുടെ ദർശനം
5.2. ക്രിസ്തുവിലെ മാനുഷികതയുടെ ദർശനം
5.3. ദൈവശാസ്ത്ര ദർശനം

**അധ്യായം ആറ്**

**നിഗമനങ്ങൾ** 221 - 225

**ഉപസംഹാരം** 226

**ഗ്രന്ഥസൂചി** 227 - 233

**അനുബന്ധം** (സക്കറിയയുടെ കൃതികൾ)

അധ്യായം ഒന്ന്

# ബൈബിൾ സ്വാധീനം കഥാസാഹിത്യത്തിൽ

അധ്യായം രണ്ട്

# ബൈബിൾ സ്വാധീനം സക്കറിയയുടെ കഥകളിൽ

അധ്യായം മൂന്ന്

# ബൈബിൾ സ്വാധീനം സക്കറിയയുടെ കഥാപാത്രങ്ങളിൽ

അധ്യായം നാല്

# ആഖ്യാനരീതികളിലെ ബൈബിൾ സ്വാധീനം

അധ്യായം അഞ്ച്

# ബൈബിൾ സ്വാധീനം സക്കറിയയുടെ കഥകളുടെ ദർശനത്തിൽ

അധ്യായം ആറ്

# നിഗമനങ്ങൾ

# ഉപോദ്ഘാതം

'ബൈബിൾ സ്വാധീനം സക്കറിയയുടെ കൃതികളിൽ' എന്ന ഗവേഷണപ്രബന്ധത്തിൽ ആറ് അധ്യായങ്ങളാണുള്ളത്. 'ബൈബിൾ സ്വാധീനം കഥാസാഹിത്യത്തിൽ' എന്ന ഒന്നാം അധ്യായത്തിൽ ബൈബിൾ സ്വാധീനമുള്ള കഥകളെക്കുറിച്ചാണ് പറയുന്നത്. പ്രമേയം, കഥാപാത്രം, സംഭാഷണം, ദർശനം എന്നിവയിലൊക്കെ ബൈബിൾ സ്വാധീനം ചെലുത്തിയിട്ടുള്ള കഥകളെക്കുറിച്ച് വേറിട്ട പഠനം നടത്തിയിരിക്കുന്നു. ബൈബിൾ സ്വാധീനമുള്ള സക്കറിയയുടെ കഥകളെക്കുറിച്ച് പഠനം നടത്തുന്ന രണ്ടാം അധ്യായത്തിൽ കഥകളുടെ പ്രമേയം രൂപപ്പെടുത്തുന്നതിൽ ബൈബിൾ എങ്ങനെ സ്വാധീനിച്ചുവെന്ന് കണ്ടെത്തിയിട്ടുണ്ട്. മൂന്നാം അധ്യായത്തിൽ കഥകളിലെ കഥാപാത്രങ്ങളായി കടന്നുവന്നിട്ടുള്ള ബൈബിൾ കഥാപാത്രങ്ങൾ ആരൊക്കെയെന്ന് കണ്ടെത്തിയിട്ടുണ്ട്. നാലാം അധ്യായത്തിൽ ആഖ്യാനരീതിചിട്ടപ്പെടുത്തുന്നതിലുണ്ടായിട്ടുള്ള ബൈബിൾ സ്വാധീനത്തെക്കുറിച്ചും, അഞ്ചാം അധ്യായത്തിൽ കഥകളുടെ ദർശനത്തിലുള്ള ബൈബിൾ സ്വാധീനത്തെക്കുറിച്ചും പഠനം നടത്തിയിട്ടുണ്ട്. ആറാം അധ്യായം ഗവേഷണനിഗമനങ്ങളുടെ ക്രോഡീകരണമാണ്.

**ഗവേഷണത്തിന്റെ ലക്ഷ്യം**

ഭൂതകാലം പവിത്രമെന്നു കരുതി ആരാധിച്ചകഥാനിയമങ്ങളെയെല്ലാം യാതൊരു പരിഗണനയുമില്ലാതെ വലിച്ചെറിയുകയും, പുതിയൊരു സംവേദനശീലം മലയാള വായനക്കാർക്ക് നല്കുകയും ചെയ്ത സാഹിത്യകാരനാണ് സക്കറിയ.

തനിക്ക് എഴുതാനുള്ളതെല്ലാം തുറന്നെഴുതുന്ന അദ്ദേഹത്തിന്റെ കൃതികളിൽ യേശുവും, ബൈബിളിലെ ഇതരകഥാപാത്രങ്ങളും സംഭവങ്ങളും കടന്നുവരുന്നുണ്ട്. 'യേശു' എന്ന ദൈവികപുരുഷനിൽ നിറഞ്ഞുനിന്നിരുന്ന ദൈവികതയോടൊപ്പം, മാനുഷികതയെയും വിലയിരുത്തുകയും തുറന്നു കാണിക്കുകയുമാണ് സക്കറിയചെയ്യുന്നത്. സക്കറിയയുടെ കൃതികളിൽ നിറഞ്ഞുനിൽക്കുന്ന യാഥാർത്ഥ്യങ്ങളെ സക്കറിയയിലുള്ള ബൈബിൾ സ്വാധീനത്തിന്റെയും ആത്മീയതയുടെയും തെളിവുകളായി കണ്ടെത്തി അദ്ദേഹത്തിന്റെ കൃതികളെ പഠനവിധേയമാക്കുക എന്നതാണ് ഈ പഠനത്തിന്റെ ലക്ഷ്യം.

**ഗവേഷണത്തിന്റെ വ്യാപ്തി**

മലയാള സാഹിത്യത്തിൽ ബൈബിൾ സ്വാധീനമുള്ള കഥകൾ കണ്ടെത്തി അവയെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ട്. സക്കറിയയുടെ കഥകൾ ഓരോന്നായി എടുത്ത് അവയുടെ പ്രമേയം, കഥാപാത്രങ്ങൾ, ആഖ്യാനരീതി, ദർശനം എന്നിവയൊക്കെ രൂപപ്പെടുത്തുന്നതിൽ ബൈബിൾ ചെലുത്തിയ സ്വാധീനം എന്തെന്ന് കണ്ടെത്തിയിട്ടുണ്ട്.

**മുൻകാല പഠനങ്ങൾ**

സക്കറിയയുടെ കഥകളെക്കുറിച്ചുള്ള ചില പഠനങ്ങൾ ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ വന്നിട്ടുണ്ട്. കെ.പി.അപ്പന്റെ 'കഥ ആഖ്യാനവും അനുഭവസത്തയും', 'വിവേകശാലിയായ വാനക്കാരാ', 'ഉത്തരാധുനികത വർത്തമാനവും വംശാവലിയും' എന്നീ കൃതികളിൽ സാന്ദർഭികമായി സക്കറിയയുടെ ചില കഥകളെക്കുറിച്ചുള്ള വിലയിരുത്തലുകൾ വന്നിട്ടുണ്ട്.

**അവയുടെ പരിമിതി**

ആനുകാലികങ്ങളിൽ വന്നിട്ടുള്ള പഠനങ്ങളിൽ സക്കറിയയുടെ കഥകളുടെ മൊത്തത്തിലുള്ള സവിശേഷതകളെ വിലയിരുത്തുകയാണ് ചെയ്തിരിക്കുന്നത്. കെ.പി.അപ്പന്റെ കൃതികളിൽ സാഹിത്യരംഗത്തുണ്ടായിട്ടുള്ള നൂതന പ്രവണതകളെക്കുറിച്ച് പരാമർശിക്കുമ്പോൾ സാന്ദർഭികമായി സക്കറിയയുടെ കഥകളും ഉദാഹരിക്കുന്നുവെന്നേയുള്ളു. സക്കറിയയുടെ കഥകളിലെ ബൈബിൾ സ്വാധീനത്തെക്കുറിച്ച് ആധികാരികമായ ഒരു പഠനം നടന്നിട്ടില്ല. അതിനാൽ സക്കറിയയുടെ കഥകളിലെ ബൈബിൾ സ്വാധീനത്തെക്കുറിച്ചുള്ള പഠനത്തിന് പ്രസക്തിയുണ്ട്.

**ആകര സാമഗ്രികൾ**

ഈ പഠനം നിർവ്വഹിച്ചതിനുള്ള മുഖ്യസാമഗ്രികൾ സക്കറിയയുടെ കൃതികൾതന്നെയാണ്. അദ്ദേഹത്തിന്റെ എല്ലാകഥകളും പൂർണ്ണമായി അപഗ്രഥിച്ചിട്ടുണ്ട്. മലയാള സാഹിത്യത്തിലെ ബൈബിൾ സ്വാധീനമുള്ള കഥകളും ഉപയോഗിച്ചിട്ടുണ്ട്. സമകാലികനോവൽ സാഹിത്യശാഖകളെക്കുറിച്ചുള്ള പഠനങ്ങളിലും, വിമർശനങ്ങളിലും വന്നിട്ടുള്ള സക്കറിയാകൃതികളെക്കുറിച്ചുള്ള പരാമർശങ്ങളും, സക്കറിയയുമായി നടത്തിയ അഭിമുഖക്കുറിപ്പുകൾ ആനുകാലികങ്ങളിൽ പ്രസിദ്ധീകരിച്ചവയും ഈ പഠനത്തിനുള്ള സാമഗ്രികളായിരുന്നു. ബൈബിൾ സ്വാധീനം മുൻകാല എഴുത്തുകാരിൽ എങ്ങനെ പ്രകടമായിരുന്നുവെന്നു വ്യക്തമാക്കുന്ന പഠനങ്ങളും ഈ പ്രബന്ധ പൂർത്തീകരണത്തിനുപകരിച്ചു. സമ്പൂർണ്ണ ബൈബിളും പഠനസാമഗ്രിയായിരുന്നു.

**ഗവേഷണ രീതി**

ഈ പഠനം ആറ് അധ്യായങ്ങളായി തിരിച്ചിട്ടുണ്ട്. 'ബൈബിൾ സ്വാധീനം കഥാസാഹിത്യത്തിൽ' എന്ന ഒന്നാം അധ്യായത്തിൽ മലയാളസാഹിത്യത്തിലെ ബൈബിൾ

സ്വാധീനമുള്ള കഥകളെക്കുറിച്ചാണ് പഠനം നടത്തിയിരിക്കുന്നത്. കഥകളുടെ പ്രമേയം, കഥാപാത്രം, സംഭാഷണം, ദർശനം എന്നിവയൊക്കെ രൂപപ്പെടുന്നതിൽ ബൈബിൾ ചെലുത്തിയ സ്വാധീനത്തെക്കുറിച്ച് വിശദമായി പഠനം നടത്തിയിട്ടുണ്ട്.

'ബൈബിൾ സ്വാധീനം സക്കറിയയുടെ കഥകളിൽ' എന്ന രണ്ടാമധ്യായത്തിൽ കഥകളുടെ പ്രമേയരൂപീകരണത്തിന് ബൈബിൾ എങ്ങനെ ഉപയോഗപ്പെടുത്തിയെന്ന് കണ്ടെത്തിയിട്ടുണ്ട്. ആക്ഷേപഹാസ്യകഥകൾ, പാരഡികഥകൾ, സഭയുടെ പ്രബോധനങ്ങൾ, ദിവ്യബലിയും പ്രാർത്ഥനയും, ബൈബിൾ മിത്തുകൾ, ബൈബിൾ പരാമർശിത സംഭവങ്ങൾ ഇവയോരോന്നും പ്രമേയരൂപീകരത്തിന് എങ്ങനെ ഉപകരിച്ചുവെന്ന് ഈ അധ്യായത്തിൽ കണ്ടെത്തിയിട്ടുണ്ട്.

'ബൈബിൾ സ്വാധീനം സക്കറിയയുടെ കഥാപാത്രങ്ങളിൽ' എന്ന മൂന്നാമധ്യായത്തിൽ, കഥാപാത്രമായ യേശു, ബൈബിളിൽ നിന്നുള്ള മറ്റുകഥാപാത്രങ്ങൾ, ബൈബിൾ സംഭവ പശ്ചാത്തലത്തിൽ രൂപംകൊണ്ട കഥാപാത്രങ്ങൾ എന്നിങ്ങനെ സക്കറിയയുടെ കഥകളിലെ കഥാപാത്രങ്ങളെക്കുറിച്ച് വിശദമായി പഠനം നടത്തിയിട്ടുണ്ട്.

'ആഖ്യാനരീതികളിലെ ബൈബിൾ സ്വാധീന'ത്തെക്കുറിച്ചാണ് നാലാം അധ്യായം. ഈ അധ്യായത്തിൽ സക്കറിയയുടെ ആഖ്യാനരീതികളുടെ പൊതുവായ സവിശേഷതകൾ കണ്ടെത്തിയിട്ടുണ്ട്. പ്രതീകാത്മകശൈലി, അന്യാപദേശരൂപേണയുള്ള കഥകൾ, ബലിയർപ്പണത്തിന്റെ ഭാഷ, ക്രൈസ്തവ പ്രാർത്ഥനയിലെ ഭാഷ, ബൈബിൾ വാക്യങ്ങളുടെ പുനരാഖ്യാനം, ബൈബിൾ ശൈലികൾ, പ്രയോഗങ്ങൾ, ബിംബകല്പനകൾ, നസ്രാണി വ്യവഹാരഭാഷ ഇവയൊക്കെ കഥകളിലെ ആഖ്യാനരീതി രൂപപ്പെടുത്തുന്നതിൽ സക്കറിയ എങ്ങനെ ഉപയോഗിച്ചുവെന്ന് കണ്ടെത്തിയിട്ടുണ്ട്.

അഞ്ചാം അധ്യായത്തിൽ 'ബൈബിൾ സ്വാധീനം സക്കറിയയുടെ കഥകളുടെ ദർശനത്തിൽ' എങ്ങനെ ഉപകരിച്ചുവെന്ന് കണ്ടെത്തിയിട്ടുണ്ട്. ക്രിസ്തുവിലെ ദൈവികതയുടെ ദർശനം, ക്രിസ്തുവിലെ മാനുഷികതയുടെ ദർശനം, ദൈവശാസ്ത്രദർശനം. ഇവ ഓരോന്നും പ്രത്യേകമായെടുത്ത് പഠനം നടത്തിയിട്ടുണ്ട്.

ഗവേഷണനിഗമനങ്ങളുടെ ക്രോഡീകരണമാണ് ആറാം അധ്യായം. ഓരോ അധ്യായങ്ങളിലുടെയും നടത്തിയ വിശദപഠനത്തിനുശേഷം എത്തിച്ചേർന്ന നിഗമനം എന്തെന്ന് ഈ അധ്യായത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

## പ്രബന്ധസംഗ്രഹം

'ബൈബിൾ സ്വാധീനം സക്കറിയയുടെ കൃതികളിൽ' എന്ന ഗവേഷണപ്രബന്ധത്തിൽ ആറ് അധ്യായങ്ങളാണുള്ളത്. 'ബൈബിൾ സ്വാധീനം കഥാസാഹിത്യത്തിൽ' എന്ന ഒന്നാം അധ്യായത്തിൽ ബൈബിൾ സ്വാധീനമുള്ള കഥകളെക്കുറിച്ചാണ് പറയുന്നത്. പ്രമേയം, കഥാപാത്രം, സംഭാഷണം, ദർശനം എന്നിവയിലൊക്കെ ബൈബിൾ സ്വാധീനം ചെലുത്തിയിട്ടുള്ള കഥകളെക്കുറിച്ച് വേറിട്ട പഠനം നടത്തിയിരിക്കുന്നു. ബൈബിൾ സ്വാധീനമുള്ള സക്കറിയയുടെ കഥകളെക്കുറിച്ച് പഠനം നടത്തുന്ന രണ്ടാം അധ്യായത്തിൽ കഥകളുടെ പ്രമേയം രൂപപ്പെടുത്തുന്നതിൽ ബൈബിൾ എങ്ങനെ സ്വാധീനിച്ചുവെന്ന് കണ്ടെത്തിയിട്ടുണ്ട്. മൂന്നാം അധ്യായത്തിൽ കഥകളിലെ കഥാപാത്രങ്ങളായി കടന്നുവന്നിട്ടുള്ള ബൈബിൾ കഥാപാത്രങ്ങൾ ആരൊക്കെയെന്ന് കണ്ടെത്തിയിട്ടുണ്ട്. നാലാം അധ്യായത്തിൽ ആഖ്യാനരീതിചിട്ടപ്പെടുത്തുന്നതിലുണ്ടായിട്ടുള്ള ബൈബിൾ സ്വാധീനത്തെക്കുറിച്ചും, അഞ്ചാം അധ്യായത്തിൽ കഥകളുടെ ദർശനത്തിലുള്ള ബൈബിൾ സ്വാധീനത്തെക്കുറിച്ചും പഠനം നടത്തിയിട്ടുണ്ട്. ആറാം അധ്യായം ഗവേഷണനിഗമനങ്ങളുടെ ക്രോഡീകരണമാണ്.

**ഗവേഷണത്തിന്റെ ലക്ഷ്യം**

ഭൂതകാലം പവിത്രമെന്നു കരുതി ആരാധിച്ചകഥാനിയമങ്ങളെയെല്ലാം യാതൊരു പരിഗണനയുമില്ലാതെ വലിച്ചെറിയുകയും, പുതിയൊരു സംവേദനശീലം മലയാള വായനക്കാർക്ക് നല്കുകയും ചെയ്ത സാഹിത്യകാരനാണ് സക്കറിയ.

തനിക്ക് എഴുതാനുള്ളതെല്ലാം തുറന്നെഴുതുന്ന അദ്ദേഹത്തിന്റെ കൃതികളിൽ യേശുവും, ബൈബിളിലെ ഇതരകഥാപാത്രങ്ങളും സംഭവങ്ങളും കടന്നുവരുന്നുണ്ട്.

'യേശു' എന്ന ദൈവികപുരുഷനിൽ നിറഞ്ഞുനിന്നിരുന്ന ദൈവികതയോടൊപ്പം, മാനുഷികതയെയും വിലയിരുത്തുകയും തുറന്നു കാണിക്കുകയുമാണ് സക്കറിയചെയ്യുന്നത്. സക്കറിയയുടെ കൃതികളിൽ നിറഞ്ഞുനിൽക്കുന്ന യാഥാർത്ഥ്യങ്ങളെ സക്കറിയയിലുള്ള ബൈബിൾ സ്വാധീനത്തിന്റെയും ആത്മീയതയുടെയും തെളിവുകളായി കണ്ടെത്തി അദ്ദേഹത്തിന്റെ കൃതികളെ പഠനവിധേയമാക്കുക എന്നതാണ് ഈ പഠനത്തിന്റെ ലക്ഷ്യം.

**ഗവേഷണത്തിന്റെ വ്യാപ്തി**

മലയാള സാഹിത്യത്തിൽ ബൈബിൾ സ്വാധീനമുള്ള കഥകൾ കണ്ടെത്തി അവയെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ട്. സക്കറിയയുടെ കഥകൾ ഓരോന്നായി എടുത്ത് അവയുടെ പ്രമേയം, കഥാപാത്രങ്ങൾ, ആഖ്യാനരീതി, ദർശനം എന്നിവയൊക്കെ രൂപപ്പെടുത്തുന്നതിൽ ബൈബിൾ ചെലുത്തിയ സ്വാധീനം എന്തെന്ന് കണ്ടെത്തിയിട്ടുണ്ട്.

**മുൻകാല പഠനങ്ങൾ**

സക്കറിയയുടെ കഥകളെക്കുറിച്ചുള്ള ചില പഠനങ്ങൾ ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ വന്നിട്ടുണ്ട്. കെ.പി.അപ്പന്റെ 'കഥ ആഖ്യാനവവും അനുഭവസത്തയും', 'വിവേകശാലിയായ വാനക്കാരാ', 'ഉത്തരാധുനികത വർത്തമാനവും വംശാവലിയും' എന്നീ കൃതികളിൽ സാന്ദർഭികമായി സക്കറിയയുടെ ചില കഥകളെക്കുറിച്ചുള്ള വിലയിരുത്തലുകൾ വന്നിട്ടുണ്ട്.

**അവയുടെ പരിമിതി**

ആനുകാലികങ്ങളിൽ വന്നിട്ടുള്ള പഠനങ്ങളിൽ സക്കറിയയുടെ കഥകളുടെ മൊത്തത്തിലുള്ള സവിശേഷതകളെ വിലയിരുത്തുകയാണ് ചെയ്തിരിക്കുന്നത്. കെ.പി.അപ്പന്റെ കൃതികളിൽ സാഹിത്യരംഗത്തുണ്ടായിട്ടുള്ള നൂതന പ്രവണതകളെ

ക്കുറിച്ച് പരാമർശിക്കുമ്പോൾ സാന്ദർഭികമായി സക്കറിയയുടെ കഥകളും ഉദാഹരിക്കുന്നുവെന്നേയുള്ളു. സക്കറിയയുടെ കഥകളിലെ ബൈബിൾ സ്വാധീനത്തെക്കുറിച്ച് ആധികാരികമായ ഒരു പഠനം നടന്നിട്ടില്ല. അതിനാൽ സക്കറിയയുടെ കഥകളിലെ ബൈബിൾ സ്വാധീനത്തെക്കുറിച്ചുള്ള പഠനത്തിന് പ്രസക്തിയുണ്ട്.

**ആകര സാമഗ്രികൾ**

ഈ പഠനം നിർവ്വഹിച്ചതിനുള്ള മുഖ്യസാമഗ്രികൾ സക്കറിയയുടെ കൃതികൾതന്നെയാണ്. അദ്ദേഹത്തിന്റെ എല്ലാകഥകളും പൂർണ്ണമായി അപഗ്രഥിച്ചിട്ടുണ്ട്. മലയാള സാഹിത്യത്തിലെ ബൈബിൾ സ്വാധീനമുള്ള കഥകളും ഉപയോഗിച്ചിട്ടുണ്ട്. സമകാലികനോവൽ സാഹിത്യശാഖകളെക്കുറിച്ചുള്ള പഠനങ്ങളിലും, വിമർശനങ്ങളിലും വന്നിട്ടുള്ള സക്കറിയാകൃതികളെക്കുറിച്ചുള്ള പരാമർശങ്ങളും, സക്കറിയയുമായി നടത്തിയ അഭിമുഖക്കുറിപ്പുകൾ ആനുകാലികങ്ങളിൽ പ്രസിദ്ധീകരിച്ചവയും ഈ പഠനത്തിനുള്ള സാമഗ്രികളായിരുന്നു. ബൈബിൾ സ്വാധീനം മുൻകാല എഴുത്തുകാരിൽ എങ്ങനെ പ്രകടമായിരുന്നുവെന്നു വ്യക്തമാക്കുന്ന പഠനങ്ങളും ഈ പ്രബന്ധപൂർത്തീകരണത്തിനുപകരിച്ചു. സമ്പൂർണ്ണ ബൈബിളും പഠനസാമഗ്രിയായിരുന്നു.

**ഗവേഷണ രീതി**

ഈ പഠനം ആറ് അധ്യായങ്ങളായി തിരിച്ചിട്ടുണ്ട്. 'ബൈബിൾ സ്വാധീനം കഥാസാഹിത്യത്തിൽ' എന്ന ഒന്നാം അധ്യായത്തിൽ മലയാളസാഹിത്യത്തിലെ ബൈബിൾ സ്വാധീനമുള്ള കഥകളെക്കുറിച്ചാണ് പഠനം നടത്തിയിരിക്കുന്നത്. കഥകളുടെ പ്രമേയം, കഥാപാത്രം, സംഭാഷണം, ദർശനം എന്നിവയൊക്കെ രൂപപ്പെടുന്നതിൽ ബൈബിൾ ചെലുത്തിയ സ്വാധീനത്തെക്കുറിച്ച് വിശദമായി പഠനം നടത്തിയിട്ടുണ്ട്.

'ബൈബിൾ സ്വാധീനം സക്കറിയയുടെ കഥകളിൽ' എന്ന രണ്ടാമധ്യായത്തിൽ കഥകളുടെ പ്രമേയരൂപീകരണത്തിന് ബൈബിൾ എങ്ങനെ ഉപയോഗപ്പെടുത്തിയെന്ന്

കണ്ടെത്തിയിട്ടുണ്ട്. ആക്ഷേപഹാസ്യകഥകൾ, പാരഡികഥകൾ, സഭയുടെ പ്രബോധനങ്ങൾ, ദിവ്യബലിയും പ്രാർത്ഥനയും, ബൈബിൾ മിത്തുകൾ, ബൈബിൾ പരാമർശിത സംഭവങ്ങൾ ഇവയോരോന്നും പ്രമേയരൂപീകരത്തിന് എങ്ങനെ ഉപകരിച്ചുവെന്ന് ഈ അധ്യായത്തിൽ കണ്ടെത്തിയിട്ടുണ്ട്.

'ബൈബിൾ സ്വാധീനം സക്കറിയയുടെ കഥാപാത്രങ്ങളിൽ' എന്ന മൂന്നാമധ്യായത്തിൽ, കഥാപാത്രമായ യേശു, ബൈബിളിൽ നിന്നുള്ള മറ്റുകഥാപാത്രങ്ങൾ, ബൈബിൾ സംഭവ പശ്ചാത്തലത്തിൽ രൂപംകൊണ്ട കഥാപാത്രങ്ങൾ എന്നിങ്ങനെ സക്കറിയയുടെ കഥകളിലെ കഥാപാത്രങ്ങളെക്കുറിച്ച് വിശദമായി പഠനം നടത്തിയിട്ടുണ്ട്.

'ആഖ്യാനരീതികളിലെ ബൈബിൾ സ്വാധീന'ത്തെക്കുറിച്ചാണ് നാലാം അധ്യായം. ഈ അധ്യായത്തിൽ സക്കറിയയുടെ ആഖ്യാനരീതികളുടെ പൊതുവായ സവിശേഷതകൾ കണ്ടെത്തിയിട്ടുണ്ട്. പ്രതീകാത്മകശൈലി, അന്യാപദേശരൂപേണയുള്ള കഥകൾ, ബലിയർപ്പണത്തിന്റെ ഭാഷ, ക്രൈസ്തവ പ്രാർത്ഥനയിലെ ഭാഷ, ബൈബിൾ വാക്യങ്ങളുടെ പുനരാഖ്യാനം, ബൈബിൾ ശൈലികൾ, പ്രയോഗങ്ങൾ, ബിംബകല്പനകൾ, നസ്രാണി വ്യവഹാരഭാഷ ഇവയൊക്കെ കഥകളിലെ ആഖ്യാനരീതി രൂപപ്പെടുത്തുന്നതിൽ സക്കറിയ എങ്ങനെ ഉപയോഗിച്ചുവെന്ന് കണ്ടെത്തിയിട്ടുണ്ട്.

അഞ്ചാം അധ്യായത്തിൽ 'ബൈബിൾ സ്വീധീനം സക്കറിയയുടെ കഥകളുടെ ദർശനത്തിൽ' എങ്ങനെ ഉപകരിച്ചുവെന്ന് കണ്ടെത്തിയിട്ടുണ്ട്. ക്രിസ്തുവിലെ ദൈവികതയുടെ ദർശനം, ക്രിസ്തുവിലെ മാനുഷികതയുടെ ദർശനം, ദൈവശാസ്ത്രദർശനം. ഇവ ഓരോന്നും പ്രത്യേകമായെടുത്ത് പഠനം നടത്തിയിട്ടുണ്ട്.

ഗവേഷണനിഗമനങ്ങളുടെ ക്രോഡീകരണമാണ് ആറാം അധ്യായം. ഓരോ അധ്യായങ്ങളിലൂടെയും നടത്തിയ വിശദപഠനത്തിനുശേഷം എത്തിച്ചേർന്ന നിഗമനം എന്തെന്ന് ഈ അധ്യായത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

## അധ്യായം ഒന്ന്

# ബൈബിൾ സ്വാധീനം കഥാസാഹിത്യത്തിൽ

ലോകഭാഷകളിൽ മിക്കവയുടെയും വളർച്ചയ്ക്കും അവയിലെ സാഹിത്യശാഖ കളുടെ വികാസത്തിനും സഹായകമായിത്തീർന്ന മതഗ്രന്ഥമാണ് ബൈബിൾ. മതപ രമായും ചരിത്രപരമായും ബൈബിൾ പ്രാധാന്യമർഹിക്കുന്നുണ്ട്. എ.ഡി.൪-ാം നൂറ്റാ ണ്ടിലാണ് ക്രിസ്തുമതം ഇംഗ്ലണ്ടിൽ വളർന്നു വികസിച്ചത്. ക്രിസ്തുമതഗ്രന്ഥമായ ബൈബിളിന്റെ വിവർത്തിത രൂപങ്ങൾ ധാരാളമായി ഇംഗ്ലീഷ് ഭാഷയിലുണ്ടായി. പുതിയ ഒരു ഗദ്യശൈലിക്ക് അതുകാരണമാവുകയും ചെയ്തു. ബൈബിളിലെ പഴയനിയമ ത്തിനും, പുതിയ നിയമത്തിനും പഠനങ്ങളും വ്യാഖ്യാനങ്ങളുമുണ്ടായി. ബൈബിളിലെ ആശയങ്ങളും, കഥകളും, സംഭവങ്ങളും, കലാകാരന്മാരെയും എഴുത്തുകാരെയും ആകർഷിച്ചു. ബൈബിൾ അവരുടെ സൃഷ്ടികളിൽ സ്വാധീനം ചെലുത്തുകയും ചെയ്തു.

ഭാരതത്തിലെ ക്രൈസ്തവസഭയ്ക്ക് ക്രിസ്തീയതയോളംതന്നെ പ്രാചീനതയും പാരമ്പര്യവുമുണ്ട്. ക്രിസ്തുവിന്റെ അപ്പസ്തോലരിൽ ഒരുവനായ് വിശുദ്ധ തോമസ്സാണ് ഇവിടെ ക്രസ്തുമതം പ്രചരിപ്പിച്ചത്. ക്രിസ്തു മരിച്ച് ഒരു നൂറ്റാണ്ടിനുള്ളിൽത്തന്നെ ക്രിസ്ത്യാനി പാതിരിമാർ സമുദ്രമാർഗ്ഗമായി ദക്ഷിണേന്ത്യയിൽ എത്തിയിരുന്നു. ഇവി ടുത്തെ നാടുവാഴികൾ അവരെ ഔദാര്യപൂർവ്വം സ്വീകരിക്കുകയും മതപ്രചാരണത്തിന് അനുവാദം നല്കുകയും ചെയ്തു. ആദ്യമിഷനറിമാരാണ് മലയാളത്തിൽ അച്ചടിവിദ്യ

നടപ്പാക്കി നിഘണ്ടുക്കളും വ്യാകരണങ്ങളും നിർമ്മിച്ചതെന്ന് ഡോ.പി.ജെ. തോമസ് രേഖപ്പെടുത്തിയിട്ടുണ്ട്.[1] മലയാള ഭാഷയിൽ കൃതികൾ രചിച്ചിട്ടുള്ള വിദേശീയരിൽ പ്രമുഖന്മാർ അർണ്ണോസുപാതിരി, പൗലിനോസ് പാതിരി, ഗുണ്ടർട്ട് തുടങ്ങിവരാണ്. ബൈബിളിലെ ഇതിവൃത്തത്തെ ആസ്പദമാക്കി രചിച്ച കവിതകളാണാദ്യമുണ്ടായത്.

പത്തൊമ്പതാം നൂറ്റാണ്ടായപ്പോഴേയ്ക്ക് മലയാള ഗദ്യം പരിപോഷിപ്പിക്കപ്പെട്ടു. ഇംഗ്ലീഷ് വിദ്യാഭ്യാസമാണ് അതിനു പ്രേരണനൽകിയത്. ലളിതമായ ഒരു ഗദ്യശൈലി മലയാളത്തിലുണ്ടായി. പത്രങ്ങളും മാസികകളും ഉണ്ടായതോടെ ആശയ പ്രകടനത്തിനുള്ള പശ്ചാത്തലവും ഗദ്യശാഖകളെണ്ടത്തി. മലയാള ഭാഷയുടെമേൽ സംസ്കൃതത്തിനുണ്ടായിരുന്ന മേൽക്കോയ്മ ക്രമേണ കുറഞ്ഞുവരികയും പുതിയ പുതിയ സാഹിത്യരൂപങ്ങൾ എഴുത്തുകാർ പരീക്ഷിച്ചുനോക്കുകയും ചെയ്തു. സാഹിത്യമെന്നാൽ പദ്യമാണെന്ന ചിന്താഗതിയ്ക്കു മാറ്റം വന്നു. ഗദ്യവും സാഹിത്യപദവിയിലേക്കുയർന്നു. ഗദ്യശാഖയുടെ പരിപുഷ്ടാവസ്ഥയിൽ നോവൽ എന്ന പുതിയ സാഹിത്യരൂപത്തിന്റെ ആവിർഭാവമുണ്ടായപ്പോൾ ബൈബിൾ സ്വാധീനം ആ സാഹിത്യശാഖയിലും പ്രകടമായി.

പ്രമേയഘടന, കഥാപാത്രസൃഷ്ടി, സംഭാഷണം, ദർശനം എന്നിങ്ങനെ വ്യത്യസ്ത തലങ്ങളിൽ ബൈബിൾ കഥാലോകത്തെ സ്വാധീനിച്ചിട്ടുണ്ട്. ഈ അധ്യായത്തിൽ ബൈബിൾ സ്വാധീനമുള്ള കഥകളെ വ്യത്യസ്തവിഭാഗങ്ങളായി തിരിച്ച് പഠനം നടത്തുന്നു.

### 1.1. ബൈബിൾ സ്വാധീനം പ്രമേയഘടനയിൽ, നോവലിൽ ചെറുകഥയിൽ

ഇന്ന് വ്യത്യസ്തങ്ങളായ സാഹിത്യ പ്രസ്ഥാനങ്ങളും അവയ്ക്കോരോന്നിനും

---

1. ഡോ. പി.ജെ. തോമസ്: *മലയാള സാഹിത്യവും ക്രിസ്ത്യാനികളും*, സാഹിത്യപ്രവർത്തക കോഓപ്പറേറ്റീവ് സൊസൈറ്റി, നവം 1935, പു.79.

ശാസ്ത്രീയമായി രേഖപ്പെടുത്തപ്പെട്ട ലക്ഷണങ്ങളുമുണ്ട്. സാഹിത്യരംഗം ഇത്രയും പുരോഗമിക്കുന്നതിനുമുമ്പ് എഴുതപ്പെട്ട ബൈബിളിൽ പലസാഹിത്യശാഖകളുടെയും പ്രാചീനരൂപം കണ്ടെത്താൻ കഴിയും. കഥ, നോവൽ, നാടകം, നിരൂപണം, കവിത തുടങ്ങി വ്യത്യസ്ത സാഹിത്യരൂപങ്ങളിലും പ്രമേയരൂപീകരണത്തിൽ ബൈബിൾ സഹായകമായിട്ടുണ്ട്. ബൈബിളിലെ ഭാഷാശൈലിയും, ഘടനയും, സ്വരവിശേഷവും, ചോദ്യോത്തരരീതിയും, സംബോധനരീതിയും, സംഗീതാത്മകഭാഷയും സാഹിത്യകാരന്മാർ പ്രയോജനപ്പെടുത്തിയിട്ടുണ്ട്. പ്രമേയ ഘടനയിൽ ബൈബിൾ സ്വാധീനം കടന്നുവന്നിട്ടുള്ള കഥകളാണ് ഈ ഭാഗത്ത് പരാമർശിക്കുന്നത്.

**1.1.1. നോവലിൽ**

'സരസ്വതീവിജയം'[1] 'പരിഷ്കാരപ്പാതി'[2] എന്നീ നോവലുകൾ 1892-ൽ പ്രസിദ്ധീകരിക്കപ്പെട്ടു. മലബാറിലെ പുലയർ നമ്പൂതിരിമാരുടെയും മറ്റു സവർണ്ണരുടെയും പീഡനത്തിനിരായിരുന്നതും ക്രിസ്തുമതസ്വീകാര്യവും വിദ്യാഭ്യാസവും വഴി പുരോഗമിക്കുന്നതുമായ കഥയാണ് സരസ്വതീവിജയത്തിൽ പറയുന്നത്.

ക്രിസ്ത്യൻ സമുദായത്തിന്റെ പശ്ചാത്തലത്തിൽ രചിക്കപ്പെട്ട ആദ്യത്തെ മലയാള നോവൽ എന്ന നിലയ്ക്ക് 'പരിഷ്കാരപ്പാതി' പ്രാധാന്യമർഹിക്കുന്നുണ്ട്. സുറിയാനി ക്രിസ്ത്യാനികളുടെ ജനനം, മരണം, വിവാഹം എന്നിവയുമായി ബന്ധപ്പെട്ട ആചാരാനുഷ്ഠാനങ്ങളാണ് പരിഷ്കാരപ്പാതിയിലുള്ളത്. കേരളത്തിലെ ഒരു വിഭാഗം ക്രൈസ്തവരുടെ സവിശേഷതകൾ വെളിവാക്കാൻ വേണ്ട വൈപുല്യം ഈ നോവലിലെ കഥയ്ക്കും, കഥാപാത്രങ്ങൾക്കും സംഭവങ്ങൾക്കും ഉണ്ട്.[3]

1. പോത്തേരികുഞ്ഞമ്പു: *സരസ്വതീവിജയം*, 1937.
2. കൊച്ചുതൊമ്മൻ അപ്പോത്തിക്കരി: *പരിഷ്ക്കാരപ്പാതി,* 1977.
3. ഡോ. ജോർജ്ജ് ഇരുമ്പയം: *മലയാള നോവൽ പത്തൊമ്പതാം നൂറ്റാണ്ടിൽ*, പു.166.

1897-ൽ പ്രസിദ്ധീകരിച്ച് 'സുകുമാരി'[1] 1840 മുതൽ വടക്കേ മലബാറിൽ നടന്ന ബാസൽ മിഷൻ പ്രവർത്തനങ്ങളെയും ആ സഭയിലെ ചില അംഗങ്ങളുടെ രാഗദ്വേഷ ങ്ങളെയും പ്രമേയമാക്കി ജോസഫ് മൂളിയിൽ രചിച്ച നോവലാണ്. തിയ്യ സമുദായ ത്തിൽ പിറന്ന രാമന്റെ മതംമാറ്റവും, വീട്ടുകാരുടെ എതിർപ്പും കഥയിലുണ്ട്. കഥാവ സാനം മനംമാറുന്ന കുടുംബാംഗങ്ങളും ക്രിസ്തുമതം സ്വീകരിക്കുന്നു. ബൈബിൾ ഭാഷയുടെ അനുകരണം ഈ കൃതിയുലുണ്ട്.

ബൈബിൾ ഇതിവൃത്തമാക്കി പോഞ്ഞിക്കര റാഫി രചിച്ച നോവലാണ് 'സ്വർഗ്ഗ ദൂതൻ.'[2] ബൈബിൾ പഴയനിയമം ഉത്പ്പത്തി പുസ്തകത്തിലെ സൃഷ്ടിയെക്കുറിച്ചുള്ള വാക്യങ്ങൾ ഉദ്ധരിച്ചുകൊണ്ട് ആദ്യ സർഗ്ഗം ആരംഭിക്കുന്നു. അതിനെത്തുടർന്ന് പ്രള യപർവ്വവും, പെട്ടകപർവ്വവും അവതരിപ്പിക്കുന്നു. ഒരുയാഥാസ്ഥിതിക റോമൻ കത്തോ ലിക്കാ കുടുംബത്തിലെ രീതികളുമായി ഇഴുകിച്ചേർന്ന ഒരു ബാലന്റെ കായികവും മാനസികവുമായ അനുഭവങ്ങൾ സൃഷ്ടിക്കുന്ന അത്ഭുത പ്രപഞ്ചമാണിതിലെ പ്രതി പാദ്യം. ബൈബിൾ പുതിയ നിയമത്തിലെയും, പഴയനിയമത്തിലെയും കഥകൾ പറ ഞ്ഞുകൊണ്ട് നോവലിസ്റ്റ് അവന്റെ ഉപബോധമനസ്സിന്റെ ഉള്ളറകളിലേക്കു നമ്മെ നയി ക്കുന്നു.

ബൈബിൾ ഉല്പത്തി പുസ്തകത്തിൽ ഏഴാം അധ്യായത്തിൽ 'ജലപ്രളയം' ഉണ്ടാ യപ്പോൾ നോഹയും കുടുംബവും പേടകത്തിൽ കയറി രക്ഷപ്പെട്ട കഥ പറയുന്നുണ്ട്. കാക്കനാടന്റെ 'ഒറോത'[3]യിൽ നോഹയുടെ കഥ പ്രമേയരൂപീകരണത്തിന് സഹായ കമായിട്ടുണ്ട്. മീനച്ചിലാറിലൂടെ വെള്ളപ്പൊക്കത്തിൽ ഒഴുകിവന്നതാണ് ഒറോത. ഓറോ തയുടെ കഥ ചെമ്പേരിയുടെ ത്യാഗങ്ങളുടെയും, സ്നേഹങ്ങളുടെയും, സമരങ്ങളു

1. ജോസഫ് മൂളിയിൽ: *സുകുമാരി*, 1897.
2. പോഞ്ഞിക്കര റാഫി: *സ്വർഗ്ഗദൂതൻ*, 1958.
3. കാക്കനാടൻ: *ഒറോത*, 2002.

ടെയും, ദുഃഖങ്ങളുടെയും കഥയാണ്. മധ്യതിരുവിതാംകൂറിൽ നിന്ന് മലബാർ പ്രദേശത്തേക്കുണ്ടായ കുടിയേറ്റക്കാരുടെ ഒരു പ്രവാഹത്തിന്റെ കഥകൂടിയാണ് ഒറോത. രക്ഷിക്കാൻ പേടകവുമായി നോഹവരുന്നതിനെക്കുറിച്ച് കഥയിൽ പറയുന്നുണ്ട്.

ആരോപണവിധേയനായി പിടിക്കപ്പെട്ട് വിചാരണ കോടതികളെ അഭിമുഖീകരിക്കുന്ന നിമിഷം മുതൽ കാൽവരിയിലെ കുരിശിൽ യേശു ജീവൻ വെടിയുന്നതുവരെയുള്ള സംഭവങ്ങളാണ് 'മനുഷ്യപുത്രൻ'[1] എന്ന നോവലിനു വിഷയമാക്കിയിരിക്കുന്നത്. പെസഹ ആഘോഷത്തിന്റെ ഒന്നാം നാൾ എല്ലാവരും തന്നോടൊപ്പം പെസഹാവിരുന്നിന് ഇരിക്കണമെന്ന യേശുവിന്റെ ആഗ്രഹത്തെക്കുറിച്ച് പറഞ്ഞുകൊണ്ടാണ് കഥയാരംഭിക്കുന്നത്. യേശുവിന്റെ മനസ്സിലുയരുന്ന ചിന്തകളിലൂടെയാണ് കഥയുടെ അധികഭാഗവും പറയുന്നത്. വഞ്ചകനെന്ന് മുദ്രകുത്തപ്പെട്ട യൂദാസ്, കള്ളനും കൊലപാതകിയുമായിരുന്ന ബറാബാസ്, യേശുവിന്റെ കുരിശുതാങ്ങിക്കൊടുത്ത ശീമോൻ, ലാസറും, സഹോദരിമാരും, മഗ്ദലനയിലെ മേരി, റോമാഗവർണ്ണർ പീലാത്തോസ്, അരമഥ്യയിലെ ജോസഫ് ഇവരുടെയൊക്കെ വിചാരവികാരങ്ങളിൽക്കൂടി യേശുവിന്റെ ജീവിതം പ്രതിഫലിപ്പിച്ചുകാണിച്ചിരിക്കുന്നു. 'അറവുകാരന്റെ മുമ്പിൽ ആടുപോലെയും, രോമം കത്രിക്കുന്നവന്റെ മുമ്പിൽ കുഞ്ഞാടുപോലെയും ഞാൻ മിണ്ടാതിരുന്നു'എന്ന് ദീർഘദർശി എഴുതിയത് ന്യായാസനത്തിനു മുമ്പിൽ നാവടക്കി ശിരസ്സുയർത്തി നിൽക്കുന്ന തന്റെ മകനെക്കുറിച്ച് തന്നെയാണെന്ന് യേശുവിന്റെ അമ്മയായ മറിയം കഥയിൽ ചിന്തിക്കുന്നുണ്ട്. ബൈബിൾ പരാമർശിതമായ ക്രിസ്തുകഥയും, കഥാപാത്രങ്ങളും ശരിയായ അർത്ഥത്തിൽത്തന്നെ ഉപയോഗിച്ച് നിർമ്മിച്ച നോവലാണ് മനുഷ്യപുത്രൻ.

---

1. കെ.സി.വർഗ്ഗീസ്: *മനുഷ്യപുത്രൻ*, 1999.

ഈജിപ്തിലെ അടിമത്തത്തിൽനിന്ന് വിമോചിതരായി കാനാൻ ദേശം ലക്ഷ്യമാക്കി പുറപ്പെട്ട ഇസ്രായേൽ ജനത്തിന്റെ ചരിത്രമാണ് ബൈബിളിൽ പുറപ്പാട് എന്ന പദം സൂചിപ്പിക്കുന്നത്. ഇസ്രായേൽ ജനത്തെ നയിച്ച മോശയുടെ ഒളിച്ചോട്ടവും തുടർന്നുള്ള സംഭവങ്ങളുമാണ് ബൈബിളിലുള്ളത്. വി.ജെ. ജെയിംസ് എഴുതിയ 'പുറപ്പാടിന്റെ പുസ്തകം'[1] സവരിയാസിന്റെ പോട്ട തുരുത്തിലേക്കുള്ള ഒളിച്ചോട്ടത്തിന്റെ കഥയാണ് പറയുന്നത്. 'അധികം സമ്പാദിച്ചവന് ഒന്നും മിച്ചമുണ്ടായിരുന്നില്ല. അല്പം സമ്പാദിച്ചവന് ഒന്നിനും കുറവുമുണ്ടായിരുന്നുമില്ല' എന്ന ബൈബിൾ വാക്യം മോശയുമായി ഉടമ്പടി ചെയ്ത സ്രഷ്ടാവിന്റെ സമാശ്വാസം കുഞ്ഞൂട്ടിക്ക് നല്കുന്നു. പോട്ട തുരുത്തിലെ ഒരുകൂട്ടം മനുഷ്യരുടെ കഥ പറയുന്ന പുറപ്പാടിന്റെ പുസ്തകം ഘടനാപരമായും ആശയപരമായും ബൈബിളിലെ പുറപ്പാട് പുസ്തവുമായി അടുത്തുനിൽക്കുന്നുണ്ട്.

ഡോ. ടി. ആർ. ശങ്കുണ്ണിയുടെ 'ദേവയാഗം'[2] എന്ന നോവൽ യേശുദേവന്റെ ത്യാഗോജ്ജ്വലമായ കഥയാണ്. കന്യാമറിയത്തിന്റെ കാഴ്ചപ്പാടിലൂടെ കഥ പുനഃസൃഷ്ടിച്ചിരിക്കുന്നു. കന്യാമാതാവിന്റെ വിവാഹകാലം മുതൽ മകന്റെ സ്വർഗ്ഗാരോഹണം വരെയുള്ള സംഭവങ്ങളെല്ലാം അവതരിപ്പിക്കാനായി നോവലിസ്റ്റ് അവരെ അവർക്കു ചെന്നെത്താവുന്നിടത്തെല്ലാം മകന്റെ കൂടെ വിടുന്നു. സുവിശേഷങ്ങളിൽ വിട്ടുപോയിട്ടുള്ള ചരിത്രത്തിന്റെ കണ്ണികൾ ഭാവനയിൽ സൃഷ്ടിച്ചിട്ടുണ്ട്. ചരിത്രത്തോടും ക്രിസ്ത്യൻ തിയോളജിയോടും വിശ്വസ്തത പുലർത്തുന്ന നോവലാണിത്.

ലൈംഗിക ചോദനകൾ ഇരമ്പിക്കയറുന്ന പാപബോധവുമായി ഏറ്റുമുട്ടി സ്വപ്നവിഭ്രാന്തികൾ സൃഷ്ടിക്കുന്ന റോയിയുടെ മനോമണ്ഡലത്തിലെ നിഴലുകളും വെളിച്ച

1. വി.ജെ.ജെയിംസ്: *പുറപ്പാടിന്റെ പുസ്തകം*, 2000.
2. ഡോ.ടി.ആർ. ശങ്കുണ്ണി: *ദേവയാഗം*, 1990.

ങ്ങളുമാണ് 'എന്റെ പിഴ, എന്റെ പിഴ, എന്റെ വലിയ പിഴ'[1] എന്ന നോവൽ. ഗബ്രിയേലച്ഛന്റെ സമീപം മുട്ടുകുത്തി കുമ്പസാരിക്കുന്ന റോയി തന്റെ പാപങ്ങൾ ഏറ്റുപറഞ്ഞതിനുശേഷം കുമ്പസാരത്തിനുള്ള ജപം ചൊല്ലുന്നു. 'റോയ് നെഞ്ചിൽ പിഴയിടിച്ചുകൊണ്ട് ഇത്രയും കൂടി പറഞ്ഞു: 'എന്റെ പിഴ, എന്റെ പിഴ എന്റെ വലിയ പിഴ'. നോവലിൽ ഉടനീളം നിറഞ്ഞുനിൽക്കുന്നത് ഈ പാപബോധമാണ്.

സാറാജോസഫിന്റെ 'നന്മതിന്മകളുടെ വൃക്ഷ'[2]ത്തിലെ ഈ ശാമും അമിതമായ പാപബോധം നിമിത്തം ജീവിതം പാഴാക്കുന്നു. ചെകുത്താനും, മാലാഖയ്ക്കും ഇടയിൽ അകപ്പെടുന്ന ഈശാവ്. 'സ്കറിയാനിന്റെ അയൽക്കാരനാണ് നിന്നെപോലെ നീ അവനെയും സ്നേഹിക്കുക' എന്ന ബൈബിൾ വാക്യം മാലാഖ പറയുന്നതായി കഥയിൽ വന്നിട്ടുണ്ട്. 'ഞാൻ സത്യമായിട്ടും പറയുന്നു ഓരോതവണ ലൗകിക സന്തോഷങ്ങളെ പരിത്യജിയ്ക്കുമ്പോഴും, മരണാനന്തര സൗഭാഗ്യങ്ങൾ നിന്നെ കാത്തിരിക്കുന്നുണ്ട്'. എന്നു പറഞ്ഞുകൊണ്ടാണ് മാലാഖ നന്മതിന്മകളുടെ പുസ്തകത്തിൽ ഈശാവിന്റെ പുതിയ ത്യാഗം എഴുതിച്ചേർക്കുന്നത്. ബൈബിൾ വാക്യങ്ങളുടെ രചനാശൈലിയും ഈ കഥയിൽ വന്നിട്ടുണ്ട്. സാറാജോസഫിന്റെ 'വിശുദ്ധ റങ്കൂൺ പുണ്യാളൻ'[3] എന്ന നോവലൈറ്റിൽ പുണ്യാളൻമാരെക്കുറിച്ചുള്ള സഭയുടെ കാഴ്ചപ്പാടുകളെ ആക്ഷേപരൂപത്തിൽ അവതരിപ്പിച്ചിരിക്കുന്നു. തോമായുടെ ശരീരം അഴുകാതിരിക്കുന്നതായികണ്ട്, തോമാ അത്ഭുതങ്ങൾ പ്രവർത്തിക്കുന്നതായികണ്ട് തോമ്മായേയും വിശുദ്ധനായി കാണണമെന്നും കപ്പേള പണിയണമെന്നുള്ള ആവശ്യമുയരുന്നു.

### 1.1.2. ചെറുകഥയിൽ

കാക്കനാടന്റെ കാഥിക പ്രതിഭയിൽ അലിഞ്ഞുകിടന്നിരുന്ന അക്രൈസ്തവ ദർ

---

1. സി.വി.ബാലകൃഷ്ണൻ: *എന്റെ പിഴ, എന്റെ പിഴ, എന്റെ വലിയ പിഴ*, 1985. പു. 79
2. സാറാ ജോസഫ്: *നന്മതിന്മകളുടെ വൃക്ഷം*, 1989.
3. സാറാ ജോസഫ്: *നന്മതിന്മകളുടെ വൃക്ഷം*, 1989.

നത്തിന്റെയും, ശക്തിപൂജ വഴി ഈ കലാകാരൻ നേടിയെടുത്ത ഹിന്ദു ചേതനയുടെയും സൃഷ്ടിപരമായ സമന്വയമാണ് 'ബാബേൽ.'[1] ചുവന്ന വസ്ത്രം ധരിച്ച ഗുരുവിന്റെ പ്രസംഗംകേട്ട് കാവിലമ്മയെ ധിക്കരിച്ചുകൊണ്ട് ഗ്രാമവാസികൾ പണിതുയർത്തുന്ന ഗോപുരത്തിന്റെ തകർച്ച അവതരിപ്പിക്കുന്നു. ഈ കഥയ്ക്കാവശ്യമായ പ്രമേയം ബൈബിൾ പഴയനിയമം ഉല്പത്തി (11:3-9) പുസ്തകത്തിൽനിന്നാണ് എടുത്തിരിക്കുന്നത്. ബൈബിൾ മിത്തിനെ അക്രൈസ്തവമായ പശ്ചാത്തലത്തിൽ ഉപയുക്തമാക്കിയിരിക്കുന്നു.

ക്രിസ്തുവിനെപോലെ ലോകത്താൽ ക്രൂശിക്കപ്പെട്ട് മരണത്തിലേക്ക് നീങ്ങേണ്ടിവരുന്ന യുവതിയുടെ കഥയാണ് 'കുരിശുമരണത്തിനു തൊട്ടുമുമ്പിൽ.'[2] കഥാപാത്രങ്ങൾ ഇരിക്കുന്ന മുറിയിൽ യേശുവിന്റെ അവസാനത്തെ അത്താഴത്തിന്റെ ചിത്രം തൂങ്ങിക്കിടക്കുന്നുണ്ട്. വിധവയായ യുവതിയുടെ ജീവിതാനുഭവങ്ങൾ അവളെ ഒരു 'ഉപ്പുതൂണാക്കി' മാറ്റിയതായി കഥാകൃത്ത് പറയുന്നു. അവസാനിക്കാത്ത ഉറക്കത്തിന്റെ ഇഴകളിൽ അവളുടെ കണ്ണുകൾ അടഞ്ഞടഞ്ഞു പോകുമ്പോൾ പുറത്ത് അപരാഹ്നത്തിൽ, കരയിലകളിൽ പുരോഹിതന്മാരുടെയും, അറവുകാരുടെയും കാലടികൾ വീഴുന്നുണ്ട്. അവരുടെ ചമ്മട്ടിവടികൾ ക്രിസ്തുവിന്റെ മുറിവുകളിൽ  പതിയുന്ന ശബ്ദങ്ങൾ കേട്ടുതുടങ്ങി എന്നു പറഞ്ഞിട്ടുണ്ട്. ഇ.എം. കോവൂർ 'പഴയകുടത്തിൽ പുതിയ വീഞ്ഞ്'[3] എന്ന കഥയിൽ പെൻഷൻ പ്രായത്തെ അഭിമുഖീകരിക്കേണ്ടിവരുന്ന ഒരു ഉദ്യോഗസ്ഥന്റെ മാനസികാവസ്ഥയെ വെളിപ്പെടുത്തുകയാണ്. തന്റെ ജീവിതം പഴയ കുടത്തിന് തുല്യമണെങ്കിലും മനസ്സിൽ  പുതിയ വീഞ്ഞിനുള്ള തുല്യമായ ആശയങ്ങളുണ്ടെന്ന് കഥാപാത്രം പറയുന്നു. "പുതിയവീഞ്ഞ് ആരും പഴയ കുടത്തിൽ സൂക്ഷിക്കാറില്ല". എന്ന ബൈബിൾ വാക്യവുമായി ബന്ധപ്പെടുത്തിയാണ് കഥയിലെ ഉള്ളടക്കം.

1. നൗഷാദ് (എഡി): ബാബേൽ, *തിരുവെഴുത്തുകൾ*, പു.49.
2. സി.എച്ച്. ഹരിദാസ് (എഡി): പ്രതിഭാസംഗമം, *മുപ്പത്തിമൂന്ന് തിരഞ്ഞെടുത്തകഥകൾ*, 1985.
3. ഇ.എം. കോവൂർ: *തിരഞ്ഞെടുത്തകഥകൾ*, 1965. പു. 291

ഒരു കന്യകാമഠത്തിന്റെ പശ്ചാത്തലത്തിൽ വരുന്ന കഥയാണ് 'സ്നേഹവിരുന്ന്.'[1] കർമ്മലീത്തയുടെ കൈയിൽനിന്നും നാലുമണിക്ക് കാപ്പിവാങ്ങിക്കുടിച്ച സിസ്റ്റർ എവുസേബിയ അപ്രത്യക്ഷയാകുന്നു. മോൺസിഞ്ഞോറും, ഫാദർ ജോണും വിവരമറിയിച്ചതിനെത്തുടർന്ന് പോലീസ് എവുസേബിയയെ തിരികെ എത്തിക്കുന്നു. തിരികെവരുന്ന എവുസേബിയ അഭിമുഖീകരിക്കേണ്ടിവരുന്ന കഷ്ടതയ്ക്ക് ക്രിസ്തുവിന്റെ സ്നേഹവിരുന്നിന്റെ അർത്ഥതലങ്ങൾ നൽകിയിരിക്കുന്നു.

നിരപരാധിയായിരുന്നിട്ടും ശിക്ഷയേൽക്കേണ്ടിവരുന്ന ജോസഫിന്റെ കഥയാണ് 'അനന്തരം സന്ധ്യയായി, ഉഷസ്സായി'[2] കഥാനാമം ബൈബിൾ ഉല്പത്തി പുസ്തകത്തിൽ നിന്നുള്ളതാണ്. കഥയിൽ 'ഡാനി' എന്ന കഥാപാത്രം ഏകാന്തത സഹിക്കവയ്യാതായപ്പോൾ തുറന്നുകിടക്കുന്ന പള്ളിയിലേക്കു കയറുന്നു. പുണ്യവാളന്മാരും പുണ്യവതികളും ക്രിസ്തുവുമൊക്കെ തന്നെപ്പോലെ ഏകാന്തതയുടെ തടവുകാരായി നിൽക്കുന്നതായി കാണുന്നു. മനുഷ്യജീവിതത്തിലെ സന്ധ്യയും ഉഷസ്സും പ്രതീകവത്ക്കരിച്ചിരിക്കുകയാണ് കഥയിൽ.

എബ്രഹാം മാത്യുവിന്റെ 'സങ്കീർത്തനങ്ങൾ'[3] എന്ന കഥയിൽ ഒരു ക്രിസ്തുമസ് ആഘോഷത്തിന്റെ പശ്ചാത്തലമാണുള്ളത്. ഭാര്യ അന്നമ്മയുടെ ഓപ്പറേഷനെക്കുറിച്ച് കുടുംബനാഥൻ ചിന്തിക്കുന്നു. മനുഷ്യായുസ്സിനെക്കുറിച്ചുള്ള നൂറ്റിമൂന്നാം സങ്കീരർത്തനം ഓർമ്മിക്കുന്നു. "മനുഷ്യന്റെ ജീവിതം പുല്ലുപോലെയാണ്; വയലിലെ പൂപോലെ അതുവിരിയുന്നു; എന്നാൽ കാറ്റടിക്കുമ്പോൾ അതുകൊഴിഞ്ഞുപോകുന്നു." ആയുസ്സിനെക്കുറിച്ചുള്ള മനുഷ്യമനസ്സിന്റെ ഭയവിഹ്വലതകളാണീ കഥയിൽ.

1. സി.വി.ബാലകൃഷ്ണൻ: *സ്നേഹവിരുന്ന്*, 1991.
2. ജോർജ്ജ് ജോസഫ്.കെ: *അനന്തരം സന്ധ്യയായി, ഉഷസ്സായി,* 1990.
3. എബ്രഹാം മാത്യു: *കിനാവിന്റെ ഇര*, പു 18.

കരിസ്മാറ്റിക് ധ്യാനത്തിന്റെ പശ്ചാത്തലത്തിൽ എഴുതപ്പെട്ട കഥയാണ് ജോസ് പനച്ചിപ്പുറത്തിന്റെ 'കരിസ്മാറ്റിക്'.[1] ധ്യാനത്തിനു സാക്ഷികളാകുന്നവരും അറിയാതെതന്നെ ധ്യാനാന്തരീക്ഷത്തിലേക്ക് വീണുപോകുന്നു. ഫോട്ടോഗ്രാഫറായ അനിൽ കുമാറിലും പാപബോധം വന്നുനിറയുന്നു. അയാൾ ഏതോ മാനസികവിഭ്രാന്തിയിൽ പെടുന്നു. നീന പനയ്ക്കൽ എഴുതിയ രണ്ടു ക്രിസ്തുമസ് കഥകളാണ് 'സന്മനസ്സുള്ള വർക്ക് സമാധാന'[2]വും, 'ക്രിസ്തുമസ്സും.'[3] ആദ്യകഥയിൽ 'അത്യുന്നതങ്ങളിൽ ദൈവത്തിനുമഹത്വം, ഭൂമിയിൽ സന്മനസ്സുള്ളവർക്ക് സമാധാനം' എന്ന ക്രിസ്തുമസ് ദിന സന്ദേശത്തിന്റെ ആശയം ഉൾക്കൊണ്ടിരിക്കുന്നു. രണ്ടു കുടംബങ്ങളുടെ ജീവിതം അവതരിപ്പിച്ചുകൊണ്ടാണ് ഈ കഥ പറഞ്ഞിരിക്കുന്നത്. രണ്ടാമത്തെ കഥയിൽ അമേരിക്കയിലെ കൃത്രിമത്വം കലർന്നചടങ്ങായി മാറിയ ക്രിസ്തുമസ്സും, കേരളത്തിൽ അമ്മയോടൊപ്പം ആഘോഷിച്ച ബാല്യകാലത്തെ ക്രിസ്തുമസ്സും തമ്മിലുള്ള അകലം അവതരിപ്പിച്ചിരിക്കുന്നു. ക്രിസ്തുമസ് എല്ലാക്കാലത്തെ കഥാകൃത്തുക്കളെയും ആകർഷിക്കുന്ന വിഷയമാണ്.

ബാബു കുഴിമറ്റത്തിന്റെ കഥകളിൽ ബൈബിൾ വ്യത്യസ്തരീതികളിൽ ഉപയോഗപ്പെടുത്തിയിട്ടുണ്ട്. 'യൂദാസിന്റെ സുവിശേഷം'[4] എന്ന കഥയുടെ പ്രമേയം ബൈബിളിൽ നിന്നുള്ളതാണ്. ക്രിസ്തുവിനെ ഒറ്റിക്കൊടുത്ത യൂദാസ് തന്റെ പ്രവൃത്തി ക്രിസ്തുവിന്റെ ജീവിതത്തിൽ അനിവാര്യമായിരുന്നെന്ന് ചിന്തിക്കുന്നു. പത്രോസ്സും, തോമായും, പെരുങ്കള്ളനും, സെബദി പുത്രന്മാരും യേശുവിനോടൊപ്പം പറുദീസയിലിരിക്കുമ്പോൾ, അവരേക്കാളൊക്കെ വിശ്വാസിയും, പശ്ചാത്തപിച്ചവനും താനായിരുന്നിട്ടും തന്നെതഴഞ്ഞുകളഞ്ഞതെന്തെന്ന് യൂദാസ് ചോദിക്കുന്നു. കള്ളന്മാരും, ആത്മവഞ്ചക

1. ജോസ് പനച്ചിപ്പുറം: *ധാരാവി*, 2000.
2. നീന പനയ്ക്കൽ: *സന്മനസ്സുള്ളവർക്ക് സമാധാനം*, 1999.
3. നീന പനയ്ക്കൽ: *സന്മനസ്സുള്ളവർക്ക് സമാധാനം*, 1999.
4. ബാബു കുഴിമറ്റം: *യൂഹാനോൻ ലൂവീസിന്റെ പ്രാവുകൾ*, പു.47.

രും, ചഞ്ചലചിത്തരും ആയിരുന്നു അവരെന്ന് യൂദാസ് പറയുന്നു. നീതിക്കുവേണ്ടി വാദിക്കുന്ന യൂദാസിന്റെ ചിന്തകളാണ് കഥയുടെ പ്രമേയം.

ബൈബിൾ പുറപ്പാട് പുസ്തകത്തിൽ 19:22–ൽ 'അതുപോലെ കർത്താവിന്റെ അടുത്തേക്കുവരുന്ന പുരോഹിതന്മാരും സ്വയം ശുദ്ധീകരിക്കട്ടെ. അല്ലാത്തപക്ഷം കർത്താവ് അവരെയും നശിപ്പിക്കും." എന്ന തിരുവെഴുത്തുകളുടെയും, പുറപ്പാട് 20:4–5 വരെയുള്ള 'മുകളിൽ ആകാശത്തിലോ താഴെ ഭൂമിയിലോ ഭൂമിക്കടിയിലോ ജലത്തിലോ ഉള്ള ഒന്നിന്റേയും പ്രതിമയോ സ്വരൂപമോ നീ നിർമ്മിക്കരുത്. അവയ്ക്കുമുമ്പിൽ പ്രണ മിക്കുകയോ അവയെ ആരാധിക്കുകയോ ചെയ്യരുത്. എന്തെന്നാൽ, ഞാൻ നിന്റെ ദൈവ മായ കർത്താവ് അസഹിഷ്ണുവായ ദൈവമാണ്' എന്ന തിരുവെഴുത്തിന്റെയും അടി സ്ഥാനത്തിൽ നിർമ്മിച്ച കഥയാണ് ജോർജ് ജോസഫ്.കെ.യുടെ 'ആഴ്ചവട്ടത്തിലെ ഒന്നാം നാൾ'[1]

ബാബിലോൺ നഗരത്തിന്റെ നാശത്തെക്കുറിച്ചുള്ള ബൈബിൾ പരാമർശങ്ങളു മായിട്ട് ആരംഭിക്കുന്ന ഒരു കഥയാണ് 'വെളിപാടുകൾ മുറിയുന്നു'.[2] കഥയുടെ ഉള്ള ടക്കം ഈ ബൈബിൾ പരാമർശവുമായി ബന്ധപ്പെട്ടിരിക്കുന്നു. ബൈബിൾ പഴയനി യമത്തിലെ യോനാപ്രവചാകന്റെ ഒളിച്ചോട്ടവും മത്സ്യത്തിന്റെ ഉദരത്തിൽ മൂന്നുദിവസം കഴിയേണ്ടിവന്നതുമായ ഭാഗത്തെക്കുറിച്ചുള്ള പരാമർശവും ഈ കഥയിലുണ്ട്. ബൈബിൾ പുരാവൃത്തത്തെ കഥാപാത്രത്തിന്റെ കുറ്റബോധം നിറഞ്ഞ മനസ്സിന്റെ വെളി പ്പെടുത്തലുകൾക്കായി ഉപയോഗിച്ചിരിക്കുന്നു.

മക്കളില്ലാത്ത ചവരോയും ഭാര്യ സാറായും ഓരോ പിറന്നാളിനും ആൺപാവക ളെയും, പെൺപാവകളെയും വാങ്ങി പരസ്പരം സമ്മാനിക്കുന്നു. അവർക്കോരോരു ത്തർക്കും പുണ്യവതിയുടെയും പുണ്യവാളന്റെയും പേരുകളിടുന്നു. സന്ധ്യാനേരം

1. ജോർജ് ജോസഫ്. കെ: ആഴ്ചവട്ടത്തിലെ ഒന്നാം നാൾ, *അവൻ മരണയോഗ്യൻ*, പു.35.
2. ലാൽജി ജോർജ്: *കപടവാതിൽ*, 1998.

പള്ളിയിൽ കുരിശുമണി കൊട്ടുമ്പോൾ അവർ അപ്പനും, അമ്മയും കൂടി പാവകളെ നെറ്റിയിൽ കുരിശുവരപ്പിച്ചു പ്രാർത്ഥനകൾ ചൊല്ലിക്കും. വെളുപ്പാൻ കാലത്ത് കുരിശുമണി കൊട്ടുമ്പോൾ ഉറക്കം തെളിയാത്ത അവരുടെ കണ്ണുകളിൽ ഉമ്മവെച്ച് ഉണ്ണീശോയുടെ തിരുമുഖം കാണിച്ച് അവരെ ഉറക്കവുമുണർത്തും. ചവരോയുടെ കൈപ്പിഴ തദേവുസിന്റെ മരണത്തിനിടയാക്കി. മകനെപ്പോലെ സ്നേഹിച്ച തദേവൂസിന്റെ മരണം വരുത്തിയ കുറ്റബോധം ചവരോയെ തളർത്തി. ചവരോയുടെ മരണത്തിലവസാനിച്ച കുറ്റബോധം 'അവൻ മരണയോഗ്യൻ'[1] എന്ന കഥയിൽ വരുന്നുണ്ട്. ക്രൈസ്തവീയമായ ചിന്തകളാണ് കഥാപാത്രങ്ങളുടെ മനസ്സിലും പ്രവർത്തികളിലും ഉള്ളത്.

'പള്ളിക്കേസ്'[2] എന്ന കഥയിൽ പള്ളിയിലെ കണക്കെഴുത്തുകാരന്റെ സ്ഥാനം ലഭിക്കുന്നതിനുവേണ്ടി പഴയ ക്രൈസ്തവ കുടുംബങ്ങളിലെ കാരണവന്മാർ നടത്തിക്കൊണ്ടിരുന്ന മത്സരത്തിന്റെ കഥ പറയുന്നു. മകനെ പള്ളിക്കേസേൽപ്പിച്ച് ചെറിയാച്ചൻ യാത്രയായി. മകൻ എതിരാളിയുടെ ചെമ്പടുപ്പിലേക്ക് പള്ളിക്കേസെറിഞ്ഞ് എതിരാളിയുമായി സൗഹൃദം സ്ഥാപിക്കുന്നു.

മുട്ടത്തുവർക്കിയുടെ മനോഹരമായ ഒരു ക്രിസ്തുമസ് കഥയാണ് 'ആ രാത്രി.'[3] മറ്റു കഥകളിൽ കാണാറുള്ള പരിഹാസധ്വനികൾ ഈ കഥയിലില്ല. ക്രിസ്തുവിന്റെ ജനനം ഇതിവൃത്തമാക്കിയിട്ടുള്ള ഈ കഥ ക്രിസ്തുമസിന്റെ മാധുര്യത്തോടെ മനസ്സിൽ തങ്ങിനിൽക്കുന്നു. യൗസേപ്പും മറിയവും ജറുസലേമിലേക്ക് പേരെഴുതിക്കാനായി പോകുന്നതും യേശുവിനു ജന്മം നൽകുന്നതുമാണ് കഥ. ആ രാത്രിയിൽ ആയിരമായിരം മാലാഖമാരോടുകൂടി ആട്ടിടയന്മാർക്കൊപ്പം കഥാകൃത്തും കൈകൾകൂപ്പി ശിരസ്സു നമിച്ചു മുട്ടുകുത്തുന്നു.

---

1. ജോർജ് ജോസഫ്. കെ: *അവൻ മരണയോഗ്യൻ*, 1997.
2. ഇ.എം.കോവൂർ: *തിരഞ്ഞെടുത്ത കഥകൾ*, 1965.
3. മുട്ടത്തുവർക്കി: *തെരഞ്ഞെടുത്ത കഥകൾ*, 1977.

എല്ലാക്കാലത്തെയും കഥകളിൽ ബൈബിൾ പ്രമേയം കടന്നുവന്നിട്ടുണ്ട്. ക്രൈസ്തവ സമൂഹങ്ങളുടെ ജീവിതരീതികളും, ആചാരങ്ങളും കഥയ്ക്കു വിഷയമാക്കിയിട്ടുണ്ട്. ബൈബിൾ ആശയങ്ങളെ ആനുകാലികമായും, ആധുനികമായും കഥാകാരന്മാർ ഉപയോഗിപ്പെടുത്തിയിട്ടുണ്ട്. ബൈബിൾ പരാമർശിതമായ ക്രിസ്തു സംഭവംതന്നെ ഉത്തമ ചെറുകഥകളും, നോവലുകളുമാക്കി മാറ്റിയെടുത്തിട്ടുണ്ട്. ബൈബിളിൽ പരാമർശിച്ചിട്ടില്ലാത്ത, ക്രിസ്തുവിന്റെ ജീവിതവുമായി ബന്ധപ്പെട്ടുവരാവുന്ന പല കാര്യങ്ങളും ചരിത്ര സഹായത്തോടെയും സാഹിത്യവിഷയമാക്കിയിരിക്കുന്നു.

### 1.2. ബൈബിൾ സ്വാധീനം കഥാപാത്രസൃഷ്ടിയിൽ, നോവലിൽ ചെറുകഥയിൽ

കഥാസാഹിത്യം രൂപംകൊണ്ട കാലഘട്ടങ്ങളിൽ കഥാപാത്രങ്ങൾക്ക് വ്യക്തമായ രൂപവും, ഭാവവും നല്കിയാണ് കഥാകൃത്തുക്കൾ അവതരിപ്പിച്ചിരുന്നത്. മുന്നോട്ടുള്ള വളർച്ചയിൽ കഥാപാത്രങ്ങളുടെ രൂപഭാവങ്ങളും കാലത്തിനനുസരിച്ച് മാറിമാറിവന്നു. വ്യക്തമായ പേരും, രൂപവും, ഭാവവും ഇല്ലാത്ത കഥാപാത്രങ്ങളെ കടന്ന് ഇന്ന് കഥാപാത്രങ്ങൾ തന്നെ ഇല്ലാത്ത കഥകളിലാണ് കഥാസാഹിത്യം എത്തിനിൽക്കുന്നത്. ഓരോഘട്ടത്തിലും കഥാസാഹിത്യത്തിന് അനുരൂപരായ കഥാപാത്രങ്ങളെ സാഹിത്യകാരന്മാർ ബൈബിളിൽ കണ്ടെത്തിയിട്ടുണ്ട്.

#### 1.2.1. നോവലിൽ

വിദ്യാസംഗ്രഹം മാസികയുടെ 1864 ജൂലൈ ലക്കം മുതൽ പ്രസിദ്ധപ്പെടുത്തിയ മിസ്സിസ് കോളിൻസിന്റെ 'സ്ലേയർ സ്ലെയിൻ' എന്ന ഇംഗ്ലീഷ് രചനയുടെ മലയാള പരിഭാഷയാണ് 'ഘാതകവധം.'[1] കേരളീയ പശ്ചാത്തലത്തിൽ രചിക്കപ്പെട്ട ആദ്യത്തെ നോവലാണ് 'ഘാതകവധം.' തന്റെ മകളുടെ മരണത്തിന് കാരണക്കാരനായ കോശികുര്യന്റെ മകളെ പുലയനായ പൗലൂസ് രക്ഷിക്കുന്നു. കോശികുര്യനിൽ മാനസാന്തരം

---

1. കോളിൻസ് മദാമ്മ: *ഘാതകവധം*, 1976.

ഉളവാക്കാൻ ഈ പ്രവൃത്തി കാരണമായി. മതപരിവർത്തനത്തെക്കുറിച്ചുകൂടി പരാമർശിച്ചിട്ടുള്ള ഈ കഥയിൽ ക്ഷമയും, മനഃപരിവർത്തനവും പ്രകടമാക്കുന്ന കഥാപാത്രങ്ങളെ സൃഷ്ടിക്കാൻ ബൈബിളുമായുള്ള അടുപ്പം പ്രേരകമായിട്ടുണ്ട്.

1940-കളിൽ മലയാള കഥാസാഹിത്യം പുതിയൊരു കാലഘട്ടത്തിലേക്കു കടക്കുന്നതിന് തെളിവാണ് അക്കാലത്തെ കൃതികൾ. തകഴി, ദേവ്, വർക്കി, ബഷീർ, പൊറ്റെക്കാട്, കാരൂർ തുടങ്ങിയ പ്രശസ്ത കഥാകൃത്തുക്കളുടെ വരവോടുകൂടിയാണ് കഥാസാഹിത്യത്തിന് അഭൂതപൂർവ്വമായ ഉണർവ്വും, ഓജസ്സും കൈവന്നത്. ഇവരിൽ പലരും ക്രിസ്ത്യാനികളെ കഥാപാത്രങ്ങളാക്കി കഥകൾ രചിച്ചിരുന്നു. തകഴിയുടെ 'ഔസേപ്പിന്റെ മക്കളി'ലെ കഥാപാത്രങ്ങളും, പൊറ്റെക്കാടിന്റെ 'വിഷകന്യക'[1]യിലെ കഥാപാത്രങ്ങളും, കേശവദേവിന്റെ 'അയൽക്കാരി'[2]ലെ കുഞ്ഞുവറീതും കുടുംബവും ക്രിസ്തീയ കുടുംബത്തിന്റെയും ക്രൈസ്തവജീവിതത്തിന്റെയും പശ്ചാത്തലത്തിൽ അവതരിപ്പിക്കപ്പെടുന്നവരാണ്.

സക്കറിയയുടെ ലഘുനോവലാണ് 'എന്തുണ്ട് വിശേഷം പീലാത്തോസേ'[3] എന്ന കൃതി. യേശുവിനെ മരണത്തിനു വിധിക്കുന്ന പീലാത്തോസും, അദ്ദേഹത്തിന്റെ സുഹൃത്ത് അന്തോണിയോസും പ്രധാന കഥാപാത്രങ്ങളായി വരുന്നുണ്ട്. യേശുവിന്റെ ജീവിതവുമായി ബന്ധപ്പെട്ട പലസംഭവങ്ങളും പരമാർശിച്ചിട്ടുള്ള ഈ കൃതിയിൽ അവസാനഭാഗത്ത് ഉയിർത്തെഴുന്നേറ്റ യേശുതന്നെ കടന്നുവരുന്നുണ്ട്. യേശുവിനെ പിന്തുടർന്ന സ്ത്രീകഥാപാത്രങ്ങളും കഥയിലുണ്ട്.

യൂറോപ്പിലെ ജിപ്സികൾക്കിടയിൽ പ്രചാരത്തിലുള്ള ഒരു കഥയുടെ ചുവടുപിടിച്ച് ആനന്ദ് തന്റെ ഭാവനയിൽ നിർമ്മിച്ച കഥയാണ് 'നാലാമത്തെ ആണി.'[4] യേശു

1. എസ്.കെ.പൊറ്റക്കാട്: *വിഷകന്യക*, 1967.
2. പി.കേശവദേവ്: *അയൽക്കാർ*, 1970.
3. സക്കറിയ: *എന്തുണ്ട് വിശേഷം പിലാത്തോസേ*, 1998.
4. ആനന്ദ്: *നാലാമത്തെ ആണി*, പുറം 9.

വിനെ ക്രൂശിക്കാൻ മൂന്ന് ആണികൾ മാത്രമേ ജിപ്സികൾ നിർമ്മിച്ചുള്ളു. നാലാമത്തെ ആണി ജ്വലിച്ചുകൊണ്ട് ജിപ്സിയെപിന്തുടർന്നുവെമന്നാണ് നാടോടിക്കഥ. ആനന്ദിന്റെ കഥയിൽ 'ക്രിസ്തുവും' 'ഡോംബ'യുമാണ് കഥാപാത്രങ്ങൾ. ആണി നിർമ്മിക്കാൻ പടയാളികൾ കണ്ടെത്തിയ നാടോടി കരുവാനാണ് 'ഡോംബ'. ഡോംബയും മൂന്നാണികളാണ് നിർമ്മിച്ചത്. മൂന്നാമത്തെ ആണിയുടെ പണം പടയാളികൾ മദ്യശാലയിൽ ചിലവാക്കികഴിഞ്ഞിരുന്നു. മൂന്നാണികളിലുള്ള യേശുവിന്റെ വധം നിയമപരമായി പൂർത്തിയാകില്ലെന്നറിഞ്ഞ് പടയാളികൾ യേശുവിനെ സ്വതന്ത്രനാക്കുന്നു. ഡോംബയും സ്വതന്ത്രനായ യേശുവും ആണ് ആനന്ദിന്റെ കഥാപാത്രങ്ങൾ. പ്രവാചകന്മാരെക്കുറിച്ചും മതങ്ങളെക്കുറിച്ചും അവർ ചർച്ചചെയ്യുന്നു. ജീവിക്കാൻ ആഗ്രഹിക്കുന്ന യേശു മരണത്തിന്റെ അടയാളമായ കുരിശ് കത്തിച്ചുകളയുന്നു. ബൈബിളും, മതവും അവതരിപ്പിക്കുന്നതിൽനിന്നും വ്യത്യസ്തനായ, എന്നാൽ തിളക്കമാർന്ന കഥാപാത്രമായി തന്നെ ക്രിസ്തു ഈ കഥയിൽ ഉണ്ട്.

ക്രിസ്തുവിന്റെ മരണം ഒരു ആസൂത്രിത കൊലപാതകമായിരുന്നു എന്ന ചിന്തയിൽനിന്ന് രൂപംകൊണ്ട് നോവലാണ് 'മനുഷ്യപുത്രൻ.'[1] ക്രിസ്തുവിന്റെ കൊലപാതകത്തിൽ പ്രത്യക്ഷമായും, പരോക്ഷമായും പങ്കുവഹിച്ച പ്രതിലോമശക്തികൾ ഇന്നും നമ്മുടെയിടയിൽ ഉണ്ടെന്നുള്ള യാഥാർത്ഥ്യത്തിലേക്കാണ് ഈ നോവൽ ശ്രദ്ധ ക്ഷണിക്കുന്നത്. ക്രിസ്തുവും, ശിഷ്യന്മാരും, പുരോഹിതന്മാരും ഈ നോവലിൽ കഥാപാത്രങ്ങളായിവരുന്നു. കുറ്റം ആരോപിച്ച് പിടിക്കപ്പെട്ട് വിചാരണ അഭിമുഖീകരിക്കുന്ന നിമിഷംമുതൽ കാൽവരിയിലെ കുരിശിൽ ജീവൻ വെടിയുന്നതുവരെയുള്ള സംഭവങ്ങളാണ് ഈ കൃതിയിൽ ഉള്ളത്.

1. കെ.സി.വർഗ്ഗീസ്: *മനുഷ്യപുത്രൻ*, 1999.

ഈജിപ്തിലെ അടിമത്വത്തിൽനിന്ന് ഇസ്രായേൽ ജനത്തെ കാനാൻ ദേശത്തേ യേക്ക് നയിച്ചത് 'മോശ'യാണ്. മോശയുടെ സ്ഥാനം നല്കി ഗബ്രിയേലച്ചനെ കഥാ പാത്രമാക്കിയ നോവലാണ് 'നിന്റെ കൂടാരത്തിനരികെ'[1] ഇടവക ജനത്തെ നയിക്കുന്ന ഗബ്രിയേലച്ചന് ഒരു വിശുദ്ധന്റെ പരിവേഷം നല്കി അവതരിപ്പിച്ചിരിക്കുന്നു. സന്യ സ്തരുടെ ജീവിതത്തിൽ അനുഭവിക്കേണ്ട് വെല്ലുവിളികളും ഈ കഥയിലുണ്ട്.

### 1.2.2. ചെറുകഥയിൽ

1963-ൽ എം.ടി.വാസുദേവൻ നായർ എഴുതിയ 'മുൾക്കിരീടം'[2] എന്ന കഥയിൽ ബൈബിളിലെ ഉല്പത്തി പുസ്തകത്തിൽ പരാമർശിക്കപ്പെടുന്ന കഥാപാത്രങ്ങളായ ആദവും ഹവ്വയുമാണ് കടന്നുവരുന്നത്. ദൈവത്തെ ധിക്കരിച്ച് പാപം ചെയ്ത ആദ ത്തെയും, ഹവ്വയെയും ശിക്ഷിക്കാനാണ് ദൈവം ഭൂമിയിലേക്കയച്ചത്. എന്നാൽ ഭൂമി യിൽ അവർ ദുഃഖത്തോടൊപ്പം സന്തോഷവും അനുഭവിക്കുന്നു. ആദാമിന്റെ സന്തതി കളുടെ വിജയം ദൈവത്തെ ദേഷ്യം പിടിപ്പിക്കുന്നു. ആദാമിന്റെ സന്തതികളെ താൻ ഒരു പാഠംപഠിപ്പിക്കുമെന്ന് ദൈവം തീരുമാനിക്കുന്നു. ആദിമാതാപിതാക്കൾ എന്ന് ബൈബിളിൽ വിശേഷിപ്പിക്കപ്പെടുന്ന ആദവും ഹവ്വയും ദൈവകല്പന ധിക്കരിച്ച് പാപം ചെയ്ത് പറുദീസായിൽനിന്നും പുറത്താകുന്നു. ഈ കഥാപാത്രങ്ങളെവെച്ച് തന്റെ കാഴ്ചപ്പാടിൽ എം.ടി. ഒരു കഥ നിർമ്മിച്ചിരിക്കുന്നു. സ്വർഗ്ഗത്തിലേക്കാൾ ഭൂമിയിലെ ജീവിതം അഭികാമ്യമെന്ന ആശയവും ഈ കഥയിലുണ്ട്. എൻ.പി.മുഹമ്മദിന്റെ'ശല മോനൻ രാജാവും ശേബാ രാജ്ഞിയും'[3] രാജാക്കന്മാർ 1-13വരെയുള്ള ബൈബിൾ പഴയനിയമത്തിലെ കഥയെ കേന്ദ്രമാക്കിക്കൊണ്ടുള്ളതാണ്. ബൈബിളിൽ പറഞ്ഞി രിക്കുന്ന കഥയിൽനിന്നും അല്പം ചില മാറ്റങ്ങൾ ഈ കഥയിൽ വരുത്തിയിട്ടുണ്ട്.

1. പെരുമ്പടവം ശ്രീധരൻ: *നിന്റെ കൂടാരത്തിനരികെ*, 1977.
2. എം.ടി.വാസുദേവൻ നായർ: മുൾക്കിരീടം, *ബന്ധനം*, 1993.
3. നൗഷാദ് (എഡി): ശലമോൻ രാജാവും ശേബാ രാജ്ഞിയും, *തിരുവെഴുത്തുകൾ*, പുറം 60.

കഥാപാത്രങ്ങളെ അതേപടിതന്നെ അവതരിപ്പിച്ചിരിക്കുന്നു. ഉത്തമഗീതങ്ങളിലെ (ബൈബിൾ പഴയനിയമം) ഭാഷതന്നെ കഥയിൽ ഉപയോഗിച്ചിട്ടുണ്ട്.

ബൈബിൾ പഴയനിയമം ഉല്പത്തി (11:3-9) പുസ്തകത്തിൽ എഴുതപ്പെട്ടിരിക്കുന്ന ബാബേൽ ഗോപുരത്തിന്റെ കഥയെ കാക്കനാടനും, പോഞ്ഞിക്കര റാഫിയും, കെ.എ. സെബാസ്റ്റ്യനും കഥകളിൽ പുനരാവിഷ്കരിക്കുന്നുണ്ട്.

സ്രഷ്ടാവായ ദൈവം ജലപ്രളയത്തിലൂടെ കായേന്റെ രൗദ്രഭീകരത വ്യാപിച്ച മുഖമുള്ള മനുഷ്യരെ ശിക്ഷിക്കുന്നു. നോഹിന്റെ തലമുറ നിമ്രോദന്റെ നേതൃത്വത്തിൽ അഹംഭാവോന്മാദത്തോടെ നിർമ്മിച്ച, ബാബേൽ ഗോപുരം എല്ലാവരെയും ചിതറിക്കുന്നു. പോഞ്ഞിക്കര റാഫിയുടെ 'ബാബേൽ'[1] കഥയിലെ 'കായേൻ', 'നോഹ്' എന്നീ കഥാപാത്രങ്ങൾ ബൈബിൾ പഴയനിമത്തിലുള്ളവരാണ്. ഇവരെ ബൈബിളിൽതന്നെയുള്ള ബാബേൽ ഗോപുരത്തിന്റെ കഥയുമായി ബന്ധപ്പെടുത്തി പുതിയ രൂപഭാവങ്ങൾ നല്കി അവതരിപ്പിച്ചിരിക്കുന്നു.

എബ്രഹാം മാത്യുവിന്റെ 'ഗുരുവായൂരപ്പൻ, യേശു എന്നിവർ'[2] എന്ന കഥയിൽ രമ എന്ന കഥാപാത്രം 'യേശു' വിന്റെ ചിത്രം തന്റെ പൂജാമുറിയിൽ സൂക്ഷിക്കുന്നുണ്ട്. എന്നാൽ യേശുവിനെയല്ല. യേശുവിന്റെ രൂപസാമ്യമുള്ള 'റെജി' എന്ന സഹപാഠിയെയാണ് അവൾ ആരൂപത്തിലൂടെ കണ്ടിരുന്നത്. യേശുവിനെയും, ബൈബിൾ വചനങ്ങളെയും അവ ഉൾക്കൊള്ളുന്ന അർത്ഥത്തിലല്ല എബ്രഹാം മാത്യു ഉപയോഗിച്ചിരിക്കുന്നത്.

സി.വി.ബാലകൃഷ്ണന്റെ 'സാന്താക്ലോസ്'[3] എന്ന കഥയിൽ തോമസ് ചേട്ടൻ സാന്താക്ലോസിന്റെ വേഷം കെട്ടുന്നു. അഭയനികേതനിൽ ഓർമ്മനഷ്ടപ്പെട്ട നിലയിൽ

---

1. നൗഷാദ് (എഡി): ബാബേൽ, *തിരുവെഴുത്തുകൾ*, പുറം 15.
2. എബ്രഹാം മാത്യു: *കാർമാർഗ്ഗം*, പുറം 43.
3. സി.വി.ബാലകൃഷ്ണൻ: *സ്നേഹവിരുന്ന്,* 1991.

വന്നെത്തിയ ആ മനുഷ്യന് 'ഹെന്റി' എന്നയാളുടെ ആക്രമണത്തിൽ ഓർമ്മ തിരികെ കിട്ടുന്നു. ക്രിസ്തുമസ് ദിനപുൽക്കൂട്ടിൽ വൈക്കോൽ വിരിപ്പിലായി ഉണ്ണിയേശു. അവന്റെയടുത്തായി മറിയം സ്നേഹവായ്പ്പോടെയും, വിശുദ്ധ ഭാവത്തോടെയും. തെല്ല കലെ ഇടയന്മാർ കർത്താവിന്റെ മാലാഖ, നിങ്ങൾ ഭയപ്പെടേണ്ട ഇതാ സകല മനുഷ്യർക്കും വേണ്ടിയുള്ള മഹത്തായ സന്തോഷത്തിന്റെ വാർത്ത എന്ന ക്രിസ്തുമസ് ദിനസന്ദേശം അന്വർത്ഥമാക്കുന്നു.

ഇ.എം.കോവൂരിന്റെ 'ഞങ്ങളുടെ പിതാവേ'[1] എന്ന കഥയിൽ സ്വാതന്ത്ര്യസമര സേനാനിയായിരുന്ന ശ്രീ ജോർജ് ആണ് കഥാപാത്രം. അദ്ദേഹം തന്റെ ആദർശപുരുഷനായിരുന്ന ഗാന്ധിജിയെ ക്രിസ്തുവിന്റെ അനുയായിയായ യഥാർത്ഥ ക്രിസ്ത്യാനിയായി അവതരിപ്പിക്കുന്നു. തിന്മയെ നന്മകൊണ്ടു ജയിക്കുകയാണ് ഗാന്ധിജിയും ചെയ്തതെന്ന് ജോർജ്ജ് പറയുന്നു.

കഴിവിനപ്പുറം ആപ്തവാക്യങ്ങൾക്ക് പ്രസക്തി കൊടുക്കുന്ന യേശുവിനെയാണ് 'വൃദ്ധമാതാവു'[2]മായി വാഗ്വാദത്തിൽ ഏർപ്പെടുമ്പോൾ കാണുന്നത്. തന്നോട് അനീതി പ്രവർത്തിക്കുന്ന മകനെ ശിക്ഷിക്കാൻ വൃദ്ധമാതാവ് യേശുവിനോട് ആവശ്യപ്പെടുകയാണ്. ചുവരെഴുത്തുകളിൽ താൻ നീതിമാനാണെന്ന് എഴുതിവയ്ക്കപ്പെടുമ്പോൾ അറിയാതെ താൻ അതായിത്തീരേണ്ടിവരുന്നു. വൃദ്ധമാതാവിന്നും, മകനും, പേരക്കുട്ടിക്കും വെവ്വേറെ നീതി ചെയ്യാൻ വയ്യെന്ന് യേശു മറുപടി പറയുന്നു. എല്ലാവരും ആഗ്രഹിക്കുന്നത് പെട്ടെന്നുള്ള അത്ഭുത പ്രവൃത്തികളും ഫലങ്ങളുമാണെന്നും, കാര്യസാധ്യത്തിനപ്പുറത്ത് തന്നെ ആർക്കും വേണ്ടെന്നും യേശു പറയുന്നുണ്ട്. മനുഷ്യമനസ്സിന്റെ യഥാർത്ഥ ചിന്തകളാണീ കഥയിൽ.

---

1. ഇ.എം.കോവൂർ: *തിരഞ്ഞെടുത്ത കഥകൾ*, 1965.
2. ടി.വി. കൊച്ചുവാവ: *100 വർഷം 100 കഥ*, 1999.

ബാബു കുഴിമറ്റത്തിന്റെ 'കിനാവുകാരൻ'[1] യേശുവിനോട് സാദൃശ്യം പുലർത്തുന്ന കഥാപാത്രമാണ്. അയാളിൽനിന്നും കിനാവു വാങ്ങാത്തവരായി പോയകാലങ്ങളിൽ ആരുംതന്നെ ഉണ്ടായിരുന്നില്ല. പക്ഷെ ഇന്ന് അയാളുടെ നില കഷ്ടത്തിലാണ്. കിനാവുകാരനും യേശുവിനെപ്പോലെ വിധവകളോടും, അടിമകളോടും കരുണകാണിക്കുന്നുണ്ട്. തനിക്കുവേണ്ടി പ്രാർത്ഥിക്കാൻ ശിഷ്യരോട് പറഞ്ഞിട്ട് യേശു ഗദ്സമിനിയിലേക്കു പോയതുപോലെ കിനാവുകാരനും പ്രാർത്ഥിക്കാൻ ആവശ്യപ്പെട്ടിട്ട് കുന്നിൻമുകളിലേക്ക് പോകുന്നുണ്ട്. നോഹയുടെ പെട്ടകം, മോശയുടെ വടി, കാലിത്തൊഴുത്തിലെ ഉണ്ണിമിശിഹാ, ദാവീദിന്റെ തമ്പുരു ഇവയൊക്കെ കിനാവുകാരന്റെ പൂഞ്ഞയിലുണ്ടായിരുന്നു.

സക്കറിയയുടെ 'ആർക്കറിയാം'[2] എന്ന കഥ ക്രിസ്തുവിന്റെ ജനനവുമായി ബന്ധപ്പെട്ടതാണ്. ബൈബിൾ കഥാപാത്രങ്ങളായ ജോസഫും, മേരിയും, പട്ടാളക്കാരനും കടന്നുവരുന്ന കഥയാണിത്. യേശുവിന്റെ ജനനത്തോടനുബന്ധിച്ചുനടന്ന ശിശുഹത്യയും, അതിൽ ഉൾപ്പെടാതെയുള്ള യേശുവിന്റെ രക്ഷപ്പെടലും കഥയിലുണ്ട്.

സി.വി.ബാലകൃഷ്ണന്റെ 'കണ്ണാടിക്കടലി'[3]ലെ പേരില്ലാത്ത കഥാപാത്രം ക്രിസ്തുവിന്റെ തുടർച്ചക്കാരനാണ്. 'ചെന്നായ്ക്കളുടെ ഇടയിൽ ചെമ്മരിയാടുകൾ എന്നപോലെ'[4] എന്ന കഥയും യേശുവിനെ കേന്ദ്രീകരിച്ചിട്ടുള്ളതാണ്. സമൂഹത്തിൽനിന്നും വേറിട്ടല്ലാതെ നില്ക്കുന്ന സമകാലികവും, സാർവ്വകാലികവുമായ പ്രശ്നങ്ങളുമായി ബന്ധപ്പെട്ടു നിൽക്കുന്ന യേശുവിനെയാണ് ഈ കഥയിൽ കാണുന്നത്. കണ്ണാടിക്കടലിലെ ക്രിസ്തുവിന്റെ തുടർച്ചക്കാരൻ എന്നു വിശേഷിപ്പിക്കുന്ന കഥാപാത്രം യേശുവിനെക്കുറിച്ചാണ് പറയുന്നത്. നാല്പതു ദിവസം ഉപവസിച്ചശേഷം യേശുവിനെ

1. ബാബു കുഴിമറ്റം: *യൂഹാനോൻ ലൂവീസിന്റെ പ്രാവുകൾ*, പുറം 52.
2. സക്കറിയ: *ആർക്കറിയാം*, 1998. പു. 9
3. സി.വി.ബാലകൃഷ്ണൻ: *കണ്ണാടിക്കടൽ,* 1990.
4. സി.വി.ബാലകൃഷ്ണൻ: *സ്നേഹവിരുന്ന്,* 1991. പു. 67

പ്രലോഭിപ്പിച്ച സാത്താന് യേശു  വഴങ്ങിയില്ല. എന്നാൽ പില്ക്കാലത്ത് അവന്റെ പേരിൽ നമ്മെ നയിക്കാനെത്തിയവരോ? അവർ സാത്താനു കീഴ്പ്പെട്ട് ലോകമാകെയും തങ്ങ ളുടേതാക്കി. യേശു എന്നേ വിസ്മൃതനായി. 'ചെന്നായ്ക്കളുടെ ഇടയിൽ ചെമ്മരിയാ ടുകൾ എന്നപോലെ' എന്ന കഥയിൽ യേശു കരയുന്ന പെൺകുട്ടിയെ ചേർത്തുപി ടിച്ച് 'നിന്റെ ദുഃഖം സന്തോഷമായി മാറും നിന്റെ ഹൃദയം സന്തോഷിക്കും' എന്നു പറയുന്നുണ്ട്.

ക്രിസ്തുവുമായി തന്റെ ദുഃഖങ്ങൾ പങ്കുവെക്കുന്ന വൃദ്ധകന്യകയ്ക്ക് മറുപടി നല്കാൻ യേശു അവരുടെ ഉറക്കസമയത്ത് കടന്നുവരികയാണ് ടി.വി.കൊച്ചുവാവ യുടെ 'കന്യക'[1]യിൽ. ഈ ലോകത്തിലെ ഫലസമൃദ്ധമായ ജീവിതം ഉപേക്ഷിക്കുന്ന വർക്കുള്ള യേശുവിന്റെ മറുപടിയാണീ കഥ. ഓരോ മനുഷ്യന്റെയും വിധിയുടെ യജ മാനൻ അവനവൻ തന്നെയാണെന്നും, അവനവൻ വരുത്തിക്കൂട്ടുന്ന ദുഃഖങ്ങൾക്ക് ദൈവത്തെ പഴിച്ചിട്ട് ഫലമില്ലെന്നുമുള്ള ആശയം ഉൾക്കൊള്ളുന്ന കഥയാണിത്. ക്രിസ്തുവിനെ പ്രതി സന്യാസ ജീവിതം തിരഞ്ഞെടുക്കുന്ന സന്യാസ സഭകളോടുള്ള കഥാകൃത്തിന്റെ മനോഭാവമാണീ കഥയിലൂടെ വ്യക്തമാകുന്നത്.

ജീവിതത്തിൽ അവഹേളിക്കപ്പെടുകയും, പീഡിപ്പിക്കപ്പെടുകയും ചെയ്യുന്ന മനു ഷ്യരെ സഹായിക്കാൻ വന്നെത്തുന്ന രൂപത്തിലാണ് യേശുവിനെ തോമസ് ജോസ ഫിന്റെ 'ജീർണ്ണഭവനത്തിലെ യേശു'[2]വിൽ അവതരിപ്പിക്കുന്നത്. മർത്തയുടെയും, മറി യത്തിന്റെയും സഹോദരനായ ലാസറിനെ മരിച്ചതിനുശേഷം മൂന്നാംനാൾ യേശു ഉയർപ്പിക്കുന്നതായി ബൈബിളിൽ സുവിശേഷകന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ സംഭവം മനസ്സിൽവെച്ച് പി.എഫ്.മാത്യൂസ് എഴുതിയ കഥയാണ് 'ആങ്ങള.'[3] ഈ കഥ

1. നൗഷാദ് (എഡി): കന്യക, *തിരുവെഴുത്തുകൾ*, പുറം 90.
2. നൗഷാദ് (എഡി): ജീർണഭവനത്തിലെ യേശു, *തിരുവെഴുത്തുകൾ*, പുറം 123.
3. നൗഷാദ് (എഡി): ആങ്ങള, *തിരുവെഴുത്തുകൾ*, പുറം 145.

യിലും റീത്ത, മരീലി എന്നീ സഹോദരിമാരുടെ ആങ്ങളയായ ലാസറിന്റെ മരണമാണ് വിഷയം. ബൈബിൾ കഥാപാത്രങ്ങൾ തന്നെയാണ് അല്പമായ മാറ്റത്തോടെ 'ആങ്ങള'യിൽ ഉള്ളത്. ബൈബിളിലെ ലാസർ ഉയർപ്പിക്കപ്പെട്ടിരുന്നു എന്ന സവിശേഷതയുണ്ട്.

യോവാബിന്റെ വയലിൽ കൊയ്ത്തിനു കാലപെറുക്കാൻ പോകുന്ന റൂത്തിന്റെ കഥയാണ് എബ്രഹാം മാത്യുവിന്റെ 'കൊയ്ത്തും വിതയിൽ.'[1] ബൈബിൾ കഥയിലെ കഥാപാത്രങ്ങൾ അതേപേരിൽ തന്നെ കടന്നുവരുന്ന കഥയാണിത്. പക്ഷേ കഥാഗതിയിൽ മാറ്റം ഉണ്ട്. ബൈബിളിൽ യോവാബ് റൂത്തിനെയാണ് ഭാര്യയായി സ്വീകരിക്കുന്നത്. കൊയ്ത്തും വിതയിലെ ബോവാസ് യഹൂദകന്യകയെ വധുവാക്കുന്നു. കാലം മനുഷ്യമനോഭാവങ്ങളിൽ മാറ്റം വരുത്തുന്നതിന്റെ സൂചനയും ഇവിടെയുണ്ട്. ഭർത്താവിന്റെ മരണശേഷം അമ്മായിയമ്മ ഉപദേശിച്ചിട്ടുപോലും സ്വന്തംനാട്ടിലേക്കും വീട്ടിലേക്കും മടങ്ങാതെ ഭർത്തൃമാതാവിനെ ശുശ്രൂഷിച്ചുകൊണ്ട് ശേഷിച്ച ജീവിതം കഴിക്കാൻ തീരുമാനിക്കുന്ന റൂത്ത് ത്യാഗപൂർണ്ണമായ വ്യക്തിത്വത്തിന്റെ മാതൃകയാണ്. ബൈബിൾ കഥയിലെ അനുകരണീയ കഥാപാത്രമാണ് റൂത്ത്.

നിസ്വാർത്ഥനായ പാർട്ടിനേതാവും മനുഷ്യസ്നേഹിയുമായ മിസ്റ്റർ നായരും നടേശൻ എന്ന ചെറുപ്പക്കാനും കഥാപാത്രമായി വരുന്ന കഥയാണ് 'മനുഷ്യപുത്രൻ.'[2] ജീർണതകൾക്കും, കാപട്യത്തിനും, സ്വാർത്ഥതകൾക്കു നടുവിലും എല്ലാവർക്കും കാരുണ്യം ചൊരിഞ്ഞുകൊണ്ട്, എന്നാൽ ലോകത്തിന്റെ കെട്ടുപാടുകളിൽ പെടാതെ, മിസ്റ്റർ നായർ ഒരു മഹദ്വ്യക്തിത്വമായി നിലകൊള്ളുന്നു. കഥാകൃത്ത് കേന്ദ്രകഥാപാത്രമായ മിസ്റ്റർ നായരെ യേശുവിനോടാണ് ഉപമിക്കുന്നത്. ഇത് സ്ഥാപിക്കാനായി

---

1. നൗഷാദ് (എഡി): കൊയ്ത്തും വിതയും, *തിരുവെഴുത്തുകൾ*, പുറം 157.
2. ജി.എൻ. പണിക്കർ: *അനുസ്മരണവും മറ്റു കഥകളും*, 1998.

ബൈബിൾ വാക്യങ്ങൾ ഉദാഹരിക്കുന്നുണ്ട്. യേശുവിനെപ്പോലെ മറ്റുള്ളവർക്കുവേണ്ടി കുരിശു ചുമക്കാൻ തയ്യാറുള്ളവനായി മിസ്റ്റർ നായരെ അവതരിപ്പിക്കുന്നു. മറ്റുള്ളവർ കെട്ടിവെച്ച് അഴിമതിയുടെ മുൾക്കിരീടമാണ് മിസ്റ്റർ നായർ അണിഞ്ഞത്. നായർക്കു ചുറ്റും കപടഭക്തിക്കാരായ ശാസ്ത്രിമാരും പരീശന്മാരും ആയിരുന്നു.

ആദിമാതാപിതാക്കളായി ബൈബിളിൽ ചിത്രീകരിക്കുന്ന ആദവും, ഹവ്വയവും പി.കെ.പാറക്കടവിന്റെ രണ്ടു കഥകളിൽ കഥാപാത്രങ്ങളായി വരുന്നുണ്ട്. 'ആദം'[1] എന്ന കഥയിൽ പഴയ ഏദൻ തോട്ടത്തെ ആധുനിക വീക്ഷണത്തിൽ അവതരിപ്പിക്കുന്നു. 'ഹവ്വാ' നല്കുന്ന ആപ്പിൾ വാങ്ങാൻ കൂട്ടാക്കാത്ത ആദത്തിനെതിരെ സ്ത്രീപീഡന ത്തിന് കേസെടുക്കുമെന്ന ഭീഷണി. 'ഏദൻ തോട്ടം'[2] എന്ന കഥയിൽ പഴയതുപോലെ സാത്താനും പ്രലോഭനവുമെല്ലാം ഉണ്ട്. പക്ഷെ ആപ്പിൾ മാത്രമില്ല. ആപ്പിളിന്റെ പാറ്റന്റ് വർഷങ്ങൾക്കുമുൻപെ അമേരിക്ക കൊണ്ടുപോയിരുന്നെന്ന് പറയുന്ന കഥാകൃത്ത് അമേ രിക്കൻ അതിക്രമങ്ങളെ ബൈബിൾ മിത്തുകളുടെ വെളിച്ചത്തിൽ പരിഹസിക്കുകയാണ്. ആക്ഷേപഹാസ്യത്തിൽ നിർമ്മിച്ച കഥയാണിത്.

തോമസ് ജോസഫിന്റെ 'അദ്ഭുത സമസ്യ'[3], 'യേശു'[4], 'യേശുവിന്റെ വിധി'[5], 'ഒരു പുതിയ മിശിഹാ'[6], 'ഭൂമിയിലെ കളിപ്പാട്ടങ്ങൾ'[7], 'ഭൂമിയുടെ അപ്പുറത്തേക്ക്'[8] തുട ങ്ങിയ കഥകളിൽ അവയുടെ സ്വരക്രമത്തെ നിർണ്ണയിച്ചുകൊണ്ട് ക്രിസ്തുബിംബം പ്രത്യക്ഷപ്പെടുന്നുണ്ട്. മനഷ്യാവസ്ഥയെക്കുറിച്ചും അതിന്റെ ഭാഗധേയത്തെക്കുറിച്ചും രചനയിലൂടെ കഥാകൃത്ത് നടത്തുന്ന അന്വേഷണമാണ് ഈ ബിംബനിർമ്മിതിക്കു

1. പി.കെ.പാറക്കടവ്: *ഭൂമിയുടെ കണ്ണുകൾ*, പുറം 35.
2. പി.കെ.പാറക്കടവ്: *ഭൂമിയുടെ കണ്ണുകൾ*, പുറം 35.
3. തോമസ് ജോസഫ്: *അത്ഭുത സമസ്യ*, 1989. പുറം. 50
4. ടി.പു. 26
5. ടി.പു. 18
6. ടി.പു. 13
7. ടി.പു. 42
8. ടി.പു. 97

പിന്നിൽ. ഈ കഥകളിൽ ക്രിസ്തു പരാജിതരും, തിരസ്കൃതരുമായ അനേകം മനുഷ്യരുടെ പ്രതീകമാണ്. പിതാവുമായി മല്ലിട്ടു വീട്ടിൽനിന്നിറങ്ങിയവന്റെ ആകുലതയോടെയും പരീക്ഷകളിൽ നിരന്തരമായി പരാജയപ്പെടുന്നവരനെപ്പോലെയും ഈ ലോകത്തിനു പാകമല്ലാത്ത ഒരാത്മാവും ശരീരവുമായി നടക്കുന്നവനെപ്പോലെയും ക്രിസ്തു നടന്നുപോകുന്നു. ഈ ലോകത്തിനു നിരക്കാത്ത, വളരെയധികം പഴകിപ്പോയതാണ് അയാളുടെ രൂപം. ഒരു സർവ്വകലാശാലാ വിദ്യാർത്ഥിയാണ് ഇയാൾ (ഒരു പുതിയമിശിഹാ) 'യേശുവിന്റെ വിധി'യിൽ മുടന്തൻ കുതിരപ്പുറത്തുവന്നെത്തുന്ന യേശു അനക്കമില്ലാത്ത ഒരു കോൺക്രീറ്റ് ശവക്കല്ലറിയിലേക്ക് അകപ്പെട്ടുപോകുന്നു. പ്രതിരോധമില്ലാത്ത സഹനങ്ങളിൽ മുഴുകുന്ന മനുഷ്യവ്യക്തികളുടെ പ്രതീകമാണ് ഇവിടെയൊക്കെയും ക്രിസ്തു.

ബൈബിൾ കഥാപാത്രങ്ങൾ അതേപടിതന്നെ കടന്നുവരുന്ന കഥകളോടൊപ്പം, നിത്യജീവിതത്തിൽ നാം കണ്ടുമുട്ടുന്ന ബൈബിൾ പരിവേഷമുള്ള കഥാപാത്രങ്ങളും ഉണ്ട്. സഹനത്തിന്റെയും, ത്യാഗത്തിന്റെയും പ്രതീകങ്ങളായി അവതരിപ്പിക്കപ്പെടുന്ന കഥാപാത്രങ്ങൾക്ക് യേശുവിനോടും, മറിയത്തിനോടും സാമ്യമുണ്ട്. എന്നാൽ എക്കാലത്തെയും കഥാകാരന്മാരെ ആകർഷിക്കുന്ന പ്രധാനകഥാപാത്രം 'യേശു'തന്നെയാണ്. യേശുവിന്റെ ജനനമരണവും ജീവിതകാലത്തെ സംഭവങ്ങളും വ്യത്യസ്തമായ ഭാവനയിൽ തനതു ശൈലിയിൽ ഓരോ കഥാകൃത്തും അവതരിപ്പിക്കുമ്പോൾ പുതുമയുള്ള കഥകളായി മാറിയിരിക്കുന്നു.

### 1.3. ബൈബിൾ സ്വാധീനം സംഭാഷണത്തിൽ , നോവലിൽ ചെറുകഥയിൽ

കഥകളിൽ കഥാസന്ദർഭത്തിന് അനുയോജ്യമായ വിധത്തിൽ ബൈബിൾ വാക്യങ്ങൾ പ്രയോഗിച്ചിട്ടുണ്ട്. കഥാപാത്രങ്ങളുടെ മനോഭാവങ്ങൾ വെളിപ്പെടുത്താൻ ബൈബിളിൽനിന്നുള്ള ഉദ്ധരണികൾ ചേർത്തു കാണുന്നുണ്ട്. ഉപഹാസത്തിന്റെയും,

ഐറണിയുടെയും അന്തരീക്ഷം സൃഷ്ടിക്കുവാനും ബൈബിൾ വാക്യങ്ങളെ ഉചിതമായ പരിഷ്കരണങ്ങൾ വരുത്തി കഥാകൃത്തുകൾ ഉപയോഗപ്പെടുത്തിയിരിക്കുന്നതായി കാണാം.

### 1.3.1. നോവലിൽ

1967–ൽ പ്രസിദ്ധീകരിച്ച പാറപ്പുറത്തിന്റെ 'അരനാഴികനേരം'[1] ബൈബളിധിഷ്ഠിത നോവലുകളിൽ മികച്ചുനിൽക്കുന്ന കൃതിയാണ്. ജീവിക്കാൻ അരനാഴികനേരം കൂടി മാത്രം അവശേഷിച്ചിരിക്കെ ഇത്രതീവ്രമായ അന്തസ്സംഘർഷങ്ങളിലൂടെ കുഞ്ഞേനാച്ചനു കടന്നുപേകേണ്ടിവരുന്നത് ബൈബിൾ അദ്ദേഹത്തിന്റെ ആത്മാംശമായി മാറിയതുകൊണ്ടാണ്. ബൈബിളിൽ നിന്ന് പ്രത്യേകിച്ച് പഴയനിയമഭാഗത്തുനിന്ന് കുഞ്ഞേനച്ചന്റെ ഓർമ്മകളിലേക്ക് സന്ദർഭോചിതമായി എത്തുന്ന ബൈബിൾ വാക്യങ്ങൾ നോവലിന്റെ അന്തരീക്ഷത്തിലെമ്പാടും ബൈബിൾ ഗന്ധം പ്രചരിപ്പിക്കുന്നു. 'കണക്കറിയാം പെണ്ണേ? മോശയെപ്പോലെ ഞാൻ യെരീബോവിനെതിരേയുള്ള നെമ്പോപർവ്വതത്തിലേക്കു കയറുകയാണ്. അതിന്റെ ഉയരത്തിൽ അവസാനം യഹോവ മോശെയോടു പറഞ്ഞതെന്താണ്? നിന്റെ സഹോദരനായ അഹരോൻ ഹോർപർവ്വതത്തിൽവെച്ചു മരിച്ച് തന്റെ ജനത്തോടു ചേർന്നതുപോലെ, നീ കയറുന്ന പർവ്വതത്തിൽവെച്ചു നീയും മരിച്ചു നിന്റെ ജനത്തോടു ചേരും'. കുഞ്ഞേനാച്ചൻ ദീനാമ്മയോടു ഈ വാക്കുകൾ ഉരുവിടുന്ന സന്ദർഭം നോവലിന്റെ ആരംഭഭാഗത്തിലേതാണ്. ഇത്തരം ബൈബിൾ സംഭവങ്ങളുടെയും, കഥകളുടെയും സാന്ദർഭികമായ പ്രയോഗം കുഞ്ഞേനാച്ചന്റെ വാക്കുകളിലൂടെ നോവലിന്റെ അവസാനഭാഗം വരെയുണ്ട്. പാറപ്പുറത്തിന്റെ മിക്ക കൃതികളിലും ബൈബിളധിഷ്ഠിതമായ ക്രൈസ്തവ സംസ്കാരത്തിന്റെ സ്വാധീനം പ്രത്യക്ഷപ്പെടുന്നുണ്ട്.

---

1. പാറപ്പുറത്ത്: *അരനാഴികനേരം*, 1986.

ബൈബിൾ പഴയനിയമത്തിലെ ഉത്തമഗീതത്തിന്റെ താള ഭംഗിയോടെ എഴുതിയിരിക്കുന്ന നോവലാണ് പെരുമ്പടവത്തിന്റെ 'ഏഴാം വാതിൽ'[1]. നോവലിലുടനീളം ബൈബിൾ വാക്യങ്ങളും, ആശയങ്ങളും പ്രയോജനപ്പെടുത്തിയിരിക്കുന്നു. ദൈവവിശ്വാസത്തിൽ അടിയുറച്ച മനസ്സായിരുന്നിട്ടും പാപത്തിൽ വീണുപോകുന്ന മനഷ്യർ. പാപചിന്ത മനസ്സിനെ അലട്ടുമ്പോൾ, അടിപതറിപ്പോകാതെ കാക്കുന്ന ദൈവം. പാപസാഹചര്യങ്ങളിൽനിന്നും രക്ഷതേടി ആയുസ്സും, ആരോഗ്യവും പാഴാക്കിയ മണ്ണിനെ ഉപേക്ഷിച്ചു പോകുന്നു. 'അവന്റെ അപ്പന്റെ ഓർമ്മകളിലേക്ക് വിശുദ്ധ വേദവപുസ്തകത്തിൽനിന്ന് ഇയ്യോബ് ഇറങ്ങിവന്നു.' 'നഗ്നനായി ഞാൻ എന്റെ അമ്മയുടെ ഗർഭത്തിൽനിന്നും പുറപ്പെട്ടുവന്നു. നഗ്നനായിതന്നെ മടങ്ങിപ്പോകും'. 'യഹോവ തന്നു. യഹോവ എടുത്തു. യഹോവയുടെ നാമം വാഴ്ത്തപ്പെടുമാറാകട്ടെ.'

നാഗരികതയുടെ നിന്ദ്യവേഗങ്ങളിമർന്നുപോയ ഒരു ജനതയുടെ സ്ഥലവേരുകളും ഭാഷയും വീണ്ടെടുക്കുകയാണ് സാറാ ജോസഫിന്റെ 'ആലാഹയുടെ പെൺമക്കളി'[2]ൽ. നോവലിൽ എപ്പോഴം കടന്നുവരുന്ന കോക്കാഞ്ചിറ എന്ന പ്രദേശം ബൈബിൾ മൂല്യങ്ങൾ ഉള്ളിൽ കുറിച്ചിട്ട ഒരുകൂട്ടം ആൾക്കാരുടെ ജീവിതഭൂമിയാണ്. ഒരുച്ചാടനത്തിന്റെ ഭാഷയും ശക്തിയുമുള്ള 'ആലാഹയുടെ നമസ്കാരം' ക്രിസ്തീയ ജീവിത്തിൽ ചെലുത്തിയ സ്വാധീനം ഈ നോവലിൽ ആവിഷ്കരിക്കുന്നു. കീഴാള ജനവിഭാഗത്തിന്റെ പ്രതിരോധത്തിന്റെ ഒരു ഗൂഢമന്ത്രമായിത്തീർന്ന പ്രാർത്ഥനാനമസ്കാരം ആലാഹയുടെ പെൺമക്കൾ വീണ്ടും ചൊല്ലുന്നു. മഴവെള്ളത്തിൽ നിലകൊള്ളുന്ന കോക്കാഞ്ചിറ നോഹയുടെ പെട്ടകത്തിന് തുല്യമാണെന്ന് പറഞ്ഞിരിക്കുന്നു.

1. പെരുമ്പടവം ശ്രീധരൻ: *ഏഴാം വാതിൽ*, 1995.
2. സാറാജോസഫ്: *ആലാഹയുടെ പെൺമക്കൾ*, 1999.

ഒരു കുടിയേറ്റ ഗ്രാമത്തിൽ യേശുവിന്റെ രണ്ടാംവരവിനുവേണ്ടി കാത്തിരിക്കുന്ന ഒരുകൂട്ടം പാവപ്പെട്ടവരുടെ കഥയാണ് കാക്കനാടന്റെ 'ഏഴാം മുദ്ര'[1] എന്ന നോവലിൽ ആവിഷ്ക്കരിക്കുന്നത്. ബൈബിൾ പുതിയ നിമയത്തിലെ അപ്പസ്തോല പ്രവർത്തനങ്ങളും വെളിപാടുകളുമാണ് നോവലിന്റെ ആഖ്യാനരീതിയെ ഉടനീളം സ്വാധീനിച്ചിരിക്കുന്നത്. വെളിപാടു പുസ്തകത്തിൽ ലോകാവസാനത്തിൽ നടക്കാനിരിക്കുന്ന വിനാശകരമായ സംഭവങ്ങളെ പ്രവചിക്കുന്ന ബിംബസമൃദ്ധമായ വിവരണകല സ്വീകരിച്ചുകൊണ്ട് നോവലിസ്റ്റ് ഈ സാമൂഹ്യനോവലിനെ മതാത്മകമായ അന്തരീക്ഷത്തിലേക്കുയർത്തുന്നു. വെളിപാടു പുസ്തകത്തിന്റെ തീവ്രവും ഭയാനകവുമായ ചടുല ശൈലിയാണ് നോവലിൽ ഉടനീളം സ്വീകരിച്ചിരിക്കുന്നത്. നോവലിന്റെ അവസാനഭാഗത്ത് അന്നാമ്മ സന്യാസിനി നടത്തുന്ന പ്രസംഗത്തിൽ 'അവന്റെ വരവ് സമീപിച്ചിരിക്കുന്നു. ലോകാവസാനം അടുത്തിരിക്കുന്നു. കാറ്റും, പിശറും, അഗ്നിയും അതിന്റെ ലക്ഷണങ്ങളല്ലോ' എന്നുണ്ട്. ഏഴാംമുദ്രയുടെ ഘടനതന്നെ ബൈബിളിന്റേതാണ്. ഉൽപ്പത്തിയിൽ ആരംഭിച്ച് വെളിപാടു പുസ്തകത്തോടെ അവസാനിക്കുന്ന വേദപുസ്തകം പോലെതന്നെ ഏഴാംമുദ്ര ബാബുവിന്റെ ജനനത്തിൽ ആരംഭിച്ച് മഹാവിനാശത്തെക്കുറിച്ചുള്ള ദർശനത്തോടെയാണ് അവസാനിക്കുന്നത്. ഒരേസമയം വിശ്വാസത്തിലേക്കും അവിശ്വാസത്തിലേക്കും ഊയലാടുന്ന മനസ്സാണ് നോവലിസ്റ്റിന്റേത്. അതുകൊണ്ടുതന്നെ ബൈബിളിനെ ഉദാത്തമായും, നിന്ദ്യമായും ഒരേസമയം കൃതിയിൽ അവതരിപ്പിച്ചിരിക്കുന്നു.

സി.വി.ബാലകൃഷ്ണൻ യേശുവിന്റെ ജീവിതത്തെയും, പ്രബോധനങ്ങളെയും തന്റെ പല കൃതികളിലും വിഷയമാക്കിയിട്ടുണ്ട്. 1984-ൽ എഴുതിയ 'ആയുസ്സിന്റെ പുസ്തകം'[2] വളരെയേറെ പ്രശംസ് പിടിച്ചുപറ്റിയ കൃതിയാണ്. കഥയുടെ അധികഭാ

---

1. കാക്കനാടൻ: *ഏഴാം മുദ്ര*,1968.
2. സി.വി.പബാലകൃഷ്ണൻ: *ആയുസ്സിന്റെ പുസ്തകം*,1984.

ഗവും കഥാപാത്രമായ യോഹന്നാന്റെ ചിന്തകളിലൂടെയാണ് മുന്നോട്ടുനീങ്ങുന്നത്. നോവലിൽ ഉടനീളം ബൈബിളിന്റെ സ്വരവിശേഷം അലിയിച്ചുചേർത്തിരിക്കുന്നു. മരണത്തെ പ്രതിപാദിക്കുന്ന ഘട്ടങ്ങളിലെല്ലാം പഴയനിയമത്തിലെ ജോബിന്റെ പുസ്തകത്തിൽ നിന്നുള്ള ശോകസാന്ദ്രമായ ഭാഷയാണ് ഉപയോഗിച്ചിരിക്കുന്നത്. ആനിയുടെയും കൊച്ചച്ചനായ മാത്യുവിന്റെയും പ്രണയം അവതരിപ്പക്കുമ്പോൾ ബൈബിൾ ഉത്തമഗീതത്തിലെ പ്രണയസുരഭിലമായ ഭാഷയാണ് നോവലിസ്റ്റ് അനുകരിക്കുന്നത്. ബൈബിളിലെ ഭാഷയും, ആശയങ്ങളും, വാക്യങ്ങളും കഥയിലുപയോഗിച്ചിട്ടുണ്ട്. ബൈബിളിന്റെ സവിശേഷമായ സംബോധനരീതി, ചോദ്യോത്തരമാർഗ്ഗം, സന്ദർഭവിവരണം ഇവയും ഈ കൃതിയിൽ പ്രയോജനപ്പെടുത്തിയിട്ടുണ്ട്. കഥാപാത്രങ്ങളുടെ മാനസികഭാവങ്ങളെ ചിത്രീകരിക്കാൻ ബൈബിളിലെ ചില പ്രയോഗങ്ങളെ നോവലിസ്റ്റ് ആശ്രയിക്കുന്നുണ്ട്.

'കൊച്ചച്ചനായ മാത്യുവിന് വെളിപാടുപോലെ തോന്നി. അയാൾ മുൾക്കാടിനു പിന്നിൽ തീപോലെ ജ്വലിക്കുന്നതായി തോന്നി.'

'യോഹന്നാൻ മനസ്സിലോർത്തു ഞാൻ ആഗ്രഹിക്കുംപോലല്ല. നീ ആഗ്രഹിക്കുന്നതുപോലാകട്ടെ.'

ഒരു തുരുത്തിലെ ഒരുപറ്റം മനുഷ്യരുടെ കഥയാണ് 'ചാവുനിലം.'[1] മിഖേലാശാനും, കുഞ്ഞുമറിയവും, അവരുടെ സന്തതിപരമ്പരകളും ഉൾപ്പെടുന്ന നോവലിൽ 'യോനാസച്ചൻ' ഒരു പ്രധാനകഥാപാത്രമാണ്. മൂന്നുനേരത്തെ വിശപ്പടക്കാൻ കെല്പില്ലാത്തവരോട് ആത്മാവിനെക്കുറിച്ചു പറഞ്ഞിട്ടെന്തുകാര്യം? എന്ന് യോനാസച്ചൻ ചിന്തിക്കുന്നുണ്ട്. പാപപങ്കിലമായ ജീവിതം നയിക്കുന്ന അഗ്നീസ പുരോഹിതൻ വെളിപാടുപുസ്തകം തുറുന്നുവായിക്കുന്നതായി കിനാവുകാണുന്നു. തന്റെ ജീവിതവുമായി

---

1. പി.എഫ്.മാത്യൂസ്: *ചാവുനിലം*, 1996.

ബന്ധപ്പെട്ട കാര്യങ്ങളാണവൾ കേൾക്കുന്നത്. "ഏഴുപാത്രങ്ങൾ പിടിച്ചിരുന്ന ഏഴുദൂതന്മാരിൽ ഒരുവൻ വന്ന് എന്നോടുപറഞ്ഞു. വരിക, സമുദ്രങ്ങളുടെ മേൽ ഉപവിഷ്ടയായിരിക്കുന്ന മഹാവേശ്യയുടെ മേലുള്ള ശിക്ഷാവിധി നിനക്കു കാണിച്ചുതരാം. അവളോടുകൂടെ ഭൂമിയിലെ രാജാക്കന്മാർ വ്യഭിചാരം ചെയ്തു. അവളുടെ ദുർവൃത്തിയുടെ വീഞ്ഞുകുടിച്ചു ഭൂവാസികൾ ഉന്മത്തരായി. ആ ദൂതൻ ആത്മാവിലെന്നെ മരുഭൂമിയിലേക്കു നയിച്ചു." യോനാസച്ചൻ പ്രാർത്ഥന പുസ്തകം വിടർത്തി പിശാചിന്റെ സാന്നിധ്യമകറ്റുവാനും കാവൽ ദൂതന്മാരുടെ സംരക്ഷണം ഉണ്ടാകുവാനുംവേണ്ടി പ്രാർത്ഥിക്കുന്നുണ്ട്. അറിവില്ലായ്മകൊണ്ടും സാഹചര്യംകൊണ്ടും പാപജീവിതം നയിക്കുന്ന മനുഷ്യരുടെ കഥയാണിത്.

കൊച്ചപ്പൻ, ശോശാമ്മ ദമ്പതികളുടെ കഥയോടൊപ്പം ബിസിനസ്സ് ലോകത്തിന്റെയും കൂടി കഥയാണ് കോവൂരിന്റെ 'കാട്.'[1] ചാത്തൻവാലി കമ്പനി ഡയറക്ടർ പത്രോസ്സു വർഗ്ഗീസ് വടശ്ശേരിക്കരക്കാരൻ ഒരു പഴയ ക്രിസ്ത്യാനിയാണ്. ഞായറാഴ്ച അഞ്ചുമണിക്കുണർന്ന് വേദപുസ്തകത്തിൽനിന്ന് മൂന്നധ്യായം വായിക്കുന്ന ഈ കഥാപാത്രത്തിന്റെ സംഭാഷണത്തിലൂടെയാണ് കഥയിൽ ബൈബിൾ വാക്യം കടന്നുവരുന്നത്. ദാവീദു രാജാവിന്റെ സങ്കീർത്തനത്തിൽനിന്നുള്ള ഭാഗം കഥയിലുണ്ട്. "ദൈവമേ നിന്റെ ദയയ്ക്കുതക്കവണ്ണം എന്നോടു കൃപയുണ്ടാകണമെ, ഞാൻ നിർമ്മലനാകേണ്ടതിന് ഈസോപ്പു കൊണ്ടെന്നെ ശുദ്ധീകരിക്കേണമേ". മൂത്തമകൻ പാപ്പച്ചന്റെയും ഭാര്യ കുഞ്ഞക്കാമ്മയുടെയും മരണത്തിൽ ആശ്വസിപ്പിച്ചുകൊണ്ട് പത്രോസുവർഗ്ഗീസ് കൊച്ചപ്പനോടു പറയുന്നു "ഈയോബ് പണ്ടു പറഞ്ഞതുപോലെ ദൈവംതന്നു, ദൈവം എടുത്തു. അവന്റെ നാമം എന്നേക്കും മഹത്വപ്പെട്ടതുമായിരിക്കട്ടെ എന്നു പറയുവാൻ നാമെപ്പോഴും സന്നദ്ധരുമായിരിക്കണം."

---

1. ഇ.എം.കോവൂർ: *കാട്,* 1974.

മത്തേവൂസാശാരിയുടെയും, മറ്റിൽഡയുടെയും കഥയാണ് 'ലന്തൻ ബത്തേരി യിലെ ലുത്തിനിയകൾ.'[1] മക്കളില്ലാതെ ദുഃഖിക്കുന്ന മത്തേവുസാശാരി ബൈബിൾ പഴയനിയമഭാഗങ്ങൾ ഉദ്ധരിച്ചുകൊണ്ട് ദൈവത്തോട് അപേക്ഷിക്കുന്നുണ്ട്. ഉണ്ടാകട്ടെ എന്നൊരൊറ്റ വാക്കിനാൽ സർവ്വതും സൃഷ്ടിച്ച ദൈവത്തോട് അപേക്ഷിക്കുന്നു. "വൃദ്ധനായ അബ്രഹാമിന് ഇസഹാക്കിനെയും, ഹൃദയംനൊന്തു പ്രാർത്ഥിച്ച ഹന്നായ്ക്ക് സാമുവലിനെയും, വന്ധ്യയെന്നു കരുതപ്പെട്ട എലിസബത്തിന് യോഹ ന്നാനെയും നല്കി അനുഗ്രഹിച്ച" കർത്താവിനോട് മത്തേവൂസാശാരി അപേക്ഷി ക്കുന്നു. ഇടിമുഴക്കം തനിക്കുലഭിച്ച പ്രത്യുത്തരമായി കരുതുന്ന അദ്ദേഹം പറുദീസ യിൽനിന്നും ആദമിനെയും ഹവ്വയെയും പുറത്താക്കിയപ്പോൾ, മോശയ്ക്കു കല്പന കൾ നല്കിയപ്പോൾ ഒക്കെ ദൈവം സംസാരിച്ചിരിക്കുക ഇടിവെട്ടിലൂടെ ആയിരിക്കും എന്നു ചിന്തിക്കുന്നു. ക്രിസ്തീയമായ ആചാരങ്ങളെക്കുറിച്ചുള്ള പരാമർശങ്ങളും കഥ യിൽ വരുന്നുണ്ട്.

സി.വി.ബാലകൃഷ്ണന്റെ 'ദൈവമേ'[2] എന്ന ലഘുനോവലിൽ കഥാപാത്രമായ 'കാത്തി' ബൈബിൾ പുതിയനിയമത്തിൽനിന്നുള്ള ഭാഗം ഉരുവിടുന്നുണ്ട്. "കർത്താ വേ, ശുശ്രൂഷയ്ക്കായി എന്റെ സഹോദരി എന്നെതനിയെ വിട്ടിരിക്കുന്നതു നീ ശ്രദ്ധി ക്കുന്നില്ലേ? എന്നെ സഹായിക്കാൻ നീ അവളോടു പറയുക." 'മർത്താ, മർത്താ, നീ പലതിനെക്കുറിച്ചും ഉത്ക്കണ്ഠാകുലയും അസ്വസ്ഥയുമായിരിക്കുന്നു. ചുരുക്കം കാര്യ ങ്ങളേ, അഥവാ ഒന്നുമാത്രമേ, ആവശ്യമായുള്ളൂ, മറിയം നല്ല ഭാഗം തിരഞ്ഞെടുത്തി രിക്കുന്നു. അത് അവളിൽനിന്ന് എടുക്കപ്പെടുകയില്ല.' കഥാപാത്രമായ സിൽവിയ ബൈബിൾ പഴയനിയമത്തിൽനിന്ന് 'അവൻ തന്റെ അധരങ്ങളാൽ എന്നെ ചുംബി ക്കട്ടെ; നിന്റെ പ്രേമം വീഞ്ഞിലും രസകരമാകുന്നു. നിന്റെ തൈലം സൗരഭ്യമായത്:

1. എൻ.എസ്.മാധവൻ: *ലന്തൻബത്തേരിയിലെ ലുത്തിനിയകൾ*, 2003.
2. സി.വി.ബാലകൃഷ്ണൻ: *എന്റെ പിഴ, എന്റെ പിഴ, എന്റെ വലിയപിഴ*, 1985. പു. 43

നിന്റെ നാമം പകർന്ന തൈലം പോലെ ഇരിക്കുന്നു. അതുകൊണ്ടു കന്യകമാർ നിന്നെ സ്നേഹിക്കുന്നു. നിന്റെ പിന്നാലെ എന്നെ വലിക്ക: നാം ഓടിപ്പോക; രാജാവ് എന്നെ പള്ളിയറകളിലേക്കു കൊണ്ടുവന്നിരിക്കുന്നു; ഞങ്ങൾ നിന്നിൽ ഉല്ലസിച്ചാനന്ദിക്കും; നിന്നെ സ്നേഹിക്കുന്നത് ഉചിതംതന്നെ' എന്ന ഭാഗം വായിക്കുന്നുണ്ട്.

സാറാജോസഫിന്റെ 'മാറ്റാത്തി'[1]യിൽ സാന്ദർഭികമായി ബൈബിൾ വാക്യങ്ങൾ വരുന്നുണ്ട്. 'ഓപ്പൻ' ചായകൊടുക്കുമ്പോൾ 'ഇതെന്റെ രക്തമാണ് നിങ്ങളെല്ലാവരും വാങ്ങി കുടിക്കുവിൻ' എന്നു പറയുന്നുണ്ട്. 'നന്മനിറഞ്ഞ മറിയമേ നിനക്കു സ്വസ്തി' എന്ന പ്രാർത്ഥന ബ്രിജിത്ത് ഉരുവിടുന്നുണ്ട്. കഥയിൽ അച്ചന്റെ സംഭാഷണത്തിലുട നീളം ബൈബിൾ ശൈലിയാണ്. 'മറിയ പുറമേ ലജ്ജിക്കുക! തലചായ്ക്കാനിടമില്ലാത്ത മനുഷ്യപുത്രൻ ഇഴയുന്ന നിന്റെ മണ്ണിൽ അതാ ഉയർന്നുനിൽക്കുന്നു. അഹങ്കാരത്തിന്റെ ഗോപുരങ്ങൾ'. അഞ്ചേരിപ്പാടം പാവങ്ങൾക്കുവീടുവെക്കാൻ ചോദിച്ച അച്ചനെ സൽക്ക രിച്ചയക്കുന്ന നടേശൻ മുതലാളിയോട് 'മനുഷ്യൻ അപ്പംകൊണ്ടുമാത്രമാണോ ജീവി ക്കുന്നത്' എന്ന് അച്ചൻ ചോദിക്കുന്നുണ്ട്.

### 1.3.2. ചെറുകഥയിൽ

"അപ്പന്റെ പ്രബോധനം കേൾക്ക; അമ്മയുടെ ഉപദേശം ഉപേക്ഷിക്കയുമരുത്" എന്ന് ബൈബിൾ പഴയനിയമത്തിലെ (സുഭാഷിതങ്ങൾ 6:21) ദാവീദു പുത്രനായ ശല മോന്റെ വാക്കുകൾ വിരോധാഭാസരൂപേണ ഉപയോഗിച്ചിരിക്കുന്ന കഥയാണ് 'സഖറി യാസ് എന്ന പുണ്യവാളന്റെ കഥ.'[2] ഈശ്വരഭക്തനായിരുന്ന സഖറിയായുടെ പിതാ വിന് രണ്ടാമത്തെ മകൻ പുണ്യവാളനാകുമെന്ന വെളിപാടുണ്ടാകുന്നു. വൈദികവി ദ്യാർത്ഥിയായിരിക്കെ ഒളിച്ചോടിയസഖറിയ കള്ളനാകുന്നു. എന്നാൽ കള്ളനായിരിക്കെ

1. സാറാജോസഫ്: *മാറ്റാത്തി,* 2003.
2. നൗഷാദ് (എഡി): സഖറിയാസ് എന്ന പുണ്യാളന്റെ കഥ, *തിരുവെഴുത്തുകൾ*, പുറം21.

മരിച്ച സഖറിയ സാഹചര്യങ്ങളാൽ പുണ്യവാളനാകുന്നു. ബൈബിൾ പഴയനിയമ ത്തിലെ ശലമോന്റെ ഉത്തമഗീതങ്ങൾ ഈ കഥയിൽ ഇടയ്ക്കിടെ കടന്നുവരുന്നുണ്ട്.

ജോൺ എബ്രഹാമിന്റെ 'പ്ലാസ്റ്റിക് കണ്ണുകളുള്ള അൾസേഷ്യൻ പട്ടി'[1]യിലെ കഥാ പാത്രമാണ് ജോണിക്കുട്ടി. തന്റെ അസ്വസ്ഥമായ മനസ്സിന് സമാധാനം കിട്ടാൻ ബൈബിൾ പഴയനിയമത്തിലെ ഉൽപ്പത്തി പന്ത്രണ്ടാം അധ്യായം ജോണിക്കുട്ടി വായി ക്കുന്നുണ്ട്. ജോണിക്കുട്ടിയുടെ മനസ്സിലൂടെ കടന്നുപോയ ചിന്തയ്ക്കനുയോജ്യമായ ബൈബിൾ വാക്യമാണ് ലഭിക്കുന്നത്.

'ഒരു കഴുതയുടെ തലയോടുതേടി'[2] എന്ന 'അന്വേഷിപ്പിൻ കണ്ടെത്തും' എന്ന സുപ്രസിദ്ധ ബൈബിൾ വാക്യത്തിൽനിന്നാണ് തുടങ്ങുന്നത്. കഴുതയുടെ തലയോ ടിനെക്കുറിച്ചുള്ള ബൈബിൾ വാക്യങ്ങൾ ഈ കഥയിലുണ്ട്.

'അവൻ ലോഹിയിൽ എത്തിയപ്പൾ യഹോവയുടെ ആത്മാവ് അവന്റെ മേൽവ ന്നു.അവന്റെ കയ്യിൽ കെട്ടിയിരുന്ന കയർ തീ കൊണ്ടുകരിഞ്ഞ ചണനൂൽപോലയാ ണ്. അവന്റെ ബന്ധനങ്ങൾ കൈമേൽനിന്ന് ദ്രവിച്ചുപോയി. അവൻ ഒരു കഴുതയുടെ പച്ചതാടിയെല്ലു കണ്ടു. കൈനീട്ടി എടുത്തു. അതുകൊണ്ടായിരം പേരെ കൊന്നു.' പഴയനിയമത്തിലെ സംഹാരശേഷിയുള്ള കഴുതയുടെ തലയോട് എന്ന ബിംബം ഈ കഥയിലുപയോഗിച്ചിരിക്കുന്നു.

ലോകത്തിന്റേതായ എല്ലാ നിയമങ്ങളെയും തിരുത്താനാഗ്രഹിക്കുന്ന പുതിയ തലമുറയുടെ പ്രതിനിധിയാണ് ജോൺസ് ടി.എൻ 'ഇന്നില്ലെങ്കിൽ നാളെ'[3]യിൽ അവ തരിപ്പിക്കുന്ന എലിസബത്ത്. എലിസബത്ത് തന്റെ യുക്തികൾക്കുള്ള ന്യായം കണ്ടെ ത്താൻ ബൈബിൾ പരാമർശങ്ങളെ കൂട്ടുപിടിക്കുന്നു. പുതിയ തലമുറയുടെ സ്വാത

1. നൗഷാദ് (എഡി): പ്ലാസ്റ്റിക് കണ്ണുകളുള്ള അൾസേഷ്യൻ പട്ടി, *തിരുവെഴുത്തുകൾ*, പുറം 72.
2. ജോൺ എബ്രഹാം: *ജോൺ എബ്രഹാമിന്റെ കഥകൾ*, പുറം 19.
3. നൗഷാദ് (എഡി): ഇന്നല്ലെങ്കിൽ നാളെ, രണ്ടുസാക്ഷികൾ, *തിരുവെഴുത്തുകൾ*, പുറം106.

ന്ത്ര്യവാഞ്ഛ, നിയമലംഘനത്വര, നിരാശാബോധം ഇവയെല്ലാം ഈ കഥയിൽ പരാമർശിക്കുന്നുണ്ട്. 'വിധിക്കരുത്; എന്നാൽ നിങ്ങളെയും വിധിക്കയില്ല' തുടങ്ങിയ ബൈബിൾ വാകൃങ്ങൾ കഥാസന്ദർഭത്തിന് അനുയോജ്യമായ വിധത്തിൽ സമകാലികചിന്തയോടെ അവതരിപ്പിച്ചിരിക്കുന്നു.

ക്രിസ്ത്യാനിയായ തോമസിന്റെ ജീവിതത്തിൽ ബൈബിൾചെലുത്തുന്ന സ്വാധീനമാണ് 'രണ്ടു സാക്ഷികളി'[1]ൽ സാക്ഷിപറയാൻ തയ്യാറെടുക്കുന്ന തോമസിന് പ്രതിസന്ധിഘട്ടത്തിൽ കൂട്ടിനെത്തുന്നത് ബൈബിൾ വാകൃങ്ങളാണ്. ശിഹാബുദ്ദീൻ പൊയ്ത്തുംകടവ് സന്ദർഭോചിതമായി ബൈബിൾ വാക്യത്തെ ഉപയോഗിക്കുന്നു. 'ചെന്നായ്ക്കളുടെ നടുവിൽ ആടിനെപ്പോലെ ഞാൻ നിങ്ങളെ അയക്കുന്നു. ആകയാൽ പാമ്പിനെപ്പോലെ ബുദ്ധിയുള്ളവരും, പ്രാവിനെപ്പോലെ കളങ്കമില്ലാത്തവരും ആയിരിപ്പിൻ. മനുഷ്യരേ സൂക്ഷിച്ചുകൊള്ളുവിൻ. കർത്താവിന്റെ ദൂതൻ സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങിവന്നു. ക്രൂശിക്കപ്പെട്ട യേശുവിനെ നിങ്ങൾ അന്വേഷിക്കുന്നുവെന്നു ഞാനറിയുന്നു.'

ഭാര്യയുടെ ഉപദേശപ്രകാരം ഓരോ ഓപ്പറേഷനും കൊലപാതകമാക്കി മാറ്റുന്ന ഡോക്ടർ ഗോമസിന്റെ കഥയാണ് ടി.വി.കൊച്ചുബാവയുടെ 'ഇപ്പോൾ ഇരുളായിരിക്കുന്നു'[2]. തന്റെ ബാല്യകാലസ്മരണകളോടൊപ്പം ഡോക്ടറുടെ മനസ്സിൽ താൻ ചിലവഴിച്ച ദേവാലയ പരിസരവും ചിന്തകളും കടന്നുവരുന്നുണ്ട്. 'വിശുദ്ധജലം', 'ഒടുക്കത്തെ ഒപ്രീശുമാ', 'ആത്മാവിന്റെ രക്ഷ' തുടങ്ങി ക്രിസ്തുമതാനുഷ്ഠാനങ്ങളുമായി ബന്ധപ്പെട്ട പദങ്ങൾ കഥയിലുണ്ട്.

1. നൗഷാദ് (എഡി) ഇന്നല്ലെങ്കിൽ നാളെ, രണ്ടുസാക്ഷികൾ, *തിരുവെഴുത്തുകൾ*, പുറം133.
2. സി.എച്ച്. ഹരിദാസ് (എഡി): പ്രതിഭാസംഗമം, *മുപ്പത്തിമൂന്നു തെരഞ്ഞെടുത്തകഥകൾ*, 1985.

എബ്രഹാം മാത്യുവിന്റെ 'കിനാവിന്റെ ഇര' എന്ന കഥാസമാഹാരത്തിലെ 'സങ്കീർത്തനങ്ങൾ'[1] എന്ന കഥയിൽ ഒരു ക്രിസ്തുമസ് ആഘോഷത്തിന്റെ പശ്ചാത്തലമാണുള്ളത്. തന്റെ ഭാര്യയുടെ രോഗാവസ്ഥയെക്കുറിച്ച് ചിന്തിക്കുന്ന കുടുംബനാഥൻ ബൈബിൾ പഴയനിയമത്തിലെ നൂറ്റിമൂന്നാം സങ്കീർത്തനം ഓർമ്മിക്കുന്നു. 'മനുഷ്യന്റെ ജീവിതം പുല്ലുപോലെയാണ്, വയലിലെ പൂപോലെ അതു വിരിയുന്നു; എന്നാൽ കാറ്റടിക്കുമ്പോൾ അതു കൊഴിഞ്ഞുപോകുന്നു.' മനുഷ്യായുസ്സിനെക്കുറിച്ചുള്ള സങ്കീർത്തനവാക്യങ്ങൾ കഥാകൃത്ത് ഉപയോഗിച്ചിട്ടുണ്ട്.

ബൈബിളിലെ വിതക്കാരന്റെ ഉപമയിലെ പാറപ്പുറത്ത് വിതച്ച വിത്തിന് സമാനരായ മനുഷ്യരെ അവതരിപ്പിക്കുന്ന കഥയാണ് മുണ്ടശ്ശേരിയുടെ 'പാറപ്പുറത്ത് വിതച്ച വിത്ത്'[2]. മക്കളില്ലാതിരുന്ന തൊമ്മുണ്ണി മാസ്റ്റർ മക്കളായി കരുതി വളർത്തിയവർ സ്വത്തിൽമാത്രം ശ്രദ്ധിക്കുന്നു. മാസ്റ്റർ തന്റെ പുരയിടം വൃദ്ധാശ്രമത്തിന് നല്കുന്നു. 'വിതക്കാരന്റെ ഉപമ' (മാർക്കോസ് 4:1-9)യുടെ ദൃഷ്ടാന്തവല്ക്കരണമാണ് ഈ കഥ.

ദൈവകല്പന ലംഘിച്ച ഹവ്വായെ ദൈവം ശപിക്കുന്നുണ്ട്. ലളിതാംബിക അന്തർജ്ജനത്തിന്റെ 'ആദിമാതാവിന്റെ ശാപം'[3] എന്ന കഥയിൽ, തന്റെ പേരക്കുട്ടിയെ വളർത്തിവലുതാക്കിയ ക്രൈസ്തവ മാതാവാണുള്ളത്. കുട്ടിക്ക് ആറു വയസ്സാകുമ്പോൾ മാതാപിതാക്കളോടൊപ്പം വിടേണ്ടിവരുന്നു. ദുഃഖിതയായ വൃദ്ധമാതാവ് ഉല്പത്തി പുസ്തകം തുറന്നു ആദിമാതാവായ ഹവ്വയാക്കു കിട്ടിയ ശാപത്തെക്കുറിച്ച് വായിക്കുന്നു. ഇന്നും തലമുറകൾ ഈ ശാപം കൈമാറുന്നതായി കാഥിക കാണുന്നു.

'അന്യരുടെ വസ്തുക്കൾ മോഹിക്കരുത്' എന്ന പത്താം പ്രമാണത്തിന് ഊന്നൽ നല്കിയിട്ടുള്ള കഥയാണ് 'പത്താംപ്രമാണം.'[4] ലൂക്കാ, ശീമോൻ എന്ന രണ്ടു സുഹൃ

1. എബ്രഹാം മാത്യു: *കിനാവിന്റെ ഇര*, പുറം 18.
2. മുണ്ടശ്ശേരി: *പാറപ്പുറത്ത് വിതച്ച വിത്ത്*, 1968.
3. കെ. രവീന്ദ്രൻ (എഡി): *മനനത്തിന്റെ നാനാർത്ഥങ്ങൾ*, പുറം 13.
4. ഗ്രേസി: *നരകവാതിൽ*, പുറം 39.

ത്തുക്കളുടെ കഥയിലൂടെ അസൂയ വരുത്തുന്ന വിപത്തുക്കൾ അവതരിപ്പിക്കുന്നു. പുറപ്പാട് (20)ൽ (ബൈബിൾ പഴയനിയമം) ദൈവം മോശ വഴി പത്തു പ്രമാണങ്ങൾ ദൈവജനത്തിന് നല്കുന്നുണ്ട്. അതിൽ പത്താമത്തെ പ്രമാണത്തെക്കുറിച്ചാണ് ഈ കഥയിൽ പറയുന്നത്. ക്രിസ്തുവിന്റെ പ്രമാണങ്ങൾ ലംഘിച്ചും ക്രിസ്ത്യാനിയാകുന്നവരെക്കുറിച്ചാണ് ഈ കഥ സൂചിപ്പിക്കുന്നത്.

ഒ.വി.വിജയന്റെ 'ചെങ്ങന്നൂർ വണ്ടി'[1] എന്ന കഥയിൽ 'കാൽവരിക്കുന്നിൽ കുരിശേറ്റുന്നു', 'മരയാശാരി' തുടങ്ങിയ ക്രൈസ്തവ ബിംബങ്ങൾ കടന്നുവരുന്നുണ്ട്.

ജോൺ എബ്രഹാമിന്റെ 'അപ്പന്റെ മരണം',[2] 'അമ്മയുടെ മരണം'[3] എന്നീ രണ്ടു കഥകളിലും അപ്പസ്തോലന്മാരുടെ നടപടി പുസ്തകത്തിലേതുപോലുള്ള ആത്മപ്രകാശന ശൈലിയാണ് ഉപയോഗിച്ചിരിക്കുന്നത്. 'അത്താഴം മുടക്കി എന്നറിയപ്പെടുന്ന ഇവന്റെ പേര് നീർക്കോലി എന്നാകുന്നു' എന്നു തുടങ്ങി 'ആമ്മേൻ' എന്നവസാനിക്കുന്ന രചനാരാതിയാണ് അപ്പന്റെ മരണത്തിൽ അവതരിപ്പിക്കുന്നത്. സ്വാകാര്യാനുഭവത്തെ ദൈവാനുഭവത്തിലേക്കുയർത്താനുള്ള രചനാശ്രമമാണിത്. 'അമ്മയുടെ മരണം' എന്ന കഥയിൽ 'ആദിപാപം കൊണ്ടല്ല ആദ്യമല്ലാത്ത പാപം കൊണ്ടാണ് ഞാൻ ജനിച്ചതെന്ന് എനിക്ക് പൂർണ്ണമായ വിശ്വാസമുണ്ട്' എന്ന രീതിയിലുള്ള ആത്മപ്രകാശന ശൈലിയാണ് സ്വീകരിച്ചിരിക്കുന്നത്.

കീവറീച്ചനും, കുഞ്ഞുമറിയാമ്മയും വാർദ്ധക്യത്തിൽ എത്തിനിൽക്കുന്നു. തന്റെ വീട്ടിൽ മക്കളും, മരുമക്കളും സ്ഥാനം നൽകുകയും അംഗീകരിക്കുകയും ചെയ്യുന്നത് കുഞ്ഞന്നാമ്മയെ ആണെന്ന ചിന്ത കീവറീച്ചനെ ദുഃഖിപ്പിക്കുന്നു. കീവറീച്ചന്റെ മനസ്സിൽ ഇയ്യോബിന്റെ വാക്കുകൾ ഓർമ്മവരുന്നു. 'എന്റെ വീട്ടിൽ പാർക്കുന്നവരും എന്റെ

1. ഒ.വി.വിജയൻ: *ചെങ്ങന്നൂർ വണ്ടി*, പുറം 33.
2. ജോൺ എബ്രഹാം: *ജോൺ എബ്രഹാമിന്റെ കഥകൾ*, 1993. പു. 21
3. ജോൺ എബ്രഹാം: *ജോൺ എബ്രഹാമിന്റെ കഥകൾ*, 1993. പു. 25

ദാസികളും എന്നെ അന്യനായെണ്ണുന്നു. ഞാൻ എന്റെ ദാസനെ വിളിച്ചു. അവൻ വിളി കേൾക്കുന്നില്ല. എന്റെ വായ്കൊണ്ടു ഞാൻ അവനോടു യാചിക്കേണ്ടിവരുന്നു. എന്റെ ശ്വാസം എന്റെ ഭാര്യയ്ക്കു അസഹ്യവും എന്റെ ഉടപ്പറിന്നവർക്ക് അറപ്പും ആയിരിക്കുന്നു.' കുഞ്ഞു മറിയാമ്മ ചേടത്തി ഉച്ചഉറക്കത്തിൽ നിന്നെഴുന്നേൽക്കാതിരുന്നപ്പോൾ മനസ്സിൽ സന്തോഷിച്ച കീവറീച്ചൻ. പക്ഷെ ചേടത്തി ഉറക്കംവിട്ടെഴുന്നേറ്റപ്പോഴേക്കും കീവറീച്ചൻ 'വേറൊരു വാസസ്ഥലം'[1] അന്വേഷിച്ചു ജീവൻ വെടിയേണ്ടിവരുന്നു. മനുഷ്യജീവിതത്തിലെ അപ്രതീക്ഷിതമായ സംഭവങ്ങളുടെ കഥയാണിത്.

ഏഴുമക്കളുള്ള അമ്മ റെഡ്ക്രോസിലെ പരിചാരികമാർ ശുശ്രൂഷിക്കപ്പെടുകയാണ് 'കിനാവിന്റെ ഇര'[2]യിൽ. കിനാവിന്റെയും ഉറക്കത്തിന്റെയും ഇടവേളയിൽ പരിചാരിക സൂസമ്മ വായിക്കുന്ന ബൈബിൾ വാക്യങ്ങൾ അമ്മ കേൾക്കുന്നു. 'അവൻ നദീതീരത്ത് നില്ക്കുകയായിരുന്നു. അപ്പോൾ രൂപഗുണവും, മാംസപുഷ്ടിയുമുള്ള ഏഴ് പശുക്കൾ നദിയിൽനിന്നും കയറി, അവ മേയുവാൻ തുടങ്ങി. അവയുടെ പിന്നാലെ മെലിഞ്ഞു വിരൂപമായുള്ള വേറെ ഏഴു പശുക്കളും നദിയിൽ നിന്നുകയറി'. തന്റെ മക്കൾക്ക് ഏഴുപേർക്കും വരാനിരിക്കുന്ന കഷ്ടകാലത്തെക്കുറിച്ചുള്ള വ്യാഖ്യാനമായിട്ടാണ് അമ്മ ഇതിനെ കരുതുന്നത്. പരിചരിക്കാത്ത മക്കളോടുള്ള പ്രതിഷേധമാണ് അമ്മയുടെ മനസ്സിൽ.

എബ്രഹാം മാത്യുവിന്റെ 'അവൾ വിലപിച്ചതെന്തെന്നാ'[3]ലിൽ ബൈബിൾ പഴയനിയമം ദാവീദിന്റെ സങ്കീർത്തനങ്ങളിലെ ഭാഷയുടെ അനുകരണമുണ്ട്. അവൾ വിലപിച്ചതെന്തെന്നാൽ എനിക്കുള്ളവൻ നീയായിരുന്നു. നിന്റെ കാഠിന്യമേറിയ വക്ഷസ്സ്

1. സി.വി.ബാലകൃഷ്ണൻ: *സ്നേഹവിരുന്ന്*, പുറം 71.
2. എബ്രഹാം മാത്യു: *കിനാവിന്റെ ഇര*, 1995.
3. എബ്രഹാം മാത്യു: *കാർമാർഗ്ഗം*, പുറം 91.

എന്റെ വിശ്രമസ്ഥലമായിരുന്നു എന്ന രീതിയിലുള്ള രചനാ ശൈലി ഈ കഥയിൽ വരുന്നുണ്ട്.

സാറാജോസഫിന്റെ 'വരാനിരിക്കുന്ന സുവിശേഷം'[1] എന്ന കഥയിൽഅമ്മയുടെ ചിന്തകളിലൂടെ ബൈബിൾ സംഭവങ്ങൾ കടന്നുവരുന്നുണ്ട്. അശുദ്ധാത്മാക്കൾ ബാധിച്ച ഒരുവനെ ക്രിസ്തു സുഖപ്പെടുത്തുന്ന സംഭവവും, അബ്രഹാമിന്റെ കഥയും (ഉൽപ്പത്തി 16) സാറാ ജോസഫിന്റെ ഈ കഥയിൽ പരാമർശിക്കപ്പെടുന്നുണ്ട്.

ലളിതാംബിക അന്തർജ്ജനത്തിന്റെ 'പതിത'[2]യിലെ ഗംഗാനദി ഭഗീരഥന്റെ യാചനകേട്ട് പാതാളത്തിൽ പതിക്കാൻ തയ്യാറാകുന്ന നിമിഷത്തിൽ"ഭഗീരഥാ! നിനക്കു സ്വസ്തി! നീ പറയുംപോലെ സംഭവിക്കട്ടെ" എന്ന് പറയുന്നു. ആകാശത്തിന്റെ കളിപൂഞ്ചോലയായിരുന്ന ഗംഗ മരിക്കാൻ സ്വയം തയ്യാറാകുകയും, ഗംഗയുടെ അശ്രുപ്രവാഹമേറ്റ് അനേകായിരങ്ങൾ മോക്ഷമടയുമെങ്കിൽ ആവട്ടെ എന്ന് സ്വയം സമാധാനിക്കുകയും ചെയ്യുന്നു. ഗംഗാനദിയിൽ പ്രതിഫലിക്കുന്ന ക്ഷീരപഥം കണ്ട് 'ആകാശത്തെപ്പോലെ ഭൂമിയിലും വരുമാറായിതല്ലേ' എന്ന് ഭഗീരഥൻ പറയുന്നു. ഇവിടെ ക്രിസ്തുവിന്റെ അമ്മയായിരുന്ന കന്യകാമാതാവ് "ഇതാ കർത്താവിന്റെ ദാസി നിന്റെ വചനം പോലെ എന്നിലുമാകട്ടെ" എന്ന് ദൈവദൂതനോട് പ്രത്യുത്തരിക്കുന്ന ഭാഗത്തെ അനുസ്മരിപ്പിക്കുന്ന മറുപടിയാണ് ഗംഗാദേവി നല്കുന്നത്. ഭൂമിയിലെ ഭൂതജാലങ്ങളുടെ മോചനത്തിനുവേണ്ടി, ഭൂമിയുടെ നിലനില്പിനുവേണ്ടി, യുഗായുഗങ്ങളുടെ ഭദ്രതയ്ക്കുവേണ്ടി 'പതിത'യായിത്തീർന്ന ഗംഗാദേവിയാകട്ടെ, പാപികളായ മനുഷ്യർക്കുവേണ്ടി സ്വയം മരണം ഏറ്റെടുത്ത ക്രിസ്തുവിന്റെ പ്രതീകമായി മാറുന്നു. "ആകാശത്തെപ്പോലെ ഭൂമിയിലും" എന്ന പ്രയോഗമാകട്ടെ 'കർത്തൃപ്രാർത്ഥന' എന്ന പ്രാർത്ഥനയെ ഓർമ്മപ്പെടുത്തുന്നു.

1. നൗഷാദ് (എഡി): വരാനിരിക്കുന്ന സുവിശേഷം, *തിരുവെഴുത്തുകൾ*, പുറം 170.
2. ലളിതാംബിക അന്തർജ്ജനം: *മാണിക്കനും മറ്റു പ്രധാനകഥകളും*, 2003.

എബ്രഹാം മാത്യുവിന്റെ 'വോഡ്കപ്രാണനെ പിന്തുടരുന്നു'[1] എന്ന കഥയിൽ ബൈബിളിലെ വിതക്കാരന്റെ ഉപമ സാന്ദർഭികമായി കഥാപാത്രം പറയുന്നുണ്ട്. ലൂക്കാ (8,4-8) "അവൻ വീശിയെറിഞ്ഞ കുറേവിത്തുകൾ പാറമേൽ, മറ്റുചിലത് മുൾപ്പടർപ്പിൽ വീണു. പാറമേൽ വീണത് ക്ഷണം ഉണങ്ങി. മുൾപ്പടർപ്പിലേതോ ഒന്നുമാകാതെ കിടന്നു. മുൾനിരവിടർന്നപ്പോൾ മുളപൊട്ടിയ വിത്തിനെ അവ ഞെരുക്കിക്കളഞ്ഞു."

കാക്കനാടന്റെ 'മസ്ക്രീനാസിന്റെ മരണം'[2] എന്ന കഥയിൽ സാന്ദർഭികമായി ക്രൈസ്തവ പ്രാർത്ഥനയുടെ ഭാഗം കഥാപാത്രം ഉരുവിടുന്നുണ്ട്. "ശുദ്ധമറിയമേ, തമ്പുരാന്റെ അമ്മേ, പാപികളായ ഞങ്ങൾക്കുവേണ്ടി ഇപ്പോഴും ഞങ്ങളുടെ മരണസമയത്തും"

ബാബുകുഴിമറ്റത്തിന്റെ കഥകളിൽ പലപ്പോഴും ബൈബിൾ സ്പർശം കാണാം. 'പണിപ്പുരയിൽ കുഞ്ഞപ്പൻ'[3] തികച്ചും ബൈബിൾ ശൈലിയുടെ അനുകരണമാണ്. ബൈബിൾ ഉല്പത്തി പുസ്തകത്തിൽ പ്രപഞ്ചസൃഷ്ടിയുമായി ബന്ധപ്പെടുത്തികൊണ്ട് ഉപയോഗിച്ചിരിക്കുന്ന ഭാഷാപ്രയോഗങ്ങൾ കുഞ്ഞപ്പന്റെ കഥാസൃഷ്ടിയുമായി ബന്ധപ്പെടുത്തി ഉപയോഗിച്ചിരിക്കുന്നു. 'വചനം കുഞ്ഞപ്പനായിരുന്നു' എന്നു തുടങ്ങുന്ന കഥ 'മൂന്നാംനാളിൽ നിയോഗപ്രകാരം കുഞ്ഞപ്പൻ ചത്തവന്റെ സുവിശേഷമെഴുതുകയും വീണ്ടും ജനിക്കുകയുമുണ്ടായി' എന്ന പരാമർശത്തോടെ അവസാനിക്കുന്നു.

'യുഹാനോൻ ളൂവീസിന്റെ പ്രാവുകളി'[4]ൽ സോളമന്റെ ഗീതങ്ങൾ എന്ന ബൈബിൾ പഴയനിയമഭാഗത്തിലെ ഭാഷാപ്രയോഗം കടന്നുവരുന്നുണ്ട്. യൂഹാനോൻ ളൂവീസ് ജോൺ ഫെർനാന്റോവിനോട് പറയുന്നു "അല്ലയോ കേൾക്ക. നീതിയും ദയയവും പിന്തുടരുന്നവൻ ജീവനും നീതിയും മാനവും കണ്ടെത്തും". ബൈബിൾ സംഭ

1. എബ്രഹാം മാത്യു: *കാർമാർഗ്ഗം*, പുറം 9.
2. കാക്കനാടൻ: *കാക്കനാടന്റെ കഥകൾ*, പുറം 102.
3. ബാബു കുഴിമറ്റം: *യൂഹാനോൻ ളൂവീസിന്റെ പ്രാവുകൾ*, പുറം 33.
4. ടി.പു. പുറം 39.

വങ്ങളെ പരാമർശിച്ചുകൊണ്ടുള്ള ഭാഷയും ഉപയോഗിക്കുന്നുണ്ട്. “ഒരവസരത്തിൽ പീലാത്തോസിനെപ്പോലെ കൈ കഴുകി പിന്മാറുവാൻ പോലും ജോൺ ഫെർനാന്റോ നിർബ്ബന്ധിതനായി.” കഥയുടെ സ്വാഭാവികത നഷ്ടമാക്കാതെയുള്ള ബൈബിൾ സ്വാധീനങ്ങളാണീ കഥയിൽ കാണുന്നത്.

ബാബു കുഴിമറ്റം ‘പക്ഷികൾ പാടുമ്പോൾ’[1] എന്ന കഥയിലും ബൈബിൾ പ്രയോഗങ്ങൾ ഉപയോഗിച്ചിട്ടുണ്ട്. അകലെനിന്നും നിരീക്ഷിക്കുമ്പോൾ, പക്ഷിയുടെ ലോകം എത്ര സുന്ദരമാണെന്ന് പുർണ്ണിമ ചിന്തിക്കുന്നു. “കിളികൾ ഒരിക്കലും കരയുന്നില്ല. അവ എന്നും മധുരമായി പാടുന്നതേയുള്ളൂ. തേനും തളിരും ഉണ്ട് ആടിയും പാടിയും ഉറങ്ങുന്ന പക്ഷികൾ! അവ വിതയ്ക്കുന്നില്ല. കൊയ്യുന്നില്ല. കളപ്പുരകളിൽ കൂട്ടുന്നുമില്ല.” ആകാശത്തിലെ പറവകളെക്കുറിച്ചുള്ള ബൈബിൾ പരമാർശങ്ങളാണിവിടെ പുനഃപ്രയേഗിച്ചിരിക്കുന്നത്.

വി.ജെ. ജെയിംസിന്റെ ‘ജന്മാന്തരത്തിൽ’[2] ക്രിസ്ത്യൻ സമൂഹത്തിലെ മരണാനന്തരം ശുശ്രൂഷയുമായി ബന്ധപ്പെട്ട പ്രാർത്ഥനകൾ കടന്നുവരുന്നുണ്ട്. ‘മഴ പെയ്യുമ്പോൾ വയലുകളിൽ വിത്തുകൾ പൊട്ടി മുളക്കുന്നു. കാഹള നാദം കേൾക്കുമ്പോൾ മൃതനിൽ ജീവനുദിക്കുന്നു’. മരണാനന്തരശുശ്രൂഷയുടെ സമയത്ത് ആലപിക്കുന്ന ഗാനത്തിന്റെ കുറെയധികം വരികൾ കഥയിലെ സിസ്റ്റർ റോസിലിന്റെ പ്രാർത്ഥനയിൽ ഉപയോഗിച്ചിട്ടുണ്ട്.

സ്നേഹത്തിന് ജന്മാന്തരങ്ങളിൽ ആവർത്തനമുണ്ടെന്ന വിശ്വാസമാണ് ‘സ്നേഹത്തിന്റെ വ്യാകരണം’[3] എന്ന കഥ. കഥയിൽ ദേവാലയാന്തരീക്ഷവും പ്രാർത്ഥനാന്തരീക്ഷവും ഉണ്ട്. “ആകാശങ്ങളിലിരിക്കുന്ന ഞങ്ങളുടെ ബാവനിൻതിരുനാമം ശുദ്ധമാ

1. ബാബു കുഴിമറ്റം: *യൂഹാനോൻ ലൂവീസിന്റെ പ്രാവുകൾ*, പുറം 48.
2. വി.ജെ. ജയിംസ്: *ഭൂമിയിലേക്കുള്ള തുരുമ്പിച്ച വാതായനങ്ങൾ*, 2003.
3. എൻ. മോഹനൻ: *സ്നേഹത്തിന്റെ വ്യാകരണം*, 1997.

ക്കപ്പെടേണമെ. നിന്റെ രാജ്യം വരേണമെ. അൾത്താരയുടെ പിന്നിൽ നിന്നേതോ അരൂപിയുടെ വെളിപാടുണ്ടായി. നീയോ പാപത്തിൽ ജന്മമായവൻ. പാപത്തിന്റെ സ്വരം കർത്താവിങ്കൽ എത്തുന്നേയില്ല. മഴയും മഞ്ഞും പെയ്തു കഴിഞ്ഞിരിക്കുന്നു. നിനക്കിനി പോകാം."

ബൈബിൾ സ്വാധീനം സംഭാഷണത്തിൽ എന്ന ഭാഗത്തുൾപ്പെടുന്ന കഥകളിൽ കഥാപാത്രങ്ങളുടെ സംഭാഷണങ്ങളിലൂടെ ബൈബിൾ വാക്യങ്ങൾ കടന്നുവരുന്നതായികാണാം. പലപ്പോഴും അസ്വസ്ഥമാകുന്ന മനസ്സിന് സാന്ത്വനം നൽകുന്ന മട്ടിലാണ് ബൈബിൾ വാക്യങ്ങളും ഉദ്ധരണികളും ഉപയോഗിച്ചിരിക്കുന്നത്. കഥകളുടെ ഉള്ളടക്കവുമായി ബന്ധപ്പെട്ടു നിൽക്കുന്ന വ്യംഗ്യാർത്ഥസൂചകങ്ങളായും ബൈബിൾ ബിംബങ്ങളും, സംഭവങ്ങളും സൂചിപ്പിച്ചു കാണുന്നു. ബൈബിൾ ഭാഷയുടെ താളഭംഗിയും കഥകളിൽ ഉണ്ട്.

### 1.4. ബൈബിൾ ദർശനത്തിന്റെ സ്വാധീനം, നോവലിൽ ചെറുകഥയിൽ

ബൈബിൾ സ്വാധീനമുള്ള കഥകളിൽ അധികപങ്കും ബൈബിൾ ദർശനത്തിന്റെ സ്വാധീനമുള്ളവയാണ്. അവയിൽത്തന്നെ ക്രിസ്ത്യൻ സമുദായത്തിന്റെ ജീവിതരീതികളുടെ സവിശേഷതകളും, ക്രിസ്ത്യൻ കഥാപാത്രങ്ങളും കടന്നുവരുന്നു. ഭാരതത്തിൽ നടന്ന ക്രിസ്തുമതപ്രചരണവുമായി ബന്ധപ്പെട്ട വിഷയങ്ങൾ മുതൽ കഥകളിൽ കടന്നുവരുന്നുണ്ട്.

#### 1.4.1. നോവലിൽ

കോട്ടയത്തുനിന്നും പ്രസിദ്ധീകരിച്ചിരുന്ന 'ജ്ഞാനനിക്ഷേപം' മാസികയുടെ 1860–ാമാണ്ടിലെ ലക്കങ്ങളിൽ പ്രസിദ്ധീകരിച്ച ആർച്ച് ഡീക്കൻ കോശിയുടെ 'ജാതിഭേദം' എന്ന കൃതി 'പുല്ലേലികുഞ്ചു'[1] എന്ന പേരിൽ പുസ്തകരൂപത്തിൽ പ്രസിദ്ധീ

1. ആർച്ച്ഡീക്കൻ കോശി: *പുല്ലേലികുഞ്ചു*, 1931.

കൃതമാവുന്നത് 1882-ലാണ്. പുല്ലേലി കുഞ്ചുവിലെ ഒന്നാം ഭാഗത്തിൽ ജാതിഭേദത്തെയും, രണ്ടാം ഭാഗത്തിൽ ബിംബാരാധനയെയും കുറിച്ചുള്ള സംഭാഷണവും മൂന്നാം ഭാഗത്തിൽ ക്രിസ്തുവിനെപ്പറ്റി ബൈബിൾ വില്പനക്കാരൻ നടത്തുന്ന പ്രസംഗവും ചേർത്തിരിക്കുന്നു. ജാതിഭേദവും, ബിംബാരാധനയും നിന്ദ്യമാണെന്ന ദർശനവും ബൈബിൾ വില്പനക്കാരനിലൂടെ ക്രിസ്തുദർശനവും ഈ കഥയിൽ ചേർത്തിരിക്കുന്നു.

നാലപ്പാട്ടുനാരായണമേനോൻ വിക്ടർ യൂഗോയുടെ ലാമിറാബലേ എന്ന നോവൽ 'പാവങ്ങൾ'[1] എന്ന പേരിൽ പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിക്കുന്നത് 1925-ലാണ്. ഈ നോവൽ തികച്ചും ക്രൈസ്തവാശയങ്ങൾ ഉൾക്കൊള്ളുന്ന മഹത്ത്വപൂർണ്ണമായ ഒരു കൃതിയാണ്. മലയാളി വായനക്കാരെയും എഴുത്തുകാരെയും പലവിധത്തിൽ സ്വാധീനിച്ചിട്ടുള്ള ഈ കൃതിയുടെ വൈശിഷ്ട്യം മനുഷ്യനന്മയുടെ മഹത്വം തെളിയിക്കുന്നു എന്നതാണ്.

ബൈബിൾ പഴയനിയമത്തിൽ പ്രഭാഷകന്റെ പുസ്തകത്തിൽ ലോകജീവിതത്തിന്റെ മിഥ്യയെക്കുറിച്ച് പറയുന്നുണ്ട്. ഈ ആശയം നിറഞ്ഞുനിൽക്കുന്ന പെരുമ്പടവം ശ്രീധരന്റെ ലഘുനോവലാണ് 'ഗിരി ശിഖരങ്ങളിലെ നിലാവ്.'[2] ബൈബിൾ വാക്യത്തിലെ ആശയം ഉൾക്കൊണ്ട് ഒരു പുതിയ കഥ അവതരിപ്പിച്ചിരിക്കുകയാണീ നോവലിൽ.

ഭർത്താവിൽനിന്നും ഏല്ക്കേണ്ടിവന്ന സകല പീഢനങ്ങളും മറന്ന്, രോഗിയായ ഭർത്താവിനെ ശുശ്രൂഷിക്കുന്ന കഥയാണ് 'ആനി'[3] എന്ന നോവലിൽ. പൊറുക്കാനും, ക്ഷമിക്കാനുമുള്ള ക്രിസ്തുവിന്റെ സന്ദേശം ഉൾക്കൊണ്ടുകൊണ്ട് സൃഷ്ടിച്ചെടുത്ത കഥാപാത്രമാണ് ആനി.

---

1. നാലപ്പാട്ടു നാരായണമേനോൻ: *പാവങ്ങൾ*, 1976.
2. പെരുമ്പടവം ശ്രീധരൻ: *നിന്റെ കൂടാരത്തിനരികെ*, പുറം 7.
3. റോസി തോമസ്: *ആനി*, 2004.

ബൈബിൾ പഴയനിയമത്തിൽ ആദിമാതാപിതാക്കന്മാരായി ചിത്രീകരിച്ചിരിക്കുന്ന ആദത്തിന്റെയും ഹവ്വയുടെയും മക്കളാണ് കായേനും, ആബേലും. ആബേൽ ആട്ടിട യനും, കായേൻ കൃഷിക്കാരനുമായിരുന്നു. ഉൽപ്പത്തി (4,1-15). ബൈബിൾ പുരാവൃ ത്തത്തെ പുനരാവിഷ്ക്കരിച്ചിരിക്കുകയാണ് വൈക്കം ചന്ദ്രശേഖരൻ നായർ 'കയീന്റെ വംശം'[1] സാമൂഹ്യചരിത്രത്തിലെ ഒരദ്ധ്യായത്തിന്റെ സൂചിതവസ്തു ഈ നോവലിലുണ്ട്. കയീൻ ആബേലിനെ കൊല്ലുമ്പോൾ ഇടയന്റെ സമ്പദ്ഘടനയെ കാർഷിക സമ്പദ്വ്യ വസ്ഥ ആക്രമിച്ചു പിന്നോട്ടാക്കുന്നതിന്റെ പ്രതീകവും കൂടിയാണ്.

നന്മയും, തിന്മയും തമ്മിലുള്ള ധർമ്മാധർമ്മസംഘട്ടനം എന്നത്തേയുമെന്ന പോലെ ഇന്നും തുടരുന്നു എന്ന് 'കടൽകാക്കകൾ'[2] എന്ന നോവൽ കാണിച്ചുതരുന്നു. കുഞ്ഞച്ചനും, തൊമ്മച്ചനും അധർമ്മത്തിന്റെയും ധർമ്മത്തിന്റെയും പ്രതിനിധികളാ ണ്. അധർമ്മത്തിനു ശക്തിയേറും. ആദ്യവിജയം അതുനേടും. ധർമ്മമാകട്ടെ ദുർബ ലം. കാലം അതിനെ സംരക്ഷിക്കുന്നു. പൗരാണികഭാരതീയ ദർശനത്തെ ക്രൈസ്തവ കുടുംബങ്ങളുടെ കഥയിലൂടെ അവതരിപ്പിച്ചിരിക്കുന്നു.

റോസി, മേഴ്സി, ഷേർളി, മൈക്കിൾ സാർ, സിസ്റ്റർ ബഞ്ചമിൻ തുടങ്ങിയ ക്രിസ്ത്യൻ കഥാപാത്രങ്ങൾ നിറഞ്ഞുനിൽക്കുന്ന കഥയാണ് ജോസഫ് മറ്റത്തിന്റെ 'പാപികളുടെ കൂടാരത്തിൽ.'[3] സ്വർഗ്ഗത്തെക്കുറിച്ചും, പറുദീസയെക്കുറിച്ചും ഉള്ള സങ്ക ല്പങ്ങൾ കഥയിലുണ്ട്.

സഭയുടെ ഭൗതികവളർച്ചയിലല്ല ആന്തരികവളർച്ചയിലാണ് ശ്രദ്ധിക്കേണ്ടത് എന്ന കാഴ്ചപ്പാടാണ് 'നിഴൽ'[4] എന്ന നോവലിൽ. ലോകത്തിലുള്ള സ്നേഹാന്വേഷണം പരാജയപ്പെട്ട് ക്രിസ്തുവിൽ അതുകണ്ടെത്തുന്ന ആളാണ് കഥാപാത്രമായ പാതിരി

1. വൈക്കം ചന്ദ്രശേഖരൻ നായർ: *കയീന്റെ വംശം,* 1985.
2. ജോസഫ് പനയ്ക്കൽ: *കടൽക്കാക്കകൾ*, 1998.
3. ജോസഫ് മറ്റം: *പാപികളുടെ കൂടാരം,* 1993.
4. പോൾ ചിറക്കരോട്: *നിഴൽ*, 1966.

യച്ചൻ. ദൈവത്തിന്റെ ആലയം കരിങ്കല്ലിലുറപ്പിക്കാൻ സാധ്യമല്ലെന്ന ഉൾക്കാഴ്ച ലഭിക്കുന്നു പാതിരിയച്ചന്. മറ്റൊരു കഥാപാത്രമായ ദാവീദുപദേശിയിലൂടെ സഭയുടെ ചരിത്രവും, ഹൈചർച്ച്, ലോചർച്ച് എന്ന വിഭജനവും കടന്നുവരുന്നു. ഉയർന്നവരെന്നും, അധഃകൃതരെന്നുമുള്ള ചിന്ത ക്രിസ്തുവിന്റെ സഭയ്ക്കു ചേർന്നതല്ലെന്ന് പറയുകയാണീ കഥയിലൂടെ. ക്രിസ്തീയ സഭയെക്കുറിച്ചുള്ള ചില കാഴ്ചപ്പാടുകളാണീ നോവലിൽ വിഷയമാക്കിയിരിക്കുന്നത്.

1950-ൽ പ്രസിദ്ധീകരിക്കപ്പെട്ട പോഞ്ഞിക്കര റാഫിയുടെ 'പാപികൾ'[1] എന്ന കൃതി കേരളത്തിലെ കത്തോലിക്കരുടെ സാമുദായിക ജീവിതത്തെയും അതിനെ കളങ്കപ്പെടുത്തുന്ന കാര്യങ്ങളും പച്ചയായി ചിത്രീകരിച്ചിട്ടുള്ള ഒരു സാമുദായിക നോവലാണ്. കത്തോലികക്കരുടെ സാമുദായിക ജീവിതം ചിത്രീകരിക്കണമെന്ന ആഗ്രഹം മാത്രമല്ല, ആ അന്ധകാരം നിറഞ്ഞ അഗാധതലങ്ങളിലേക്ക് പ്രകാശം തെളിയിച്ച്, കട്ടകൂടി തുളച്ചുകളിക്കുന്ന അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും വിഷാണുക്കളെ നിശ്ശേഷം സംഹരിച്ചൊടുക്കി, അവിടം വിശുദ്ധവും മോഹനവുമാക്കിത്തീർക്കണമെന്നുകൂടിയുള്ള അതിർകടന്ന ആഗ്രഹവും ഈ ഗ്രന്ഥനിർമ്മാണത്തിനു പ്രചോദനം നല്കിയെന്ന് ഗ്രന്ഥകാരൻ കൃതിയുടെ ആമുഖത്തിൽ പറയുന്നുണ്ട്.

നാലഞ്ചു പതിറ്റാണ്ടു മുമ്പുള്ള കേരളീയ ഗ്രാമീണ ജീവിതമാണ് 'കൊന്തയിൽനിന്ന് കുരിശിലേക്ക്'[2] എന്ന കൃതിയിൽ ജോസഫ് മുണ്ടശ്ശേരി കൈകാര്യം ചെയ്തിരിക്കുന്നത്. കുഞ്ഞിലോനപ്പന്റെയും, ഏലിക്കുട്ടിയുടെയും കഥയിലൂടെ അന്ന് നിലവിലിരുന്ന കോൺഗ്രസ്സുപാർട്ടിയുടെയും ക്രിസ്തീയസമൂഹത്തിന്റെയും കഥകൂടി പറയുന്നുണ്ട്. മാണിക്കാമ്പറമ്പിലച്ചൻ എന്ന കഥാപാത്രത്തിലൂടെ വൈദികരുടെ ജീവിതവും, പ്രവർത്തനമേഖലകളും, പ്രവർത്തനോദ്ദേശ്യവും വിലയിരുത്തുന്നു. മഠത്തിലെ

1. പോഞ്ഞിക്കര റാഫി: *പാപികൾ*, 1973.
2. ജോസഫ് മുണ്ടശ്ശേരി: *കൊന്തയിൽ നിന്ന് കുരിശിലേക്ക്*, 1981.

ശ്രേഷ്ഠത്തിയായി മാറിയ ഏലിക്കുട്ടിയുടെ സംസാരത്തിലൂടെ കന്യാമഠങ്ങളിലെ ജീവിതവും മുണ്ടശ്ശേരിയുടെ വീക്ഷണങ്ങളിലൂടെ അവതരിപ്പിക്കുന്നുണ്ട്.

ജോസഫ് മുണ്ടശ്ശേരിയുടെ 'പ്രൊഫസർ'[1] എന്ന നോവലിലെ കഥാപാത്രമാണ് ലോപ്പസ്. ക്രിസ്തീയത നഷ്ടമാക്കിയ ക്രൈസ്തവ സമൂഹത്തെ ഈ കഥയിൽ വിമർശിക്കുന്നുണ്ട്. ജീവിക്കാൻ കഷ്ടപ്പെട്ട മനുഷ്യരോട് ഒരു കാരുണ്യവും കാണിക്കാതിരുന്നവർ മരിച്ചപ്പോൾ അനുകമ്പ നടിക്കുന്നു. 'നിങ്ങൾ നിങ്ങളുടെ അയൽപക്കക്കാരോട് ഇനിയെങ്കിലും നീതി ചെയ്യുമോ?' എന്ന ചോദ്യം വായനക്കാരോട് ചോദിച്ചുകൊണ്ടാണ് നോവൽ അവസാനിപ്പിച്ചിരിക്കുന്നത്.

സ്ഥാപിത മതത്തിന്റെ അധികാരകേന്ദ്രം നീതിക്കുവേണ്ടിയുള്ള പോരാട്ടത്തെ എങ്ങനെ അസഹിഷ്ണുതയോടെ വീക്ഷിക്കുന്നുവെന്ന് യുവ പുരോഹിതനായ ജോസഫിന്റെ പീഡാസഹനത്തിലൂടെ ആവിഷ്കരിക്കുന്ന നോവലാണ് 'ആഞ്ഞൂസ് ദേയി.'[2] മത്സ്യത്തൊഴിലാളി യൂണിയന്റെ സംസ്ഥാന പ്രസിഡന്റായ യോഹന്നാൻ ജോൺ ദാവീദിന് ജോനാഥനെന്നപോലെ ജോസഫിനു കൂട്ടാകുന്നു. എയർമെയിലിന്റെയും, ഡ്രാഫ്റ്റിന്റെയും, ബാങ്ക് പാസ്സ് ബുക്കിന്റെയും പുറത്തുനിന്നും ഇറങ്ങിവരാൻ വൈദികർ കൂട്ടാക്കില്ലെന്ന് ജോൺ പറയുന്നു. സാധാരണ കുടുംബത്തിലേയും, ധനികകുടുംബത്തിലേയും വൈദികർക്ക് കിട്ടുന്ന പദവികളുടെയും, ജീവിത സൗകര്യങ്ങളുടെയും വ്യത്യാസങ്ങളെ കഥയിൽ വിമർശിക്കുന്നുണ്ട്. അധികാര പ്രമത്തതയും മുഷ്ക്കും കാട്ടി ജീവിതം തുലയ്ക്കുന്ന പുരോഹിതനാകരുതെന്ന ആശയം കഥയിലുണ്ട്. ദരിദ്രകുടുംബാംഗമായ ജോസഫ് എന്ന വൈദികന്റെ ദയനീയമായ വൈദിക ജീവിതവും ഈ കഥയിലുണ്ട്.

---

1. ജോസഫ് മുണ്ടശ്ശേരി: *പ്രൊഫസർ*, 1991.
2. സെബാസ്റ്റ്യൻ പള്ളിത്തോട്: *ആഞ്ഞൂസ് ദേയി*, 1998.

വൈദിക ജീവിതവുമായി ബന്ധപ്പെട്ടുവരുന്ന വിമർശനാത്മകശൈലിയിലുള്ള മറ്റൊരു നോവലാണ് 'എന്റെ കുരിശുമെടുത്തു നിന്റെ പിന്നാലെ.'[1] ചുമട്ടുകാരൻ പൈലിയുടെ മകനാണ് ഫാദർ തോമസാകുന്നത്. നീതിക്കുവേണ്ടി ക്രൂശിതനായ ക്രിസ്തുവിന്റെ ആദർശങ്ങൾ രണ്ടായിരം കൊല്ലം കഴിഞ്ഞിട്ടും കുരിശിലേറ്റപ്പെടുകയോ? ഇവിടെ ഹന്നാസ്സുകളും, കയ്യാഫാസ്സുമാരും ഇന്നും അധികാരപീഠം കയ്യേറി നീതിയെ നിഷേധിക്കുന്നുവോ? ക്രിസ്തു പാവങ്ങൾക്കും, പാപികൾക്കും വേണ്ടി കുരിശിൽ മരിച്ചു. എന്നാൽ ഇന്ന് കത്തോലിക്കാ സഭ ആർക്കുവേണ്ടിയാണ് എന്ന ചോദ്യം കഥയിലുണ്ട്. ക്രിസ്തുവിനെപ്പോലെ നീതിക്കും സത്യത്തിനുംവേണ്ടി ഉറക്കെ സംസാരിക്കാൻ വൈദികൻ മറ്റൊരു ക്രിസ്തുവായിത്തീരണം എന്ന കാഴ്ചപ്പാട് കഥയിലൂടെ അവതരിപ്പിക്കുന്നു. കാണാതെപോയ ആടിനെ അന്വേഷിച്ചവനാണ് ക്രിസ്തു. ബലിയല്ല കരുണയാണ് ക്രിസ്തു ആഗ്രഹിച്ചതെന്ന് മറന്നുപോകരുതെന്ന ആശയവും കഥയിൽ ഉണ്ട്. പാവങ്ങൾക്കുവേണ്ടി പ്രവർത്തിച്ച ഫാദർ ജോസഫ് രോഗിയായി മരണമടയുമ്പോൾ പണക്കാരൻ ദേവസ്യാച്ചന്റെ മകൻ ഫാദർ മാത്യു ബിഷപ്പായി ഉയർച്ചയിലേക്കു നീങ്ങുന്നു.

പന്ത്രണ്ടിനും, മുപ്പതിനും ഇടയ്ക്കുള്ള യേശുവിന്റെ ജീവിതത്തെക്കുറിച്ച് സുവിശേഷകർ ഒന്നും പറയുന്നില്ല. 'ജോസഫ് എന്ന തച്ചൻ'[2] നോവലിസ്റ്റ് ഭാവനയിൽ കണ്ടെത്തുന്ന യേശുവിന്റെ ജീവിതമാണ്. ക്രിസ്തുമത വിശ്വാസത്തിനെതിരായ ചിന്തകളും, കാഴ്ചപ്പാടുകളുമാണീ കൃതിയിലുള്ളത്. വെറും ഒരു സാധാരണ തച്ചൻ മാത്രമായി ക്രിസ്തുവിനെ ഈ കഥയിൽ ചിത്രീകരിക്കുന്നു.

---

1. ജോസഫ് പുലിക്കുന്നേൽ: *എന്റെ കുരിശുമെടുത്ത് നിന്റെ പിന്നാലെ*, 1979.
2. നെറ്റിയാടൻ: *ജോസഫ് എന്ന തച്ചൻ*, 1998.

ടി.വി.കൊച്ചുബാവയുടെ 'സൂചിക്കുഴിയിൽ ഒരു യാക്കോബ്'[1] കഥാപാത്രമായ യാക്കോബിനുണ്ടാകുന്ന സ്വപ്നത്തിന്റെ കഥയാണ്. സ്വർഗ്ഗരാജ്യത്ത് പ്രവേശിക്കാൻ യാക്കോബ് അയോഗ്യനാണെന്നും, സൽക്കർമ്മങ്ങൾ ചെയ്യാനുള്ള യാക്കോബിന്റെ തീരുമാനങ്ങളെ മക്കൾ അവരുടെ യുക്തികൾക്കുയോജിച്ചവിധം തിരുത്തുന്നു. 'ധനികൻ സ്വർഗ്ഗരാജ്യത്തു കടക്കുന്നതിനേക്കാൾ എളുപ്പം ഒട്ടകം സൂചിക്കുഴിയിലൂടെ കടക്കുന്നതാണെ'ന്ന ബൈബിൾ വചനത്തെ വെല്ലുവിളിച്ച് മക്കൾ അപ്പന് സ്വർഗ്ഗരാജ്യ പ്രവേശനത്തിനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തുന്നു. ഒടുവിൽ സ്വർഗ്ഗരാജ്യം മാത്രമല്ല ഭൂമിയിലെ ജീവിതവും നഷ്ടമാകുന്നു. വിമർശനാത്മക ശൈലിയിലുള്ള അവതരണമെന്നു പ്രഥമദർശനത്തിൽ തോന്നുമെങ്കിലും, ബൈബിൾ വാക്യങ്ങളുടെ അർത്ഥം അന്വർത്ഥമാവുകതന്നെയാണ് ഈ കഥയിൽ.

ബൈബിൾ ഉൽപ്പത്തിപുസ്തകത്തിൽ ആദവും, ഹവ്വയും പറുദീസയിൽനിന്നും പുറത്താക്കപ്പെട്ട സംഭവമാണ് പോഞ്ഞിക്കര റാഫിയും, സെബീനാ റാഫിയും ചേർന്നെഴുതിയ 'കലിയുഗം'[2] എന്ന കൃതിയുടെ രചനയ്ക്കു പിന്നിലുള്ളത്. ആധുനിക മനുഷ്യൻ എത്തിച്ചേർന്നിരിക്കുന്ന ആത്മീയജീവിതത്തകർച്ചയെ നിർവ്വചിക്കുവാൻ ഈ ബൈബിൾ സങ്കേതത്തെ ഗ്രന്ഥകാരൻ ഉടനീളം പ്രയോജനപ്പെടുത്തിയിട്ടുണ്ട്. ആധുനിക മനുഷ്യവർഗ്ഗത്തെ ബാധിച്ചിരിക്കുന്ന ധർമ്മക്ഷയമാകുന്ന രോഗത്തെ ദൈവനിഷേധമെന്ന ആദിപാപവുമായി ബന്ധിപ്പിച്ച് വ്യാഖ്യാനിച്ചിരിക്കുന്നു. പറുദീസാ നഷ്ടപ്പെട്ട ആദം ഹവ്വാമാരെപ്പോലെ ആധുനിക മനുഷ്യൻ അലഞ്ഞുനടക്കുന്നു എന്നാണ് കഥയിൽ പറയുന്നത്.

---

1. ടി.വി.കൊച്ചുബാവ: *സൂചിക്കുഴിയിൽ ഒരു യാക്കോബ്*, പുറം 64.
2. റോസി തമ്പി: *വചനം* മലയാലമായി നമ്മുടെ ഇടയിൽ വസിച്ചു, അസ്സീസ്സി മാസിക, 49, 10,11, ഒക്ടോബർ 2004.

ഡോ. കെ.എം. തരകൻ ബൈബിൾ കഥകൾ ഉപയോഗപ്പെടുത്തി നോവലുകൾ എഴുതിയിട്ടുണ്ട്. 'ശാപഗ്രസ്തയായ മഹാറാണി'[1]യിൽ ക്രിസ്തുമതം സമൂഹത്തിൽ ചൊരിഞ്ഞ നന്മകളാണ്. ക്രിസ്തു ഭക്തനായ മത്യാസിന്റെ നേതൃത്വത്തിലാണ് കഥയിൽ ക്രിസ്തുമതം വികാസം തേടുന്നത്. 'ബന്ധങ്ങൾ'[2] എന്ന നോവലിൽ ഫാദർ തോമസ് കുരുക്ഷേത്രത്തിൽ ധർമ്മാധർമ്മങ്ങൾ വിവേചിക്കാനാവാതെ കുഴങ്ങുന്ന പാർത്ഥനെ അനുസ്മരിപ്പിക്കുന്നു. ബൈബിൾ ഉല്പത്തി പുസ്തകം മുപ്പത്തിയെട്ടാം അധ്യായത്തിലെ യൂദായുടെയും താമാറിന്റെയും കഥയുടെ പശ്ചാത്തലത്തിൽ മെനഞ്ഞെടുത്ത ശോക നിർഭരമായ നോവലാണ് 'അവളാണു ഭാര്യ.'[3] ബൈബിളിലെ റൂത്തിന്റെ കഥ ഓർമ്മകളുടെ രൂപത്തിൽ പുനരാവിഷ്കരിച്ചതാണ് 'ഓർമ്മകളുടെ രാത്രി.'[4] ദാവീദിന്റെയും ബേത്ശേബായുടെയും കഥയാണ് 'നിനക്കായി മാത്രം'[5] എന്ന നോവലിന്റെ ഇതിവൃത്തം. ബൈബിൾ ശൈലികളും, ബിംബകല്പനകളും ചേർന്നിണങ്ങിയ ഭാഷാശൈലി നോവലുകൾക്ക് ബൈബിളിന്റെ അന്തരീക്ഷം ഒരുക്കിയിരിക്കുന്നു. ബൈബിളിൽ നിന്നും ഇതിവൃത്തങ്ങൾ സ്വീകരിച്ചിട്ടുള്ള നോവലുകളിൽ മികച്ചു നിൽക്കുന്നതാണ് ഡോ.കെ.എം.തരകന്റെ നോവലുകൾ.

### 1.4.2. ചെറുകഥയിൽ

ബാബു കുരവയ്ക്കലിന്റെ 'അണയാത്ത വെളിച്ചം'[6] എന്ന കഥയിൽ ക്രിസ്തുമസ്സിനോടനുബന്ധിച്ച് സഹായംതേടിയെത്തുന്ന വിധവയായ അമ്മയും മക്കളുമാണ്. തന്റെ ബാല്യകാലസംഭവങ്ങൾ അയവിറക്കുന്ന കഥാകൃത്ത് ഹൃദയസ്പർശിയായ ഒരു

---

1. റവ. മാത്യു ഡാനിയൽ: ദാർശനിക വിമർശനത്തിന്റെ ഉപാസകൻ, (എഡി) പോൾ മണലിൽ, *ഡോ. കെ.എം. തരകന്റെ കൃതികളെക്കുറിച്ചുള്ള 19 പഠനങ്ങൾ*, പുറം 91.
2. ടി പു. പുറം 91.
3. ടി.പു. പുറം 91.
4. ടി.പു. പുറം 91.
5. ടി. പു. പുറം 91.
6. എം. മുകുന്ദൻ: ദൂരക്കാഴ്ച, *തിരഞ്ഞെടുത്ത കഥകൾ*, 1996.

ക്രിസ്തുമസ്സ് കഥ പറയുന്നു. അണയാത്തവെളിച്ചമായ് മനസ്സിൽ തങ്ങിനിൽക്കുന്ന ക്രിസ്തുമസ്സാഘോഷങ്ങളാണ് കഥയ്ക്കു പിന്നിൽ.

ബലികൊടുക്കേണ്ട കുഞ്ഞ് താൻ തന്നെയാണെന്നുള്ള പഴയനിയമത്തിൽ ഇസ ഹാക്കിന്റെയും, പുതിയ നിയമത്തിൽ യേശു ക്രിസ്തുവിന്റെയും - തിരിച്ചറവിൽനി ന്നാണ് 'നേർച്ചകോഴി'[1] എന്ന കഥയുണ്ടാകുന്നത്. ബലിമൃഗത്തെക്കുറിച്ചുള്ള ഒരു അന്യാപദേശം കഥയാണിത്. കോഴിവസന്ത പിടിപെട്ട് തന്റെ വർഗ്ഗം വംശനാശത്തെ അഭിമുഖീകരിക്കുമ്പോൾ അവരുടെ രക്ഷയ്ക്കായി ഗീവർഗ്ഗീസ് പുണ്യവാളന് നേർച്ച ചെയ്യപ്പെടുന്ന ഒരു പൂവൻകോഴിയാണ് ഈ കഥയിലെ നായകൻ. സഹജീവികളുടെ രക്ഷയ്ക്കുവേണ്ടി ബലിയർപ്പിക്കപ്പെടുവാനുള്ള നിയോഗമേറ്റെടുത്ത പൂവൻകോഴി കഥ യിലുടനീളം ഒരു രക്ഷകന്റെ ദിവ്യത്വം സ്വയം ആരോപിക്കുവാൻ ശ്രമിക്കുന്നുണ്ട്. ബൈബിൾ ദർശനത്തെ ഹാസ്യരൂപേണയാണ് ഈ കഥയിൽ കൈകാര്യം ചെയ്തിരി ക്കുന്നത്.

'കോട്ടയത്ത് എത്ര മത്തായിയുണ്ട്?'[2] എന്ന രചന പുതിയ കാലത്ത് അരങ്ങേ റുന്ന ഒരു കുരിശേറ്റത്തിന്റെ കഥയാണ്. സമൂഹത്തിൽനിന്ന് ഉൾവലിഞ്ഞ് യാഥാർത്ഥ്യ ത്തിന്റെ മണ്ണിൽ കാലുറപ്പിക്കാതെ കഴിയുന്ന മനുഷ്യരുടെ പ്രവർത്തനങ്ങൾ തങ്ങളു ടെതന്നെ സ്വത്വനഷ്ടത്തിലേക്കും ഭീതിജനകമായ അന്യവത്കരണത്തിലേക്കും നയി ക്കുന്നുവെന്ന് വെളിപ്പെടുത്തുന്ന ഒരു കഥയാണിത്. വീട്ടുകാരാലും നാട്ടുകാരാലും അവഹേളിതനും, തിരസ്കൃതനുമായ മത്തായിയുടെ അത്മാഹുതിക്ക് തീവ്രത പക രുവാൻ കുരിശുമരണത്തിന്റെ നിഴൽ കടന്നുവരുന്നു.

1. ജോൺ എബ്രഹാം: *ജോൺ എബ്രഹാമിന്റെ കഥകൾ*, 1993. പു. 32
2. ടി. പു. 35

'സ്കോളറായ വർക്കി'[1] എന്ന കഥയിൽ വർക്കി കണ്ണാടിയിൽ നോക്കി നിൽക്കു മ്പോഴാണ് താനൊരു സ്കോളറാണെന്ന അശരീരി കേൾക്കുന്നത്. കണ്ണാടിയിൽ പ്രത്യ ക്ഷപ്പെടുന്ന കുരിശും മറ്റുബിംബങ്ങളും വർക്കിയുടെ ദുരന്തത്തെയും ഒരുബലികർമ്മ ത്തോടു ബന്ധിപ്പിച്ചു നിർത്തുന്നു.

ആധുനികനാഗരികതയുടെ ആത്മീയശൂന്യതയെ തുറന്നുകാട്ടുന്ന കഥയാണ് 'നഗരത്തിന്റെ സൂക്ഷിപ്പുകാരൻ.'[2] ബൈബിളിലെ ധ്വനിസാന്ദ്രമായ കല്പനകളും അന്ത രീക്ഷവും നഗരവിമർശനത്തെ ശക്തമാക്കുന്നുണ്ട്. ക്രിസ്തുവിന്റെ രണ്ടാംവരവിനെ ക്കുറിച്ചും, മരിച്ചവരുടെ ഉയിർത്തെഴുന്നേൽപ്പിനെക്കുറിച്ചും ഉള്ള ബൈബിൾ പരാമർശ ങ്ങളെ കഥാകൃത്ത് ഉപയുക്തമാക്കിയിട്ടുണ്ട്.

'പൂച്ചദുഃഖം'[3] എന്ന കഥ എങ്ങനെ ഒരു നല്ല ശമരിയാക്കാരനാകാം എന്ന ചിന്ത യിൽനിന്നും രൂപംകൊണ്ടതാണ്. ശല്യക്കാരനായ പൂച്ചയെ വഴിയിലുപേക്ഷിക്കാൻ നിയോഗിക്കപ്പെട്ട ഒരാളിൽ അതിനെച്ചൊല്ലിയുള്ള കുറ്റബോധവും അനുകമ്പയും തീവ്ര മാകുകയും എങ്ങനെ ആ ജീവിയെ രക്ഷിക്കാനാകുമെന്ന ചിന്തയിലെത്തുകയും ചെയ്യുന്നു.

'ചെറിയാച്ചന്റെ വരൾച്ചയിലെ കൃത്യങ്ങൾ'[4] എന്ന കഥയിലും വിശ്വാസവും പ്രവൃ ത്തിയും തമ്മിലുള്ള അകൽച്ച ഒരു ക്രിസ്ത്യാനിയിലുണ്ടാക്കുന്ന മൂല്യസംഘർഷങ്ങ ളാണ് അവതരിപ്പിക്കുന്നത്. 'സ്വർഗ്ഗരാജ്യവും', 'കുരിശുമലയും' ഒക്കെ വ്യത്യസ്ത അർത്ഥത്തിൽ ആധുനിക ക്രിസ്ത്യാനിയെ വെളിപ്പെടുത്താൻ കഥാകൃത്ത് ഉപയോ ഗിക്കുന്നു.

---

1. ജോൺ എബ്രഹാം: *ജോൺ എബ്രഹാമിന്റെ കഥകൾ*, 1993. 32–36
2. ടി.പു. 32–36
3. ടി.പു. 32–36
4. ടി.പു. 32–36

ബൈബിളും, സുവിശേഷവുമായി ബന്ധപ്പെട്ട ലഘുലേഖകളും കൈയിൽ പിടിച്ച് 'ഉപദേശി' ചമഞ്ഞുനടക്കുന്നവരുടെ യഥാർത്ഥമുഖം കാണിച്ചു തരികയാണ് 'ഉപദേശി'[1] എന്ന കഥയിൽ. അനാഥമായ അധഃകൃത ഗൃഹങ്ങളിൽ നിത്യവും പോകാറുള്ള ഉപ ദേശി കുറുമ്പപ്പുലക്കള്ളിയുടെ വീട്ടിലും പോകാറുണ്ട്. പുലയൻ മരിച്ചിട്ട് മൂന്നാണ്ടാ യി. കണ്ടായനുമായുള്ള വിവാഹനിശ്ചയം കഴിഞ്ഞിരുന്നവളാണ് പുലക്കള്ളിയുടെ മകൾ താമര. കണ്ടായൻ വഞ്ചി മുങ്ങി മരിക്കുന്നു. താമര ഉപദേശിയുടെ ഛായയുള്ള കുഞ്ഞിന് ജന്മം നൽകുന്നു. ഉപദേശിയുടെ തനി സ്വഭാവം വിമർശിച്ചിരിക്കുകയാണീ കഥയിൽ.

രക്ഷകനായ ക്രിസ്തുവിനെ കുരിശിൽ തറച്ചുകൊന്നത് യൂദന്മാരാണെന്ന വിശ്വാസം വെച്ചുപുലർത്തുന്നരുടെ കഥയാണ് 'കുരിശിന്റെ പിന്മുറക്കാർ'[2] ഏലിയാവ് എന്ന കച്ചവടക്കാരൻ ജൂതനായതിന്റെ പേരിൽമാത്രം അയാളെ ഉപദ്രവിക്കുകയാണ് ചാക്കോച്ചൻ. ക്രിസ്ത്യാനിയാണെങ്കിൽ യൂദനെ തല്ലണം എന്നതാണ് ചാക്കോച്ചന്റെ തത്ത്വശാസ്ത്രം. കർത്താവീശോയെ ഒറ്റിക്കൊടുത്ത യൂദാസ്കറിയോത്തിന്റെ താവ ഴീപ്പെട്ടതാണു നീ എന്നാണ് ചാക്കോച്ചൻ ഏലിയാവിനോട് പറയുന്നത്.

ക്രിസ്ത്യാനികൾക്കിടയിലുള്ള നേർച്ചകഴിക്കൽപോലുള്ള ആചാരങ്ങളെ വിമർശി ക്കുന്ന കഥയാണ് 'നൂറ്റൊന്നു മെഴുകുതിരികൾ.'[3] തമിഴ് സംസാരിക്കുന്ന വൃദ്ധൻ വീട്ട മ്മയായ ത്രേസ്യാമ്മയെ സമീപിച്ച് താൻ പോകാറുള്ള പള്ളികളെക്കുറിച്ച് പറയുന്നു. ത്രേസ്യാമ്മയ്ക്ക് പല്ലിയെ കൊന്ന പാപം ഉണ്ടെന്നും, പരിഹാരമായി നാഗപ്പൂർ പള്ളി യിലെ ദേവമാതാവിന്റെ മുമ്പിൽ നൂറ്റൊന്നുംമെഴുകുതിരി കത്തിച്ചാൽമതിയെന്നും പറ യുന്നു. വൃദ്ധൻ എല്ലാവർഷവും പോകാറുള്ളതുകൊണ്ട് പണം ഏല്പിച്ചാൽമതി നേർച്ച

1. പോഞ്ഞിക്കര റാഫി: *തെരഞ്ഞെടുത്ത കഥകൾ*, 1967.
2. ടി.പു.
3. ടി.പു.

കഴിച്ചോളാം എന്നു പറയുന്നു. അബലകളായ വീട്ടമ്മമാരെ പറ്റിച്ച് പണം കൈക്കലാക്കുന്നവരുടെ കഥയാണിത്.

പുലയനായിരുന്ന കണ്ടങ്കോരൻ മരണാസന്നനായപ്പോൾ ആരും തിരിഞ്ഞുനോക്കാനില്ലാതെ വിഷമിക്കുന്നു. എന്നാൽ മാമോദീസ മുക്കി ദേവസ്സിയാക്കിയതിനുസേഷം ഇഷ്ടംപോലെ ശുശ്രൂഷകരെത്തുന്നു. ഭാര്യയും മക്കളും മതംമാറാത്തതിൽ പിണങ്ങിയ കണ്ടങ്കോരൻ ക്രിസ്ത്യാനികൾ തന്നെ പുലയനെന്നു വിളിച്ചധിക്ഷേപിച്ചതിൽ വിഷമിച്ച് പഴയ മതത്തിലേക്കുതന്നെ തിരികെ പോകുന്നു. മറ്റു മതങ്ങളിൽനിന്നും മാറി ക്രൈസ്തവസമൂഹത്തെ 'അച്ചണ്ടവെന്തീഞ്ഞഇന്നാ'[1] എന്ന കഥയിലൂടെ കഥാകൃത്ത് വിമർശിക്കുന്നു.

നിരർത്ഥകമായ ജാതിമതഭേദങ്ങളെക്കുറിച്ച് ചിന്തിപ്പിക്കുന്ന കഥയാണ് 'ഉയിർത്തെഴുന്നേല്ക്കാൻ വേണ്ടി അവൻ ജീവിച്ചു.'[2] അനാഥനായിരുന്ന അച്യുതനെ സംസ്കരിക്കാൻ സൗകര്യത്തിനുവേണ്ടി മാമോദീസ മുക്കി സിമിത്തേരിയിൽ സംസ്കരിക്കുന്നു. ശ്മശാനങ്ങൾക്കുപോലും ജാതിതിരിച്ച് പേരുനൽകുന്നതിനു പിന്നിലുള്ള സങ്കുചിത മനഃസ്ഥിതി ഈ കഥയ്ക്കു വിഷയമായിരിക്കുന്നു.

കാക്കനാടന്റെ 'അന്ത്രയോസ് എന്ന പാപി'[3]യിൽ പള്ളിനിയമങ്ങൾ അംഗീകരിക്കാത്തവനെ സമൂഹം പാപിയായി വിധിക്കുന്നു. അവൻ ചെയ്യാത്ത കുറ്റങ്ങളും അവന്റെമേൽ കെട്ടിവെക്കുന്നു. യഥാർത്ഥ പാപികൾക്ക് പുരോഹിതന്മാർ പോലും തുണയാകുന്ന കാഴ്ചയാണ് ഈ കഥയിൽ ഉള്ളത്. മതവിശ്വാസങ്ങളെയും, നിയമങ്ങളെയും അവരവർക്കുവേണ്ടി ഓരോരുത്തരും വളച്ചൊടിക്കുന്നതിനെ വിമർശിക്കുകയാണീ കഥയിൽ.

1. ടി.കെ.സി.വടുതല: *തിരഞ്ഞെടുത്ത കഥകൾ*, പുറം 95.
2. യു.കെ.കുമാരൻ: *ഒന്നിനും ഒരകലവുമില്ല*, പുറം 66.
3. കാക്കനാടൻ: *അന്ത്രയോസ് എന്ന പാപി*, 1991.

മാതാപിതാക്കളെ പ്രായമാകുമ്പോൾ ശുശ്രൂഷിക്കാൻ കൂട്ടാക്കാത്ത മക്കളുടെ എണ്ണം ഇന്ന് പെരുകി വരികയാണ്. വൃദ്ധമന്ദിരങ്ങളിലേക്ക് മാറ്റപ്പെടുന്നവരുടെ ജീവതത്തിന്റെ അന്ത്യനിമിഷങ്ങൾ വീഡിയോയിൽ പകർത്തി മക്കൾക്ക് അയച്ചുകൊടുക്കുന്നു. ജീർണിച്ച സംസ്കാരങ്ങളെ തുറന്നു കാണിക്കുന്ന 'സ്വർഗ്ഗയാത്ര-ഒരു വീഡിയോ ടേപ്പ്'[1] എന്ന കഥയിൽ വൃദ്ധനെ സ്വർഗ്ഗത്തിലേക്കു നയിക്കാൻ ദൈവമാതാവായ കന്യകാമറിയവും നീതിമാനായ വിശുദ്ധയൗസേഫും സകല മാലാഖമാരും വിശുദ്ധരും എത്തുന്നുണ്ട്.

'എപ്പോഴെത്തുമോ എന്തോ?'[2] എന്ന കഥയിൽ ശവസംസ്കാരവേളകളിൽകരയാൻപോലും ആളുകളെ ഏർപ്പാടാക്കുന്നതുവരെ നമ്മുടെ സംസ്കാരം എത്തിനിൽക്കുന്നതായി കാണിക്കുകയാണ്. ദൃശ്യങ്ങൾ വീഡിയോയിൽ പകർത്തുമ്പോൾ പ്രധാനികളായ പുരോഹിതരെ വിട്ടുകളയുന്നു. തങ്ങൾ അത്തരക്കാരല്ലെന്നു പറഞ്ഞു ഒഴിയുന്ന പുരോഹിതൻ തനിക്കു പകരം ചേർക്കാൻ എത്രയോ പകർപ്പുകൾ ഉണ്ടെന്ന കാര്യം വിസ്മരിക്കുന്നു. എന്തും വാടകയ്ക്കെടുക്കുകയും കരാറടിസ്ഥാനത്തിലേല്പിച്ചു കൊടുക്കുകയും ചെയ്യുന്ന സംസ്കാരത്തെ വിമർശിക്കുകയാണീ കഥയിൽ. പ്രാർത്ഥനക്കായി പണം കൊടുത്തേൽപ്പിക്കുന്ന രീതി ക്രിസ്ത്യൻ സമുദായത്തിലുണ്ട്.

കെ.എൻ. സെബാസ്റ്റ്യന്റെ 'ബാബേൽ'[3] എന്ന കഥയിൽ ബൈബിൾ കഥയെ വിമർശനാത്മകമായിട്ടാണ് അവതരിപ്പിച്ചിരിക്കുന്നത്. കഥാനായകൻ താൻ പണികഴിപ്പിച്ച ബംഗ്ലാവിന് ബാബേൽ എന്ന പേരുനൽകി ദൈവത്തെ വെല്ലുവിളിക്കുന്നു. വിമോചന ദൈവശാസ്ത്രത്തിന്റെ സ്വാധീനം ഈ കഥയിലുണ്ട്.

1. സി.വി. ബാലകൃഷ്ണൻ: *ഭവഭയം*, പുറം 50.
2. ടി.വി.കൊച്ചുബാവ: *എപ്പോഴെത്തുമോ എന്തോ?*, പുറം 15.
3. കെ.എൻ.സെബാസ്റ്റ്യൻ: ബാബേൽ, *രാത്രികളുടെ രാത്രി*, പുറം 60.

പി. സുരേന്ദ്രന്റെ 'രണ്ടാം മരണം'[1] സൈമൺ മുതലാളിയെ ആശ്രയിച്ചു നില്ക്കേണ്ടി വരുന്ന നിരപരാധിയായ മനുഷ്യന്റെ കഥയാണ്. സൈമൺ മുതലാളി യുടെ ഗുണ്ടാസംഘത്തിൽ ഇയാളെചേർത്ത പള്ളിയിലച്ചനിലൂടെ വൈദികരെ വിമർശി ക്കുന്നുണ്ട് ഈ കഥയിൽ. ക്രിസ്തുവിന്റെ സഭയിലെ തിരഞ്ഞെടുക്കപ്പെട്ടവരായ വൈദി കർതന്നെ ക്രിസ്തുവചനത്തെ ദുരുപയോഗപ്പെടുത്തുന്നതിനെയും അപലപിക്കുന്നു ണ്ട്. നിലനിൽപ്പിനുവേണ്ടി വൈദികർപോലും അനീതിക്കെതിരെ ശബ്ദമുയർത്താതി രിക്കുന്നതും ശ്രദ്ധിക്കപ്പെട്ടിരിക്കുന്നു.

ബാബു കുഴിമറ്റത്തിന്റെ 'അവൾ മഹിതയാം ബാബിലോൺ'[2] ബൈബിൾ പഴ യനിയമത്തിലെ ബാബിലോണിന്റെ അധഃപതനം എന്ന ഭാഗത്തെ ആശയം ഉൾക്കൊ ണ്ടുകൊണ്ടെഴുതിയ കഥയാണ്. ക്രൈസ്തവ സഭകളിലെ അനീതികളെയും, കൊള്ള രുതായ്മകളെയുമാണ് ബൈബിൾ കഥയുടെ പശ്ചാത്തലത്തിൽ വിമർശനാത്മകമായി അവതരിപ്പിച്ചിരിക്കുന്നത്. ബൈബിളിലെ ഭാഷാ ശൈലിയും, ബൈബിൾ വാക്യങ്ങ ളും, പുതിയ കഥാസന്ദർഭത്തിൽ സമകാലികമായും, സാർവ്വകാലികമായും സഭയു മായി ബന്ധിപ്പിച്ച് വിമർശനാത്മകചിന്തയോടെ ഈ കഥയിൽ അവതരിപ്പിക്കുന്നു.

വിതക്കാരന്റെ ഉപമയെ ആധുനികശിഷ്യനും ഗുരുവും എങ്ങനെ അവതരിപ്പിക്കും എന്നു കാണിച്ചുതരുന്ന കഥയാണ് ഗ്രേസിയുടെ 'വിതയ്ക്കുന്നവന്റെ ഉപമ.'[3] മനുഷ്യ ജീവിതത്തിന്റെയും, കുടുംബ ജീവിതത്തിലെ ക്രമക്കേടുകളുടെയും, സമൂഹത്തിലെ മൂല്യച്യുതിയുടെയും ചിത്രമാണ് ഈ കഥയിലുള്ളത്. ബൈബിൾ കഥയേയും കഥാ പാത്രങ്ങളേയും ആധുനീകരിച്ചുകൊണ്ട് ആക്ഷേപഹാസ്യ ശൈലിയാണ് ഈ കഥ നിർമ്മിച്ചിരിക്കുന്നത്.

---

1. നൗഷാദ് (എഡി): രണ്ടാം മരണം, *തിരുവെഴുത്തുകൾ*, പുറം 99.
2. നൗഷാദ് (എഡി): അവൾ മഹതിയാം ബാബിലോൺ, *തിരുവെഴുത്തുകൾ*, പുറം 138.
3. നൗഷാദ് (എഡി): വിതയ്ക്കുന്നവന്റെ ഉപമ, *തിരുവെഴുത്തുകൾ*, പുറം 177.

മറ്റുള്ളവരെ ഉപദേശിച്ച് നന്നാക്കാൻ നോക്കുകയും സ്വന്തംകാര്യം വരുമ്പോൾ നേരെ വിപരീതമായി പ്രവർത്തിക്കുകയും ചെയ്യുന്ന'ഉപദേശി'കളുടെ കഥയാണ് 'ബൈബിൾ.'[1] വൃദ്ധൻ ഏല്പിച്ചുപോയ വാസുവിനെ ഉപദേശി 'കാർളോസാക്കി' മാറ്റി തന്റെ അയൽക്കാരനുമായി വഴക്കിടുന്ന ഉപദേശിയോട് 'മരണാനന്തരമുള്ള ഉപദേശി യുടെ ജീവിതത്തെപ്പറ്റി ചിന്തിക്കാറില്ലേ?' എന്ന വൃദ്ധന്റെ ചോദ്യം ഉപദേശികളുടെ പൊള്ളത്തരം വെളിപ്പെടുത്തുന്നു.

ഇ.എം.കോവൂരിന്റെ കൃതികളിൽ പൊതുവേ ബൈബിളിന്റേയും ക്രൈസ്തവാ ചാരങ്ങളുടെയും സ്വാധീനം പ്രകടമായി കാണാം. തിരുവിതാംകൂറിലെ ക്രിസ്ത്യാനി കളുടെ ജീവിതമാണധികവും ചിത്രീകരിച്ചിരിക്കുന്നത്. ക്രിസ്ത്യാനികളുടെ ധനാർജ്ജ നാസക്തിയും, നഷ്ടപ്പെട്ടുപോയ ക്രൈസ്തവമൂല്യങ്ങളും ഈ കഥകളിൽ പരമാർശി ക്കപ്പെടുന്നു. 'നീ മണ്ണാകുന്നു'[2] എന്ന കഥയിൽ ജീവിച്ചിരുന്നപ്പോൾ ആരും തിരി ഞ്ഞുനോക്കാനില്ലാതിരുന്ന ദരിദ്രന്റെ കഥപറയുന്നു. മരണശേഷം ആ മനുഷ്യന്റെ പേര് ക്രിസ്ത്യാനിയുടെ പേരായിരുന്നതിനാൽ ശവസംസ്കാരചടങ്ങു ഗംഭീരമാക്കാൻ പലരും സഹായിക്കുന്നു. തങ്ങൾ ചെയ്ത കാര്യങ്ങളെക്കുറിച്ച് പൊങ്ങച്ചം പറഞ്ഞ് അവർ സ്വയം നിർവൃതി നേടുന്നു. ക്രിസ്തുവിന്റെ ഉപദേശം അവരവരുടെ ഇഷ്ടത്തിന് വളച്ചൊടിക്കുന്നവരെ വിമർശിക്കുകയാണിവിടെ.

മതപരിവർത്തനലക്ഷ്യത്തോടെ പ്രവർത്തിച്ചിരുന്ന ക്രൈസ്തവ സമൂഹത്തെ വിമർശിച്ചുകൊണ്ട് മുട്ടത്തുവർക്കി എഴുതിയ കഥയാണ് 'എല്ലാം കാണുന്ന ദൈവം.'[3] പരോപകാരത്തിന്റെ പിന്നിൽപ്പോലും മതപരിവർത്തന ചിന്തവഹിക്കുന്നവരെ കഥാ പാത്രങ്ങളാക്കിയിരിക്കുന്നു.

---

1. പൊൻകുന്നം വർക്കി: *തെരഞ്ഞെടുത്തകഥകൾ,* പുറം 50.
2. ഇ.എം.കോവൂർ: *തെരഞ്ഞെടുത്ത കഥകൾ*, 1960.
3. മുട്ടത്തുവർക്കി: *തിരഞ്ഞെടുത്ത കഥകൾ*, പുറം 311.

ജോസഫ് കർത്താവിന്റെ നിർദ്ദേശമനുസരിച്ച് ഹേറോദേസിൽനിന്നും യേശുവിനെ രക്ഷിക്കാനായി മറിയത്തോടൊപ്പം ഈജിപ്തിലേക്ക് പലായനം ചെയ്യുന്നുണ്ട്. ആനുകാലികമായ ഒരു സംഭവത്തിന് ഈ ബൈബിൾ കഥയുടെ പശ്ചാത്തലത്തിൽ അർത്ഥം കണ്ടെത്താൻ ശ്രമിക്കുകയാണ് 'യോസേഫും കഴുതയുമില്ലാതെ'[1]എന്ന കഥയിൽ ഫാസിൽ. കഥാനാമം സൂചിപ്പിക്കുന്നതുപോലെ കഥയിൽ അമ്മയായ ഹന്നയും മകനുമാണുള്ളത്. ജോസഫും കഴുതയുമില്ല. മകനുമൊത്ത് യാത്രതിരിക്കുന്ന ഹന്നയുടെ മനസിൽ കന്യകയുടെ പുത്രനായ യേശുവിനെക്കുറിച്ചുള്ള ചിന്തകൾ കടന്നുവരുന്നുണ്ട്. യേശുവിനെ സന്ദർശിക്കാനെത്തിയ ജ്ഞാനികളെക്കുറിച്ചും, യേശുവിന്റെ ജീവിതത്തിൽ അനുഭവിക്കേണ്ടിവന്ന കഷ്ടതകളെക്കുറിച്ചും ഹന്ന ചിന്തിക്കുന്നു. യേശുവിനാൽ മഹത്വീകരിക്കപ്പെട്ട മറിയത്തെപ്പോലെ താനും ഒരിക്കൽ മഹത്വീകരിക്കപ്പെടും എന്ന് ഹന്ന ചിന്തിക്കുന്നു. കന്യകയുടെ മകനായി പിറന്ന യേശു എന്തുനേടി എന്ന ചോദ്യവും കഥാകൃത്ത് ഉന്നയിക്കുന്നുണ്ട്.

"പത്രോസേ, എന്നോടു ക്ഷമിക്ക"[2] എന്ന കഥയിൽ കഥാപാത്രമായ കാനാത്ത് തന്റെ തോട്ടക്കാരൻ പത്രോസിന്റെ മകനെ ശുശ്രൂഷിക്കാൻ സന്മനസ്സു കാട്ടിയ ഭാര്യ പാറുക്കുട്ടിയിൽ ദൈവമാതാവിനെ സന്ദർശിക്കുന്നു. തന്നിലെ തിന്മകൾ കഥാപാത്രം തിരിച്ചറിയുകയും ചെയ്യുന്നു.

കൂട്ടുകാരൻ പൗലോസ് ചെറുപ്പത്തിൽ വീരകഥാപാത്രമായവതരിപ്പിച്ച അപ്പാപ്പൻ. വർഷങ്ങൾക്കുശേഷം യേശുവിനെ സംഗീതത്തിലൂടെ സ്നേഹിക്കുന്ന ഫാദർ ജോസിന്റെ അടുക്കളയിൽ അപ്പാപ്പനെ കണ്ടുമുട്ടുന്നു. 'ഇരുമ്പുകൊണ്ടുള്ള ചെറിയ കുരിശ്'[3] കൈവശം വെച്ചാൽ ഏതു ദുർമന്ത്രത്തെയും, ദുഷ്ടശക്തിയെയും നേരിടാ

---

1. നൗഷാദ്, (എഡിറ്റർ): *യോസേഫും കഴുതയുമില്ലാതെ,* പുറം. 163
2. ഇ.എം. കോവൂർ: *തിരഞ്ഞെടുത്ത കഥകൾ,* (സാഹിത്യപ്രവർത്തക സഹകരണസംഘം, നാഷണൽ ബുക് സ്റ്റാൾ, 1965.
3. അശോകൻ ചരുവിൽ: *മരിച്ചവരുടെ കടൽ*, പു. 64

മെന്ന് അപ്പാപ്പൻ പേരക്കിടാവിനെ വിശ്വസിപ്പിച്ചിരുന്നു. സാധാരണക്കാർക്കിടയിൽ പ്രചാരത്തിലുള്ള മതപരമായ ഒരു വിശ്വാസത്തെ പ്രയോജനപ്പെടുത്തി നിർമ്മിച്ച കഥ യാണിത്. മനുഷ്യജീവിതത്തിന്റെ ഓരോ ഘട്ടത്തിലും അണിയേണ്ടിവരുന്ന വ്യത്യ സ്തങ്ങളായ വേഷങ്ങളെക്കുറിച്ചുള്ള ചിന്തയും കഥയിൽ കൂടികലർന്നിട്ടുണ്ട്.

തിരസ്കൃതന്റെ മനസ്സുമായി നടന്നുനീങ്ങുന്ന ആധുനിക മനുഷ്യനാണ് 'ദൈവം പോകുന്ന പാത'[1] യിലെ കഥാപാത്രം. ആ തിരസ്കൃതനെയും ദൈവമായി സ്വീകരി ക്കാൻ കാത്തുനിന്ന കുട്ടി. അംഗീകരിക്കപ്പെട്ട മനുഷ്യൻ തന്റെ ജീവിതത്തിന് അർത്ഥം കണ്ടെത്തുന്നു. നിരാശ്രയന് ആലംബമാകുന്ന ദൈവത്തെ ഈ കഥയിൽ കണ്ടെത്തുന്നു.

യേശുവിന്റെ മരണത്തിനു മുമ്പുള്ള ഒരമ്മയുടെ ചിന്തകൾ സാറാ ജോസഫ്, 'ബലിദാനം'[2] എന്ന കഥയിലൂടെ പറയുന്നു. യേശുവിന്റെ ജീവനുവേണ്ടി ഹെറോദോ സിന് കുഞ്ഞുങ്ങളെ ബലി നല്കിയ അമ്മമാരുടെ വിലാപം യേശുവിന്റെ അമ്മ മേരി യുടെ ചെവിയിലെത്തുന്നു. ഇനി മേരിയുടെ ബലിയാണെന്ന് സ്വയം പറയുന്നു. വർഷ ങ്ങൾക്കു മുമ്പു കഴിഞ്ഞുപോയ ബലിദാനത്തെ ഇന്നും മക്കളെ പല സാഹചര്യങ്ങളി ലൂടെയും ബലി നല്കി കൊണ്ടിരിക്കുന്ന അമ്മമാരുടെ ചിന്തകളിലൂടെ കാണാൻ ശ്ര മിക്കുകയാണീ കഥയിൽ.

ഉണ്ണിയേശുവിന്റെ ചിത്രങ്ങൾ വരയ്ക്കുന്ന രോഗിയായ കുട്ടിയാണ് 'ഉണ്ണിയേശു വിന്റെ ചിത്രങ്ങളിൽ.'[3] കുട്ടിയുടെ ഓപ്പറേഷൻ നടത്താൻ പണമില്ലാത്തതിനാൽ അച്ഛൻ തോമസുകുട്ടി ധ്യാനകേന്ദ്രമായ പോട്ടയിൽ പോയി പ്രാർത്ഥിക്കാൻ തീരുമാനിക്കുന്നു. പ്രാർത്ഥനയിലൂടെ രോഗശാന്തി ലഭിക്കുമെന്ന വിശ്വാസത്തെ അടിസ്ഥാനമാക്കി രചിച്ച ഒരു കഥയാണിത്.

---

1. സി.വി. ബാലകൃഷ്ണൻ: *ഭവഭയം*, പു. 7
2. സാറാ ജോസഫ്: *ബലിദാനം*, പു. 67
3. അശോകൻ ചരുവിൽ: *ഒരു രാത്രിക്ക് ഒരു പകൽ*, പു. 55

പറക്കുന്ന നാലു മാലാഖമാരുടെ ചിത്രം വരയ്ക്കാൻ ശ്രമിക്കുകയാണ് മില്യംസ് അച്ചൻ. പ്രതികൂല സാഹചര്യങ്ങളെ അതിജീവിച്ച് തന്റെ കലാസൃഷ്ടി പൂർത്തിയാക്കാൻ അച്ചൻ പാടുപെടുന്നു. സങ്കല്പത്തിലുള്ള മാലാഖമാരെക്കാൾ ജീവിച്ചിരിക്കുന്ന മാലാഖമാരെ കാണിച്ചുതരികയാണ് കഥാകൃത്ത്. ഭർത്താവിന്റെ പൈശാചികതയോട് പൊരുതി ജീവിക്കുന്ന ഇവരാണ് ചിത്രീകരിക്കപ്പെടേണ്ട മാലാഖമാർ എന്ന ദർശനം ഈ കഥയിലുണ്ട്. ബൈബിൾ മിത്തിനെ പുനരാവിഷ്കരിച്ചിരിക്കുന്ന കഥയാണ് 'മാലാഖമാർ ചിറകു വീശുമ്പോൾ.'[1]

സംഗീത തല്പരനായ ഫാദർ ആൽബർട്ട് സംഗീതത്തിലൂടെ ക്രിസ്തുവിനെ കണ്ടെത്തുന്നു. സംഗീതാലാപനത്തിനെത്തുന്ന കരോളിന അച്ചന്റെ ഹൃദയത്തിൽ സ്ഥാനം നേടുന്നു. മെത്രാൻ ഉപരിപഠനാർത്ഥം അച്ചനെ ഇറ്റലിക്കയക്കുന്നു. തനിക്കു ചുറ്റും 'കൊച്ചു കൊച്ചു കുരിശുരൂപങ്ങൾ'[2] പാറിക്കളിക്കുന്നതായി അച്ചനു തോന്നുന്നു. സന്യാസജീവിതം തിരഞ്ഞെടുത്തവർ നേരിടേണ്ടി വരുന്ന വെല്ലുവിളികളെയാണ് ഈ കഥയിൽ കുരിശായി പ്രതീകവൽക്കരിച്ചിരിക്കുന്നത്. എൻ.എസ്. മാധവന്റെ 'എനിക്കുമാത്രം'[3] എന്ന കഥയിൽ ക്രിസ്തുമസ്സുമായി ബന്ധപ്പെട്ടതാണ്. യാഥാർത്ഥ്യങ്ങളുടെ ലോകത്ത് സ്വപ്നത്തിന് അർത്ഥമില്ലാതാവുമ്പോൾ നാല്പതു പകലുകളും നാല്പതു രാത്രികളും ഉപവസിച്ച ക്രിസ്തുവിനെപ്പോലെ തങ്ങളുടേതുമാത്രമായ ലോകത്തിലേയ്ക്കു പോകാൻ കൊതിക്കുന്ന മനുഷ്യമനസ്സുകളുടെ കഥയാണിത്. കഥാപാത്രങ്ങളുടെ മാനസികവിഷമതകളിൽ സാന്ത്വനമായാണ് ബൈബിൾ കടന്നുവരുന്നത്.

ആകാശവും ഭൂമിയും സൃഷ്ടിച്ച ദൈവത്തെക്കുറിച്ചുള്ള ചിന്തകളാണ് അയ്മനം ജോണിന്റെ 'ബൈബിൾ'[4] എന്ന കഥ. ഭൂമിയിൽ അദ്ധ്വാനിക്കുന്നവന് നന്മയും, ആകാ

1. സി.വി. ബാലകൃഷ്ണൻ: *കഥ*, പു. 80
2. ടി.പു. 122
3. നൗഷാദ് (എഡി.): 'എനിക്കു മാത്രം', *തിരുവെഴുത്തുകൾ*, പു. 81
4. ടി.പു. 81

ശവും നോക്കി അലസരായി കഴിഞ്ഞാൽ കുരിശും, മുൾക്കിരീടവും ലഭിക്കുമെന്ന് പറയുന്നു. ഈ ലോകജീവിതത്തിലെ ചില സത്യങ്ങളെ തുറന്നുപറയാൻ ബൈബിൾ ദർശനങ്ങളെ കൂട്ടുപിടിച്ചിരിക്കുന്നു.

ദേശാധികാരിയായ പോന്തിയോസ് പീലാത്തോസിന്റെ അരമനയിൽ യേശുവിനെ വിചാരണ ചെയ്യാനായി കൊണ്ടുവന്നപ്പോൾ 'ക്രൂശിക്കുക' എന്നു വിളിച്ചുപറഞ്ഞത് ജൂതന്മാരാണ്. ജൂതന്മാരെ പാപികളായിട്ടാണ് പലരും കാണുന്നത്. ഇത്തരം മനോ ഭാവം പുലർത്തിയ ഒരു മുത്തശ്ശി തന്റെ പേരക്കുട്ടിയുടെ മനസ്സിലും ജൂതന്മാർ പാപി കളാണെന്ന ചിന്ത വളർത്തുന്നു. പെൺകുട്ടിയുടെ ജീവിതത്തെതന്നെ തകർക്കാൻ ഈ മുൻവിധി ഇടയാക്കിയ കഥയാണ് ജോർജ്ജ് ജോസഫ്.കെ. 'എക്സ് വൈ'[1]യിൽ പറയുന്നത്. യേശുവിന്റെ കുരിശുമരണത്തെക്കുറിച്ചുള്ള ദർശനങ്ങളാണ് ഈ കഥ യുടെ രൂപീകരണത്തിന് പ്രേരകമായിത്തീർന്നിരിക്കുന്നത്.

വിശുദ്ധ മത്തായി എഴുതിയ സുവിശേഷത്തിലെ ഇരുപത്തഞ്ചാം അധ്യായത്തിൽ പറയുന്ന പത്തുകന്യകമാരുടെ ഉപമ പ്രതീകാത്മകമായി ഉപയോഗിച്ചിരിക്കുന്ന കഥ യാണ് കെ.എ. സെബാസ്റ്റ്യന്റെ 'പത്തു കന്യകമാർ.'[2] മരണാസന്നയായ സിസ്റ്റർ തെക്ല യുടെ അവ്യക്തമായ ഓർമ്മകളാണീ കഥയിൽ ഉള്ളത്.

തന്റെ മുറി നിറയെ പുണ്യവാളന്മാരുടെ രൂപം വാങ്ങി നിറച്ച അമ്മൂമ്മയുടെ കഥയാണ് 'സ്വർഗ്ഗാരോഹണം.'[3] പിണക്കം മാറിയ അപ്പൂപ്പനും, അമ്മൂമ്മയും തങ്ങ ളുടെ അപ്പനും സ്വർഗ്ഗാരോഹണം ചെയ്തുവെന്ന് കൊച്ചുമക്കളോട് മലാഖ പറയു ന്നു. ഏന്തിനോക്കുന്ന പേരക്കുട്ടികൾ അമ്മൂമ്മയുടെ മുറിയുടെ സ്ഥാനത്ത് ഒരുഗർത്ത

---

1. ജോർജ് ജോസഫ്.കെ: *എക്സ്വൈ*, പുറം 88.
2. കെ.എ.സെബാസ്റ്റ്യൻ: പത്തുകന്യകമാർ, *രാത്രികളുടെ രാത്രി,* പുറം 26.
3. ടി.വി.കൊച്ചുവാവ: *വീടിപ്പോൾ നിശ്ശബ്ദമാണ്,* പുറം 4.

മാണ് കാണുന്നത്. യേശുവിന്റെ സ്വർഗ്ഗാരോഹണത്തെ അനുസ്മരിപ്പിക്കുന്ന ദർശ നമാണിതിലുള്ളത്.

തകഴി ശിവശങ്കപ്പിള്ളയുടെ 'മാത്തന്റെ കഥ'[1]യിൽ എപ്പോഴും പ്രാർത്ഥനയും പല്ളിയുമായി നടക്കുന്ന ചാക്കോച്ചന്റെ വൈകൃതം നിറഞ്ഞ മറ്റൊരുവശം കാണിച്ചു തരികയാണ് തകഴി. കപടത നിറഞ്ഞ ദൈവഭക്തി കഥയിൽ വന്നിരിക്കുന്നു.

മനസ്സാക്ഷിയില്ലാത്ത മതപുരോഹിതരും, മതനിയമങ്ങളും ആണ് 'കൊച്ചുവറീതിന്റെ ബൈബിളി'[2]ലുള്ളത്. മരണമടഞ്ഞ ഇരട്ടക്കുട്ടികളെ സംസ്കരിക്കാൻ പള്ളിയിലെത്തുന്ന കൊച്ചുവറീതിനോട് രണ്ടുകുട്ടികളെയും സംസ്കരിക്കാനുള്ള പണം ആവശ്യപ്പെടുന്നു. ഒരാൾക്കുള്ള പണം മാത്രം കരുതിയ വറീത് ബൈബിൾ അയൽക്കാരന് അഞ്ചുരൂപയ്ക്കു നല്കി പണം തികയ്ക്കുന്നു. 'അവർ ഭൂമിയിൽ കെട്ടിയതെല്ലാം സ്വർഗ്ഗത്തിലും കെട്ടപ്പെടും' എന്ന ബൈബിൾ വാക്യത്തിന്റെ അർത്ഥമെന്തെന്ന് ചോദിച്ചാണ് ഉറൂബ് കഥയവസാനിപ്പിക്കുന്നത്.

പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് ഇവർ മൂവരും ചേർന്നതാണ് ദൈവം എന്നാണ് ക്രിസ്തുമതവിശ്വാസം. 'സ്വർഗ്ഗരാജ്യ'[3]ത്തിൽ ഇവർ മൂവരും മരണാനന്തരം മനുഷ്യരുടെ വിധികല്പിക്കുന്ന കഥയാണ്. ക്രൈസ്തവപ്രതിനിധിയായ ഇരുളുടുപ്പുധാരി അക്രൈസ്തവരുടെ മേൽ കുറ്റം വിധിച്ച് ഓരോരുത്തരെയായി ഹാജരാക്കുന്നു. ദൈവമാകട്ടെ അവരിലെ നന്മകണ്ടെത്തുന്നു. ക്രിസ്ത്യാനികളാൽ വീണ്ടും ക്രൂശിക്കപ്പെടുന്ന ക്രിസ്തുവിന്റെ ചിത്രമാണിവിടെയുള്ളത്.

---

1. തകഴി: *വെള്ളപ്പൊക്കത്തിലും മറ്റു പ്രധാന കഥകളും*, 2003.
2. *ഉറൂബിന്റെ തിരഞ്ഞെടുത്ത കഥകൾ*,പുറം 335.
3. പി.കേശവദേവ്: *തിരഞ്ഞെടുത്ത കഥകൾ*, പുറം 384.

ഇന്നത്തെ ലോകത്തിൽ കാണുന്ന പല നഗ്നസത്യങ്ങളും മറനീക്കി കാണിക്കുകയാണ് 'തെറിയൻ തോമ'[1]യിൽ. ബൈബിൾ വാക്യങ്ങൾ ഉദ്ധരിച്ച് തോമ്മാ ആരുടെയും മുഖം നോക്കാതെ സത്യങ്ങൾ വിളിച്ചുപറയുന്നു.

പെന്തക്കോസ്തു സഭയിലെ പ്രവർത്തകരായിരുന്നു 'സഹോദരി ഏലിയാമ്മയും സഹോദരി സാറാമ്മയും.'[2] ഇവരുടെ ജീവിതത്തിലെ ഒരു ചെറിയ സംഭവത്തെ വിമർശനബുദ്ധ്യാ അവതരിപ്പിച്ചിരിക്കുന്നു. പരസ്പരം സംശയിക്കുകയും, തെറ്റിദ്ധാരണകൾ വച്ചുപുലർത്തുകയുമാണിവർ. പ്രാർത്ഥനാരീതിയെയും, ജീവിതത്തെയും പരിഹാസപൂർവ്വം അവതരിപ്പിക്കുകയാണീ കഥയിൽ.

ക്രിസ്തുവിന് വഴിയൊരുക്കാൻ വന്ന സ്നാപകയോഹന്നാൻ എന്ന ബൈബിൾ പരാമർശിത കഥാപാത്രത്തിന്റെ അപരനാണ് കാക്കനാടന്റെ 'പ്രവാചകൻ.'[3] സ്നാപകയോഹന്നാന്റെ രൂപഭാവങ്ങളോടെ അവതരിപ്പിക്കപ്പെടുന്ന കഥാപാത്രം ഉരുവിടുന്നതെല്ലാം ബൈബിൾ സംഭവങ്ങളും, ബൈബിൾ വാക്യങ്ങളുമാണ്. ബൈബിളിൽ പറയുന്നതിൽനിന്നും വ്യത്യസ്തമായ ആക്ഷേപാർത്ഥത്തിലാണ് ബൈബിൾ ദർശനത്തെ ഉപയോഗിച്ചിരിക്കുന്നത്.

ബൈബിളിലെ ഉപമകളും, ഭാഷയും കല്പനകളുമെല്ലാം പുതിയസാഹിത്യസൃഷ്ടികൾക്ക് സഹായകമായിത്തീർന്നിരിക്കുന്നു. മതഗ്രന്ഥമെന്നതിലുപരി ഒരു കലാസൃഷ്ടിയാണ് ബൈബിൾ. പീഡിതനായ ഓരോ മനുഷ്യനിലും ക്രിസ്തുവിന്റെ ക്ഷമാപൂർവ്വമായ സഹനത്തിന്റെ ഛായയുണ്ട്. മലയാള സാഹിത്യകാരന്മാർ തങ്ങളുടെ ഭാവനയ്ക്കനുയോജ്യമായി ബൈബിൾ രൂപപ്പെടുത്തിയിട്ടുണ്ട്. ക്രിസ്തുവിനെ പുകഴ്ത്തിപാടുന്ന മഹാഗാഥകളിൽനിന്ന് തുടങ്ങി കഥയിലും, കവിതയിലും, നോവലിലുമായി ബൈബിളിന്റെ സ്വാധീനം വ്യാപിച്ചിരിക്കുന്നു.

---

1. മുട്ടത്തുവർക്കി: *തെരഞ്ഞെടുത്ത കഥകൾ*, 1965.
1. ഇ.എം.കോവൂർ: *തിരഞ്ഞെടുത്തകഥകൾ*, 1965
2. കാക്കനാടൻ: *കാക്കനാടന്റെ കഥകൾ*, പുറം 124.

സമൂഹത്തിൽ കാണുന്ന സമകാലികമായ പലസംഭവങ്ങളുമായി ബൈബിൾ കഥകളെ ബന്ധിപ്പിച്ചുകൊണ്ട് അവതരിപ്പിച്ചിട്ടുണ്ട്. ക്രിസ്തു പറഞ്ഞ ഉപമകൾക്കും, പ്രബോധനങ്ങൾക്കും പുതിയ അർത്ഥങ്ങൾ കണ്ടെത്താൻ സാഹിത്യകാരന്മാർക്ക് കഴിഞ്ഞിട്ടുണ്ട്.

ബൈബിൾ സ്വാധീനത്തിനു വിധേയമായ നോവലുകളെയും കഥകളെയും അപഗ്രഥിക്കുമ്പോൾ സ്വാധീനത്തിന്റെ ഭിന്നരീതികളാണ് നമുക്കു കണ്ടെത്താനാവുന്നത്. ക്രൈസ്തവജീവിതത്തെയും ക്രൈസ്തവ കുടുംബകഥകളെയും പരാമർശിക്കുന്ന നിരവധി കഥകളുണ്ട്. അവയിലെ ബൈബിൾ സ്വാധീനം പലപ്പോഴും ഉപരിപ്ലവമാണ്. ഇതിവൃത്ത ഘടനയ്ക്കും കഥാസന്ദർഭങ്ങൾക്കും സ്വാഭാവികത കൈവരുത്താൻ നടത്തുന്ന ബൈബിൾ പരാമർശങ്ങൾ മാത്രമേ അവയിൽ കാണാനാകൂ. സഭയെയും സഭയുടെ നിയമങ്ങളെയും വിമർശനവിധേയമാക്കുമ്പോഴും കഥാകൃത്തുക്കൾ ബൈബിൾ സന്ദർഭങ്ങളിൽ വ്യാപൃതരാകാറുണ്ട്. ആഴത്തിലുള്ള ബൈബിൾ സ്വാധീനം അനുഭവപ്പെടുന്നത് സമകാലിക ജീവിതാവസ്ഥകളെ ആവിഷ്ക്കരിക്കാൻ ബൈബിളിലെ സന്ദർഭങ്ങളെയും കഥാപാത്രങ്ങളെയും അവരുടെ അനുഭവങ്ങളെയും ഉപയുക്തമാക്കുമ്പോഴാണ് സക്കറിയയുടെ കഥകളിലേറെയും ഈ പ്രവണതയാണ് പ്രകടമാവുന്നത്. ബൈബിളിലെ കഥാസന്ദർഭങ്ങളെയും കഥാപാത്രങ്ങളുടെ അനുഭവങ്ങളെയും ദർശനങ്ങളെയുമൊക്കെ സൂക്ഷ്മമായി തന്റെ കഥാലോകത്തിലേയ്ക്കാവാഹിക്കാൻ സക്കറിയ്ക്ക് കഴിയുന്നുണ്ട്. ഈ സ്വാധീനത്തിന്റെ ഭിന്നവശങ്ങളെ ഇനി വരുന്ന അധ്യായങ്ങളിൽ അപഗ്രഥിക്കും.

## അധ്യായം രണ്ട്

## ബൈബിൾ സ്വാധീനം സക്കറിയയുടെ കഥകളിൽ

കുട്ടിക്കാലത്തുതന്നെ സാഹിത്യകൃതികൾ വായിക്കുന്നതിൽ സക്കറിയ താല്പര്യം കാണിച്ചിരുന്നു. തകഴി, ബഷീർ, വർക്കി, കാരൂർ എന്നിവരുടെ കഥകൾ വായിച്ചു വളർന്ന സക്കറിയ ഹൈസ്കൂളിൽ പഠിക്കുമ്പോൾതന്നെ കഥകളെഴുതി തുടങ്ങിയിരുന്നു. സക്കറിയയുടെ ആദ്യകഥയാണ് 'ഉണ്ണിയെന്ന കുട്ടി' (1964)[1]. 'ഒരിടത്ത്'[2] എന്ന കഥയിലൂടെ ആയിരത്തിതൊള്ളായിരത്തി എഴുപതുകളിലാണ് സക്കറിയ സാഹിത്യരംഗത്തേക്ക് സജീവമായി കടന്നുവന്നത്. ഒരെഴുത്തുകാരന്റെ ജീവിത സാഹചര്യങ്ങളും, സാമൂഹ്യബന്ധങ്ങളും അയാളുടെ രചനകളിൽ സ്വാധീനം ചെലുത്താറുണ്ട്. അയാൾക്കു പരിചിതമായ പ്രദേശവും അവിടുത്തെ മനുഷ്യരും രചനകളിലെ പശ്ചാത്തലവും കഥാപാത്രങ്ങളുമായി മാറാറുണ്ട്.

കുട്ടനാട്ടിൽ ജീവിതം ചിലവഴിച്ച തകഴിയുടെ കഥകളിൽ ആ നാട്ടിലെ മനുഷ്യരും, അവരുടെ ജീവിതവും കടന്നുവന്നിരിക്കുന്നു. ഇസ്ലാം മതവിശ്വാസിയായ ബഷീറിന്റെ കഥകളിൽ തന്റെ സമുദായവുമായി ബന്ധപ്പെട്ട വിഷയങ്ങൾ കടന്നുവന്നിരിക്കുന്നു. ക്രിസ്ത്യൻ സമുദായത്തിൽ ജനിച്ചുവളർന്ന സക്കറിയയെ താൻ ജനിച്ചു വളർന്ന ചുറ്റുപാടുകളും, മതവിശ്വാസവും, ആചാരങ്ങളും സ്വാഭാവികമായും സ്വാധീ

---

1. മണർകാടു മാത്യു: എനിക്കുലാഭം ആത്മസംതൃപ്തി മാത്രം, *സംസ്കാരികവികാരം സാഹിത്യ മാസിക*, സക്കറിയ പതിപ്പ്, പുസ്തകം 1, ലക്കം 8, ഏപ്രിൽ 2003, പുറം 49.
2. സക്കറിയ: *ഒരിടത്ത്*, പുറം 98.

നിച്ചിട്ടുണ്ട്. അറിഞ്ഞും അറിയാതെയും സക്കറിയയുടെ കൃതികളിൽ ബൈബിൾ സ്വാധീനം ചെലുത്തിയിട്ടുണ്ട്.

**2.1. ബൈബിൾ സ്വാധീനം സക്കറിയയുടെ കഥകളുടെ പ്രമേയത്തിൽ**

തനതായ ഭാഷാശൈലിയും, കഥാകഥന രീതിയും സ്വീകിരിച്ചിട്ടുള്ള സക്കറിയ യുടെ കഥകളിൽ ബൈബിൾ പ്രമേയം ആവർത്തിച്ചു കടന്നുവരുന്നുണ്ട്. “ദൈവശാസ്ത്രമുള്ളത് എന്തിനും നല്ലതാണ്. മനുഷ്യന്റെ ഭാവനയുടെ ആധാരവും ആരംഭബിന്ദുവും ദൈവമാണ് എന്നെനിക്കു തോന്നുന്നു. ദൈവത്തേക്കാൾ അതിശയകരമായ മറ്റേത് കഥയാണ് മനുഷ്യൻ നിർമ്മിച്ചിരിക്കുന്നത്?”[1] എന്നു പറയുന്ന സക്കറിയ തന്റെ കഥകളിൽ ക്രൈസ്തവ മതസംബന്ധമായ പ്രമേയങ്ങൾ ഉപയോഗിക്കുന്നുണ്ട്. ആക്ഷേപഹാസ്യ സ്വഭാവമുള്ളവ, പാരഡി സ്വഭാവമുള്ളവ, സഭയുടെ പ്രബോധനങ്ങൾ പരാമർശിച്ചുകൊണ്ടുള്ളവ, ദിവ്യബലിയുടെയും, പ്രാർത്ഥനയുടെയും ഭാഗങ്ങൾ കടന്നുവന്നിട്ടുള്ളവ, ബൈബിൾ മിത്തുകളെ പ്രയോജനപ്പെടുത്തിക്കൊണ്ടുള്ളവ, ബൈബിൾ പരാമർശിതസംഭവങ്ങളുടെ വെളിച്ചത്തിൽ രൂപപ്പെടുത്തിയവ എന്നിങ്ങനെ ബൈബിൾ സ്വാധീനമുള്ള സക്കറിയയുടെ കഥകളുടെ പ്രമേയത്തെ വിശദമാക്കുകയാണീ ഭാഗത്ത്.

**2.2. ബൈബിൾ പ്രമേയം: ആക്ഷേപഹാസ്യ കഥകളിൽ**

ബൈബിൾ പ്രമേയങ്ങളെ ആക്ഷേപഹാസ്യാത്മകമായി സക്കറിയ കൈകാര്യം ചെയ്തിട്ടുണ്ട്. ബൈബിളിൽ, പാപബോധം ശാരീരിക പ്രലോഭനങ്ങളുമായി ബന്ധപ്പെട്ടാണ് അവതരിപ്പിക്കുന്നത്. തിരുസ്സഭാപഠനങ്ങൾ ശുദ്ധതയ്ക്കെതിരായ പാപത്തിന് അമിത ശിക്ഷ നല്കിക്കൊണ്ട് വിശ്വാസികൾക്കിടയിൽ വലിയ ഭീതിയും ആധിയും സൃഷ്ടിക്കാറുണ്ട്. ക്രിസ്തുമത വിശ്വാസികളായവർ കുട്ടികളെ സ്കൂളിൽ അയക്കുന്ന

1. സക്കറിയ: കഥയും നമ്മളും, *കലാകൗമുദി* (ലക്കം 855, ഫെബ്രുവരി 2, 1992) പുറം 29.

തോടൊപ്പം മതപഠനത്തിനായി വേദപാഠക്ലാസ്സുകളിലും അയക്കുന്നു. ക്രിസ്ത്യൻ സഭയുമായി ബന്ധപ്പെട്ടു നിൽക്കുന്ന വിഷയങ്ങൾ കുട്ടികൾ വേദപാഠക്ലാസ്സിൽവെച്ചു പഠിക്കുന്നു. ആത്മഹത്യ ചെയ്യുന്നവർക്ക് ലഭിക്കുന്ന ഭീമമായ ശിക്ഷ നരകാഗ്നിയാണെന്ന ധാരണ വിശ്വാസികളിൽ സഭ ഉണ്ടാക്കിയിട്ടുണ്ട്. മനുഷ്യർ ചെയ്യുന്ന പാപങ്ങൾക്ക് ശിക്ഷയായി പാപദോഷവും തെറ്റുകൾ മനഃപൂർവ്വം ചെയ്താൽ ചാവുദോഷവും ലഭിക്കുമെന്നാണ് സഭ പഠിപ്പിക്കുന്നത്. കന്യകാത്വസംരക്ഷണത്തിനായി നിലകൊണ്ട വിശുദ്ധമറിയാഗൊരേത്തി, ആവിലായിലെ വിശുദ്ധ ത്രേസ്യാ, വിശുദ്ധ അക്വിനാസ് പുണ്യവാളൻ തുടങ്ങിവരുടെ ജീവിതകഥ കുട്ടികളെ ചെറുതായിരിക്കുമ്പോൾ തന്നെ പറഞ്ഞു പഠിപ്പിക്കുന്നു. പാപങ്ങൾക്ക് മോചനം ലഭിക്കണമെങ്കിൽ 'കുമ്പസാരിക്കണ'മെന്ന വിശ്വാസവും ക്രിസ്ത്യാനികൾക്കുണ്ട്. സന്യാസജീവിതം തിരഞ്ഞെടുക്കണമെങ്കിൽ പ്രത്യേക 'ദൈവവിളി' ലഭിക്കേണ്ടതാണെന്നും സഭ പഠിപ്പിക്കുന്നുണ്ട്. ദൈവവിളി ക്യാമ്പുകൾ നടത്തി കുട്ടികൾക്ക് ഇവയെക്കുറിച്ചുള്ള ധാരണകൾ നല്കാറുണ്ട്. ക്രൈസ്തവ സഭയുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ സാധാരണക്കാർക്ക് പ്രവേശനം ലഭിക്കണമെങ്കിൽ മതമേധാവികളുടെ ശുപാർശകൾ ആവശ്യമാണ്. വിശ്വാസികൾ അവരുടെ കാര്യസാധ്യത്തിനായി പണം കൊടുത്ത് 'കുർബ്ബാന' ചൊല്ലിക്കാറുണ്ട്. വർഷംതോറും വാർഷിക ധ്യാനങ്ങൾ നടത്തി അധ്യാത്മിക കാര്യങ്ങളെക്കുറിച്ച് വിശ്വാസികളെ ബോധവാന്മാരാക്കുന്നു.

യുവതീയുവാക്കന്മാർക്ക് ശുദ്ധതയെക്കെതിരായുള്ള പാപപ്രവൃത്തികളെക്കുറിച്ച് പ്രത്യേകമായ ക്ലാസ്സുകൾ നല്കാറുണ്ട്. സഭ സദുദ്ദേശത്തോടെയാണ് ഈ പ്രവൃത്തികളെല്ലാം ചെയ്യുന്നതെങ്കിലും, അമിതമായ പാപബോധവും, ഉൽക്കണ്ഠയും വിശ്വാസികളിൽ സൃഷ്ടിക്കാനിടയാകുന്നുവെന്നാണ് സക്കറിയുടെ പക്ഷം. ക്രൈസ്തവസഭയുമായും ക്രൈസ്തവരുടെ മതവിശ്വാസങ്ങളുമായും ബന്ധപ്പെട്ടുനിൽക്കുന്ന ഇത്തരം

കാര്യങ്ങളെല്ലാം പ്രമേയമാക്കിക്കൊണ്ട് സക്കറിയ രൂപപ്പെടുത്തിയ കഥയാണ് "അശ്ലീലം വരുത്തിവെച്ച വിന- ഒരു ദുരന്തസംഭവം (പോംവഴി സഹിതം)"[1] 'ശാരീരികമായ സ്പർശനം' എന്ന ഒറ്റവാക്ക് ഏലിയാമ്മയിൽ ഉണ്ടാക്കിയ തെറ്റിദ്ധാരണകളാണ് കഥ യിൽ പരാമർശിക്കുന്നത്. ഈ തെറ്റിദ്ധാരണയ്ക്കുകാരണം ഏലിയാമ്മയുടെ മന സ്സിൽപതിഞ്ഞുകിടന്നിരുന്ന തെറ്റായ സങ്കല്പങ്ങളാണ്. വിശ്വാസികളുടെ ജീവിത ഗതി സഭാപഠനത്തിന്റെ തെറ്റായ പ്രവണതമൂലം എവിടെ ചെന്നെത്തുന്നുവെന്ന് സക്ക റിയ ആക്ഷേപഹാസ്യാത്മകമായി അവതരിപ്പിക്കുന്നു.

പണംകൊടുത്ത് ദൈവത്തെ പ്രസാദിപ്പിക്കുന്ന ബാലിശമായ പ്രവൃത്തിയെയും, മെത്രാന്മാരുടെ ശുപാർശയിലൂടെ കാര്യസാധ്യം നടത്തുന്നതിനേയും 'ലോലഹൃദ യർക്കുവേണ്ടി സന്തോഷപര്യവസായിയായ ഒരു പോംവഴി'യിൽ ഹാസ്യാത്മകമായി ചിത്രീകരിച്ചിരിക്കുന്നു. യേശുക്രിസ്തുവിന്റെ കുരിശുമരണത്തിനുശേഷമുള്ള സംഭ വങ്ങളെക്കുറിച്ച് കത്തോലിക്കാ തിരുസഭ പഠിപ്പിക്കുന്നുണ്ട്. യേശുക്രിസ്തു തന്റെ മരണശേഷം മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റു. നാല്പതുദിവസം തന്റെ ശിഷ്യന്മാ രോടൊപ്പം ചിലവഴിച്ചു. പിന്നീട് തന്റെ അമ്മയും ശിഷ്യന്മാരും കണ്ടുകൊണ്ടു നിൽക്കു മ്പോൾ സ്വർഗ്ഗത്തിലേക്ക് തന്റെ പിതാവിന്റെ പക്കലേക്ക് ആരോഹണം ചെയ്തു. എന്നാണ് ബൈബിളിൽ പറയുന്നത്. മരണശേഷം സ്വർഗ്ഗത്തിൽ അനന്തജീവൻ ലഭ്യ മാകുമെന്നുള്ളതും കത്തോലിക്കാതിരുസഭ ക്രൈസ്തവരെ പഠിപ്പിക്കുന്നുണ്ട്. സഭ യുടെ ഈ കാഴ്ചപ്പാടുകളെ 'ഒരു സുന്ദരസന്ധ്യയിൽ'[2] എന്ന കഥയുടെ പ്രമേയ ത്തിൽ സാന്ദർഭികമായി ആക്ഷേപഹാസ്യമാതൃകയിൽ ഉപയോഗിച്ചിരിക്കുന്നു. എഴു ത്തുകാരൻ 'എ' തന്റെ പ്രവൃത്തികൾക്ക് ന്യായീകരണം കണ്ടെത്താനാണ് തിരുസഭ യുടെ പഠനങ്ങളെ കൂട്ടുപിടിക്കുന്നത്.

---

1. സക്കറിയ: *ഒരിടത്ത്*, പുറം 14.
2. ടി.പു. പുറം 23.

ദൈവം വിശ്വാസികൾക്ക് ദർശനം നല്കിയിരുന്നതായും, ദൈവത്തിന്റെ സ്വരം അശരീരിയായി ഭക്തർക്ക് കേൾക്കാനിടയായതുമായ സംഭവങ്ങൾ ബൈബിൾ പഴയ നിയമത്തിലുണ്ട്.[1] 'വിശുദ്ധന്മാ'രായി നാമകരണം ചെയ്യുന്നതിനുമുമ്പ് മരണമടഞ്ഞ വരുടെ മധ്യസ്ഥത്താൽ അത്ഭുതങ്ങൾ നടന്നതായി മറ്റുള്ളവർ സാക്ഷ്യപ്പെടുത്തണം. അതിനുശേഷമേ 'വിശുദ്ധ'ന്മാരായി പ്രഖ്യാപിക്കുകയുള്ളു. ദൈവജനത്തെ, ഈജി പ്തിലെ അടിമത്വത്തിൽനിന്നും കാനാൻ ദേശത്തേയ്ക്ക നയിച്ച മോശയ്ക്കു വഴികാ ട്ടിയായി ദൈവം 'മേഘ'രൂപത്തിൽ വന്നതായി ബൈബിൾ പഴയനിയമത്തിലും[2], ജ്ഞാനസ്നാനം സ്വീകരിച്ച യേശുവിന്റെമേൽ പ്രാവിന്റെ രൂപത്തിൽ പരിശുദ്ധാത്മാവ് വന്നതായി ബൈബിൾ പുതിയനിയമത്തിലും പറയുന്നുണ്ട.[3] നാല്പതുദിനരാത്രങ്ങൾ ഉപവസിച്ച യേശുവിനെ പിശാചിനാൽ പരീക്ഷിക്കപ്പെടുന്നതിന് ആത്മാവ് മരുഭൂമി യിലേക്കു നയിക്കുന്നതായി ബൈബിൾ പുതിയ നിമയത്തിൽ രേഖപ്പെടുത്തിയിട്ടു ണ്ട്.[4] ജ്ഞാനസ്നാനം സ്വീകരിക്കുന്നവർ മാത്രമേ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കു കയുള്ളൂ എന്ന കത്തോലിക്കാ സഭ പഠിപ്പിക്കുന്നുണ്ട്. സ്വർഗ്ഗനരകങ്ങളെക്കുറിച്ചും, അരൂപിയായ ആത്മാവിനെക്കുറിച്ചും കത്തോലിക്കാസഭ പഠിപ്പിക്കുന്നുണ്ട്. തിരുസഭാ പഠനത്തിനു പിന്നിലുള്ള വൈരുദ്ധ്യങ്ങളെയും അർത്ഥസൂന്യതയെയും തുറന്നു കാണിക്കുകയാണ് 'വിശുദ്ധ താക്കോൽ' അഥവാ 'ആത്മാവ് സ്വർഗ്ഗത്തിൽപോകുന്ന തെങ്ങനെ?'[5] എന്ന കഥയിലൂടെ കഥയിലെ പ്രവാചകൻ 'ആത്മാവ് സ്വർഗ്ഗത്തിൽ പോകുന്നതെങ്ങിനെ?' എന്ന തന്റെ സംശയത്തിന് ദർശനത്തിലൂടെയൊ, അശരീരി യിലൂടെയോ മറുപടി കിട്ടാൻ കാത്തിരിക്കുന്നു. 'താക്കോലി'ന്റെ രൂപത്തിലാണ് പ്രവാ ചകന് ദർശനം ലഭിച്ചത്. പ്രവാചകനും മരുഭൂമിയിൽ പിശാചിനാൽ പരീക്ഷിക്കപ്പെ

1. പുറപ്പാട് (19,16-19) ദൈവം പ്രത്യക്ഷപ്പെടുന്നു. *ബൈബിൾ*, 1995. പുറം 67.
2. പുറപ്പാട് (13,21-22) മേഘസ്തംഭവും, അഗ്നിസ്തംഭവും, *ബൈബിൾ*, 1995. പുറം 61.
3. ലൂക്കാ (3,21-22)) യേശുവിന്റെ ജ്ഞാനസ്നാനം, *ബൈബിൾ*, 1995. പുറം 64.
4. ലൂക്കാ (4,1-13) മരുഭൂമിയിലെ പരീക്ഷ, *ബൈബിൾ*, 1995.പുറം 66.
5. സക്കറിയ: *ഒരിടത്ത്*, പുറം 39.

ടുന്നുണ്ട്. ബൈബിൾ പരാമർശങ്ങളിലും, സഭാപഠനങ്ങളിലുമുള്ള ദർശനങ്ങളെ ആക്ഷേപഹാസ്യമാതൃകയിൽ വിമർശനവിധേയമാക്കിക്കൊണ്ടാണ് ഈ കഥയുടെ പ്രമേയം രൂപപ്പെടുത്തിയിരിക്കുന്നത്.

ഈ കഥയെക്കുറിച്ച് സക്കറിയതന്നെ പറയുന്നു. 'ഇപ്പോഴത്തെ നവപെന്ത ക്കോസ്ത് പ്രവർത്തനങ്ങളുണ്ടല്ലോ, മനുഷ്യനെ പിടിക്കുക, എന്നിട്ട് ഏതുനാട്ടിലെ ങ്കിലും കൊണ്ടുപോയിമുക്കി ജ്ഞാനസ്നാനം ചെയ്യിക്കുക എല്ലാം ഭ്രാന്താണ്.'[1]

'ആരാണ് എന്റെ അയൽക്കാരൻ?' എന്ന നിയമജ്ഞന്റെ ചോദ്യത്തിനു മറുപടി യായി യേശു 'നല്ല സമരിയാക്കാരന്റെ ഉപമ' പറയുന്നുണ്ട്. 'ഒരുവൻ ജറുസലെമിൽനി ന്ന് ജറീക്കോയിലേക്കു പോവുകയായിരുന്നു. അവൻ കവർച്ചക്കാരുടെ കയ്യിൽപെട്ടു. അവർ അവന്റെ വസ്ത്രങ്ങൾ ഉരിഞ്ഞെടുത്ത്, അവനെ പ്രഹരിച്ച് അർദ്ധപ്രാണനാ ക്കിയിട്ടു പൊയ്ക്കളഞ്ഞു. ഒരു പുരോഹിതൻ ആ വഴിയേവന്നു. അവനെക്കണ്ട് മറു വശത്തുകൂടെ കടന്നുപോയി. അതുപോലെ ഒരു ലേവായൽ അവിടെ വന്നപ്പോൾ അവനെ കണ്ടെങ്കിലും കടന്നുപോയി. എന്നാൽ ഒരു സമരിയാക്കാരൻ യാത്രാമധ്യേ അവൻ കിടന്ന സ്ഥലത്തുവന്നു. അവനെക്കണ്ടു മനസ്സലിഞ്ഞ്, അടുത്തുചെന്ന് എണ്ണയും വീഞ്ഞുമൊഴിച്ച് അവന്റെ മുറിവുകൾ വച്ചുകെട്ടി. തന്റെ കഴുതയുടെ പുറ ത്തുകയറ്റി ഒരു സത്രത്തിൽ കൊണ്ടുചെന്നു പരിചരിച്ചു. അടുത്ത ദിവസം അവൻ സത്രം സൂക്ഷിപ്പികാരന്റെ കയ്യിൽ രണ്ടു ദനാറാ കൊടുത്തിട്ടു പറഞ്ഞു. ഇവന്റെ കാര്യം നോക്കിക്കൊള്ളണം. കൂടുതലായി എന്തെങ്കിലും ചെലവാകുന്നെങ്കിൽ ഞാൻ തിരിച്ചുവരുമ്പോൾ തന്നുകൊള്ളാം. കവർച്ചക്കാരുടെ കയ്യിൽപ്പെട്ട ആ മനുഷ്യന് ഈ മൂവരിൽ ആരാണ് അയല്ക്കാരനായി വർത്തിച്ചത്? അവനോടു കരുണകാണിച്ച

1. രാമചന്ദ്രൻ: എന്റെ യേശു – അവരുടെയും. (സക്കറിയയുമായി രാമചന്ദ്രൻ നടത്തിയ സംഭാ ഷണം), *സാംസ്കാരിക വികാരം സാഹിത്യ മാസിക*, സക്കറിയ പതിപ്പ്,(പുസ്തകം1, ലക്കം 8, ഏപ്രിൽ 2003) പുറം 14.

വൻ എന്ന് ആ നിയമജ്ഞൻ പറഞ്ഞു. യേശു പറഞ്ഞു - നീയും പോയി അതുപോലെ ചെയ്യുക'[1] യേശുപറഞ്ഞ ഈ ഉപമ ചെറിയ കഥയുടെ രൂപത്തിൽ ചിത്രങ്ങളോടുകൂടി കുട്ടികൾക്കായുള്ള വേദപാഠം പുസ്തകത്തിൽ ചേർത്തിട്ടുണ്ട്. കുട്ടിക്കാലത്ത് സക്കറിയയുടെ മനസ്സിലും ഈ കഥ പതിഞ്ഞിരുന്നു. 'ജോസഫ് നല്ലവന്റെ കുറ്റസമ്മതം'[2] എന്ന കഥയുടെ പ്രമേയം ഈ ബൈബിൾ കഥയിൽനിന്നാണ് സക്കറിയ്ക്ക് ലഭിച്ചത്. ക്രൈസ്തവ മനസ്സാക്ഷിയെക്കുറിച്ചുള്ള ഒരാത്മാവിചാരണയാണ് ക്രിസ്തുമതവിശ്വാസിയുടെ മതവിശ്വാസവും പ്രവൃത്തിയും തമ്മിലുള്ള അന്തരമാണീ കഥയിലുള്ളത്. ആധുനിക ക്രൈസ്തവൻ ബൈബിൾ പരാമർശിതമായ ഓരോ സംഭവങ്ങളെയും, ക്രിസ്തുവിന്റെ പ്രബോധനങ്ങളെയും തങ്ങൾക്ക് അനുയോജ്യമായ രീതിയിൽ എങ്ങനെ വളച്ചൊടിക്കുന്നുവെന്ന് സക്കറിയ കാണിച്ചു തരുന്നു.

ക്രൈസ്തവർ മരണമടഞ്ഞവരുടെ ശരീരം മറവുചെയ്യുന്നതുവരെ പ്രാർത്ഥനകൾ ചൊല്ലിക്കൊണ്ടിരിക്കുന്ന പതിവുണ്ടായിരുന്നു. എന്നാൽ ഇന്ന് കാസറ്റുകളുടെ സഹായം തേടുന്നു. പ്രാർത്ഥന കാസറ്റിൽനിന്നും തുടർച്ചയായി കേട്ടുകൊണ്ടിരിക്കുന്നതിനാൽ ബന്ധുക്കളും, മിത്രങ്ങളും കേൾവിക്കാരായി മാറുന്നു. ഇന്ന് പ്രാർത്ഥനകളുടെയും, ദിവ്യബലിയുടെയും കാസറ്റുകൾ ലഭിക്കുന്നു. എന്തിനും യന്ത്രങ്ങളുടെ സഹായം തേടുന്ന മനുഷ്യൻ ദൈവവുമായി ബന്ധം സ്ഥാപിക്കാനും യന്ത്രങ്ങളെ കൂട്ടുപിടിക്കുന്നു. മനുഷ്യനും ദൈവവുമായി ബന്ധം സ്ഥാപിക്കുന്നതിനുപകരമായി,യന്ത്രങ്ങൾ പ്രാർത്ഥിച്ചു കാര്യങ്ങൾ നേടിത്തരുമെന്ന വിഡ്ഢിത്തം നിറഞ്ഞ മനുഷ്യമനസ്സുകളെ പരിഹസിച്ച് സക്കറിയ എഴുതിയ കഥയാണ് 'മനുഷ്യോപകാരപ്രദങ്ങളായ ചില കണ്ടുപിടുത്തങ്ങൾ'[3]. ശത്രുക്കളുടെ തലയിൽ ഇടിത്തീ വീഴണേ എന്നു

1. ലൂക്കാ, നല്ല സമരിയാക്കാരന്റെ ഉപമ, (10,29-37) *ബൈബിൾ*, 1995.
2. സക്കറിയ: *ഒരിടത്ത്*, പുറം 209.
3. സക്കറിയ: *നസ്രാണി യുവാവും ഗൗളിശാസ്ത്രവും*, പുറം 41.

പ്രാർത്ഥിക്കാറുണ്ടെങ്കിലും ഇടിത്തീവീണു എന്ന ഉറപ്പുവരുത്താനാണ് 'ഇടിത്തീവിഴ്ത്തുന്ന യന്ത്രം'. യന്ത്രത്തിന്റെ പ്രവർത്തനവും ദൈവത്തെ ഒഴിവാക്കി നടത്താമെന്ന് വ്യാമോഹിക്കേണ്ടെന്ന് സക്കറിയ പറയുന്നു.

ക്രൈസ്തവ സാഹിത്യത്തിന്റെ നിലവാര തകർച്ചയെയും, ക്രൈസ്തവസാഹിത്യകാരന്മാരുടെ കഴിവുകേടുകളെയും കുറിച്ച് സക്കറിയ ചിന്തിക്കുന്നുണ്ട്. തങ്ങളുടെ കഴിവുകേടുകളെ മറച്ചുവെക്കാൻ കഴിവുള്ളവരെ താഴ്ത്തികാണിച്ചതുകൊണ്ടോ, അവരുടെമേൽ അസൂയപ്പെട്ടിട്ടോ കാര്യമില്ല. നിരപരാധികളെ ഉപദ്രവിക്കാനായി ഒരുക്കുന്ന കെണിയിൽ തങ്ങൾതന്നെയായിരിക്കും പതിക്കുക. അവസാന വിജയംഎന്നും നന്മയ്ക്കായിരിക്കും. മറ്റുള്ളവരെ ഉപദ്രവിച്ചതിനുശേഷം മാനസാന്തരപ്പെട്ട് സന്യാസജീവിതത്തിലേക്ക് തിരിയുന്നവർ ക്രൈസ്തവ സ്ഥാപനങ്ങളും, പ്രസിദ്ധീകരണങ്ങളും നടത്തി മിടുക്കന്മാരാവാറുണ്ട്. ക്രൈസ്തവസമൂഹത്തിലെ ഇത്തരം ചില പ്രവണതകളെ പ്രമേയമാക്കി സക്കറിയ രചിച്ച കഥയാണ് 'മൂന്നാംകിട സാഹിത്യത്തിന്റെ അന്ത്യം'[1]. സ്വതസിദ്ധമായ കഴിവുള്ള സാഹിത്യകാരനെ ആർക്കും പരാജയപ്പെടുത്താനാവില്ലെന്നും, മറ്റുള്ളവരുടെ ആശയങ്ങളോ, കഥകളോ മോഷ്ടിച്ച് യഥാർത്ഥ സാഹിത്യകാരനാകാൻ കഴിയില്ലെന്നുമുള്ള ആശയം ഈ കഥയിലവതരിപ്പിക്കുന്നു.

ക്രൈസ്തവ ജീവിതത്തിന്റെ പൊള്ളത്തരങ്ങളെയും, ക്രൈസ്തവസഭയുടെ അപാകതകളെയും സാഹിത്യ വിഷയമാക്കി പൊൻകുന്നം വർക്കി സാഹിത്യ രചന നടത്തിയിട്ടുണ്ട്. അപ്രിയ സത്യങ്ങളെ മുഖംനോക്കാതെ പച്ചയായി വിളിച്ചുപറയുകാണ് ചെയ്തത്. അതുകൊണ്ടുതന്നെ ക്രൈസ്തവ സഭയുടെ അപ്രീതി സമ്പാദിക്കേണ്ടതായും വന്നു. എന്നാൽ സക്കറിയ കുറച്ചുകൂടി സൗമ്യമായ ഭാഷയിൽ ആക്ഷേപഹാസ്യത്തിൽ ചാലിച്ച് ക്രൈസ്തവസമൂഹത്തോടും, ക്രൈസ്തവസഭയോടും

1. സക്കറിയ: *ഒരു നസ്രാണിയുവാവും ഗൗളിശാസ്ത്രവും*, പുറം 56.

തനിക്കു പറയാനുള്ള കാര്യങ്ങൾ തുറന്നുപറയുന്നു. അന്ധമായ മതവിശ്വാസങ്ങളെക്കുറിച്ച് കുറച്ചുകൂടി ശാസ്ത്രീയമായി ചിന്തിപ്പിക്കാൻ സക്കറിയയുടെ രചനകൾ ഉപകരിക്കുന്നു.

### 2.3. ബൈബിൾ പ്രമേയം – പാരഡിസ്വഭാവമുള്ള കഥകളിൽ

പാരഡി സ്വഭാവമുള്ള കഥാരചനകൾക്കും സക്കറിയ ബൈബിൾ പ്രമേയം ഉപയോഗിച്ചിട്ടുണ്ട്. ബൈബിൾ പരമാർശിത സംഭവങ്ങൾക്ക് നിർമ്മിക്കുന്ന പാരഡികളിലൂടെ തന്റെ വീക്ഷണങ്ങളെ സഹൃദയർക്ക് മനസ്സിലാവുന്ന തരത്തിൽ രസകരമായി അവതരിപ്പിക്കുന്നുണ്ട്.

വിശുദ്ധ ഗ്രന്ഥത്തിൽ ദൈവവും ദൈവജനവും തമ്മിലുള്ള ബന്ധം മനോഹരമായി വർണ്ണിക്കുന്ന ഭാഗമാണ് സോളമന്റെ 'ഉത്തമഗീതം'[1]. ക്രിസ്തുവും സഭയും തമ്മിലുള്ള ബന്ധത്തിന്റെ പ്രതീകമായിട്ടാണ് ഉത്തമഗീതത്തെ വ്യാഖ്യാനിച്ചിട്ടുള്ളത്.

ബൈബിൾ പഴയനിയമത്തിൽ ദാവീദ് രാജാവിനെക്കുറിച്ച് പറയുന്നുണ്ട്. 'ദാവീദ് രാജാവു വൃദ്ധനായി. പരിചാരകർ അവനെ പുതപ്പിച്ചിട്ടും കുളിർ മാറിയില്ല. അവർ അവനോടു പറഞ്ഞു: യജനമാനനായ രാജാവിനുവേണ്ടി ഒരു യുവതിയെ ഞങ്ങൾ അന്വേഷിക്കട്ടെ; അവൾ അങ്ങയെ പരിചരിക്കുകയും അങ്ങയോടു ചേർന്നുകിടന്നു ചൂടുപകരുകയും ചെയ്യട്ടെ. അവർ സുന്ദരിയായ ഒരു യുവതിയെ ഇസ്രായേലിലെങ്ങും അന്വേഷിച്ചു. ഷൂനാംകാരി അബിഷാഗിനെ കണ്ടെത്തി.'[2]

ദാവീദിന് 'ബത്ഷെബായി'ൽ ഉണ്ടായ പുത്രനാണ് 'ഉത്തമഗീതങ്ങൾ' രചിച്ച 'സോളമൻ'. ദാവീദിന് മറ്റൊരു ഭാര്യ 'ഹഗ്ഗീത്തിൽ' ജനിച്ച മകനാണ് 'അദോനിയാ'.

---

1. സോളമന്റെ ഉത്തമഗീതം, *ബൈബിൾ*, പുറം 671.
2. രാജാക്കന്മാർ, സോളമന്റെ കിരീടാവകാശി, *ബൈബിൾ*, പുറം 297.

ദാവീദിന്റെ മരണശേഷം സോളമനാണ് രാജാവാകുന്നത്. 'അദോനിയാ' ഒരിക്കൽ 'സോളമന്റെ' അമ്മയായ 'ബത്ഷെബാ'യെ ചെന്നുകാണുന്നു. 'അവൻ അഭ്യർത്ഥിച്ചു: ഷൂനാംകാരി അബിഷാഗിനെ എനിക്കുഭാര്യയായിത്തരണമെന്നു സോളമൻ രാജാവിനോടു പറയണം. ബത്ഷബാ അദോനിയായ്ക്കുവേണ്ടി സംസാരിക്കാൻ സോളമൻ രാജാവിനെ സമീപിച്ചു. ഷൂനാംകാരി അബിഷാഗിനെ നിന്റെ സഹോദരൻ അദോനിയായ്ക്കു ഭാര്യായി കൊടുക്കണം, അവൾ പറഞ്ഞു. സോളമൻ രാജാവ് അമ്മയോട് ഇങ്ങനെ പ്രതിവചിച്ചു. ഷൂനാംകാരി അബിഷാഗിനെ അദോനിയായ്ക്കുവേണ്ടി ചോദിക്കുന്നത് എന്താണ്? രാജ്യവും അവനുവേണ്ടി ചോദിക്കാമല്ലോ? സോളമന്റെ കല്പനയനുസരിച്ച് യഹോയാദായുടെ മകൻ ബനായ അദോനിയായോ വധിച്ചു".[1]

'അദോനിയാ'യെ വധിച്ച വാർത്തയറിഞ്ഞയുടനെ ജ്യേഷ്ഠനായ 'യോവാബ്' ഓടിച്ചെന്ന് കർത്താവിന്റെ കൂടാരത്തിൽ ബലിപീഠത്തിന്റെ വളർകോണുകളിൽ പിടിച്ചു. യോവാബ് കർത്താവിന്റെ കൂടാരത്തിൽ ബലിപീഠത്തിനരികെ നില്ക്കുന്നുവെന്ന് അറിഞ്ഞ സോളമൻ രാജാവ് ഉടനെ അവനെകൊന്നുകളയുക എന്ന് പറഞ്ഞു യഹോയാദായുടെ മകൻ ബനായായെ അയച്ചു ബനായാ കർത്താവിന്റെ കൂടാരത്തിൽ ചെന്ന് അവനോട് പുറത്തുവരാൻ രാജാവ് കല്പിക്കുന്നതായി പറഞ്ഞു. വരുകയില്ല; ഞാൻ ഇവിടെത്തന്നെ മരിക്കും! എന്നായിരുന്നു അവന്റെ മറുപടി. യോവാബ് പറഞ്ഞത് ബനായ രാജാവിനെ അറിയിച്ചു. അവൻ പറഞ്ഞതുപോലെ ചെയ്യുക; അവനെ കൊന്നു കുഴിച്ചിടുക എന്നു രാജാവ് ബനായയോട് കല്പിച്ചു.[2]

പിന്നീട് ഒരിക്കൽ സോളമൻ രാജാവ് ആളയച്ച് 'ഷിമെയി' എന്നയാളെ വരുത്തി അവനോടു പറഞ്ഞു. ജറുസലെമിൽ ഒരു വീടു പണിതു പാർത്തുകൊള്ളുക. അവിടം വിട്ടുപോകരുത്. പുറത്തിറങ്ങി, കെദ്രോൻ തോടു കടക്കുന്ന നാളിൽ നീ മരിക്കും

1. രാജാക്കന്മാർ, സോളമൻ എതിരാളികളെ നിർമ്മാർജ്ജനം ചെയ്യുന്നു (2,17-25), *ബൈബിൾ*, പുറം 299.
2. ടി പുറം 299.

എന്ന് ഓർമ്മിച്ചുകൊള്ളുക. നിന്റെ രക്തത്തിനു നീതന്നെയായിരിക്കും ഉത്തരവാദി. ശരി, രാജാവായ അങ്ങു കല്പിക്കുന്നതുപോലെ ഞാൻ ചെയ്തുകൊള്ളാം എന്ന് ഷിമെയി പറഞ്ഞു. അങ്ങനെ കുറെക്കാലം അവൻ ജറുസലമിൽ വസിച്ചു. മൂന്നു വർഷത്തിനുശേഷം ഷിമെയിയുടെ രണ്ട് അടിമകൾ മാഖായുടെ മകനും ഗത്തിലെ രാജാവുമായ അക്കീഷിന്റെ അടുത്തേക്ക് ഓടിപ്പോയി. ഷിമെയി തന്റെ അടിമകളെ ഗത്തിൽനിന്നും മടക്കിക്കൊണ്ടുവന്നു. ഷിമെയി ജറുസലെംവിട്ട് ഗത്തിൽപോയി മടങ്ങിയെത്തിയെന്നു സോളമന് അറിവുകിട്ടി. രാജാവ് ആളയച്ചു ഷിമെയിയെ വരുത്തിപ്പറഞ്ഞു: ജറുസലെം വിട്ടുപോകരുതെന്ന് ദൈവനാമത്തിൽ ഞാൻ നിന്നോടാജ്ഞാപിച്ചിട്ടുള്ളതാണ്. പോയാൽ നീ മരിക്കുമെന്നു ഞാൻ മുന്നറിയിപ്പു നല്കിയിട്ടുമുണ്ട്. എന്റെ പിതാവായ ദാവീദിനോടു നീ പ്രവർത്തിച്ച തിന്മകൾ എന്തൊക്കെയാണെന്നു നിനക്കറിയാമല്ലോ. കർത്താവിന്റെ ശിക്ഷ നീ അനുഭവിക്കണം. രാജാവ് യഹോയാദായുടെ മകൻ ബനായായോട് കല്പിച്ചു. അവൻ ഷിമെയിയെ വധിച്ചു.'[1] ഇങ്ങനെ തന്റെ ശത്രുക്കളെ ഇല്ലായ്മ ചെയ്ത് രാജ്യം സുസ്ഥിരമാക്കി കഴിഞ്ഞിരുന്ന സോളമന്റെ സമീപത്തേക്കാണ് 'ഒരുദിവസം രണ്ടുവേശ്യകൾ വരുന്നത്'. ഒരുവൾ പറഞ്ഞു: യജമാനനേ, ഇവളും ഞാനും ഒരേവീട്ടിൽ താമസിക്കുന്നു. ഇവൾ വീട്ടിലുള്ളപ്പോൾ ഞാൻ ഒരു കുഞ്ഞിനെ പ്രസവിച്ചു. മൂന്നുദിവസം കഴിഞ്ഞ് ഇവളും പ്രസവിച്ചു. രാത്രി ഉറക്കത്തിൽ ഇവൾ തന്റെ കുട്ടിയുടെമേൽ കിടക്കാനിടയായി. കുട്ടിമരിച്ചുപോയി. മറ്റവൾ പറഞ്ഞു. അങ്ങനെയല്ല- ജീവനുള്ള കുട്ടി എന്റേതാണ്. മരിച്ച കുട്ടിയാണ് നിന്റേത്. അവർ ഇങ്ങനെ രാജസന്നിധിയിൽതർക്കിച്ചു. ഒരുവാൾ കൊണ്ടുവരുക; രാജാവു കല്പിച്ചു. ജീവനുള്ള കുഞ്ഞിനെ രണ്ടായി പകുത്ത് ഇരുവർക്കും കൊടുക്കുക. ഉടനെ ജീവനുള്ള ശിശുവിന്റെ അമ്മ തന്റെ കുഞ്ഞിനെയോർത്തു ഹൃദയം നീറിപറഞ്ഞു: യജമാനനേ, കുട്ടിയെ കൊല്ലരുത്; അവനെ അവൾക്കു ജീവനോടെ കൊടുത്തുകൊ

1. രാജാക്കന്മാർ, സോളമൻ എതിരാളികളെ നിർമ്മാർജ്ജനം ചെയ്യുന്നു (2,17-25), *ബൈബിൾ*, പുറം 300.

ള്ളുക. എന്നാൽ, മറ്റവൾ പറഞ്ഞു: കുട്ടിയെ എനിക്കുംവേണ്ടാ, നിക്കും വേണ്ടാ; അവനെ വിഭജിക്കുക. അപ്പോൾ രാജാവു കല്പിച്ചു: ജീവനുള്ള ശിശുവിനെ ആദ്യത്തെ സ്ത്രീക്കു കൊടുക്കുക.'[1]

സക്കറിയയുടെ 'കിംഗ്(ങ്?) സോളമൺ (ൻ?)'[2] എന്ന കഥയുടെ പ്രമേയത്തിൽ ആദ്യാവസാനം നിറഞ്ഞുനിൽക്കുന്ന ബൈബിൾ ഭാഗങ്ങളാണിവ. സക്കറിയയുടെ കഥയിലെ അമ്മമാർ മരിച്ചകുട്ടിക്കുവേണ്ടി വഴക്കിടുമ്പോൾ ബൈബിൾ കഥയിൽ പറഞ്ഞിരിക്കുന്നത് ജീവനുള്ള കുട്ടിക്കുവേണ്ടി വഴക്കിടുന്ന അമ്മമാരെക്കുറിച്ചാണ്. കിംഗ് സോളമന്റെ ചരിത്ര പശ്ചാത്തലം എന്ന മട്ടിലാണ് 'അദോനിജാ', 'ജൊ ആബ്', 'ശിമി' എന്നിവരെക്കുറിച്ചുള്ള കഥകൾ ചേർത്തിരിക്കുന്നത്. പാരഡിസ്വഭാവമുള്ള കഥയിൽ മുന്നിട്ടുനിൽക്കുന്നത് കിംഗ് സോളമന്റെ കഥയാണ്. ബൈബിൾ സംഭവങ്ങളെ പാരഡി രൂപത്തിൽ തന്മയത്വത്തോടെ ഉപയോഗിച്ചുകൊണ്ടാണ് ഈ കഥ രൂപപ്പെടുത്തിയിരിക്കുന്നത്.

ക്രിസ്തുമത വിശ്വാസികൾ 'വിശ്വാസ പ്രമാണം' എന്ന പ്രാർത്ഥനയിലൂടെ അവരുടെ മതവിശ്വാസം ഏറ്റുപറയുന്നുണ്ട്. സർവ്വശക്തനായ പിതാവിലും, ആകാശത്തിന്റെയും, ഭൂമിയുടെയും സ്രഷ്ടാവുമായ ദൈവത്തിലും വിശ്വസിക്കുന്നുവെന്നും, ദൈവപുത്രനും കർത്താവുമായ ഈശോമിശിഹായിൽ വിശ്വസിക്കുന്നുവെന്നും, കന്യകാമറിയം പരിശുദ്ധാത്മാവിനാൽ ഗർഭിണിയായി പുത്രനുജന്മം നല്കിയെന്നും, ക്രിസ്തു പീഢകൾ സഹിച്ച് മരിച്ചതിനുശേഷം മൂന്നാംനാൾ ഉയിർത്ത് സ്വർഗ്ഗത്തിലേക്ക് എഴുന്നള്ളി പിതാവായ ദൈവത്തിന്റെ വലതുഭാഗത്ത് ഇരിക്കുന്നുവെന്നും, മരിച്ചവരെയും ജീവിക്കുന്നവരെയും വിധിക്കാൻ വീണ്ടും വരുമെന്നും ഈ പ്രാർത്ഥനയിൽ പറയുന്നുണ്ട്.

---

1. രാജാക്കന്മാർ, സോളമന്റെ ജ്ഞാനം (3,16-28), *ബൈബിൾ*, പുറം 301.
2. സക്കറിയ: *ഒരിടത്ത്*, പുറം 56.

'വിശ്വാസപ്രമാണം' എന്ന പ്രാർത്ഥനയിലെ ആശയങ്ങളാണ് 'സത്യപ്രതിജ്ഞ'[1] എന്ന കഥയുടെ നിർമ്മാണത്തിനുപയോഗിച്ചിരിക്കുന്നത്. ക്രിസ്തുമതത്തിൽ ദൈവ വിശ്വാസം ഏറ്റുപറയുന്ന സ്ഥാനത്ത് കഥയിൽ രാഷ്ട്രീയ വിശ്വാസമാണ് ഏറ്റുപറയുന്നത്. രാഷ്ട്രീയരംഗത്ത പ്രമുഖസ്ഥാനം അലങ്കരിക്കുന്നവരിലുള്ള വിശ്വാസവും, നേതാക്കളുടെ രാഷ്ട്രീയ ജീവിതത്തിലുള്ള വിശ്വാസവും, രാഷ്ട്രീയരംഗത്തുള്ള അധികാരങ്ങളിലേയ്ക്കും, സ്ഥാനമഹിമകളിലേക്കും നേതാക്കൾ വീണ്ടും വരുമെന്നുംഉള്ള വിശ്വാസപ്രഖ്യാപനമായി വീണ്ടും വരുമെന്നുള്ള വിശ്വാസപ്രഖ്യാപനമായി കഥമാറുന്നു. പ്രമേയം വൈരുദ്ധ്യാത്മകമായി കൈകാര്യം ചെയ്യുന്ന കഥാകൃത്താണീ കഥയിലും ഉള്ളത്.

'ദൈവമായ കർത്താവ് ഭൂമിയിലെ പൂഴികൊണ്ട് മനുഷ്യനെ രൂപപ്പെടുത്തുകയും ജീവന്റെ ശ്വാസം, അവന്റെ നാസാരന്ധ്രങ്ങളിലേക്കു നിശ്വസിക്കുകയും ചെയ്തു. അങ്ങനെ മനുഷ്യൻജീവനുള്ളവനായി തീർന്നു. അവിടുന്നു കിഴക്ക് ഏദനിൽ ഒരു തോട്ടം ഉണ്ടാക്കി, താൻ രൂപംകൊടുത്ത മനുഷ്യനെ അവിടെ താമസിപ്പിച്ചു. ദൈവമായ കർത്താവ് സൃഷ്ടിച്ച എല്ലാ വന്യജീവികളിലും വച്ച് കൗശലമേറിയതായിരുന്നു സർപ്പം. അത് സ്ത്രീയോട് ചോദിച്ചു: തോട്ടത്തിലെ ഒരു വൃക്ഷത്തിന്റെയും ഫലം തിന്നരുതെന്നു ദൈവം കല്പിച്ചിട്ടുണ്ടോ? സ്ത്രീ സർപ്പത്തോടു പറഞ്ഞു: തോട്ടത്തിലെ വൃക്ഷങ്ങളുടെ പഴങ്ങൾ ഞങ്ങൾക്കു ഭക്ഷിക്കാം. എന്നാൽ തോട്ടത്തിന്റെ നടുവിലുള്ള മരത്തിന്റെ പഴം ഭക്ഷിക്കുകയോ തൊടുകപോലുമോ അരുത്, ഭക്ഷിച്ചാൽ നിങ്ങൾ മരിക്കും എന്ന് ദൈവം പറഞ്ഞിട്ടുണ്ട്. സർപ്പം സ്ത്രീയോട് പറഞ്ഞു: നിങ്ങൾ മരിക്കുകയില്ല. അതു തിന്നുന്ന ദിവസം നിങ്ങളുടെ കണ്ണുകൾ തുറക്കുമെന്നും, തൽസമയം നന്മയും തിന്മയും അറിഞ്ഞ് നിങ്ങൾ ദൈവത്തെപ്പോലെ ആകു

1. സക്കറിയ: *ഒരിടത്ത്*, പുറം 71.

മെന്നും ദൈവത്തിനറിയാം. ആ വൃക്ഷത്തിന്റെ പഴം ആസ്വാദ്യവും, കണ്ണിനു കൗതുകകരവും, അറിവേകാൻ കഴിയുമെന്നതിനാൽ അഭികാമ്യവും ആണെന്നുകണ്ട് അവൾ അതു പറിച്ചു തിന്നു.[1]

ദൈവം മനുഷ്യനു നൽകിയ സൗഭാഗ്യങ്ങളെ പിശാചിന്റെ പ്രേരണയാൽ മനുഷ്യൻ നഷ്ടമാക്കുന്ന ഈ ബൈബിൾ മിത്തിനെ 'നമ്മുടെ പറുദീസാ നഷ്ടം'[2] എന്ന കഥയുടെ നിർമ്മാണത്തിന് ഉപയോഗിച്ചിട്ടുണ്ട്. 'ഏദൻ തോട്ട'ത്തിനു സമാനമായ കപ്പത്തോട്ടത്തിൽ സന്തോഷമായി പാർത്തിരുന്ന എലികളാണ് പിശാചിന്റെ പ്രേരണയാൽ കപ്പക്കിഴങ്ങു ഭക്ഷിച്ച് തോട്ടത്തിനു പുറത്താകുന്നത്. തങ്ങളുടെ പുറദീസാനഷ്ടമാക്കുന്നതിനോടൊപ്പം മനുഷ്യന്റെ നിത്യശത്രുക്കളായും എലികൾ മാറുന്നതായി കഥാകൃത്ത് പറയുന്നു. ബൈബിൾ കഥയെ ഹാസ്യമായി അനുകരിച്ചുകൊണ്ട് സാഹിത്യത്തിലും, രാഷ്ട്രീയത്തിലുമുള്ള ചില പ്രവണതകളെ സക്കറിയ പരമാർശിക്കുന്നുണ്ട്. സമകാലിക രാഷ്ട്രീയ, സാഹിത്യരംഗങ്ങളിലുള്ള മാറ്റങ്ങളെക്കുറിച്ച് തനിക്ക് പറയാനുള്ളത് ഈ കഥയിലൂടെ പറയുകയാണ് ചെയ്യുന്നത്. "വീണ്ടും കഥ അവസാനിപ്പിക്കാനനുയോജ്യമായ ഒരു ബിന്ദുവിലാണ് നാം ഇപ്പോൾ. പക്ഷേ, അത്യന്താധുനികതയുടെ മുഷ്ക് നമ്മെ മുന്നോട്ടുതള്ളുന്നു. ശരി, നടക്കട്ടെ."

"പക്ഷേ, ഫണ്ടുപിരിവ് എന്ന തത്ത്വം അവർക്കും ഉണ്ടായിരുന്നു. ഒരു കപ്പക്കിഴങ്ങിനെ പാമ്പാക്കിമാറ്റാനാണ് അവർ ഫണ്ടുപിരിച്ചത്."

മനുഷ്യൻ ജീവിതത്തിൽ നേരിടുന്ന പല കഷ്ടതകളുടെയും, ദുഃഖങ്ങളുടെയും മുമ്പിൽ രക്ഷനേടാനായി കഥകൾ നിർമ്മിക്കാൻ മിടുക്കരാണ്. തന്റെ ബുദ്ധിയുടെ പരിധിയിൽ നില്ക്കാത്ത സംഭവങ്ങൾക്ക് ദൈവത്തെയും, പിശാചിനെയും കൂട്ടുപി

1. ഉൽപത്തി, ഏദൻതോട്ടം (2,7–9), മനുഷ്യന്റെ പതനം (31–6) *ബൈബിൾ,* പുറം 3.
2. സക്കറിയ : *ആർക്കറിയാം*, പുറം 44.

ടിച്ച് കഥകൾ നിർമ്മിക്കുന്നു. എലികൾ മനുഷ്യരുടെ ശത്രുക്കളായതെങ്ങിനെ? എന്ന ചോദ്യത്തിന് തന്റേതായ കഥ നിർമ്മിക്കുന്ന സക്കറിയ, മനുഷ്യന്റെ സൗഭാഗ്യനഷ്ട ത്തിനു കാരണമായി അവൻ നിർമ്മിച്ചെടുത്ത 'പറുദീസകഥ'യുടെ വിശ്വാസ്യതയെ വിലയിരുത്തുകകൂടിയാണിവിടെ.

തനിയ്ക്കുചുറ്റും കാണുന്ന സംഭവങ്ങളെയും, വസ്തുതകളെയും തലകീഴാക്കി കാണാൻ ഇഷ്ടപ്പെടുന്ന ലോകത്തിനുമുമ്പിൽ തന്റെ ആശയങ്ങളെ തലകീഴാക്കി അവ തരിപ്പിച്ച്, യാഥാർത്ഥ്യവൽക്കരണത്തിന് മുതിരുകയാണ് പാരഡിസ്വഭാവമുള്ള കഥ കളിലൂടെ സക്കറിയ ചെയ്യുന്നത്.

**2.4. സഭയുടെ പ്രബോധനങ്ങൾ പ്രമേയമാക്കിക്കൊണ്ടുള്ള കഥകൾ**

ഇന്നു നിലവിലിക്കുന്ന ക്രൈസ്തവസഭയുടെ പ്രബോധനങ്ങളോട് സക്കറിയ കഥകളിലൂടെ പ്രതികരിക്കുന്നുണ്ട്. പൗലോസ് ഉണ്ടാക്കിയെടുത്ത മതപരമായ ചട്ട ക്കൂടും അതിനുള്ളിലുള്ള അനുഷ്ഠാനങ്ങളും സ്വീകരിക്കാൻ സക്കറിയക്കു കഴിയു ന്നില്ല. മനുഷ്യരെ ബന്ധിച്ചുനിർത്തുവാൻ വേണ്ടി അധികാരമോഹമുള്ള ഏതൊരു സ്ഥാപനത്തെയുംപോലെ സഭയും ശ്രമിക്കുന്നു. സഭയിൽനിന്നും പലതും പ്രതീ ക്ഷിക്കുന്ന സമൂഹം അതിനെ നിരുപാധികം സ്വീകരിക്കുന്നു എന്നതാണ് സക്കറിയ പറയുന്നത്.

കത്തോലിക്കാ തിരുസഭ എന്തുപറഞ്ഞാലും, എന്തുചെയ്താലും അതെല്ലാം സത്യമാണെന്ന് വിശ്വാസികൾ കരുതുന്നു. ഇത്തരത്തിലുള്ള അന്ധമായ വിശ്വാസത്തെ 'ഒരു സുന്ദരസന്ധ്യയിൽ'[1] എന്ന കഥയിൽ സക്കറിയ പ്രമേയമാക്കിയിട്ടുണ്ട്. എഴു ത്തുകാരൻ 'എ' എഴുത്തുകാരൻ 'ബി'യെ വധിക്കുന്നതിനു കണ്ടെത്തുന്ന ന്യായീക രണ സന്ദർഭത്തിൽ 'നാം കത്തോലിക്കാതിരുസഭയുടെ പഠനങ്ങളുടെ വെളിച്ചത്തിൽ

1. സക്കറിയ: *ഒരിടത്ത്,* പുറം 36.

ആലോചിച്ചാൽ, മരണശേഷം അനന്തജീവൻ നമുക്ക് ലഭ്യമാണ് എന്നു കാണാം. വിശുദ്ധ കത്തോലിക്കാ തിരുസഭ എന്തുപറഞ്ഞാലും എന്തുചെയ്താലും അതെപ്പോഴും സത്യമാണ്' എന്ന് പരാമർശിച്ചിരിക്കുന്നു.

വിശുദ്ധന്മാരേയും മറ്റും സൃഷ്ടിക്കുകയും അവർക്ക് പലകഴിവുകളും ഉള്ളവരായി സഭ ചിത്രികരിക്കുകയും ചെയ്യുന്നുണ്ട്. ഇവരുടെ രൂപങ്ങൾ നിർമ്മിക്കുകയും, ഇവരുടെ നാമത്തിൽ പള്ളികൾ പണിയുകയും നേർച്ചക്കാഴ്ചകൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്. സഭയുടെ ഇത്തരം പ്രവണതകൾ സക്കറിയ പ്രമേയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. "മരങ്ങളിലോ ഭിത്തികളിലോ സ്വപ്നങ്ങളിലോ ഒക്കെ പ്രത്യക്ഷപ്പെട്ട് ദർശനം നൽകുന്നത് വിശുദ്ധന്മാർ അഥവാ പുണ്യവാന്മാരേ ആയിക്കൂടൂ എന്നത് ദൈവശാസ്ത്രത്തിലെ ഒരടിസ്ഥാനതത്ത്വമാണ്."[1]

വിശ്വാസികളെ ഈശ്വരനുമായി കൂടുതൽ അടുപ്പിക്കുന്നതിനായി ക്രൈസ്തവസഭ പല പ്രാർത്ഥനകൾക്കും, ആരാധനാ രീതികൾക്കും രൂപം നല്കിയിട്ടുണ്ട്. എന്നാൽ വിശ്വാസികൾ പലപ്പോഴും കാര്യസാധ്യത്തിനായി ഇത്തരം പ്രാർത്ഥനാരീതികൾ സ്വീകരിക്കുന്നു. ആഗ്രഹിക്കുന്ന കാര്യം നടക്കാതെ വരുമ്പോൾ അവർ അവിശ്വാസികളായി മാറുന്നു. ബുദ്ധിപൂർവ്വം സാഹചര്യത്തിനനുകൂലമായി പ്രവർത്തിക്കുന്നതിനു പ കരം രൂപപ്പെടുത്തിവെച്ചിട്ടുള്ള പ്രാർത്ഥനയെ മാത്രം ശരണം പ്രാപിച്ചതുകൊണ്ടാകുന്നില്ല എന്ന് വിശ്വാസികൾ മറക്കുന്നു. 'അമ്പാടി' എന്ന കഥയിലെ കിളിയെക്കുറിച്ചു പറയുമ്പോൾ 'ദൈവവിശ്വാസം നശിച്ചെന്നുതന്നെയല്ല, അതിലും കഷ്ടം തിരുസഭയിലും മാർപ്പാപ്പാ തിരുമേനിയിലും വിശ്വാസമില്ലാതെ പോയി'[2] എന്നു പറയുന്നുണ്ട്. വിശ്വാസികളെ അവിശ്വാസികളാക്കി മാറ്റുന്ന പ്രാർത്ഥനാരീതിയെ പ്രമേയമാക്കി രൂപപ്പെടുത്തിയ കഥയാണിത്.

1. സക്കറിയ: *ഒരിടത്ത്*, പുറം 40.
2. ടി.പു. പുറം 50.

വീടുകളിലെ പ്രധാന ചടങ്ങുകളിൽ കർദ്ദിനാളിനെയോ, മെത്രാനെയോ പങ്കെടുപ്പിക്കുന്നത് കുടുംബമഹിമ തെളിയിക്കാനുള്ള അവസരമായി വിശ്വാസികൾ കരുതാറുണ്ട്. അതുപോലെ സാഹിത്യരചനയിൽപോലും സങ്കുചിതമായ മതചിന്ത പുലർത്തുന്ന നസ്രാണി എഴുത്തുകാരും ഉണ്ട്. കച്ചവടമനോഭാവം പുലർത്തുകയും, നസ്രാണികളെ ദൈവം കാത്തുകൊള്ളും എന്നുള്ള വിശ്വാസം ഇടയ്ക്കിടെ പ്രഖ്യാപിക്കുകയും ചെയ്യുന്ന മനുഷ്യരെയും നസ്രാണി സമൂഹത്തിൽ കാണാം. ക്രൈസ്തവസമൂഹത്തിലെ ഇത്തരം ചിന്താഗതികളെ വിഷയമാക്കി സക്കറിയ 'ഒരു ക്രൂരനസ്രാണിയുടെ കഥ'[1] എഴുതിയിരിക്കുന്നു. 'ക്രിസ്ത്യാനിയാകൽ പിള്ളകളിയെന്നു താൻ കരുതിയോ? എടോ, പള്ളിമതിലിൽ കുരുത്ത കടുംബക്കാരുണ്ട്. ഇനിയും മുഴുക്രിസ്ത്യാനിത്വം വകവച്ചുകിട്ടാത്തവർ. ഒരു കല്യാണത്തിനോ ശവമടക്കിനോ കർദ്ദിനാളിനെയോ മെത്രാനച്ചനെയോ പങ്കെടുപ്പിക്കാൻ ഇനിയും കഴിഞ്ഞിട്ടില്ലാത്ത ഒന്നാന്തരം കുടുംബങ്ങളെത്ര കിടക്കുന്നു.'

ഇടയ്ക്കുവെച്ച് സാഹിത്യരചന നിർത്തി, അതിനേക്കാൾ ലാഭം നൽകുന്ന കാപ്പി കൃഷിയിലേക്ക് തിരിയുകയാണ് എഴുത്തുകാരൻ. ഭൗതികമായ നേട്ടത്തിൽ മാത്രം താല്പര്യം കണ്ടെത്തുന്നവരാണ് ക്രിസ്ത്യാനികൾ. അതുകൊണ്ടാണ് അവരിൽനിന്നും പ്രതിഭാധനന്മാരായ എഴുത്തുകാർ ഉണ്ടാവാത്തത്. നിസ്വാർത്ഥമായി സാഹിത്യരംഗത്ത് പ്രവർത്തിക്കുന്നതിന് ക്രിസ്ത്യാനികളുടെ കച്ചവടമനോഭാവം അനുവദിക്കുന്നില്ലെന്ന പ്രമേയമാണീ കഥയ്ക്കു പിന്നിലുള്ളത്. 'യേശു എന്ന ആശാരിയുവാവ് ഒരിക്കൽ ചെയ്തതുപോലെ, വിലക്കുകളെ പറിച്ചെറിയുകയും, വിശ്വാസങ്ങളെ പുനർവായനയ്ക്കു വിധേയമാക്കുകയും, ഒപ്പം തങ്ങളുടെ ഭൗതികമോഹ

1. സക്കറിയ: ഒരിടത്ത്, പുറം 69.

ങ്ങൾക്കു സാംസ്കാരികമായ ഒരടിത്തറ നല്കുകയും ചെയ്താലേ കേരള ക്രൈസ്തവ സമഹത്തിന് 21-ാം നൂറ്റാണ്ടിലെങ്കിലും സർഗ്ഗശേഷി ഉണ്ടാവുകയുള്ളൂ.'[1]

ക്രൈസ്തവ സഭ ക്രിസ്തുവിന്റെ മരണശേഷം വർഷങ്ങൾ കഴിഞ്ഞ് നിർമ്മിച്ചെടുത്ത ദൈവശാസ്ത്രങ്ങളെ അംഗീകരിക്കാൻ സക്കറിയയിലെ യുക്തിവാദി തയ്യാറാവുന്നില്ല. ദൈവശാസ്ത്രപരമായി ചിന്തിക്കുമ്പോൾ പലതും വ്യാജമാണെന്ന് സക്കറിയ പറയുന്നു. ദൈവം ഉണ്ടെന്നതിന് തെളിവുകൾ ആവശ്യപ്പെടുകയാണ് സക്കറിയയുടെ മനസ്സ്. വർഷങ്ങളായി ദൈവശാസ്ത്രം പഠിക്കുന്നവർക്കും യുക്തിപൂർവ്വം തെളിവുകൾ നിരത്താനാവില്ലെന്ന് സക്കറിയ കണ്ടെത്തുന്നു. ഈ കാഴ്ചപ്പാട് പ്രമേയമാക്കി സക്കറിയ രൂപപ്പെടുത്തിയ കഥയാണ് 'ബ്രദർ ലൂക്കോസും പിശാചും.'[2]

"എനിക്കുവേണ്ടത് ദൈവമുണ്ടെന്നതിന് വിശ്വസനീയമായ പത്തുതെളിവുകൾ. അതിലും നന്ന്, ദൈവത്തെകാണിച്ചുതരിക. പറ്റില്ലെങ്കിൽ നീ പ്രാർത്ഥന നിർത്തി ഭാണ്ഡം മുറുക്കി, ആ കൊന്തയും കുരിശും പുസ്തകവുമെല്ലാം എറിഞ്ഞുകളഞ്ഞ് എന്റെ കൂടെ പോരുക."

ദൈവം അറിയാതെ ഒന്നും സംഭവക്കുന്നില്ല എന്നാണ് സഭ വിശ്വാസികളെ പഠിപ്പിക്കുന്നത്. ദൈവത്തിൽ വിശ്വസിക്കുന്ന മനുഷ്യരുടെ ജീവിതത്തിലെ എല്ലാ സംഭവങ്ങളും ദൈവം അറിയുന്നതിനാൽ വിശ്വാസികൾ ഒന്നിനെക്കുറിച്ചും ആകുലപ്പെടേണ്ടതില്ലെന്ന് സഭ പഠിപ്പിക്കുന്നുണ്ട്. ജീവിതത്തിൽ സംഭവിക്കുന്ന അനർത്ഥങ്ങൾ 'ബാർ'[3] എന്ന കഥയിലൂടെ അവതരിപ്പിച്ചുകൊണ്ട് സക്കറിയ ഈ പ്രബോധനത്തിനോടുള്ള അദ്ദേഹത്തിന്റെ മനോഭാവം തുറന്നുകാട്ടുന്നുണ്ട്. കഥയിൽ സംഭവിച്ച

1. സക്കറിയ: ആരാണ് മലയാളി ക്രിസ്ത്യാനി, കലാകൗമുദി, ലക്കം 123, 1999 ഏപ്രിൽ 11, പുറം10.
2. സക്കറിയ: കന്യാകുമാരി, പുറം 23.
3. ടി.പു. പുറം 13.

തൊക്കെയും ദൈവം അറിഞ്ഞുകൊണ്ടു തന്നെയായിരിക്കുമോ നടന്നത്? എന്ന ചോദ്യം കഥാകൃത്തിന്റെ മനസ്സിൽ സൂക്ഷിച്ചിരിക്കുന്ന സഭാ പ്രബോധനങ്ങളോടുള്ള അപ്രിയമാണ്. ശാസ്ത്രീയമല്ലാത്ത സഭാ പ്രബോധനമാണീ കഥയിലെയും പ്രമേയം.

ബൈബിൾ അടുത്തകാലംവരെ നസ്രാണിക്ക് അലഭ്യവും നിഷിദ്ധവുമായിരുന്നു. പ്രാർത്ഥനാ പുസ്തകങ്ങൾ മാത്രമായിരുന്നു അവർക്ക് ലഭിച്ചിരുന്നത്. വേദപുസ്തകങ്ങൾ വായിക്കാനും പഠിക്കാനുമുള്ള ചുമതല പള്ളിക്കുമാത്രമായിരുന്നു. സഭയുടെ സങ്കുചിതമായ ചിന്തയാണ് മനുഷ്യന്റെ നിസ്സാരങ്ങളായ ആനന്ദാനുഭവങ്ങളിൽപോലും പാപബോധത്തിന്റെ വിത്തുകൾ വിതച്ചത്. ഇത്തരത്തിൽ പുസ്തകങ്ങളുടെ ലോകത്തിൽനിന്നുപോലും വിശ്വാസികളെ അകറ്റിനിർത്തുന്ന സഭയോടുള്ള ബുദ്ധിപൂർവ്വമായ മറുപടിയാണ് സക്കറിയയുടെ 'ഒരു നസ്രാണിയുവാവും ഗൗളിശാസ്ത്രവും.'[1] അരുതുകളുടെ മതമായ ക്രിസ്തുമതത്തിലെ അനാവശ്യമായ വിലക്കുകുകൾ വരുത്തിവെക്കുന്ന അപകടങ്ങളാണ് ഈ കഥയിലുള്ളത്. "വായനയിൽനിന്നും ചിന്തയിൽനിന്നും അകറ്റി നിർത്തപ്പെട്ട ഒരുജനതയുടെ ബൗദ്ധികവന്ധ്യതയാണ് വിചിത്രമായി പാരായണൗത്സുക്യമായി മാത്തുക്കുട്ടിയിൽ വെളിപ്പെടുന്നത്."[2]

ക്രിസ്തുവിന്റെ ജീവിതത്തിലെ പല സംഭവങ്ങൾക്കും തങ്ങളുടേതായ വ്യാഖ്യാനങ്ങൾ നല്കി സഭ ദൈവശാസ്ത്രം നിർമ്മിച്ചിരിക്കുന്നു. പ്രതികരിക്കാത്ത കുഞ്ഞാടുകളെ മാത്രം വിഭാവനം ചെയ്യുന്ന സഭയുടെ കാഴ്ചപ്പാടുകൾ വിശ്വാസികളിൽ വരുത്തിവെച്ചിട്ടുള്ള വിപത്തുകൾ എന്തൊക്കെയാണെന്ന് കാണിച്ചുതരുന്നതിനാണ് സഭയുടെ പ്രബോധനങ്ങളെ പ്രമേയമാക്കിക്കൊണ്ടുള്ള കഥകളിൽ സക്കറിയ ചെയ്തിരിക്കുന്നത്. ക്രിസ്തു ഉപമകളിലൂടെ പറഞ്ഞ പല സംഭവങ്ങളും ക്രസ്തുശിഷ്യർക്ക്

1. സക്കറിയ: ഒരു നസ്രാണിയുവാവും ഗൗളിശാസ്ത്രവും, 1991, പുറം 11.
2. ഡോ.കെ.വി.തോമസ്: ഒരു നസ്രാണി എഴുത്തുകാരനും, വേദപുസ്തകവും, സാംസ്കാരിക വികാരം സാഹിത്യമാസിക, പുസ്തകം 1, ലക്കം 8, ഏപ്രിൽ 2003, പുറം 149.

മനസ്സിലാക്കാൻ കഴിഞ്ഞില്ല. ഇന്ന് വർഷങ്ങൾക്കുശേഷവും ക്രിസ്തുവിന്റെ വചനങ്ങളെ പഴമട്ടിൽത്തന്നെ സ്വീകരിക്കുകയും, അപഗ്രഥിക്കുകയും ചെയ്യാതെ പുതിയ അർത്ഥതലങ്ങൾ കണ്ടെത്താനും പ്രബോധനങ്ങൾ നല്കാനുമുള്ള ആഹ്വാനമാണീ കഥകളിലൂടെ മുഴങ്ങുന്നത്.

### 2.5. ദിവ്യബലിയും പ്രാർത്ഥനയും പ്രമേയമാക്കിയ കഥകൾ

ബൈബിൾ പഴയനിയമത്തിൽ പരാമർശിക്കപ്പെടുന്ന മൃഗബലിയുടെ സ്ഥാനത്ത് പുതിയ നിയമത്തിൽ ക്രിസ്തുതന്നെയാണ് ബലിയർപ്പിക്കപ്പെടുന്നത്. അതോടുകൂടി ബലിയർപ്പണം പൂർത്തിയാവുകയാണ്. പിന്നീട് ക്രിസ്തുവിന്റെ ബലിയർപ്പണത്തിന്റെ സ്മരണ പുതുക്കുകയാണ് ഓരോ ബലിയിലും ചെയ്യപ്പെടുന്നത്. 'സക്കറിയയുടെ ഓരോ കഥയും ഓരോ ബലിയെക്കുറിച്ചാണ്. പക്ഷേ ബലി ഇവിടെ സാധാരണവും അർത്ഥരഹിതവുമാകുന്നു.'[1]

ക്രിസ്തു സ്വയം ബലിയായി കാൽവരിയിൽ അർപ്പിക്കപ്പെടുന്നതിനുമുമ്പ് ശിഷ്യരോടൊപ്പം പെസഹ ഭക്ഷിക്കുന്നുണ്ട്. ആ സമയത്ത് യേശു "അപ്പമെടുത്ത്, കൃതജ്ഞതാസ്ത്രോത്രം ചെയ്ത്, മുറിച്ച്, അവർക്കു കൊടുത്തുകൊണ്ട് അരുളി ചെയ്തു: ഇതു നിങ്ങൾക്കുവേണ്ടി നല്കപ്പെടുന്ന എന്റെ ശരീരമാണ്. എന്റെ ഓർമ്മയ്ക്കായി ഇതു ചെയ്യുവിൻ. അപ്രകാരംതന്നെ അത്താഴത്തിനുശേഷം അവൻ പാനപാത്രം എടുത്തുകൊണ്ട് അരുളിചെയ്തു. ഈ പാനപാത്രം നിങ്ങൾക്കുവേണ്ടി ചിന്തപ്പെടുന്ന എന്റെ രക്തത്തിലുള്ള പുതിയ ഉടമ്പടിയാണ്."[2] ഈ വാക്യങ്ങൾ തന്നെയാണ് ദിനസേനയുള്ള ദിവ്യബലിയിൽ വൈദികൻ ആവർത്തിക്കുന്നതും. 'സൃഷ്ടി'[3] എന്ന കഥ

1. ആർ.നരേന്ദ്രപ്രസാദ്: *സാംസ്കാരികവികാരം സാഹിത്യമാസിക*, സക്കറിയ പ തിപ്പ്, പുസ്തകം 1, ലക്കം 8, ഏപ്രിൽ 2003, പുറം 103.
2. ലൂക്കാ (22,19-21). *പുതിയഉടമ്പടി*, പുറം 93.
3. സക്കറിയ: *ഒരിടത്ത്*, പുറം 93.

യിൽ ദിവ്യബലിയുടെ അന്തരീക്ഷമാണ് നിറഞ്ഞുനിൽക്കുന്നത്. 'വിശ്വാസപ്രമാണ മെന്ന പ്രാർത്ഥനയിലനുസ്മരിക്കുന്ന ക്രിസ്തു പരാമർശങ്ങളും കഥയിൽ ഉണ്ട്. ബുദ്ധി മാനായ മനുഷ്യന് സാത്താന്റെ വിദ്യകൾ ദൈവത്തിന്റെ ആവശ്യത്തിലേയ്ക്കു വള ച്ചൊടിക്കാൻ കഴിയുമെന്ന പ്രത്യാശയിൽ, പിശാചിനുനേരെ ജയിച്ചുയരാൻ സന്യാസി നിർമ്മിച്ച ഇരുമ്പ് തലയോട് സന്യാസിയുടെ സ്വപ്നങ്ങളെ ബലികഴിച്ചുകൊണ്ട് സ്വയം പൊട്ടിത്തെറിക്കുന്നു. സൃഷ്ടികൾക്ക് ജീവൻ നൽകുന്ന ദൈവത്തിന്റെ രഹസ്യം വെളി പ്പെടാതെ അവശേഷിക്കുന്നു.

പഴയനിയമത്തിലെ ബലികൾ ദഹനബലികളാണ്. 'നോഹ കർത്താവിന് ഒരു ബലിപീഠം നിർമ്മിച്ചു. ശുദ്ധിയുള്ള എല്ലാ മൃഗങ്ങളിലും പക്ഷികളിലുംനിന്ന് അവൻ അവിടുത്തേക്ക് ഒരു ദഹനബലിയർപ്പിച്ചു.'[1] പുതിയ നിയമത്തിൽ യേശു തന്റെ ജീവിത ബലിയർപ്പണത്തിനുശേഷം പുനരുത്ഥാനം ചെയ്യുന്നുണ്ട്. "സാബത്തു കഴിഞ്ഞപ്പോൾ മഗ്ദലേനറിയവും യാക്കോബിന്റെ അമ്മയായ മറിയവും സലോമിയും അവനെ അഭി ഷേകം ചെയ്യുന്നതിനുവേണ്ടി സുഗന്ധദ്രവ്യങ്ങൾ വാങ്ങി. ആഴ്ചയുടെ ആദ്യദിവസം അതിരാവിലെ, സൂര്യനുദിച്ചപ്പോൾത്തന്നെ, അവർ ശവകുടീരത്തിലങ്കലേക്കുപോയി. അവർ തമ്മിൽ പറഞ്ഞു: ആരാണ് നമുക്കുവേണ്ടി ശവകുടീരത്തിന്റെ വാതിൽക്കൽനിന്ന് കല്ല് ഉരുട്ടിമാറ്റുക? എന്നാൽ അവർ നോക്കുമ്പോൾ ആ കല്ല് ഉരു ട്ടിമാറ്റിയിരിക്കുന്നു. അതുവളരെ വലുതായിരുന്നുതാനും. അവർ ശവകുടീരത്തിനു ള്ളിൽ പ്രവേശിച്ചപ്പോൾ വെള്ളവസ്ത്രം ധരിച്ച ഒരു യുവാവ് വലത്തുഭാഗത്തിരിക്കു ന്നതുകണ്ടു. അവർ വിസ്മയിച്ചുപോയി. അവൻ അവരോടു പറഞ്ഞു: നിങ്ങൾ അത്ഭു തപ്പെടേണ്ട. കുരിശിൽ തറയ്ക്കപ്പെട്ട നസറായനായ യേശുവിനെ നിങ്ങൾ അന്വേഷി ക്കുന്നു. അവൻ ഉയിർപ്പിക്കപ്പെട്ടിരിക്കുന്നു."[2] ബൈബിൾ പരാമർശിതമായ ബലിയെ

1. ഉൽപത്തി, (8,20-12) *നോഹബലിയർപ്പിക്കുന്നു*, പുറം 7.
2. മാർക്കോസ് (16,1-6) *യേശുവിന്റെ പുനരുത്ഥാനം*, പുറം 58.

യും, പുനരുത്ഥാനത്തെയും, 'പ്രപഞ്ചത്തിന്റെ അവശിഷ്ടങ്ങൾ'[1] എന്ന കഥയിൽ ഉപയോഗിച്ചിട്ടുണ്ട്. പൊട്ടക്കിണറ്റിൽവീണ തവളയുടെ മനസ്സിൽ നിറഞ്ഞുനിന്നിരുന്ന ഓർമ്മകളെ പുനരുത്ഥാനം ചെയ്ത ദൈവം ഒരു ബലിയെ എന്ന പോലെ ദഹിപ്പിച്ച് തന്നിലേക്കാവാഹിക്കുന്നു. പുതിയലോകം തേടിയിറങ്ങിയതവളക്ക് തന്റെ ജീവിതം തന്നെ അതിന്റെ സകലസ്വപ്നങ്ങളോടും, പ്രതീക്ഷകളോടുംകൂടി ബലിയായി മാറ്റേണ്ടിവരുന്നു. ബലിയായി അർപ്പിക്കപ്പെടുമ്പോഴും പുനരുത്ഥാനത്തിന്റെ പ്രതീക്ഷയും കഥയിൽ ഉണ്ട്. ക്രിസ്തുബലിയും, പുനരുത്ഥാനവുമാണീ കഥക്കാസ്പദം.

മനുഷ്യവംശത്തെ മുഴുവനും പാപങ്ങളിൽനിന്നും രക്ഷപ്പെടുത്താൻ സ്വയം ബലിയായി തീരുകയാണ് ക്രിസ്തു. വംശരക്ഷയുടെ ഈ ബലിതന്നെയാണ് 'ഒരിടത്ത്'[2] എന്ന കഥയിലെ തവളയിലും കാണുന്നത്. വംശത്തിന്റെ നിലനിൽപ്പിനുവേണ്ടി പൂച്ചകൾക്ക് ബലിയാവാൻ നറുക്കുവീണ തവളയുടെ മനസികഭാവങ്ങളാണീ കഥയിലുള്ളത്. ആധുനിക മനുഷ്യന്റെ അസ്ഥിത്വദുഃഖമാണീ കഥയിലുള്ളത്.

'ബാർ'[3] എന്ന കഥയിലെ മരണാസന്നനായ കുട്ടി ഒരു ബലിയുടെ സർവ്വഭീതിയോടും, ദയനീയതയോടും കൂടി സംഘത്തിലെ മറ്റു കുട്ടികൾക്കുവേണ്ടി ബലിമൃഗമായി മാറുകയാണ്. പഴയനിയമത്തിലെ അബ്രഹാമിനോട് ഏകപുത്രനായ ഇസഹാക്കിനെ ബലിയർപ്പിക്കാൻ ദൈവം കല്പിക്കുന്നുണ്ട്. എന്നാൽ ഏകപുത്രനുപകരം കുഞ്ഞാടിനെ ബലി നല്കി ദൈവം പുത്രനെ രക്ഷിക്കുന്നു. കഥയിൽ ബലിയർപ്പിക്കപ്പെടുന്ന കുട്ടിയുടെ ദയനീയ ചിത്രം ബൈബിൾ പരാമർശിതമായ ബലികളെയെല്ലാം അതിന്റെ ഭീതിയോടെയും, സമീപസ്ഥമായ തീഷ്ണതയോടെയും ഉൾക്കൊള്ളാൻ പ്രേരണയാകുന്നു.

1. സക്കറിയ: *ഒരിടത്ത്*, പുറം 105.
2. ടി.പു. പുറം 98.
3. സക്കറിയ: *കന്യാകുമാരി,* പുറം 66.

പൗരോഹിത്യജീവിതം തിരഞ്ഞെടുക്കുന്ന വൈദികർ അവരുടെ ജീവിതം ക്രിസ്തുവിനോടുകൂടി ബലിയായർപ്പിക്കുകയാണ് ചെയ്യുന്നത്. ജീവിതത്തിൽ ലഭ്യ മാകാമായിരുന്ന സർവ്വലൗകികസുഖങ്ങളും, കുടുംബബന്ധങ്ങളും, പുരോഹിതൻ ബലികഴിക്കുന്നു. രണ്ടു പുരോഹിതന്മാർ കഥാപാത്രമായി വരുന്ന 'ജോസഫ് ഒരു ൽപുരോഹിതനി'[1]ൽ ബലിയർപ്പണത്തിന്റയും, പ്രാർത്ഥനകളുടെയും പ്രമേയമാണു ള്ളത്. ദൈവം നമ്മെ തിരിച്ചു സ്നേഹിക്കുന്നുണ്ടോ എന്ന് അറിയാൻ പ്രയാസ മാണ്. പക്ഷേ ആ അറിവില്ലായ്മയാണ് വിശ്വാസത്തിന്റെ വീരസാഹസം എന്ന ആശയം കഥയിലുണ്ട്.

കരിസ്മാറ്റിക് രീതിയിലുള്ള പ്രാർത്ഥനകളും, ധ്യാനങ്ങളും ക്രൈസ്തവസഭ യിൽ ആരംഭിച്ചകാലം. ജീവിതത്തിൽ എന്തു സംഭവിച്ചാലും എല്ലാം നല്ലതിനാണെന്നു കരുതി സ്വീകരിക്കുകയും 'പ്രെയ്സ് ദി ലോർഡ്' എന്നു പറയുകയും ചെയ്യണമെന്ന് ധ്യാനത്തിനു നേതൃത്വം നല്കുന്ന ധ്യാന ഗുരുക്കന്മാരായ വൈദികർ പറഞ്ഞിരു ന്നു. കൈകളുയർത്തിയും പരസ്പരം തലയിൽ കൈവെച്ചും പ്രാർത്ഥിക്കുന്ന രീതി യും, കരിസ്മാറ്റിക് ധ്യാനത്തിന്റെ ഭാഗമായിരുന്നു. ഈ ധ്യാനരീതിയുടെ ആശയം ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള കഥയാണ് 'പ്രെയ്സ് ദി ലോർഡ്'.[2] ധ്യാനംകൂടി ദൈവ ഹിതം തിരിച്ചറിയാമെന്നുള്ള വിശ്വാസത്തിന്റെ വിശ്വാസ്യതയെയും കഥയിൽ ഉപ യോഗിച്ചിട്ടുണ്ട്. പുരുഷൻ പരാജയമടയുന്നിടത്ത് സ്ത്രീ ശക്തിയാർജ്ജിക്കുന്ന കഥ എന്നനിലയ്ക്കും 'പ്രെയ്സ് ദി ലോർഡ്' ശ്രദ്ധേയമായിട്ടുണ്ട്.

ജീവിതത്തിൽ ചെയ്തിട്ടുള്ള പാപങ്ങൾക്ക് പരിഹാരം ലഭിക്കാൻ ഉത്തമമായ മനസ്താപത്തോടെ പാപങ്ങൾ ഏറ്റുപറഞ്ഞു കമ്പസാരിച്ചാൽ മതിയെന്നാണ്

1. സക്കറിയ: *ജോസഫ് ഒരു പുരോഹിതൻ*, 1997.
2. സക്കറിയ: *പ്രെയ്സ് ദി ലോർഡ്*, 1999.

ക്രൈസ്തവ സഭ പഠിപ്പിക്കുന്നത്. കുമ്പസാരത്തോടനുബന്ധിച്ച് ചൊല്ലേണ്ടതായ പ്രാർത്ഥനകളും സഭ വിശ്വാസികൾക്ക് ചിട്ടപ്പെടുത്തി നല്കിയിട്ടുണ്ട്. 'സിയോൻ സഞ്ചാരി'[1] എന്ന കഥയിൽ കുമ്പസാരമാണ് ഇതിവൃത്തരൂപീകരണത്തിന് സഹായ കമായിട്ടുള്ളത്. കുറ്റംചെയ്തവനും, കുറ്റം ചെയ്യാൻ പ്രേരണ നല്കിയവനും പാപ ങ്ങൾ ഏറ്റുപറഞ്ഞ് പാപമോചനം നേടുന്ന രംഗം ഹാസ്യാത്മകമായി കഥയിൽ പറ യുന്നു.

രാത്രിയിൽ ഉറങ്ങാൻ പോകുന്നതിനു മുമ്പായ് അന്നേദിവസം ദൈവം ചെയ്തു തന്ന നന്മകൾക്കെല്ലാം നന്ദി പറഞ്ഞുകൊണ്ട് പാടുന്ന പാട്ടാണ് 'ഞാനുറങ്ങാൻ പോകുംമുമ്പായ്.' പലപ്പോഴും ഭൗതിക സൗകര്യങ്ങൾ മക്കൾക്ക് ഒരുക്കികൊടുക്കു മ്പോഴും ആത്മീയ കാര്യങ്ങൾ പറഞ്ഞു കൊടുക്കാനും, ദൈവത്തെക്കുറിച്ച് പറയാനും മനുഷ്യർക്ക് സമയം കിട്ടുന്നില്ല. സമയം ഒരു സാധാരണ പ്രശ്നം മാത്രമാണെന്നും ദൈവത്തെ മറക്കരുതെന്നും ഓർമ്മിപ്പിക്കുന്ന കഥയാണ് 'ഞാനുറങ്ങാൻ പോകും മുമ്പായ്.'[2]

സക്കറിയയുടെ കഥകളുടെ പ്രമേയത്തിൽ ബലിയർപ്പണവും, പ്രാർത്ഥനയും സ്വാധീനം ചെലുത്തിയിട്ടുണ്ട്. സക്കറിയയുടെ മികച്ച കഥകളിൽ ബലിയർപ്പണം പലപ്പോഴും പ്രത്യക്ഷമായും പരോക്ഷമായും കടന്നുവന്നിട്ടുണ്ട്. ബലിയർപ്പണത്തിന്റെ ആത്മീയതേജസ്സ് ഭൗതികവിഷയങ്ങളെ അതിജീവിക്കുന്നു.

**2.6. പ്രമേയരൂപീകരണത്തിൽ ബൈബിൾ മിത്തുകൾ**

സാഹിത്യകാരനും, ചിത്രകാരനും, ശില്പിയുമെല്ലാം ബൈബിൾ മിത്തുകളെ പ്രയോജനപ്പെടുത്താറുണ്ട്. പുരാണേതിഹാസങ്ങൾ ഇതിവൃത്തമാക്കി രൂപംകൊണ്ട്

1. സക്കറിയ: *കണ്ണാടികാണ്മോളവും*, 1998, പുറം 22.
2. ടി.പു.പുറം 37.

ആദിസാഹിത്യ കൃതികളെല്ലാം മിത്തുകൊണ്ടലംകൃതങ്ങളായിരുന്നു. നമ്മുടെ നാടോടിക്കഥകളിലും, മുത്തശ്ശിക്കഥകളിലും നിർലോഭം കടന്നുവന്ന മിത്തുകൾ കഥാലോകത്തെ ആകർഷകമാക്കുന്നു. സക്കറിയ കഥകളിലും ബൈബിളിൽ നിന്നും നിരവധി മിത്തുകൾ സ്വീകരിച്ചിട്ടുണ്ട്.

നിരപരാധിയായിരുന്നിട്ടും കുറ്റംവിധിക്കപ്പെട്ട് മരണശിക്ഷയേറ്റുവാങ്ങേണ്ടിവന്ന യേശുവിന്റെ യാതനകളുടെ പൂർത്തീകരണമാണ് 'ഗാഗുൽത്തായിലെ കുരിശുമരണം'. ദുഃഖവെള്ളിയാഴ്ചകളിൽ ക്രൈസ്തവർ യേശുവിന്റെ പീഡാസഹനങ്ങളെ അനുസ്മരിച്ചുകൊണ്ട് കുരിശുകളും ചുമന്ന് കുരിശുമലകളിൽ കയറാറുണ്ട്. സമീപസ്ഥലങ്ങളായ മലകളിൽ കുരിശുനാട്ടി ഓരോ ഇടവകയിലുംഉള്ള ക്രിസ്ത്യാനികൾ 'കുരിശുമല'കളാക്കി മാറ്റുന്നു. ബൈബിൾ പരാമർശിതമായ ഒരു മിത്താണ് 'കുരിശുമല'. ജീവിതദുഃഖങ്ങളുടെ കുരിശുംപേറി കുരിശുമല കയറുന്ന കഥാപാത്രങ്ങൾ നമുക്ക് ചുറ്റുമുണ്ട്. സക്കറിയയുടെ 'കുരിശുമലമുകളി'[1]ൽ എന്ന കഥയിൽ ഇടവകഭരിക്കുന്ന വൃദ്ധവൈദികൻ ചെകുത്താനെതിരെയുള്ള യുദ്ധത്തിന് വിശ്വാസത്തിന്റെ ശാന്തതയുമായി കുരിശുമലമുകളിലേക്ക് യാത്ര ചെയ്യുകയാണ്. കഥയുടെ പ്രമേയരൂപീകരണത്തിന് 'കുരിശുമല' എന്ന മിത്ത് പ്രയോജനപ്പെടുത്തിയിരിക്കുന്നു.

ക്രൈസ്തവ വിശ്വാസമനുസരിച്ച് പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്ന് മൂന്നുപേർ കൂടിച്ചേർന്ന് ഒന്നായിത്തീരുന്നതാണ് ദൈവം. പരിശുദ്ധ 'ത്രിത്വം' എന്ന വാക്കുകൊണ്ടാണ് ഈ ആശയം സൂചിപ്പിക്കുന്നത്. ക്രൈസ്തവീയമായ ഒരു മിത്താണ് 'ത്രിത്വം'. ഇവരിൽ ആരാണ് വലിയവൻ എന്നോ, മൂന്നുപേർ ചേർന്ന് എങ്ങനെ ഒന്നായിരിക്കുന്നുവെന്നോ ഉള്ളചോദ്യത്തിന് യുക്തിപരമായോ, ബുദ്ധിപരമായൊ

1. സക്കറിയ: *ഒരിടത്ത്*, പുറം 226.

അർത്ഥം കണ്ടെത്താനാവില്ല. വിശ്വാസികൾ വിശ്വസത്തിന്റെ ഉൾക്കണ്ണുകൾകൊണ്ട് 'ത്രിത്വ'ത്തിന്റെ നിഗൂഢത ഉൾക്കൊള്ളുന്നു. 'ത്രിത്വം' എന്ന മിത്ത് 'മൂന്നാംകിട സാഹിത്യത്തിന്റെ അന്ത്യം'[1] എന്ന കഥയുടെ പ്രമേയത്തിൽ ഉപയോഗിച്ചിട്ടുണ്ട്. ദൈവത്തിലെ മൂന്നാളുകളുടെ സ്ഥാനത്ത് സാഹിത്യസൃഷ്ടികളെ നിലവാരമനുസരിച്ച് മൂന്നായി കാണുന്നു. ദൈവത്തിലെന്നപോലെ സാഹിത്യത്തിലും ഇവ മൂന്നല്ല ഒന്നാണെന്ന് പറയുകയും ചെയ്യുന്നു. വിരുദ്ധോക്തപരമാണെങ്കിലും കഥാകൃത്തിനു പറയാനുള്ള ആശയം ഉൾക്കൊള്ളിക്കാൻ ഈ മിത്തിലൂടെ കഴിഞ്ഞിരിക്കുന്നു.

ഈ ലോകത്ത് മനുഷ്യർ ചെയ്യുന്ന പ്രവൃത്തികൾക്കനുസരിച്ചുള്ള പ്രതിഫലമാണ് പരലോകത്തു ലഭിക്കുക എന്നാണ് ക്രൈസ്തവസങ്കല്പം. പരലോകത്തെ സ്വർഗ്ഗം തേടുമ്പോൾതന്നെ ഇഹലോകത്തിലും ജീവിച്ചുപോകുന്നു. ഉഭയവ്യക്തിത്വത്തിന്റെ ഈ പ്രതീകാത്മകമായ മിത്ത് 'പ്രപഞ്ചത്തിന്റെ അവശിഷ്ടങ്ങൾ'[2] എന്ന കഥയിലുണ്ട്. അരുവിക്കരയിൽനിന്നും യാത്രയാവുന്ന തവള തന്റെ ദർശനത്തിന്റെ അപൂർണത ബോധ്യമാവുമ്പോൾ മടക്കയാത്രയാരംഭിക്കുന്നു. മടക്കയാത്ര ആദ്യയാത്രയുടെ തുടർച്ചയാവുന്നു. പുതിയലോകം സ്വപ്നംകണ്ട തവള താൻ ചെന്നുപെട്ട ലോകമാണ് തന്റെ ലോകം വേറെ ലോകമില്ലെന്ന് തിരിച്ചറിയുന്നു. ഭൂമിയിൽ ജീവിക്കുമ്പോൾ  സ്വർലോകം സ്വപ്നം കാണുന്ന മനുഷ്യരോട് അവർ നയിക്കുന്ന ജീവിത്തിന്റെ തുടർച്ചതന്നെയാണ് സ്വർലോകജീവിതമെന്നും അവർക്കു ചുറ്റുമുള്ള ലോകം തന്നെയാണ് അവരുടെ പുതിയലോകം എന്നുമുള്ള തന്റെ തിരിച്ചറിവ് പങ്കുവെക്കുകയാണീ കഥയിൽ. "പ്രപഞ്ചത്തിന്റെ അവശിഷ്ടങ്ങൾ എന്ന കഥ പ്രതിരൂപാത്മകത കൊണ്ട് ഒരു മിത്തിന്റെ സ്വഭാവം ഉൾക്കൊള്ളുന്നതായി"[3] ഡോ. മാത്യു ഇലഞ്ഞി നിരീക്ഷിക്കുന്നുണ്ട്.

1. സക്കറിയ: *ഒരു നസ്രാണിയുവാവും ഗൗളിശാസ്ത്രവും*, 1991, പുറം 72.
2. സക്കറിയ: *ഒരിടത്ത്*, പുറം 105.
3. ഡോ. മാത്യു ഇലഞ്ഞി: സക്കറിയ-ചില ചിന്തകളുടെ അവശിഷ്ടങ്ങൾ, *സാംസ്കാരികവികാരം സാഹിത്യമാസിക*, പുസ്തകം1 ലക്കം8 ഏപ്രിൽ 2003, പുറം 62.

മനുഷ്യൻ അനുഭവിക്കുന്ന എല്ലാ കഷ്ടപ്പാടുകളുടെയും കാരണമെന്തെന്ന് അന്വേഷിക്കുന്ന മനുഷ്യന് ഉത്തരം നല്കുന്ന മിത്താണ് 'പറുദീസ'. "അവിടുന്ന് കിഴക്ക് ഏദനിൽ ഒരു തോട്ടം ഉണ്ടാക്കി, താൻ രൂപംകൊടുത്ത മനുഷ്യനെ അവിടെ താമസിപ്പിച്ചു. കാഴ്ചയ്ക്ക് കൗതുകവും ഭക്ഷിക്കാൻ സ്വാദുള്ള പഴങ്ങൾ കായ്ക്കുന്ന എല്ലാത്തരം വൃക്ഷങ്ങളും അവിടുന്നു മണ്ണിൽനിന്നു പുറപ്പെടുവിച്ചു. നന്മ തിന്മകളെ ക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിന്റെ ഫലം നീ തിന്നരുത്. തിന്നുന്നദിവസം നീ മരിക്കും. ദൈവകല്പന ലംഘിച്ച മനുഷ്യനെ ദൈവം തോട്ടത്തിനു പുറത്താക്കി."[1] പറുദീസ എന്ന മിത്തിനെ ഉപയോഗപ്പെടുത്തികൊണ്ടാണ് 'നമ്മുടെ പറുദീസാ നഷ്ടം'[2] എന്ന കഥയ്ക്കുരൂപം നല്കിയത്. പറുദീസയിൽ കഴിഞ്ഞിരുന്ന മനുഷ്യർ ഇന്ന് അവൻ ഭയപ്പെടുന്ന വന്യമൃഗങ്ങളോടെല്ലാം ഇണങ്ങിയാണ് കഴിഞ്ഞിരുന്നത്. ഒന്നിനെയും അവൻ ഭയന്നിരുന്നില്ല. കഥയിലും ഇതേ പ്രമേയംതന്നെയാണ്. എലികൾ ഒന്നിനെയും ഭയപ്പെട്ടിരുന്നില്ല. പറുദീസയിലെ മനുഷ്യർക്കെന്നപോലെ എലികൾക്കും പ്രവൃത്തി ദോഷം കൊണ്ടാണ് എല്ലാം നഷ്ടമാകുന്നത്.

കൂടുതൽ സുഗമമായും വിശദീകരിച്ചും ആശയങ്ങൾ വ്യക്തമാക്കാനാണ് മിത്തു കൾ പ്രയോജനപ്പെടുന്നത്. സക്കറിയയും തന്റെ കഥകളിലെ ആശയവ്യക്തതയ്ക്കു വേണ്ടി ബൈബിൾ മിത്തുകളെ ഉപോയിഗിച്ചിരിക്കുന്നു. പുതുമയുള്ള പ്രമേയസ്വീക രത്തിൽ പുതുമയോടെതന്നെ മിത്തുകളെയും ഉൾപ്പെടുത്തിയിരിക്കുന്നു. വിശാലമായി നോക്കിക്കാണുമ്പോൾ ബൈബിൾ കഥകൾ എല്ലാംതന്നെ മതപരമായ മിത്തുകളാ ണ്. ബൈബിൾ പ്രമേയങ്ങൾ കൈകാര്യം ചെയ്തിട്ടുള്ള സക്കറിയകഥകളും മിത്തു കളുടെ സ്വാധീനമുള്ള കഥകളായി മാറുന്നു.

1. ഉൽപത്തി, ഏദൻതോട്ടം (2,5–17) *ബൈബിൾ*, പുറം 3.
2. സക്കറിയ: *ആർക്കറിയാം*, പുറം 44.

**2.7. ബൈബിൾ പരാമർശിത സംഭവങ്ങൾ പ്രമേയമാക്കിയ കഥകൾ**

ക്രിസ്തുവിന്റെ ജീവിതകാലത്തിനുശേഷം വർഷങ്ങൾ കഴിഞ്ഞ് ശിഷ്യന്മാർ അവർ പറഞ്ഞുകേട്ട കഥകൾവെച്ച് എഴുതിയതാണ് സുവിശേഷം. ക്രിസ്തുജീവിതത്തിലെ പല സംഭവങ്ങളും രേഖപ്പെടുത്താതെ പോയിട്ടുണ്ടാകും. ബൈബിൾ പരാമർശിത സംഭവങ്ങളുടെ വെളിച്ചത്തിൽ തന്റെ ഭാവന സൃഷ്ടിയായി പല കഥകളും സക്കറിയ രചിച്ചിട്ടുണ്ട്.

യേശുവിന്റെ ജനനവുമായി ബന്ധപ്പെട്ട് ബൈബിളിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ഉപയോഗപ്പെടുത്തികൊണ്ട് സക്കറിയ മെനഞ്ഞെടുത്ത കഥയാണ് 'ആർക്കറിയാം'.[1] "ഹേറോദേസ് രാജാവിന്റെ കാലത്ത് യൂദയായിലെ ബേത്‌ലേഹെമിൽ യേശു ജനിച്ചപ്പോൾ പൗരസ്ത്യദേശത്തുനിന്നു ജ്ഞാനികൾ ജറുസലേമിലെത്തി. അവർ അന്വേഷിച്ചു: എവിടെയാണ് യഹൂദന്മാരുടെ രാജാവായി ജനിച്ചവൻ? ഞങ്ങൾ കിഴക്ക് അവന്റെ നക്ഷത്രം കണ്ട്അവനെ ആരാധിക്കാൻ വന്നിരിക്കുകയാണ്. ഇതുകേട്ട് ഹേരോദേസ് രാജാവ് അസ്വസ്ഥനായി; അവനോടൊപ്പം ജറുസലെം മുഴുവനും?"

'......കർത്താവിന്റെ ദൂതൻ സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട് ജോസഫിനോടു പറഞ്ഞു: എഴുന്നേറ്റു ശിശുവിനെയും അമ്മയെയും കൂട്ടി ഈജിപ്തിലേക്കു പലായനം ചെയ്യുക. ഹേറോദേസ് ശിശുവിനെ വധിക്കാൻ വേണ്ടി ഉടനെഅന്വേഷണം തുടങ്ങും'

'........ഹേറോദേസ് രോഷാകുലനായി. അവരിൽനിന്നു മനസ്സിലാക്കിയ സമയമുസരിച്ച് അവൻ ബേത്‌ലെഹെമിലെയും സമീപ പ്രദേശങ്ങളിലേയും രണ്ടും അതിൽ താഴെയും വയസ്സുള്ള എല്ലാ ആൺകുട്ടികളെയും ആളയച്ചു വധിച്ചു.'[2]

1. സക്കറിയ: *ആർക്കറിയാം*, 1998, പുറം 9.
2. മത്തായി 2,1017. *ജ്ഞാനികളുടെ സന്ദർശനം,* ഈജിപ്തിലേക്കുള്ള പലായനം, 1995, പുറം 2.

ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്ന കാര്യങ്ങളുടെ തുടർച്ചയെന്നപോലെ യാണ് ആർക്കറിയാം എന്ന കഥ എഴുതിയിരിക്കുന്നത്. ഹെറോദേസ് ശിശുക്കളെ വധിക്കാൻ നിയോഗിച്ച പട്ടാളക്കാരൻ കൃത്യനിർവ്വഹണ ശേഷം വേശ്യാലയത്തിൽ വിശ്രമിക്കാനെത്തുന്നു. അയാളുടെ കണ്ണിൽപെടാതെ യേശുവിനെയും കൊണ്ട് ജോസഫും മേരിയും രക്ഷപ്പെടുകയാണ്. ആരും സംശയിക്കാത്ത വേശ്യാലയത്തിൽ അഭയം തേടിയതായിരുന്നു അവർ. വേശ്യകളോടു കരുണ കാണിച്ച യേശുവിന്റെ ജീവിതത്തിൽ ഇങ്ങനെയും ഒരു സംഭവം ഉണ്ടായിട്ടുണ്ടാവും എന്ന് സക്കറിയയിലെ കഥാകാരൻ ചിന്തിക്കുന്നു. ക്രിസ്തു വേശ്യകളുടെയും കൂടി രക്ഷകനായിരുന്നുവല്ലൊ?

ക്രിസ്തുവിന്റെ ജനനം പാപികളെ രക്ഷിക്കാനായിരുന്നു. ഇന്നും ആ ജനനത്തിന്റെ സന്ദേശം പാപികളെ മാനസാന്തരപ്പെടുത്തികൊണ്ടിരിക്കുന്നു. ക്രിസ്മസ്സ് ദിന സന്ദേശം ഉൾക്കൊണ്ട് എഴുതിയതാണ് 'ഒരു ക്രിസ്മസ്കഥ'.[1] വഴിതെറ്റി ജീവിച്ച സിദ്ധാർത്ഥനും, പത്രോസും ക്രിസ്തുമസ് ദിനത്തിൽ തങ്ങളുടെ പാപങ്ങളെക്കുറിച്ച് ദുഃഖിക്കുന്നു. ഒരു സ്ത്രീ എങ്ങനെ വേശ്യായകുന്നു എന്നവർ ചിന്തിക്കുന്നതോടൊപ്പം വേശ്യകളെ സഹതാപത്തോടെ തിരിച്ചറിഞ്ഞ യേശുവിന്റെ ചിന്തകളും ഈ കഥയ്ക്ക് പ്രേരകമായിട്ടുണ്ട്. വ്യംഗ്യാർത്ഥദ്യോതകമായ കഥയാണിത്. "ജീവസ്രോതസ്സായ ദൈവത്തിൽനിന്ന് പാപംമൂലം അകന്നുപോയ മനുഷ്യസമൂഹത്തെ തന്നിലേക്കടുപ്പിക്കുന്നതിനു ദൈവം നടത്തിയ നിരന്തരശ്രമങ്ങളുടെ ചരിത്രമാണ് രക്ഷാചരിത്രം. ദൈവിക വാഗ്ദാനങ്ങളുടെ പൂർത്തീകരണമാണ് പുതിയ നിയമത്തിന്റെ പ്രമേയമായ ക്രിസ്തു സംഭവം."[2]

---

1. സക്കറിയ: *സക്കറിയയുടെ പെൺകഥകൾ*, പുറം 47.
2. ആമുഖം, *ബൈബിൾ പുതിയനിയമം*, 1995.

ബൈബിൾ പരാമർശിത സംഭവങ്ങളിലൂടെ സക്കറിയ കണ്ടെത്തിയ ക്രിസ്തു വിനെ തന്റേതാക്കി മാറ്റി മാനുഷികവശത്തിന് പ്രാധാന്യം നല്കി നിർമ്മിച്ചെ ടുത്തതാണ് 'അന്നമ്മടീച്ചർ ഓരോർമ്മക്കുറിപ്പ്'.[1] സാധാരണ മനുഷ്യനിൽ നിന്നും അകറ്റി ദൂരെ പ്രതിഷ്ഠിക്കേണ്ടവനല്ല ക്രിസ്തു. ഒരു കുടുംബ പശ്ചാത്തലത്തിൽ മനു ഷ്യരുടെ ദുഃഖങ്ങളെല്ലാം അനുഭവിച്ചറിഞ്ഞ യേശുവിന്റെ ജീവിതത്തിൽനിന്നും രൂപ പ്പെടുത്തിയെടുക്കാൻ കഴിയുന്ന ഒരു പ്രമേയമാണിതിലുള്ളത്. എല്ലാ ദുഃഖങ്ങളും അറിയുന്നവനും, സഹായിക്കാൻ കഴിവുള്ളവനുമാണ് ക്രിസ്തുവെന്ന കാഴ്ചപ്പാട് ഈ കഥയ്ക്കുപിന്നിലുണ്ട്. ക്രിസ്തു സാധാരണ ജീവിതം നയിച്ചിരുന്ന സമയത്ത് തന്റെ അമ്മയെയും, തനിക്കുചുറ്റുമുണ്ടായിരുന്ന മനുഷ്യരെയും മനസ്സിലാക്കിയിരു ന്നുവെന്ന്കഥാകൃത്ത് ചിന്തിക്കുന്നു. ഒരുസാധാരണ പ്രമേയത്തെപോലും അസാധാ രണമായ അർത്ഥതലങ്ങളിലേക്കു കൊണ്ടെത്തിക്കാനുള്ള പാടവം സക്കറിയക്കുണ്ട്. മറ്റൊരു സാഹിത്യകാരനും കണ്ടെത്താനാവാത്ത തലങ്ങളിലേക്ക് ഈ പ്രമേയത്തെ കൊണ്ടു ചെന്നെത്തിച്ചിരിക്കുന്നു. ഋജുവും, ലളിതവുമായ രീതിയിൽ ബൈബിളിനെ സമീപിച്ചപ്പോൾ ലഭിച്ച പ്രമേയമാണിത്.

ആദിയിൽ പ്രപഞ്ചം സൃഷ്ടിച്ച ദൈവം താൻ സൃഷ്ടിച്ച വസ്തുക്കൾക്കൊക്കെയും നാമകരണം നടത്തുന്നുണ്ട്. "ദൈവം അരുളിചെയ്തു: വെളിച്ചം ഉണ്ടാകട്ടെ. വെളിച്ചം ഉണ്ടായി. വെളിച്ചം നല്ലതെന്നു ദൈവം കണ്ടു. അവിടുന്ന് വെളിച്ചത്തെ ഇരുളിൽനിന്നു വേർതിരിച്ചു. വെളിച്ചത്തിനു പകലെന്നും ഇരുളിനു രാത്രിയെന്നും പേരിട്ടു."[2] ബൈബിൾ പരാമർശിതമായ ഈ വാക്യങ്ങളിൽനിന്നും സക്കറിയ ചില കാഴ്ചപ്പാടു കളിലെത്തുന്നു. സൃഷ്ടിക്ക് അർത്ഥം നല്കുന്നത് നാമകരണമാണ്. പേരില്ലാത്തവ

1. സക്കറിയ: *സക്കറിയയുടെ പെൺകഥകൾ*, പുറം 69.
2. *ഉൽപത്തി,* 1,1-5, പുറം 2.

നായ ദൈവമാണ് എല്ലാ പേരിന്റെയും ഉടമ. പ്രപഞ്ചത്തിന്റെ പിടികിട്ടാത്ത നാമങ്ങൾക്ക് പിന്നാലെയാണ് എഴുത്തുകാരൻ ഓടുന്നത്. ഈ കാഴ്ചപ്പാടുകളെ 'രാധ രാധ മാത്രം'[1] എന്ന് നാമകരണം ചെയ്ത കഥയാക്കി മാറ്റി.

യേശുവിനെ മരണശിക്ഷയ്ക്കു വിധിക്കുന്നതിനുമുമ്പ് പീലാത്തോസിന്റെ മുമ്പിൽ വിചാരണയ്ക്കായി ഹാജരാക്കി. "അതിരാവിലെ തന്നെ പുരോഹിത പ്രമുഖന്മാർ ജനപ്രമാണികളോടും ചേർന്ന് ആലോചന നടത്തി. അവർ യേശുവിനെ ബന്ധിച്ചുകൊണ്ടുപോയി. പീലാത്തോസിനെ ഏല്പിച്ചു. പീലാത്തോസ് അവനോടു ചോദിച്ചു: നീ യഹൂദരുടെ രാജാവാണോ?.....ജനം ആവശ്യപ്പെടുന്ന ഒരു തടവുകാരനെ അവൻ തിരുനാളിൽ മോചിപ്പിക്കുക പതിവായിരുന്നു. വിപ്ലവത്തിനിടയിൽ കൊലപാതകം നടത്തിയ ബറാബ്ബാസ് എന്നൊരു വൻ വിപ്ലവകാരികളോടൊപ്പം തടങ്കലിൽ ഉണ്ടായിരുന്നു. ജനക്കൂട്ടം പീലാത്തോസിന്റെ അടുത്തുചെന്ന് പതിവുള്ള ആനുകൂല്യത്തിന് അപേക്ഷിച്ചു. അവൻ പറഞ്ഞു: യഹൂദരുടെ രാജാവിനെ ഞാൻ മോചിപ്പിച്ചുതരണമെന്നാണോ നിങ്ങൾ ആഗ്രഹിക്കുന്നത്?"[2] യേശുവിന്റെ വിചാരണയുമായി ബന്ധപ്പെട്ട ഈ ഭാഗം പീലാത്തോസ് പുനർവിചാരണ ചെയ്യുന്നു. 'എന്തുണ്ട് വിശേഷം പീലാത്തോസി'[3]ൽ. ഏകാമാനമായ പാരായണത്തിലൂടെ അവതരിപ്പിച്ച് കല്പതമായ അർത്ഥം മാത്രം നല്കി പോകാമായിരുന്ന ഈ സംഭവത്തെ മറ്റൊരു വീക്ഷണകോണിൽനിന്ന് അവതരിപ്പിക്കുകയാണ് സക്കറിയ. പീലാത്തോസിന്റെയും, കേട്ടെഴുത്തുകാരി റൂത്തിന്റെയും ചിന്തകളിലൂടെ റോമാ സാമ്രാജ്യത്തിലെ സൈന്യാധിപന്മാരുടെ വെളിപ്പെടുത്തപ്പെടാത്ത ജീവിതകഥകൾ പ്രമേയമാക്കി ക്രിസ്തുവിന്റെ കഥ പറയുന്നു.

1. സക്കറിയ: *സലാം അമേരിക്ക*, പുറം 25.
2. മാർക്കോസ്, 15,1-9, വിചാരണയും വിധിയും, *ബൈബിൾ പുതിയനിയമം*, പുറം 57.
3. സക്കറിയ: *എന്തുണ്ടുവിശേഷം പീലാത്തോസേ*,1998.

"ബഹളം വർദ്ധിക്കുന്നതല്ലാതെ പ്രയോജനമൊന്നും ഉണ്ടാവുന്നില്ലെന്ന് മനസ്സിലാക്കിയ പീലാത്തോസ് വെള്ളമെടുത്ത് ജനങ്ങളുടെ മുമ്പിൽവെച്ച് കൈകഴുകികൊണ്ടു പറഞ്ഞു: ഈ നീതിമാന്റെ രക്തത്തിൽ എനിക്കു പങ്കില്ല".[1] ജനങ്ങളുടെ മുമ്പിൽവെച്ച് കൈകഴുകി ഒഴിഞ്ഞുമാറിയ പീലാത്തോസിന്റെ യഥാർത്ഥമാനസികാവസ്ഥ എന്തായിരുന്നുവെന്ന് കഥയിൽ വരുന്നുണ്ട്. "അനന്തരം യേശു അവരോടൊത്ത് ഗത്സേമനി എന്ന സ്ഥലത്തെത്തി. അവൻ ശിഷ്യന്മാരോടു പറഞ്ഞു: ഞാൻ പോയി പ്രാർത്ഥിക്കുവോളം നിങ്ങൾ ചെന്ന് കമിഴ്ന്നു വീണു പ്രാർത്ഥിച്ചു.....അനന്തരം അവൻ ശിഷ്യന്മാരുടെ അടുത്തേക്കു വന്നു. അപ്പോൾ അവർ ഉറങ്ങുന്നതുകണ്ടു." പ്രവാചകന്മാരുടെ ലിഖിതങ്ങൾ പൂർത്തിയാക്കാൻ വേണ്ടിയാണ് ഇതൊക്കെയും സംഭവിച്ചത്. അപ്പോൾ ശിഷ്യന്മാരെല്ലാവരും അവനെവിട്ട് ഓടിപ്പോയി."[2] ഗത്സമേൻ തോട്ടത്തിൽവച്ച് യേശുവിനെ പുരോഹിതന്മാർ പിടിച്ചപ്പോൾ ഒരു ശിഷ്യൻ ഉടുതുണിയില്ലാതെയാണത്രേ ഓടി രക്ഷപ്പെട്ടത് എന്ന് റൂത്തിനെ കൊണ്ട് ചിന്തിപ്പിക്കാൻ സക്കറിയയെ പ്രേരിപ്പിച്ചത് ശിഷ്യന്മാരെക്കുറിച്ച് പരാമർശിച്ചിരിക്കുന്ന ബെബിൾ ഭാഗമാണ്.

"അവർ അവളോടുചേദിച്ചു: സ്ത്രീയെ, എന്തിനാണ് നീ കരയുന്നത്? അവൾ പറഞ്ഞു: എന്റെ കർത്താവിനെ അവർ എടുത്തുകൊണ്ടുപോയി...ഇതു പറഞ്ഞിട്ട് പുറകോട്ടു തിരിഞ്ഞപ്പോൾ യേശുനിൽക്കുന്നത് അവൾ കണ്ടു. എന്നാൽ അത് യേശുവാണെന്ന് അവൾക്ക് മനസ്സിലായില്ല."[3] മറിയം, മർത്താ, ജൂലിയ, റൂത്ത് എന്നീ സ്ത്രീകൾക്ക് യേശു പ്രത്യക്ഷപ്പെടുന്നതായും തുടർന്നുള്ള സംഭവങ്ങളും എളുതാനുള്ള പ്രമേയം സക്കറിയക്കു ലഭിച്ചത് മരണശേഷം ഉയിർത്തെവുന്നേറ്റ യേശു മഗ്ദലനമറിയത്തിനും, ശിഷ്യന്മാർക്കും പ്രത്യക്ഷപ്പെടുന്നകാര്യം പറഞ്ഞിരിക്കുന്ന ബൈബിൾ ഭാഗങ്ങളിൽനിന്നാണ്.

1. മത്തായി: 27, 24, വിചാരണയും വിധിയും, *ബൈബിൾ പുതിയനിയമം*, പുറം 34.
2. മത്തായി, 26,36-56. ഗത്സേമനിയിൽ പ്രാർത്ഥിക്കുന്നു. *ബൈബിൾ*, പുറം 32.
3. യോഹന്നാൻ, 20,11-18, യേശു മഗ്ദലനമറിയത്തിനു പ്രത്യക്ഷപ്പെടുന്നു, *ബൈബിൾ*, പുറം 125.

ബൈബിൾ പുതിയ നിയമത്തിൽ മത്തായി, മർക്കോസ്, ലൂക്കാ, യോഹന്നാൻ എന്നിവർ ക്രിസ്തുവിന്റെ വിചാരണയും പുനരുത്ഥാനവും രേഖപ്പെടുത്തിയിട്ടുണ്ട്.

ഒരു സാധാരണക്കാരന്റെ ജീവിതത്തിൽ സംഭവിച്ചേക്കാമായിരുന്ന കാര്യങ്ങൾ യേശുവിന്റെ ജീവിതത്തിലും ഉണ്ടായിരുന്നിരിക്കും. മാനുഷികമായ ജീവിതം നയിച്ചിരുന്ന അദ്ദേഹത്തിന് അമ്മയും, സഹോദരിയും, ബന്ധുക്കളും, അയൽക്കാരുമൊക്കെയായി കളിച്ചും, ചിരിച്ചും, തമാശ പറഞ്ഞു കഴിഞ്ഞ ദിവസങ്ങളുണ്ടായിരുന്നിരിക്കും. ഏതൊരു യുവാവിനെയും പോലെ യേശുവും മീശയും താടിയും വടിക്കണമോ എന്ന് ചിന്തിച്ചിട്ടുണ്ടാവും. തന്റെ മുഖ സൗന്ദര്യം കണ്ണാടിയിൽ കാണാനും കൊതിച്ചിട്ടുണ്ടാകും. ഇത്തരം കാര്യങ്ങളൊന്നും ബൈബിളിൽ പരാമർശിച്ചിട്ടില്ല. യേശുവിന് സ്വന്തമായി സഹോദരിയും, സഹോദരനും ഉണ്ടായിരുന്നതായും ബൈബിളിൽ പറഞ്ഞിട്ടില്ല. 'മനുഷ്യനായി പിറന്ന ദൈവപുത്രൻ' എന്ന് യേശുവിനെ വിശേഷിപ്പിക്കാറുണ്ട്. ഈ വിശേഷണത്തിൽ നിന്നും യേശുവിന്റെ മാനുഷികവശങ്ങളെ വേർതിരിച്ചെടുത്തിരിക്കുന്നതാണ് 'കണ്ണാടികാണ്മോളവും'[1]. കണ്ണാടിയെ വിമോചനഉപകരണമായിട്ടാണ് ഉപയോഗിച്ചിരിക്കുന്നത്. തന്നെ പ്രലോഭിപ്പിക്കാനുള്ള എന്തോ ഒന്ന് കണ്ണാടിയിൽ ഉണ്ടെന്നു കരുതി ഒഴിഞ്ഞുമാറുകയാണ് യേശു ചെയ്യുന്നത്. 'യേശുക്രിസ്തുവിന്റെ ജീവിതത്തിലെ ദുരൂഹമായ ഇടവേളകളിൽ ചിലതിനെ സമകാലിക ജീവിതത്തിന്റെ യുക്തിക്രമം കൊണ്ട് നിറയ്ക്കാനുള്ള ഒരു പരിശ്രമമാണ് കണ്ണാടികാണ്മോള'വും.[2]

"ഹേറോദേസ് രാജാവിന്റെ കാലത്ത് യൂദയായിലെ ബെത്‌ലെഹെമിൽ യേശു ജനിച്ചപ്പോൾ പൗരസ്ത്യദേശത്തുനിന്നു ജ്ഞാനികൾ ജറുസലെമിലെത്തി."[3]

---

1. സക്കറിയ: *കണ്ണാടികാണ്മോളവും*, പുറം 41.
2. ഡോ.കെ.വി.തോമസ്: ഒരു നസ്രാണി എഴുത്തുകാരനും വേദപുസ്തകവും, *സാംസ്കാരിക വികാരം സാഹിത്യമാസിക*, പുസ്തകം 1 ലക്കം 8 ഏപ്രിൽ 2003, പുറം 149.
3. മത്തായി 2,1. ജ്ഞാനികളുടെ സന്ദർശനം, *ബൈബിൾ*, പുറം2.

“നൂനിന്റെ മകനായ ജോഷ്വഷിത്തിമിൽ നിന്നു രണ്ടുപേരെ രഹസ്യനിരീക്ഷ ണത്തിനയച്ചുകൊണ്ട് പറഞ്ഞു: നിങ്ങൾ പോയി നാടു നിരീക്ഷിക്കുവിൻ. പ്രത്യേ കിച്ചു ജറീക്കോ. അവർ പട്ടണത്തിലെത്തി, വേശ്യയായ റാഹാബിന്റെ വീട്ടിൽ രാത്രി കഴിച്ചു.”[1]

“വൈകുന്നേരമയപ്പോൾ രണ്ടു ദൂതന്മാർ സോദോമിൽ ചെന്നു. ലോത്ത് നഗര വാതില്ക്കൽ ഇരിക്കുകയായിരുന്നു. അവരെക്കണ്ടപ്പോൾ ലോത്ത് അവരെ എതിരേ ല്ക്കാനായി എഴുന്നേറ്റുചെന്ന് നിലംപറ്റെ താണുവണങ്ങി. അവൻ  പറഞ്ഞു: യജന മാനന്മാരെ, ദാസന്റെ വീട്ടിലേക്കുവന്നാലും. കാൽകഴുകി രാത്രി ഇവിടെ തങ്ങുക. രാവിലെ എഴുന്നേറ്റ് യാത്ര തുടരാം. അവർ മറുപടി പറഞ്ഞു. വേണ്ടാ, രാത്രി ഞങ്ങൾ തെരുവിൽ കഴിച്ചുകൊള്ളാം. അവൻ വളരെ നിർബ്ബന്ധിച്ചപ്പോൾ അവർ അവന്റെ വീട്ടിലേക്കു പോയി. അവൻ അവർക്കൊരു വിരുന്നൊരുക്കി; പുളിപ്പില്ലാത്ത അപ്പവും ഉണ്ടാക്കി. അവർ അതു ഭക്ഷിച്ചു.

അവർ കിടക്കുംമുമ്പേ സോദോം നഗരത്തിന്റെ എല്ലാഭാഗത്തുനിന്നും യുവാ ക്കന്മാർ മുതൽ വൃദ്ധന്മാർവരെയുള്ള എല്ലാവരും വന്ന് വീടുവളഞ്ഞു. അവർ ലോത്തിനെ വിളിച്ചു പറഞ്ഞു. രാത്രി നിന്റെയടുക്കൽ വന്നവരെവിടെ? ഞങ്ങൾക്ക് അവരുമായി സുഖഭോഗങ്ങളിലേർപ്പെടേണ്ടതിന് അവരെ പുറത്തുകൊണ്ടുവരിക. ലോത്ത്  പുറത്തിറങ്ങി. കതകടച്ചിട്ട് അവരുടെ അടുത്തേക്കു ചെന്നു. അവൻ പറഞ്ഞു: സഹോദരരേ, ഇത്തരം മ്ലേച്ഛത കാട്ടരുതെന്ന് ഞാൻ നിങ്ങളോട് യാചിക്കുന്നു. പുരു ഷസ്പർശമേൽക്കാത്ത രണ്ടുപെൺമക്കൾ എനിക്കുണ്ട്. അവരെ നിങ്ങൾക്കു വിട്ടുത രാം. പക്ഷേ ഈ പുരുഷന്മാരെ മാത്രം ഒന്നും ചെയ്യരുത്. ഇവർ എന്റെ അതിഥികളാ ണ്. അവർ ലോത്തിനെ ശക്തിയായി തള്ളിമാറ്റി വാതിൽ തള്ളിപ്പൊളിക്കാൻ ചെന്നു.

1. ജോഷ്വ, 2,1-2. ജറീക്കോയിലേക്കുചാരന്മാർ, *ബൈബിൾ* .പുറം 193.

പക്ഷേ ലോത്തിന്റെ അതിഥികൾ കൈനീട്ടി അവനെ വലിച്ചുവീട്ടിനുള്ളിലാക്കിയിട്ട് വാതിലടച്ചു. വാതില്ക്കലുണ്ടായിരുന്ന എല്ലാവരെയും അവർ അന്ധരാക്കി. അവർ വാതിൽതപ്പിത്തടഞ്ഞു വലഞ്ഞു."[1]

ബൈബിൾ പുതിയനിയമത്തിലും, പഴയനിയമത്തിലും പരാമർശിച്ചിരിക്കുന്ന ഈ സംഭവങ്ങളെ 'ഇതാണെന്റെ പേര്' എന്ന കഥയുടെ പ്രമേയം രൂപപ്പെടുത്തുന്നതിൽ ഉപയോഗിച്ചിട്ടുണ്ട്.[2] ക്രൈസ്തവ സഭയുമായി ബന്ധപ്പെട്ട കുരിശുയുദ്ധ പരാമർശവും കഥാരൂപീകരണത്തിന് പ്രയോജനപ്പെടുത്തിയിട്ടുണ്ട്. ഗാന്ധിജി വെടിയേറ്റുവീണതിനു ശേഷവുമുള്ള ഏതാനും നിമിഷങ്ങളിൽ ഘാതകന്റെ പാപബോധരഹിതമായ മനസ്സിലൂടെ മിന്നിമറയുന്ന വിചാരങ്ങളാണ് ഈ കൃതിയുടെ പ്രമേയം. ബൈബിൾ സംഭവങ്ങളുടെ സൂചനപ്രധാനപ്രമേയത്തെ പൂർത്തീകരിക്കാൻ ഉപയോഗിച്ചിരിക്കുന്നു.

വായിച്ചു പഴകിയമട്ടിൽതന്നെ ബൈബിൾ വീണ്ടും വീണ്ടും വായിക്കുകയും, അവയ്ക്ക് ദൈവശാസ്ത്രത്തിൽ അധിഷ്ഠിതമാക്കി സഭ നല്കിയിരിക്കുന്ന അർത്ഥങ്ങളെക്കുറിച്ചും മാത്രം ചിന്തിക്കുകയും ചെയ്യുന്ന തലമുറയിൽനിന്നും വ്യത്യസ്തനായ വ്യക്തിയാണ് സക്കറിയ. ബൈബിൾ സംഭവങ്ങൾക്ക് താൻ ജീവിക്കുന്ന കാലഘട്ടവുമായി ബന്ധപ്പെടുത്തി അർത്ഥങ്ങൾ കണ്ടെത്തുകയും വരികൾക്കിടയിലെ വായനകൊണ്ട് കഥ സൃഷ്ടിക്കുകയും ചെയ്യുന്നുണ്ട് സക്കറിയ. രക്തസനാതനമായ അധികാരത്തെയും, ആയിരക്കണക്കിന് കുഞ്ഞുങ്ങളുടെ ചോരയിലൂടെ വരുന്ന രക്ഷകനെയും, പ്രവാചകനെ മാനവീകരിക്കുന്ന വേശ്യയുടെ സ്നേഹത്തെയും സക്കറിയ തിരിച്ചറിയുന്നുണ്ട്. 'സാമ്പ്രദായികമായ ആത്മീയതയെയും സാമൂഹ്യനീതിയെയും

1. ഉൽപത്തി, 19,1-11. സോദോമിന്റെ പാപം, *ബൈബിൾ,* പുറം 14.
2. സക്കറിയ: *ഇതാണെന്റെ പേര്,* 2001.

നൈതികമായ ഒരു ജീവിതത്തിന്റെ സാധ്യതകളെയും സംബന്ധിക്കുന്ന പല പല ചോദ്യങ്ങൾ സക്കറിയ ഉന്നയിക്കുന്നുണ്ട.'[1] ബൈബിൾ പ്രമേയം കൈകാര്യം ചെയ്യു മ്പോഴും ക്രിസ്ത്യൻ ദൈവശാസ്ത്രത്തെപ്പറ്റിയും, വിശ്വാസങ്ങളെപ്പറ്റിയുമൊക്കെ സക്ക റിയയുടെ കുറേയേറെ ആശയങ്ങളും അവയുടെ ചർച്ചകളും ആണ് ആ കഥകളിലു ണ്ടാവുക. തന്റെ ആശയങ്ങൾ പ്രകടിപ്പിക്കാനുള്ള മാധ്യമങ്ങളായി ബൈബിൾ പ്രമേ യങ്ങളെ സക്കറിയ ഉപയോഗിക്കുകയാണ് ചെയ്തിരിക്കുന്നത്. വളരെയേറെ അരുതു കളുള്ള ക്രൈസ്തവ ജീവിതത്തിന്റെ ധർമ്മസങ്കടങ്ങളും സക്കറിയയുടെ കഥാപ്രമേ യങ്ങളാണ്. "പള്ളി എന്റെ ബാല്യത്തിലേക്ക് കൊണ്ടുവന്ന മായാലോകത്തിന്, എന്നെ പ്പോലെയൊരു അസാധാരണ അനുഭവങ്ങളുടെ ആവശ്യക്കാരനെ സംബന്ധിച്ചിട ത്തോളം ഒരു ത്രിമാന അത്ഭുത സാഹസികചലച്ചിത്രത്തിൽ മുഴുകുന്നതിന്റെ വില യുണ്ടായിരുന്നു."[2] എന്ന പ്രസ്താവന സക്കറിയയുടെ സാഹിത്യസൃഷ്ടികളിൽ തെളിഞ്ഞു കാണാം.

1. സുനിൽ പി. ഇളയിടം: കഥയിലെ പിളർപ്പുകൾ, *മലയാളവാരിക പ്രത്യേകപതിപ്പ്*, ജനുവരി 7, 2000, പുറം 345.
2. സക്കറിയ: മലയാളിത്തത്തെ അടയാളപ്പെടുത്തുമ്പോൾ; ഞാൻ എങ്ങനെ മലയാളിയായി, *ഭാഷാ പോഷിണി,* പുസ്തകം 28, ലക്കം 8, ജനുവരി 2005, പുറം 13.

## അധ്യായം മൂന്ന്

## ബൈബിൾ സ്വാധീനം സക്കറിയയുടെ കഥാപാത്രങ്ങളിൽ

എല്ലാക്കാലത്തെയും കലാപ്രതിഭകളെ ആകർഷിച്ചിട്ടുള്ള പ്രധാന ബൈബിൾ കഥാപാത്രം ക്രിസ്തുതന്നെയാണ്. ക്രിസ്തുവിന്റെ വ്യത്യസ്ത രൂപഭാവങ്ങൾ സാഹിത്യ സൃഷ്ടികളിലുണ്ട്. കൂടാതെ പഴയനിയമത്തിലും, പുതിയ നിയമത്തിലുംനിന്ന് മിഴിവുറ്റ പല കഥാപാത്രങ്ങളും സാഹിത്യത്തിൽ കടന്നുവന്നിട്ടുണ്ട്.

ലോകഭാഷകളിലെ സാഹിത്യസൃഷ്ടികളിലെല്ലാംതന്നെ ബൈബിളിൽ നിന്നുമുള്ള കഥാപാത്രങ്ങൾ കടന്നുവന്നിട്ടുണ്ട്. വർഷങ്ങൾക്കുമുമ്പ് പാലസ്തീൻ, ജറുസലേം, ഈജിപ്ത് എന്നിവിടങ്ങളിലൂടെയൊക്കെ ജീവിച്ചും, സഞ്ചരിച്ചും കടന്നുപോയ കഥാപാത്രങ്ങളായല്ല സാഹിത്യ കൃതികൾ ബൈബിൾ കഥാപാത്രങ്ങളെ കണക്കാക്കുന്നത്. ഇന്നും ലോകത്തെമ്പാടുമുള്ള മനുഷ്യർക്കിടയിൽ ബൈബിൾ കഥാപാത്രങ്ങൾ ജീവിച്ചിരിപ്പുണ്ടെന്ന സങ്കല്പമാണ് സാഹിത്യകാരന്മാർക്കുള്ളത്. തങ്ങൾക്കുചുറ്റുമുള്ളവരുടെ കഥ പറയുമ്പോൾ എഴുത്തുകാർ അവരിൽ ബൈബിൾ കഥാപാത്രങ്ങളെ കണ്ടെത്തുകയാണ്.

സക്കറിയയുടെ കഥാലോകവും ബൈബിൾ കഥാപാത്രങ്ങളെകൊണ്ട് സമ്പുഷ്ടമാണ്. ബൈബിൾ സ്വാധീനം സക്കറിയയുടെ കഥാപാത്രങ്ങളിൽ എന്ന ഈ അധ്യായത്തിൽ കഥാപാത്രമായ യേശു ബൈബിളിൽ നിന്നുള്ള മറ്റുകഥാപാത്രങ്ങൾ, ബൈബിളേതര കഥാപാത്രങ്ങൾ എന്നിങ്ങനെ മൂന്നായി വിഭജിച്ച് പഠനം നടത്തുന്നു.

**3.1. കഥാപാത്രമായ യേശു**

സക്കറിയയുടെ ഇഷ്ട ബൈബിൾ കഥാപാത്രം യേശു തന്നെയാണ്. കുട്ടിക്കാലത്തുതന്നെ താൻ രൂപപ്പെടുത്തിയെടുത്ത ഭാവനാചിത്രങ്ങളിൽ സക്കറിയ യേശുവിന് സ്ഥാനം നൽകിയിരുന്നു. മതപരമായ അനുഷ്ഠാനങ്ങളുമായി ബന്ധപ്പെട്ടും, വേദപഠനക്ലാസ്സുകളിൽനിന്നും കിട്ടിയ ധാരണകളുടെ വെളിച്ചത്തിലും ക്രിസ്തുവിന്റെ വിവിധ ഭാവങ്ങൾ മനസ്സിൽ കുറിച്ചിട്ടിരുന്നു. മുതിർന്നപ്പോൾ സഭയുടെ പ്രവർത്തനങ്ങളെ വിമർശനബുദ്ധ്യാ അഭിമുഖീകരിക്കാൻ പഠിച്ചപ്പോഴും ക്രിസ്തുവിന്റെ രൂപം മങ്ങലേൽക്കാതെ സൂക്ഷിക്കുന്നുണ്ട്.

യേശു വിഭാവനം ചെയ്ത ക്രൈസ്തവ സ്നേഹം അതിന്റെ എല്ലാ അർത്ഥത്തിലും സക്കറിയ ഉൾക്കൊണ്ടിരുന്നു. സമൂഹം അകറ്റിനിർത്തുകയും നിന്ദിക്കുകയും ചെയ്തിരുന്നവരെയാണ് ക്രിസ്തു സ്വീകരിച്ചത്. ക്രിസ്തുവിനെ സ്വീകരിച്ചതും, അവർതന്നെ. ജനിച്ചയുടനെ തന്നെ പ്രാണരക്ഷാർത്ഥം പാലായനം ചെയ്യപ്പെടേണ്ടിവന്ന ശിശുവായ ഉണ്ണിയേശുവിനെയാണ് 'ആർക്കറിയാം'[1] എന്ന കഥയിൽ കാണുന്നത്. ശിശു അഭയം തേടുന്നത് വേശ്യാലയത്തിലാണ്. എത്രയോ നിരപരാധികളായ കുഞ്ഞുങ്ങളുടെ ചോരയിലൂടെ കടന്നുവരേണ്ടി വന്ന ഉണ്ണിയേശുവിനെ ഉണ്ണിയുടേതായ നിസ്സഹായതയോടെയും, നിഷ്കളങ്കതയോടെയും കഥയിൽ അവതരിപ്പിച്ചിരിക്കുന്നു. ഭാവിയിൽ താൻ ആരുടെ രക്ഷകനായിത്തീരേണമോ അവരാൽ രക്ഷിക്കപ്പെടുന്ന യേശുവിന്റെ ചിത്രമാണിവിടെ കാണുന്നത്.

മനുഷ്യനായി പിറന്ന ദൈവപുത്രന്റെ മാനുഷികഭാവങ്ങളെ മറച്ചുവെക്കാതെ വെളിപ്പെടുത്താൻ സക്കറിയ ആഗ്രഹിക്കുന്നു. ക്രിസ്തുവിനെ അസാധാരണമായ രീതിയിൽ അവതരിപ്പിച്ച് കഥാകാരൻ വായനക്കാരെ ഞെട്ടിക്കുന്നു. ക്രിസ്തുവിൽ സ്ഥിതി

---

1. സക്കറിയ, *ആർക്കറിയാം,* ജൂൺ 1998, പുറം.9.

ചെയ്യുന്ന മനസ്സാണ് സക്കറിയയുടെത്. എന്നാൽ ക്രിസ്തുവിനെ തന്റേതായ രീതിയിൽ അഭിമുഖീകരിക്കാനാണ് ഈ കഥാകൃത്ത് ശ്രമിക്കുന്നത്. യേശുവിന്റെ മാനുഷികഭാവങ്ങളെ സക്കറിയ വളർത്തിയെടുക്കുന്നു. സാധാരണ മനുഷ്യരിൽ നിന്നും അകറ്റി ദൂരെ പ്രതിഷ്ഠിക്കേണ്ടവനല്ല ക്രിസ്തു എന്ന സക്കറിയയുടെ കാഴ്ചപ്പാടാണ് "അന്നമ്മ ടീച്ചർ: ഒരോർമ്മക്കുറിപ്പിലെ"[1] കഥാപാത്രമായ ക്രിസ്തുവിനെ സൃഷ്ടിച്ചത്. അന്നമ്മയെ താങ്ങാനായി കുഞ്ഞനിയനായി കുളക്കടവിലെത്തുന്ന യേശുവിന്റെ പരിവേഷം മറ്റൊരെഴുത്തുകാരനും കണ്ടെത്താനാവാത്തതാണ്. പിശാചുബാധിതനെയും, ശിമയോന്റെ അമ്മായിയമ്മയെയും കുഷ്ഠരോഗിയെയും തളർവാതരോഗിയെയും സുഖപ്പെടുത്തിയ ദൈവിക പരിവേഷമുള്ള ക്രിസ്തുവിൽനിന്നു തന്നെയാണ് അന്നമ്മടീച്ചറിനെ താങ്ങാനെത്തുന്ന മാനുഷികഭാവമുള്ള ക്രിസ്തുവിനെയും സക്കറിയ സൃഷ്ടിച്ചത്. അന്നമ്മ ടീച്ചറിനെ തളർച്ചയിൽ താങ്ങാനായി മാത്രം വന്ന ക്രിസ്തു മരണത്തിൽ പ്രവേശിച്ച അന്നമ്മയെ പുല്ലുകളിൽ കിടത്തിയിട്ട് മേഘങ്ങൾക്കിടയിൽ ഒരു കൊള്ളിയാനായി മാഞ്ഞുപോകുന്നു. കുട്ടിക്കാലം മുതൽ തന്റെ ജീവിതദുഃഖങ്ങളെല്ലാം പങ്കുവെച്ച അന്നമ്മയെ മരണസമയത്തും ആശ്വാസമേകി താങ്ങിക്കിടത്തുന്നു.

ചരിത്രത്തിന്റെ ഭാഗമായിരുന്ന ക്രിസ്തു ചരിത്രത്തിന്റെ ഇരകൂടിയായിരുന്നു. എന്നാൽ തിരിച്ചറിയാവുന്ന, അടുക്കാവുന്ന, എന്തോ ഒന്ന് ക്രിസ്തുവിലുണ്ടായിരുന്നു. അത് മുഖത്തെ ചിന്താഭാരത്തിനും, അവശതയ്ക്കും അപ്പുറത്ത് നിഴലിക്കുന്നുണ്ടായിരുന്നു. ഒരു പിടി കൊടുക്കാത്ത മനോഭാവം മീനിന്റെ പോലുള്ള ഒരു വഴുതൽ സ്വഭാവം. നമ്മൾ എത്ര കൈയെത്തിച്ചാലും തൊട്ടപ്പുറത്തു നില്ക്കുമെന്ന ഒരു മർക്കടമുഷ്ടി. അതേസമയം നില്പിലും നോട്ടത്തിലും അനക്കത്തിലും ഒരുതരം സ്നേഹമുണ്ടായിരുന്നു. അടിയേറ്റ് അവിടെ നില്ക്കുമ്പോഴും അത്തർമരം പൂത്തതുപോലെ

1. സക്കറിയ, *സക്കറിയയുടെ പെൺകഥകൾ*, 1998, പുറം.69.

സ്നേഹത്തിന്റെ ഒരു സുഗന്ധം വീശുന്നുണ്ടായിരുന്നു. കള്ളനും നുണയനുമല്ല. എന്തോ സ്വപ്നത്തിന്റെ പുറകേ നടക്കുന്ന ഒരു സാധുവാണെന്നും അപകടത്തിന്റെ നടുവിലും ആ സ്വപ്നത്തിന്റെ പിടിയിൽത്തന്നെ നിൽക്കുകയാണെന്നും മനസ്സിലാകും." എന്നിങ്ങനെ പീലാത്തോസിന്റെ മനസ്സിൽ തെളിയുന്ന ക്രിസ്തുവിനെയാണ് 'എന്തുണ്ട് വിശേഷം പീലാത്തോസേ'[1]യിൽ കഥാപാത്രമാക്കിയിരിക്കുന്നത്.

'ലാസറിനെ ഉയിർപ്പിച്ചപ്പോളോ യൊവാറാശിന്റെ കുഞ്ഞിനെ മരണത്തിൽനിന്ന് തിരിച്ചു വിളിച്ചപ്പോളോ എനിക്കിതൊന്നും മനസ്സിലായിരുന്നില്ല. ഞാൻ പറഞ്ഞു, അതു നടന്നു, അത്രമാത്രം. ഇപ്പോളിതാ ഞാൻ തന്നെ ഉയിർത്തിരിക്കുന്നു.' യേശുവിന്റെ തന്നെ ആത്മഗതത്തിലൂടെ ഉയിർത്തെഴുന്നേറ്റ യേശുവിനെ അവതരിപ്പിക്കുന്നു. തങ്ങളുടെ ഹൃദയങ്ങളെ പനിനീർ പൂവിനെ കാറ്റെന്നപോലെ സ്പർശിക്കാൻ യേശുവിനു കഴിഞ്ഞു എന്നുപറയുന്ന റൂത്തിന്റെ വാക്കുകളിലൂടെയും തെളിയുന്ന ക്രിസ്തുവിന്റെ ചിത്രമാണവിടെയുള്ളത്. പീലാത്തോസിനു പൂർത്തിയാക്കാൻ കഴിയാതെപോയെ ക്രിസ്തുവിന്റെ ചിത്രം റൂത്തിന്റെ മനോഗത്തിലൂടെ പൂർത്തിയാകുന്നു. 'എന്തുണ്ട് വിശേഷം പീലാത്തോസേ' എന്ന നോവലിൽ യേശു നിറഞ്ഞുനിൽക്കുന്നുണ്ട്. അതിൽ മനുഷ്യരൂപത്തിലും ഭാവത്തിലും യേശുവിനെ കണ്ടസ്ത്രീകളുടെ മനസ്സ് യേശുവിന്റെ അദൃശ്യസാന്നിധ്യത്തിൽ ദൈവികമായ അനുഭൂതിവിശേഷം കൊണ്ടു പ്രകമ്പനത്താൽ നിറയുന്നുണ്ട്.[2] ഉയിർത്തെഴുന്നേറ്റു തിരിച്ചുവരുന്ന യേശുവിന്റെ പ്രഭാവത്തിൽ പ്രകൃതിപോലും വിറകൊള്ളുന്നുണ്ട്. ചരൽ മൈനാങ്ങളുടെ അറ്റങ്ങളിലും അകലത്തെ കുന്നുകളിലും മണലാവി വിറയ്ക്കുന്നു. ദൂരെയെവിടെയോ ഇടിമുഴങ്ങിയതിന്റെ അലപോലെ ഒരു മുഴക്കം വായുവിലൂടെ ഉരുളുന്നു. പൊടിയുയർത്തിക്കൊണ്ട് കാറ്റ് ആഞ്ഞടിക്കുന്നു. ഭൂമി ഇളകുന്നു. ഉയിർത്തെഴുന്നേറ്റ് സകല പ്രഭാവത്തോടെയും തിരിച്ചുവരുന്ന

1. സക്കറിയ: *എന്തുണ്ടു വിശേഷം പീലാത്തോസേ*, 1998
2. മണർകാട് മാത്യു: എനിക്കു ലാഭം ആത്മസംതൃപ്തിമാത്രം, *സാംസ്കാരികവികാരം സാഹിത്യ മാസിക*, പുസ്തകം1 ലക്കം8, ഏപ്രിൽ 2003, പുറം 153.

ക്രിസ്തുവിനെയാണ് എന്തുണ്ട് വിശേഷം പിലാത്തോസിൽ അവസാനഭാഗത്തു സക്കറിയ കാണിച്ചുതരുന്നത്. ക്രിസ്തുവിൽ നിറഞ്ഞു നിന്നിരുന്ന ദൈവികതേജസ്സിനെ ഇവിടെ സക്കറിയ തിരിച്ചറിയുന്നുണ്ട്.

മനുഷ്യർഭൗതികമായ സുഖസൗകര്യങ്ങളെക്കുറിച്ച് ചിന്തിക്കാൻ പലപ്പൊഴും സമയം കണ്ടെത്താറുണ്ട് എന്നാൽ ആത്മീയ കാര്യങ്ങളെക്കുറിച്ചോ. ദൈവത്തെക്കുറിച്ചോ ചിന്തിക്കാൻ അവനു സമയമില്ല എന്നാണ് പരാതി. മനുഷ്യർ ദൈവത്തെ മറക്കുമ്പോൾ മനുഷ്യനെ തിരക്കിയെത്തുന്ന ദൈവത്തെയാണ് 'ഞാനുറങ്ങാൻ പോകും മുമ്പായി'[1]യിൽ അവതരിപ്പിച്ചിരിക്കുന്നത്. തന്നെപ്പറ്റി മകന് പറഞ്ഞുകൊടുക്കാതിരുന്ന പിതാവിനെ ദൈവം സമീപിക്കുന്നു. ദൈവം നേരിട്ട് തന്നെ മകന് പരിചയപ്പെടുത്തുന്നു. എളിമയുടെ പ്രതീകമായി ദൈവം ഈ കഥയിൽ കടന്നുവന്നിരിക്കുന്നു.

ഏകദേശം മുപ്പത്തി ഒന്ന് വയസ്സിൽ എത്തിനിൽക്കുന്ന യേശുവിനെക്കുറിച്ച് സക്കറിയ ചിന്തിക്കുന്നുണ്ട്. യേശു പലസ്തീനിലെ ഗലീലിയിലാണ് ഏതാണ്ട് പതിമൂന്ന് വയസ്സുവരെ വളർന്നതെങ്കിലും പിന്നീട് പത്തുപതിനേഴ് കൊല്ലത്തോളം നാട്ടിൽനിന്ന് മാറിനിന്ന ശേഷം മടങ്ങിയെത്തുന്നു. യാത്രയ്ക്കിടയിൽ യേശു കണ്ടുമുട്ടിയ ഗുരുക്കന്മാരിൽനിന്നും ലോകാനുഭവങ്ങളിൽനിന്നും ധാരാളം കാര്യങ്ങൾ പഠിച്ചു. ഗലീലിയിൽ തിരിച്ചെത്തിയപ്പോൾ അവിടുത്തെ ചൂടും, ജലക്ഷാമവുമായി പൊരുത്തപ്പെടാൻ യേശുവിന് ബുദ്ധിമുട്ടു തോന്നി. കുളിക്കാൻ വെള്ളമില്ലാത്ത അവസ്ഥ. താടിയും മുടിയും വടിക്കാൻ ആഗ്രഹിച്ചെങ്കിലും അമ്മയും സഹോദരിയും തടയുന്നു. ഒരു സാധാരണ യുവാവിനെപ്പോലെ തന്റെ ബന്ധുക്കളെയും,സുഹൃത്തുക്കളെയും കാണാൻ ആഗ്രഹിക്കുന്നു. തികച്ചും മാനുഷികമായി ചിന്തിക്കുകയും, പെരുമാറുകയും ചെയ്യുന്ന ഒരു ക്രിസ്തുവിന്റെ ചിത്രമാണ് 'കണ്ണാടി കാണ്മോളവും'[2] എന്ന കഥയിലെ കഥാപാത്രം.

1. സക്കറിയ: *കണ്ണാടി കാണ്മോളവും*, പുറം 37.
2. ടി.പു. പുറം 41.

ക്രിസ്തുവിന് ദൈവികപരിവേഷം നല്കുന്ന ക്രൈസ്തവർക്ക് അംഗീകരിക്കാനാവാത്ത ഒരു കഥാപാത്രമായിട്ടാണ് സക്കറിയ ക്രിസ്തുവിനെ ഈ കഥയിൽ ചിത്രീകരിച്ചിരിക്കുന്നത്. സക്കറിയയുടെ ശില്പഭംഗിയുള്ള കഥകളിൽ കണ്ണാടികാണ്മോളവും എന്ന കഥയും ഉൾപ്പെടുന്നുണ്ടെങ്കിലും വിശ്വാസികൾ മനസ്സിൽ പ്രതിഷ്ഠിച്ചിരിക്കുന്ന ക്രിസ്തുചിത്രത്തിന് ഈ കഥ മങ്ങലേൽപ്പിക്കുന്നു. സാഹിത്യസൃഷ്ടി എന്ന വിശാലമായ അർത്ഥത്തിൽ ചിന്തിക്കുന്നവർക്കേ ഈ കഥാപാത്രത്തെ ഉൾക്കൊള്ളാനാകൂ. "യേശുക്രിസ്തുവിന്റെ ജീവിതത്തിലെ ദുരൂഹമായ ഇടവേളകളിൽ ചിലതിനെ സമകാലിക ജീവിതത്തിന്റെ യുക്തിക്രമംകൊണ്ട് നിറക്കാനുള്ള ഒരു പരിശ്രമമാണ് 'കണ്ണാടി കാണ്മോളവും' എന്ന കഥ. വിശ്വാസികൾ ഇക്കഥയെയും കഥാകൃത്തിനെയും വെറുതെ വിട്ടത് കഥ വായിക്കാത്തതുകൊണ്ടാകാനേ തരമുള്ളൂ. സക്കറിയയുടെ ഏറ്റവും ശില്പഭംഗിയുള്ള കഥകളായി നാളെ തിരിച്ചറിയപ്പെടും"[1] എന്നു പ്രസക്തമായ ഒരു നിരീക്ഷണമുണ്ട്.

ബൈബിളിൽ പ്രതിപാദിച്ചിരിക്കുന്ന മട്ടിൽ ദൈവികതയ്ക്ക് മങ്ങളലേൽക്കാത്ത ക്രിസ്തുവിനെ സക്കറിയയുടെ കൃതികളിൽ കണ്ടെത്താനാവില്ല. എന്നാൽ മാനുഷികതയിലൂടെ ദൈവികതയിലേക്കുയരുന്ന കഥാപാത്രമായിട്ടാണ് സക്കറിയ യേശുവിനെ ചിത്രീകരിച്ചിരിക്കുന്നത്. ദേവാലയത്തിലും, രൂപങ്ങളിലും മാത്രം പ്രതിഷ്ഠിച്ച് അകറ്റി നിർത്തേണ്ടവനല്ല, മറിച്ച് മനുഷ്യഹൃദയത്തിൽ പ്രതിഷ്ഠിച്ച് അവരോടൊപ്പം കഴിയേണ്ടവനാണ് എന്ന തിരിച്ചറിവാണ് ഈ കഥാപാതങ്ങളെ സൃഷ്ടിച്ചത്.

### 3.2. ബൈബിളിൽനിന്നുള്ള മറ്റു കഥാപാത്രങ്ങൾ

ധാരാളം കഥകളും കഥാപാത്രങ്ങളും ബൈബിളിലുണ്ട്. ഇവയിൽനിന്നും പല

---

1. ഡോ.കെ.വി.തോമസ്: ഒരു നസ്രാണി എഴുത്തുകാരനും വേദപുസ്തകവും, *സാംസ്കാരികവികാരം സാഹിത്യമാസിക*, പുസ്തകം1, ലക്കം8, ഏപ്രിൽ 2003, പുറം 151.

കഥാപാത്രങ്ങളെയും സക്കറിയസ്വീകരിച്ചിട്ടുണ്ട്. അവരിൽ പലരേയും തന്റേതായ രൂപ ഭാവങ്ങൾ നല്കി പുനരാവിഷ്കരിക്കുകയാണ് ചെയ്യുന്നത്.

“ഇതാ നിനക്കു മുമ്പേ ഞാൻ എന്റെ ദൂതനെ അയക്കുന്നു. അവൻ നിന്റെ വഴി യൊരുക്കും. മരുഭൂമിയിൽ വിളിച്ചുപറയുന്നവന്റെ ശബ്ദം....പാപമോചനത്തിനുള്ള അനു താപത്തിന്റെ ജ്ഞാനസ്നാനം പ്രസംഗിച്ചുകൊണ്ട് സ്നാപകയോഹന്നാൻ മരുഭൂമി യിൽ പ്രത്യക്ഷപ്പെട്ടു. യോഹന്നാൻ ഒട്ടകരോമം കൊണ്ടുള്ള വസ്ത്രം ധരിച്ചിരുന്നു. വെട്ടുകളിയും കാട്ടുതേനുമായിരുന്നു അവന്റെ ഭക്ഷണം.”[1]

യേശുവിന് വഴിയൊരുക്കാൻ അവനുമുൻപെ കടന്നുവന്നുവെന്ന് ബൈബിളിൽ പറഞ്ഞിരിക്കുന്ന സ്നാപക യോഹന്നാൻ തന്നെയാണ് സക്കറിയയുടെ ‘വിശുദ്ധ താക്കോൽ അഥവാ ആത്മാവുസ്വർഗ്ഗത്തിൽ പോകുന്നതെങ്ങനെ’[2] എന്ന കഥയിലെ പ്രവാചകൻ. ബൈബിളിൽ കാണുന്ന യോഹന്നാനെപോലെ പ്രവാചകനും വെട്ടുകി ളിയും, കാട്ടുതേനുമാണ് ഭക്ഷിക്കുന്നത്. സ്നാപകയോഹന്നാൻ യോർദ്ദാൻ നദി യിൽവെച്ച് ജ്ഞാനസ്നാനം നൽകുന്നുണ്ട്. പ്രവാചകനും നദിയിൽ മുക്കി ജ്ഞാന സ്നാനപ്പെടുത്തുന്നുണ്ട്.

യേശുവിനെ പരീക്ഷിക്കാനായി ആത്മാവ് മരുഭൂമിയിലേക്കു കൂട്ടിക്കൊണ്ടുപോ കുന്നുണ്ട്. നാല്പതുദിനരാത്രങ്ങൾ ഉപവസിച്ച യേശുവിനെ പിശാച് പരീക്ഷിക്കുന്നു ണ്ട്. പ്രവാചകനെ പരീക്ഷിക്കാനെത്തുന്ന പിശാചിനെ സൃഷ്ടിക്കാൻ സക്കറിയയെ പ്രേരിപ്പിച്ചത് ബൈബിൾ പരാമർശിതമായ ഈ പരീക്ഷകൻ തന്നെയാണ്. ക്രിസ്തു പിശാചിന്റെ പരീക്ഷകളെ അതിജീവിച്ചു. എന്നാൽ പ്രവാചകൻ പിശാചിനുമുമ്പിൽ പ്രലോഭനത്തിലകപ്പെടുന്നു.

---

1. മാർക്കോസ്: *സ്നാപകന്റെ പ്രഭാഷണം*, പുറം 38.
2. സക്കറിയ: *ഒരിടത്ത്*, പുറം 39.

ബൈബിൾ കഥാപാത്രങ്ങളുടെ പാരഡികളും സക്കറിയ നിർമ്മിച്ചിട്ടുണ്ട്. ബുദ്ധി പൂർവ്വം ചിന്തിക്കുമ്പോൾ ബൈബിൾകഥകളും കഥാപാത്രങ്ങളും മനസ്സിലുണർത്തിയ അവിശ്വസനീയതയും, അശാസ്ത്രീയതയുമാണ് സക്കറിയയെക്കൊണ്ട് പാരഡികൾ നിർമ്മിപ്പിച്ചത്. പാരമ്പര്യമായി കൈമാറി പോന്ന ബൈബിൾ കഥകളിൽ പ ലതിനും മിത്തുക്കളുടെ പരിവേഷമുണ്ട്. ക്രൈസ്തവവിശ്വാസികൾ വിശ്വാസത്തിന്റെ കണ്ണു കൾകൊണ്ടുമാത്രം ഈ കഥകളെ കാണുകയും വിശ്വസിക്കുകയും ചെയ്തുപോരു ന്നു. ഏതു വിഷയത്തെയും ശാസ്ത്രീയമായും, ബുദ്ധിപരമായും സമീപിക്കാൻ ഇഷ്ട പ്പെടുന്ന സക്കറിയ തന്റെ മതവിശ്വാസങ്ങളെയും അത്തരത്തിൽത്തന്നെ സമീപിച്ചിരി ക്കുന്നു.

ഭൂമയിൽ മനുഷ്യൻ അനുഭവിച്ചുകൊണ്ടിരിക്കുന്ന കഷ്ടതകൾക്ക് കാരണമെ ന്തെന്ന ചോദ്യത്തിനുത്തരമായി ബൈബിളിൽ പറഞ്ഞിരിക്കുന്നത് പറുദീസക്കഥയാ ണ്. അതിലെ കഥാപാത്രങ്ങളാണ് ആദവും ഹവ്വയും, പാമ്പിന്റെ രൂപം സ്വീകരിച്ച പിശാചും. ഈ കഥാപാത്രങ്ങളുടെ പാരഡികളാണ് 'നമ്മുടെ പറുദീസാനഷ്ടം'[1] എന്ന സക്കറിയ കഥയിലെ എലികൾ. ദൈവത്തെ ധിക്കരിച്ച് നന്മതിന്മകളെക്കുറിച്ചുള്ള അറി വിന്റെ വൃക്ഷത്തിലെ ഫലം ഭക്ഷിച്ചതിനാണ് ദൈവം ആദത്തെയും, ഹവ്വയെയും പറു ദീസയിൽനിന്നു പുറത്താക്കിയത്. എലികളുടെ പറുദീസ കപ്പത്തോട്ടമാണ്. അവ ചെയ്തപാപം കപ്പക്കിഴങ്ങ് ഭക്ഷിച്ചുവെന്നുള്ളതാണ്. രണ്ടുകഥകളിലും പരീക്ഷകനായ പിശാച് പാമ്പിന്റെ രൂപത്തിൽതന്നെയാണ് വന്നെത്തുന്നത്. മനുഷ്യൻ എലികളുടെ ശത്രുക്കളായിത്തീർന്നതെങ്ങിനെയെന്ന ചോദ്യത്തിന് ഉത്തരമായിട്ടാണ് സക്കറിയ ഈ കഥനിർമ്മിച്ചിരിക്കുന്നത്.

1. സക്കറിയ: *ആർക്കറിയാം*, പുറം 45.

ദാവീദിന്റെ പുത്രനായിരുന്ന സോളമൻ രാജാവിനെ ദൈവം ജ്ഞാനവും വിവേകവും നല്കി അനുഗ്രഹിക്കുന്നുണ്ട്. "നീ ദീർഘായുസ്സോ, സമ്പത്തോ, ശത്രുസംഹാരമോ ആവശ്യപ്പെടാതെ, നീതി നിർവ്വഹണത്തിനുവേണ്ട വിവേകം മാത്രമാണ് ആവശ്യപ്പെട്ടത്. നിന്റെ അപേക്ഷ ഞാൻ സ്വീകരിച്ചിരിക്കുന്നു. ജ്ഞാനവും വിവേകവും ഞാൻ നിനക്കു തരുന്നു"[1] എന്നാണ് സോളമനെക്കുറിച്ച് എഴുതപ്പെട്ടിരിക്കുന്നത്. എന്നാൽ പിന്നീട് സോളമനെക്കുറിച്ച് എഴുതിയിരിക്കുന്ന കാര്യങ്ങൾ വായിക്കുമ്പോൾ തന്റെ നിലനില്പിനും, സുഖസൗകര്യങ്ങൾക്കും ആവശ്യമായ പ്രവൃത്തികളാണ് സോളമൻ ചെയ്യുന്നതെന്ന തോന്നൽ വായനക്കാർക്കുണ്ടാവാറുണ്ട്. എന്നാൽ ദൈവശാസ്ത്രപ്രകാരം വ്യാഖ്യാനിക്കുന്നവരാകട്ടെ ഈ പ്രവൃത്തികളെല്ലാം നീതിപൂർവ്വവും, സത്യസന്ധവുമാണെന്ന് പറയുന്നു. സോളമൻ രാജാവിന്റെ കഥകളുമായി ബന്ധപ്പെട്ടുവരുന്ന കഥാപാത്രങ്ങളെയും, സോളമൻ രാജാവിനെയും പാരഡിരൂപത്തിലവതരിപ്പിച്ച് സക്കറിയ മെനെഞ്ഞെടുത്തതാണ് 'കിംഗ്(?) സോളമൺ(ൻ)'[2]. സോളമൻ രാജാവ്, ദാവീദ് രാജാവ്, ദാവീദ് രാജാവിന്റെ ഭാര്യ ബാത്ഷേബാ, ദാവീദു രാജാവിന്റെ മറ്റൊരു ഭാര്യയായ ഹഗ്ഗീത്തിന്റെ മകൻ അദോനിയാ, ദാവീദു രാജാവിനെ വാർദ്ധക്യത്തിൽ ശുശ്രൂഷിച്ച ഷുനാം കാരി അബിഷാഗ്, അദോനിയായുടെ ജ്യേഷ്ഠനായ യോവാബ്, സോളമന്റെ സുഹൃത്തും യഹോയാദായുടെ മകനുമായ ബനായ, സോളമൻ ആളയച്ചുവരുത്തിയ ഷിമെയി, രാജാവിന്റെ ജ്ഞാനത്തിനു തെളിവായി പറയുന്ന കഥയിലെ രണ്ടു വേശ്യകൾ ഇവരെല്ലാം ബൈബിൾ കഥയിൽനിന്നും സക്കറിയ കഥയിലേക്ക് എത്തിയിട്ടുണ്ട്. ബൈബിൾ കഥയുടെ വിശ്വാസ്യതയെയും, പൊരുത്തക്കേടുകളെയും പ്രത്യക്ഷമായി വിമർശിക്കാതെ സക്കറിയൻ സ്റ്റൈലിൽ അവതരിപ്പിച്ച് ഒരു തിരിഞ്ഞു നോട്ടത്തിനു പ്രേരിപ്പിക്കുകയാണീ കഥാപാത്രങ്ങളിലൂടെ.

---

1. രാജാക്കന്മാർ,3,11-12. *സോളമന്റെ ജ്ഞാനം*, ബൈബിൾ പാസ്റ്ററൽ ഓറിയന്റേഷൻ സെന്റർ, പുറം 300.
2. സക്കറിയ: *ഒരിടത്ത്*, പുറം 56.

യേശു തന്റെ പരസ്യജീവിതകാലത്ത് സമൂഹം അകറ്റി നിർത്തിയിരുന്ന വേശ്യ കളെ നന്മയിലേക്കും, നല്ല ജീവിതത്തിലേക്കും നയിച്ചതായി ബൈബിൾ പറയുന്നു ണ്ട്. ഇതിന് യേശുവിനെ പ്രേരിപ്പിച്ചതെന്തായിരിക്കാം എന്ന് സക്കറിയ ചിന്തിക്കുന്നു. ശിശുവായിരുന്ന യേശുവിനെ വധിക്കുക എന്ന ലക്ഷ്യത്തോടെ നവജാത ശിശുക്കളെ വധിക്കാൻ ഹേറോദേസ് ഏൽപ്പിക്കുന്നത് പട്ടാളക്കാരെയാണ്. രാജകല്പന പാലി ക്കാൻ വിധിക്കപ്പെട്ട പട്ടാളക്കാരന്റെ മനസ്സ് സക്കറിയ വായിച്ചറിയുന്നു. ജോസഫും മേരിയും കർത്താവിന്റെ ദൂതൻ പറഞ്ഞതനുസരിച്ച് ശിശുവിനെയുംകൂട്ടി രക്ഷപ്പെടു ന്നതായി ബൈബിൾ പരാമർശമുണ്ട്. ഹേറോദോസിന്റെ മരണശേഷം അവർ തിരി കെവരുന്നതായാണ് പിന്നീട് പറയുന്നത്. ഹേറോദോസിന്റെ പട്ടാളക്കാരുടെ കണ്ണിൽപ്പെ ടാതെ യേശുവിനെയും കൊണ്ട് യൗസേപ്പും മറിയവും എങ്ങനെ രക്ഷപ്പെട്ടിരിക്കാം എന്ന് വരികൾക്കിടയിലൂടെ സക്കറിയ ചിന്തിക്കുന്നു. സമൂഹത്തിൽ ഉയർന്നുനിൽക്കുന്ന ഹേറോദോസ് രാജാവിന്റെ സ്വാർത്ഥതയും, അഹങ്കാരവും കൂടി പുറപ്പെടുവിച്ച കല്പ നകൾക്കിടയിൽ കരുണയും, സ്നേഹവും, സഹതാപവും നിറഞ്ഞ കഥാപാത്രങ്ങളാ യിട്ടാണ് പട്ടാളക്കാരനും, വേശ്യാലയം സൂക്ഷിപ്പുകാരിയും അവതരിപ്പിക്കപ്പെടുന്നത്. സമൂഹത്തിന്റെ മുമ്പിൽ ഹീനകൃത്യങ്ങൾ ചെയ്യുന്നവരായി വിധിക്കപ്പെടുന്നവരുടെ മനസ്സിന്റെ നൈർമ്മല്യം കണ്ടെത്തുകയാണ് സക്കറിയ ചെയ്തിരിക്കുന്നത്. സ്വന്തം താല്പര്യങ്ങൾക്കതീതമായി അധികാരവർഗ്ഗത്തിന്റെ താല്പര്യങ്ങൾക്ക് വിധേയരാകേ ണ്ടിവരുന്ന സമൂഹത്തിലെ കീഴാളന്മാരുടെ പ്രതിനിധികളാണീ കഥാപാത്രങ്ങൾ. രക്ഷ കന്റെ മാതാവും, വളർത്തുപിതാവുമായി തിരഞ്ഞെടുക്കപ്പെട്ടിട്ടും സാധാരണക്കാരുടെ മട്ടിൽത്തന്നെ പ്രശ്നങ്ങളെ തരണം ചെയ്യുന്ന കഥാപാത്രങ്ങളായാണ് മേരിയും,യൗ സേപ്പും കഴിഞ്ഞതെന്നവീക്ഷണവും കഥയിലുണ്ട്. 'നിനക്കിത് മനസ്സിലാവില്ല. നിനക്കു കുഞ്ഞുങ്ങളില്ലല്ലോ. ഞാൻകൊന്ന കുഞ്ഞുങ്ങളുടെ മുഖത്തെ അമ്പരപ്പ് നീ കണ്ടി

ല്ലല്ലോ' എന്നു വ്യസനിക്കുന്ന പട്ടാളക്കാരനും 'നിന്റെ മകൻ വളർന്നു രാജാവാകുമ്പോൾ ഞങ്ങളെയും രക്ഷിക്കാൻ പറയൂ. ഞങ്ങൾ വേശ്യകളാണ്. പക്ഷേ, അമ്മയുടെ വാക്ക് അവൻ അനുസരിക്കും' എന്നു പ്രത്യാശിക്കുന്ന വേശ്യയും, 'നന്ദി. ഞങ്ങൾക്ക് അഭയംതന്നതിന് നന്ദി. എന്റെ കുഞ്ഞിന്റെ നന്ദി' എന്നു പറഞ്ഞു പിൻവാങ്ങുന്ന മറിയവും, യേശുവിന്റെ ജീവിതത്തിലെന്നപോലെ കഥയിലും മൗനിയായി അവതരിപ്പിക്കപ്പെട്ടിരിക്കുന്ന യൗസേപ്പും 'ആർക്കറിയാം'[1] എന്ന കഥയിൽ നിറഞ്ഞുനിൽക്കുന്ന കഥാപാത്രങ്ങളാണ്.

യേശുവിന് മരണശിക്ഷവിധിച്ച് മരണത്തിന് വിട്ടുകൊടുക്കുന്നത് പീലാത്തോസാണ്. മരണശിക്ഷയ്ക്ക് അർഹമായ ഒരു തെറ്റും താൻ യേശുവിൽകാണുന്നില്ലെന്നും, ചമ്മട്ടികൊണ്ട് അടിപ്പിച്ച് വിട്ടയക്കുമെന്നും പീലാത്തോസ് പറയുന്നുണ്ട്. എന്നാൽ ജനഹിതത്തിനു വഴങ്ങി പീലാത്തോസ് യേശുവിനെ വധിക്കാൻ വിട്ടുകൊടുക്കുന്നു. മനസ്സില്ലാ മനസ്സോടെ യേശുവിനെ മരണത്തിന് ഏല്പിച്ചുകൊടുത്ത പീലാത്തോസിന്റെ ചിന്തകളിൽനിന്നും യേശു അത്രപെട്ടെന്ന് അകന്നുപോകുന്നില്ല. യേശു യഥാർത്ഥത്തിൽ ആരായിരുന്നു എന്നു കണ്ടെത്താൻ ശ്രമിക്കുന്ന പീലാത്തോസ് 'എന്തുണ്ട് വിശേഷം പീലാത്തോസി'[2]ൽ ഉള്ളത്. യേശുവിനെ ക്രൂശിക്കാൻ മുറവിളികൂട്ടുന്ന ജനക്കൂട്ടത്തോട് 'അവൻ എന്തുതിന്മയാണ് ചെയ്തത്?' എന്നു ചോദിക്കുന്ന പീലാത്തോസ് തന്റെ മനസ്സുതുറന്നാൽ എന്തൊക്കെയാവും യേശുവിനെക്കുറിച്ച് പറയുക എന്ന് സക്കറിയ ചിന്തിക്കുന്നു. ജീവിതത്തിന്റെ നല്ല നാളുകളിൽ എല്ലാവിധ സുഖങ്ങളും പീലാത്തോസ് അനുഭവിച്ചു. എന്നിട്ടും ജീവിതസായാഹ്നത്തിൽ എത്തി നിൽക്കുന്ന പീലാത്തോസിന് തൃപ്തിയുണ്ടോ? എന്ന ചോദ്യത്തിന് ഉത്തരമില്ല. ദൈവവിചാരം വന്നു തുടങ്ങിയ പീലാത്തോസ് തന്റെ ജീവിതാനുഭവങ്ങളിലും ദൈവനിശ്ചയം കണ്ടെത്തു

1. സക്കറിയ: *ആർക്കറിയാം*, പുറം 9.
2. സക്കറിയ: *എന്തുണ്ടുവിശേഷം, പീലാത്തോസേ*, 1988

ന്നുണ്ട്. നീതിമാനായ യേശുവിന്റെ രക്തത്തിൽ പങ്കില്ലെന്ന് പറഞ്ഞു കൈകഴുകിയ പീലാത്തോസ് ബാഹ്യമായി തന്റെ നിരപരാധിത്വം തെളിയിച്ചു. അതേ പീലാത്തോസിന്റെ മനസ്സാക്ഷിയുടെ മുമ്പിലുള്ള കൈകഴുകലാണീ കഥയിൽ. യേശു വാഗ്ദാനം ചെയ്ത ദൈവരാജ്യം എന്നെങ്കിലും സ്ഥാപിക്കുകയാണെങ്കിൽ അതിൽ തന്റെ സ്ഥാനം എന്തായിരിക്കുമെന്നാണ് പീലാത്തോസ് ചിന്തിക്കുന്നത്. തന്റെ നിരപരാധിത്വം യേശു തീർച്ചയായും മനസ്സിലാക്കണമെന്ന് പീലാത്തോസ് ആഗ്രഹിക്കുന്നു. ചരിത്രത്തിൽ യേശു രേഖപ്പെടുത്തപ്പെട്ടാൽ അവിടെയും തന്റെ ചിത്രം നിപരാധിയുടെതാവണമെന്ന് പീലാത്തോസ് ആഗ്രഹിക്കുന്നു. യേശു ചരിത്രത്തിന്റെ ഇരയായിരുന്നതിനാലാണ് തനിക്ക് രക്ഷിക്കാൻ കഴിയാതെ പോയതെന്ന് പറയുന്ന പീലാത്തോസ് തന്റെ നിരപരാധിത്വം സ്ഥാപിച്ചെടുക്കാനുള്ള ശ്രമമാണ് നടത്തുന്നത്. ജീവിതത്തിന്റെ സുഖസൗകര്യങ്ങളിലും, അധികാരങ്ങളിലും മുഴുകി കഴിയുന്ന മനുഷ്യനും ഒടുവിൽ ഈശ്വരവിചാരമുണ്ടാകും എന്നതിന്റെ സാക്ഷിയാണ് പീലാത്തോസ്. രാജപക്ഷത്തെ പ്രീതിപ്പെടുത്തുന്നതിനും സ്വന്തം നിലനില്പിന്നും വേണ്ടി യേശുവിനെതിരായി നിന്നവരും മനസ്സുകൊണ്ട് യേശുവിന്റെ പക്ഷത്തായിരുന്നു എന്നതിനു തെളിവാണ് പീലാത്തോസ്. "ആൾക്കൂട്ടം രാഷ്ട്രീയം പറയാൻ തുടങ്ങി. ചക്രവർത്തിയോടു കൂർ പ്രഖ്യാപിക്കുകയും എന്നെ എതിർക്കുകയും ചെയ്യുന്ന ശബ്ദങ്ങളുയർന്നു. അപകടം, അപകടം എന്ന് എന്റെ സർവ്വപൊതുജീവിത പരിചയവും വിളിച്ചു പറഞ്ഞു."[1] ബൈബിളിൽ വളരെക്കുറിച്ചു മാത്രം സംസാരിച്ചു പിൻവാങ്ങിയ പീലാത്തോസിന് മനസ്സിലുള്ളത് മുഴുവൻ തുറുന്നുപറയാൻ അവസരം നല്കുകയാണ് സക്കറിയ.

പീലാത്തോസിന്റെ ഭാര്യയായിരുന്ന 'ജൂലിയ'യെക്കുറിച്ച് ബൈബിളിൽ ചെറിയ പരാമർശമുണ്ട്. "അവൻ ന്യായാസനത്തിൽ ഉപവിഷ്ടനായിരിക്കുമ്പോൾ അവന്റെ ഭാര്യ

1. സക്കറിയ: *എന്തുണ്ട് വിശേഷം പീലാത്തോസേ*,പുറം 44.

അവന്റെ അടുത്തേക്ക് ആളയച്ച് അറിയിച്ചു: ആ നീതിമാന്റെ കാര്യത്തിൽ ഇടപെട രുത്. അവൻമൂലം സ്വപ്നത്തിൽ ഞാൻ ഇന്നുവളരെയേറെ ക്ലേശിച്ചു."[1] യേശുവിന്റെ അന്തിമവിചാരണ പീലാത്തോസ് നടത്തിക്കൊണ്ടിരിക്കവേ നേരിട്ട് പ്രത്യക്ഷപ്പെടാതെ കാണാമറയത്ത് ഇരുന്നു യേശുവിന്റെപക്ഷം ചേർന്ന സ്ത്രീയാണ് ജൂലിയ. പീലാ ത്തോസിന്റെ ഭാര്യയായി ബൈബിളിൽ പരിചയപ്പെടുത്തിയിരിക്കുന്ന ജൂലിയയെ സ്വന്ത മായ വ്യക്തിത്വമുള്ള ഒരു കഥാപാത്രമായി 'എന്തുണ്ടു വിശേഷം പീലാത്തോസി'ൽ സക്കറിയ മാറ്റിയിരിക്കുന്നു. റോമാക്കാരിയായ ജൂലിയ ലോൻജിനസ്സിന്റെ വിദ്യാശാല യിൽ പഠിച്ചവളാണ്. ഒരു സാധാരണക്കാരിയായ സ്ത്രീയുടെ തലത്തിൽ നിന്നുയർന്ന് വായന ഇഷ്ടപ്പെടുകയും പുസ്തകങ്ങൾ ശേഖരിക്കുകയും ചെയ്തിരുന്നു ജൂലിയ. റോമൻ ഗവർണറുടെ ഭാര്യയെന്ന നിലയിൽ സുഖഭോഗങ്ങളിൽ തൃപ്തികണ്ടെത്തി ജീവിക്കേണ്ടതായിരുന്നു ജൂലിയ. എന്നാൽ പീലാത്തോസ് എല്ലാവിധ ലോകസുഖ ങ്ങളിലും മുഴുകിക്കഴിയുമ്പോഴും ഇവയെല്ലാം മനസ്സിലാക്കി ഭാര്യയായ ജൂലിയ പീലാ ത്തോസിനെക്കാൾ എത്രയോ ഉയരത്തിലാണ്. 'എന്തിനാണ് ജനിക്കുന്നത്? എന്തിനാണ് ബന്ധങ്ങൾ ഉണ്ടാക്കുന്നത്? മരണത്തിനുശേഷം എന്ത്? എന്താണ് സത്യം? എന്നി ങ്ങനെ പീലാത്തോസിന് യാതൊരു എത്തുംപിടിയും നല്കാത്ത ചിന്തകളാണ് ജൂലി യയുടേത്. ജൂലിയയുടെ മഹത്വമാർന്ന വ്യക്തിത്വത്തെ മനസ്സിലാക്കാൻ പീലാത്തോ സിനു കഴിഞ്ഞിരുന്നില്ല എന്നതിലുപരി ജൂലിയയുടെ വ്യക്തിത്വത്തെ ഭയപ്പെടുകയും, ബഹുമാനിക്കുകയും ചെയ്തിരുന്നു എന്നതാണ് ശരി. ജൂലിയയും യേശുവുമായുള്ള ബന്ധത്തിന്റെ ആഴം പീലാത്തോസ് മനസ്സിലാക്കിയിരുന്നുമില്ല. ഈ ലോകത്തിനുമു ന്നിൽ നിരപരാധിയുടെയും, യേശുപക്ഷക്കാരന്റെയും വേഷം കെട്ടാൻ പീലാത്തോ സിന് പുഴുതുനൽകിയത് സത്യത്തിൽ ജൂലിയയാണ്. 'ആ നീതിമാന്റെ കാര്യത്തിൽ

1. മത്തായി: *ബൈബിൾ പുതിയനിയമം*, വിചാരണയും വിധിയും, പുറം34.

ഇടപെടരുത്' എന്ന് ജൂലിയ ആളയച്ച് അറിയിച്ചത് പീലാത്തോസിന് യേശുവിനോടുള്ള സഹാനുഭൂതി വർദ്ധിക്കാൻ കാരണമായി. നോവലിന്റെ അവസാനഭാഗത്ത് ഉയിർത്തെഴുന്നേറ്റ യേശുവിനെകാണാൻ പുറപ്പെട്ട സ്ത്രീകളോടൊപ്പം ജൂലിയയും ഉണ്ടായിരുന്നു. ഭൂമി മുഴുവനും ഇരുണ്ട് ഭയാനകമായ കാറ്റും, കോളുംകൊണ്ട് നിറഞ്ഞ അന്തരീക്ഷത്തിൽ ദൂരെനിന്നും വരുന്ന അപരിചിതനെ കണ്ട് സ്ത്രീകളിൽനിന്നും ഞെട്ടലിന്റെയും ഭീതിയുടെയും സീൽക്കാരങ്ങൾ ഉയർന്നപ്പോൾ'എന്റെ ഈശോയെ' എന്ന് യേശുവിനെ തിരിച്ചറിഞ്ഞു വിളിക്കുന്നതും ജൂലിയയാണ്. യേശുവുമായി വ്യക്തിപരമായ അടുത്തബന്ധം പുലർത്തിയതായി ബൈബിളിൽ പരാമർശിച്ചിട്ടില്ലാത്തവരുടെപോലും മനസ്സിൽ യേശുവിനുണ്ടായിരുന്ന സ്ഥാനം വ്യക്തമാക്കുന്നുണ്ടീ സക്കറിയൻ കഥാപാത്രം.

യേശുവിനെ സംസ്കരിച്ചതിനുശേഷം ശിഷ്യന്മാർ മടങ്ങിപ്പോയി. ആഴ്ചയുടെ ഒന്നാംദിവസം അതിരാവിലെ ഇരുട്ടായിരിക്കുമ്പോൾതന്നെ 'മഗ്ദലനമറിയം' യേശുവിനെ അന്വേഷിച്ച് യേശുവിനെ സംസ്കരിച്ച ശവകുടീരത്തിന്റെ സമീപത്തേക്കുവന്നു. ശവകുടീരത്തിന്റെ കല്ലുമാറ്റപ്പെട്ടതായികണ്ട മഗ്ദലനമറിയം വിവരം ശിഷ്യന്മാരെ അറിയിക്കുന്നു. കല്ലറയ്ക്കുവെളിയിൽ കരഞ്ഞുകൊണ്ടു നിന്നിരുന്ന മറിയത്തിനാണ് യേശു ഉയിർത്തെഴുന്നേറ്റതിനുശേഷം ആദ്യമായി പ്രത്യക്ഷപ്പെട്ടത് എന്ന കാര്യവും ബൈബിളിൽ ഉണ്ട്.[1] വ്യഭിചാരക്കുറ്റത്തിന് പിടിക്കപ്പെട്ട് കല്ലെറിഞ്ഞ് കൊല്ലാൻ തയ്യാറായി വന്നവരിൽനിന്ന് യേശുവാണ് മറിയത്തെ രക്ഷിച്ചത്. മറിയത്തിന്റെ പാപജീവിതത്തിൽ അവളോടൊപ്പം പങ്കാളിയായ പീലാത്തോസ് മഗ്ദലനമറിയത്തെ നോക്കിക്കാണുകയാണ് 'എന്തുണ്ട് വിശേഷം പീലാത്തോസി'ൽ. "രസികത്തികളായ യൂദത്തികളുടെ മുടിചൂടാമഹാറാണി", എന്ന് പീലാത്തോസ് വിശേഷിപ്പിച്ചിരിക്കുന്ന മഗ്ദലനക്കാരി മറിയം,

1. യോഹന്നാൻ: ബൈബിൾ പുതിയനിയമം, ശൂന്യമായ കല്ലറ, യേശു മഗ്ദലനമറിയത്തിനു പ്രത്യക്ഷപ്പെടുന്നു, (20,1-2, 20,11-18) പുറം 125.

തന്റെ പാപകരമായ സുഖജീവിതത്തിൽനിന്നും പൂർണ്ണമായും കരകയറി ഈ നോവലിൽ പ്രത്യക്ഷപ്പെട്ടിരിക്കുകയാണ്. പീലാത്തോസിനോടൊപ്പം പരമാമന്ദത്തിന്റെ കൊടുമുടി കയറിയ അവൾ ഒരു പരിശുദ്ധയെപ്പോലെ കരഞ്ഞുകലങ്ങിയ കണ്ണുകൾ കൊണ്ട് പീലാത്തോസിനോട് യേശുവിനുവേണ്ടി നിശ്ശബ്ദമായി യാചിക്കുകയാണ്. പെണ്ണുങ്ങൾ മണ്ടികളായതുകൊണ്ട് മാത്രമാണ് യേശുവിന്റെ പിറകെ നടക്കുന്നതെന്ന് കരുതിയ പീലാത്തോസിന്, അദ്ദേഹത്തിന്റെ അനേകം വെള്ളിനാണയങ്ങളേക്കാൾ വിലപിടിച്ചതാണ് യേശുവിന്റെ സ്നേഹമെന്ന് മഗ്ദലനമറിയം വെളിപ്പെടുത്തികൊടുക്കുന്നു.

ബൈബിളിൽ യേശുവിനെ തിരക്കി തനിയെ പുറപ്പെടുന്ന മറിയത്തെ നോവലിൽ മറ്റുസ്ത്രീകളോടൊപ്പം പുറപ്പെടുന്നതായവതരിപ്പിക്കുന്നു. യേശുവിനെ കണ്ടെത്താനാവുമോ എന്ന സഹയാത്രികയുടെ ചോദ്യത്തിന്, “അവനെവിടെയെന്ന് നമുക്കറിഞ്ഞുകൂടെങ്കിലും നമ്മളെവിടെയെന്ന് അവനറിയേണ്ടതല്ലേ?”[1] എന്ന മറിയത്തിന്റെ മറുചോദ്യത്തിൽ നിന്ന് യേശുവിനെ മറിയം എത്രമാത്രം ഉൾക്കൊണ്ടിരിക്കുന്നുവെന്ന് വ്യക്തമാണ്. ചെളിപുരണ്ട അങ്കിയിൽ രക്തപ്പാടുകളുമായി മുന്നിൽവന്നുനിന്ന യേശുവിനെ കണ്ട് കൂടെയുള്ള സ്ത്രീകൾ ഭയപ്പെടുന്നു. മറിയമാകട്ടെ യേശുവിനെ കണ്ണിമയ്ക്കാതെ നോക്കിനിൽക്കുന്നു. അവളുടെ മുഖത്ത് മെല്ലെ ഒരുപൂവുപോലെ പുഞ്ചിരി വിടരുന്നു. യേശുവിന്റെ സമീപത്തേക്ക് ധൈര്യത്തോടെ നടന്നുചെല്ലുന്ന മറിയം നിന്റെ അങ്കിയൊന്നു കഴുകിത്തരുവാൻ പിതാവിന്റെ ഭവനത്തിൽ ആരുമില്ലായിരുന്നോ? എന്നന്വേഷിക്കുന്നു. യേശുവിന്റെ കൈകൾ തന്റെ കൈകളിലെടുക്കുന്ന മറിയത്തെ യേശു ചുംബിക്കുന്നു. തികച്ചും സ്വാതന്ത്ര്യത്തോടെയും നിഷ്കളങ്കമായ സ്നേഹത്തോടെയും യേശുവിനെ സമീപിക്കുന്ന മറിയമാണ് സക്കറിയ അവതരിപ്പിച്ചിരിക്കുന്നത്.

1. സക്കറിയ: *എന്തുണ്ട് വിശേഷം പീലാത്തോസേ*,പുറം 48.

പത്തുപതിനേഴ് കൊല്ലത്തോളം ലോകസഞ്ചാരവുമായി നടന്ന മകൻ തിരിച്ചു വന്നസന്തോഷത്തിലാണ് യേശുവിന്റെ അമ്മ. ദരിദ്രമായ ചുറ്റുപാടുള്ള ഒരു വീടിന്റെ അന്തരീക്ഷം അവിടെ തറയിൽ അടുപ്പിനുസമീപമിരുന്ന് മക്കൾക്കുവേണ്ടി ഭക്ഷണം ഒരുക്കുന്ന അമ്മ. പുകകൊണ്ടു കലങ്ങിയ കണ്ണുകളോടെ സ്നേഹപൂർവ്വം മകനോട് അപ്പോൾ പുഴുങ്ങിയ കൊഴുക്കട്ട വേണോ എന്നന്വേഷിക്കുന്നു. മീശ വടിക്കണോ യെന്ന് അഭിപ്രായം ചോദിക്കുന്ന മകനോട് "ഇങ്ങനെയിരിക്കുന്നതാണ് നല്ലത്. നല്ല ഗൗരവമുണ്ട്, ഭംഗിയുണ്ട്" എന്നൊക്കെയുള്ള അമ്മയുടെ മറുപടി. റോമക്കാരെപ്പോലെ യൂദന്മാർമുഖം വടിക്കാൻ പാടില്ല. താടിമീശയുള്ളതാണ് യൂദന്റെ അന്തസ്സ് എന്ന് മകനെ ബോധ്യപ്പെടുത്തുന്നുമുണ്ട് മറിയം. ബെഥനിവരെ പോയി വരാൻ അമ്മയോട് യേശു അനുവാദം ചോദിക്കുന്നു. ഈ ചൂടിൽ രണ്ടുദിവസം യാത്ര കഴിയുമ്പോൾ തന്റെ മകൻ തളർന്നു പോകുമല്ലോ എന്ന് വാത്സല്യനിധിയായ ആ അമ്മ ചിന്തിക്കുന്നുണ്ട്. താടി മീശയില്ലെങ്കിൽ ചേട്ടൻ ഒരു പെണ്ണിനെപ്പോലെയിരിക്കും എന്ന തമാശ പറയുന്ന ലൈല യുടെ തമാശയിൽ മറിയവും പങ്കുചേരുന്നു. അല്ലെങ്കിലും തന്റെ മക്കളെയെല്ലാം കണ്ടാൽകൊള്ളാം എന്നഭിമാനിക്കുന്ന അമ്മയുടെ മനസ്സിലേക്ക് ദൈവദൂതനെപ്പോലെ ഒരാളുടെ മുഖം കടന്നുവരുന്നു. പിതാവും, അമ്മയും, സഹോദരിമാരും, സഹോദര ന്മാരും, സഹോദരഭാര്യമാരും ഒക്കെയുള്ള ഒരു കുടുംബത്തിലെ അമ്മയായിട്ടാണ് മറി യത്തെ സക്കറിയ 'കണ്ണാടി കാണ്മോളവും'[1] എന്ന കഥയിൽ കാണുന്നത്. മാനുഷിക ഭാവത്തിലുള്ള യേശുവിന്റെ മാനുഷികഭാവമുള്ള അമ്മയായി മറിയം നിൽക്കുന്നു.

യേശുവിന്റെ ചാർച്ചക്കാരിയായി കടന്നുവരുന്ന കഥാപാത്രമാണ് മറിയം. ലാസ റിന്റെ സഹോദരിയാണിവർ. നടന്നു തളർന്നെത്തുന്ന യേശുവിനെ സ്വീകരിക്കുകയും യേശുവിന്റെ ദുഃഖങ്ങൾ ഉൾക്കൊണ്ട് സമാശ്വസിപ്പിക്കുകയും ചെയ്യുന്നു മറിയം. യേശു

1. സക്കറിയ: *കണ്ണാടി കാണ്മോളവും* ,പുറം 1988.

വിന്റെ കുടുംബ ബന്ധങ്ങളും സഹോദര ബന്ധങ്ങളും വ്യക്തമാക്കാൻ ഈ കഥാപാത്രത്തിലൂടെ കഴിഞ്ഞിരിക്കുന്നു. സഹോദരിമാരായ മാർത്തയെയും മറിയത്തെയുംകുറിച്ച് ബൈബിളിൽ സൂചിപ്പിക്കുന്നുണ്ട്. "അവർ പോകുന്നവഴി അവൻ ഒരു ഗ്രാമത്തിൽ പ്രവേശിച്ചു. മർത്താ എന്നുപേരുള്ള ഒരുവൾ അവനെ സ്വഭവനത്തിൽ സ്വീകരിച്ചു. അവൾക്കു മറിയം എന്നുപേരായ ഒരു സഹോദരിയുണ്ടായിരുന്നു. അവൾ കർത്താവിന്റെ വചനങ്ങൾ കേട്ടുകൊണ്ട് അവന്റെ പാദത്തിലിരുന്നു. മർത്തായാകട്ടെ പലവിധ ശുശ്രൂഷകളിൽ മുഴുകി വ്യഗ്രചിത്തയായിരുന്നു. അവൾ അവന്റെ അടുത്തു ചെന്നു പറഞ്ഞു: കർത്താവേ ശുശ്രൂഷയ്ക്കായി എന്റെ സഹോദരി എന്നെ തനിയെവിട്ടിരിക്കുന്നതു നീ ശ്രദ്ധിക്കുന്നില്ലേ? എന്നെ സഹായിക്കാൻ അവളോടു പറയുക. കർത്താവ് അവളോടു  പറഞ്ഞു. മർത്താ, മർത്താ, നീ പലതിനെക്കുറിച്ചും ഉൽക്കണ്ഠാകുലയും അസ്വസ്ഥയുമായിരിക്കുന്നു. ഒന്നുമാത്രമേ ആവശ്യമുള്ളൂ. മറിയം നല്ലഭാഗം തിരഞ്ഞെടുത്തിരിക്കുന്നു. അത് അവളിൽ നിന്നും എടുക്കപ്പെടുകയില്ല."[1] കഥയിലും യേശുവിനെ ശുശ്രൂഷിക്കുന്നത് മറിയമാണ്. മാർത്തയും, ലാസറും ചന്തയിൽ പോയിരുന്നു. കണ്ണാടി തന്നെ പ്രലോഭനത്തിൽ ഉൾപ്പെടുത്തുമോ എന്ന് ഭയപ്പെടുന്ന യേശുവിനെ ആശ്വസിപ്പിക്കുകയും, ധൈര്യം പകരുകയും ചെയ്യുന്ന കഥാപാത്രമാണ് മറിയം.

വാഗ്ദത്ത ഭൂമിയിലേക്ക് ഇസ്രായേൽ ജനത്തെ നയിച്ചിരുന്നത് മോശയായിരുന്നു. എന്നാൽ മോശയ്ക്ക് അവിടെ കാലുകുത്തുവാനൻ സാധിച്ചില്ല. മോശയുടെ പിൻഗാമിയായിരുന്ന ജോഷയാണ് പിന്നീട് ഇസ്രായേൽ ജനത്തെ നയിക്കുന്നത്. ജോഷ ജെറീക്കോ നഗരത്തെക്കുറിച്ച് മനസ്സിലാക്കി വരാൻ രണ്ടുപേരെ അയക്കുന്നു. ജെറീക്കോ നഗരം തകർക്കാനായി വന്നെത്തിയ അവർക്ക് ഗൂഢസഹായം നൽകി നഗരത്തെ ഒറ്റിക്കൊടുക്കുന്നത് റഹാബ് എന്ന വേശ്യയാണ്. 'ഇതാണെന്റെ പേരി'[2]ലെ

1. ലൂക്കാ 10,38-42, *മർത്തായും മറിയവും*, പുറം 77.
2. സക്കറിയ: *ഇതാണെന്റെ പേര്*, 2001.

ഘാതകൻ ലോകത്തിലുള്ള സകല തിന്മകളുടെയും പ്രതിരൂപമായിട്ടാണ് അവതരിപ്പിക്കപ്പെടുന്നത്. റാഹബിന്റെ വേഷത്തിലെത്തിയത് ഘാതകനായിരുന്നു.

പുരാണനഗരത്തിലെ പാഷണ്ഡ ക്രൈസ്തവരെ അമർച്ചചെയ്യാൻ മാർപ്പാപ്പ അയച്ച കുരിശു യുദ്ധപ്പടയുടെ ആദ്ധ്യാത്മികോപദേഷ്ടാവും അയാളായിരുന്നു. സ്ത്രീകളുടെയും, കുട്ടികളുടെയും, വൃദ്ധരുടെയും വൻ സംഘത്തെ അവരുടെ കൂടെ പാഷണ്ഡരുമുണ്ടായിരുന്നെന്ന കുറ്റം വിധിച്ച് ദേവാലയത്തോടെ അഗ്നിക്കിരയാക്കിയതിന് നേതൃത്വം നല്കുന്നത് ഈ കഥാപാത്രമാണ്. ചുട്ടു കരിയുന്നവരുടെ നിലവിളികൾ ചെവികളിലെത്തുമ്പോൾ അയാൾ കോരിത്തരിപ്പോടെ നോക്കിനിൽക്കുകയും കൈകൊട്ടി തുള്ളിച്ചാടുകയും ചെയ്യുന്നുണ്ട്.

ശിശുവായിരുന്ന യേശുവിനെ സന്ദർശിച്ച സമയത്ത് ശിശുവിനെ കാത്തിരുന്ന ആധ്യാത്മിക മഹിമ ദർശനത്തിലൂടെ കണ്ടറിഞ്ഞ് അസൂയാലുവായിത്തീരുന്നു. ശിശുവിന്റെ അമ്മയുടെയും സഹയാത്രികരുടെയും കണ്ണിൽപ്പെടാതെ ഒരുപിടി പുൽനാമ്പുകൾ ശിശുവിന്റെ വായയിൽ കുത്തിത്തിരുകി. 'ബൈബിൾ കഥകളിലെ ഹിംസാമൂർത്തിയുടെ പ്രതിനിധിയാണീ കഥാപാത്രം.'[1]

ബൈബിളിൽ നിന്നുള്ള കഥാപാത്രങ്ങളെ സക്കറിയ കഥകളിൽ ഉപയോഗപ്പെടുത്തിയിരിക്കുന്നു. ബൈബിൾ പശ്ചാത്തലത്തിൽനിന്നും വേർപെടുത്തി തന്റെ കഥയുടെ പശ്ചാത്തലത്തിലേയ്ക്ക് അവരെ ഇണക്കി ചേർക്കുകയാണ് സക്കറിയ ചെയ്യുന്നത്. കഥയിൽ കഥാകൃത്തിന്റെ ആശയങ്ങളുടെ വക്താക്കളായിട്ടാണ് അവർ പ്രത്യക്ഷപ്പെടുന്നത്. ക്രിസ്തുവിൽ നിറഞ്ഞുനിന്നിരുന്ന ദൈവികതയെക്കുറിച്ചുള്ള സക്കറിയയുടെ കാഴ്ചപ്പാടും കഥാപാത്രങ്ങളിലൂടെ വെളിപ്പെടുത്തുന്നുണ്ട്.

1. മണർകാട് മാത്യു: എനിക്കുലാഭം ആത്മസംതൃപ്തി മാത്രം, *സാംസ്കാരികവികാരം സാഹിത്യമാസിക*,പുസ്തകം1, ലക്കം 8, ഏപ്രിൽ 2003, പുറം 56.

### 3.3. ബൈബിൾ സംഭവപശ്ചാത്തലത്തിൽ രൂപംകൊണ്ട കഥാപാത്രങ്ങൾ

ബൈബിളിൽനിന്നും സ്വീകരിച്ചിട്ടുള്ള കഥാപാത്രങ്ങളല്ലെങ്കിലും, ബൈബിളിൽ ഉണ്ടായിരുന്നുവരെന്നു തോന്നിപ്പോകുന്നവരും, ചിന്തകളും, പ്രവൃത്തികളുംകൊണ്ട് ബൈബിൾ കഥാപാത്രങ്ങളോട് അടുത്തു നിൽക്കുന്നവരും, ക്രൈസ്തവികമായ കാഴ്ച പ്പാടുകൾ പുലർത്തുന്നവരുമായ കഥാപാത്രങ്ങളും സക്കറിയയുടെ കഥയിലുണ്ട്. ബൈബിൾ സംഭവങ്ങളുടെ പ്രതീകങ്ങളായി ചില കഥാപാത്രങ്ങൾ കടന്നുവന്നിട്ടുണ്ട്.

തങ്ങളുടെ പ്രവൃത്തികൾക്കെല്ലാം ദൈവത്തെകൂട്ടുപിടിച്ച് ന്യായീകരണം കണ്ടെ ത്തുന്ന മനുഷ്യരുണ്ട്. മറ്റേതൊരു രംഗത്തുമെന്നപോലെ സാഹിത്യരംഗത്തും പരസ്പ രമുള്ള മത്സരങ്ങളുണ്ട്. ഇവരുടെ പ്രതിനിധികളായിട്ടാണ് എഴുത്തുകാരൻ 'എ'യും എഴുത്തുകാരൻ 'ബി'യും 'ഒരു സുന്ദര സന്ധ്യ'[1]യിൽ കടന്നുവരുന്നത്. എഴുത്തുകാ രൻ 'എ' 'ബി'യെ കൊല്ലുന്നത് അയാൾക്ക് മരണശേഷം നിത്യജീവൻ ലഭ്യമാക്കാ നും, 'ബി'യുടെ നന്മയ്ക്കുംവേണ്ടിയാണത്രെ. കത്തോലിക്കാ തിരുസഭ പഠിപ്പിക്കുന്ന തനുസരിച്ച് നിത്യജീവൻ ലഭ്യമാക്കാനാണ് തന്റെ പ്രവൃത്തി എന്ന ന്യായം എഴുത്തു കാരൻ 'എ' കണ്ടെത്തുന്നു.

തങ്ങൾ ആഗ്രഹിക്കുന്ന കാര്യങ്ങളെല്ലാം ദൈവം നടത്തിത്തരണമെന്ന് ശഠിക്കുന്ന വിശ്വാസികളുണ്ട്. അതിനുവേണ്ടി അവർ സമയപരിധിവെച്ച് പ്രാർത്ഥിക്കുകയും ചെയ്യും. തങ്ങൾ ആഗ്രഹിക്കുകയും, പറയുകയും ചെയ്യുന്നതനുസരിച്ച് ദൈവം പ്രവൃത്തിക്ക ണം. ദൈവത്തിനും മാർപ്പാപ്പയ്ക്കും, തിരുസഭയ്ക്കും എല്ലാം എതിരായി അവർ തിരി യും. അത്തരം വിശ്വാസിയുടെ പ്രതിനിധിയാണ് 'അമ്പാടി'[2]യിലെ കിളി.

ക്രൈസ്തവ സമൂഹത്തിൽ കുട്ടികളെ ചെറുതായിരിക്കുമ്പോൾതന്നെ മതപര മായ കാര്യങ്ങൾ  പഠിപ്പിക്കാറുണ്ട്. ശാസ്ത്രീയമായ മതപഠനത്തിനുവേണ്ടി മതപഠന

1. സക്കറിയ: *ഒരിടത്ത്,* പുറം 23.
2. ടി.പുറം 50.

ക്ലാസ്സുകൾ ഞായറാഴ്ചതോറും അയക്കുന്നു. ശുദ്ധതയ്ക്കെതിരായുള്ള പാപങ്ങളെക്കുറിച്ച് കുട്ടികൾക്ക് ലഭിക്കുന്ന ബോധനം പലപ്പോഴും കുട്ടികളുടെ മനസ്സിൽ തെറ്റിദ്ധാരണകൾ വരുത്തിയെന്നു വരാം. വിശുദ്ധജീവിതം നയിച്ചിരുന്നവരുടെ കഥകളും കുട്ടികൾക്ക് പറഞ്ഞുകൊടുക്കാറുണ്ട്. കുട്ടികൾ കേൾക്കുകയും പഠിക്കുകയും ചെയ്യുന്ന കാര്യങ്ങൾ പലപ്പോഴും ഭാഗികമായി മാത്രം ഉൾക്കൊള്ളുന്നു. ഇതിന്റെ ഫലമായി അബദ്ധങ്ങൾ സംഭവിക്കുന്നു. ഇത്തരത്തിൽ അബദ്ധങ്ങളിൽ പെട്ട ആ രണ്ടു കഥാപാത്രങ്ങളാണ് 'അശ്ലീലം വരുത്തി വച്ച വിന ഒരു ദുരന്തസംഭവ'[1]ത്തിലെ ഏലിയാമ്മയും വടക്കേലെ കുഞ്ഞൊമ്മച്ചനും. സഹപാഠികളായിരുന്ന ഇവരിൽ പരസ്പരം തെറ്റിദ്ധാരണക്കിടയാക്കിയത് 'ശാരീരികമായ സ്പർശം' എന്ന വാക്കിന് ഇരുവരും നല്കിയ അർത്ഥവ്യത്യാസങ്ങളാണ്. മതമേധാവികളുടെ ശുപാർശകളിലൂടെ കാര്യം കാണുന്നവരുടെയും, പണം കൊടുത്ത് ദൈവത്തെ പ്രീതിപ്പെടുത്താം എന്നു ചിന്തിക്കുന്നവരുടെയും പ്രതിനിധികൾ കൂടിയാണ് ഈ രണ്ടു കഥാപാത്രങ്ങളും.

സ്വന്തം പ്രവൃത്തിയുടെ നീചത്വം മറച്ചുവെക്കാനായി മറ്റുള്ളവരുടെ പ്രവൃത്തികളിൽ കുറ്റം കണ്ടുപിടിക്കുന്നവരുണ്ട്. തന്റെ പ്രവൃത്തി ഈശ്വരനു നിരക്കാത്തതാണെങ്കിലും അതിൽ വിഷമിക്കാതെ തന്റെ കാര്യം കാണാനായി അന്യനെ ഉപദ്രവിക്കുക. തോട്ടുവാവക്കൻ എന്ന കുറുക്കൻ, മുത്തു കൃഷ്ണൻ എന്ന ആടിന്റെ മാംസം തിന്നണമെന്ന ചിന്തയിൽ അവന്റെ പേരിൽ ദൈവദൂഷണകുറ്റം ചുമത്തുന്നു. ദൈവദൂഷണം പറയുന്ന അവിശ്വാസിയായി വിധിച്ച് ആടിന്റെ മാംസം തിന്നാൻ മുതിരുന്നു. നിരപരാധിയെ ചൂഷണം ചെയ്യുന്നവരുടെ പ്രതിനിധിയാണ് 'മാംസനിബദ്ധമായ രാഗ'ത്തിലെ തോട്ടു വാവക്കൻ.[2]

---

1. സക്കറിയ: *ഒരിടത്ത്*, പു. 13
2. ടി.പു. 69

നസ്രാണി എഴുത്തുകാർ പൊതുവെ ഭൗതികമായ നേട്ടം ആഗ്രഹിക്കുന്നവരാണ്. തങ്ങളുടെ കുടുംബമഹത്വം കാണിക്കാൻ സഭയിലെ ഉയർന്ന വ്യക്തികളുമായി ബന്ധം സ്ഥാപിക്കുന്ന ക്രൈസ്തവരുമുണ്ട്. അവരുടെ തൊഴിലിനോടും, സാഹിത്യ സൃഷ്ടി കളോടും പ്രത്യേകിച്ച് ആത്മാർത്ഥതയൊന്നും ഉണ്ടാവില്ല. എഴുതിതുടങ്ങിയ കഥ പോലും അവസാനിക്കുന്നതിന് മുമ്പ് തന്നിഷ്ടപ്രകാരം നിറുത്തുന്നവർ. ഇത്തരത്തി ലുള്ള ഒരെഴുത്തുകാരനാണ് 'ഒരു ക്രൂരനസ്രാണി'[1]യുടെ കഥയിലുള്ളത്. "ബൈബി ളിലെ 'കഥ' മറന്ന് അതിനെ കൂദാശകളും വിശ്വാസപ്രമാണങ്ങളും അധികാരക്കസേര കളും മഹറോൻ ഭീഷണികളും തെമ്മാടിക്കുഴികളുമാക്കിത്തീർത്ത പൗരോഹിത്യത്തി ന്റെയും, ആ പൗരോഹിത്യത്തിന്റെ മോതിരം മുത്തി സ്വന്തം പ്രമാണിത്തം വളർത്തുന്ന സഭയിലെ യാഥാസ്ഥിതിക സവർണ്ണശക്തികളുടെയും വീട്ടുപടിക്കൽത്തന്നെ ക്രൈസ്തവ എഴുത്തുകാരുടെ പരാജയത്തിന്റെ കാരണങ്ങൾ നാം കണ്ടെത്തണം. 20-ാം നൂറ്റാണ്ടു തീരാറായി. 21-ാമത്തേത് എത്തുകയാണ്. കേരള ക്രൈസ്തവസമൂഹ ത്തിന്റെ മനസ്സ് ഇന്നും ആധുനികമായിട്ടില്ല."[2]

കഥാപാത്രങ്ങളെ സൃഷ്ടിക്കുമ്പോൾ പോലും ക്രൈസ്തവരായ എഴുത്തുകാർ സങ്കുചിതമനസ്കരായി തീരുന്നതായി ചിന്തിക്കുന്നുണ്ട് സക്കറിയ. പ്രേംകുമാറിനോട് എഴുത്തുകാരൻ: "ഒരു നായരെ ഞാൻ കഥാനായകനാക്കിയതെങ്ങനെയെന്ന് ഇന്ന ത്ഭുതപ്പെടുന്നു"[3] എന്നു പറയുമ്പോൾ അത്ഭുതപ്പെടുന്നത് യാഥാസ്ഥിതികരായ എഴു ത്തുകാരെക്കുറിച്ചാണ്. ക്രിസ്തുമതസന്ദേശവുമായി ഭാരതത്തിലേക്കു വന്ന വിദേശി കളെ സ്വീകരിച്ച സാമൂതിരിമാർക്കും, രാജാക്കന്മാർക്കും ഉണ്ടായിരുന്ന സാമാന്യബോധം പോലും ഇന്നത്തെ ആധുനികർക്കില്ല എന്ന കാഴ്ചപ്പാടിൽനിന്നും സക്കറിയ സൃഷ്ടി ച്ചതാണ് ഒരു ക്രൂരനസ്രാണിയുടെ കഥയിലെ പ്രേംകുമാറിനെ. "ആരാധിക്കുന്ന

1. സക്കറിയ: *ഒരിടത്ത്*, പു. 69
2. സക്കറിയ, ആരാണ് മലയാളി ക്രിസ്ത്യാനി? *കലാകൗമുദി*, പു. 7.
3. ടി. പു. 69

ദൈവത്തെ വച്ചാണോ മനുഷ്യനെ അളക്കുന്നത്"[1] എന്ന ചോദ്യം ഈ കഥാപാത്രസൃഷ്ടിക്കു പിന്നിലുണ്ട്. വിശ്വാസങ്ങൾക്കും, ആചാരങ്ങൾക്കും പിന്നിലുള്ള മനുഷ്യനെ തിരിച്ചറിയണമെന്നോർമ്മിപ്പിക്കുന്ന കഥാപാത്രങ്ങളാണീ കഥയിലുള്ളത്.

ദൈവത്തിലും, ക്രൈസ്തവസഭയുടെ പ്രബോധനങ്ങളിലുമുള്ള വിശ്വാസം ഏറ്റുപറയത്തക്കവിധം ചിട്ടപ്പെടുത്തിയ പ്രാർത്ഥനകളുണ്ട്. കാര്യകാരണസഹിതമൊ, യുക്തിപൂർവ്വമൊ ചിന്തിക്കാതെ അന്ധമായും, യാന്ത്രികമായും വിശ്വാസം ഏറ്റുപറയുന്ന ക്രൈസ്തവവിശ്വാസിയും, വിശ്വാസിയെ രൂപപ്പെടുത്തിയെടുക്കുന്ന പുരോഹിതനും വേഷപ്രച്ഛന്നരായി വന്നതാണ് ഇന്ത്യൻ കമ്മ്യൂണിസ്റ്റു പ്രസ്ഥാനത്തിന്റെ 'അനുയായിയും' 'സഖാവും.'[2] തന്റെ അനുഭവലോകത്തിലുള്ള മനുഷ്യരിൽ നിന്നും കഥാപാത്രങ്ങളെ സൃഷ്ടിച്ചിരിക്കയാണ് ഈ കഥയിലും.

ശാസ്ത്രം എത്ര വളർന്നാലും മനുഷ്യർ എത്രമാത്രം ശ്രമിച്ചാലും ജീവൻ നല്കാനും, തിരികെയെടുക്കാനും ദൈവം നിശ്ചയിച്ച സമയമുണ്ട്. മനുഷ്യബുദ്ധിക്കതീതമാണ് ഇവയെല്ലാം. സംഭവങ്ങൾ നടക്കുന്ന മാധ്യമമാണ് സമയം. ജീവനുവേണ്ട എല്ലാഘടകങ്ങളും കൂട്ടിച്ചേർത്ത്, ബുദ്ധിപൂർവ്വം ചിന്തിച്ച് സ്വയം പ്രവർത്തിക്കുമെന്ന് പ്രതീക്ഷിച്ച് സന്യാസി നിർമ്മിച്ച തലയോട് പതിനായിരം കഷണങ്ങളായി പൊട്ടിത്തെറിച്ചു. ദൈവം ചമയാൻ ശ്രമിക്കുന്നവർക്കുള്ള ഗുണപാഠമാണ് 'സൃഷ്ടി'[3]യിലെ സന്യാസി. തലയോടിന് ജീവൻ വയ്ക്കുന്നതും കാത്തിരുന്ന സന്യാസിക്ക് സ്വന്തം മരണസമയം വന്നതറിയാൻ കഴിഞ്ഞില്ല. എല്ലാം തങ്ങൾക്കധീനമെന്നു ചിന്തിക്കുന്ന അല്പബുദ്ധികളായ മനുഷ്യരുടെ പ്രതിനിധിയാണ് സന്യാസി.

മനുഷ്യജീവിതത്തിന്റെ സുവർണ്ണഘട്ടത്തിൽ രഹസ്യമാർന്ന ദുരദേശങ്ങൾക്കുവേണ്ടിയുള്ള തീക്ഷ്ണമോഹം സൂക്ഷിക്കുന്നു. അകലെയേതോ ആകാശത്തിൽ താനറി

1. സക്കറിയ, ആരാണ് മലയാളി ക്രിസ്ത്യാനി? *കലാകൗമുദി,* പു. 8
2. സക്കറിയ, *ഒരിടത്ത്*, പു. 71
3. ടി. പു. 93

യാത്ത നക്ഷത്രസംഘങ്ങൾ തുടിക്കുന്നുണ്ടാവാമെന്നോർക്കുന്നു. പലതും കാണാനും, നേടാനുമുള്ള വ്യഗ്രത മനുഷ്യൻ മനസ്സിൽ നിറയ്ക്കുന്നു. ജീവിതത്തിന്റെ കുറെദൂരം സഞ്ചരിച്ചതിനുശേഷം മനുഷ്യൻ തന്റെ മടക്കയാത്ര ആരംഭിക്കുന്നു. അപ്പോൾ വിദൂര രഹസ്യങ്ങളുടെ അത്ഭുതദർശനം നല്കി അവയുടെ നിറവും പരിമളവുംകൊണ്ട് തൻെ ആത്മാവിനെ നിറച്ച്, തന്നെച്ചുമലിലേറ്റി പ്രപഞ്ചമൊട്ടാകെ കാഴ്ച കാണിച്ചുതന്ന അതേ കാലം തന്നെ തനിക്കെതിരായിത്തിരിഞ്ഞ്, ശ്വാസോച്ഛ്വാസത്തിന്റെ ആയാസത്തിലും, പതറുന്ന പാദങ്ങളിലും, നിലാവിനെയും നിഴലിനേയും തെറ്റിദ്ധരിക്കുന്ന കണ്ണുകളിലും ഒളിഞ്ഞിരുന്ന് മരണം മരണം എന്ന് നിശ്വസിക്കുന്നത് മനുഷ്യൻ തിരിച്ചറിയുന്നു. ലോക സുഖങ്ങൾക്കു പിന്നാലെ പായുന്ന മനുഷ്യൻ ഒടുവിൽ ലോകജീവിതത്തിന്റെ ക്ഷണി കത തിരിച്ചറിഞ്ഞ് സ്വർലോകചിന്തകളിലേക്ക് തിരിയുന്നു. ഉഭയജീവിയായ തവളയി ലൂടെ സ്വർലോകം സ്വപ്നം കണ്ട് ഈ ലോകത്തിൽ കഴിയുന്ന മനുഷ്യനെയാണ് അവതരിപ്പിച്ചിരിക്കുന്നത്.[1]

ആരാണ് എന്റെ അയൽക്കാരൻ എന്ന ചോദ്യത്തിന് മറുപടിയായി 'ശമര്യാക്കാ രന്റെ ഉപമ'[2] യേശു പറയുന്നുണ്ട്. യേശു അവതരിപ്പിക്കുന്നത് ഉത്തമനായ അയൽക്കാ രനെയാണ്. ഇന്ന് ക്രിസ്ത്യാനികൾ പലപ്പോഴും ക്രിസ്തു നൽകിയ സന്ദേശങ്ങളെ തങ്ങളുടെ യുക്തിക്കനുസരിച്ച് വളച്ചൊടിച്ച് വ്യാഖ്യാനിക്കുന്നവരാണ്. ക്രിസ്തുവിന്റെ മാർഗ്ഗം പിന്തുടരുന്നവരാണെന്ന് അവർ സ്ഥാപിക്കുന്നു. പക്ഷെ യാഥാർത്ഥ്യ ത്തിൽനിന്നും അവർ അകന്നുനില്ക്കുന്നു. ആധുനിക ക്രിസ്ത്യാനിയും, ക്രിസ്തു വിഭാ വനം ചെയ്ത ക്രിസ്ത്യാനിയും തമ്മിലുള്ള അന്തരം വ്യക്തമാക്കുന്ന കഥാപാത്രമാണ് 'ജോസഫ് നല്ലവന്റെ കുറ്റസമ്മതത്തിലുള്ളത്.'[3] താൻ കുറ്റക്കാരനായി വിധിക്കപ്പെടാ തിരിക്കാനാവശ്യമായ ന്യായവാദങ്ങൾ കഥാപാത്രത്തിനുണ്ട്. സ്വയം സമാധാനിക്കു

1. സക്കറിയ: *ഒരിടത്ത്*, പു. 105.
2. ലൂക്കാ, നല്ല ശമര്യാക്കാരന്റെ ഉപമ, (10. 29-37) *മലയാളം ബൈബിൾ*, പു. 97
3. സക്കറിയ, *ഒരിടത്ത്*, പു. 209

കയും ചെയ്യുന്നുണ്ട്. "എന്റെ ജീവിതത്തിന്റെ ശാപം നിങ്ങൾ കണ്ടില്ലേ? പക്ഷേ, ഞാനൊന്നും ചെയ്യാൻ ശ്രമിച്ചില്ലെന്നു നിങ്ങൾ പറയുമോ? നാളെ ക്രിസ്തുമസ്സാണ്. ഈ ക്രിസ്ത്യാനിയുടെ മനഃസാക്ഷിക്ക് അല്പം സമാധാനം തരിക."

യേശുവിന്റെ കുരിശിന്റെ വഴികളിലൂടെ യാത്ര ചെയ്യുന്ന പുരോഹിതനാണ് 'കുരിശുമലമുകളി'[1]ലുള്ളത്. തന്റെ ഇടവകയോടും ജനങ്ങളോടും ആത്മാർത്ഥത പുലർത്തുന്ന പുരോഹിതൻ അവരുടെ സംശയങ്ങൾക്ക് നിവാരണം വരുത്തുന്നതിനാണിറങ്ങിതിരിക്കുന്നത്. കുരിശുമലമുകളിലേക്ക് ചെകുത്താനെതിരായുള്ള യുദ്ധത്തിന് വിശ്വാസത്തിന്റെ ശാന്തത നല്കുന്ന ബലവുമായി ഇറങ്ങുന്നു. കൊന്തയും, വേദപുസ്തകവും തനിക്ക് തുണയാകുമെന്ന് പുരോഹിതനുറപ്പുണ്ട്. പുരോഹിതന്റെ മലമുകളിലേക്കുള്ള യ്ാത്രയിൽ ക്രിസ്തുതന്നെ വഴിനടത്തുമെന്ന് വിശ്വസിക്കുന്നു. ചെകുത്താനെക്കുറിച്ചുള്ള കഥകൾ കേട്ട് ഭയപ്പെട്ടിരിക്കാതെ പ്രായം പോലും വകവെയ്ക്കാതെ സത്യം കണ്ടെത്താനിറങ്ങി പുറപ്പെടുകയാണു പുരോഹിതൻ. ഇടവകഭരണം നടത്തുന്ന വൈദികന്റെ അന്തഃസംഘർഷങ്ങളും ഇടവകജനങ്ങൾക്ക് വൈദികനോടുള്ള തുറന്ന മനോഭാവവും കഥാപാത്രത്തിന്റെ മനോവികാരത്തിലൂടെ കടന്നുവന്നിട്ടുണ്ട്. 'അമ്മമാരുടെ കണ്ണുനീർ ഇനിയും എന്റെ സാന്ത്വനമില്ലാത്ത മുറികളിൽ വീഴും. അവരുടെ കണ്ണുനീർ തുടയ്ക്കാൻ ഈ കിഴവന്റെ കൈകൾക്കു ശക്തിയില്ല."

യേശു വേശ്യകളെയും, വഴിതെറ്റി നടന്നവരേയും നല്ല ജീവിതത്തിലേക്കു കൂട്ടിക്കൊണ്ടു വന്നിട്ടുണ്ട്. ഇന്നും ക്രിസ്തുവിന്റെ സന്ദേശം നിറഞ്ഞുനിൽക്കുന്നതിന് തെളിവാണ് 'ഒരു ക്രിസ്മസ്കഥ'[2]യിലെ പത്രോസും, സിദ്ധാർത്ഥനും, അമ്മിണിയെന്ന വേശ്യയും. വേശ്യയുടെ കദനകഥ പത്രോസിനെയും സിദ്ധാർത്ഥനെയും സ്വാധീനിക്കുന്നു.

1. സക്കറിയ: *ഒരിടത്ത്*, പു. 209
2. സക്കറിയ: *സക്കറിയയുടെ പെൺകഥകൾ*, പുറം 69.

ക്രിസ്തുമസ് രാത്രിയുടെ മണികൾ മുഴങ്ങുമ്പോൾ സിദ്ധാർത്ഥനും, പത്രോസും ദൈവ വിചാരമുള്ളവരായി മാറുന്നു. തങ്ങൾ ചെയ്തുപോയ പ്രവൃത്തിയിൽ അവർ വിഷമി ക്കുന്നുണ്ട്.

മതാപിതാക്കളാലും, സഹോദരങ്ങളാലും ചൂഷണം ചെയ്യപ്പെട്ട് സ്വന്തം ജീവിതം ഹോമിക്കേണ്ടിവരുന്ന സ്ത്രീകൾ നമ്മുടെ സമൂഹത്തിലുണ്ട്. ക്രിസ്തുവിലുള്ള വിശ്വാസംമൂലം പ്രതിസന്ധികളിൽ തളരാതെ നിൽക്കുന്ന കഥാപാത്രമാണ് 'അന്നമ്മ ടീച്ചർ'.[1] തന്റെ എല്ലാ ദുഃഖങ്ങളും ക്രിസ്തുവുമായി അന്നമ്മടീച്ചർ പങ്കുവെച്ചിരുന്നു. തനിക്ക് മുപ്പത്തിമൂന്നുവയസ്സായപ്പോൾ ക്രിസ്തുവിനെ തന്റെ അനുജനായി അന്നമ്മ ടീച്ചർ സ്വീകരിച്ചു. "ഇന്നുമുതൽ നീ എന്റെ അനിയനാണ്. എനിക്കു മുപ്പത്തിമൂന്നു കഴിഞ്ഞു. നീ എന്റെ പ്രായത്തിൽ മരിച്ചു. ഇനി എനിക്കേ പ്രായം കൂടൂ. ഇനി ഞാൻ നിന്റെ ചേച്ചിയാണ്." ദുഃഖവെള്ളിയാഴ്ചകളിൽ, യേശു സഹിച്ച വേദനകളോർത്ത് അന്നമ്മടീച്ചർ കരഞ്ഞു. യേശു എന്തുപാവമായിരുന്നുവെന്ന് സഹതപിച്ചു. കുടുംബ ജീവിതം സ്വപ്നം കണ്ട അന്നമ്മ ടീച്ചർ അപ്പന്റെ സ്വാർത്ഥത മനസ്സിലാക്കിയപ്പോൾ തന്റെ സ്വപ്നം ഉപേക്ഷിച്ചു. തന്റെ കുടുംബാംഗങ്ങൾക്കുവേണ്ടി തന്റെ സ്വപ്നങ്ങളും, ജീവിതവും ത്യാഗനിർഭരമാക്കിയ അന്നമ്മടീച്ചറിന്റെ ജീവിതബലി കുളിക്കടവിൽ താങ്ങി ക്കിടത്താനെത്തിയ യേശുവിന്റെ കൈകളിൽ പൂർത്തിയാകുന്നു. "സ്ത്രീ മനസ്സിന്റെ ആഴങ്ങളിൽകടന്നു അവളുടെ സ്വത്വത്തെ കണ്ടെത്തി അത് സമൂഹമനസ്സാക്ഷിയുടെ മുമ്പിൽ വയ്ക്കാൻ സക്കറിയക്കു കഴിഞ്ഞു."[2] സഹനബലികളിലൂടെ ക്രിസ്തുബലി യിൽ പങ്കാളികളായി കൊണ്ടിരിക്കുന്ന സ്ത്രീകളുടെ പ്രതിനിധിയാണ് അന്നമ്മടീച്ചർ.

നാല്പതു രാവും നാല്പതു പകലും ഉപവസിച്ച് പ്രാർത്ഥിച്ച യേശുവിനെ പരീ ക്ഷിക്കാൻ എത്തുന്ന പിശാചിനെ ബൈബിളിൽ അവതരിപ്പിച്ചിട്ടുണ്ട്. ഈ പിശാചിന്റെ

1. സക്കറിയ: *സക്കറിയയുടെ പെൺകഥകൾ*, പുറം 69.
2. മൃദുലാബായ്.എം.ആർ: കണ്ണാടിച്ചീളുകളിലെ വെയിൽത്തുണ്ടുകൾ, *സാംസ്കാരിക വികാരം സാഹിത്യമാസിക*, (പുസ്തകം1, ലക്കം 8, ഏപ്രിൽ 2003) പുറം 243.

പരീക്ഷകഭാവമാണ് 'ബ്രദർ ലൂക്കോസും പിശാചും'.[1] ദൈവശാസ്ത്രപഠനത്തിൽ ബ്രദർ ലൂക്കോസിനുള്ള അറിവിൽനിന്നും ദൈവമുണ്ടെന്നതിന് തെളിവാണ് പിശാചിനുവേണ്ടത്. ദൈവം ഉണ്ടെന്ന ധാരണ സ്വന്തം മനസ്സിൽ പുലർത്തുമ്പോഴും തെളിവുകൽ മറ്റുള്ളവർക്കായി നിരത്താൻ കഴിയാതെ വരുന്ന വൈദിരുടെ പ്രതിനിധിയാണ് ബ്രദർ ലൂക്കോസ്. താൻ മനസ്സിലാക്കിയ കാര്യങ്ങൾ തന്റെ അനുഭവമണ്ഡലത്തിൽനിന്നും പരീക്ഷകരുടെ അനുഭവമണ്ഡലങ്ങളിലേക്ക് പകരാൻ കഴിയാതെ വരുന്ന നിസ്സഹായവസ്ഥ ബ്രദർ ലൂക്കോസിലുണ്ട്.

'ബാറി'[2]ൽ അധ്യാപകൻ മരണാസന്നനായ കുട്ടിയെ ജീവിച്ചിരിക്കുന്നവർക്കുവേണ്ടി ബലികഴിക്കുന്നു. ബലി കഴിക്കപ്പെടുന്ന കുട്ടി പഴയനിയമത്തിലെ ബലി മൃഗമായ കുഞ്ഞാടിന്റെയും, പുതിയനിയമത്തിലെ ക്രിസ്തുവിന്റെയും സ്ഥാനത്താണുള്ളത്. ക്രിസ്തുവിന്റെ ജീവിതബലിയെ അനുസ്മരിപ്പിച്ചുകൊണ്ട് ഇന്ന് ക്രൈസ്തവ ദേവാലയങ്ങളിൽ പുരോഹിതർ ബലി അർപ്പണം നടത്തുന്നു. ക്രിസ്തുവിന്റെ രക്തത്തിന്റെയും, മാംസത്തിന്റെയും പ്രതീകമായി വീഞ്ഞും, അപ്പവും ഭക്ഷിക്കുന്നു. കഥയിൽ ബലിയർപ്പിക്കപ്പെടുന്ന കുട്ടിയുടെ യഥാർത്ഥ മാംസവും, രക്തവുംതന്നെയാണ് മറ്റു കുട്ടികളും അധ്യാപകനും ഭക്ഷിക്കുന്നത്. പ്രതീകവത്ക്കരിക്കപ്പെട്ട രക്തവും, മാംസവും നിർവികാരതയോടെ ഭക്ഷിക്കുമ്പോൾ കഥയിൽ യാഥാർത്ഥ്യമായി മാറിയപ്രതീകം നമ്മളിൽ ഭയവും ഭീകരതയും സൃഷ്ടിക്കുന്നു. വർഷങ്ങൾക്കുമുമ്പു കഴിഞ്ഞുപോയ ക്രിസ്തുബലിയുടെ യാഥാർത്ഥ്യവൽക്കരണം നമ്മിലുണർത്തുന്നു. മൃഗബലികളും, ക്രിസ്തുബലിയും മനുഷ്യരുടെ പാപപരിഹാരാർത്ഥമായിരുന്നു. എന്നാൽ കഥയിൽ മറ്റുള്ളവരുടെ ജീവന്റെ നിലനിൽപ്പിനുവേണ്ടിയാണ് നിസ്സഹായനായ കുട്ടി ബലിമൃഗമായിമാ

1. സക്കറിയ: *കന്യാകുമാരി,* പുറം 25.
2. ടി പു. പുറം 66.

റ്റപ്പെടുന്നത്. സ്വന്തം നിലനിൽപ്പിനുവേണ്ടി നിസ്സഹായരെ ബലിമൃഗമാക്കുന്ന ആധുനിക ലോകത്തിന്റെ പ്രവണത ഈ കഥയിലെ അധ്യാപകനിലുണ്ട്.

ഗൗളിശാസ്ത്രത്തിൽ അമിതമായ വിശ്വാസം വെച്ചുപുലർത്തിയ യുവാവാണ് 'ഒരു നസ്രാണിയുവാവും ഗൗളിശാസ്ത്ര'[1]ത്തിൽ ഉള്ളത്. ദൈവവിശ്വാസം ഒരുവിശ്വാസത്തിൽക്കവിഞ്ഞ് ആശ്രയമായി കൊണ്ടുനടക്കുന്നവരുടെ പ്രതിനിധിയാണ് മാത്തുക്കുട്ടി. തങ്ങൾക്ക് ലഭിച്ചിരിക്കുന്ന ബുദ്ധിയും, കഴിവും ഉപയോഗിച്ച് ചിന്തിക്കുകയും പ്രവർത്തിക്കുകയും വേണം. ഏതെങ്കിലും തരത്തിലുള്ള അന്ധവിശ്വാസങ്ങൾക്ക് അടിപ്പെട്ട് ജീവിതം ഹോമിക്കപ്പെടുന്നതെങ്ങനെയാണെന്ന് മാത്തുക്കുട്ടിയെന്ന കഥാപാത്രത്തിലൂടെ കാണിച്ചുതരുന്നു. പലരുടെയും ജീവിതത്തിൽ ഈശ്വരനിലും, മതാചാരങ്ങളിലും ഉള്ള അമിതവിശ്വാസവും, ആശ്രയവും അപകടങ്ങളിലാണ് കൊണ്ടുചെന്നെത്തിക്കുന്നത്. ജീവിതം സുഗമമായി മുന്നോട്ടുകൊണ്ടു പോകുന്നതിനുള്ള വിശ്വാസമാണാവശ്യം. അല്ലാതെ വിശ്വാസ സംരക്ഷണത്തിനുവേണ്ടി ജീവിതം നഷ്ടമാക്കുകയല്ല വേണ്ടത്. സഭയുടെ പല വ്യാഖ്യാനങ്ങളിലും ഗൗളിശാസ്ത്രത്തിലെന്നപോലുള്ള നിരർത്ഥകത കണ്ടെത്തുന്ന സക്കറിയയുടെ ഭാവനാസൃഷ്ടിയാണ് മാത്തുക്കുട്ടി. "വായനയിൽനിന്നും ചിന്തയിൽനിന്നും അകറ്റിനിർത്തപ്പെട്ട ഒരു ജനതയുടെ ബൗദ്ധികവന്ധ്യതയാണ് വിചിത്രമായി പാരായണൗത്സുക്യമായി മാത്തുക്കുട്ടിയിൽ വെളിപ്പെടുന്നത്."[2]

മനുഷ്യനും, അവൻ വിശ്വസിക്കുന്ന ദൈവവും തമ്മിലുള്ള ആത്മബന്ധത്തിൽനിന്നാണ് പ്രാർത്ഥന ഉരുത്തിരിഞ്ഞത്. എന്നാൽ കാലം മാറിയപ്പോൾ എന്തിനും യന്ത്രങ്ങളെ ആശ്രയിക്കുന്ന മനുഷ്യൻ ദൈവവുമായി ബന്ധം സ്ഥാപിക്കാനും യന്ത്രങ്ങളെ

1. സക്കറിയ: *ഒരു നസ്രാണിയുവാവും ഗൗളിശാസ്ത്രവും*, പുറം 152.
2. ഡോ. കെ.വി.തോമസ്: ഒരു നസ്രാണി എഴുത്തുകാരനും, വേദപുസ്തകവും, *സാംസ്കാരികവികാരം സാഹിത്യമാസിക*, പുസ്തകം 1, ലക്കം 8, ഏപ്രിൽ 2003, പുറം

കൂട്ടുപിടിച്ചു. ഇത്തരത്തിലുള്ള കഥാപാത്രങ്ങളാണ് 'മനുഷ്യോപകാരപ്രദങ്ങളായ ചില കണ്ടുപിടുത്തങ്ങളിൽ'[1]. യാന്ത്രികമായ ഉരുവിടൽകൊണ്ട് കാര്യം സാധിക്കാമെന്ന് ചിന്തിക്കുന്ന മനുഷ്യരുമുണ്ട്. മറ്റുള്ളവരെ ഉപദ്രവിക്കാനായി ദൈവത്തെ കൂട്ടുപിടിക്കുന്ന മനുഷ്യരെയാണ് ഇടിത്തീവീഴ്ത്തുന്ന യന്ത്രത്തിൽ പരാമർശിക്കുന്നത്. തങ്ങളുടെ ആവശ്യങ്ങൾ എന്തുതന്നെയായാലും സ്വാർത്ഥത നിറഞ്ഞതോ, മറ്റുള്ളവരെ ഉപദ്രവിക്കുന്നതോ, ഏതിനും ദൈവത്തെകൂട്ടുപിടിച്ചാൽ മതിയെന്ന ചിന്തവെച്ചു പുലർത്തുന്ന മനുഷ്യരാണ് കഥയിൽ വന്നിരിക്കുന്നത്.

മനുഷ്യജീവിതത്തിലെവിടെയും എന്നപോലെ സാഹിത്യരംഗത്തും കണ്ടുവരുന്ന അസൂയക്കാരുടെ പ്രതിനിധികളാണ് 'മൂന്നാംകിട സാഹിത്യത്തിന്റെ അന്ത്യ'[2]ത്തിലെ ക്രിസായും, ഈസായും. ഈസായുടെ കൃതികൾ മോഷ്ടിക്കുന്ന ക്രിസാ ഈസായ്ക്കെതിരെ ആരോപണങ്ങൾ ഉന്നയിക്കാനും മടിക്കുന്നില്ല. ക്രൈസ്തവ സമൂഹത്തിന്റെ ഇഷ്ടലഹരിപാനീയമായ പനംകള്ളാണ് ഈസായെ വഴിതെറ്റിക്കാൻ ക്രിസാ കണ്ടെത്തുന്നത്. നന്മയുടെ പ്രതീകമായി ക്രൈസ്തവർ അവതരിപ്പിക്കുന്ന മാലാഖയും, തിന്മയുടെ പ്രതീകമായി അവതരിപ്പിക്കുന്ന ചെകുത്താനും കഥയിൽ തങ്ങളുടെ ഭാഗം അഭിനയിച്ചുകൊണ്ട് കടന്നുവന്നിട്ടുണ്ട്. പാപത്തിൽ മുഴുകി ജീവിച്ചതിനുശേഷം മാനസാന്തരം വന്ന് ക്രൈസ്തവ സ്ഥാപനങ്ങളും, പ്രസിദ്ധീകരണങ്ങളും ആരംഭിക്കുന്നവരുടെ കൂടി പ്രതിനിധിയാണ് ക്രിസാ. ക്രൈസ്തവ സമൂഹത്തിൽ പൊതുവെ കാണപ്പെടുന്ന പ്രവണതകളെ 'ക്രിസാ'യിലൂടെ അവതരിപ്പിച്ചിരിക്കുന്നു.

കരിസ്മാറ്റിക് ധ്യാനരീതികൾ ധ്യാനകേന്ദ്രങ്ങളിൽ പലരേയും പരിചയപ്പെടാൻ അവസരം നല്കുന്നു. പ്രശ്നപരിഹാരത്തിനായി ധ്യാനത്തിനെത്തുന്ന ചിലരെങ്കിലും

1. സക്കറിയ: *നസ്രാണിയുവാവും ഗൗളിശാസ്ത്രവും*, പുറം 41.
2. ടി.പു പുറം 56.

പുതിയ പ്രശ്നങ്ങളിൽചെന്നു പെടുന്നു. ഇങ്ങനെയുള്ള രണ്ടുകഥാപാത്രങ്ങളാണ് 'സാംകുട്ടിയും' 'ആനിയും'. പിതാവിന്റെ നിർദ്ദേശമനുസരിച്ച് ധ്യാനത്തിൽ പങ്കെടുത്ത ആനി, സാംകുട്ടിയുമായി അടുപ്പത്തിലാവുന്നു. സാംകുട്ടിയുടെ വീട്ടിലുള്ളവർ എങ്ങ നെയോ വിവരം അറിഞ്ഞ് എത്തുമ്പോഴേയ്ക്കും ആനിയും സാംകുട്ടിയും അവിടം വിട്ടുപോകുന്നു. വിവാഹത്തിൽ വിശ്വാസമില്ലാത്ത തലമുറയുടെ പ്രതിനിധിയാണ് ആനി. സാംകുട്ടി ആനിയുടെ മനസ്സുമാറാൻ കാത്തിരിക്കുന്ന യുവാവും. ദൈവഹിതം അറിയാൻ പോട്ടയിൽ ധ്യാനിക്കാമെന്നാണ് ഇരുവരുടെയും തീരുമാനം. രണ്ടുദിവസം ധ്യാനം കൂടീട്ടും ആനിക്ക് ദൈവഹിതം ലഭിച്ചില്ല. അവിവാഹിത സാഹസിക കുടുംബം സ്ഥാപിക്കാനുള്ള ആനിയുടെ ക്ഷണം സാംകുട്ടിക്ക് സ്വീകാരിക്കാനായില്ല. ധ്യാനങ്ങ ളിലൂടെയും ധ്യാനമന്ദിരങ്ങളിലൂടെയും കടന്നുപോകുന്ന യുവതലമുറയുടെ പ്രശ്ന ങ്ങളാണ് ഈ കഥാപാത്രങ്ങളിലൂടെ 'പ്രെയിസ് ദി ലോർഡി'[1]ൽ പറഞ്ഞിരിക്കുന്നത്. നമ്മുടെ ഹിതം ദൈവഹിതമാക്കി മാറ്റാൻ ശ്രമിക്കുന്ന തലമുറയുടെ പ്രതിനിധികൾ കൂടിയാണീ കഥയിലുള്ളവർ.

പീലാത്തോസ് റോമാസാമ്രാജ്യത്തിന്റെ ഉപസൈന്യാധിപനായിരുന്നപ്പോൾ പീലാ ത്തോസിന്റെ സുഹൃത്തും അദ്ദേഹത്തിന്റെ എല്ലാ പ്രവൃത്തികളിലും പങ്കുചേരുകയും ചെയ്തിരുന്നയാളുമാണ് അന്റോണിയോസ്. ഇരുപത്തിയഞ്ചുവർഷങ്ങൾക്കുശേഷം അന്റോണിയോസ് പീലാത്തോസിന് ഒരു കത്തെഴുതുന്നു. അപ്പോഴേക്കും പീലാത്തോസ് റോമൻ ഗവർണറായി ഉയർന്നു കഴിഞ്ഞിരുന്നു. അന്റോണിയോസ് ആകട്ടെ റോമാപ്പ ട്ടണത്തിന്റെ പ്രാന്തത്തിൽ ഒരുഅഭയകേന്ദ്രം നടത്തുന്നു. റോമിൽ തനിക്കുണ്ടായിരുന്ന പേർഷ്യൻ പരവതാനിക്കടയും, ഗ്രന്ഥശേഖരവും വേണ്ടെന്നുവെച്ചാണ് അന്റോണി യോസ് അഭയകേന്ദ്രം തുടങ്ങിയത്. ഗ്രന്ഥങ്ങളെയും, വായനയെയും ഇഷ്ടപ്പെട്ടിരുന്ന

1. സക്കറിയ: *പ്രെയിസ് ദി ലോർഡ്,* 1999.

അന്റോണിയോസ് ലോകസുഖങ്ങളെ വെടിഞ്ഞ് സൽപ്രവൃത്തികളിലേക്ക് തിരിഞ്ഞു. പീലാത്തോസിനെക്കാൾ ഉൾക്കാഴ്ചയും, അറിവുമുണ്ടായിരുന്ന അന്റോണിയോസിന് യേശുവിനെ മനസ്സിലാക്കാനും, ഉൾക്കൊള്ളാനും കഴിയുന്നുണ്ട്. തന്റെ ആശയങ്ങളിലൂടെ ലോകത്തെ മാറ്റിമറിക്കാൻ ശ്രമിച്ച വിപ്ലവകാരിയായിട്ടാണ് അന്റോണിയോസ് യേശുവിനെ കാണുന്നത്. യേശുവിഭാവനം ചെയ്ത സ്വർഗ്ഗരാജ്യം സ്ഥാപിക്കാൻ യേശുവിനെ സഹായിക്കാൻ തനിക്കു കഴിയുമെന്ന് അന്റോണിയോസ് കരുതുന്നു. പീലാത്തോസിനോട് കുറച്ചുകൂടി വിവേകവും വിരക്തിയും പരിശീലിച്ച് ഒന്നുകൂടി നല്ലവനാകാൻ നോക്കാനും അന്റോണിയോസ് ഉപദേശിക്കുന്നുണ്ട്. ഈജിപ്തുകാരുടെ ഗന്ധം ശരിയല്ല അറബികളെത്തന്നെ വേണമെന്ന് വാശിപിടിച്ച അന്റോണിയോസിലും കാലം വരുത്തിയ മാറ്റം സക്കറിയ കാണിച്ചുതരുന്നു. മനുഷ്യജീവിതങ്ങളിൽ പ്രായവും കാലവും വരുത്തുന്ന മാറ്റത്തിന്റെ പ്രതീകമാണീ കഥാപാത്രം.

പീലാത്തോസിന്റെ സഹായിയായ കേട്ടെഴുത്തുകാരിയാണ് റൂത്ത്. പീലാത്തോസിന്റെ ഭാര്യ ജൂലിയയുടെ തോഴിയുടെ മകളും യൂദത്തിയുമാണ് റൂത്ത്. യേശുവിന്റെ ചിത്രം സക്കറിയപൂർത്തിയാക്കുന്നത് റൂത്തിന്റെ കാഴ്ചപ്പാടിലൂടെയാണ്. ബൈബിളിൽ പരമാർശിച്ചിട്ടില്ലാത്ത കഥാപാത്രമാണ് റൂത്ത്. എന്നാൽ 'എന്തുണ്ട് വിശേഷം പീലാത്തോസി'[1]ൽ യേശുവിനും, പീലാത്തോസിനുംശേഷം തെളിഞ്ഞുനിൽക്കുന്ന കഥാപാത്രം റൂത്താണ്. യേശുവിനെ സ്ത്രീകൾ ഇഷ്ടപ്പെട്ടിരുന്നതെന്തുകൊണ്ടെന്ന ചോദ്യത്തിന് യേശുവിനെ സ്നേഹിച്ച സ്ത്രീശബ്ദത്തിലൂടെതന്നെ മറുപടി പറയുകയാണ് റൂത്ത്. "ഞങ്ങളുടെ ഹൃദയങ്ങളെയാണ് അവൻ പനിനീർപ്പൂവിന്മേൽ കാറ്റെന്നപോലെ ചുംബിച്ചത്. അവൻ ഞങ്ങളുടെ വശീകരങ്ങളുടെ ഉള്ളുകള്ളികൾ ഭേദിച്ച് പ്രവേശിച്ചത് ഞങ്ങളുടെ ആത്മാവിലേക്കായിരുന്നു." യേശു തിരഞ്ഞെടുത്ത ശിഷ്യന്മാരേക്കാൾ

1. സക്കറിയ: *എന്തുണ്ട് വിശേഷം, പീലാത്തോസേ*, 1988.

അധികമായി യേശുവിനെ അടുത്തറിഞ്ഞത് അവനെ പിന്തുടർന്ന സ്ത്രീകളായിരുന്നുവെന്ന് റൂത്ത് വ്യക്തമാക്കുന്നുണ്ട്. യേശു തന്റെ പുനരുത്ഥാനത്തെക്കുറിച്ച് പറഞ്ഞകാര്യങ്ങളും ശിഷ്യന്മാരെക്കാൾ വ്യക്തമായി യേശുവിനെ അനുഗമിച്ച സ്ത്രീകൾ ഉൾക്കൊണ്ടിരുന്നു. ഉയിർത്തെഴുന്നേറ്റ യേശുവിനോട് "' ഈശോ, നീ ഇപ്പോഴും ശരീരം തന്നെയാണ്! അല്ലേ! എങ്കിൽപ്പിന്നെ സാരമില്ല.' എന്നുപറയുന്ന റൂത്ത് സ്ത്രീസഹജമായ സന്തോഷവും, സന്താപവുമാണ് പ്രകടിപ്പിക്കുന്നത്. യേശുവിനെ അനുഗമിച്ചതായി ബൈബിൾ പറയുന്ന സ്ത്രീജനങ്ങളുടെ പ്രതിനിധിയായിട്ടാണ് സക്കറിയ റൂത്തിനെ അവതരിപ്പിച്ചിരിക്കുന്നത്. അകറ്റിനിർത്തപ്പെട്ട ആ സ്ത്രീ സമൂഹം എത്ര മാത്രം അഗാധമായി യേശുവിനെ അറിഞ്ഞിരുന്നുവെന്ന് റൂത്ത് എന്ന കഥാപാത്രത്തിലൂടെ തെളിയുന്നു.

മറ്റുള്ളവരുടെ മുൻവിധികളും, സാഹചര്യങ്ങളും ഒരാളുടെ ജീവിതത്തെ തന്നെ മാറ്റിമറിക്കാൻ പോന്നവയാണ്. നാം നിത്യവും വായിക്കുന്ന പുസ്തകങ്ങൾ അറിയാതെ നമ്മുടെ മനസ്സിനെയും, അതിലൂടെ ജീവിതത്തെ മുഴുവനായും മാറ്റിമറിക്കുന്നു. ക്രൈസ്തവസ്ഥാപനങ്ങളിലെ നിയമനങ്ങളെ നിയന്ത്രിക്കുന്ന മേലധികാരികളുടെ വാക്കുകളും നിയമനം ആഗ്രഹിച്ചെത്തുന്നവരെ സ്വാധീനിക്കാറുണ്ട്. ഇത്തരം സാഹചര്യങ്ങളാൽ ഭയവും കുറ്റബോധവും നിറയുന്ന ഒരു മനുഷ്യൻ യഥാർത്ഥ കുറ്റവാളിയായി മാറാം. ഇങ്ങനെയൊരു കഥാപാത്രത്തെയാണ് 'ഇഷ്ടികയും ആശാരിയും'[1] എന്ന നോവലിലൂടെ ബാബു വർഗ്ഗീസ് എന്ന പേരിൽ സക്കറിയ പരിചയപ്പെടുത്തുന്നത്. ലൈബ്രറിയിൽ പ്യൂണായി ജോലിയിൽ  പ്രവേശിക്കുന്ന ബാബുവിന് ലൈബ്രേറിയൻ അനസ്റ്റേസ്യപോലും തന്നെ വിചാരണ ചെയ്യാനെത്തുന്ന വിധിയാളനാണ് എന്ന ചിന്തയാണുള്ളത്. രൂപാന്തരം സംഭവിക്കുന്നതിനെക്കുറിച്ച് ചിന്തിക്കുന്ന ബാബു മോഷ്ടാ

---

1. സക്കറിയ: *ഇഷ്ടികയുംആശാരിയും*, 1999.

വായി രൂപാന്തരപ്പെടുന്നു. അണുബോംബിൽ ഉള്ളതും സംഹാരകനായ ദൈവമാ ണെന്ന് ചിന്തിക്കുന്നു. തന്നെ കുറ്റവാളിയാക്കുന്നതും ദൈവം തന്നെയല്ലേയെന്ന് ബാബു ചിന്തിക്കുന്നു. ഈ ലോകത്തിലെ സർവ്വ കർമ്മങ്ങളും ഈശ്വരന്റെ വിലാസങ്ങൾ തന്നെ യാണെന്ന കണ്ടെത്തൽ ബാബുവർഗീസിന്റെ ചിന്തകളിലൂടെയും പ്രവൃത്തികളിലൂ ടെയും സ്ഥാപിച്ചിരിക്കുന്നു. ഓരോ കുറ്റകൃത്യവും ചെയ്തു കഴിയുമ്പോൾ അങ്ങനെ സംഭവിച്ചതിൽ കുറ്റബോധം അനുഭവിക്കുന്ന കഥാപാത്രമാണ് ബാബുവർഗീസ്. ഇഷ്ടി കയും, ആശാരിയുമാകുന്നത് ദൈവം തന്നെയെന്ന് ബാബു തിരിച്ചറിയുന്നു.

ക്രൈസ്തവ സമുദായത്തിലെ 'കുമ്പസാരം' ഗുണദോഷങ്ങൾക്ക് കാരണമാകാ റുണ്ട്. മറ്റുള്ളവരെ ഉപദ്രവിക്കുകയോ, ചതിക്കുകയോ ചെയ്തിട്ട് കുമ്പസാരിച്ച് പാപ മോചനം നേടിയതായി കരുതുന്ന വിശ്വാസികളുണ്ട്. അത്തരത്തിലുള്ള വിശ്വാസിക ളുടെ പ്രതിനിധികളാണ് 'സിയോൻ സഞ്ചാരി'[1]യിലെ യോഹന്നാൻ ചേട്ടനും, പടമാ വൻ കുഞ്ഞും, അയാൾ ഏർപ്പെടുത്തികൊടുത്ത സ്ത്രീയും. മനുഷ്യരെ നന്മയിലേക്കു നയിക്കുന്നതിനുപകരം തിന്മയിലേക്ക് പ്രലോഭിപ്പിച്ച് കൊണ്ടുവരുന്നവരുടെ ആൾരൂ പമാണ് പടമാവൻകുഞ്ഞ്. വാർദ്ധക്യത്തിൽ എത്തിനിൽക്കുന്ന യോഹന്നാൻ ചേട്ടനെ നന്മയിലേക്ക് നയിച്ച് നല്ലത് ഉപദേശിക്കുന്നതിനു പകരം തിന്മയിലേക്ക് വലിച്ചിറക്കു കയാണ് പടമാവൻകുഞ്ഞ് ചെയ്യുന്നത്. യാദൃശ്ചികതയിലൂടെയാണെങ്കിലും യോഹ ന്നാൻ ചേട്ടന്റെ ജീവിതത്തിൽ ദൈവത്തിന്റെ ഇടപെടലുകളുള്ളതായി കാണാം. പ്രാർത്ഥനയും, ധ്യാനവുമൊക്കെയായി നടന്നിട്ട് തന്റെ ഭൗതികതാല്പര്യത്തിനും, നേട്ട ത്തിനുംവേണ്ടി ദൈവത്തെ ഉപേക്ഷിച്ച് തിന്മയിൽ മുഴുകുന്നവരുടെ സ്ത്രീരൂപമാണ് റോസ. തനിക്ക് ലഭിക്കാൻ പോകുന്ന പണത്തെക്കുറിച്ചുമാത്രം ചിന്തിച്ച് ദൈവത്തെ ഉപേക്ഷിച്ച് പാപം ചെയ്തു. കുമ്പാരം കഴിച്ച് മടങ്ങുമ്പോൾ തന്റെ പാപങ്ങളെല്ലാം

1. സക്കറിയ: *കണ്ണാടി കാണ്മോളവും*, പുറം 22.

ഇല്ലാതായതായി അവൾ കരുതുന്നു. യോഹന്നാൻ ചേട്ടന്റെ ഭാര്യയായിരുന്ന തെയ്യാമ്മ സഹനത്തിന്റെയും ക്ഷമയുടെയും മാതൃകയായ സ്ത്രീരൂപവുമാണ്. പാപം ചെയ്ത ഭർത്താവിന്റെ തെറ്റിന് മാപ്പേകുന്നതോടൊപ്പം മക്കളുടെ മുമ്പിൽ പിതാവിന്റെ പ്രിത ച്ഛായക്കു മങ്ങലേൽക്കാതെ രക്ഷപ്പെടാനുള്ള അവസരം ഒരുക്കിക്കൊടുക്കുകയും ചെയ്യു ന്നുണ്ട്. എന്നിട്ടും ഭാര്യയുടെ മരണശേഷം വഴിവിട്ടു ജീവിക്കാൻ കിട്ടുന്ന അവസരം യോഹന്നാൻ ചേട്ടൻ പാഴാക്കുന്നില്ല. സ്ത്രീ മനസ്സിന്റെ നന്മയെ ഉൾക്കൊള്ളാൻ കഴി യാതെ മാംസനിബദ്ധമായ സുഖങ്ങളിൽ തൃപ്തികണ്ടെത്തുന്ന പുരുഷ മനസ്സാണ് യോഹന്നാൻ ചേട്ടനുള്ളത്. കഥയിലെ വൈദികനാവട്ടെ ആദ്യവസാനം തന്റെ ദൗത്യം കൃത്യമായി ചെയ്യുന്നു. വഞ്ചിക്കുന്നവരുടെയും, വഞ്ചിതരാക്കപ്പെടുന്നവരുടെയും മന സ്സാക്ഷി സൂക്ഷിപ്പുകാരനാകേണ്ടിവരുന്ന വൈദികൻ, കഥയിൽ പറയുന്നതുപോലെ "ഇതിനൊക്കെ ഉത്തരം പതുക്കയേ വരുകയുള്ളൂ. ഓരോ കഷണമായി കൂടിച്ചേർന്ന് എടുക്കണം."[1] പലരുടെയും ജീവിതം കൂട്ടിച്ചേർത്ത്വെച്ച് വായിച്ചെടുക്കുമ്പോൾ പല ഭീകരസത്യങ്ങൾക്കും സൂക്ഷിപ്പുകാരാകേണ്ടിവരുന്നു വൈദികർ. ഒരു ക്രൈസ്തവ കുടുംബ പശ്ചാത്തലത്തിൽ കണ്ടുമുട്ടിയേക്കാവുന്ന കഥാപാത്രങ്ങളാണീ കഥയിലു ള്ളത്.

മക്കൾക്ക് വേണ്ട ഭൗതികസൗകര്യങ്ങളൊക്കെ ഒരുക്കികൊടുക്കുമ്പോൾ, അവനു ദൈവത്തെക്കുറിച്ച് പറഞ്ഞുകൊടുക്കാൻ സമയം കിട്ടുന്നില്ലെന്ന് പരാതിയാണ് പറ യാറ്. തിരക്കുപിടിച്ച ജീവിതത്തിനിടയിൽ ദൈവത്തെ മറന്നുപോകുന്നവരുടെ പ്രതി നിധിയാണ് 'ഞാനുറങ്ങാൻ പോകും മുമ്പായി'[2]ലെ അച്ഛൻ. ബാറിലേക്കു പോകുമ്പോൾ ദൈവത്തോടുപോലും കള്ളം പറയാൻ മടിക്കുന്നില്ല. തന്നെ തിരക്കിവന്ന ദൈവത്തെ മകനു പരിചയപ്പെടുത്തുന്ന അച്ഛൻ ദൈവത്തെ അടുത്തറിഞ്ഞ മകൻ അത്ഭുതത്തോടെ

1. സക്കറിയ: *എന്തുണ്ട് വിശേഷം, പീലാത്തോസേ*,പുറം 44.
2. സക്കറിയ: *കണ്ണാടി കാണ്മോളവും*, പുറം 37.

അച്ഛനെ കണ്ണുമിഴിച്ചുനോക്കുന്നു. ദൈവത്തിന്റെ അത്ഭുതസിദ്ധികളോർത്ത് മകൻ അതിശയിക്കുമ്പോൾ, ഇത്രനാളും ദൈവത്തെക്കുറിച്ച് മകന് പറഞ്ഞുകൊടുക്കാതിരുന്ന അച്ഛനും അതിശയത്തിൽ പങ്കുചേരുന്നു.

വീടുപണികളിൽ അമ്മയെ സഹായിക്കുകയും ചേട്ടന്റെ കാര്യങ്ങളിൽ താല്പര്യത്തോടെ അഭിപ്രായം പറയുകയും ചെയ്യുന്ന സഹോദരിയായാണ് ലൈലയെ 'കണ്ണാടി കാണ്മോളവു'[1]ത്തിൽ അവതരിപ്പിക്കുന്നത്. സാധാരണ കുടുംബപശ്ചാത്തലത്തിൽ അവതരിപ്പിക്കപ്പെടുന്ന യേശുവിന് ചേരുന്ന സഹോദരിയാണ് ലൈല. താടിയും മീശയും വടിച്ചുകളഞ്ഞാലോ എന്നഭിപ്രായം ചോദിക്കുന്ന യേശുവിനോട് "അയ്യേ വേണ്ട! ഇങ്ങനെയിരിക്കുന്നതാണ് ഭംഗി" എന്നാണ് ലൈലയുടെ മറുപടി. പേനരിക്കുന്നതുപോലെ തോന്നുന്നു" എന്ന് യേശു പരാതിപ്പെടുമ്പോൾ, "ഞാൻ ആടിനെ മേയാൻ വിട്ട് വന്ന് പേനെടുത്തുതരാം" എന്നും ലൈല പറയുന്നു. ലാസറിനെയും, മർത്തയെയും മറ്റും കാണാൻ ബെഥനിയിലേക്ക് പോകാൻ യേശു ഒരുങ്ങുമ്പോഴും താടി വടിക്കരുതേ, വടിച്ചാൽ ഒരു നല്ല പെണ്ണിനെ പോലിരിക്കും എന്ന് ഓർമ്മിപ്പിക്കാൻ ലൈല മറക്കുന്നില്ല. ബൈബിളിൽ യേശുവിനെ സഹോദരങ്ങളോടൊപ്പം കഴിയുന്ന ഒരു കുടുംബപശ്ചാത്തലത്തിൽ അവതരിപ്പിച്ചിട്ടില്ല. ദൈവിതകയ്ക്കു പ്രാധാന്യം നല്കുന്ന സംഭവങ്ങൾ മാത്രമെ ബൈബിളിൽ വന്നിട്ടുള്ളു. യേശുവിന്റെ വളർത്തുപിതാവിനെയും, അമ്മയെയും കുറിച്ചുള്ള പരാമർശങ്ങൾ ഒരു കുടുംബാന്തരീക്ഷത്തിൽ ചേർത്തുവെച്ച് നോക്കുകയാണീ കഥയിൽ. അപ്പോൾ സ്വാഭാവികമായും സഹോദരങ്ങളെയും ഭാവന ചെയ്തിരിക്കുന്നു. ബൈബിളിൽ യേശുവിന്റെ അമ്മയെയും സഹോദരരെയും കുറിച്ച് മാർക്കോസ് സുവിശേഷകൻ ഇങ്ങനെ പറയുന്നുണ്ട്. അവന്റെ അമ്മയും സഹോദരന്മാരും വന്ന് പുറത്തുനിന്നുകൊണ്ട് അവനെ വിളിക്കാൻ ആളയച്ചു. ജനക്കൂട്ടം അവനുചുറ്റും ഇരിക്കുകയായിരുന്നു. അവർ പറഞ്ഞു: നിന്റെ അമ്മയും

1. സക്കറിയ, *കണ്ണാടികാണ്മോളവും*, പു. 41

സഹോദരന്മാരും സഹോദരിമാരും നിന്നെ കാണാൻ പുറത്തുനില്ക്കുന്നു. അവൻ ചോദിച്ചു: ആരാണ് എന്റെ അമ്മയും സഹോദരങ്ങളും? ദൈവത്തിന്റെ ഹിതം നിർവ്വ ഹിക്കുന്നവനാരോ അവനാണ് എന്റെ സഹോദരനും സഹോദരിയും അമ്മയും."[1] എന്നാൽ സഭയുടെ വ്യാഖ്യാനമനുസരിച്ച് യേശുവിന് സഹോദരന്മാരും സഹോദരി മാരും ഇല്ല. യേശുവിന്റെ ബന്ധു സഹോദരങ്ങളെയാണ് ഇവിടെ സൂചിപ്പിച്ചിരിക്കുന്ന തെന്നാണ് സഭ പഠിപ്പിക്കുന്നത്. ബൈബിൾ പരാമർശങ്ങളുടെയും, ക്രിസ്തു സംഭവ ങ്ങളുടെയും വെളിച്ചത്തിൽ ജീവൻ കൊടുത്ത 'ലൈല' ചെറുതെങ്കിലും മിഴിവുറ്റ കഥാ പാത്രമാണ്.

യേശുവിന്റെ ജീവിതത്തിലും ഭൗതികതയ്ക്ക് സ്ഥാനം നല്കുന്ന ചിന്തകൾ ഉണ്ടാ യിരുന്നിരിക്കാം, അത്തരം ഒരു ജിവിതത്തിലേക്ക് യേശുവിനെ ക്ഷണിക്കുന്നയാളായാണ് ക്ഷുരകൻ തദേവൂസിനെ 'കണ്ണാടികാണ്മോളം' എന്ന കഥയിൽ അവതരിപ്പിച്ചിരിക്കു ന്നത്. ക്ഷൗരക്കസേരയ്ക്കു മുമ്പിലായി കണ്ട കണ്ണാടി നോക്കി രഹസ്യം മനസിലാ ക്കാൻ തദേവൂസ് നിർബന്ധിക്കുന്നുണ്ട്. കണ്ണാടി ഒരു മണിമുഴക്കംപോലെയുള്ള ശബ്ദ ത്തിൽ യേശുവിനെ ക്ഷണിക്കുന്നു. എല്ലാ രഹസ്യവുമറിയാൻ, യേശു ആരാണെന്ന് കണ്ടുപിടിക്കാൻ കണ്ണാടി ക്ഷണിക്കുന്നു. തദേവൂസ് തന്റെ മൂന്നാമത്തെ മകളെ വിവാഹം കഴിച്ച് ഒരു കുടുംബജീവിതം നയിക്കാൻ യേശുവിനെ ക്ഷണിക്കുന്നു. ലൗകീ കജീവിതത്തിന്റെ പ്രലോഭനങ്ങളിലേക്ക് യേശുവിനെ വീഴിക്കാൻ ശ്രമിക്കുന്ന പ്രലോ ഭകനായിട്ടാണ് തദേവൂസ് കഥയിലുള്ളത്. റോമൻ സൈന്യാധിപന്റെ സുഖഭോഗകഥ കൾ തദേവൂസ് യേശുവിനെ പറഞ്ഞു കേൾപ്പിക്കുന്നു. എല്ലാത്തിനേയും അതിജീ വിച്ച് പ്രലോഭകരിൽ നിന്നും യേശു ഓടിയകലുന്നു. പരസ്യ ജീവിതത്തിനുമുമ്പുണ്ടാ യിരുന്ന യേശുവിന്റെ സാധാരണജീവിതത്തെക്കുറിച്ച് ചിന്തിച്ച കഥാകൃത്ത് സഹച ര്യാനുസരണം രൂപം നല്കിയതാണ് 'തദേവൂസ്' എന്ന കഥാപാത്രം.

1. മർക്കോസ്, യേശുവിന്റെ അമ്മയും സഹോദരരും, ബൈബിൾ, 1995,പുറം.40.

ലോകചരിത്രത്തിലെങ്ങും നിറഞ്ഞുനില്ക്കുന്ന ഹിംസാ മൂർത്തികളുടെ പ്രതീകമാണ് 'ഇതാണെന്റെ പേരി'[1]ലെ ഘാതകൻ. ഇത്തരം തിന്മയുടെ പ്രതീകങ്ങളായി ബൈബിളിൽ പ്രത്യക്ഷപ്പെടുന്ന ഹെറോദേസ്, ലോത്തിന്റെ വീട്ടിലെത്തിയ ദേവദുതന്മാരെ ആക്രമിക്കുന്നവർ, റഹാബ് എന്ന വേശ്യ എന്നിവരുടെയൊക്കെ അംശങ്ങൾ ഘാതകനിലുണ്ട്. ഘാതകന്റെ വ്യക്തിത്വം രൂപപ്പെടുത്തുമ്പോൾ ബൈബിൾ പരാമർശിത സംഭവങ്ങളും ഉപയോഗിച്ചിട്ടുണ്ട്. ഘാതകൻ തന്റെ കർമ്മങ്ങളോരോന്നും ന്യായീകരണത്തോടെ അവതരിപ്പിക്കുന്നു. ഏതു ഹീനകൃത്യവും ചെയ്യാൻ മടിക്കാത്ത ആധുനിക മനുഷ്യന്റെ മനഃസാക്ഷി നഷ്ടപ്പെട്ട അവസ്ഥയാണ് ഈ കഥാപാത്രത്തിനുള്ളത്.

യേശുവിന്റെ ജീവിതകാലത്തിനുശേഷം എത്രയോ തലമുറകൾ കടന്നുപോയിരിക്കുന്നു. ലോകം വ്യത്യസ്ത മേഖലകളിൽ വളർച്ചയുടെ പടവുകൾ എത്രയോ താണ്ടി കഴിഞ്ഞിരിക്കുന്നു. പുതിയ ചിന്താഗതികളും, ആശയങ്ങളും, ജീവിതരീതിയും പുതിയ തലമുറ കണ്ടെത്തിയിരിക്കുന്നു. ഇങ്ങനെയൊക്കെയാണെങ്കിലും വർഷങ്ങൾക്കു മുമ്പ് കടന്നുപോയ യേശുവിന്റെ ജീവിതകാലത്ത് അദ്ദേഹം നല്കിയ ജീവിതമാതൃകയ്ക്കും, ഉപദേശങ്ങൾക്കും ഇന്നും പ്രസക്തിയുണ്ടെന്നും, അന്നു ജീവിച്ചിരുന്ന മനുഷ്യരുടെ പ്രതിനിധികളെ തന്നെയാണ് നാം ഇന്നും പലപ്പോഴും സമൂഹത്തിൽ കണ്ടുമുട്ടുന്നതെന്നും സക്കറിയൻ കഥാപാത്രങ്ങൾ നമ്മെ ഓർമ്മിപ്പിക്കുന്നു. ഇന്ന് വചനപ്രഘോഷണങ്ങളും, ധ്യാനങ്ങളും മുറയ്ക്കു നടക്കുമ്പോഴും, ക്രിസ്തുവിനെപ്പോലെ പ്രായോഗികജീവിതത്തിൽ മാതൃകയാകുന്നവർ വിരളമാണെന്ന സത്യം സക്കറിയ വെളിപ്പെടുത്തുന്നുണ്ട്.

1. സക്കറിയ, *ഇതാണെന്റെ പേര്*, 2001

## അധ്യായം നാല്

# ആഖ്യാനരീതികളിലെ ബൈബിൾ സ്വാധീനം

മാറിക്കൊണ്ടിരിക്കുന്ന ലോകത്തിനൊപ്പം മനുഷ്യരുടെ അഭിരുചികളും മാറിക്കൊണ്ടിരിക്കുന്നു. ഏതൊരു മേഖലയിലും എന്നപോലെ സാഹിത്യരംഗത്തും മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുന്നു. സഹൃദയന്റെ അഭിരുചിക്കനുസരിച്ച് കഥകളിലെ ആഖ്യാന രീതികളും പുതുമ തേടുന്നു.

സക്കറിയയുടെ കഥകളിലും ആഖ്യാനരീതികളിലെ വ്യത്യസ്തത പ്രകടമാകുന്നുണ്ട്. കഥാസാഹിത്യത്തിൽ നിലവിലിരുന്ന ആഖ്യാനരീതികളിൽനിന്നും വ്യത്യസ്തത പുലർത്തുന്ന കഥാഖ്യാനവുമായാണ് സക്കറിയ കടന്നുവന്നത്. 'സംഭവങ്ങൾ കാല പൗർവ്വാപര്യ ക്രമത്തോടെ കോർത്തിണക്കുന്നതാണ് കഥ'[1] എന്ന ചിന്താഗതിയെ സക്കറിയ പിന്തുടരുന്നില്ല. അലംകൃതസാഹിത്യഭാഷയും, പുരോവൃത്തപരമായ പ്രമേയവും ഉപയോഗിച്ചുള്ള കഥയെഴുത്തിനെ തന്റെ കഥകളിൽ സക്കറിയ നിരാകരിക്കുന്നു. സനാതനമായ ജീവിതസത്യങ്ങളെ കഥയിലൂടെ വെളിപ്പെടുത്തുന്ന സക്കറിയ കഥയെ കാര്യമാക്കുകയാണ് ചെയ്യുന്നത്. സക്കറിയയുടെ സമകാലീനരായിരുന്ന കഥാകൃത്തുക്കൾ ജീവിതത്തിന്റെ നിരർത്ഥകതയെക്കുറിച്ചുള്ള തിരിച്ചറിവിൽനിന്നുമാണ് ഫലിതം കണ്ടെത്തിയത്. സക്കറിയയാകട്ടെ 'കഥയെഴുത്തിന്റെ രീതികൾ ഹാസ്യാത്മ

1. എം.അച്യുതൻ: *നിർദ്ധാരണം*, 1990, പുറം 31.

കമായി അനുകരിച്ചുകൊണ്ടാണ് കഥകളിൽ ചിരിയുണർത്തുന്നത്. കഥ കഥയെത്തന്നെ നിഷേധിക്കുന്നകയൊ കവിഞ്ഞുനിൽക്കുകയോ ആണിവിടെ.'[1]

കഥാഖ്യാന സമ്പ്രദായങ്ങളിൽ പ്രമുഖം കർത്തൃപ്രോക്തരീതി ആണ്. കഥാകാരന് വായനക്കാരനോടു നേരിട്ട് കഥപറയാൻ ഈ രീതി സഹായിക്കുന്നു. കഥാകരന് കൂടുതൽ സ്വാതന്ത്ര്യം നല്കുന്ന രീതിയാണിത്. എവിടെയും യഥേഷ്ടം സഞ്ചരിക്കാം; ആരെ വേണമെങ്കിലും കഥാരംഗത്ത് പ്രവേശിപ്പിക്കാം; ഒരേ സമയം രണ്ടോ മൂന്നോ സ്ഥലത്ത് സന്നിഹിതനാകാം; അവിടെ നടക്കുന്ന സംഭവങ്ങൾ ഒരു ദൃക്സാക്ഷിയെ പോലെ വർണ്ണിക്കാം.'[2]

കഥയിലെ ഒരു കഥാപാത്രം തന്നെ കഥ പറയുന്ന രീതിയിൽ പാത്ര പ്രോക്തമായും കഥകൾ അവതരിപ്പിക്കാറുണ്ട്. കഥയുടെ വിശ്വാസ്യത വർദ്ധിക്കാൻ ഈ രീതി വളരെസഹായകമാണ്. കഥാപാത്രം തന്നെ കഥപറയുമ്പോൾ കൂടുതൽ തന്മയത്വവും കിട്ടുന്നു. കഥാപാത്രത്തിന്റെ ആത്മഗതങ്ങളെ അവതരിപ്പിക്കാനും ഈ രീതിയാണ് കൂടുതൽ ഉപകരിക്കുന്നത്. കഥാപാത്രത്തിന്റെ അനുഭവ പരിധിയിൽ വരുന്ന കഥകൾ മാത്രം അവതരിപ്പിക്കപ്പെടുന്നതുകൊണ്ട് കഥയ്ക്ക് ഏകാഗ്രതയും ലഭിക്കുന്നു.

കഥാകൃത്തോ, കഥാപാത്രമോ കഥ പറഞ്ഞു തുടങ്ങുകയും ഇടയ്ക്കുവെച്ചു മറ്റൊരാളെ കണ്ടുമുട്ടുകയും അയാൾ കഥ പൂർത്തിയാക്കുകയും ചെയ്യുന്ന മട്ടിൽ 'കഥയിൽ കഥ'യായും കഥകൾ അവതരിപ്പിക്കാറുണ്ട്. ഒരാൾ എന്തൊക്കെയോ വിചാരിച്ചുകൊണ്ട് കിടക്കുമ്പോൾ കഥ തുടങ്ങുകയും, കഥ അവസാനിച്ചു കഴിയുമ്പോള് അയാളെ ആരെങ്കിലും വളിച്ചുണർത്തുകയും അയാൾ പറഞ്ഞതെല്ലാം സ്വപ്നമായിരുന്നുവെന്ന് വെളിപ്പെടുത്തുന്ന മട്ടിലുള്ള കഥയും കഥയിൽ കഥയായി അവതരിപ്പിക്കുന്നുണ്ട്.

1. സുനിൽ പി. ഇളയിടം: കഥയിലെ പിളർപ്പുകൾ, *മലയാള വാരിക പ്രത്യേകപതിപ്പ്*, ജനുവരി,2000, പുറം 344.
2. എം.പി.പോൾ: *ചെറുകഥാപ്രസ്ഥാനം*, 1989, പുറം.108.

എഴുത്തുകളുടെ രൂപത്തിലും കഥാഖ്യാനം നടത്താറുണ്ട്. കഥാപാത്രം പലപ്പോഴായി എഴുതുന്ന കത്തുകൾ ഒരുമിച്ചു ചേർത്തുവെച്ച് കഥ പൂർത്തിയാക്കുന്ന രീതിയാണ് ഒന്ന്. കത്തുകൊണ്ട് ആരംഭിക്കുകുയം കത്ത് അവസാനിക്കുമ്പോൾ കഥ പൂർത്തിയാവുകയും ചെയ്യുന്ന മട്ടിലും കഥകൾ ഉണ്ട്. കത്തുകളുടെ സ്ഥാനത്ത് ഡയറിക്കുറിപ്പുകൾ ചേർത്തുവെച്ച് കഥ പൂർത്തിയാക്കുന്ന രീതിയും ഉണ്ട്. പല ദിവസങ്ങളിലായി എഴുതിയ ഡയറിക്കുറിപ്പുകൾ ആണ് ഉപയോഗിക്കുന്നത്.

കഥാഖ്യാനത്തിൽ സ്വീകരിച്ചുവരുന്ന ബോധധാരാ രീതീയിൽ മികച്ച കഥകൾ രൂപംകൊണ്ടിട്ടുണ്ട്. കഴിഞ്ഞുപോയ സംഭവങ്ങൾ കഥാപാത്രത്തിന്റെ ചിന്തകളിലൂടെ കഥയായി മാറുന്നു. കഥയുടെ അവസാനഭാഗത്തുനിന്നും ആരംഭിക്കുന്ന ഓർമ്മകൾ പിന്നിലേക്കു സഞ്ചരിച്ചു ഒരു കഥ പൂർത്തിയാക്കുന്നു. കഥാപാത്രങ്ങളുടെ സംഭാഷണത്തിലൂടെ കഥ പൂർത്തിയാക്കുന്ന രീതിയും കഥാകൃത്തുക്കൾ സ്വീകരിക്കാറുണ്ട്.

### 4.1. സക്കറിയയുടെ ആഖ്യാനരീതിയുടെ സവിശേഷതകൾ

വ്യത്യസ്തങ്ങളായ ഈ ആഖ്യാനരീതികളിൽ കഥാകൃത്ത് തന്നെ കഥ പറയുന്ന രീതിയാണ് സക്കറിയ അധിക കഥകളിലും പ്രയോജനപ്പെടുത്തിയിരിക്കുന്നത്. തന്റേതായ പല ആശയങ്ങളും കഥകളിലൂടെ അവതരിപ്പിക്കാൻ ഇഷ്ടപ്പെടുന്ന സക്കറിയക്ക് ഈ രീതിയാണ് സ്വീകാര്യമായിട്ടുള്ളത്. എൺപത്തിഎട്ട് കഥകളും, ആറു നോവലുകളും, ഒരു തിരക്കഥയും എഴുതിയിട്ടുള്ള സക്കറിയ അദ്ദേഹത്തിന്റെ അമ്പത്തിയഞ്ച് സൃഷ്ടികളിലും കഥാകൃത്ത് കഥപറയുന്ന രീതിയാണ് സ്വീകരിച്ചിട്ടുള്ളത്. ഇരുപത് കഥകളിൽ കഥാപാത്രം കഥ പറയുന്നു. 'എന്തുണ്ടു വിശേഷം പീലാത്തോസേ' (നോവൽ), 'അലറുന്ന അസ്ഥികൂടം', 'മനഃശാസ്ത്രജ്ഞനോട് ചോദിക്കാം', 'യേശുപുരം പബ്ലിക് ലൈബ്രറിയെപറ്റി ഒരു പരാതി', 'ഈ എഴുത്ത്', 'ഒരുദിവത്തെ ജോലി' (കഥകൾ), 'അയ്യപ്പതിന്തകത്തോം' (നോവൽ) ഇവയിലെല്ലാം കത്ത് ആഖ്യാനരീതി

യായി സ്വീകരിച്ചിരിക്കുന്നു. ബോധധാരാരീതിയിൽ രൂപപ്പെടുത്തിയകഥകളാണ് 'ഇതാണെന്റെ പേര്', 'ഉണ്ണിയെന്ന കുട്ടി', 'ക്രെയ്ൻ ഷോട്ട്' എന്നിവ. ഇതാണെന്റെ പേര് (നോവൽ) ആരംഭിക്കുന്നത് കഥാകൃത്ത് കഥപറഞ്ഞുകൊണ്ടാണ്. പിന്നീട് കഥാപാത്രമായ ഘാതകന്റെ ഓർമ്മയിലൂടെ കഥ പൂർണമാവുകയാണ് ചെയ്യുന്നത്. ഉണ്ണിയുടെ സ്വപ്നങ്ങളിലൂടെയും ചിന്തകളിലൂടെയുമാണ് ഉണ്ണിയെന്ന കുട്ടിയിലെ കഥ രൂപംകൊള്ളുന്നത്. ക്രെയ്ൻ ഷോട്ട് ആവട്ടെ ആദ്യവസാനം കഥാപാത്രത്തിന്റെ ഓർമ്മകളിലൂടെയാണ് പൂർണമാകുന്നത്.

മല, കുന്ന് എന്നിവ കഥാകൃത്ത് അവിചാരിതമായി കണ്ടുമുട്ടുന്നവർ പറയുന്ന കഥകളാണ്. കഥയിൽ കഥയായിട്ടുള്ള അവതരണരീതിയാണ് ഇവിടെ സ്വീകരിച്ചിട്ടുള്ളത്. ചോദ്യങ്ങളും അവയ്ക്കു നൽകുന്ന ഉത്തരങ്ങളും ചേർത്ത് രൂപപ്പെടുത്തി എടുത്തിട്ടുള്ളതാണ് 'സത്യപ്രതിജ്ഞ' എന്ന കഥ. മറ്റുകഥാകൃത്തുക്കൾ സ്വീകരിച്ചുകാണാത്ത പുതിയ ആഖ്യാനരീതിയാമ് സത്യപ്രതിജ്ഞയിൽ കാണുന്നത്. 'എന്നെക്കൂടി പ്രതീക്ഷിക്കില്ല', 'ഇഷ്ടികയും ആശാരിയും' എന്നീ കഥകളിലാവട്ടെ കഥാപാത്രങ്ങളുടെ സംഭാഷണം പ്രയോജനപ്പെടുത്തിക്കൊണ്ട് കഥ അവതരിപ്പിച്ചിരിക്കുന്നു. 'ഇഷ്ടികയും ആശാരിയി'ലും കഥാപാത്രമായ ബാബുവിന്റെ ഡയറിക്കുറിപ്പുകളും കഥയുടെ പൂർത്തീകരണത്തിന് ഉപയോഗിച്ചിട്ടുണ്ട്.

കഥാസാഹിത്യത്തിലെ കഥകളെ പൊതുവായി വിലയിരുത്തിക്കൊണ്ട് കർത്തൃപ്രോക്തം, പാത്രപ്രോക്തം, കഥയിൽ കഥ, കത്തുകൾ, ഡയറിക്കുറിപ്പ് എന്നിങ്ങനെ 'കുട്ടികൃഷ്ണമാരാർ' പരാമർശിച്ച ആഖ്യാനരീതികൾ സക്കറിയയുടെ കഥകളിലും കടന്നുവന്നിട്ടുണ്ട്. എന്നാൽ മറ്റുള്ളവരിൽനിന്നും വ്യത്യസ്തനായി സക്കറിയയുടെ തായതനതു രീതികൾ പലതുമുണ്ട്. സക്കറിയയുടെ കഥകളെ വേറിട്ടു നിർത്തുന്നതും ഇത്തരം സവിശേഷതകളാണ്.

സക്കറിയയുടെ ആദ്യസമാഹാരമായ 'ഒരിടത്തി'[1]ലെ കഥകളിൽതന്നെ അദ്ദേഹത്തിന്റെ രചനകളുടെ സവിശേഷകൾ കണ്ടെത്താം. 'കാലത്തെ നേരത്തെ എണീറ്റ് ഒട്ടും വൈകാതെ' എന്നു തുടങ്ങുന്ന വാക്യത്തിൽ ശീലാവതി കഥയിലെ പഴമയുടെ ഈണം ബോധപൂർവ്വം സൃഷ്ടിച്ചതിനുശേഷം അതോടൊപ്പം 'സോപ്പുതേച്ചു കുളിച്ചു' എന്നുകൂടി എഴുതിച്ചേർത്ത് രണ്ടു വൈരുദ്ധ്യങ്ങളെ സമന്വയിപ്പിച്ച് സക്കറിയ പ്രച്ഛന്ന ഹാസ്യം സൃഷ്ടിക്കുന്നു. അടുത്ത ഖണ്ഡികയിൽ 'ഒരുദിവസം ആദിത്യഭഗവാൻ അത്യുഗ്ര ദീപ്തിയോടുകൂടി വിളങ്ങി തന്റെ അഗ്നിമയ കിരണങ്ങളെ ആഭൂഭാഗമെമ്പാടും ആവർത്തിതമായി, അഥവാ തുടർച്ചയായി, പൊഴിച്ചുകൊണ്ടിരിക്കെ ഈ യുവതി പൊതു നിരത്തിലൂടെ താൻ വിദ്യാഭ്യാസം നടത്തിവരുന്ന ട്യൂട്ടോറിയൽ കോളേജിലേക്ക് എത്രയും ത്വരിതമായി ഗമിച്ചുകൊണ്ടിരിക്കുകയാണ്' എന്നെഴുതിയിരിക്കുന്നു. മാർത്താണ്ഡവർമ്മ, അക്ബർ തുടങ്ങിയ ചരിത്ര നോവലുകളിലെ പഴയ ഭാഷാരീതിയെ ഓർമ്മിപ്പിക്കുന്ന വിവരമാണിത്. ഐറണി സൃഷ്ടിക്കാൻ വേണ്ടി പഴയ ശൈലിയുടെ ബോധപൂർവ്വമായ വികൃതാനുകരണം നടത്തിയിരിക്കുകയാണ് സക്കറിയ. പഴയ ഭാഷയുടെ സ്വരവും അതു സൃഷ്ടിക്കുന്ന ഭൂതകാലത്തിന്റേതായ അന്തരീക്ഷവും അതുപോലെ തന്നെ നിലനിർത്തികൊണ്ട് 'ട്യൂട്ടോറിയൽ കോളേജിലേക്ക്' എന്ന സമകാലിക സത്യസ്ഥിതികൂടി അതിൽ കലർത്തി പദങ്ങളെക്കൊണ്ട് ഭാവവൈപരീത്യം സൃഷ്ടിക്കുന്നു. ആവർത്തിച്ചു വിരസമായിത്തീർന്ന ഭാഷാരീതിയും, ആശയങ്ങളും വിചിത്രമായ രീതിയിൽ പ്രയോഗിച്ച് ഭാവവൈപരീത്യവും പ്രച്ഛന്നഹാസ്യവും സൃഷ്ടിക്കുക എന്നത് സക്കറിയയുടെ കലയുടെ പ്രത്യേകതയാണെന്ന് കെ.പി.അപ്പൻ പറഞ്ഞിട്ടുമുണ്ട്.[2]

### 4.1.1. പഴയ കഥനസങ്കേതങ്ങളുടെ നിരാസം

രണ്ട് എഴുത്തുകാർ കഥാപാത്രങ്ങളായി വരുന്ന 'ഒരു സുന്ദരസന്ധ്യയിൽ' പഴ

---

1. കുട്ടികൃഷ്ണമാരാര്: *ദന്തഗോപുരം*, 1981.
2. കെ.പി. അപ്പൻ: കഥ ആഖ്യാനവും അനുഭവസത്തയും, 1999, പുറം 103.

യ കഥാരചനയുടെ സാങ്കേതികമായ ചട്ടക്കൂടുകളെ അപഹസിച്ചുകൊണ്ടുള്ള രചനാരീതിയാണ് സ്വീകരിച്ചിരിക്കുന്നത്. ആരംഭ വാചകം സന്ദർഭത്തിനൊത്ത് ഉയർന്നിട്ടില്ല എന്ന പ്രസ്താവനയോടെ, 'എഴുത്തുകാരൻ ഒരു സുന്ദരസന്ധ്യയിൽ അനന്തവും ഏകാന്തവുമായ ഒരു പാതയിൽ മൂകവും നിശ്ചലവുമായി എരിഞ്ഞുകൊണ്ടിരുന്ന ഒരു പാതവിളക്കിനു കീഴിൽവെച്ച് എഴുത്തുകാരൻ ബിയുമായി കൂട്ടിമുട്ടി' എന്ന് തിരുത്തുന്നു. സുന്ദരപദപ്രയോഗം, സാഹിത്യ പ്രചോദനം, ധ്യാനം, ഏകാന്തത, ആദിമധ്യാന്തങ്ങളുള്ള കഥ, ആകസ്മിക സംഭവം, നൂതനാശയത്തിന്റെ ജനനം എന്നീ കഥാനിർമ്മാണവുമായി ബന്ധപ്പെടുത്തി കടന്നുവരുന്ന പദപ്രയോഗങ്ങളെല്ലാം നിരർത്ഥങ്ങളാണെന്ന് സക്കറിയ പറയുന്നുണ്ട്. സാഹിത്യരചനയെക്കുറിച്ചുള്ള തന്റെ കാഴ്ചപ്പാടുകളെ തന്റെ കഥകളിലൂടെതന്നെ സക്കറിയ വെളിപ്പെടുത്തുന്നുണ്ട്. ഇത്തരം കാര്യങ്ങൾ ആസ്വാദനത്തിനു തടസ്സമാകാതെ സാന്ദർഭികമായി ഉദ്ദേശ്യശുദ്ധിയോടെ അവതരിപ്പിക്കാൻ കഴിയുന്നതാണ് സക്കറിയയുടെ ആഖ്യാനരീതി.

"എ എണീറ്റു തന്റെ മേശതുറന്ന്, അതിൽനിന്ന് എന്തോ എടുത്തു ഷർട്ടിനു കീഴിൽ അരയിൽ തിരുകിവച്ചു. ഇത് എന്താണെന്ന് എനിക്കറിയാം പക്ഷേ, ഇപ്പോൾത്തന്നെ ഞാൻ ഇതു വെളിപ്പെടുത്തിയാൽ കഥയുടെ ഉദ്വേഗത്തിനു കുറവുവരാനിടയുണ്ട്. കഥ പറയുന്ന ഞാൻ തന്നെ, ഇത്രയുമൊക്കയായശേഷം, അതു ചെയ്യുന്നത് അപഹാസ്യമല്ലേ? അല്പം ചില രഹസ്യങ്ങളും മറ്റും കൂടിയേ തീരൂ ചില കാര്യങ്ങളിൽ"[1] എന്ന് നിലവിലിരുന്ന കഥന സമ്പ്രദായത്തെ തന്റെ കഥയിലൂടെ കാര്യമായി വിലയിരുത്തുന്നു. കഥയെഴുത്തിനെക്കറിച്ചുള്ള കഥയായി മാറുന്ന സക്കറിയൻ ശൈലി കഥയിൽനിന്നും കാര്യത്തെയും കാര്യത്തിൽനിന്ന് കഥയെയും വേർതിരിക്കാനാവാത്തവിധം ഇണക്കിച്ചേർത്തിരിക്കുന്നു. ഉപയോഗിച്ച വാക്കുകൾക്കുപകരം പദങ്ങൾ മാറ്റി

1. സക്കറിയ: *ഒരിടത്ത്*, പുറം 23.

വയ്ക്കാനാവാത്തവണ്ണം വാക്യങ്ങൾ ഇഴചേർന്നതായി സക്കറിയയുടെ കഥകളിൽ കാണാം[1] എന്ന് നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്.

### 4.1. 2. കഥഎഴുത്തിന്റെ ചർച്ച

മനുഷ്യേതര ജീവികളെ കഥാപാത്രങ്ങളാക്കി ശാസ്ത്രകഥകൾ പലതും നിർമ്മിച്ച സക്കറിയ, അത്തരം കഥാനിർമ്മാണത്തിൽ അഭിമുഖീകരിക്കേണ്ടിവരുന്ന പ്രശ്നങ്ങൾ എന്തൊക്കെയെന്ന് കഥയിൽ തന്നെ പറയുന്നുണ്ട്. സാധാരണ കഥാകൃത്തുകൾ ഇത്തരം വെളിപ്പെടുത്തലുകൾ കഥയിൽ നടത്താറില്ല. എന്തും തുറന്നു പറയാൻ മടിക്കാത്ത സക്കറിയയുടെ ശൈലി തന്നെയാണ് ഇത്തരം സന്ദർഭങ്ങളെ വേറിട്ടുനിർത്തുന്നത്. എഴുതാൻ പോകുന്ന കഥാനിർമ്മാണത്തിൽ താൻ നേരിടുന്ന പ്രശ്നങ്ങളെന്തൊക്കെയെന്ന് കഥാരംഭത്തിൽതന്നെ സക്കറിയ ചർച്ചചെയ്യുന്നു. അങ്ങനെ ഓരോ കഥയും കഥയെക്കുറിച്ചുള്ള ചർച്ചകളാക്കി മാറ്റുന്നു. 'ഒരു മനുഷ്യജീവിയെക്കുറിച്ച് എന്തെങ്കിലും പറയുകയോ എഴുതുകയോ ചെയ്യാൻ കുറെ സൗകര്യങ്ങളെല്ലാമുണ്ട്. ഒരു മൃഗത്തെക്കുറിച്ച്, അല്ലെങ്കിലൊരു മാലാഖയെക്കുറിച്ച്, അല്ലെങ്കിൽ ദൈവത്തെക്കുറിച്ച് എഴുതണം എന്നുവച്ചോളൂ. എല്ലാം തകിടം മറിയുന്നു. അപ്പോൾ അയാൾ പ്രത്യേക വൈകാരിക കോളിളക്കങ്ങളൊന്നും കൂടാതെ ചെയ്യുന്നത് ഇതാണ്. മൃഗത്തിൽ തന്റെ വാക്കുകളിലൂടെ ഒരു മനുഷ്യാത്മാവ് നിർമ്മിക്കുന്നു.'[2]

### 4.1.3. സക്കറിയൻ കഥകളിലെ സംസാരഭാഷ

സംസാരഭാഷയെ സാഹിത്യവത്ക്കരിക്കുന്നതിൽ സക്കറിയ വിജയിച്ചിട്ടുണ്ട്. താൻ പറയുന്ന കഥയിലെ കഥാപാത്രങ്ങളുടെ ഭാഷതന്നെ ഉപയോഗപ്പെടുത്തുന്ന രചനകളും അദ്ദേഹത്തിന്റേതായിട്ടുണ്ട്. സാഹിത്യഭാഷയോളം പരിഗണന സംസാരഭാ

---

1. മൃദുലാബായ് എം.ആർ: കണ്ണാടിച്ചീളുകളിലെ വെയിൽത്തുണ്ടുകൾ, *സാംസ്കാരികവികാരം സാഹിത്യ മാസിക*, ഏപ്രിൽ 2003, പുസ്തകം 1, ലക്കം 8, പുറം 249.
2. സക്കറിയ: *ഒരിടത്ത്*, പുറം 78.

ഷയ്ക്കു ലഭിക്കാറില്ല. എന്നാൽ സാഹിത്യഭാഷയെക്കാൾ ഒട്ടും പിന്നിലല്ല കഥയെഴുത്തിന് സംസാരഭാഷയെന്ന് സക്കറിയയുടെ കഥകൾ പറയുന്നു. 'ഞാൻ കാലത്തെ ഒറക്കം തെളിഞ്ഞ് കൊറച്ചുനേരം കട്ടിലേൽത്തന്നെ കെടക്കും. വാസ്തവത്തിൽഞാൻ എവടെയാ എന്ന് ആലോചിച്ചോണ്ട് എനിക്ക് എഴുന്നേൽക്കാൻ തോന്നുകേല. അയ്യോ, മച്ചനാട്ടെ കണ്ടത്തിന്റെ വരമ്പേലിരുന്ന് ചൂണ്ടയിട്ടോണ്ടിരുന്ന ആ ജോസി തന്നെയാണോ ഇത്? കടുത്തുരുത്തീലെ ഒച്ച ഒന്നും കേക്കുന്നില്ലല്ലോ. വല്യപള്ളീൽ കാലത്തത്തെ കുർബ്ബാനയ്ക്കു മണിയടിക്കുന്ന സൊരം ഇല്ല.'

'എനിക്കു വല്ലോം പറ്റിയാൽ പാവം അവളെന്നാ ചെയ്യും? കൊച്ചിനെ ആരു നോക്കും? വീട്ടിലൊരാൺതൊണയൊണ്ടോ?'[1]

സംസാരഭാഷയെ വ്യത്യസ്തതലങ്ങളിലേക്കുയുർത്തുവാനുള്ള സക്കറിയയുടെ കഴിവ് കെ.പി.അപ്പൻ നിരീക്ഷിച്ചിട്ടുണ്ട്. 'സലാം അമേരിക്കയിൽ സക്കറിയ സംസാരഭാഷയെ വട്ടം കറക്കിക്കൊണ്ടു കുന്നായ്മയാൽ പൊതിഞ്ഞുകൊണ്ടും എഴുതുമ്പോൾ ആ ആഖ്യാനകല പിടിവിട്ടു പുറത്തുവരുന്ന ആത്മനിന്ദകൊണ്ടും അമേരിക്കയിലെ ഒരു വിഭാഗം മലയാളികളുടെ സംസ്കാരത്തിന്റെ അപഹാസ്യമായ ചിത്രങ്ങൾകൊണ്ടും വ്യക്തിപരമായ ട്രാജഡികൾ കൊണ്ടും സമൃദ്ധിയുടെ ഉള്ളിലെ ദുരന്തസ്ഫോടനം കൊണ്ടും വിരുദ്ധോക്തികളുടെ കേളികൾകൊണ്ടും നിറയുന്നു.'[2]

കൃതികളുടെ പ്രമേയത്തിനനുയോജ്യമായ ഭാഷ പ്രയോഗിക്കുന്നതിൽ സക്കറിയ താത്പര്യം കാണിക്കുന്നു.

**4.1.4. മാധ്യമങ്ങളിലെ ഭാഷ**

പത്രഭാഷയെ സാഹിത്യവത്ക്കരിച്ചുകൊണ്ട് സക്കറിയ കഥകൾ എഴുതിയിട്ടു

---

1. സക്കറിയ: *സലാം അമേരിക്ക*, 1998.
2. കെ.പി.അപ്പൻ: *വിവേകശാലിയായ വായനക്കാരാ,* 2002,പുറം 91.

ണ്ട്. പത്രത്തിൽവന്ന വാർത്തകളെ കൂട്ടിച്ചേർത്ത് ഒരുകഥ രൂപപ്പെടുത്തുന്നു. ചരമ വാർത്ത, വിവാഹപരസ്യം, കണ്ടവരുണ്ടോ തുടങ്ങിയ വാർത്തകൾ ചേർത്തുവെച്ച് കഥ പൂർത്തിയാക്കുന്നു. പത്രവാർത്തകൾക്ക് വസ്തുനിഷ്ഠതാ സ്വഭാവം നഷ്ടമായിക്കൊണ്ടിരിക്കുന്ന ഇക്കാലത്ത് അവയ്ക്ക് വിവിധ അർത്ഥങ്ങൾ നല്കുകയാണ് കഥയിൽ. പത്രഭാഷയുടെയും സാഹിത്യഭാഷയുടെയും വേർതിരിവുകളെ ഇല്ലായ്മ ചെയ്യുന്നു. 'ചന്ദ്രേട്ടാ, മാപ്പുതരിക. തിരിച്ചു വരിക. ഞാനും രമേശും മല്ലികയും കാത്തിരിക്കുന്നു.' അത്യുയരത്തിൽനിന്ന് താഴേക്ക് വീഴുന്നതുപോലെ ദയനീയമായൊരു തോന്നൽ അയാൾക്കുണ്ടായി. അയാൾക്ക് ശ്വാസം മുട്ടി. അയാൾ ആ പരസ്യത്തിൽ അല്പസമയം ഒരു മായാലോകത്തെന്നപോലെ തുറിച്ചുനോക്കി. അയാളുടെ കണ്ണുകൾ നനഞ്ഞു. പെട്ടെന്ന് കണ്ണുകൾ തുടച്ചിട്ട് അയാൾ വായനതുടർന്നു. 'ഇന്ന് വിവാഹിതരാകുന്നു. പാലാ ഭദ്രാസനപള്ളിയിൽവെച്ച് 11 മണിക്ക് ബേബിച്ചനും മേരിയമ്മയും.'[1]

വ്യത്യസ്ത അർത്ഥങ്ങളും ദർശനങ്ങളും നല്കി മാധ്യമങ്ങളിലെ ഭാഷപോലും കഥയാക്കി മാറ്റുന്നു. സാധാരണക്കാർ നിസ്സംഗതയോടെ വായിച്ചു മാറ്റിവെക്കുന്ന മനഃശാസ്ത്രജ്ഞനോട് ചോദിക്കാം എന്ന സ്ഥിരം പംക്തിയുടെ ഭാഷപോലും സക്കറിയ ഉപയോഗപ്പെടുത്തിയപ്പോൾ അസാധാരണ ദർശനങ്ങൾ നല്കുന്ന കഥയുടെ അവിഭാജ്യഭാഗമായി മാറി. 'ഡോക്ടർ എന്നെ സഹായിക്കൂ. ഞാനെന്തു ചെയ്യട്ടെ? എനിക്കു രക്ഷാമാർഗ്ഗമുണ്ടോ? എന്റെ ആവശ്യം തെറ്റാണോ? ഞാനൊരു മാനസികരോഗിയാണോ? ദയവായി എന്നെ ഉപദേശിക്കുക.'[2]

#### 4.1.5. ചലച്ചിത്രഭാഷ

ചലച്ചിത്രത്തിന്റെ ഭാഷയെ കഥയിൽ ഉൾപ്പെടുത്തിക്കൊണ്ട് ദൃശ്യവൽക്കരിക്കാൻ സക്കറിയ്ക്കു കഴിഞ്ഞിട്ടുണ്ട്. ചലച്ചിത്രത്തിൽ കഥാസാഹചര്യങ്ങൾ പുനഃസൃഷ്ടിക്ക

1. സക്കറിയ: *കന്യാകുമാരി,* 1999, പുറം 97.
2. ടി.പു. പുറം 88.

പ്പെടുന്നതുപോലെ കഥ നടക്കുന്ന സ്ഥലത്തേക്ക് ഭാഷയിലൂടെ കൊണ്ടെത്തിക്കാൻ സക്കറിയക്കും സാധിക്കുന്നു. കഥ പറച്ചിലിൽ നിന്നുയർന്ന കഥ സംഭവിക്കുന്ന അവസ്ഥയിലേക്കെത്തുന്നതായി അനുഭവപ്പെടുന്നു.

'മിന്നൽക്കൊടിയുടെ കൈകൾ എന്റെ കൈകളിൽ വാരിയെടുത്തു. സുന്ദരിയെ അവസാനമായി ഒന്നുകൂടി നോക്കി. സുന്ദരി എന്നെ ഉറ്റുനോക്കുകയല്ലേ? അതെ. അതെ അവളുടെ കണ്ണുകളിൽ വിഷാദമുണ്ടോ? എനിക്കു കണ്ടുകൂടാ. എന്തിന് വിഷാദം സുന്ദരീ? എന്റെ സുന്ദരി വിഷാദിക്കരുത്. ഞാൻ വിടവാങ്ങുക മാത്രമാണ്. വീണ്ടും കാണാം.'[1] (ക്രെയ്ൻ ഷോട്ട്)

സിനിമയുടെ കഥയിലേക്കും, കഥാപാത്രങ്ങളിലേയ്ക്കും കടന്നുകയറി കഥാഗതിതന്നെ മാറ്റിമറിക്കുവാനുള്ള സാധ്യതകളെക്കുറിച്ചുപോലും സക്കറിയ കഥകളിൽ ചർച്ചചെയ്യുന്നുണ്ട്. ഞാൻ ചോദിച്ചു. 'നാളെ നമുക്ക് ഈ പടം കാമുകിയുടെ പുഞ്ചിരിയിൽ നിന്നും അതിന്റെ സാധ്യതകളിൽനിന്നും തുടങ്ങാം? അല്ലെങ്കിൽ ഒന്നോ, രണ്ടോ റീലുകൾ കാണിക്കാതിരുന്ന് എന്തെങ്കിലുമൊരു വ്യത്യാസം വരുത്താം.'[2](ലാസ്റ്റ് ഷോ)

#### 4.1.6. താളാത്മക ഭാഷ

ചെറിയ ചെറിയ വാക്യങ്ങൾ സംയോജിപ്പിച്ചുണ്ടാക്കുന്ന താളം സക്കറിയയുടെ കഥകളിലുണ്ട്. ഈ താളാത്മകഭാഷ കഥയ്ക്ക് ആകർഷണീയത നൽകുന്നു. ഭാഷയുടെ ബാഹ്യസൗന്ദര്യത്തിലും ആന്തരിക സൗന്ദര്യത്തിലും സക്കറിയ ശ്രദ്ധിക്കാറുണ്ട്. സാധാരണ വാക്കുകൾക്കുപോലും അസാധാരണമായ അർത്ഥതലങ്ങൾ നല്കാനുള്ള രചനാസാമർത്ഥ്യം സക്കറിയയ്ക്കുണ്ട്.

---

1. സക്കറിയ: *കണ്ണാടികാണ്മോളവും,* 1998, പുറം 7.
2. സക്കറിയ: *ആർക്കറിയാം*, 1998, പുറം 27.

'വീണ്ടും പേടിച്ചു ഇല്ലേ. സുന്ദരിയെട്ടുകാലി ചോദിച്ചു. തൊട്ടാലഴിയുന്ന കെട്ടായിരുന്നു, എട്ടുകാലി പറഞ്ഞു. എന്നിട്ടും കഥയെഴുത്തുകാരി അത് ആലോചിച്ചില്ലല്ലോ,സ്ഫടികപാദങ്ങൾ കുലുക്കി എട്ടുകാലി ചിരിച്ചു. എഴുത്തുകാരിക്ക് കോപവും സന്തോഷവും ഒന്നിച്ചുവന്നു.'[1] (ഒരെഴുത്തുകാരി അപഹരിക്കപ്പെടുന്നു).

**4.1.7. യുക്തിയുടെ ഭാഷ**

തനിക്ക് പറയാനുള്ള കാര്യങ്ങൾ യുക്തിയുടെയും, വാദങ്ങളുടെയും ഒരു സവിശേഷ ആഖ്യാനരീതിയിലൂടെ സക്കറിയ അവതരിപ്പിക്കുന്നു. ചരിത്രപരവും, രാഷ്ട്രീയവുമായ കാര്യങ്ങൾ ഉൾപ്പെടെ തനിക്കുചുറ്റും കാണുന്ന ഏതു കാര്യവും അദ്ദേഹത്തിനീമട്ടിൽ അവതരിപ്പിക്കാൻ കഴിയുന്നു.

"എടോ, താൻ അമ്പതുപേരെ രക്ഷിച്ചാലും വേണ്ട അഞ്ഞൂറുപേരെ രക്ഷിച്ചാലും വേണ്ട ഈ റോമാസാമ്രാജ്യം രക്ഷപ്പെടുമോ?' ചക്രവർത്തിമാരല്ലേ അതെല്ലാം തീരുമാനിക്കേണ്ടത് അവരുടേതല്ലേ അധികാരവും, ശക്തിയും മഹത്വവും സേനകളും കരം പിരിവുകാരും? അവർ മഹാപാതവെട്ടുമ്പോഴും കൊളീസിയം പണിയുമ്പോഴും ക്ഷേത്രങ്ങൾ കെട്ടിപ്പൊക്കുമ്പോഴും നാടകം അരങ്ങേറ്റുമ്പോഴും ചരിത്രം ഉണ്ടാകുന്നു."[2]

സുഹൃത്തായ അന്റോണിയോസ് അഭയകേന്ദ്രം സ്ഥാപിച്ചതിനോടുള്ള പീലാത്തോസിന്റെ മനോഭാവം വ്യക്തമാക്കുന്നതോടൊപ്പം, താൻ യേശുവിനെ രക്ഷിക്കാൻ ശ്രമിച്ചിട്ടും നടന്നില്ലെന്നും വ്യക്തമാക്കുന്നു. യേശുവും ചരിത്രത്തിന്റെ ഇരയായിരുന്നെന്ന യുക്തി കണ്ടെത്തുന്നു.

**4.1.8. ഭാഷയുടെ വ്യാകരണ ലംഘനം**

ഭാഷയുടെ വ്യാകരണനിയമങ്ങളെ ലംഘിച്ചുകൊണ്ട് വാക്കുകളുടെ അർത്ഥങ്ങളെ

---

1. സക്കറിയ: *സക്കറിയയുടെ പെൺകഥകൾ*, 2001, പുറം 9.
2. സക്കറിയ: *എന്തുണ്ട് വിശേഷം പീലാത്തോസേ,* 1998, പുറം.19.

നിരർത്ഥകങ്ങളാക്കിക്കൊണ്ടും, വായനക്കാർക്ക് സുപരിചിതമല്ലാത്തതും ചിലപ്പോൾ അസംബന്ധം എന്നു തോന്നിപ്പിക്കുന്നതുമായ വിചിത്രഭാഷയിൽ സക്കറിയ എഴുതി യിട്ടുണ്ട്. വിരുദ്ധോക്തികൾ നിറഞ്ഞ നർമ്മത്തിലൂടെ സക്കറിയ മനഃപൂർവ്വം സൃഷ്ടിച്ച ഭാഷയാണിത്.

"ഭക്തർ സ്വന്തം ആത്മീയപദാർത്ഥങ്ങൾ കൊണ്ടുവരുന്നതോ ഭക്ഷേപണം നട ത്തുന്നതോ തിരസ്മരണം ചെയ്തിരിക്കുന്നു."

"ഇവിടെ വാടാ." ആനന്ദി എന്നോട് കുടുകുടുന്നനേ പ്രസ്താരിച്ചു.

"ഗ്രന്ഥകർത്താവ് കിടുകിടും ഗുഡുഗുഡും ധരികിഥോം എന്ന് ഹൃദീകരിച്ചു കൊണ്ട് അടുത്തുചെന്നു."[1]

എഴുത്തുകാരൻ ഭാഷയെ പാരമ്പര്യത്തിൽനിന്നും പറിച്ചുനടുകയും നവീകരി ക്കുകയും ചെയ്യേണ്ടവനാണെന്ന് സക്കറിയ പറയുന്നുണ്ട്. 'ഓരോ കവിതയും നോവ ലുമെഴുതാൻ തുടങ്ങുന്ന എഴുത്തുകാരൻ ഓരോ തവണയും പുതിയ ഭാഷ തേടാതെ വയ്യ. അതിലവൻ പരിപൂർണമായി വിജയിക്കണമെന്നില്ല. പക്ഷേ, ആ ആ അവബോ ധം, ഓരോ തവണയും തന്റെ ഭാഷയെ മാലിന്യങ്ങൾ നീക്കി ശുദ്ധീകരിച്ച്, ഇന്ന് തനി ക്കുചുറ്റുമുള്ള എഴുത്തുകളിൽനിന്നും പാരമ്പര്യത്തിൽനിന്നും വ്യത്യസ്ത മാക്കിത്തീർക്കണമെന്ന നിശ്ചയം, അതാണ് എഴുത്തുകാരനെ പുരോഗമിപ്പിക്കു ന്നത്.'[2]

ആഖ്യാനരീതികളിലെ വ്യത്യസ്തതകൊണ്ട് സാഹിത്യരംഗത്ത് തനത് വ്യക്തിത്വം നിലനിർത്തിപോരുന്ന എഴുത്തുകാരനാണ് സക്കറിയ. അദ്ദേഹത്തിന്റെ ആഖ്യാനരീ തികളുടെ സവിശേഷതകളെക്കുറിച്ചാണ് ഇതുവരെ പറഞ്ഞത്. സക്കറിയയുടെ കൃതി

1. സക്കറിയ: *അയ്യപ്പത്തിന്തകത്തോം*, 2003, പുറം 16.
2. സക്കറിയ: പാരമ്പര്യത്തിന്റെ പുനഃസൃഷ്ടി, *മാതൃഭൂമി ആഴ്ചപ്പതിപ്പ്*, 2000 ഡിസംബർ 24 പുസ്തകം 78, ലക്കം 44, പുറം 54.

കളെ വ്യത്യസ്തമാക്കുന്നതിൽ ബൈബിളും ഒരു പ്രധാന പങ്കുവഹിച്ചിട്ടുണ്ട്. ആഖ്യാനരീതികളിൽ ബൈബിൾ എങ്ങനെ പ്രയോജനപ്പെടുത്തിയെന്നാണ് ഇനി അന്വേഷിക്കുന്നത്.

**4.2. പ്രതീകാത്മകശൈലി**

മറ്റു സാഹിത്യകൃതികളിൽ നിന്നും വ്യത്യസ്തത പുലർത്തുന്ന സാഹിത്യശൈലിയാണ് ബൈബിളിലുള്ളത്. ബൈബിൾ സാഹിത്യശൈലിയുടെ ഒരു പ്രത്യേകതയാണ് അതിലെ പ്രതീകങ്ങളും, പ്രതിരൂപങ്ങളും. പ്രതിരൂപാത്മക വ്യാഖ്യാനമാണ് ബൈബിളിനു സ്വീകാര്യമായിട്ടുള്ളത്. വസ്തുതകളെ വിശദമാക്കുന്നതിനുവേണ്ടിയാണ് ബൈബിൾ ഗ്രന്ഥകാരന്മാർ ഈ രീതി ഉപയോഗിച്ചിരിക്കുന്നത്.[1] ഈ ലോകത്തോട് നിരവധി കാര്യങ്ങൾ പറയാൻ സക്കറിയയും പ്രതീകാത്മക ശൈലി സ്വീകരിച്ചിട്ടുണ്ട്.

ജീവിതയാത്രയിൽ എങ്ങുമെത്താതെ പോകുന്ന മനുഷ്യനെ ഒരു തവളയിലൂടെ പ്രതീകാത്മകമായി ചിത്രീകരിക്കുകയാണ് 'ഒരിടത്ത്'[2] എന്ന കഥയിൽ. താൻ ഉപേക്ഷിച്ചുപോന്ന കുളത്തിനും, തന്നെ സ്വീകരിക്കാത്ത ബലിദൈവങ്ങൾക്കും ഇടയിൽ നിസ്സഹായനാകുന്ന തവളയുടെ മാനസികാവസ്ഥ ഈ കഥയിലുണ്ട്. താൻ ആയിരുന്ന അവസ്ഥയിൽനിന്നും പോരേണ്ടിവരികയും അതേസമയം താൻ എത്തിച്ചേരേണ്ട, തന്നെ സ്വീകരിക്കേണ്ട സാഹചര്യം സ്വീകരിക്കാതിരിക്കുകയും ചെയ്യുമ്പോൾ ബലിദൈവത്തെ തേടി പുറപ്പെട്ട തവള മനുഷ്യനെ പ്രതീകവത്ക്കരിക്കുന്നു. വംശത്തിന്റെ നിലനില്പിനെക്കുറിച്ചുള്ള ആശങ്ക നറുക്കെടുപ്പിന്റെ നിഷ്ഫലത, വംശമെടുത്തതീർപ്പിന്റെ ഫലരാഹിത്യം തങ്ങൾ പൂച്ചകളുടെ ഇരകളല്ല, കളിപ്പാട്ടങ്ങളാണ് എന്ന തിരിച്ചറിവ്, നിരർത്ഥകമായ ബലി, ബലിക്കു നേരിട്ട താമസം ബലിത്തവളയിലുണ്ടാ

1. യോഹന്നാൻ: *ബൈബിൾ പുതിയനിയമം*, യേശു ലോകത്തിന്റെ പ്രകാശം, (8,12-20) 1995,പുറം109.
2. സക്കറിയ:*ഒരിടത്ത്*, 1978, പുറം 98.

യക്കിയ ക്രൂരമായ പീഡനം, ഇരുട്ടിൽ മറ്റാരുടെയും കണ്ണുകൾ കാണാതെ കരയാനും, ചിരിക്കാനും, ഭയന്നുവിറയ്ക്കാനുമുള്ള സ്വാതന്ത്ര്യം നേടൽ. മരണത്തിന്റെ അന്ത്യനിമിഷങ്ങളെങ്കിലും സ്വകാര്യമായിരിക്കാനുള്ള ആഗ്രഹം, തന്റെ മരണമെങ്കിലും തന്റേതാവണം എന്നചിന്ത. ഈ കഥാഭാഗങ്ങളെല്ലാം ബഹുമുഖമായ ചിന്തകൾക്ക് ഇടം നല്കുന്ന ഗൂഢപ്രതീകങ്ങളാണ്. മനുഷ്യന്റെ അസ്തിത്വദുഃഖം അനുഭവതീഷ്ണതയോടെ പ്രതീകാത്മകമായി കഥയിൽ അവതരിപ്പിച്ചിരിക്കുന്നു.

താൻ ജീവിച്ചിരുന്ന അരുവിയിൽനിന്നും താൻ കാണാത്ത പലതും കാണാനും, കേൾക്കാത്ത പലതും കേൾക്കാനും പുതിയ അനുഭവങ്ങൾ നേടാനുമുള്ള മനക്കോട്ടയുമായി പുറപ്പെടുകയാണ് 'പ്രപഞ്ചത്തിന്റെ അവശിഷ്ടങ്ങളി'[1]ലെ തവള. യാത്രയിൽ സർവ്വതും കണ്ടും കേട്ടും അനുഭവിച്ചും കഴിഞ്ഞ് വിശ്രമിക്കുന്ന തവള മഴവില്ലിന്റെ പൂർണ്ണരൂപം സ്വപ്നത്തിൽ ദർശിക്കുന്നു. മലകളിൽ തങ്ങി മറഞ്ഞിരുന്ന മഴവില്ലിന്റെ അഗ്രങ്ങൾ വളഞ്ഞുതാണ് പാതാളത്തിന്റെ ഇരുട്ടിലൂടെ ഒരു ചീറുന്ന ജ്വാലപോലെ സഞ്ചരിച്ച് തമ്മിൽ യോജിച്ച് ഒരു വൃത്തം പൂർത്തിയാക്കിയിരിക്കുന്നതായി കണ്ട തവള, മഴവില്ലുകളുടെ അർത്ഥം അറിഞ്ഞ് തന്റെ ദർശനം പൂർണ്ണമായിരുന്നുവെന്ന് മനസ്സിലാക്കുന്നു. മടക്കയാത്രയെ യാത്രയുടെ തുടർച്ചയായി വീക്ഷിക്കുന്നു. ഇരുട്ടിലൂടെ പൊട്ടക്കിണറ്റിലേക്ക് വീണതവള രക്ഷപ്പെടാൻ നടത്തിയ ശ്രമങ്ങൾ വിഫലമായപ്പോൾ, 'ഇതാണ് ലോകം, ഇതാണെന്റെ ലോകം. ഇതുമാത്രം വേറെ ലോകമില്ല' എന്ന് തിരിച്ചറിയുന്നു.

ജീവിതത്തിന്റെ നല്ല നാളുകളിൽ പലതും നേടാമെന്ന് വ്യാമോഹിച്ച് ഇറങ്ങിത്തിരിക്കുന്ന മനുഷ്യനും ഒടുവിൽ താൻ എത്തിപ്പെടുന്ന ലോകവുമായി പൊരുത്തപ്പെടുന്നു. കൈവരിക്കാനാവുന്ന നേട്ടങ്ങൾക്ക് ഒരു പരിധിയുണ്ട്. അവിടെയെത്തി

1. സക്കറിയ: *ഒരിടത്ത്,* 1978, പുറം 105.

നില്ക്കുമ്പോൾ തിരിച്ചുവരവിനാണ് തവളയെപ്പോലെ മനുഷ്യനും കൊതിക്കുക. ക്രൈസ്തവ സങ്കല്പമനുസരിച്ച് ക്രിസ്ത്യാനിയും സ്വർലോകജീവിതം സ്വപ്നം കണ്ട് ഇഹലോകത്തിൽ ജീവിക്കുന്ന ഉഭയജീവിയാണ്. ഇഹലോക ജീവിതം സുഖകരമാക്കാനെന്നപോലെ സ്വർലോക ജീവിതം പൂർണ്ണമാക്കാനും മനുഷ്യൻ പ്രയത്നിക്കുന്നു. 'പ്രപഞ്ചത്തിന്റെ അവശിഷ്ടങ്ങ'ളെന്ന ഈ കഥ പ്രതിരൂപാത്മകതകൊണ്ട് മിത്തിന്റെ സ്വഭാവം ഉൾക്കൊള്ളുന്നതായി നിരീക്ഷിക്കപ്പെടുന്നു.[1]

'കണ്ണട, വാൽ' എന്ന കഥയിൽ രണ്ടുകഥ ഉൾപ്പെടുന്നുണ്ട്. ഏതു കാര്യത്തെക്കുറിച്ചും നമ്മൾ വായിക്കുമ്പോൾ ലഭിക്കുന്ന അറിവും, ആ കാര്യം നേരിട്ട് അനുഭവിക്കുമ്പോൾ ലഭിക്കുന്ന അറിവും രണ്ടും തമ്മിൽ അന്തരമുണ്ടെന്ന് പ്രതീകാത്മകമായി പറയുകയാണ് ആദ്യകഥയിൽ ചെയ്തിരിക്കുന്നത്. ഒരു സമൂഹത്തെക്കുറിച്ച് പൂർണ്ണമായി മനസ്സിലാക്കണമെങ്കിൽ നമ്മൾ ആ സമൂഹത്തിലെ അംഗമാകണം എന്നത് വായനയിലൂടെ ലഭിക്കുന്ന അറിവാണ്. എന്നാൽ ആ സമൂഹത്തിലെ അംഗമായി കഴിയുമ്പോൾ ആ മാറ്റം പൂർണ്ണമാവില്ലെന്നു മനസ്സിലാക്കുന്നു. മനുഷ്യന്റെ കൈയിലെ ചീട്ടുകൾ ചീട്ടുകളുടെ ഇഷ്ടത്തിനനുസരിച്ചല്ല് ചലിക്കുന്നത്. അവയെ കൈകാര്യം ചെയ്യുന്ന കൈകളുടെ ഉടമയാണ് അവയെ നിയന്ത്രിക്കുന്നത്. എഴുത്തുകാരൻ കഥാപാത്രത്തെ സൃഷ്ടിക്കുമ്പോൾ ആ കഥാപാത്രമായി മാറിയെങ്കിലേ കഥ വിജയിക്കൂ എന്നാണ് പറയുന്നത്. എന്നാൽ സാഹിത്യസൃഷ്ടിയുമായുള്ള തന്മയീഭാവവും അപൂർണ്ണമാണ് എന്ന് അനുഭവത്തിലൂടെ തിരിച്ചറിയുന്നു. എഴുത്തുകാരന്റെ കൈയിലെ അക്ഷരങ്ങളുടെ പ്രതീകമാണ് ചീട്ടുകൾ. അക്ഷരങ്ങൾക്ക് സ്ഥാനക്രമങ്ങൾ നല്കുന്നത് എഴുത്തുകാരനാണ്. എഴുത്തുകാരന്റെ പ്രതിനിധിയാണ് ഇസ്പേഡ് ഗുലാൻ. രണ്ടാമത്തെ കഥയും സാഹിത്യകാരനും സാഹിത്യലോകവുമായി ബന്ധപ്പെട്ടുതന്നെയാണ് വരുന്നത്. ഈ

1. ഡോ. മാത്യു ഇലഞ്ഞി: സക്കറിയ – ചില ചിന്തകളുടെ അവശിഷ്ടങ്ങൾ, *സാംസ്കാരികവികാരം സാഹിത്യ മാസിക*, ഏപ്രിൽ 2003, പുസ്തകം1, ലക്കം 8, പുറം 161.

കഥയിലെ മുയൽ പ്രതികരണശേഷിയുള്ള എഴുത്തുകാരന്റെ പ്രതീകമാണ്. സാഹിത്യരംഗത്തുള്ളവർ അനുഭവിക്കേണ്ടിവരുന്ന നിഷ്ക്രിയത്വവും നിസ്സഹായമായ അടിമത്വവും ഈ കഥയിൽ പ്രതീകവല്ക്കരിക്കുന്നുണ്ട്. അറിവിന്റെയും അനുഭൂതിയുടെയും സാക്ഷാത്കാരം അവസാനം നിഷ്ക്രിയത്വവും നിരുപാധികമായ വിധേയത്വവും അസ്വാതന്ത്ര്യവുമായി മാറുന്നു[1] എന്ന സമകാലികമായ നിരീക്ഷണം വി.സി.ശ്രീജൻ ഈ കഥയെക്കുറിച്ച് നടത്തിയിട്ടുണ്ട്.

'ഒരിക്കൽ ജനക്കൂട്ടത്തെകണ്ടിട്ട് അവരുടെമേൽ അനുകമ്പ തോന്നി യേശു പറയുന്നു. വിളവധികം; വേലക്കാരോ ചുരുക്കം.അതിനാൻ തന്റെ വിള ഭൂമിയിലേക്ക് വേലക്കാരെ അയക്കാൻ വിളവിന്റെ നാഥനോടു പ്രാർത്ഥിക്കുവിൻ'[2] എന്ന്.

പറയുവാനുള്ള കാര്യങ്ങൾ പ്രതീകാത്മകമായി പറയുന്ന ബൈബിളിലെ ഈ രചനാരീതിയാണ് സക്കറിയയും സ്വീകരിച്ചിരിക്കുന്നത്.

'ഒരു ക്രൂര നസ്രാണിയുടെ കഥ'[3]യിൽ ക്രൈസ്തവരായ എഴുത്തുകാർ സ്വീകരിച്ചുപോരുന്ന നിലപാടുകളെ പ്രതീകാത്മകമായിട്ടവതരിപ്പിച്ചിരിക്കുന്നു.എന്തുകൊണ്ടാണ് സാഹിത്യരംഗത്ത് നസ്രാണികളായ എഴുത്തുകാരുടെ എണ്ണം കുറയുന്നതെന്നും, എഴുതുന്നവർതന്നെ കഥയുമായി ബന്ധപ്പെട്ട കഥാപാത്രങ്ങളെ തിരഞ്ഞെടുക്കുമ്പോൾ സ്വീകരിക്കുന്ന നിലപാടുകൾ എന്ത്? പ്രസിദ്ധീകരണത്തിനായി തിരഞ്ഞെയടുക്കുന്ന മാധ്യമമെന്ത്? സാഹിത്യ പ്രവർത്തനങ്ങളെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ എന്താണ്? തുടങ്ങിയ കാര്യങ്ങൾ അവതരിപ്പിച്ചിരിക്കുന്നു. ആഖ്യാനരീതിയിലെ പ്രതീകാത്മകസ്വഭാവം കൊണ്ടാണ് ഈ കഥയും ബൈബിളിലെ ആഖ്യാനരീതിയും തമ്മിൽ ബന്ധപ്പെട്ടിരിക്കുന്നത്.

---

1.വി.സി.ശ്രീജൻ: നിഗൂഢമായ ഒരു ലോകം, *സാംസ്കാരികവികാരം സാഹിത്യമാസിക,* ഏപ്രിൽ 2003, പുസ്തകം1, പുറം 8.

2. മത്തായി, *ബൈബിൾ പുതിയനിയമം* (വിളവിന്റെ നാഥനോട് പ്രാർത്ഥിക്കുവിൻ) 9,35-38, പുറം 9.

3. സക്കറിയ: *ഒരിടത്ത്*, 1978, പുറം 69.

'മാംസനിബദ്ധമായ രാഗം'[1] എന്ന കഥയിലൂടെ അവസരം കിട്ടിയാൽ ആക്രമിക്കാൻ തക്കംപാർത്തു നിൽക്കുന്ന മാംസപ്രിയമായ സ്നേഹം ഉള്ളിൽ സൂക്ഷിക്കുന്നവരെക്കുറിച്ചു പറയുന്നു. ദുഷ്ടലക്ഷ്യത്തോടെ വിധേയർക്കെതിരെ കുറ്റാരോപണം നടത്തുന്നവരും, അന്വേഷണ കമ്മീഷനുകളെ നിയമിക്കുന്നതിലെ വീഴ്ചകളും, ബാലിശത ഇവയൊക്കെ മുത്തുകൃഷ്ണൻ എന്ന ആട്ടിൻകുട്ടിയുടെയും, തോട്ടുവാവക്കൻ എന്ന ചെന്നായയുടെയും കഥയിലൂടെ പറയുന്നു. പ്രതീകാത്മകരീതിയിലൂടെ സമൂഹത്തെ ബോധ്യപ്പെടുത്തേണ്ട പല കാര്യങ്ങളും ബൈബിൾ പറയുന്നുണ്ട്. കാര്യങ്ങൾ വസ്തുനിഷ്ഠമായി പറഞ്ഞാൽ സ്വീകരിക്കാൻ മടികാണിക്കുന്നവർക്കായി ബൈബിളിനെ അനുകരിച്ച് പ്രതീകാത്മക ശൈലിയിൽ കഥ പറഞ്ഞിരിക്കുന്നു.

'വഞ്ചി'[2] എന്ന കഥയിൽ നമുക്കുചുറ്റും കാണുന്ന നഗ്ന സത്യങ്ങളുടെ കഥ പറഞ്ഞിരിക്കുന്നന്നു. ജീവിതത്തിലെ സ്വപ്നങ്ങളും യാഥാർത്ഥ്യങ്ങളും വ്യത്യസ്തമാണ്. കാലം എത്ര പുരോഗമിച്ചിട്ടും പുരുഷൻ ഇന്നും മേധാവിത്വമനോഭാവത്തോടെ സ്ത്രീയെ ഉപഭോഗവസ്തുവായിതന്നെ കരുതുന്നു. അവസാനയാത്രയിലും പുരുഷന്മാരെ വിശ്വസിക്കുന്ന സ്ത്രീകൾ. ഒഴുകുന്ന വഞ്ചിയിൽ യാത്ര ചെയ്യുന്ന സ്ത്രീ പുരുഷന്മാരെകണ്ട് സന്തോഷിക്കുന്ന ഭൂതത്തെപോലും ലജ്ജിപ്പിക്കുന്ന പ്രവൃത്തിയാണ് പുരുഷൻ ചെയ്യുന്നത്. കുറ്റക്കാരനായ പുരുഷനാകട്ടെ വീണ്ടും സുഖമായി ജീവിതം തുടരുന്നു. ലോകം മറച്ചുവെക്കാൻ താത്പര്യം കാണിക്കുന്ന ഇത്തരം കാര്യങ്ങൾ ലോകത്തിനു മുന്നിലേയ്ക്ക് വെളിപ്പെടുത്തുന്നു. കഥ പറച്ചിലിൽ സ്വീകരിക്കുന്ന പ്രതീകാത്മകതയാണീ കഥയെയും ബൈബിളുമായി ബന്ധിപ്പിക്കുന്നത്.

'ആരെ'[3] എന്ന കഥയിലൂടെ സമൂഹത്തിന്റെ യഥാർത്ഥ ചിത്രം എന്തെന്ന് പറയുന്നു. ഒരാളെ കുറ്റവാളിയാക്കാനും, നിഷ്കളങ്കനായി ചിത്രീകരിക്കാനും സമൂഹത്തിനു

1. സക്കറിയ: *ഒരിടത്ത്*, 1978, പുറം 66.
2. ടി.പു. പുറം 96.
3. ടി.പു. പുറം 121.

കഴിയും. താൻ കുറ്റംചെയ്തു എന്നതിനേക്കാൾ സമൂഹം തന്നെപ്പറ്റി എന്തുചിന്തിക്കുന്നുവെന്നതാണ് കുറ്റക്കാരനെ വിഷമിപ്പിക്കുക. സമൂഹത്തിന്റെ ഇത്തരം മാറുന്ന മുഖം ബൈബിളിലും പറയുന്നുണ്ട്. സമൂഹം എല്ലാകാലത്തും ഒന്നുപോലെയാണ്. യേശുവിന് 'ഓശാന' പാടിയ ജനക്കൂട്ടംതന്നെയാണ് അവനെ 'ക്രൂശിക്ക' എന്ന് വിളിച്ചുപറഞ്ഞതും. "അടുത്ത ദിവസം, തിരുനാളിനു വന്നുകൂടിയ ഒരു വലിയ ജനക്കൂട്ടം യേശു ജറുസലേമിലേക്കുവരുന്നെന്ന് കേട്ട്, ഈന്തപ്പനയുടെ കൈകൾ എടുത്തുകൊണ്ട് അവനെ എതിരേല്ക്കാൻ പുറപ്പെട്ടു. അവർ വിളിച്ചു പറഞ്ഞു: ഹോസാന! കർത്താവിന്റെ നാമത്തിൽ വരുന്നവനും ഇസ്രായേലിന്റെ രാജാവുമായവൻ വാഴ്ത്തപ്പെട്ടവൻ"[1]

'അന്നു പെസഹായുടെ ഒരുക്കത്തിനുള്ള ദിവസമായിരുന്നു. അപ്പോൾ ഏകദേശം ആറാംമണിക്കൂറുമായിരുന്നു. അവൻ യഹൂദരോടു പറഞ്ഞു: ഇതാ നിങ്ങളുടെ രാജാവ്! അവർ വിളിച്ചുപറഞ്ഞു കൊണ്ടു പോകൂ, അവനെ കൊണ്ടുപോയി കിരിശിൽ തറയ്ക്കൂ'[2]

'വെള്ളവടി'[3] എന്ന കഥയിലൂടെ സക്കറിയ രാഷ്ട്രീയ താൽപര്യങ്ങൾക്കുവേണ്ടി ബലികഴിക്കപ്പെടേണ്ടി വരുന്ന തലമുറയുടെ കഥയാണ് പറയുന്നത്. വെളുപ്പ് വർണ്ണങ്ങളുടെ അഭാവമാണ്. അഭാവത്തിന്റെ ചിഹ്നമാണ് വെളുപ്പ്. രാഷ്ട്ര സംരക്ഷണത്തിനുവേണ്ടി പിതാക്കന്മാർ ഇറങ്ങി തിരിക്കുമ്പോൾ അവരുടെ അഭാവം കുടുംബത്തിന്റെ നിലനിൽപ്പിനെതന്നെ തകരാറിലാക്കുന്നു. കുട്ടിക്കാലത്ത് പിതാവിന്റെ അഭാവം വരുത്തിവെക്കുന്ന മാനസിക മുറിവുകൾ യുവാവായി തീരുമ്പോഴും ജീവിതപരാജയത്തിനു കാരണമാകും. പിതാവിന്റെ അഭാവം പരിഹരിക്കേണ്ട അമ്മയിൽനിന്നും ലഭിക്കേണ്ട വാത്സല്യംപോലും യഥാവിധി കിട്ടാതെ അകന്നുമാറേണ്ടിവരുന്ന മക്കൾ വാല്യക്കാ

1. യോഹന്നാൻ, *ബൈബിൾ പുതിയ നിയമം*, രാജകീയ പ്രവേശം, 12,12–19, പുറം 115.
2. യോഹന്നാൻ: *ബൈബിൾ പുതിയ നിയമം*, മരണത്തിനു വിധിക്കപ്പെടുന്നു, 19,1–16, പുറം 123.
3. സക്കറിയ: *ഒരിടത്ത്*, 1978, പുറം 174.

രാൽ ചൂഷണം ചെയ്യപ്പെടുന്നു. ഇത്തരം ചുറ്റുപാടുകൾ രൂപപ്പെടുത്തിയെടുക്കുന്ന വ്യക്തിത്വങ്ങളാണ് സമൂഹത്തിൽ ആത്മഹത്യകൊണ്ട് തൃപ്തിയടയുന്നത്. എല്ലാത്തരം അധികാരത്തിന്റെയും ഇരകളായിത്തീരുന്ന യുവാക്കൾ തങ്ങളുടെ മനസ്സിലുള്ള പിതൃ നഷ്ടത്തിന്റെയും സ്നേഹരാഹിത്യത്തിന്റെയും, ഷണ്ഡത്വത്തിന്റെയും, അധികാരരതി യുടെയും വെള്ളവടികൊണ്ട് സർവ്വതിനെയും തല്ലി തകർത്ത് മുന്നേറാൻ കൊതിക്കു ന്നു. വിപ്ലവവ്യവസ്ഥിതിയെ മുതലാളിത്തത്തിൽനിന്ന് രക്ഷിക്കാനുള്ള യുദ്ധങ്ങളുമായി അനേകായിരം നാഴിക അകലെയായിരുന്നു ഹാനോവിച്ചിന്റെ അപ്പൻ. 'വെള്ളവടി എന്ന കഥാനാമം അഭാവത്തിന്റെയും, അധികാരത്തിന്റെയും സൂചിതങ്ങളോടുകൂടിയ ഒരു സംയുക്തപ്രതീകമാണ്'[1] ഹാനോവിച്ചിനെ ഉപദ്രവിക്കുന്ന വേലക്കാരി ചൂഷണങ്ങളുടെ ബിംബമാണ്. ഹാനോവിച്ചിനെ അനുകരിക്കുന്ന നായ്ക്കുട്ടി രാഷ്ട്രീയാനുയായികളായ ആൾകൂട്ടത്തെ പ്രതിനിധീകരിക്കുന്നു.

അധികാരത്തിന്റെയും, ആധിപത്യത്തിന്റെയും ഒക്കെ പ്രതീകമായിരുന്ന വടിയെ ക്കുറിച്ച് ബൈബിൾ പഴയനിയമത്തിൽ പറയന്നുണ്ട്. 'മോശ' തന്റെ കൈവശമുണ്ടാ യിരുന്ന വടി മാന്ത്രികതയുടെ അധികാരദണ്ഡായിട്ടാണ് ഉപയോഗിക്കുന്നത്. 'കർത്താവ് അവനോടു ചോദിച്ചു: നിന്റെ കയ്യിലിരിക്കുന്നത് എന്താണ്? അവൻ പറഞ്ഞു: ഒരുവടി. അവിടുന്നു കല്പിച്ചു അതു നിലത്തിടുക. അവൻ വടി നിലത്തിട്ടപ്പോൾ അത് സർപ്പമാ യിത്തീർന്നു.'[2]

മൃഗങ്ങളോളംപോലും വിശ്വസിക്കാൻകൊള്ളാത്ത മനുഷ്യമനസ്സുകളുടെ കഥ യാണ് 'സ്നേഹത്തിന്റെ നിഴൽ.'[3] ഈ കഥയിലെ ആൺകുട്ടി ആത്മാർത്ഥമായ സ്നേഹം ഉള്ളിൽ സൂക്ഷിക്കുമ്പോഴും അതു തുറന്നു പറയാൻ ധൈര്യമില്ലാത്തവ

1. എം.ആർ. അനിൽകുമാർ: നമ്മൾ ആത്മഹത്യകൊണ്ട് സംതൃപ്തരാകേണ്ടിവരുന്നു, *സാംസ്കാരികവികാരം സാഹിത്യമാസിക*, ഏപ്രിൽ 2003, പുസ്തകം1 പുറം8.
2. *ബൈബിൾ പഴയനിയമം*, മോശയെ ശക്തിപ്പെടുത്തുന്നു, പുറപ്പാട് 4,1-9, പുറം 52.
3. സക്കറിയ: *ഒരിടത്ത്*, 1978, പുറം 125.

രുടെ പ്രതിനിധിയാണ്. പെൺകുട്ടിതന്നെ ഇഷ്ടപ്പെടുന്നുണ്ടെന്ന് അയാൾ നിഷ്കളങ്കമായി ചിന്തിക്കുന്നു. തങ്ങളുടെ നേരമ്പോക്കിനുള്ള ഇരയായി, കിറുക്കനായി ആൺകുട്ടിയെ സ്വീകരിച്ച പെൺകുട്ടി കപട സ്നേഹത്തിന്റെ പ്രതിനിധിയാണ്. ഇവർക്കിടയിലെ മൂകസാക്ഷിയായ പശു ആൺകുട്ടിയുടെ മനസ്സിൽ അവഗണിക്കപ്പെട്ട സ്നേഹം വരുത്തിവെച്ച മുറിവിനും, കണ്ണീരിനും സാന്ത്വനമായി നിൽക്കുന്നു. സ്നേഹത്തിന്റെ വ്യത്യസ്ത മുഖങ്ങളാണ് ഇന്നത്തെ ലോകത്തിലുള്ളതെന്ന് പ്രതീകാത്മകമായി പറയുകയാണീ കഥയിൽ.

'ഓമന'[1] എന്ന കഥയിൽ പരിഷ്കാരത്തെ അനുകരിച്ച് ശിഥിലമാക്കിക്കളയുന്ന കുടുംബ സങ്കല്പത്തെക്കുറിച്ച് പ്രതീകാത്മകമായി പറയുന്നു. വീടിനു പുറത്തു നിർത്തേണ്ട മൃഗങ്ങളെ അകത്തേക്കു കടത്തുമ്പോൾ വീട്ടിനുള്ളിൽ ഉണ്ടായിരിക്കേണ്ട പലതും നഷ്ടമാവുന്നു.പരിഷ്കൃത വനിതയുടെ മതൃകയായ ഭാര്യയുടെയും, അവരോടൊപ്പം കഴിയേണ്ടിവരുന്ന ഭർത്താവിന്റെയും പ്രതിനിധികളാണ് കഥയിലുള്ളത്. കഥാപാത്രങ്ങളുടെ വികാരങ്ങളെ തീക്ഷണമായി അവതരിപ്പിച്ചുകൊണ്ട് വായനക്കാരെ ചിന്തിപ്പിക്കാൻ ഉതകുന്ന രചനാരീതി ഇവിടെ സ്വീകരിച്ചിട്ടുണ്ട്.

'ആരോ വാതിൽക്കൽ'[2] എന്ന കഥയിൽ സ്വയംതിരിച്ചറിയാനാവാതെ നഷ്ടപ്പെട്ടുപോകുന്ന ആധുനിക മനുഷ്യന്റെ പ്രതിനിധിയെ അവതരിപ്പിക്കുന്നു. ആധുനിക മനുഷ്യൻ സ്വപ്നലോകത്ത് ജീവിക്കുന്നതുകൊണ്ട് യാഥാർത്ഥ്യങ്ങളുടെ ലോകം അന്യമായി തീരുന്നു. ആധുനിക യുഗത്തിൽ ജീവിക്കാൻ വിധിക്കപ്പെട്ട മനുഷ്യൻ അറിവുകളും നേട്ടങ്ങളും കൈവരിക്കുമ്പോഴും തന്നെക്കുറിച്ച് ചിന്തിക്കാനും, തിനുക്കുവേണ്ടി ചിവഴിക്കാനും സമയം ലഭിക്കാതെ നിസ്സഹായനായിത്തീരുന്ന ചിത്രം, താൻ

1. സക്കറിയ: *ഒരിടത്ത്,* 1978, പുറം 148.
2. ടി. പു. പുറം 123.

ആരെന്നുതന്നെ മറന്നു കഴിയുന്ന അവസ്ഥ ചിത്രീകരിക്കാൻ ഈ പ്രതീകാത്മക രചനാരീതിയിലൂടെ സാധിച്ചിരിക്കുന്നു.

വ്യത്യസ്തങ്ങളായ ആശയങ്ങൾ അവതരിപ്പിച്ചിരിക്കുന്ന ഈ കഥകളിലൊക്കെയും പ്രതീകാത്മക രചനാരീതിയാണ് പ്രയോജനപ്പെടുത്തിയിരിക്കുന്നത്. നമുക്ക് ചുറ്റും നടക്കുന്ന നിസ്സാര സംഭവങ്ങളെ സക്കറിയ ഗൗരവത്തോടെ കണ്ട് കഥയാക്കി മാറ്റുന്നു. പ്രതീകവൽക്കരിക്കപ്പെട്ട സംഭവങ്ങളും കഥാപാത്രങ്ങളും ലോകത്തോട് നിരവധി കാര്യങ്ങൾ പറഞ്ഞുതരുന്നു. സൂക്ഷ്മദൃഷ്ടിയിലൂടെയും അനുഭവത്തിലൂടെയും താൻ മനസ്സിലാക്കിയ കാര്യങ്ങൾ അന്യർക്കുകൂടി ഉപകരിക്കാനുള്ള വഴികണ്ടെത്തിയിരിക്കയാണ് ഇത്തരം കഥകളിൽ. കാര്യങ്ങൾ കേൾക്കാനിഷ്ടപ്പെടാത്തവരും കഥ കേൾക്കാൻ ഇഷ്ടപ്പെടുന്നുവെന്നറിഞ്ഞിരുന്ന ക്രിസ്തുവിന്റെ പ്രബോധനരീതിയാണ് ഈ കഥകളിലും കാണുന്നത്. വിത്തിന്റെയും, കടുകുമണിയുടെയും കഥപറഞ്ഞുകൊണ്ട് സ്വർഗ്ഗരാജ്യത്തെക്കുറിച്ച് ലോകത്തെ ബോധ്യപ്പെടുത്തുകയാണ് ക്രിസ്തു ചെയ്തത്. ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്ന ഇത്തരം കഥകൾ ഇന്നും നിരവധി വ്യാഖ്യാനങ്ങൾക്കും പഠനങ്ങൾക്കും അവസരമൊരുക്കുന്നു. സക്കറിയയുടെ കഥകളിലെ പ്രതീകവത്ക്കരണവും നിരവധി ചിന്തകൾക്ക് വഴിതുറക്കുന്നു.

**4.3. അന്യാപദേശരൂപേണയുള്ള കഥകൾ**

യേശുവിനെ അനുഗമിച്ചിരുന്ന ജനങ്ങൾക്ക് പലകാര്യങ്ങളും യേശു പറഞ്ഞുകൊടുത്തിരുന്നു. സാധാരണക്കാർക്ക് കൂടുതൽ എളുപ്പത്തിൽ കാര്യങ്ങൾ മനസ്സിലാക്കാൻ ഉപമകളിലൂടെയാണ് യേശു സംസാരിച്ചിരുന്നത്.[1] സക്കറിയും തന്റെ വീക്ഷണങ്ങൾ അവതരിപ്പിക്കുന്നതിന് ഈ രീതി അവലംബിക്കുന്നുണ്ട്. മനുഷ്യനെ നന്മയിലേക്കു നയിക്കാൻ പര്യാപ്തമാണ് അന്യാപദേശരൂപേണയുള്ള ബൈബിൾ

1. മാർക്കോസ്: *ബൈബിൾ പുതിയനിയമം*, മുന്തിരിത്തോട്ടത്തിലെ കൃഷിക്കാരുടെ ഉപമ,12,1-11. പുറം 52.

കഥകൾ. വായനക്കാരന് തിരിച്ചറിവിനുള്ള പരോക്ഷമായ ഉപദേശമാണ് സക്കറിയ യുടെ പല കഥകളും.

പൊതുമുതൽ സംരക്ഷിക്കുന്നതിൽ അനാസ്ഥ എല്ലാകാലത്തുമുണ്ട്. ഇതിന്റെ ഭവിഷ്യത്തുകളെക്കുറിച്ച് ഓർമ്മപ്പെടുത്തുകയാണ് 'യേശുപുരം പബ്ലിക് ലൈബ്രറി യെപ്പറ്റി ഒരു പരാതി'[1] യിൽ പൊതുവായനശാലകൾ എല്ലാവർക്കും പ്രയോജനപ്പെടുന്ന സ്ഥാപനമാണ്. എന്നാൽ പുസ്തകങ്ങൾ അടുക്കിചിട്ടയായി സൂക്ഷിക്കാത്ത വായന ശാലയിൽനിന്ന് വായനക്കാർക്ക് അവർ ഉദ്ദേശിക്കുന്ന പുസ്തകം തിരഞ്ഞെടുക്കാൻ സാധിക്കില്ല. വായനക്കായി ലഭിക്കുന്ന അല്പസമയം പുസ്തകം തിരഞ്ഞുതന്നെ നഷ്ട മാവുന്നു. വായനകഴിഞ്ഞ് തിരികെയെത്തുന്ന പുസ്തകങ്ങൾ ഇങ്ങനെ നഷ്ടമാകു മ്പോൾ പുതിയ പുസ്തകങ്ങൾ പൊതികൾപോലും അഴിക്കാതെ കെട്ടിക്കിടക്കുന്നു. ലൈബ്രറിയുടെ റഫറൻസ് വിഭാഗം പലരും നിഘണ്ടുക്കൾകൊണ്ട് നിറക്കുകയാണ് ചെയ്യുന്നത്. അത്യാവശ്യമായ വെളിച്ചംപോലും ഇല്ലാതെ ഇരുട്ടുമുറികൾഉള്ള ലൈബ്ര റികളും ഉണ്ട്. വായനശാലയിലോ, മറ്റു പൊതുസ്ഥാപനങ്ങളിലോ ജോലിചെയ്യുന്ന വർക്ക് തങ്ങളുടെ ജോലിയോട് ആത്മാർത്ഥതയില്ലാതെ പോകുമ്പോൾ ആ സ്ഥാപന ങ്ങളുടെ നിലനില്പുതന്നെ അപകടത്തിലാവുന്നു. ജോലിയിൽ പാലിക്കേണ്ട ആത്മർത്ഥതയെക്കുറിച്ചും, പൊതുമുതൽ നഷ്ടപ്പെടുത്തുന്നതുകൊണ്ടുണ്ടാകുന്ന വിപ ത്തുകളെക്കുറിച്ചും ചിന്തിക്കാൻ പ്രേരണ നല്കത്തക്കവിധത്തിലാണ് ഈ കഥാ നിർമ്മിതി.

വേശ്യാവൃത്തിയുടെ ദൂഷ്യങ്ങളെക്കുറിച്ചുള്ള തുറന്നെഴുത്താണ് 'പിന്നെയും ഒരു സന്ധ്യ.'[2] സ്വയം അറിയാതെ പലരെയും സാഹചര്യങ്ങൾ വേശ്യാവൃത്തിയിലേക്ക്

1. സക്കറിയ: *ഒരിടത്ത്*, 1978. പുറം 200.
2. ടി.പു. പുറം 142.

കൊണ്ടെത്തിക്കുന്നു. താൻ എത്തിച്ചേർന്ന അവസ്ഥയിലേക്ക് പുതുതലമുറയെങ്കിലും എത്താതിരിക്കട്ടെ എന്നാഗ്രഹിക്കുന്ന ഇവരുടെ ഉപദേശമാകട്ടെ ഇളം തലമുറ അവഗ ണിക്കുന്നു. 'ബേലമ്മ'യുടെ ചിന്തകളിലൂടെ വേശ്യാവൃത്തിയുടെ നഗ്നസത്യങ്ങളാണ് അന്യാപദേശരൂപേണ അവതരിപ്പിക്കുന്നത്.

'മുള്ള്'[1] എന്ന കഥയിൽ വ്യക്തിബന്ധങ്ങൾക്കും സ്നേഹബന്ധങ്ങൾക്കും, ദാ മ്പത്യവിശ്വസ്തതയ്ക്കും ഒക്കെ നല്കിയിരുന്ന പഴയ സങ്കല്പങ്ങൾക്ക് സംഭവിച്ച തകർച്ചയെ അവതരിപ്പിച്ചിരിക്കുന്നു. പക്വതയുടെ മൂടുപടമണിഞ്ഞ് കൗമാരക്കാരെ പോലും ലജ്ജിപ്പിക്കുന്ന രീതിയിൽ ജീവിക്കുന്നവരെ ലോകത്തിനുമുന്നിൽ വിചാരണ ചെയ്യുകയാണീ കഥയിൽ. അവരവരുടെ മനഃസാക്ഷിക്കു മുമ്പിൽ പാലിക്കേണ്ട മാന്യ തയെക്കുറിച്ചാണ് ഇവിടെ ഉപദേശിക്കുന്നത്.

അവരവർ ഏറ്റെടുക്കുന്ന ജോലി കൃത്യതയോടെ ചെയ്യണം എന്ന ഉപദേശമാണ് 'പുലർച്ചയ്ക്ക് ഒരു മഹസ്സർ.'[2] രേഖകൾ കൃത്യമായി തയ്യാറാക്കിയതിനുശേഷം തന്റെ ജോലി തീർന്നു എന്നു കരുതുന്നവരുണ്ട്. സംഭവത്തിന്റെ യഥാർത്ഥസ്ഥിതി കണ്ടെ ത്താൻ ഈ മഹസ്സർ ഉപകരിക്കുന്നില്ല.

ഭ്രൂണഹത്യ ഒഴിവാക്കണം എന്ന് ലോകത്തെ ഉപദേശിക്കുകയാണ് 'മൂന്നു കുഞ്ഞു ങ്ങൾ'[3] എന്ന കഥയിൽ. യഥാർത്ഥത്തിൽ ഭ്രൂണഹത്യയിൽ എന്താണ് നടക്കുന്നതെ ന്നറിയാത്തവരെ അതിന്റെ ശാസ്ത്രീയവശങ്ങളെക്കുറിച്ച് മനസ്സിലാക്കിക്കുക എന്ന ഉദ്ദേശ്യവും ഈ കഥയിലുണ്ട്. ഭ്രൂണഹത്യയിൽനിന്നും പിന്മാറാൻ ഈ കഥ പ്രേരണ നൽകുന്നു.

---

1. സക്കറിയ: *ഒരിടത്ത്*, 1978, പുറം 128.
2. ടി.പു. പുറം 217.
3. സക്കറിയ: *സലാം അമേരിക്ക*, 1998, പുറം 62.

ഈ ലോകത്തെ ബാധിച്ചിരിക്കുന്ന വലിയ വിപത്തായ മദ്യപാനത്തിന്റെ ദൂഷ്യവശങ്ങളെക്കുറിച്ച് മനസ്സിലാക്കി അതിൽനിന്നും പിന്മാറാനുള്ള പ്രചോദനം നല്കുകയെന്ന ചിന്തയാണ് 'ഒറ്റക്കണ്ണന്മാർ'[1] എന്ന കഥയിലുള്ളത്. ബോധമില്ലാത്ത അവസ്ഥയിൽ മദ്യപൻ എത്രമാത്രം അവഹേളിക്കപ്പെടുന്നുവെന്ന് അവൻ അറിയുന്നില്ല. മദ്യപനെ ബോധവത്ക്കരിക്കുക എന്ന ചിന്തയാണ് ഈ കഥാരചനയ്ക്കു പിന്നിലുള്ളത്.

ഇന്നത്തെ ലോകത്തിന്റെ തിരക്കുപിടിച്ചുള്ള ജീവിതത്തിൽ മനുഷ്യൻ അമൂല്യമായി കരുതുന്ന പലതും നഷ്ടമാക്കുന്നു. ജീവിക്കാൻ ആരംഭിച്ച ചെറുപ്പക്കാരോടുള്ള മുന്നറിയിപ്പാണ് 'എന്നെക്കൂടി പ്രതീക്ഷിക്കില്ല'[2] എന്ന കഥ.ഉദ്ദേശശുദ്ധിയോടെയുള്ള അനുഭവതീവ്രതയുൾക്കൊണ്ട ജീവിതോപദേശരൂപേണയാണീ കഥ നിർമ്മിച്ചിരിക്കുന്നത്.

പണം സമ്പാദിക്കാനുള്ള വ്യഗ്രതയിൽ അമേരിക്കയിലേക്കും മറ്റും പോകുന്നവർ നഷ്ടപ്പെടുത്തുന്നതെന്തെല്ലാമെന്ന് ഓർമ്മിപ്പിക്കയാണ് 'സലാം അമേരിക്ക'[3] എന്ന കഥയിലൂടെ. അധികവും സ്ത്രീകളായിരിക്കും വിദ്യാഭ്യാസംനേടി തൊഴിൽ ചെയ്യുന്നത്. കുട്ടികളോ നോക്കി എല്ലാസുഖസൗകര്യങ്ങളും അനുഭവിച്ച് പുരുഷൻ ഫ്ളാറ്റിലിരിക്കുന്നു. തങ്ങൾക്ക് ലഭിക്കുന്ന അമിതസുഖസൗകര്യങ്ങൾ പുരുഷൻ പലപ്പോഴും ദുർവ്യയം ചെയ്യുന്നു. ജീവിതത്തിലെ ദാമ്പത്യ വിശ്വസ്തതയെ തന്നെ തകർത്തുകളയുന്നു. കുട്ടികൾ ആവട്ടെ അമേരിക്കൻ ഭാഷയും സംസ്കാരവും ശീലിക്കുന്നു. സമ്പാദ്യങ്ങൾനേടി കഴിയുമ്പോഴേയ്ക്കും നഷ്ടപ്പെട്ടുപോയേക്കാവുന്ന ജീവിതത്തെക്കുറിച്ച് ആത്മാർത്ഥതയോടെ ഉപദേശിക്കുകയാണീ കഥയിലും.

1. സക്കറിയ: *സലാം അമേരിക്ക*, 1998, പുറം 36.
2. സക്കറിയ: *ഒരിടത്ത്*, 1978,പുറം 132.
3. സക്കറിയ: *സലാം അമേരിക്ക*, 1998, പുറം 49.

ജീവിതത്തോടുള്ള സമീപനം എന്തായിരിക്കണെന്ന ഉപദേശമാണ് 'ലാസ്റ്റ് ഷോ'[1]യിൽ ഉള്ളത്. വെട്ടിതിരുത്തലുകൾക്ക് അവസരം നല്കാത്ത ജീവിതത്തെയാണ് അതേമട്ടിൽ കഥയിൽ അന്യാപദേശരൂപേണ അവതരിപ്പിക്കുന്നത് യാത്രകളിലൂടെയും, അനുഭവങ്ങളിലൂടെയും കണ്ടറിഞ്ഞും, കേട്ടറിഞ്ഞും നേടിയ കുറെയേറെ അറിവുകൾക ഥാരൂപത്തിലുള്ള ഉപദേശങ്ങളായിട്ടവതരിപ്പിച്ചിരിക്കുന്നു. ജീവിതത്തിൽ ഓർത്തു വെക്കാനും, പ്രായോഗികമാക്കാനും പറ്റിയ ഒട്ടേറെ കാര്യങ്ങൾ സ്വതസിദ്ധമായ ആക്ഷേ പഹാസ്യത്തിന്റെ മേമ്പൊടിയോടെ അവതരിപ്പിച്ചിരിക്കുന്നു. ആഖ്യാനശൈലിയുടെ സവിശേഷതകൊണ്ടാണ് പല കഥകളും മനസ്സിൽ തങ്ങിനിൽക്കുന്നത്.

### 4.4. ബലിയർപ്പണത്തിന്റെ ഭാഷ

മനുഷ്യരക്ഷയ്ക്കുവേണ്ടിയാണ് ക്രിസ്തു കുരിശുമരണം വരിച്ചതെന്നാണ് ക്രൈസ്തവവിശ്വാസം. ക്രിസ്തുവിന്റെ ജീവിതബലിയെ അനുസ്മരിച്ചുകൊണ്ടാണ് വിശുദ്ധകുർബ്ബാന ക്രൈസ്തവർ അർപ്പിക്കുന്നത്. എല്ലാ ദിവസവും ദേവാലയങ്ങളിൽ ദിവ്യബലി അർപ്പിക്കപ്പെടുന്നു. വിശ്വാസികൾ ദിവ്യബലിയിൽ പങ്കുചേരുന്നു. എല്ലാ ഞായറാഴ്ചകളിലും സഭപ്രത്യേകമായി നിർദ്ദേശിച്ചിട്ടുള്ള ദിവിസങ്ങളിലും ക്രൈസ്തവർ ബലിയർപ്പണത്തിൽ പങ്കുചേരണമെന്ന് നിർബന്ധമുണ്ട്. ഇത്തരം ബലി യർപ്പണവുമായി ബന്ധപ്പെട്ട ഭാഷാപ്രയോഗം സക്കറിയയുടെ കഥകളിൽ കടന്നുവരു ന്നുണ്ട്.

വിശുദ്ധ കുർബ്ബാന ആരംഭിക്കുന്നത് 'പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാ ത്മാവിന്റെയും നാമത്തിൽ' എന്ന പ്രാർത്ഥനയോടെയാണ്. ഈ പ്രാർത്ഥന 'സൃഷ്ടി'[2] എന്ന കഥയിൽ ഉപയോഗിച്ചിട്ടുണ്ട്.

---

1. സക്കറിയ: *ആർക്കറിയാം*, 1986, പുറം 27.
2. സക്കറിയ: *ഒരിടത്ത്*, 1978, പുറം 93.

'പിതാവും പുത്രനും. പരിശുദ്ധാരൂപിയുമായ ദൈവത്തിനു നേരെ കരങ്ങൾ നീണ്ടു. കണ്ണുകളുയർന്നു, തലകൾ കുനിഞ്ഞു.'

വൈദികൻ ബലിയർപ്പണത്തിനായി നിൽക്കുന്ന ദേവാലയഭാഗമാണ് അൾത്താര. ദിവ്യബലിയിൽ ഉൾപ്പെടുന്ന 'വിശ്വാസപ്രമാണം' എന്ന പ്രാർത്ഥനയിൽ 'പീഡകളൾ സഹിക്കുകയും സ്ലീവയിൽ തറയ്ക്കപ്പെട്ടു മരിക്കുകയും സംസ്ക്കരിക്കപ്പെടുകയും എഴുതപ്പെട്ടിരിക്കുന്നതുപോലെ മൂന്നാം ദിവസം ഉയിർത്തെഴുന്നേൽക്കുകയും ചെയ്തു. അവിടുന്ന് സ്വർഗ്ഗത്തിലേക്ക് എഴുന്നള്ളി' എന്ന ഭാഗം ഉണ്ട്. ഈ ഭാഗവും കഥയിൽ വരുന്നുണ്ട്.

'മഞ്ഞണിഞ്ഞ പ്രഭാതങ്ങൾ നീളെ അൾത്താരകളിൽ മുഴങ്ങുന്ന സംഗീതത്തിന്റെയും പടരുന്ന കുന്തിരിക്കപ്പുകയുടെയും മധ്യത്തിൽ ദൈവത്തിന്റെ ഒരു പുത്രൻ ജനിക്കുകയും മരിക്കുകയും പാതാളത്തിലിറങ്ങുകയും സ്വർഗ്ഗത്തിൽ പ്രവേശിക്കുകയും ചെയ്തു.'(സൃഷ്ടി)

ദിവ്യബലിയിലെ വളരെ പ്രധാനഭാഗമാണ് 'അപ്പം (തിരുവോസ്തി) എടുത്ത് ഉയർത്തി യേശുവിന്റെ ശരീരമാണ്' എന്ന് വൈദികൻ പറയുന്നത്. ഈ ദിവ്യബലിഭാഗവും സൃഷ്ടിയിൽ വന്നിട്ടുണ്ട്.

'പെട്ടെന്ന് ദൈവവും അപ്പവും ഒന്നായിച്ചേരുന്ന അസാധാരണ നിമിഷത്തിൽ ഉത്തുംഗഗോപുരങ്ങളുടെ മുകളിൽ ആടിക്കൊണ്ടലറുന്ന മണികൾ നിമിഷങ്ങളുടെ പടവുകളിലൂടെ മനുഷ്യമനസ്സുകൾ ആദ്യന്തമില്ലാത്തവനെത്തേടി പരക്കം പാഞ്ഞപ്പോൾ'. (സൃഷ്ടി)

ദിവ്യബലിമധ്യേ ഈ ഭാഗം വൈദികൻ ഉരുവിടുമ്പോൾ മണിമുഴക്കാറുണ്ട്.

യേശുവിന്റെ അമ്മയായിരുന്ന 'മറിയ'ത്തിന്റെയും വളർത്തുപിതാവായിരുന്ന 'യൗസേപ്പി'ന്റെയും പ്രതിമകൾ 'രൂപം' എന്ന പേരിൽ പള്ളിയിൽ വെക്കാറുണ്ട്. ഇവരെ അനുസ്മരിച്ചുകൊണ്ടുള്ള പാട്ടുകളും പാടാറുണ്ട്. വിശുദ്ധ യൗസേപ്പുപിതാവിനെക്കുറിച്ചുള്ള പാട്ട് 'ജോസഫ് നല്ലവന്റെ കുറ്റസമ്മത'[1]ത്തിൽ ഉപയോഗപ്പെടുത്തിയിട്ടുണ്ട്.

'പുണ്യവാനാം യൗസേഫിൽ
.......................................................
.......................................................
ഗണ്യമാം പുണ്യമല്ലേ'

യൗസേപ്പിതാവിനെക്കുറിച്ചുള്ള പരമാർശങ്ങളും കഥയിൽ വന്നിട്ടുണ്ട്.

'ഓശാന ഞായർ' 'ദുഃഖവെള്ളിയാഴ്ച' എന്നീ ദിവസങ്ങളിൽ ദിവ്യബലിയോടനുബന്ധിച്ച് പ്രത്യേകചടങ്ങുകൾ നടത്താറുണ്ട്. ഈ ചടങ്ങുകളുമായി ബന്ധപ്പെട്ടുവരുന്ന ഭാഗങ്ങൾ 'കുരിശു മലമുകളിൽ'[2] എന്ന കഥയിലുണ്ട്. ഓശാന! ഓശാന! മദ്ബഹയിൽനിന്ന് നോക്കുമ്പോൾ കുരുത്തോലത്തലപ്പുകൾ നിറഞ്ഞ പള്ളിക്കകം കതിർനിറഞ്ഞ പാടത്തെപ്പോലെയാണ്. ഓലത്തളിർപ്പുകളുടെ ആട്ടത്തിന്റെ നടുവിൽ, മുഴങ്ങുന്ന മണിയൊലിയുടെ താളംകേട്ട്, യരുശലേമിലേക്കുള്ള അവന്റെ പ്രവേശനത്തിന്റെ മഹത്വത്തെ പാടി.' 'ദുഃഖവെള്ളിയാഴ്ച ഇതാ എത്തിക്കഴിഞ്ഞു. അവന്റെ മഹാത്യാഗത്തിന്റെ ദിനമടുക്കവേ അവന്റെ മല ശത്രുവിന് വീഴുകയോ?' (കുരിശുമലമുകളിൽ).

'ദുഃഖവെള്ളിയാഴ്ച'ത്തെ ചടങ്ങുകളെക്കുറിച്ചുള്ള പരാമർശങ്ങൾ 'ജോസഫ് ഒരു പുരോഹിതനി'[3]ലും പറയുന്നുണ്ട്.

'ക്ഷീണിതനായ ജോസഫ് ദുഃഖവെള്ളിയാഴ്ചത്തെ ചടങ്ങുകൾ നടത്തുന്നു. കറുത്ത തുണി മൂടിയ പ്രതിമകൾ, കറുത്തതിരശ്ശീല, മരമണിയുടെ ശബ്ദം, കുരിശിന്റെ വഴി.'

---

1. സക്കറിയ: *ഒരിടത്ത്*, 1978, പുറം 209.
2. ടി.പു. പുറം 226.
3. സക്കറിയ: *ജോസഫ് ഒരു പുരോഹിതൻ*, 1997.

ദിവ്യബലിയുടെ ആരംഭത്തിൽ പുരോഹിതൻ ‘അത്യന്നതങ്ങളിൽ ദൈവത്തിനു സ്തുതി ’ എന്നു പറയുമ്പോൾ സമൂഹം ‘ആമ്മേൻ’ എന്നു പറയുന്ന ഭാഗംഉണ്ട്. ‘ഇതാണെന്റെ പേരി’[1]ൽ സാന്ദർഭികമായി ഈ ഭാഷാപ്രയോഗം ഉപയോഗിച്ചിട്ടുണ്ട്.

‘ആദ്യത്തെ തീനീളങ്ങൾ ഇരുട്ടിനെ നക്കി! അത്യുന്നതങ്ങളിൽ ദൈവത്തിന് സ്തുതി; ഞാൻ വിളിച്ചുപറഞ്ഞു. ഞാൻ അലറി, ’ ദൈവത്തിന് സ്തോത്രം, താഴെ ഇരുട്ടിൽ നിന്നും ചോരയിൽ മുങ്ങിയ ഭടന്മാർ പ്രത്യഭിവാദനം ചെയ്തു. ‘ആമ്മേൻ’.

വിശുദ്ധ കുർബ്ബാനയിൽ ‘അത്യുന്നതങ്ങളിൽ ദൈവത്തിനുസ്തുതി’ എന്ന് ചൊല്ലുന്നതിന്റെ തുടർച്ചയായി വൈദികൻ ‘ഭൂമിയിൽ മനുഷ്യർക്കു സമാധാനവും പ്രത്യാശയും എപ്പോഴും എന്നേക്കും’ എന്ന ഭാഗം ചൊല്ലുന്നുണ്ട്. ഈ പ്രാർത്ഥനാഭാഗങ്ങൾ ദിവ്യബലിയിൽ നിന്നും ചേർത്ത് ‘നമ്മുടെ പറുദീസാ നഷ്ടം’[2] എന്ന കഥയിൽ വാക്കുകൾമാറ്റി ആക്ഷേപരൂപത്തിൽ പ്രയോഗിച്ചിരിക്കുന്നു.

‘വരാനുള്ളതു വഴിയിൽ തങ്ങുമോ? അത്യുന്നതങ്ങളിൽ മനുഷ്യർക്കു സ്തുതിയും ഭൂമിക്കുള്ളിൽ എലികൾക്കു സമാധാനവുമെന്ന പുരാതനതത്ത്വം, കമ്മ്യൂണിസ്റ്റുകാർ നമ്മെ കരകയറ്റും എന്ന പുരാതന തത്ത്വത്തെപ്പോലെ നാശത്തെ തുറിച്ചുനോക്കി’. (നമ്മുടെ പറുദീസാ നഷ്ടം).

ക്രൈസ്തവർ ബലിയർപ്പണത്തിന്റെ ഈണവും, താളവും ഉള്ള ഇത്തരം ഭാഷാപ്രയോഗങ്ങളും ബലിയർപ്പണഭാഗങ്ങളുടെ പുനരാഖ്യാനവും സക്കറിയയുടെ കഥകളിലുണ്ട്. കഥാഗാത്രവുമായി ചേർന്നുവരുന്ന ഈ സവിശേഷപ്രയോഗങ്ങൾ കഥയെ വ്യത്യസ്തമാക്കിയിരിക്കുന്നു. ‘ക്രൈസ്തവലിറ്റർജിയുടെ ഭാഷ അഥവാ ആരാധനാക്രമങ്ങളുടെ ഭാഷ’[3] സക്കറിയ പ്രയോജനപ്പെടുത്തിയിരിക്കുന്നതായി ഡോ.കെ.വി.

1. സക്കറിയ: *ഇതാണെന്റെ പേര്*, 2001.
2. സക്കറിയ: *ആർക്കറിയാം*, പുറം 44.
3. ഡോ. കെ.വി.തോമസ്: *സാംസ്കാരികവികാരം സാഹിത്യമാസിക*, 2003 ഏപ്രിൽ, പുസ്തകം1, ലക്കം 8. പുറം 150.

തോമസും നിരീക്ഷിക്കുന്നുണ്ട്. സക്കറിയയുടെ കഥകളുടെ ആവിഷ്കാരത്തിന് ബലിയർപ്പണത്തിലെ ഭാഷയുമായുള്ള സഹവർത്തിത്വം കഥയെ ഉയർത്തിനിർത്തിയിരിക്കുന്നു.

**4.5. ക്രൈസ്തവ പ്രാർത്ഥനയിലെ ഭാഷ**

ഏതൊരു ക്രൈസ്തവ കുടുംബത്തിലുമെന്നപോലെ സക്കറിയ ജനിച്ചുവളർന്ന കുടുംബത്തിലും പ്രാർത്ഥനകൾ ചൊല്ലിയിരുന്നു. അത്തരം പ്രാർത്ഥനകളുടെ സ്വാധീനം സക്കറിയയുടെ കഥകളിലുണ്ട്.

'വിശ്വാസപ്രമാണം' എന്ന പ്രാർത്ഥനയാണ് ചോദ്യോത്തരരീതിയിലുള്ള ആഖ്യാനരീതി സ്വീകരിച്ചിരിക്കുന്ന 'സത്യപ്രതിജ്ഞ'[1] എന്ന കഥാഘടന നിർമ്മാണത്തിന് മാതൃകയായത്.

'സഖാക്കൾ യശ്പാൽ കപൂറിലും ആർ.കെ.ധവനിലും ബൻസിലാലിലും വിശ്വസിക്കുന്നോ?' (സത്യപ്രതിജ്ഞ)

മരിച്ചവർക്കുവേണ്ടിയുള്ള 'ഒപ്പീസി'ലെ ഭാഗങ്ങൾ പുനരാഖ്യാനരൂപേണ 'ജോസഫ് നല്ലവന്റെ കുറ്റസമ്മത'[2]ത്തിലുണ്ട്. 'നീ പാപങ്ങളെല്ലാം ഓർത്തിരിക്കുമെങ്കിൽ ആർക്ക് രക്ഷയുണ്ടാകും?'

> 'നിരവധിയാമെൻ പാപങ്ങൾ
> നിരയായെണ്ണി വിധിക്കല്ലെ'

എരിയുന്ന തീ നിനക്കുമുമ്പേ നീങ്ങുന്നു. നിനക്കുചുറ്റും കൊടുങ്കാറ്റിരമ്പുന്നു...... ഭയാനകമായ വിധി ദിവസത്തിൽ. (ജോസഫ് നല്ലവന്റെ കുറ്റസമ്മതം).

'വണക്കമാസപ്രാർത്ഥന'യുടെ ഭാഷാശൈലി സക്കറിയയുടെ കഥകളിൽ കടന്നുവന്നിട്ടുണ്ട്. 'ഈ യുവതി അവനോടായി ഇപ്രകാരം പറഞ്ഞു. 'അത്ഭുതമേ, അവൾ

1. സക്കറിയ: *ഒരിടത്ത്,* 1978, പുറം 71.
2. ടി.പു. പുറം 209.

ദൈവവരപ്രസാദത്താൽ പെട്ടെന്നു പൂരിതയായി എന്നു പറഞ്ഞാൽ മതിയല്ലൊ,' ഇതിന്ന് അവൻ ഇപ്രകാരം പ്രതിവചിച്ചു'. തുടങ്ങിയ രീതിയിലുള്ള ഭാഷാപ്രയോഗം 'അശ്ലീലം വരുത്തിവെച്ച വിന ഒരു ദുരന്തസംഭവം' (പോംവഴിസഹിതം)[1] എന്ന കഥയിലുണ്ട്. 'ബി' ഇപ്രകാരം സ്മൃതിമാധുര്യത്തിൽ മുഴുകി നില്ക്കവേ എ, ബിയുടെ രണ്ടുകരങ്ങളും തന്റെ കരങ്ങളിലെടുത്തുകൊണ്ടു പറഞ്ഞു: 'എന്റെ പ്രിയ തോഴാ, ഏതുനിമിഷവും നിങ്ങളെ സ്വീകരിക്കാൻ എന്റെ ഭവനവും എന്റഎ ഭാര്യയും തയ്യാറാണ്. എന്റെ ഭാര്യ, പക്ഷേ, അവളുടെ ആദ്യത്തെ പ്രസവത്തിനു വീട്ടിൽ പോയിരിക്കുകയാണ്. അതുകൊണ്ട് ഞാൻ ഏകാനായാണ് വസിക്കുന്നത് വന്നാലും.' (ഒരു സുന്ദരസന്ധ്യയിൽ).[2]

സന്ധ്യാപ്രാർത്ഥനയോടൊപ്പം ക്രിസ്തീയ ഭക്തിഗാനങ്ങളും പാടാറുണ്ട്. ഇത്തരം ഭക്തിഗാനങ്ങളുടെ ലയഭംഗിയോടെ സക്കറിയ കഥ എഴുതിയിട്ടുണ്ട്. കഥാപാത്രങ്ങലുടെ സംഭാഷണത്തിലൂടെ പൂർത്തിയാകുന്ന ഈ കഥയുടെ ആവിഷ്കാരത്തിന് 'ഞാനുറങ്ങആൻ പോകുംമുമ്പായ്' [3]എന്ന ഭക്തിഗാനത്തിന്റെ ലയഭംഗി ഉപയോഗിച്ചിട്ടുണ്ട്.

'അപ്പോൾ മുറ്റത്തിന്റെ അരികിൽനിന്ന പ്ലാവിന്റെ ചില്ലകൾക്കുള്ളിലെ ഇരുണ്ടനലാവിലിരുന്ന് ബാബുക്ക ദൈവത്തിന് 'ഞാനുറങ്ങാൻ പോകുംമുമ്പായ്' ചൊല്ലിക്കൊടുക്കുന്നത് ഞാൻ കേട്ടു. ഞാൻ കോരിത്തരിച്ചുകൊണ്ട് എന്റെ മകന്റെ തോളിൽ കൈവച്ചുപറഞ്ഞു' "നീ കേൾക്കുന്നുണ്ടോ?"

"ഉവ്വ്, അപ്പാ" അവൻ പറഞ്ഞു. എന്നിട്ട് ശബ്ദം താഴ്ത്തി ആ പാട്ട് ചൂളമടിച്ചു.

"വേണ്ട. രാത്രിയാണ്" ഞാൻ പറഞ്ഞു.

"ജ്" എന്റെ മകൻ പറഞ്ഞു: "അപ്പന് കേൾക്കാമോ പ്ലാവിൻ ചില്ലകൾ ഒളിപ്പിച്ച നിലാവിന്റെ ഇരുളിമയിൽനിന്ന് ദൈവം ബാബുക്കയുടെ പാട്ട് ചൂളംകുത്തുന്നുണ്ടായിരുന്നു."

---

1. സക്കറിയ: *ഒരിടത്ത്*, 1978, പുറം 14.
2. ടി.പു. പുറം 23.
3. സക്കറിയ: *കണ്ണാടികാണ്മോളവും*, 1998, പുറം 37.

ഒപ്പം ബാബുക്കയും പാടി-

"ഞാനുറങ്ങാൻ പോകുംമുമ്പായ്
നിക്കേകുന്നിതാ നന്ദിനന്നായ്
ഇന്നുനീ കാരുണ്യപൂർവ്വം
തന്ന നന്മകൾക്കൊക്കേയ്ക്കുനന്ദി"

*ഞാനുറങ്ങാൻ പോകുംമുമ്പായ്*[1]

ക്രിസ്തു കുരിശിൽ മരിച്ചതിന്റെ ഓർമ്മ ദുഃഖവെള്ളിയാഴ്ചകളിൽ പുതുക്കപ്പെടുന്നു. അന്ന് ക്രൈസ്തവർ ക്രിസ്തുവിന്റെ മരണവുമായി ബന്ധപ്പെട്ട സംഭവങ്ങൾ പ്രാർത്ഥനാരൂപത്തിൽ ചൊല്ലാറുണ്ട്. 'പാന' എന്നാണിതറിയപ്പെടുന്നത്. 'പാന' വായിക്കുന്നത് പ്രത്യേകമായ ഒരീണത്തിലും, താളത്തിലുമാണ്. ക്രൈസ്തവ ഭവനങ്ങളിൽ ദുഃഖവെള്ളിയാഴ്ചയും, ശനിയാഴ്ചയും പാനവായിക്കുന്ന പതിവുണ്ട്. പാനയിലെ ഭാഷ 'ഒരു നസ്രാണിയുവാവും ഗൗളിശാസ്ത്രവും'[2] എന്ന കഥയിലുണ്ട്.

"അമ്മ കന്യാമണിതന്റെ നിർമലദുഃഖങ്ങളിപ്പോൾ
നന്മയാലേ മനസ്സുറ്റു കേട്ടുകൊണ്ടാലും
ദുഃഖമൊക്കെ പറവാനോ വാക്കുപോരാ മനുഷ്യർക്ക്
ഉളൾക്കനെച്ചിന്തിച്ചുകൊൾവാൻ ബുദ്ധിയും പോരാ"

*(ഒരുനസ്രാണിയുവാവും ഗൗളിശാസ്ത്രവും)*

പുരാതന ക്രിസ്ത്യൻ വിശ്വാസങ്ങളും, ആചാരങ്ങളുമായിചേർന്നു പോകുന്ന കഥയ്ക്ക് അനുരൂപമായ ഘടന രൂപപ്പെടുത്തുന്നതിന് പുനരാഖ്യാനരൂപേണയുള്ള ഇത്തരം പ്രയോഗങ്ങൾ ഉപകരിച്ചിട്ടുണ്ട്.

ഏഴു'കൂദാശ'കളാണ് സഭ നിർദ്ദേശിക്കുന്നത്. അതിൽ ഒന്നാണ് 'കുമ്പസാരം'. മാമ്മോദീസ മുങ്ങിയശേഷം ചെയ്തിട്ടുള്ള പാപങ്ങളിൽനിന്ന് നമുക്ക് മോചനം നല്കുന്ന കൂദാശയാണ് കുമ്പസാരം. കുമ്പസാരിക്കുന്ന ആൾ പാപങ്ങൾ ഏറ്റുപറഞ്ഞു

1. സക്കറിയ: *കണ്ണാടികാണ്മോളവും*, പുറം 37.
2. സക്കറിയ' *ഒരു നസ്രാണി യുവാവും ഗൗളിശാസ്ത്രവും*, 1991, പുറം 14.

കഴിയുമ്പോൾ വൈദികൻ പ്രത്യേകം നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പ്രാർത്ഥനകൾ ചൊല്ലി പാപമോചനം നൽകുന്നു. കുമ്പസാരവും, പാപമോചനവും കൈകാര്യം ചെയ്തിരിക്കുന്ന 'സിയോൻ സഞ്ചാരിയിൽ'[1] ഈ കൂദാശയുമായി ബന്ധപ്പെട്ട പ്രാർത്ഥനയുടെ ഭാഷപ്രയോജനപ്പെടുത്തിയിട്ടുണ്ട്. 'ശരി, അച്ചൻ പറഞ്ഞു, നീ അനുതപിച്ചതുകൊണ്ട്, നിനക്കു പാപമോചനവുമുണ്ട്. ദൈവം നിന്നെ അനുഗ്രഹിക്കട്ടെ. ഇനി പാപംചെയ്യാതെ ശ്രദ്ധിക്കണം. പരിഹാരമായി ചൊല്ലാനുള്ള പ്രാർത്ഥന പറഞ്ഞുകൊടുത്തിട്ട് അച്ചൻ വലംകൈകൊണ്ട് അവൾക്കുനേരേ കുരിശടയാളം വരച്ചുകൊണ്ട് പറഞ്ഞു. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ.....അവൾ കണ്ണുതുടച്ചുകൊണ്ട് കുമ്പസാരക്കൂട്ടിൽനിന്നെണീറ്റുപോയി.' അച്ചൻ വാച്ചിലൊന്നു നോക്കിയിട്ട് ഇനിയാരെങ്കിലും കുമ്പസാരിക്കാനുണ്ടോ എന്നറിയാൻ കൂടിനു പുറത്തേക്കു തലനീട്ടി. ഒരുവശത്തുനിന്ന് പടമാവൻ കുഞ്ഞ് കുമ്പസാരക്കൂടിനടുത്തേക്ക് നീങ്ങി, കുരിശുവരച്ചുകൊണ്ട് പടിയിൽ മുട്ടുകുത്തി.' (സിയോൻ സഞ്ചാരി).

കുമ്പസാരമെന്ന കൂദാശയുടെ ഓരോ ഘട്ടവും ഭംഗിയായി കഥാശരീരവുമായി ചേർത്തുവെക്കാൻ കഴിഞ്ഞിട്ടുണ്ട്.

കുമ്പസാരിത്തിനുമുമ്പായി ചൊല്ലുന്ന പ്രാർത്ഥനയാണ് 'കുമ്പസാരത്തിനുള്ള ജപം'. 'സർവ്വശക്തനായ ദൈവത്തോടും, നിത്യകന്യകയായ പരിശുദ്ധമറിയത്തോടും പ്രധാന മാലാഖയായ വിശുദ്ധ മിഖായേലിനോടും, വിശുദ്ധസ്നാപകയോഹന്നാനോടും ശ്ലീഹന്മാരായ വിശുദ്ധ പത്രോസിനോടും, വിശുദ്ധ പൗലോസിനോടും, വിശുദ്ധതോമായോടും, സകല വിശുദ്ധരോടും, പിതാവേ അങ്ങയോടും ഞാൻ ഏറ്റുപറയുന്നു. വിചാരത്താലും വാക്കാലും പ്രവൃത്തിയാലും ഞാൻ വളരെ പാപം ചെയ്തുപോയി. എന്റെപിഴ, എന്റെപിഴ, എന്റെ വലിയപിഴ.'

---

1. സക്കറിയ: *കണ്ണാടികാണ്മോളവും,* പുറം 22.

'ഇഷ്ടികയും ആശാരിയും'[1] എന്ന കൃതിയിൽ ഈ ജപത്തിന്റെ ഭാഗങ്ങൾ സാന്ദർഭികമായി കടന്നുവന്നിട്ടുണ്ട്. കഥാപാത്രത്തിന്റെ മാനസികാവസ്ഥ വെളിപ്പെടുത്താൻ ഇത്തരം പ്രയോഗങ്ങൾ അനുയോജ്യമായ വിധത്തിൽ സക്കറിയ കൈകാര്യം ചെയ്തിട്ടുണ്ട്. 'ഈ കുറ്റാന്വേഷണത്തിലെ എന്റെ ഏറ്റവും വലിയഭയം തന്നെ ഞാൻ അവസാനം കണ്ടുപിടിക്കുന്നത് ദൈവത്തെ ആയിരിക്കുമോ എന്നതാണ്. കത്തോലിക്കർ കുമ്പസാരിക്കും മുമ്പുചൊല്ലുന്ന പ്രാർത്ഥനയാണ് 'ഞാൻ  പിഴയാളി'. അതിന്റെ അവസാനം 'എന്റെ പിഴ, എന്റെപിഴ, എന്റെ വലിയപിഴ' എന്നു പറയുമ്പോൾ നെഞ്ചിൽ വലംകൈകൊണ്ടു മൂന്നുതവണ പിഴയിടിക്കണം.'

'ബാബു സഞ്ചിയിൽനിന്ന് ഒരു ബ്ലേഡ് എടുത്തു. അവൻ മണ്ണിലേക്ക് മുഖമമർത്തി ഇങ്ങനെ പ്രാർത്ഥിച്ചു. എന്റെ ദൈവമേ, ഒരു ചെറുകുറ്റവാളിയുടെ ഈ ചെറുകുറ്റം നീ ക്ഷമിക്കേണമേ. എന്റെപിഴ, എന്റെപിഴ, എന്റെവലിയ പിഴ. എന്നിട്ട് മണ്ണിൽ മലർന്നുകിടന്ന് ആദ്യം ഇടതുകൈയിലെയും പിന്നെ വലതുകൈയിലെയും ഞരമ്പുകൾ ഛേദിച്ചു.'

മരണാസന്നരായവർക്ക് അവസാന നിമിഷത്തിൽ ചൊല്ലിക്കൊടുക്കുന്ന പ്രാർത്ഥനയാണ് 'ചെകിട്ടോർമ്മ'. 'ഈശോ മറിയം യൗസേപ്പേ എന്റെ ആത്മാവിന് കൂട്ടായിരിക്കേണമേ' എന്നാണ് പ്രാർത്ഥന. മരണത്തിനുവേണ്ടി ഒരുങ്ങുന്ന പ്രാർത്ഥനയാണിത്. 'ഇഷ്ടികയിലും ആശാരിയിലും' കഥാപാത്രം മരണം സമീപസ്ഥമായെന്നു തോന്നുന്ന നിമിഷത്തിൽ ഈ പ്രാർത്ഥന പറയുന്നതായി ചേർത്തിരിക്കുന്നു. പുനരാഖ്യാനരൂപേണ സ്വാഭാവികമായി വന്നുചേർന്ന മട്ടിലുള്ള ഈ പ്രയോഗം കഥാഗതിക്ക് അനുയോജ്യമായിട്ടാണ്.

1. സക്കറിയ: *ഇഷ്ടികയും ആശാരിയും*,1999, പുറം 62.

“പട്ടി രണ്ടടികൂടി മുന്നോട്ടുനടന്ന് ഒരുനിമിഷം നിന്നു എന്നിട്ട് കണ്ണുകളിലെ വെളിച്ചം തെളിയിച്ചുകൊണ്ട് ബാബുവിനു നേരേ നിശ്ശബ്ദമായി അടിവച്ചടിവച്ച് നട ന്നുവന്നു. ‘എന്റെദൈവമേ,’ ബാബു പറഞ്ഞു, ‘എന്റെ ആത്മാവിന് കൂട്ടുണ്ടായിരിക്കേ ണമേ’. പട്ടിതൊട്ടടുത്തുവന്ന് ബാബുവിനെ നോക്കി. തന്റെ കഴുത്തിൽ തുളച്ചുകയ റാൻ പോകുന്ന പല്ലുകളെ ബാബു കാത്തിരുന്നു”(ഇഷ്ടികയും ആശാരിയും).

ക്രൈസ്തവർക്ക് ആത്മീയമായകാര്യങ്ങളിൽ കൂടുതൽ താൽപര്യം വളർത്താനും അറിവുനൽകാനും വേണ്ടി ഇടയ്ക്കിടക്ക് ‘ധ്യാനം’ നടത്താറുണ്ട്. ആളുകൾക്ക് സൗക ര്യപ്രദമായി പങ്കെടുക്കാനായി പള്ളികളിൽ നടത്തുന്ന ധ്യാനത്തിനു പുറമേ ‘ധ്യാനമ ന്ദിര’ങ്ങളിലും ധ്യാനം നടത്താറുണ്ട്. ഇത്തരം ധ്യാനപ്രാർത്ഥനകളുടെ ഈണം കഥ കളിൽ വന്നിട്ടുണ്ട്.

ഇപ്രകാരം ആ ചേച്ചി വരികൾക്കിടയിൽ വായിച്ചു. തന്റെ ഭർത്താവിന്റെ അന്തി മാഭിലാഷത്തിന് പ്രായോഗികമായ ഒരു ടിസ്റ്റ് കൊടുത്തതിനെപ്പറ്റി നമുക്ക് രണ്ടു നിമിഷം കണ്ണടച്ചു ധ്യാനിക്കാം. ദൃഷ്ടാന്തംതീർന്നു. ആമേൻ’[1] (നമ്മുടെ പറുദീസാ നഷ്ടം).

കുട്ടിക്കാലം മുതൽ കേട്ടും പറഞ്ഞും ശീലിച്ച പ്രാർത്ഥനകളുടെ ഈണവും താളവും സക്കറിയ കഥകളിൽ ഉടനീളം ഉണ്ട്. ‘സക്കറിയ വണക്കമാസകഥകളുടെ ലാളിത്യവും ശൈലിയും തന്റെ കഥകയിൽ ധാരാളമായി ഉപയോഗിച്ചിട്ടുണ്ടെന്ന്’[2] ജോസഫ് പുലിക്കുന്നേലും നിരീക്ഷിച്ചിട്ടുണ്ട്.

**4.6. ബൈബിൾ വാക്യങ്ങളുടെ പുനരാഖ്യാനം**

ബൈബിൾ വാക്യങ്ങളെ സക്കറിയ തന്റെ കഥകളിൽ പുനരാഖ്യാനം ചെയ്യു

1. സക്കറിയ: *ആർക്കറിയാം*, 1998, പുറം 44.
2. ജോസഫ് പുലിക്കുന്നേൽ: ഉരുളികുന്നത്തിന്റെ സാഹിത്യതാളം, *സാംസ്കാരികവികാരം സാഹി ത്യമാസിക*, ലക്കം 8,പുസ്തകം 1 പുറം 29.

ന്നുണ്ട്. ബൈബിൾ ഇതിവൃത്തമായി സ്വീകരിച്ചിട്ടുള്ളവയിലും, അല്ലാത്തവയിലും ബൈബിൾ വാക്യങ്ങൾ സാന്ദർഭികമായി പുനരാഖ്യാനം ചെയ്യുന്നുണ്ട്. ക്രിസ്തുവിന്റെ ശരീരവും, രക്തവും മറ്റുള്ളവർക്കായി വിഭജിച്ചുനല്കികൊണ്ട് പറയുന്ന വാക്യങ്ങൾ ബൈബിളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 'പിന്നെ അവൻ അപ്പമെടുത്ത്, കൃതജ്ഞതാ സ്തോത്രം ചെയ്ത്, മുറിച്ച്, അവർക്കു കൊടുത്തുകൊണ്ട് അരുളിച്ചെയ്തു: ഇത് നിങ്ങൾക്കുവേണ്ടി നല്കപ്പെടുന്ന എന്റെ ശരീരമാണ്. എന്റെ ഓർമ്മയ്ക്കായി ഇതു ചെയ്യുവിൻ. അപ്രകാരംതന്നെ അത്താഴത്തിനുശേഷം അവൻ പാനപാത്രം എടുത്തു കൊണ്ട് അരുളിച്ചെയ്തു: ഈ പാനപാത്രം നിങ്ങൾക്കുവേണ്ടി ചിന്തപ്പെടുന്ന എന്റെ രക്തത്തിലുള്ള പുതിയ ഉടമ്പടിയാണ്.'[1]

'ബാറി'[2]ൽ മരണാസന്നനായ കുട്ടിയെ മറ്റു കുട്ടികൾക്കുവേണ്ടി പങ്കു വെച്ചുകൊണ്ട് പറയുന്നു ഞാനവന്റെ കണ്ണുകളൾ മെല്ലെ അടച്ചുകൊണ്ട് എന്റെ കൈയിലെ ഉറയൂരിയകത്തി താഴ്ത്തി. എന്റെ ദൈവമേ ഞാൻ പറഞ്ഞു. എന്റെ ദൈവമേ ഇതാ നിന്റെ മകൻ ഞങ്ങൾക്കായി രക്തവും മാംസവുമമനായിത്തീരുന്നു. നീയിത് അറിയണമേ.'

എങ്ങിനെയുള്ളവർക്കാണ് നിത്യജീവൻ പ്രാപിക്കാൻ കഴിയുക എന്ന് യേശു ശിഷ്യന്മാരെ പഠിപ്പിക്കുന്നുണ്ട്.

"എനിക്കു വിശന്നു, നിങ്ങൾ ആഹാരം തന്നില്ല. എനിക്കു ദാഹിച്ചു, നിങ്ങൾ കുടിക്കാൻ തന്നില്ല. ഞാൻ പരദേശിയായിരുന്നു, നിങ്ങൾ എന്നെ ഉടുപ്പിച്ചില്ല. രോഗാവസ്ഥയിലും കാരാഗൃഹത്തിലും ആയിരുന്നു. നിങ്ങൾ എന്നെ സന്ദർശിച്ചില്ല. അപ്പോൾ അവർ ചോദിക്കും. കർത്താവേ, ഞങ്ങൾ നിന്നെ വിശക്കുന്നവനോ ദാഹിക്കുന്നവനോ

---

1. ലൂക്കാ, *ബൈബിൾ പുതിയനിയമം*, 22:19, പുറം 92.
2. സക്കറിയ: *കന്യാകുമാരി*, 1999, പുറം 66.

പരദേശിയോ നഗ്നനോ രോഗിയോ കാരാഗൃഹത്തിൽ കഴിയുന്നവനോ ആയി കണ്ടതുംനിനക്കു ശുശ്രൂഷ ചെയ്യാതിരുന്നതും എപ്പോൾ? അവൻ മറുപടി പറയും: സത്യമായി ഞാൻ നിങ്ങളോടു പറയുന്നു. ഈ ഏറ്റവും എളിയവരിൽ ഒരുവനു നിങ്ങൾ ഇതു ചെയ്യാതിരുന്നപ്പോൾ എനിക്കു തന്നെയാണ് ചെയ്യാതിരുന്നത്. ഇവർ നിത്യശിക്ഷയിലേക്കും നീതിമാന്മാർ നിത്യജീവനിലേക്കും പ്രവേശിക്കും."[1]

'ഡി. ക്യൂലായുടെ ഉമ്മ'[2]യിൽ രക്തദാനവുമായി ബന്ധപ്പെടുത്തി നിത്യജീവനക്കുറിച്ചു പറയുന്നുണ്ട്. സ്വാഭാവികമായി പ്രയോഗിച്ച വാക്യമെന്നു തോന്നുമെങ്കിലും കഥയിൽ ഈ വാക്യത്തിനു പ്രസക്തിയുണ്ട്.

"അയാളുടെ കണ്ണുകൾ തീക്കനൽപോലെയൊന്നു തിളങ്ങി. രക്തം നാം പരസ്പരം നൽകുന്നു. അങ്ങനെ നാം നിത്യജീവനിലേക്ക് പ്രവേശിക്കുന്നു. എന്നിലൂടെ താങ്കൾ. താങ്കളിലൂടെ ഞാൻ. നമ്മിലൂടെ ഉഷ."

'യേശു ഉച്ചത്തിൽ വിളിച്ചു പറഞ്ഞു: എന്നിൽ വിശ്വസിക്കുന്നവൻ എന്നിലല്ല, എന്നെ അയച്ചവനിലാണ് വിശ്വസിക്കുന്നത്. എന്നെ കാണുവാൻ എന്നെ അയച്ചവനെ കാണുന്നു.'[3] ഈ ബൈബിൾ വാക്യത്തിന്റെ ഈണവും ഘടനാപരമായ സാമ്യവും 'ഡി ക്യൂലായുടെ ഉമ്മ'യിൽ ഉണ്ട്.

'അതിനാൽ, ദൈവം സംയോജിപ്പിച്ചത് മനുഷ്യൻ വേർപെടുത്താതിരിക്കട്ടെ,'[4] എന്ന ബൈബിൾ വാക്യത്തിന്റെ ബാഹ്യരൂപാനുകരണമാണ്–

"അവിടെ കുറത്ത അക്ഷരങ്ങളിൽ മനുഷ്യരാശിയെ ഒന്നിപ്പിക്കുന്നത് രക്തമാണ്. രക്തംകൂട്ടിച്ചേർത്തതിനെ മനുഷ്യൻ വിടർത്താതിരിക്കുക. ആമേൻ" എന്ന് എഴുതിവച്ചിരുന്നു എന്ന ഭാഗത്ത് വരുന്നത്.

1. മത്തായി: *ബൈബിൾ പുതിയനിയമം*, 25, 42–46, പുറം 30.
2. സക്കറിയ: *കന്യാകുമാരി*, 1999,പുറം 45.
3. യോഹന്നാൻ, *ബൈബിൾ പുതിയനിയമം*, 12,44–45, പുറം 115.
4. മാർക്കോസ്, ബൈബിൾ പുതിയനിയമം, 10:9, പുറം 49.

'അനന്തരം, എല്ലാം നിറവേറിക്കഴിഞ്ഞുവെന്ന് അറിഞ്ഞ് തിരുവെഴുത്തു പൂർത്തിയാക്കാൻവേണ്ടി യേശു പറഞ്ഞു: എനിക്കു ദാഹിക്കുന്നു'[1] ഈ ബൈബിൾ വാക്യമാണ് ബൈബിൾ വാക്യത്തെപോലും ദുർവിനിയോഗം ചെയ്യുന്നവരെക്കുറിച്ച് ചിന്തിക്കാൻ പ്രേരണ നല്കിക്കൊണ്ട് കഥയിൽ സക്കറിയ സ്വീകരിച്ചിരിക്കുന്നത്.

'ചിരഞ്ജീവി ബ്ലഡ് ബാങ്ക്. എല്ലാവിധ രക്തങ്ങളും വാങ്ങുകയും വിൽക്കുകയും ചെയ്യപ്പെടും' എന്ന് എഴുതിവച്ചിരിക്കുന്നു. അതിനുതാഴെ ചുവന്ന അക്ഷരങ്ങളിൽ 'എനിക്കു ദാഹിക്കുന്നു' എന്നും എഴുതിവെച്ചിട്ടുണ്ട്. ങ്ഹേ! ഞാൻ മനസ്സിലോർത്തു, അതുകൊള്ളാം! അത് യേശുക്രിസ്തു പറഞ്ഞവാക്കുകളല്ലേ? അതെങ്ങനെ ഇവിടെ വന്നു?'

'യേശു പറഞ്ഞു: പിതാവേ, അവരോടു ക്ഷമിക്കണമേ, അവർ ചെയ്യുന്നതെന്തെന്ന് അവർ അറിയുന്നില്ല.'[2]

ഈ ബൈബിൾ വാക്യത്തിന്റെ പുനരാഖ്യാനം 'ഒരു നസ്രാണിയും ഗൗളി ശാസ്ത്ര'[3]ത്തിൽ ഉണ്ട്. ബുദ്ധജീവികളെക്കുറിച്ച് പറയുമ്പോൾ 'ഒരുപക്ഷേ, മേല്പറഞ്ഞ ഗൗളിയെപ്പോലെ ബുദ്ധിജീവികളും വിധിയുടെ ഉപകരണങ്ങൾ മാത്രമായിരിക്കാം. അവർ ചെയ്യുന്നതെന്തെന്ന് അവർക്കുതന്നെ അറിഞ്ഞുകൂടായിരിക്കാം.'

മനുഷ്യപുത്രന്റെ ആഗമനത്തെക്കുറിച്ച് ബൈബിളിൽ പറയുന്നുണ്ട്. 'അപ്പോൾ മനുഷ്യപുത്രൻ വലിയ ശക്തിയോടും മഹത്വത്തോടുംകൂടെ മേഘങ്ങളിൽ വരുന്നത് അവർ കാണും. അപ്പോൾ, അവൻ ദൂതൻമാരെ അയക്കും.'[4]

---

1. യോഹന്നാൻ, *ബൈബിൾ പുതിയനിയമം*, 19,28, പുറം 123.
2. ലൂക്കാ, *ബൈബിൾ പുതിയനിയമം*, 23,34, പ ുറം 95.
3. സക്കറിയ: *ഒരു നസ്രാണിയുവാവും ഗൗളിശാസ്ത്രവും*, 1991, പുറം 12.
4. മാർക്കോസ്, *ബൈബിൾ പുതിയനിയമം*, മനുഷ്യപുത്രന്റെ ആഗമനം, 13, 24-31, പ ുറം 54.

ഈ ബൈബിൾ വാക്യത്തിന്റെ രൂപത്തിലാണ് 'സത്യപ്രതിജ്ഞ' എന്ന കഥയിൽ ഇന്ദിരാഗാന്ധിയുടെ രണ്ടാം വരവിനെക്കുറിച്ച് പറയുന്നത്.

'സഖാവ് ഇന്ദിരാഗാന്ധി രണ്ടാമത് എങ്ങനെ വരും? ആകാശമധ്യത്തിൽ കാഹളമൂതുന്ന മാലാഖമാരാലും ദൈവദൂതന്മാരാലും അകമ്പടി സേവിക്കപ്പെട്ട്, വലിയ മഹിമയോടെയും പ്രകാശത്തോടെയും.'

ബൈബിൾ പുതിയനിയമത്തിൽ വ്യത്യസ്ത ദേശക്കാർക്കുവേണ്ടി എഴുതിയിട്ടുള്ള ലേഖനങ്ങൾ ഉണ്ട്. ഈ ലേഖനങ്ങൾക്ക് കത്തിന്റെ രൂപമാണ്. സക്കറിയ തന്റെ പല കഥകളിലും ആഖ്യാനരൂപമായി കത്ത് തിരഞ്ഞെടുത്തിട്ടുണ്ട്. 'അലറുന്ന അസ്ഥികൂടം', 'മനഃശാസ്ത്രജ്ഞനോട് ചോദിക്കാം', 'എന്തുണ്ട് വിശേഷം പീലാത്തോസേ?' എന്നീ കഥകളിൽ കത്തിന്റെ രൂപത്തിലുള്ള കഥാഖ്യാനമാണുള്ളത്.

പൗലോസ് കോറിന്തോസുകാർക്ക് എഴുതിയ ലേഖനം തുടങ്ങുന്നത് 'യേശുക്രിസ്തുവിന്റെ അപ്പസ്തോലനായി ദൈവഹിതാനുസരണം വിളിക്കപ്പെട്ട കോറിന്തോസിലുള്ള ദൈവത്തിന്റെ സഭയ്ക്ക് എഴുതുന്നത്'[1] എന്നാണ്.

എന്തുണ്ട് വിശേഷം പീലാത്തോസേ? എന്ന നോവൽ തുടങ്ങുന്നത് 'പ്രപഞ്ചപിതാവായ ജൂപ്പിറ്റർ ദേവന്റെ അനുഗ്രഹത്താലും അജയ്യനും പ്രജാവല്ലഭനുമായ റോമാ ചക്രവർത്തി ടൈബീരിയസ് ക്ലോഡിയസ് നീറോയുടെ കൃപയാലും, അതുല്യമായ റോമാസാമ്രാജ്യത്തിന്റെ പ്രതിനിധിയും യൂദയാ പ്രവിശ്യയൊട്ടാകെയുടെയും ഗവർണ്ണറുമായ പൊന്തിയോസ് പീലാത്തോസിന്റെ കൈയൊപ്പിന്റെയും അധികാരമുദ്രയുടെയും കീഴിൽ'[2] എന്നാണ്. രചനാശൈലിയിൽ ഇവയ്ക്കുതമ്മിൽ സാദൃശ്യമുണ്ട്.

യേശുവിനെ വിചാരണ ചെയ്യുമ്പോൾ പീലാത്തോസിന്റെ ഭാര്യ ആളയച്ച് പീലാത്തോസിനോട് യേശുവിനുവേണ്ടി അപേക്ഷിക്കുന്നഭാഗം ബൈബിളിൽ ഉണ്ട്.

1. പൗലോസ്: കോറിന്തോസുകാർക്ക് എഴുതിയ ഒന്നാം ലേഖനം, *ബൈബിൾ പുതിയ നിയമം*, 1,1-2, പുറം 180.
2. സക്കറിയ: *എന്തുണ്ട് വിശേഷം, പീലാത്തോസേ*,പുറം 44.

'അവൻ ന്യായാസനത്തിൽ ഉപവിഷ്ടനായിരിക്കുമ്പോൾ അവന്റെ ഭാര്യ അവന്റെ അടുത്തേക്ക് ആളയച്ച് അറിയിച്ചു. ആ നീതിമാന്റെ കാര്യത്തിൽ ഇടപെടരുത്. അവൻമൂലം സ്വപ്നത്തിൽ ഞാൻ ഇന്നു വളരെയേറെ ക്ലേശിച്ചു.'[1]

ഈ ബൈബിൾ വാക്യങ്ങളുടെ പുനരാഖ്യാനം കഥയിൽ വരുന്നുണ്ട്.

'ജൂലിയ എഴുതിയിരിക്കുകയാണ്: അങ്ങ് ഈ നല്ലമനുഷ്യനെ ഒന്നും ചെയ്യരുതേ,അയാളെ ഞാൻ കഴിഞ്ഞ രാത്രിയിൽ സ്വപ്നംകണ്ടു.'

യേശുവിനെ പീലാത്തോസിന്റെ മുമ്പിൽ ഹാജരാക്കുന്നതും മരണത്തിനു വിധിക്കുന്നതുമായ സംഭവങ്ങൾ ബൈബിളിൽ ഉണ്ട്.

'പീലാത്തോസ് വീണ്ടും പ്രത്തോറിയത്തിൽ പ്രവേശിച്ച് യേശുവിനെ വിളിച്ച് അവനോടു ചോദിച്ചു: നീ യഹൂദരുടെ രാജാവാണോ? യേശു പ്രതിവചിച്ചു: നീ ഇതു സ്വയമേവ പറയുന്നതോ, അതോ മറ്റുള്ളവർ എന്നെപ്പറ്റി നിന്നോടു പറഞ്ഞതോ? യേശു പറഞ്ഞു: എന്റെ രാജ്യം ഐഹികമല്ല. ആയിരുന്നെങ്കിൽ ഞാൻ യഹൂദർക്ക് ഏല്പിക്കപ്പെടാതിരിക്കാൻ എന്റെ സേവകർ പോരാടുമായിരുന്നു. എന്നാൽ എന്റെ രാജ്യം ഐഹികമല്ല. പീലാത്തോസ് ചോദിച്ചു. അപ്പോൾ നീ രാജാവാണ് അല്ലേ? യേശു പ്രതിവചിച്ചു: നീതന്നെ പറയുന്നു ഞാൻ രാജാവാണെന്ന്. ഇതിനുവേണ്ടിയാണ് ഞാൻ ജനിച്ചത്; ഇതിനുവേണ്ടിയാണ് ഞാൻ ഈ ലോകത്തിലേക്കു വന്നതും, സത്യത്തിനു സാക്ഷ്യം നല്കാൻ. സത്യത്തിൽ നിന്നുള്ളവൻ എന്റെ സ്വരം കേൾക്കുന്നു. പീലാത്തോസ് അവനോടു ചോദിച്ചു: എന്താണ് സത്യം?'

'ഇതുചോദിച്ചിട്ട് അവൻ വീണ്ടും യഹൂദരുടെ അടുത്തേക്ക് ചെന്ന് അവരോടു പറഞ്ഞു. അവനിൽ ഒരു കുറ്റവും ഞാൻ കാണുന്നില്ല. എന്നാൽ പെസഹാ ദിവസം ഞാൻ നിങ്ങൾക്കൊരുവനെ സ്വതന്ത്രനായി വിട്ടുതരുന്ന പതിവുണ്ടല്ലോ, അതിനാൽ

1. മത്തായി: *ബൈബിൾ പുതിയനിയമം*, 17,19-20, പുറം 20.

യഹൂദരുടെ രാജാവിനെ നിങ്ങൽക്കു വിട്ടുതരട്ടെയോ? ഈ മനുഷ്യനെയല്ല, ബറാബ്ബാസിനെ എന്ന് അവർ ഉച്ചത്തിൽ വിളിച്ചുപറഞ്ഞു. ബറാബ്ബാസ് കൊള്ളക്കാരനായിരുന്നു.'[1]

'പീലാത്തോസ് യേശുവിനെ ചമ്മട്ടികൊണ്ട്അടിപ്പിച്ചു. പടയാളികൾ ഒരു മുൾക്കിരീടമുണ്ടാക്കി അവന്റെ തലയൽ വച്ചു.'

'അവൻ വീണ്ടം പ്രത്തോറിയത്തിൽ പ്രവേശിച്ച് യേശുവിനോടു ചോദിച്ചു: നീ എവിടെ നിന്നാണ്? യേശു മറുപടിയൊന്നും പറഞ്ഞില്ല. പീലാത്തോസ് ചോദിച്ചു: നീ എന്നോടു സംസാരിക്കുകയില്ലേ? നിന്നെ സ്വതന്ത്രനാക്കാനും ക്രൂശിക്കാനും എനിക്ക് അധികാരമുണ്ടെന്ന് അറിഞ്ഞുകൂടേ?'

'യഹൂദർ വിളിച്ചുപറഞ്ഞു: ഇവനെ മോചിപ്പിക്കുന്നപക്ഷം നീ സീസറിന്റെ സ്നേഹിതനല്ല.'[2]

'ബഹളം വർദ്ധിക്കുന്നതല്ലാതെ പ്രയോജനമൊന്നും ഉണ്ടാവുന്നില്ലെന്നു മനസ്സിലാക്കിയ പീലാത്തോസ് വെള്ളമെടുത്ത് ജനങ്ങളുടെ മുമ്പിൽവച്ചു കൈകഴുകിക്കൊണ്ടു പറഞ്ഞു: ഈ നീതിമാന്റെ രക്തത്തിൽ എനിക്കു പങ്കില്ല, അതു നിങ്ങളുടെ കാര്യമാണ്.'[3]

യേശുവിന്റെ മരണവുമായി ബന്ധപ്പെടുത്തിയുള്ള ഈ ബൈബിൾ വാക്യങ്ങൾ തന്നെയാണ് പുനരാഖ്യാനരൂപേണ സക്കറിയ എഴുതിയിരിക്കുന്നത്.

'ഞാൻ പറഞ്ഞ യേശുവിനോട് പ്രധാനമായി ഒറ്റ ചോദ്യമേ ചോദിച്ചുള്ളൂ. നീ യൂദന്മാരുടെ രാജാവാണോ? കാരണം, അങ്ങനെ പറഞ്ഞുനടന്നുവെന്നതായിരുന്നു

1. യോഹന്നാൻ, *ബൈബിൾ പുതിയനിയമം*, 18,33-40, പുറം 122.
2. യോഹന്നാൻ, *ബൈബിൾ പുതിയനിയമം*, 19, 1, 9, 10,12, പുറം 123.
3. മത്തായി: *ബൈബിൾ പുതിയനിയമം*, 27,24, പുറം 33.

അവനെതിരെ അവർകൊണ്ടുന്ന ആരോപണം. അതിന് മറുപടിയായി യേശു എന്നോടു പറഞ്ഞത് അടി കൊടുക്കേണ്ട തട്ടുത്തരമാണ്: എന്ന് നിങ്ങൾ പറയുന്നു എന്ന്. ഞാനത് ക്ഷമിച്ചു. പിന്നെ അയാൾ പറഞ്ഞത്, അയാളുടെ രാജ്യം ഈ ലോകത്തുള്ളതല്ല എന്നാ ണ്. പ്രശ്നം തീർന്നില്ലേ? ഈ ലോകത്തില്ലാത്ത രാജ്യത്തെപ്പറ്റി റോമാസാമ്രാജ്യം എന്തിനു വിഷമിക്കണം. സത്യത്തിന് സാക്ഷിനിൽക്കാനാണത്രേ അയാൾ ജനിച്ചത്. ' അതിലുമെന്ത് തെറ്റ്? പക്ഷേ, ഞാനൊന്നു ചോദിച്ചുപോയി.എന്താണ് സത്യം? അതു കഴിഞ്ഞ് ഞാൻ പുറത്തുചെന്ന് യഹൂദരോട് പറഞ്ഞു. ഈ മനുഷ്യനിൽ ഞാൻ യാതൊരു തെറ്റും കാണുന്നില്ല. അതുകൊണ്ട് ഇന്നു പെസഹാ പെരുന്നാളല്ലേ, പെരു ന്നാളിന് ഒരു തടവുകാരനെ വിട്ടയക്കണമല്ലൊ, അതിയാളാവട്ടെ, പക്ഷേ,ഒരു പിടിച്ചു പറിക്കാരനായ ബർഅബ്ബായെ വിട്ടയയ്ക്കാനാണ് യഹൂദർ വിളിച്ചു പറഞ്ഞത്. യേശു വിനെ ക്രൂശിക്കാൻ അവർ അലറി.'

'ഞാൻ യേശുവിനെ ചമ്മട്ടികൊണ്ട് അടിപ്പിച്ചു. ആരോ അയാളുടെ തലയിൽ ഒരു മുൾക്കിരീടവും വച്ചു - ഒരു ചെറുഫലിതം.'

'യേശുവിന്റെ അടുത്തുചെന്ന് ഞാൻചോദിച്ചു: ചെറുപ്പക്കാരാ, നീ വാസ്തവ ത്തിൽ എവിടുന്നു വരുന്നു? ഈ ലോകത്തിൽ നിന്നതന്നെയാണോ? മൗനം. അപ്പോൾ ഞാൻ അയാളോടു പറഞ്ഞു: നിന്നെ ക്രൂശിക്കാനും രക്ഷിക്കാനുമുള്ള അധികാരം എനിക്കുണ്ടെന്ന് നീ മനസ്സിലാക്കുന്നില്ലേ? നിനക്ക് എന്നോട് ഒന്നു മിണ്ടി യാലെന്താ?'

'അവസാനം ജനം ഇളകാൻ തുടങ്ങിയെടോ. സംഗതിഗുരുതരമായി, ആൾക്കൂട്ടം രാഷ്ട്രീയം പറയാൻ തുടങ്ങി. ചക്രവർത്തിയോടു കൂറു പ്രഖ്യാപിക്കുകയും എന്നെ എതിർക്കുകയും ചെയ്യുന്ന ശബ്ദങ്ങളുയർന്നു.'

'ഞാൻ ഒരു പാത്രം വെള്ളംകൊണ്ടുവരുവിച്ചു.എല്ലാവരുടെയും മുമ്പിൽ എന്റെ രണ്ടുകൈകളും കഴുകിക്കൊണ്ടു ഞാൻ വിളിച്ചുപറഞ്ഞു. ഈ നീതിമാന്റെ രക്തത്തിൽ എനിക്കു പങ്കില്ല. ഇനി നിങ്ങൾ എന്തുവേണമെങ്കിലും ആയിക്കൊള്ളൂ'.

ബോധധാരാരീതിയിലുള്ള രചനകൾ ബൈബിളിലുണ്ട്. 'എസെക്കിയേൽ'[1] പ്രവാചകനു ലഭിച്ച കർത്താവിന്റെ അരുളപ്പാടുകൾ ബോധധാരാസമ്പ്രദായത്തിലാണ് ബൈബിളിൽ അവതരിപ്പിച്ചിരിക്കുന്നത്. ഇത്തരം ബോധധാരാരീതി സക്കറിയ 'ഒരു പിടക്കോഴിയുടെ ആസന്നമരണ ചിന്തകൾ'[2] 'തട്ടിങ്കൽ കുഞ്ഞുവറീദ് പിന്തിരിഞ്ഞു നോക്കുന്നു',[2] 'ക്രെയ്ൻ ഷോട്ട്',[3] 'ബ്രദർ ലൂക്കോസും പിശാചും'[4] എന്നീ കഥകളിൽ ഉപയോഗിച്ചിട്ടുണ്ട്.

ബൈബിൾ വാക്യങ്ങളുടെ ഈണവും താളവും സക്കറിയയുടെ പലകഥകളിലുംഉണ്ട്. 'യേശു ജോർദ്ദാനിൽവച്ച് യോഹന്നാനിൽ നിന്നും സ്നാനം സ്വീകരിച്ചു. വെള്ളത്തിൽനിന്നു കയറുമ്പോൾ പെട്ടെന്ന് ആകാശം പിളരുന്നതും ആത്മാവ് പ്രാവിന്റെ രൂപത്തിൽ തന്റെമേൽ ഇറങ്ങിവരുന്നതും അവൻ കണ്ടു. സ്വർഗ്ഗത്തിൽനിന്ന് ഒരു സ്വരമുണ്ടായി: നീ എന്റെ പ്രിയ പുത്രൻ; നിന്നിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു.'[5] ഈ വാക്യങ്ങൾക്കുസമാനമായി 'അവിടെ അവർ വിശ്രമിക്കവേ ആകാശം പെട്ടെന്ന് അത്യുജ്ജ്വല മിന്നിൽപ്പിണരുകളാൽ നിറഞ്ഞതും, 'ഇവൾ എന്റെ പ്രിയപുത്രി! കള്ളം പറയുകയില്ലാത്തവൾ" എന്ന അശരീരി നാദം ഇടിവെട്ടൽപോലെ മുഴങ്ങിയതും, ആകാശമധ്യത്തിൽ ഇരുപതും അഞ്ചും നക്ഷത്രങ്ങളുടെ രണ്ടു സംഘങ്ങൾ നൃത്തം ചെയ്തതും, അവയുടെ പ്രകാശരേഖകൾ ഒന്നിച്ചൊഴുകിവന്ന് ഒരു പർണശാലയിൽ യോഗനിദ്രയിൽ ശയിച്ചിരുന്ന ചക്രവർത്തി മാതാവിനെ മഹാശോഭയിൽ ആവരണം

1. എസെക്കിയേൽ, *ബൈബിൾ പഴയനിയമം*, പുറം 857.
2. സക്കറിയ: *ഒരു നസ്രാണിയുവാവും ഗൗളിശാസ്ത്രവും,* 1991, പുറം 29.
3. സക്കറിയ: *കണ്ണാടികാണ്മോളവും*, 1998, പുറം 7.
4. സക്കറിയ: *കന്യാകുമാരി*,1999, പുറം 25.
5. മാർക്കോസ്, *ബൈബിൾ പുതിയനിയമം*, 1,9-11, പുറം 38.

ചെയ്തതും ഒക്കെ ഇന്നുചരിത്രം മാത്രമാണ്'[1] എന്നുണ്ട്. (തട്ടിങ്കൽ കുഞ്ഞുവറീദ് പിന്തിരിഞ്ഞു നോക്കുന്നു.)

'അടുത്തദിവസം തിരുനാളിനു വന്നുകൂടിയ ഒരുവലിയ ജനക്കൂട്ടം യേശു ജറുസലെമിലേക്കു വരുന്നെന്നു കേട്ട്, ഈന്തപ്പനയുടെ കൈകൾ എടുത്തുകൊണ്ട്' അവനെ എതിരേല്ക്കാൻ പുറപ്പെട്ടു. അവർ വിളിച്ചുപറഞ്ഞു: ഹോസാന! കർത്താവിന്റെ നാമത്തിൽ വരുന്നവനും ഇസ്രായേലിന്റെ രാജാവുമായവൻ വാഴ്ത്തപ്പെട്ടവൻ.'[2]

ഈ ബൈബിൾ വാക്യങ്ങൾക്കു സമാനമായി 'ക്രെയ്ൻഷോട്ടി'[3]ൽ 'ജനം എനിക്കുവേണ്ടി കരിങ്കടലിനെപ്പോലെ പിളർന്നു. പിന്നിൽ വീണ്ടും ഒന്നിച്ചുകൂടി, തിക്കിത്തിരക്കി. ഹോസാന! ഞാൻ ഉരുവിട്ടു. ഹോസാന! കുരുത്തോലകളും പരവതാനികളും എവിടെ?' എന്നുണ്ട്.

'പന്ത്രണ്ടു വർഷമായി രക്തസ്രാവമുള്ള ഒരു സ്ത്രീ ഉണ്ടായിരുന്നു.' അവൾ യേശുവിനെക്കുറിച്ചു കേട്ടിരുന്നു. ജനക്കൂട്ടത്തിനിടയിലൂടെ അവൾ അവന്റെ പിന്നിൽ ചെന്ന് വസ്ത്രത്തിൽ സ്പർശിച്ചു. തൽക്ഷണം അവളുടെ രക്തസ്രാവം നിലച്ചു. യേശുവാകട്ടെ തന്നിൽ നിന്നു ശക്തി പുറപ്പെട്ടെന്ന് അറിഞ്ഞ് പെട്ടെന്നു ജനക്കൂട്ടത്തിനു നേരെ തിരിഞ്ഞു ചോദിച്ചു: "ആരാണ് എന്റെ വസ്ത്രത്തിൽ സ്പർശിച്ചത്?"[4] ഈ ബൈബിൾ സംഭവത്തിന്റെ ആവിഷ്ക്കാരശൈലി കടംകൊണ്ടിട്ടുണ്ട് 'ക്രെയ്ൻഷോട്ടിൽ.' പെട്ടെന്നാരോ എന്നെ തൊട്ടു. ഹോ! ആരാണത്? ആർക്കാണ് എന്നെ സ്പർശിക്കാനുള്ള ഊറ്റം? ആരാണ് എന്റെ ഊർജ്ജം ചോർത്തുന്നത്? ആർ എന്റെ യാത്ര മുടക്കുന്നു? ഞാൻ കൊടുങ്കാറ്റുപോലെ തിരിഞ്ഞുനിന്നു. എന്റെ കണ്ണട ഊരി നിശിതങ്ങളായ നോട്ടങ്ങളാൽ എന്റെ നയനങ്ങൾ നിറച്ചുകൊണ്ട് ഞാൻ ചോദിച്ചു. ആരാണ് എന്നെ തൊട്ടത്? ആർ? (ക്രെയ്ൻ ഷോട്ട്)

1. സക്കറിയ: *ഒരു നസ്രാണി യുവാവും ഗൗളിശാസ്ത്രവും*, 1991.
2. യോഹന്നാൻ, *ബൈബിൾ പുതിയനിയമം*, 12, 12-13.
3. സക്കറിയ: *കണ്ണാടി കാണ്മോളവും*, 1998.
4. മർക്കോസ്, *ബൈബിൾ പുതിയ നിയമം*, 5, 25-31

പാരഡികൾ നിർമ്മിക്കുന്നതിൽ താത്പര്യം കാണിക്കാറുള്ള സക്കറിയ ബൈബിൾ വാക്യങ്ങൾക്കും പാരഡികൾ നിർമ്മിച്ച് കഥകളിൽ പ്രയോഗിച്ചിട്ടുണ്ട്.

'അവിടുന്ന് അവനോടു കല്പിച്ചു: തോട്ടത്തിലെ എല്ലാ വൃക്ഷങ്ങളുടെയും ഫലം ഭക്ഷിച്ചുകൊള്ളുക. എന്നാൽ, നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിലെ ഫലം നീ തിന്നരുത്; തിന്നുന്ന ദിവസം നീ മരിക്കും.'[1] ആദമിനോട് ഇങ്ങനെ പറയപ്പെട്ടിരുന്നു: അല്ലയോ ആദമേ, ഇക്കാണുന്ന ഭൂഗർഭക്കനികൾ മാത്രം നീ ഭക്ഷിക്കരുത്. അപ്രകാരം ചെയ്താൽ കാര്യങ്ങൾ വഷളാകും കേട്ടോ. ശരി, നീ ശനിയാഴ്ച കണക്കു പുസ്തകവും കൊണ്ടു വാ.'

എന്നിട്ട് അലറുന്നു: 'ഈ പഴവർഗ്ഗങ്ങൾ തിന്നായ്ക! തിന്നാൽ നീയെല്ലാം ചത്തുപോകും. നിത്യസമ്മാനവും നഷ്ടപ്പെടും.' (നമ്മുടെ പറുദീസാനഷ്ടം)

'തിന്നരുതെന്നു ഞാൻ പറഞ്ഞ പഴം സ്ത്രീയുടെ വാക്കു കേട്ടു നീ തിന്നതുകൊണ്ടു നീ മൂലം മണ്ണ് ശപിക്കപ്പെട്ടതായിരിക്കും. ആയുഷ്കാലം മുഴുവൻ കഠിനാദ്ധ്വാനം ചെയ്ത് നീ അതിൽ നിന്നും കാലയാപനം ചെയ്യും."[2]

'ആദമും ഹവ്വയും കപ്പകട്ടു തിന്നു ജീവിക്കാൻ ശപിക്കപ്പെട്ടു. പിൽക്കാലങ്ങളിൽ, അവരുടെ വംശം ലോകമൊട്ടാകെ പരന്നു.' (നമ്മുടെ പറുദീസാ നഷ്ടം)

പ്രതീകങ്ങൾ ഉപയോഗിച്ച് നിഗൂഢസത്യങ്ങൾ അവതരിപ്പിക്കുന്ന സാഹിത്യശൈലിയാണ് ബൈബിളിലെ 'വെളിപാട്' പുസ്തകത്തിൽ സ്വീകരിച്ചിരിക്കുന്നത്. വെളിപാടു പുസ്തകത്തിലെ സാഹിത്യശൈലി സക്കറിയ ഉപയോഗിച്ചിട്ടുണ്ട്.

'ഒരു പുതിയ ആകാശവും പുതിയ ഭൂമിയും ഞാൻ കണ്ടു. ആദ്യത്തെ ആകാശവും ആദ്യത്തെ ഭൂമിയും കടന്നുപോയി. കടലും അപ്രത്യക്ഷമായി. വിശുദ്ധനഗര

1. ഉൽപത്തി, *ബൈബിൾ പഴയനിയമം* (2, 17), പുറം 2.
2. ഉൽപത്തി, *ബൈബിൾ പഴയനിയമം* (3, 17), പുറം.3.

മായ പുതിയ ജറുസലെം ഭർത്താവിനായി അണിഞ്ഞൊരുങ്ങിയ മണവാട്ടിയെപ്പോലെ സ്വർഗ്ഗത്തിൽനിന്ന്, ദൈവസന്നിധിയിൽ നിന്ന്, ഇറങ്ങി വരുന്നതു ഞാൻ കണ്ടു.'[1]

സൂര്യൻ അസ്തമിച്ചുകൊണ്ടിരിക്കവേ ഒരു വർഷകാലസന്ധ്യയ്ക്ക് താൻ ഒരു മലമുകളിൽ നില്ക്കുമ്പോൾ അകലത്തെ താഴ്വരകൾക്കും കുന്നുകൾക്കും മുകളിലൊരു മഴവില്ലു ജനിക്കുന്നതായിരുന്നു അതിന്റെ സ്വപ്നം. ആദ്യം ഈ മഴവില്ല് ഒരു വമ്പിച്ച വൃദ്ധി ചന്ദ്രനെപ്പോലെ ചക്രവാളത്തിനെതിരെ നിന്നു തുടിച്ചു. അതിന്റെ നിറങ്ങളിൽ നിലയ്ക്കാതെ നോക്കിനില്ക്കവെ മുമ്പിലെ മരങ്ങളും മലകളും മഴത്തുള്ളികളും പൂക്കളും കല്ലുകളും എല്ലാം അഴിയുന്നതായി, തമ്മിലലിയുന്നതായി തന്റെ നയനങ്ങളിൽ നിന്ന് തേഞ്ഞുമാഞ്ഞില്ലാതാകുന്നതായി തവളയ്ക്ക് അനുഭവപ്പെട്ടു.' (പ്രപഞ്ചത്തിന്റെ അവശിഷ്ടങ്ങൾ)[2]

'ഞാൻ വെണ്മയേറിയ ഒരു വലിയ സിംഹാസനവും അതിൽ ഇരിക്കുന്നവനെയും കണ്ടു. അവന്റെ സന്നിധിയിൽ നിന്നു ഭൂമിയും ആകാശവും ഓടിയകന്നു. അവയ്ക്ക് ഒരു സങ്കേതവും ലഭിച്ചില്ല. മരിച്ചവരെല്ലാവരും, വലിയവരും ചെറിയവരും, സിംഹാസനത്തിനു മുമ്പിൽ നില്ക്കുന്നതു ഞാൻ കണ്ടു.'[3]

ലൈബ്രറിയിൽ നിന്നിറങ്ങി മഠത്തിലെ മുറിയിൽ ചെന്ന് വേഷം മാറി അനസ്റ്റേസ്യ വെള്ളക്കുതിരപ്പുറത്തു പാഞ്ഞു പോകും. കൊടുങ്കാറ്റിന്റെ നടുവിൽ, ഗൊൽഗൊത്തയ്ക്കു സമമായ മലയുടെ ചുവട്ടിലെ വെള്ളച്ചാട്ടത്തിന്റെ തിരശ്ശീല കടന്ന് വിസ്താരമുള്ള ഗുഹയിലെ കുരിശിന്റെ സിംഹാസനത്തിൽ അനസ്റ്റേസ്യ ഇരിക്കും. എന്നിട്ട് കുറ്റവാളികളോടും തിന്മയുടെ മറ്റു പിന്നണിയാളുകളോടും നടത്തുന്ന യുദ്ധത്തിന്റെ കണക്കു നോക്കും.'[4] (ഇഷ്ടികയും ആശാരിയും).

---

1. യോഹന്നാൻ, വെളിപാട്, *ബൈബിൾ പുതിയ നിയമം* (21, 1-2), പുറം 294.
2. സക്കറിയ, *ഒരിടത്ത്,* 1978, പുറം 105.
3. യോഹന്നാൻ, വെളിപാട്, *ബൈബിൾ പുതിയ നിയമം* (20, 11-12, പുറം 293.
4. സക്കറിയ, *ഇഷ്ടികയും ആശാരിയും,* 1999, പുറം 19.

വിവിധാർത്ഥങ്ങൾ വികസ്വരമാവുന്ന വിവരണരീതി ബൈബിളിലെ കഥാവതരണരീതിയുടെ സവിശേഷതയാണ്. ഇത്തരം കഥാവതരണരീതി സക്കറിയയും സ്വീകരിച്ചിട്ടുണ്ട്.

'ചിറ്റപ്പൻ മുറ്റത്തുനിന്ന് തൊണ്ടയിലെവിടെയോ ഉള്ള ആ ചെറിയ ഒച്ചയോടെ ചിരിക്കുന്നു. ഉത്തമപുരുഷലക്ഷണങ്ങളുമായി ഇരുട്ടിൽ നിന്നു പറയുന്നു. "പിള്ളേരെ ജാരന്മാർക്ക് ഒരു വഴിയേ അറിയൂ എന്നു നിങ്ങൾ കരുതി, ഇല്ലേ? ഈ ലോകത്തിലെ എല്ലാ മറുവഴികളും അവരുടേതാണ്. എല്ലാ ഊടുവഴികളും കുറുക്കുവഴികളും."[1](ജാരപർവ്വം)

'പണ്ട് ഒരു മകൻ പിറന്ന ഓർമ്മയുമായി പാതിരാമണികൾ മുഴങ്ങിയപ്പോൾ പത്രോസ് പറഞ്ഞു: 'സിദ്ധാർത്ഥാ!' 'എന്താണ്?' 'ഇന്നു ക്രിസ്തുമസ്സാണ്.' 'അതെ.' സിദ്ധാർത്ഥൻ പറഞ്ഞു. 'ശരിയാണ്.' (ഒരു ക്രിസ്തുമസ് കഥ)[2]

'കൂട്ടുകാരാ', അയാൾ പറഞ്ഞു: 'ഇതു ലാസ്റ്റ് ഷോയായിരുന്നു. ഇനി തിരുത്തലുകളുടെ സാദ്ധ്യത പോലുമില്ല. നാളെ ഈ പെട്ടികൾ പട്ടണം വിടും.' (ലാസ്റ്റ് ഷോ)[3]

**4.7. ബൈബിൾ ശൈലികൾ, പ്രയോഗങ്ങൾ, ബിംബകല്പനകൾ**

ബൈബിളിൽ നിന്നും എടുത്തു ചേർത്തിട്ടുള്ള ശൈലികളും, പ്രയോഗങ്ങളും, ബിംബകല്പനകളും കഥയുടെ രൂപീകരണത്തിന് സക്കറിയക്ക് സഹായകമായിട്ടുണ്ട്.

'നിന്റെ ദൈവമായ കർത്താവിന്റെ നാമം വൃഥാ ഉപയോഗിക്കരുത്. തന്റെ നാമം വൃഥാ ഉപയോഗിക്കുന്നവനെ കർത്താവ് ശിക്ഷിക്കാതെ വിടുകയില്ല'[4] എന്ന് ബൈബിളിൽ പറയുന്നുണ്ട്. ദൈവത്തിന്റെ തിരുനാമം വൃഥാ പ്രയോഗിക്കരുത് എന്നത് ഒരു

1. സക്കറിയ, *സലാം അമേരിക്ക,* 1998, പുറം 20.
2. സക്കറിയ, *ആർക്കറിയാം,* 1998, പുറം 23.
3. ടി. പു. പുറം 27.
4. *ബൈബിൾ പഴയനിയമം*, പുറപ്പാട് (20:7), പുറം 68.

ശൈലിയായി പറയാറുണ്ട്. ഇത് 'രാധ രാധ മാത്രം' എന്ന കഥയിൽ വരുന്നുണ്ട്. 'ദൈവം, അതേസമയം തന്നെ, പേരില്ലാത്തവനുമാണല്ലോ. അത് ദൈവത്തിന്റെ ശക്തി. കാരണം, എല്ലാ പേരിന്റെയും ഉടമസ്ഥനും അവൻ തന്നെ. പഴയനിയമത്തിലെ ദൈവത്തിന്റെ മുഴങ്ങുന്ന ശബ്ദം എന്റെ പഴങ്കാലത്തുനിന്ന് എന്നെ പിന്തുടരുന്നു. ദൈവത്തിന്റെ തിരുനാമം നീ വൃഥാ പ്രയോഗിക്കരുത്.'[1] (രാധ രാധ മാത്രം)

'മൂന്നാംകിട സാഹിത്യത്തിന്റെ അന്ത്യം' എന്ന കഥയിലും ചില ശൈലികൾ ഉണ്ട്.

'ഈസാ: ദൈവം പാപിയെ പനപോലെ വളർത്തും എന്നൊരു ചൊല്ലുണ്ട്. തല വെട്ടുന്ന ഞാൻ പാപത്തെ നശിപ്പിക്കുന്നു.'

'മാലാഖ കണ്ണും ചുവപ്പിച്ച് ഈസായുടെ വരവും നോക്കി നിന്നു. എന്നിട്ട് അദ്ദേഹത്തോടു തട്ടിക്കയറി: 'സാഹിത്യകാരനാണെങ്കിലും ശരി, തന്റെ കുരിശു താൻ തന്നെ ചുമക്കാൻ പഠിക്കണം.' (മൂന്നാംകിട സാഹിത്യകാരന്റെ അന്ത്യം)[2]

'ജാരപർവ്വ'ത്തിലും യേശുവുമായി ബന്ധപ്പെട്ട ശൈലി കടന്നുവന്നിട്ടുണ്ട്. 'ജാരന്റെ മുഖം വിളറുന്നു. ചിറ്റമ്മയുടെ കണ്ണുകൾ എന്നെ നേരിടുന്നു. ഞാൻ പറയുന്നു: "ചിറ്റമ്മേ, തമ്പുരാൻകർത്താവും ഒരു മരയാശാരിയായിരുന്നതുകൊണ്ട് ഞാനിവെ ചവുട്ടുന്നില്ല." ഞാൻ ഇറങ്ങിപ്പോരുന്നു."[3] (ജാരപർവ്വം)

'ദൈവം അറിയാതെ ഒന്നും സംഭവിക്കില്ല' എന്ന വിശ്വാസത്തിൽ നിന്നും രൂപം കൊണ്ട ശൈലി 'ബാറി'ൽ ഉണ്ട്.

'ജോസ് പറഞ്ഞു: 'അത് ശരിയാണ്.' അവർ കുറച്ചു സമയം ഒന്നും മിണ്ടിയില്ല. അപ്പോൾ ജോസ് പറഞ്ഞു: 'ഇതൊക്കെ ദൈവം അറിഞ്ഞുകൊണ്ട് തന്നെയായിരി

1. സക്കറിയ, *സലാം അമേരിക്ക*, 1998, പുറം 25.
2. സക്കറിയ, *ഒരു നസ്രാണിയുവാവും ഗൗളിശാസ്ത്രവും,* 1991, പുറം 72.
3. സക്കറിയ, *സലാം അമേരിക്ക*, 1998,പുറം 20.

ക്കുമോടാ നടക്കുന്നത്?' ദാമോദരൻ ഗ്ലാസ്സിലെ മദ്യം തീർത്തുകൊണ്ട് പറഞ്ഞു: 'പിന്നെയല്ലാതെ?' ജോസ് പറഞ്ഞു: 'എന്നാൽ പിന്നെ സാരമില്ല.' എന്നിട്ട് കരയാൻ തുടങ്ങി.' (ബാർ)[1]

ജിവിതത്തിൽ കഷ്ടതകളും, വേദനകളും വരുമ്പോൾ കുരിശിൽ തറയ്ക്കപ്പെട്ട യേശുവിനോടു സാദൃശ്യപ്പെടുത്തി പറയാറുണ്ട്. അത്തരം പ്രയോഗം കഥയിൽ ഉപയോഗിച്ചിട്ടുണ്ട്.

'വിറയ്ക്കുന്ന ശരീരവുമായി ഞാൻ ചാടിപ്പിടഞ്ഞെണീറ്റു. തലചുറ്റുംപോലെ തോന്നി. കുഴയുന്ന കാലുകളുമായി ഞാൻ ഭിത്തിയിൽ ചാരിനിന്നു കണ്ണുകളടച്ചു. എന്റെ കണ്ണുകളിലെ ഇരുട്ടിൽ കൊടുങ്കാറ്റിൽ പതിഞ്ഞു നിൽക്കുന്ന മരത്തലപ്പുകളെപ്പോലെ എന്റെ ജീവിതത്തിന്റെ ധാര പ്രത്യക്ഷപ്പെട്ടു. മരണക്കാറ്റ്. ക്രൂശിതനെപ്പോലെ ഭിത്തിയിൽ ചാരി കൈകൾ ഇരുവശവും നീട്ടിപ്പിടിച്ചുകൊണ്ട് ഞാൻ എന്റെ കിടിലങ്ങളെ അനുഭവിച്ചു. (ജോസഫ് നല്ലവന്റെ കുറ്റസമ്മതം)[2] എന്തൊക്കെ തെറ്റുകൾ ചെയ്തു എന്ന് മനസ്സിൽ പുനർചിന്ത നടത്തുന്നതാണ് 'ആത്മശോധന.' 'കുമ്പസാര'ത്തിനു മുമ്പായി ആത്മശോധന ചെയ്യാറുണ്ട്. 'ഇഷ്ടികയും ആശാരിയും' എന്ന കഥയിൽ 'ആത്മശോധന' എന്ന പ്രയോഗം ഉണ്ട്.

'ഇതു ശരിയോ തെറ്റോ എന്ന് എനിക്കറിഞ്ഞുകൂടാ. ദൈവത്തിന് എന്നെ നല്ലവനാക്കാമായിരുന്നു. പക്ഷേ, എന്തുകൊണ്ടോ അദ്ദേഹം എനിക്കു രൂപാന്തരം വരുത്തി. കഷ്ടം, നഷ്ടം എന്റേതുമാത്രം. പ്രിയപ്പെട്ട നാട്ടുകാരേ, നിങ്ങൾ എന്റെ കഥ കേൾക്കുവിൻ. നിങ്ങളും 'ആത്മശോധന' ചെയ്യുവിൻ. (ഇഷ്ടികയും ആശാരിയും.)[3]

---

1. സക്കറിയ, *കന്യാകുമാരി*, 1999, പുറം 66.
2. സക്കറിയ, *ഒരിടത്ത്,* 1978, പുറം 209.
3. സക്കറിയ, *ഇഷ്ടികയും ആശാരിയും,* 1999.

ചെയ്തുപോയ തെറ്റുകളെക്കുറിച്ച് ദുഃഖിച്ച് അവയിൽനിന്നും പിന്മാറുന്നതാണ് 'മാനസാന്തരം'. 'യേശുവിന് വഴിയൊരുക്കാൻ വന്ന യോഹന്നാൻ പാപമോചനത്തിനുള്ള മാനസാന്തരത്തിന്റെ ജ്ഞാനസ്നാനമാണ് പ്രസംഗിച്ചത്.'[1] 'മൂന്നാംകിട സാഹിത്യത്തിന്റെ അന്ത്യ'ത്തിലും 'മാനസാന്തരം'വന്ന കോൾഗേളിനെക്കുറിച്ച് പറയുന്നുണ്ട്.

'ഒത്തമുകളിൽ ചെന്നപ്പോൾ ഒരു ചുവന്ന വെളിച്ചവും ഒരു പൊട്ടലും ഉണ്ടായി. ക്രിസായും കുരിശും ഒന്നിച്ച് അപ്രത്യക്ഷമായി എന്നാണ് അവൾ പറയുന്നത്. ഇതോടെ 'മാനസാന്തരം"വന്ന അവൾ കാൾഗേൾ ജോലി നിർത്തി ഒരു വ്യവസായിയുടെ സെക്രട്ടറിയും കാലക്രമേണ വെപ്പാട്ടിയും ആയിത്തീർന്നു.'[2] (മൂന്നാംകിട സാഹിത്യത്തിന്റെ അന്ത്യം).

പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നിങ്ങനെ മൂന്നാളുകൾ ചേർന്നാണ് ഏകദൈവം. 'ത്രിത്വം' എന്ന വാക്കുകൊണ്ട് ഈ ദൈവികരഹസ്യം സൂചിപ്പിക്കുന്നത്. സാഹിത്യത്തെക്കുറിച്ച് പറയുമ്പോൾ 'ത്രിത്വം' എന്ന പ്രയോഗം നടത്തിയിട്ടുണ്ട്.

'ആത്യന്തികമായി നോക്കിയാൽ സാഹിത്യത്തിൽ ഒന്നാന്തരമെന്നോ മൂന്നാന്തരമെന്നോ വിഭാഗങ്ങളില്ല. 'ത്രിത്വം' പോലെയോ, അദ്വൈതം പോലെയോ എല്ലാം ഒന്നു തന്നെ എന്നു ക്രിസാ പൊതുവായ സംസാരങ്ങളിൽ സൂചിപ്പിച്ചു.' (മൂന്നാംകിട സാഹിത്യത്തിന്റെ അന്ത്യം).

പരിശുദ്ധിയെയും, നിഷ്കളങ്കതയെയും സൂചിപ്പിക്കാനാണ് 'മാലാഖ' എന്ന വാക്ക് ഉപയോഗിക്കാറ്. ആക്ഷേപഹാസ്യശൈലിയിലാണെങ്കിലും 'സത്യപ്രതിജ്ഞ'യിൽ ബിംബാത്മകമായി ഈ വാക്കുണ്ട്.

1. ലൂക്കാ, *ബൈബിൾ പുതിയനിയമം* 3,3, പുറം 64.
2. സക്കറിയ: *ഒരുനസ്രാണി യുവാവും ഗൗളിശാസ്ത്രവും,* 1991, പുറം 72.

'ഞാൻ സഖാവിനെ സ്വപ്നത്തിൽകണ്ടു. രണ്ടു ചെങ്കൊടിച്ചിറകുകൾ വീശി, പേട്രിയറ്റ് പത്രത്തിന്റെ ഒരുകോപ്പി കക്ഷത്തിൽവെച്ചുകൊണ്ട് സഖാവ് ഒരു 'മാലാഖ'യെപ്പോലെ പറന്നുവന്ന് എന്നോടു പറഞ്ഞു'.(സത്യപ്രതിജ്ഞ)[1]

'പറുദീസ' എന്ന വാക്ക് ദുഃഖങ്ങളൊന്നുമില്ലാത്ത സുഖസമൃദ്ധയെ സൂചിപ്പിക്കാനാണ് ഉപയോഗിക്കാറ്. ബൈബിളിൽ, ആദിമാതാപിതാക്കളായിരുന്ന ആദത്തിനെയും, ഹവ്വയെയും ദൈവം പാർപ്പിച്ചിരുന്ന തോട്ടമാണ് 'പറുദീസ'. ആക്ഷേപഹാസ്യരൂപത്തിൽ തന്നെ 'പറുദീസ'യും 'സത്യപ്രതിജ്ഞ'യിൽ ബിംബാത്മകമായി വന്നിട്ടുണ്ട്.

'നീ ലെനിൻ സഖാവിലും പണിക്കാരുടെ 'പറുദീസ'യിലും വിശ്വസിക്കുന്നോ?'

'പണക്കാരുടെ പറുദീസ ഇന്ത്യയിലെന്നുവരും?'

'ഏ.ഐ.ടി.യു.സി, ഐ.എൻ.ടി.യു.സിയിൽ ലയിക്കുമ്പോൾ. കൊള്ളാം പണക്കാരുടെ 'പറുദീസ' ഇന്ത്യയിലെന്നുവരും?' (സത്യപ്രതിജ്ഞ)

യഥാർത്ഥസ്നേഹിതനാര്? എന്ന ചോദ്യത്തിന് മറുപടിയായിട്ടാണ് 'ശമരിയാക്കാരന്റെ ഉപമ' യേശു ശിഷ്യന്മാർക്ക് പറഞ്ഞുകൊടുത്തത്. നന്മ ചെയ്യുന്നവരെ ശമരിയാക്കാരൻ എന്നു വിശേഷിപ്പിക്കാറുണ്ട്. നന്മയും ബിംബങ്ങളായി 'ശമരിയാക്കാരനും അയാളുടെ കോവർ കഴുതയും' 'ജോസഫ് നല്ലവന്റെ കുറ്റസമ്മത'ത്തിൽ വരുന്നുണ്ട്.

'ഒരു ക്രിസ്ത്യാനിയായ എന്റെ ചുമതല എന്താണ്? എന്റെ വേദപാഠപുസ്തത്തിലെ ഒരു പടമായിരുന്നു, ജെറീക്കോയിലേക്കുള്ള ഇരുണ്ടപാതയുടെ വക്കിൽ വീണുകിടക്കുന്നവനെന താങ്ങിയെണീപ്പിക്കുന്ന 'ശമരിയാക്കാര'ന്റേത്. പാതയിൽ

1. സക്കറിയ: *ഒരിടത്ത്*,പുറം 71.

അയാളുടെ കോവർ കഴുത ശാന്തമായി കാത്തുനിന്നു.'[1] (ജോസഫ് നല്ലവന്റെ കുറ്റസമ്മതം).

'ഉണ്ണിയേശുവിന്റെ പ്രതിമയ്ക്ക്' 'പത്രം' എന്ന കഥയിൽ ഒഴിവാക്കാനാവാത്ത ഒരു അദൃശ്യസ്ഥാനം ഉണ്ട്.

'അവിടെ വഴിയരികിൽ സ്ഥാപിച്ചിരിക്കുന്ന ഉണ്ണിയേശുവിന്റെ പ്രതിമയ്ക്കുചുറ്റുമുള്ള വിദ്യുത് പ്രവാഹാലങ്കാരത്തിൽ ആകൃഷ്ടനായി നില്ക്കവേ, അയാളുടെ കണ്ണുകൾ ബാലയേശുവിന്റെ മുഖത്ത് പതിച്ചു. തന്റെ മകന്റെ മുഖംതന്നെയാണ് യേശുവിനും എന്നയാൾക്കു തോന്നി. ആ സന്തോഷംകൊണ്ട് അന്ന് അവിടെയൊരു കടത്തിണ്ണയിൽ കിടന്നുറങ്ങി. പിന്നെ അവിടത്തന്നെ ജിവതം തുടർന്നു. പക്ഷേ, പിന്നീടൊരിക്കലും അയാൾ ഉണ്ണിയേശുവിന്റെ മുഖത്തുനോക്കിയിട്ടില്ല. തന്റെ മകന്റെ ഓർമ്മ തിരിച്ചുവന്ന്, ഹൃദയത്തെ വ്രണപ്പെടുത്താൻ അയാൾ അയാൾ അനവദിച്ചില്ല.'

'ബസ് അയാളെയുംകൊണ്ട് പാഞ്ഞുപോകുന്നതും കാണാൻ മാത്രമേ അവർക്കു കഴിഞ്ഞുള്ളൂ. അവരുടെ സംഘത്തിനു പിന്നിൽ ഉണ്ണീശോയുടെ പ്രതിമയെചുറ്റി വിദ്യുത് വെളിച്ചം പാഞ്ഞുനടന്നു.' (പത്രം)[2]

ബൈബിൾ വായിച്ചിട്ടില്ലാത്തവരും, ബൈബിളിലെ കാര്യങ്ങൾ കേട്ടിട്ടില്ലാത്തവരും പോലും പലപ്പോഴും ബൈബിളിൽനിന്നും, ക്രൈസ്തവജീവിതത്തിലും, ആചാരങ്ങളിൽനിന്നുമൊക്കെ ഉരുത്തിരിഞ്ഞുവന്നിട്ടുള്ള ശൈലികളും, ബിംബങ്ങളും, പ്രയോഗങ്ങളുമൊക്കെ സാന്ദർഭികമായി ഉപയോഗിക്കാറുണ്ട്. പ്രചാരത്തിലൂടെയും ഉപയോഗത്തിലൂടെയും സാധാരണമായി തീർന്നിട്ടുള്ളവയാണ് ഇവയിൽ പലതും. ക്രിസ്ത്യൻ കുടുംബത്തിലും, ചുറ്റുപാടിലും വളർന്ന സക്കറിയ ഭാഷകൈകാര്യം ചെയ്തപ്പോൾ

1. സക്കറിയ: *ഒരിടത്ത്,* പുറം 212.
2. സക്കറിയ: *കന്യാകുമാരി,* പുറം 97.

സ്വാഭാവികമായും ഇവയുടെ പ്രയോഗവും കടന്നുകൂടിയിട്ടുണ്ട്. കഥയുമായി ഇണങ്ങി ച്ചേർന്നുപോകുന്ന ഇവയെ വേറിട്ട് എടുത്തുകാണിക്കുമ്പോൾ മാത്രമേ പലതും ശ്രദ്ധി ക്കപ്പെടുന്നുള്ളു.

**4.8. നസ്രാണി വ്യവഹാരഭാഷ**

സക്കറിയയുടെ കഥകളിലെല്ലാംതന്നെ ഒരു നസ്രാണി വ്യവഹാരഭാഷയുടെ സ്പർശമുണ്ട്. ഉരുളികുന്നം എന്ന ഗ്രാമത്തിൽ ജനിച്ചുവളർന്ന തനിക്ക് ആ ഗ്രാമം ആടയാഭരണങ്ങളില്ലാത്ത ഒരു ഭാഷ തന്നു. ആ ഭാഷയുടെ പിന്നിൽ ഒരു ജീവിതലാളി ത്യമുണ്ടായിരുന്നുവെന്ന് സക്കറിയ പറയുന്നുണ്ട്.[1] സക്കറിയയുടെ ഓരോ കഥയും രൂപപ്പെട്ടത് ഈ ലാളിത്യം നിറഞ്ഞ ഭാഷയിലാണ്.

'അമേരിക്കേൽ ഞാൻ ഒണ്ടാരുന്നടത്തോളം എനിക്കു നല്ല സുഖമാരുന്നു. കൈപി ടിയൊള്ള ഒരു വല്യകുപ്പിക്കകത്താ ജോണീ വാക്കറ് വരുന്നത്. റോയൽ സല്യൂട്ട് എത്ര വേണം ഭരണിക്കണക്കിന്. വെല നല്ല ലാഭോം. കപ്പയ്ക്കുകപ്പ. നല്ല മയമൊള്ള കപ്പ ഒരു വാട്ടമോ കരുവാളിപ്പോ ഇല്ലാതെ പ്ലാസ്റ്റിക്കിൽ പൊതിഞ്ഞ് ഇഷ്ടംപോലെ.'[2]

കൃഷിയും പണിക്കാരുമൊക്കെയായി കഴിഞ്ഞുപോകുന്ന ഒരു സംസ്കാരവും, കുടുംബപശ്ചാത്തലവുമായി ബന്ധപ്പെട്ട ഭാഷയാണ് പ്രെയ്സ് ദി ലോർഡിൽ ഉള്ളത്.

'എനിക്ക് ഈ ഇരിപ്പ് ഇങ്ങനെ ഇരിക്കുന്നതാ ഏറ്റവും ഇഷ്ടം. വരാന്തേലോട്ടു ചാരുകസേരേം വലിച്ചിട്ടു മിറ്റത്തോട്ടുനോക്കി ഒറ്റ ഇരിപ്പ്. പണിക്കാര് വരുന്നു, പോകു ന്നു, വല്ലപ്പോഴും അടുക്കളേന്ന് ആൻസി എന്തെങ്കിലുമൊന്നു ചോദിക്കുന്നു. മിറ്റത്തു വിരിച്ച പരമ്പേലെല്ലാം കപ്പേം നെല്ലും ജാതിക്കായും ഒണങ്ങുന്നു. പറമ്പിലോട്ടു നോക്കി

1. സക്കറിയ: ഉരുളികുന്നത്തിന്റെ ലുത്തിനിയ, *ഭാഷാപോഷിണി*, പുസ്തകം22, ലക്കം 1, ജൂൺ 1998, പുറം 6.
2. സക്കറിയ: *സലാം അമേരിക്ക*, 1998, പുറം 49.

യാൽ കുരുമുളകും റബറും തെങ്ങും കൊക്കോയും ആരും ഒന്നും പറയാതെ സന്തോഷമായിട്ടു വളരുന്നു.' (പ്രെയ്സ് ദി ലോർഡ്)[1]

വൈദികരിൽ പ്രധാനികളായിട്ടുള്ളവരുമായുള്ള ബന്ധം കുടുംബമഹത്വമായി കരുതുന്ന ക്രൈസ്തവസംസ്കാരത്തെക്കുറിച്ച് 'ഇഷ്ടികയും ആശാരിയും' പറയുന്നുണ്ട്.

'മലയാളം എം.എ. രണ്ടാംക്ലാസ്സിൽ പാസായി കുറേ മാസങ്ങൾ കഴിഞ്ഞിട്ടും യാതൊരു ജോലിയും കിട്ടാതെ വന്നപ്പോൾ ബാബു മെത്രാനച്ചനെ കാണാൻ തീരുമാനിച്ചു. ആദ്യം അവൻ അമ്മയുടെ ഏറ്റവും മൂത്ത ചേച്ചിയെ പോയികണ്ടു. ആ പേരമ്മയുടെ ഏറ്റവും ഇളയ അളിയൻ കെട്ടയിരുന്നത് മെത്രാനച്ചന്റെ രണ്ടാമത്തെ പെങ്ങളുടെ മൂത്തമകളെയായിരുന്നു. പേരമ്മ  പറഞ്ഞു, 'ഞാൻ അച്ചാമ്മയെക്കൊണ്ട് പറയിപ്പിക്കാം. നീ പൊയ്ക്കോ. ജോലി കിട്ടിയാൽ ഞങ്ങൾക്കു ചീത്തപ്പേരു വരുത്തരുതേ. അതോർത്താൽമതി. ബാബു പറഞ്ഞു, 'അതെന്നാ പേരമ്മേ? എന്നെ വിശ്വാസമില്ലേ?'[2]

'സലാം അമേരിക്ക'യിൽ സക്കറിയയുടെ ചടുലഗദ്യം പാലാകുറവിലങ്ങാട് പ്രദേശങ്ങളിൽ ഉപയോഗിക്കുന്ന വായ്മൊഴിയോട് വളരെ സാമ്യമുള്ള ഒരു സൃഷ്ടിയാണെന്ന് എ.ജെ.തോമസ്സും,[3] 'സലാം അമേരിക്ക'യിൽ പാലാക്കാരൻ നസ്രാണിയുടെ നാടൻ ഭാഷയുടെ സുഖപ്രദമായ പടവുകൾ ഇറങ്ങിവരുന്നതായി മണർക്കാടു മാത്യു[4]വും രേഖപ്പെടുത്തിയിട്ടുണ്ട്.

കഥകളുടെ ആവിഷ്കാർതതിന് ബൈബിളും, ക്രൈസ്തവികമായ ചുറ്റുപാടുകളും സക്കറിയക്ക് പ്രയോജനപ്പെട്ടിട്ടുണ്ട്. ചെറിയ ചെറിയ വാക്യങ്ങൾ സംയോജിപ്പി

1. സക്കറിയ: *പ്രെയ്സ് ദി ലോർഡ്,* 1999, പുറം 9.
2. സക്കറിയ: *ഇഷ്ടികയും ആശാരിയും*, 1999, പുറം 11.
3. എ.ജെ. തോമസ്: രണ്ടുമീനച്ചിൽകാർ, *സാംസ്കാരികവികാരം സാഹിത്യമാസിക*, പുസ്തകം 1, ലക്കം 8, 2005, പുറം 43.
4. മണർക്കാടു മാത്യു: എനിക്കുലാഭം ആത്മസംതൃപ്തിമാത്രം, *സാംസ്കാരികവികാരം സാഹിത്യമാസിക*, പുസ്തകം1, ലക്കം8 2005, പുറം 49.

ച്ചുണ്ടാക്കുന്ന ഒരു സാഹിത്യതാളം സക്കറിയയുടെ കഥകളിലുണ്ട്. തന്റേതായ രചനാശൈലിയും, ഭാഷയും ഉപയോഗിച്ച് നിർമ്മിച്ചിരിക്കുന്ന ശില്പങ്ങളാണ് സക്കറിയയുടെ ഓരോ കഥയും. 'സൃഷ്ടി നൽകുന്ന ആനന്ദത്തെ ഒരു രക്ഷസ്സായി കണ്ടുകൊണ്ട് അതിനെ ആവാഹിക്കാൻവേണ്ടി ഭാഷകൊണ്ട് നിർമ്മിക്കുന്ന ഒരു ആഭിചാരകർമ്മമാണ് സക്കറിയയുടെ കല എന്നാണ് കെ.പി.അപ്പൻ പറഞ്ഞിട്ടുള്ളത്.'[1] ബൈബിളും, ലിറ്റർജിയും, ക്രൈസ്തവജീവിതവുമൊക്കെ ഈ ഭാഷാ സൃഷ്ടിയിലും കഥനശൈലിയിലും, കഥാഘടന രൂപീകരണത്തിലും സക്കറിയക്ക് ഉപകരണങ്ങളോ മാധ്യമങ്ങളോ ആണ്.

1. കെ.പി.അപ്പൻ: കഥ ആഖ്യാനവും അനുഭവസത്തയും, 1999, പുറം 103.

## അധ്യായം അഞ്ച്

## ബൈബിൾ സ്വാധീനം സക്കറിയയുടെ കഥകളുടെ ദർശനത്തിൽ

തനിക്കു ചുറ്റും കാണുന്ന കാലികമായ സംഭവങ്ങളെ വ്യത്യസ്തമായ കാഴ്ച പ്പാടിൽ വിലയിരുത്തുകയും, വേറിട്ട ചിന്താഗതി സധൈര്യം അവതരിപ്പിക്കുകയും ചെയ്യുന്ന സാഹിത്യകാരനാണ് സക്കറിയ. സക്കറിയയുടെ ചിന്തകളിലെ ഈ നൂത നത്വം ബൈബിളിനോടും, ക്രൈസ്തവസഭയോടും, ക്രിസ്തുമതാനുഷ്ഠാനങ്ങളോ ടുമുള്ള അദ്ദേഹത്തിന്റെ സമീപനത്തിലും ഉണ്ട്. ബൈബിൾ സംഭവങ്ങൾക്കും, വിവ രണങ്ങൾക്കും ക്രൈസ്തവസഭ നല്കി വരുന്ന ഏകമാനതലത്തിലുള്ള പഠനങ്ങളെ അംഗീകരിക്കാൻ സക്കറിയ കൂട്ടാക്കുന്നില്ല. 'പൗലോസ് ഒരു മതമുണ്ടാക്കി. അതിന്റെ യുള്ളിൽ പ്രതിഷ്ഠിക്കത്തക്ക രീതിയിലുള്ള യേശു എന്ന വിഗ്രഹത്തിൽ എനിക്കൊരു താല്പര്യവുമില്ല. എനിക്ക് പ്രകൃതിയോ ഈശ്വരനോ ബുദ്ധി തന്നിട്ടുണ്ടെങ്കിൽ അത് ഉപയോഗിക്കാനായിട്ടാണ് തന്നിരിക്കുന്നത്. ഇവരാരെങ്കിലും പറഞ്ഞുവെച്ചിരിക്കുന്ന കാര്യങ്ങൾ അപ്പടി വിശ്വസിച്ച് അതിനു പിറകെ പോകാൻ ഞാൻ തയ്യാറല്ല[1] എന്നാണ് സക്കറിയ പറയുന്നത്. സക്കറിയയുടെ ഈ ദർശനം അദ്ദേഹത്തിന്റെ കഥകളിലും പ്രകടമായി കാണാം. കഥകളിലൂടെ സുവിശേഷങ്ങളിൽ പറഞ്ഞിരിക്കുന്നതിലും വ്യത്യ സ്തമായ സാഹചര്യങ്ങളിൽ സക്കറിയ യേശുവിനെ പരിചയപ്പെടുത്തുന്നുണ്ട്. 'യേശു വിനെപ്പോലെ ധ്യാനിക്കാനോ ദർശനങ്ങൾ അനുഭവിക്കാനോ കുരിശിൽ മരിക്കാനോ

---

1. സക്കറിയയുമായി രാമചന്ദ്രൻ നടത്തിയ സംഭാഷണം, (എന്റെ യേശു - അവരുടെയും.) *സാംസ്കാരികവികാരം സാഹിത്യമാസിക*, പു. 14

സാധാരണ മനുഷ്യനു വിഷമമാണ്. പക്ഷേ, യേശുവിന്റെ സുപ്രസിദ്ധമായ മനുഷ്യ സങ്കല്പം – സാഹോദര്യം, സ്നേഹം, സത്യം, കരുണ, സമാധാനം തുടങ്ങിയ മാനു ഷിക മൂല്യങ്ങളിൽ അടങ്ങിയിരിക്കുന്ന മനുഷ്യസങ്കല്പം സാധാരണ മനുഷ്യനുവേ ണ്ടിതന്നെയാണ് യേശു നിർമ്മിച്ചത്'[1] എന്ന് സക്കറിയ പറയുന്നു. ഈ മനുഷ്യസങ്ക ല്പത്തെ യഥാർത്ഥ്യമാക്കി ജീവിതത്തിൽ പകർത്താൻ കഴിയാതെ പോകുന്നതാണ് ക്രിസ്ത്യാനിയുടെ പരാജയമെന്ന് പറയുന്നു.

**5.1. ക്രിസ്തുവിലെ ദൈവികതയുടെ ദർശനം**

മനുഷ്യനായി പിറന്ന ദൈവപുത്രൻ എന്നു വിശേഷിപ്പിക്കപ്പെടുന്ന ക്രിസ്തു വിലുള്ള ദൈവികതയെ സക്കറിയ കണ്ടെത്തിയിട്ടുണ്ട്. ക്രിസ്തു മരണശേഷം ഉയർത്തെ ഴുന്നേറ്റു എന്നതാണ് ക്രിസ്തുവിനെ ദൈവികതയിലേക്ക് ഉയർത്തുന്നത്. ഈ ദൈവി കതയെ മുറുകെ പിടിച്ചുകൊണ്ടാണ് യേശുവിനെ ലോകമെങ്ങും പ്രചരിപ്പിച്ചതും ക്രിസ്തുമതം സ്ഥാപിച്ചതും. ഈ ഉയിർത്തെഴുന്നേല്പിനെ ഒരു യാഥാർത്ഥ്യമായി സക്കറിയ അംഗീകരിച്ചിരുന്നു എന്ന് 'എന്തുണ്ടു വിശേഷം, പീലാത്തോസേ?'[2] എന്ന കൃതി വെളിപ്പെടുത്തുന്നു.

ദൈവമായി ക്രിസ്തുവിനെ അംഗീകരിക്കുമ്പോഴും സക്കറിയയുടെ മനസ്സിൽ ക്രിസ്തു പൂർത്തിയാക്കിയ ജീവിതത്തിൽ സംഭവിച്ച പല കാര്യങ്ങളെക്കുറിച്ചും സംശയം ബാക്കിയുണ്ട്. ഇവയെക്കുറിച്ചുള്ള തന്റെ കാഴ്ചപ്പാടുകൾ കഥയിലൂടെ അവ തരിപ്പിച്ചിരിക്കുകയാണ്. പീലാത്തോസിന്റെ മുമ്പിൽ ഹാജരാക്കപ്പെട്ട യേശുവിനെ രക്ഷിക്കാൻ പീലാത്തോസ് ആത്മാർത്ഥമായി ആഗ്രഹിച്ചിരുന്നു. എന്നാൽ രക്ഷിക്കാൻ സാധിച്ചില്ല. രക്ഷകന്മാരും ചരിത്രത്തിന്റെ ചൂണ്ടയിൽ കുടുങ്ങിയവരാണ്. ചരിത്രം അവരെ കൊല്ലുന്നു. സ്വയം രക്ഷിക്കാൻ സാധിക്കാത്ത ഒരു രക്ഷകനെയല്ല സക്കറിയ

1. സക്കറിയ, *അമൃതാനന്ദമയി ഘട്ടം രണ്ട്*, 2003, പുറം 28.
2. സക്കറിയ, *എന്തുണ്ടു വിശേഷം പീലാത്തോസേ?*, 1998

ഇഷ്ടപ്പെടുന്നത്. രക്ഷകൻ എന്നു പറയുന്നയാൾക്ക് ഈ ലോകം മുഴുവനെയും ഒരു നിമിഷം കൊണ്ട് എല്ലാ കുറവും തീർത്ത് രക്ഷിച്ച് ആനന്ദപൂർണ്ണമാക്കാനുള്ള സംവിധാനം വേണം. ആ ആനന്ദം കണ്ടാനന്ദിച്ച്, മരിക്കാതെ രക്ഷകപദവിയനുഭ വിച്ച് ജീവിച്ചുകൊണ്ടേയിരിക്കാനുള്ള ശേഷി വേണം. അതിനാവശ്യമായ അധികാ രമോ സൈന്യമോ മാന്ത്രികശക്തിയോ എന്താണ് വേണ്ടതെന്നു വച്ചാൽ അതൊക്കെ വേണം. അല്ലാതെ ഒരു നിമിഷം രക്ഷകനും, അടുത്ത നിമിഷം രക്ഷിക്കപ്പെടേണ്ടവനു മാകുന്നത് പിന്നാലെ കൂടുന്നവരെയും, അവനവനെത്തന്നെയും കബളിപ്പിക്കുന്ന പണി യാണ്. എന്നാൽ പുരോഹിതപ്പരിഷകളുടെ ശിക്ഷ ഏറ്റുവാങ്ങുമ്പോഴും അങ്ങനെയ ങ്ങ് പോകേണ്ട ആളല്ല യേശു എന്ന തോന്നൽ യേശുവിലെ ദൈവികത ഉയർത്തിയി രുന്നു. അപകടത്തിന്റെ നടുവിലും യേശുവിന്റെ മനസ്സ് വേറെങ്ങോ ആയിരുന്നു. മന സ്സിൽ നന്മയുള്ളവർക്ക് തിരിച്ചറിയാവുന്ന, അടുക്കാവുന്ന, എന്തോ ഒന്ന് യേശുവിലു ണ്ടായിരുന്നു. അത് യേശുവിന്റെ മുഖത്തെ ചിന്താഭാരത്തിനും, അവശതയ്ക്കും അപ്പു റത്ത് നിഴലിക്കുന്നുണ്ടായിരുന്നു. ഒരുപിടികൊടുക്കാത്ത മനോഭാവം. മീനിന്റെ പോലുള്ള ഒരു വഴുതൽ സ്വഭാവം നമ്മൾ എത്ര കൈയെത്തിച്ചാലും തൊട്ടപ്പുറത്തു നില്ക്കുമെന്ന ഒരു മർക്കടമുഷ്ടി. അതേസമയം യേശുവിന്റെ നില്പിലും നോട്ടത്തിലും അനക്കത്തിലും ഒരുതരം സ്നേഹമുണ്ടായിരുന്നു. നെഞ്ചോട് ചേർത്ത് ഓമനിക്കാൻ പ്രേരിപ്പിക്കുന്ന ഒരു ആകർഷണത്വം യേശുവിലുണ്ടായിരുന്നു. യേശുവിലുണ്ടായി രുന്ന ആ രഹസ്യശക്തിയാണ് യേശുവിനെ നിർഭയം മരണത്തിലേക്ക് നീങ്ങാൻ പ്രേരി പ്പിച്ചത്. എന്നാൽ കുരിശിലേറി കുറെ വേദനയും സഹിച്ച് മരിച്ച് ദുഷ്പേര് സമ്പാ ദിച്ച് ആയിരുന്നില്ല ലോകത്തെ രക്ഷിക്കേണ്ടിയിരുന്നതെന്ന് സാധാരണ ബുദ്ധിയുള്ള വൻ ചിന്തിച്ചുപോകുന്നു. ഇങ്ങനെയൊരു കുരിശുമരണത്തിലൂടെയല്ലാതെയും യേശു വിന് ലോകത്തെ രക്ഷിക്കാമായിരുന്നില്ലേ? എന്നാണ് സക്കറിയ ചിന്തിക്കുന്നത്.

സമൂഹത്തിലേറ്റവും താഴ്ന്നവരും പാപികളുമായി മുദ്രകുത്തിയിരുന്ന വേശ്യാസ്ത്രീകൾ മുതൽ ഉന്നതപദവി അലങ്കരിച്ചിരുന്ന പീലാത്തോസിനെപോലും സ്വാധീനിക്കാൻ യേശുവിനു സാധിച്ചിരുന്നുവെന്ന് സക്കറിയ മനസ്സിലാക്കുന്നു. മധുരമധുരമായ പുന്നാരവാക്കുകൾക്കും, വെള്ളിനാണയങ്ങൾ വാരിക്കോരി കൊടുക്കുന്നവർക്കും പുറകെ പോകുന്നവരാണ് വേശ്യാസ്ത്രീകൾ. എന്നാൽ ഇതിനേക്കാളൊക്കെ മൂല്യമുള്ള ദൈവസ്നേഹം യേശുവിൽ നിന്നും ലഭിച്ചതുകൊണ്ടാണ് ദേശാധിപതിയായിരുന്ന പീലാത്തോസിനെയും, രാജാക്കന്മാരെയും അവഗണിച്ച് യേശുവിനെ സ്വീകരിച്ചത്. ഭൗതിക സുഖലോലുപതയിൽ നിന്നും എത്രയോ ഉയരത്തിലാണ് ആത്മീയ സുഖമെന്ന് തിരിച്ചറിഞ്ഞ സ്ത്രീകൾ യേശുവിനോടൊപ്പം ചിലവഴിക്കാനും അവന്റെ വാക്കുകൾ ശ്രദ്ധിക്കാനും സമയം കണ്ടെത്തുന്നു. യൂദത്തി പെണ്ണുങ്ങൾ മാത്രമല്ല, റോമാക്കാരിയും പുസ്തകങ്ങൾ വാങ്ങി വായിക്കുകയും ജനനത്തെയും, മരണത്തെയും, ബന്ധങ്ങളെയും കുറിച്ച് ചിന്തിക്കുന്നവളുമായ തന്റെ ഭാര്യ ജൂലിയ പോലും യേശുവിൽ ആകൃഷ്ടനായിരുന്നുവെന്ന് പീലാത്തോസ് പറയുന്നുണ്ട്. സ്ത്രീകൾക്ക് ക്ഷണികമായ ഒരാകർഷണം യേശുവിനോട് തോന്നിയതല്ല എന്നാണ് വ്യക്തമാക്കുന്നത്. യേശുവിനെ തിരിച്ചറിഞ്ഞ സ്ത്രീകളെ അവതരിപ്പിച്ചുകൊണ്ട് യേശുവിൽ പ്രകടമായിരുന്ന ദൈവികതയെയാണിവിടെ പരാമർശിക്കുന്നത്.

യേശു തന്റെ ശിഷ്യന്മാരായി തിരഞ്ഞെടുത്തതും തന്റെ ജീവിതത്തിലെ പ്രധാന സംഭവങ്ങളിലെല്ലാം കൂടെ കൊണ്ടുനടന്നിരുന്നതും പുരുഷന്മാരെയാണ്. യേശുവിന്റെ ഈ തിരഞ്ഞെടുപ്പിനോടുള്ള തന്റെ കാഴ്ചപ്പാട് സക്കറിയ തുറന്നെഴുതിയിട്ടുണ്ട്. യേശുവിനെ അവന്റെ സ്നേഹിതകളായ സ്ത്രീകൾ മനസ്സിലാക്കിയിരുന്നതുപോലെ മറ്റാരും മനസ്സിലാക്കിയിരുന്നില്ല. യേശുവിന്റെ ഏറ്റവും വലിയ പരാജയമായിട്ടാണ് സക്കറിയ കാണുന്നത് സ്ത്രീകളെ അവന്റെ ലോകത്തിലേക്ക് എല്ലാ വാതിലും തുറന്നു പ്രവേ

ശിപ്പിച്ചില്ല എന്നതാണ്. കുറെ കഴുതകളായ പുരുഷന്മാരെ ശിഷ്യരെന്ന് പറഞ്ഞ് കൊണ്ടുനടന്നു. അവർക്ക് നൽകിയ സമയവും ശ്രദ്ധയും ക്ഷമയും അവൻ സ്ത്രീകൾക്ക് നൽകിയിരുന്നെങ്കിൽ, ഒരുപക്ഷേ അവനീ ചെയ്തത് അവന് ഇത്രവേഗം ചെയ്യേണ്ടിവരില്ലായിരുന്നു! യേശുവിന്റെ അമ്മയെയും യേശു അകറ്റി നിർത്തി. സഹോദരിമാരെയും അമ്മയും, ഭാര്യയും, കാമുകിയും, സഹോദരിയും നൽകുന്നിടത്തോളം ആത്മരക്ഷ മറ്റാർക്ക് നൽകാൻ കഴിയും? യേശു പിതാവിനെത്തേടിപോയതിനോടൊപ്പം മാതാവിനെ തിരിച്ചറിയുകകൂടി ചെയ്യേണ്ടതായിരുന്നു. അതിനുപകരം പിതൃത്വത്തിന്റെ ഊടുവഴികളിലൂടെ തപ്പിത്തടഞ്ഞുനടന്നു. ഉയിർത്തെഴുന്നേറ്റ് യേശുവെങ്കിലും അമ്മയുടെ കാൽക്കൽവീണ്, അമ്മേ നിന്നെ ഞാനറിയുന്നു, എന്ന് പറയേണ്ടതായിരുന്നു. പീലാത്തോസിന്റെ ഭാര്യായിരുന്ന ജൂലിയ പോലും യേശുവിനെ രക്ഷിക്കാൻ ശ്രമിച്ചപ്പോൾ, ഗദസമേൽ തോട്ടത്തിൽവച്ച് യേശുവിനെ പുരോഹിതന്മാർ പിടിച്ചപ്പോൾ ഒരു ശിഷ്യൻ ഉടുതുണിപോലും ഉപേക്ഷിച്ച് സ്വയം രക്ഷപ്പെടുകയാണു ചെയ്തത്. ആത്മശക്തിയില്ലാത്ത പുരുഷന്മാരുടെ കൈയിൽ ഏല്പിച്ചുകൊടുത്ത ദൈവരാജ്യത്തിന്റെ ഭാവി എന്താകും? എന്ന് സക്കറിയ ചോദിക്കുന്നുണ്ട്. യേശുവിനെ പിൻതുടർന്ന സ്ത്രീകളുമുണ്ടായിരുന്ന യേശുവിനെ പിന്തുടർന്ന സ്ത്രീകളുമായുണ്ടായിരുന്ന യേശുവിന്റെ ബന്ധത്തിന്റെ ആഴവും നൈർമ്മല്യവും വ്യക്തമായി സക്കറിയ പറയുന്നുണ്ട്.

യേശുവിന് വരാൻ പോകുന്നതെന്തെന്ന് പമ്പരവിഡ്ഢികളായ ശിഷ്യന്മാർ മനസ്സിലാക്കിയിരുന്നില്ല. യേശു എത്രയോ വട്ടം ശിഷ്യന്മാരോട് ഇതേക്കുറിച്ച് സൂചിപ്പിച്ചിരുന്നിട്ടുപോലും. അവന്റെ സ്നേഹിതകളായ സ്ത്രീകളാവട്ടെ ശിഷ്യന്മാർ കൂർക്കം വലിച്ചുറങ്ങുമ്പോഴും യേശുവിനുവേണ്ടി ഉണർന്നിരിക്കുകയായിരുന്നു, കണ്ണീരൊഴുക്കുകയായിരുന്നു. പീലാത്തോസ് യഥാർത്ഥത്തിൽ പിടിച്ച് രണ്ടടികൊടുത്തു വിടേണ്ടിയിരുന്നത് ആ ശിഷ്യപ്പരിഷകളെയായിരുന്നു. യേശുവിനെ അനുഗമിച്ച സ്ത്രീക

ളെക്കുറിച്ചുള്ള ബൈബിൾ ലിഖിതങ്ങളിൽനിന്നും വളർത്തിയെടുത്ത കാഴ്ചപ്പാടുകൾ സക്കറിയ അവതരിപ്പിച്ചിരിക്കുകയാണീ സന്ദർഭങ്ങളിലെല്ലാം ചെയ്തിരിക്കുന്നത്. സ്ത്രീകളുടെ ഹൃദയങ്ങളെയാണ് യേശു ചുംബിച്ചതെന്നും, അവരുടെ ആത്മാവിലേക്കായിരുന്നു യേശു പ്രവേശിച്ചതെന്നും പറയുമ്പോൾ ഭൗതിക താല്പര്യമല്ല ഉയർന്ന തലത്തിലുള്ള ആത്മീയബന്ധമാണ് യേശുവിനുണ്ടായിരുന്നതെന്ന സക്കറിയയുടെ കാഴ്ചപ്പാടാണ് അവതരിപ്പിക്കുന്നത്. 'ഇതെല്ലാം കണ്ടുകൊണ്ട് ദൂരെ കുറെ സ്ത്രീകളും നിന്നിരുന്നു. മഗ്ദലേന മറിയവും യോസേയുടെയും ചെറിയ യാക്കോബിന്റെയും അമ്മയായ മറിയവും സലോമിയും അക്കൂട്ടത്തിൽ ഉണ്ടായിരുന്നു. യേശു ഗലീലിയിലായിരുന്നപ്പോൾ അവനെ അനുഗമിക്കുകയും ശുശ്രൂഷിക്കുകയും ചെയ്തവരാണ് ഇവർ. കൂടാതെ, അവനോടുകൂടെ ജറുസലെമിലേക്കുവന്ന മറ്റനവധി സ്ത്രീകളും അവിടെയുണ്ടായിരുന്നു.[1]

കുരിശുമരണത്തിനു വിധിക്കത്തക്ക യാതൊരു തെറ്റും യേശു ചെയ്തിരുന്നില്ലെന്ന് പീലാത്തോസിന്റെ വിചാരണയുടെ വിശദാംശങ്ങൾ അവതരിപ്പിച്ചുകൊണ്ട് സക്കറിയ പറയുന്നുണ്ട്. വിചാരണയെ നേരിടുമ്പോഴും വല്ലാത്ത ഒരു നിർഭയത്വം യേശുവിനുണ്ടായിരുന്നു. യേശു യൂദന്മാരുടെ രാജാവാണെന്ന് സ്വയം പറഞ്ഞുനടക്കുന്നുവെന്നതായിരുന്നു യേശുവിനുമേൽ ആരോപിക്കപ്പെട്ട കുറ്റം. എന്നാൽ യേശുവിന്റെ രാജ്യം ഈ ലോകത്തുള്ളതല്ല. ഈ ലോകത്തില്ലാത്ത രാജ്യത്തെപ്പറ്റി റോമാസാമ്രാജ്യം എന്തിനു വിഷമിക്കണം? സത്യത്തിനു സാക്ഷി നിൽക്കാനാണ് യേശു ജനിച്ചത്. അതിലും തെറ്റായിട്ടൊന്നും കാണാനില്ല. യേശു സത്യത്തിൽ സ്വന്തം വെട്ടിൽവീണു നിൽക്കുന്ന ഒരു സത്യവാനായിരുന്നു. കുരിശുമരണത്തിൽനിന്നും രക്ഷപ്പെടാൻ ശ്രമിച്ചതുമില്ല. അപകടകരമായ ഒരു സ്നേഹം യേശുവിന്റെ നോട്ടത്തിൽ നിഴലിച്ചിരുന്നു. തളർന്ന്, ചോരയും. മുറിവുകളും വീണ മുഖത്ത് യഹൂദർക്ക് വിട്ടു

1. മർക്കോസ്, *ബൈബിൾ പുതിയ നിയമം* (15, 40-41)

കൊടുക്കപ്പെടുമ്പോഴും യാതൊരു ഭാവഭേദവും ഉണ്ടായിരുന്നില്ല. യേശുവിന്റെ പിതാവിനുപോലും യേശുവിനെ രക്ഷിക്കാനാകുമായിരുന്നില്ല. കാരണം യേശുവിന്റെ കുരിശുമരണം ഒരു ചരിത്രസംഭവമായിട്ട് നടക്കേണ്ടിയിരുന്നതാണ്, ചരിത്രത്തിന്റെ ഇരയായിരുന്ന യേശുവും എന്ന് സക്കറിയ പറയുന്നു.

പീലാത്തോസിനെപോലെതന്നെ യൂദയായുടെ രാജാവായ ഹേറോദേസിനും യേശുവിൽ കുറ്റമൊന്നും കണ്ടുപിടിക്കാൻ കഴിഞ്ഞില്ല എന്ന് ബൈബിളിൽ പറയുന്നുണ്ട്. ഹേറോദേസിന്റെ മനസ്സിലും യേശുവിനോട് യഥാർത്ഥത്തിൽ താല്പര്യമേ ഉണ്ടായിരുന്നുള്ളു. യേശുവിന്റെ അത്ഭുതപ്രവൃത്തികൾ കാണാൻ അയാളും ആഗ്രഹിച്ചിരുന്നു. പീലാത്തോസിന്റെസുഹൃത്തായിരുന്ന അന്റോണിയസ് യേശു വിഭാവനം ചെയ്ത ദൈവരാജ്യത്തിൽ പങ്കാളിയാകാൻ ആഗ്രഹിക്കുന്നവനാണ്. താൻ നിരപരാധിയായിരുന്ന യേശുവിനെ മരണത്തിനു വിട്ടുകൊടുത്തല്ലോ എന്നു ചിന്തിക്കുന്ന പീലാത്തോസും യേശുവിന്റെ കുരിശുമരണസംഭവത്തിലെ ഒരുപകരണം മാത്രമാണ്. അതിനാൽ യേശുവിന്റെ ദൈവരാജ്യത്തിൽ ഒരു സംശയത്തിന്റെ ആനുകൂല്യം പീലാത്തോസിനും ലഭിക്കുമെന്ന് സക്കറിയ കരുതുന്നു. 'എന്നാൽ ഒരു കാര്യം ഉറപ്പാണ്. കുരിശുമരണമാണ് കാത്തിരിക്കുന്നതെന്ന് അറിഞ്ഞാൽ പോലും യേശുവിന് പേടിയില്ലായിരുന്നു. അതേസമയം ജനങ്ങളിൽ നിന്ന് മാറി നിൽക്കുകയും ചെയ്യും.'[1] എന്നാണ് കുരിശുമരണത്തോടുള്ള യേശുവിന്റെ നിലപാട് സക്കറിയ വ്യക്തമാക്കുന്നത്.

മാനുഷികമായ എല്ലാ വേദനകളെയും അതിജീവിച്ച് മരണത്തിൽനിന്ന് ഉയിർത്തെഴുന്നേറ്റ ദൈവികപരിവേഷമുള്ള ക്രിസ്തു സക്കറിയയുടെ മനസ്സിൽ നിറഞ്ഞുനില്പുണ്ട്. താൻ പ്രവചിച്ചിരുന്നതുപോലെതന്നെ ഉയിർത്തെഴുന്നേറ്റു എന്ന

1. സക്കറിയയുമായി രാമചന്ദ്രൻ നടത്തിയ സംഭാഷണം, എന്റെ യേശു – അവരുടെയും, *സാംസ്കാരിവികാരം സാഹിത്യമാസിക*, പു. 23

സത്യം ഉൾക്കൊള്ളാൻ പക്വമായ മനസ്സ് സ്ത്രീകൾക്കാണുള്ളതെന്ന് യേശു മനസ്സിലാക്കിയിരുന്നതായി സക്കറിയ കരുതുന്നു. അതുകൊണ്ടാവാം അവർക്കു മുമ്പിൽ ആദ്യം പ്രത്യക്ഷനായതും എന്നു കരുതുന്നു. യേശു പ്രവചിച്ചിരുന്നതുപോലെ ഉയിർത്തെഴുന്നേറ്റു എന്ന വിശ്വാസത്തിൽ തിരക്കി പോകുന്ന മനസ്സും സ്ത്രീകൾക്കാണ്. ശിഷ്യന്മാരാകട്ടെ സ്ത്രീകളുടെ വാക്കുകൾ വിശ്വസിച്ച് യേശുവിന്റെ ഉയിർപ്പിനെ സ്വീകരിക്കാൻ പോലും മനസ്സു വെക്കാതിരുന്നവരാണ്. കുരിശുമരണത്തോടെ സർവ്വതും തീർന്നു എന്ന ചിന്തയിലായിരുന്നു അവർ. മരണത്തെ അതിജീവിച്ച് തിരിച്ചെത്തുന്ന ക്രിസ്തുവിന്റെ തേജസ്സിൽ ഭൂമി പോലും വിറകൊള്ളുന്നതായി സക്കറിയ പറയുന്നുണ്ട്.

യേശുവിന്റെ തിരിച്ചുവരവിൽ ഭൂമിയിലെങ്ങും മുഴക്കം ഉണ്ടായതായും, സൂര്യൻ മാഞ്ഞുപോയതായും സക്കറിയ പറയുന്നു. യേശുവിന്റെ പാദചലനങ്ങൾ രാക്ഷസന്റെ പാദചലനങ്ങൾക്കു തുല്യമായിരുന്നെന്നും, ഭൂമികുലുങ്ങുകയും, കോൾമയിർകൊള്ളുകയും ചെയ്തതായും പറയുന്നു. കുരിശുമരണത്തിനുശേഷം ഭൂമിയുടെ മേൽ ആധിപത്യം സ്ഥാപിച്ചുകൊണ്ടുള്ള വരവ് ദൈവികമായിരുന്നെന്ന ദർശനമാണ് ഇവിടെ വരുന്നത്.

തികച്ചും ഭീതി നിറഞ്ഞ അന്തരീക്ഷത്തിൽ മരിച്ചശേഷം തിരിച്ചുവരുന്ന സ്വാഭാവികതയോടെ തന്നെയാണ് ക്രിസ്തുവിനെ അവതരിപ്പിച്ചിരിക്കുന്നത്. യേശുവിന്റെ അങ്കിയിൽ രക്തപ്പാടുകൾ ഉണ്ടായിരുന്നെന്നും, ഇതുളവാക്കിയ ഞെട്ടലിലും സ്ത്രീകൾ യേശുവിനെ തിരിച്ചറിഞ്ഞുവെന്നും പറയുമ്പോൾ സ്ത്രീകൾ കണ്ടത് യേശുവിനെ തന്നെയായിരുന്നുവെന്ന കാര്യം ഉറപ്പിക്കുകയാണ് ചെയ്യുന്നത്.

'നിന്റെ അങ്കിയൊന്നു കഴുകിത്തരുവാൻ പിതാവിന്റെ ഭവനത്തിൽ ആരുമില്ലായിരുന്നൊ?' എന്നു 'ഈശോ നീ ഇപ്പോഴും ശരീരം തന്നെയാണ്! അല്ലേ!' എന്ന്

അത്ഭുതത്തോടെ ചോദിക്കുന്നുണ്ട്. യേശു ശരീരത്തോടെ ഉയിർത്തെഴുന്നേറ്റു എന്ന് വിശ്വസിക്കുന്ന സക്കറിയൻ മനസ്സിൽ നിന്നാണ് വിശ്വസനീയത വളർത്താൻ ഉപയുക്തമായ ഈ ചോദ്യങ്ങൾ.

'എന്തുണ്ടു വിശേഷം പീലാത്തോസേ' എന്ന നോവലിൽ യേശു നിറഞ്ഞു നിൽക്കുന്നുണ്ട്. അതിൽ മനുഷ്യരൂപത്തിലും ഭാവത്തിലും യേശുവിനെകണ്ട സ്ത്രീകളുടെ മനസ്സ് യേശുവിന്റെ അദൃശ്യസാന്നിധ്യത്തിൽ ദൈവികമായ അനുഭൂതി വിശേഷം കൊണ്ടു പ്രകമ്പനത്താൽ നിറയുന്നു. നാലാം അദ്ധ്യായത്തിന്റെ രചനയിൽ അനിർവചനീയമായ ഏതോ ദൈവികാനുഭൂതിയിൽ കറിയാച്ചന്റെ മനസ്സു വിഹരിച്ചുകാണും എന്നെനിക്കുതോന്നുന്നു'വെന്ന് മണർകാട് മാത്യുവും പറയുന്നുണ്ട്.[1]

യേശുവിന്റെ പുനരുത്ഥാനത്തെക്കുറിച്ച് സുവിശേഷകന്മാർ രേഖപ്പെടുത്തിയിട്ടുള്ള തിരുവചനങ്ങളിൽ നിന്നും ഉൾക്കൊണ്ട ദർശനങ്ങളാണ് 'എന്തുണ്ടു വിശേഷം പീലാത്തോസേ?' എന്ന നോവലായി രൂപപ്പെട്ടത്. 'സാബത്തിനുശേഷം ആഴ്ചയുടെ ഒന്നാംദിവസം രാവിലെ മഗ്ദലനമറിയവും മറ്റേ മറിയവും ശവകുടീരം സന്ദർശിക്കാൻ വന്നു. അപ്പോൾ വലിയ ഒരു ഭൂകമ്പം ഉണ്ടായി. കർത്താവിന്റെ ദൂതൻ സ്വർഗ്ഗത്തിൽ നിന്നിറങ്ങിവന്ന്, കല്ലുരുട്ടിമാറ്റി, അതിന്മേൽ ഇരുന്നു. അവന്റെ രൂപം മിന്നൽപ്പിണർപോലെ ആയിരുന്നു, വസ്ത്രം മഞ്ഞുപോലെ വെളുത്തതും. അവനെക്കുറിച്ചുള്ള ഭയം നിമിത്തം കാവൽക്കാർ വിറപൂണ്ട് മരിച്ചവരെപ്പോലെയായി. ദൂതൻ സ്ത്രീകളോടു പറഞ്ഞു: ഭയപ്പെടേണ്ടാ; ക്രൂശിക്കപ്പെട്ട യേശുവിനെയാണ് നിങ്ങൾ അന്വേഷിക്കുന്നതെന്ന് എനിക്കറിയാം. അവൻ ഇവിടെയില്ല; താൻ അരുളിച്ചെയ്തതുപോലെ അവൻ ഉയിർപ്പിക്കപ്പെട്ടു. അവൻ കിടന്ന സ്ഥലം വന്നു കാണുവിൻ. വേഗം പോയി അവന്റെ ശിഷ്യന്മാരോട്, അവൻ മരിച്ചവരുടെയിടയിൽനിന്ന് ഉയിർപ്പിക്കപ്പെട്ടെന്നും

1. മണർകാടു മാത്യു, എനിക്കു ലാഭം ആത്മസംതൃപ്തി മാത്രം, *സാംസ്കാരികവികാരം സാഹിത്യമാസിക* പു. 49

നിങ്ങൾക്കു മുമ്പേ ഗലീലിയിലേക്കു പോകുന്നെന്നും പറയുവിൻ. ഇതാ, ഇക്കാര്യം ഞാൻ നിങ്ങളോടു പറഞ്ഞിരിക്കുന്നു. അവർ കല്ലറവിട്ട് ഭയത്തോടും വലിയ സന്തോഷത്തോടും കൂടെ ശിഷ്യന്മാരെ വിവരം അറിയിക്കാൻ ഓടി. അപ്പോൾ യേശു എതിരേ വന്ന് അവരെ അഭിവാദനം ചെയ്തു. അവർ അവനെ സമീപിച്ച് പാദങ്ങളിൽ കെട്ടിപ്പിടിച്ച് ആരാധിച്ചു. യേശു അവരോട് പറഞ്ഞു: ഭയപ്പെടേണ്ടാ; നിങ്ങൾ ചെന്ന് എന്റെ സഹോദരന്മാരോട് ഗലീലിയിലേക്കു പോകണമെന്നും അവിടെ അവർ എന്നെ കാണുമെന്നും പറയുക.'[1]

സ്വർഗ്ഗീയ പിതാവിനെക്കുറിച്ച് സക്കറിയക്ക് വ്യക്തമായ ചില കാഴ്ചപ്പാടുകളുണ്ട്. തന്റെ മക്കൾക്ക് വേണ്ടതെല്ലാം ഒരുക്കിവെച്ച് സ്നേഹമുള്ള പിതാവിനെപ്പോലെ ദൈവം സ്വർഗ്ഗത്തിൽ കാത്തിരിക്കുന്നു. സ്വർഗ്ഗത്തെക്കുറിച്ചും വ്യക്തമായ ഒരു ധാരണ രൂപപ്പെടുത്തിയിട്ടുണ്ട്. മരണത്തിന്റെ വാതിൽ കടക്കുന്നതോടെ നമ്മൾ അസാധാരണമായ അറിവുള്ളവരായിതീരും. കരുണമായ പ്രഭയോടെ സ്വർഗ്ഗവാതിൽ പ്രകാശിച്ചുകൊണ്ടിരിക്കുന്നു. സ്വർഗ്ഗപിതാവിന്റെ സമീപമെത്തിക്കഴിയുമ്പോൾ ലോകജീവിതവും അതിന്റെ വേദനിപ്പിക്കുന്ന ഓർമ്മകളും ഒരു പാഴ്വസ്ത്രം പോലെ പറന്നുപോകും. ഭൂമിയിൽ നാം കാണാനാഗ്രഹിച്ചിട്ടും കാണാൻ കഴിയാതെ പോയതും, അനുഭവിക്കാനും, നേടാനും കഴിയാതെ പോയ എല്ലാ കാര്യങ്ങളും സ്വർഗ്ഗത്തിൽ ലഭിക്കും. ഭൂമിയിൽ സംഭവിക്കുന്ന എല്ലാ കാര്യങ്ങളും സ്വർഗ്ഗീയ പിതാവറിയുന്നുണ്ട്. സ്വർഗ്ഗത്തെയും, ദൈവത്തെയും കുറിച്ചുള്ള ഈ ദർശനങ്ങളാണ് 'മൂന്നു കുഞ്ഞുങ്ങൾ'[2] എന്ന കഥയിൽ. അച്ഛനമ്മമാരാണ് കുഞ്ഞുങ്ങൾക്ക് ഏറ്റവും പ്രിയപ്പെട്ടവർ. മതഭ്രാന്തന്മാരാൽ മരണം വരിക്കേണ്ടിവന്ന ഒന്നാമത്തെ കുഞ്ഞിന്റെ അച്ഛനും അമ്മയും. യുദ്ധത്തിൽ നിന്നും, പീഡനത്തിൽ നിന്നും ഓടി രക്ഷപ്പെടുമ്പോൾ വധിക്ക

1. മത്തായി, *ബൈബിൾ പുതിയനിയമം*, (28.1-10), പുറം 35.
2. സക്കറിയ, *സലാം അമേരിക്ക*, 1998, പുറം 62.

പ്പെട്ട രണ്ടാമത്തെ കുഞ്ഞിന്റെ അച്ഛനും, അമ്മയും തങ്ങളുടെ കുഞ്ഞുങ്ങളെ പ്രതീക്ഷിച്ചും കുഞ്ഞുങ്ങൾ അച്ഛനമ്മമാരെ പ്രതീക്ഷിച്ചും സ്വർഗ്ഗത്തിലെത്തുന്നു. ദൈവം തനിക്കു പിന്നിലെ ഒരു നിഴലിൽ നിന്ന് ഒന്നാമത്തെയും രണ്ടാമത്തെയും കുഞ്ഞുങ്ങളുടെ അച്ഛനമ്മമാരെ ഉരുത്തിരിയിച്ചു മുന്നോട്ടാനയിച്ചു. കുഞ്ഞുങ്ങൾ കരഞ്ഞുകൊണ്ട് അവരുടെ കൈകളിലേക്കു ചാടിക്കയറി. പിന്നെയവർ ചിരിച്ചു. അച്ഛനമ്മമാർ തങ്ങളുടെ മക്കളെ നെഞ്ചത്തു ചേർക്കുകയും അവിശ്വാസത്തോടെ അവരെ വീണ്ടും വീണ്ടും കൈകളിലകത്തിപ്പിടിച്ച് ഉറ്റുനോക്കുകയും ചെയ്തു. ആഹ്ലാദം ഒരു മഴവില്ലുപോലെ അവരെ ബന്ധിച്ചു. ദൈവം ഏകനായി നിന്നിരുന്ന കുഞ്ഞിന്റെ സമീപത്തേക്കു ചെന്ന് അവളെ തന്റെ കൈകളിൽ വാരിയെടുത്ത് അവളുടെ കണ്ണുകളിലും, ചുണ്ടുകളിലും, നെഞ്ചത്തും ഉമ്മവെച്ചു. കുഞ്ഞ് കാണാൻ കൊതിച്ച സൂര്യനെയും, ചന്ദ്രോദയവും കാണിച്ചുകൊടുത്തു. കുഞ്ഞാഗ്രഹിച്ചതുപോലെ സ്നേഹമയിയും മൃദുലയുമായ ഒരമ്മയായി ദൈവം മാറുന്നു. അവൾ തന്റെ അമ്മയുടെ മധുരം നിറഞ്ഞ ചുണ്ടുകളിലും മിനുത്ത കവിളിലും കരിവണ്ടുകൾപോലുള്ള കാരുണ്യം നിറഞ്ഞ കണ്ണുകളിലും തൊട്ട്, അമ്മേ എന്ന് ഒരു ചെറുസ്വരത്തിൽ വിളിച്ചുകൊണ്ട് അമ്മയുടെ മുഖത്തേക്ക് തന്റെ മുഖമമർത്തി, കഴുത്തിൽ കെട്ടിപിടിച്ചു. ഭ്രൂണഹത്യ മൂലം പിറക്കാൻ കഴിയാതെപോയ കുഞ്ഞിനെപോലും സ്നേഹിക്കുന്ന, സ്വീകരിക്കുന്ന ദൈവം. എല്ലാവരേയും ഒന്നുപോലെ സ്വീകരിക്കുന്ന സ്നേഹഭവനമായ സ്വർഗ്ഗവും ദൈവത്തെയും, സ്വർഗ്ഗത്തെയും കുറിച്ചുള്ള കാഴ്ചപ്പാടുകളാണിത്.

ഈ ലോകത്തിലുള്ള സർവ്വ വസ്തുക്കളെയും സൃഷ്ടിച്ചത് ദൈവമാണെന്നും ദൈവമറിയാതെ ഒരു സംഭവവും ഈ ലോകത്തിൽ നടക്കുന്നില്ലെന്നും ദൈവം അനുവദിക്കാതെ ആർക്കും ഒരു പ്രവൃത്തിയും ചെയ്യാൻ സാധിക്കില്ലെന്നും പറയുന്നു. നന്മപോലെതന്നെ തിന്മയും ദൈവം അറിയുന്നുണ്ട് എന്ന് സക്കറിയ കരുതുന്നു.

തിന്മയുടെ സാന്നിധ്യം ഉള്ളതുകൊണ്ടാണ് പല നന്മയും നാം തിരിച്ചറിയുന്നത്. യൂദാസില്ലാതിരുന്നുവെങ്കിൽ ഇന്ന് നമുക്ക് രക്ഷകനായ ഈശോയെ കിട്ടുമായിരുന്നില്ല. സ്നേഹവും വാത്സല്യവും വിശ്വസ്തതയും പോലെ വഞ്ചനയും ദ്രോഹവും കളവും നമുക്ക് കിട്ടിയിട്ടുള്ളതാണ്. കുറ്റം ചെയ്യുന്നതും ഒരു മനുഷ്യബന്ധമാണ്. വില്ലന്മാർക്കും ജീവിതബന്ധങ്ങളിൽ സ്ഥാനമുണ്ട്. ഈശോയെ വധിച്ചതിനു പിന്നിൽ ഒരു കുറ്റാന്വേഷണകഥയിലെന്നപോലെ നമുക്കറിഞ്ഞുകൂടാത്ത എന്തെല്ലാം സംഭവങ്ങൾ ഉണ്ടായിരുന്നിരിക്കും. ഈശോയുടെ ഉയിർപ്പുതന്നെ വീരസാഹസികമായ ഒരു കഥാന്ത്യമായി കരുതാം. ആദിമാതാപിതാക്കളായ ആദത്തിനെയും ഹവ്വയെയും സൃഷ്ടിച്ച ദൈവം തന്നെയാണ് ഏദൻതോട്ടത്തിലെ സർപ്പത്തിനെയും സൃഷ്ടിച്ചത്. ആദിമാതാപിതാക്കൾ തെറ്റു ചെയ്തതുകൊണ്ടാണല്ലോ മനുഷ്യവംശവും അവരുടെ രക്ഷകനായി 'യേശു'വും ജനിച്ചത്. നന്മയെന്നപോലെ അപ്പോൾ തിന്മയും ലോകത്തിലുണ്ടായേ തീരൂ.

എന്തെല്ലാം അനന്തസാധ്യതകൾ ഈ ലോകത്തിലുണ്ടായിട്ടും ജീവിതം വെറുതെ മരണത്തിൽ കൊണ്ടുപോയി സ്വന്തം കളഞ്ഞുകുളിക്കുന്നല്ലോ എന്നു തോന്നാം. എന്നാൽ മരണം പരിണാമത്തിന്റെ മണിവാതിലാണ്. എന്നാൽ ദീർഘമായ പരിണാമത്തെക്കാൾ ഹ്രസ്വമായ പരിണാമമാണ് ആവശ്യം. പരിണാമത്തിലും ദൈവമുണ്ട്. ഓരോ അണുബോംബ് സ്ഫോടനവും ജനിതകകോശങ്ങളെപ്പോലും ഛിന്നഭിന്നമാക്കുന്ന പരിണാമമുണ്ടാക്കുന്നതിനാൽ അതിലും ദൈവസാന്നിധ്യമുണ്ട്. ഏറ്റവും വലിയ സംഹാരകനും ദൈവം തന്നെയല്ലേ എന്ന് സംശയിക്കുന്നു. ഉൽക്ക ഭൂമിയിലേക്കു പതിക്കുന്നതും, ധ്രുവങ്ങളിൽ ചൂടുകൂടുന്നതും. ഭൂചലനവുമൊക്കെ ദൈവത്തിന്റെ സംഹാരമാർഗ്ഗങ്ങളാണല്ലോ. അപ്പോൾ ഏറ്റവും വേഗത്തിൽ ഏറ്റവുമധികം ജീവനുകളൊടുക്കാനുള്ള ശേഷിയും ദൈവത്തിനല്ലേയുള്ളു. അണുവിനെ പിളർത്തി

ആയുധമാക്കി മാറ്റുമ്പോൾ ദൈവത്തിനു മാത്രം സാധിക്കുന്ന വേഗവും വ്യാപ്തിയും ശക്തിയുമുള്ള സംഹാരം ഉണ്ടാകുന്നു. ഓരോ അണുവിന്റെയും ഉള്ളടക്കമാണ് ദൈവ ത്തിന്റെ അടിസ്ഥാനരൂപം. ഒരു അധികവും ഒരു ന്യൂനവും അവയ്ക്കു മധ്യേ മായാ ബിന്ദുക്കളുടെ യാദൃച്ഛിക ചാഞ്ചാട്ടങ്ങളും ഇവയൊന്നിച്ച് ചേർന്നുള്ള ചലനമാണ് ദൈവം. ദൈവം തന്നെയാണ് സൃഷ്ടി. ദൈവം തന്നെ തന്നെ യാദൃച്ഛികതകളായി നിരന്തരം ഇളക്കിപ്പണിതു കൊണ്ടേയിരിക്കുന്നു. ദൈവം തന്നെയാണ് ഒരേ സമയം ഇഷ്ടികയും ആശാരിയും. മനുഷ്യൻ അണുവിനെ പിളർക്കുമ്പോൾ ദൈവം എന്ന ഇഷ്ടികയെയാണ് പിളർക്കുന്നത്. അതുകൊണ്ടാണതിന് ഇത്രമാത്രം ശക്തി. ദൈവത്തെ മനുഷ്യൻ പിളർന്ന് ആയുധമാക്കുമ്പോൾ സ്രഷ്ടാവായ ദൈവം കൊല യാളിയായി മാറുന്നു. ഇഷ്ടകയായ ദൈവം അഗ്നിയും കൊടുങ്കാറ്റുമായിത്തീരുന്നു. കുന്നിക്കുരുവായ ദൈവം തന്നെയാണ് കൂറ്റൻ തീക്കൂണായി ഹിരോഷിമയുടെ മുക ളിൽ പടർന്നത്.

സ്രഷ്ടാവെന്നപോലെ സംഹാരകനും ദൈവം തന്നെയെന്ന് ചിന്തയിലൂടെ രൂപ പ്പെടുത്തിയെടുത്ത് 'ഇഷ്ടികയും ആശാരിയും'[1] എന്ന കൃതി രചിച്ചിരിക്കുന്നു. നിർദോ ഷമായ ജീവിതം നയിച്ചിരുന്ന 'ബാബു വർഗ്ഗീസ്' എന്ന ചെറുപ്പക്കാരൻ പുസ്തക ങ്ങളുടെ ലോകത്തു നിന്ന് തെന്നിത്തെറിച്ച് മോഷ്ടാവായി മാറുന്നു. ജനിതക കോശ ങ്ങളെപ്പോലും ഛിന്നഭിന്നമാക്കുന്ന അണുബോംബുകൾ ഹരമായി മാറിയ ബാബു. ദൈവത്തിന്റെ അംശം ഓരോ അണുവിലും അടക്കം ചെയ്തിട്ടുണ്ടെന്ന് വിശ്വസിച്ചു. ചെറു കുറ്റവാളിയും മോഷ്ടാവുമായിരുന്ന അയാൾ, മാധ്യമങ്ങൾ പ്രശസ്തമാക്കിയ പൊഖ്റാനിലെ മൺകുഴികളിലൊന്നിൽ അഭയം കണ്ടെത്തുകയാണ്. മനുഷ്യ മനസ്സിന്റെ ഭയവിഹ്വലതകൾ തീവ്രയാഥാർത്ഥ്യങ്ങളായി പരിണമിക്കുന്നത് ശില്പ വൈദഗ്ദ്ധ്യത്തോടെ ഈ നോവലിൽ ആവിഷ്കരിച്ചിരിക്കുന്നു.

1. സക്കറിയ: *ഇഷ്ടികയും ആശാരിയും*, 1999.

ക്രിസ്തുവിന് സാത്താനെതിരായി ചെറുത്തുനില്ക്കാനുള്ള ശക്തിയുണ്ടെന്ന് സക്കറിയ വിശ്വസിക്കുന്നു. ശോഭാമയനായ ക്രിസ്തു ഉയിർത്തെണീറ്റ ശക്തിമാനാണ്. സാത്താനെതിരെ ഒരുവൻ കോട്ടയപ്പോലെ നിലകൊള്ളാൻ അവനു കഴിയും. അന്റെ കണ്മുമ്പിൽ പിശാചുഗണങ്ങൾ കൊടുങ്കാറ്റിൽ കരിയിലകളെന്നപോലെയും. യേശുവിന്റെ നിർമ്മല രാജത്വത്തിനു മുമ്പിൽ സാത്താന്റെ ഇരുണ്ടചെങ്കോലും കിരീടവും പൊടിഞ്ഞുവീഴും. സാത്താനും അവന്റെ നരകത്തീയും എന്നെന്നേക്കുമായി കെട്ടുപോകും. ക്രിസ്തുവിന്റെ സാന്നിധ്യം ഉള്ളിടത്തു പിശാചുണ്ടാവില്ല. അവന്റെ കുരിശിന്റെ വഴിയിൽ ചെകുത്താൻ നമ്മെ കണ്ണുകെട്ടില്ല. ചെകുത്താനെതിരെയുള്ള യുദ്ധത്തിൽ വിശ്വാസത്തിന്റെ ശാന്തതയാമ് നമ്മുടെ ബലം. ജീവിതത്തിൽ നേരിടുന്ന കഷ്ടതകൾക്കും തിന്മയുടെ ശക്തികൾക്കും എതിരെ പൊരുതിനിൽക്കാൻ കരുത്തു നൽകുന്ന ദർശനങ്ങൾകൊണ്ട് രൂപപ്പെടുത്തിയ കഥയാണ് 'കുരിശുമലമുകളിൽ'.[1] 'ക്രിസ്തുവിന്റെ മലമുകളിലോ പിശാച്?' എന്നു ചോദിക്കുന്ന സക്കറിയ ഇത്തരം കിംവദന്തികളെ എതിരിടുവാനുള്ള ചിന്തകളാണു നിരത്തുന്നത്.

ഇന്നത്തെ ലോകത്ത് എല്ലാ മനുഷ്യരുടെയും പ്രശ്നമാണ് ഒന്നിനും സമയമില്ല എന്നത്. ഭൗതികസൗകര്യങ്ങൾ കൂടുന്നതിനനുസരിച്ച് മനുഷ്യന് സമയം തികയുന്നില്ല. മക്കൾക്കുവേണ്ടി എല്ലാം ഒരുക്കികൊടുക്കുന്ന മാതാപിതാക്കൾ അവരെ ആത്മീയകാര്യങ്ങളിലേക്ക് നയിക്കാൻ മറന്നുപോകുന്നു. ദൈവത്തെ മറന്നുപോകുന്ന മനുഷ്യനെതേടി ദൈവം എത്തുന്നു. ദൈവത്തെക്കുറിച്ച് ചിന്തിക്കാൻ ഓർമ്മപ്പെടുത്തുന്നു. സ്വയം പരിചയപ്പെടുത്തുന്നു. ഉറങ്ങുന്നതിനു മുമ്പായെങ്കിലും ദൈവം അന്നേദിവസം ചെയ്തുതന്ന നന്മകൾക്ക് നന്ദി പറയണം എന്നിങ്ങനെയള്ള കാഴ്ചപ്പാടുകളാണ് 'ഞാൻ ഉറങ്ങാൻ പോകുംമുമ്പായ്'[2] എന്ന കഥയിൽ. ദൈവത്തോടുപോലും കളവു

---

1. സക്കറിയ: *ഒരിടത്ത്*, 1996, പുറം 226.
2. സക്കറിയ: *കണ്ണാടികാണ്മോളവും*, 1998,പുറം 67.

പറയുക എന്നതാണ് മനുഷ്യന്റെ ശീലം. മനുഷ്യന്റെ അല്പത്വവും ദൈവത്തിന്റെ മഹത്വവും കഥയിൽ കാണിച്ചുതരുന്നു.

ക്രൈസ്തവസഭയെയും, സഭയിൽ സന്യാസിയായി അംഗത്വം സ്വീകരിക്കുന്ന വൈദികനെയും സംബന്ധിച്ച ചിലകാഴ്ചപ്പാടുകൾ സക്കറിയക്കുണ്ട്. സ്നേഹത്തിന് സഭയിലെ സ്ഥാനം വലുതാണ്. ക്രിസ്തുവിന്റെ പഠനത്തിന്റെ ആണിക്കല്ല് തന്നെ ക്രിസ്തുവിന് മനുഷ്യനോടുള്ള സ്നേഹമാണ്. ഒരു വൈദികിന്റെ ജീവിതത്തിൽ ബ്രഹ്മചര്യം എന്ന പ്രതിജ്ഞ സ്ത്രീ പുരുഷ സ്നേഹത്തിന്റെ സാധ്യതയെ ഇല്ലെന്നാക്കിക്കളയുന്നു. വൈദികന്റെ സ്നേഹം ദൈവത്തോടാണ്. മനുഷ്യനോട്, ദൈവത്തെപ്രതിയുള്ള സ്നേഹവും, അതിലേറെ കരുണയുമാണ് വേണ്ടത്. വൈദികന്റെ ജീവിതത്തിൽ സ്ത്രീയ്ക്ക് സ്ഥാനം നൽകിയാൽ ആ നിമിഷത്തിൽത്തന്നെ ദൈവത്തിന് സ്ഥാനമില്ലാതാകും. ഒന്നുകിൽ ദൈവം അല്ലെങ്കിൽ സ്ത്രീ. പുരോഹതിന് വെറൊന്നുമില്ല. ദൈവത്തിൽനിന്നുമുള്ള ഒളിച്ചോടലാണ് പാപം. പക്ഷേ ദൈവം ഒരു വേട്ടനായയെപ്പോലെ ഒളിച്ചോട്ടക്കാരെ പിന്തുടരുന്നു. ദൈവത്തിലേക്ക് തിരികെകൊണ്ടുവരുന്നു. ക്രിസ്തുവിന്റെ പുരോഹിതന് സ്നേഹവും ഒരു പരീക്ഷയാണ്. ക്രിസ്തുവിനോടുള്ള സ്നേഹം മാത്രമേ പരീക്ഷയല്ലാതുള്ളൂ. മറ്റുള്ള സ്നേഹം വൈദികരെ ബന്ധനസ്ഥനാക്കുന്നു. വൈദികനെ സംബന്ധിച്ചിടത്തോളം സഭയുടെ വാഗ്ദാനവും വൈദികന്റെ വിശ്വാസത്തിന്റെ മൂലക്കല്ലും 'ദൈവസ്നേഹ'മാണ്. പക്ഷേ ദൈവത്തെ സ്നേഹിക്കുമ്പോൾ ഒരു പ്രശ്നമുണ്ട്. മനുഷ്യനെപ്പോലെ ദൈവം തിരിച്ചുസ്നേഹിക്കുന്നുണ്ടോ എന്നറിയാൻ പ്രയാസമാണ്. പക്ഷേ, ആ അറിവില്ലായ്മയാണ് വിശ്വാസത്തിന്റെ വീരസാഹസം എന്നു പറയുന്നു. ആ വിശ്വാസംതന്നെയാണ് സ്വർഗ്ഗരാജ്യത്തിന്റെ താക്കോലും. സഭയുടെ ഹൃദയത്തിന് കരിമ്പാറക്കെട്ടിന്റെ ഉറപ്പുണ്ട്. അതിൽ മുറുകെപിടിക്കുന്നവർക്ക് വിജയിക്കാൻ കഴിയും.സഭയെക്കുറിച്ചും, വൈദികജീവിത

ത്തെക്കുറിച്ചുമുള്ള കാഴ്ചപ്പാടുകൾ 'ജോസഫ് ഒരു പുരോഹിതനി'ൽ[1] സക്കറിയ സാന്ദർഭികമായി പറയുന്നുണ്ട്. കഥയിൽ വികാരിയച്ചന്റെ ശബ്ദത്തിലൂടെ സംസാരിക്കുമ്പോൾ കഥാകൃത്തിന്റെ നിരീക്ഷണങ്ങൾ തന്നെയാണ് അവതരിപ്പിച്ചിരിക്കുന്നത്. വൈദികജീവിതത്തിതൽ നേരിടേണ്ടിവരുന്ന വെല്ലുവിളികളെക്കുറിച്ച് പറയുമ്പോൾതന്നെ അവയെ അതിജീവിക്കാനുള്ള വൈദികന്റെ ആത്മശക്തിയെക്കുറിച്ചുകൂടി പറയുന്നുണ്ട്.

ക്രിസ്തുവിലുണ്ടായിരുന്ന ദൈവികതയെക്കുറിച്ച് സക്കറിയക്കുള്ള ദർശനങ്ങൾ സക്കറിയ സ്വയം രൂപപ്പെടുത്തി എടുത്തിട്ടുള്ളതാണ്. പരമ്പരാഗതമായ വിശ്വാസങ്ങൾക്കുപരിയായി സ്വയം ചിന്തിച്ചും, യുക്തിമാർഗ്ഗത്തിലൂടെ അന്വേഷിച്ചും കണ്ടെത്തിയ ദൈവികതയെയാണ് സക്കറിയകൃതികളിൽ അവതിരിപ്പിച്ചിരിക്കുന്നത്. ബൈബിൾ പഴയനിയമത്തിൽനിന്നും വ്യത്യസ്തനായ ദൈവത്തെയാണ് ബൈബിൾ പുതിയനിയമത്തിൽ അവതരിപ്പിച്ചിരിക്കുന്നതെന്ന് സക്കറിയ പറയുന്നുണ്ട്. 'പല്ലിന് പല്ലും കണ്ണിനു കണ്ണുമല്ല, പുതിയനിയമം എന്ന് യേശു പറഞ്ഞു. അതു പഴയനിയമമാണ്. പുതിയ നിയമം ഇതാണ്: നിന്റെ ഒരു കവിളത്ത് ആരെങ്കിലും അടിച്ചാൽ മറ്റേ കവിളും കാണിച്ചുകൊടുക്കുക. നിന്നെപ്പോലെ തന്നെ നിന്റെ അയൽക്കാരനേയും സ്നേഹിക്കുക. മനുഷ്യസംസ്കാരം സ്നേഹത്തിൽ നിന്നുണ്ടാകുന്നു.'[2] എന്ന യേശുവിന്റെ കണ്ടുപിടുത്തമാണ് അദ്ദേഹത്തെ അനശ്വരനാക്കുന്നത്.

### 5.2. ക്രിസ്തുവിലെ മാനുഷികതയുടെ ദർശനം

ക്രിസ്തുവിലുള്ള മാനുഷികതയുടെ വെളിപ്പെടുത്തൽ ദൈവികപരിവേഷത്തെ ബാധിക്കുമോ എന്ന് ക്രൈസ്തവസഭ ഭയപ്പെടുന്നുണ്ട്. സഭ മറച്ചുവെക്കാനാഗ്രഹി

1. സക്കറിയ: *ജോസഫ് ഒരു പുരോഹിതൻ*, 1997, പുറം 86.
2. സക്കറിയ: *മലയാളിയുടെ അവസാനത്തെ അത്താഴം*, 2004, പുറം 26.

ക്കുന്ന മാനുഷികതയെ നിർഭയം പുറത്തുകൊണ്ടുവരികയാണ് സക്കറിയ ചെയ്യുന്നത്. മുപ്പത്തിമൂന്നുവർഷത്തോളം ജീവിച്ച ക്രിസ്തുവിന്റെ പരസ്യജീവിതം മൂന്നുവർഷം മാത്രമായിരുന്നു. പരസ്യജീവിതത്തിനു മുമ്പുണ്ടായിരുന്ന ജീവിതത്തെക്കുറിച്ച് സക്കറിയ ചിന്തിക്കുന്നു. സക്കറിയയുടെ യേശു ആരാണെന്ന് സക്കറിയതന്നെ പറയുന്നുണ്ട്. 'എന്റെ യേശു ഞാൻ പുതിയനിയമത്തിൽ കാണുന്ന ധീരനായ യുവാവാണ്. അക്ഷീണനായ ഒരു കലാപകാരി. പരിപൂർണമായി അപ്രായോഗിക തലത്തിൽ ആദർശവാദിയായിരുന്ന ഒരാൾ. ഏറ്റവും മാനുഷികമായ ആദർശങ്ങളായിരുന്നു അവ. ഇതിനപ്പുറത്തുള്ള ബാക്കി കാര്യങ്ങൾ ഇതിനെചുറ്റിപ്പറ്റി പൗലോസ് ഉണ്ടാക്കിയ മതവും അതിനെ ചുറ്റിപ്പറ്റിയുണ്ടായ അനുഷ്ഠാനങ്ങളുമാണ്.'[1]

യേശുവിന്റെ ജനനത്തെ മാനുഷികമായചുറ്റുപാടിൽ നോക്കിക്കാണുന്നുണ്ട്. ഈ കാഴ്ചപ്പാടിൽ നിന്നാണ് ശിശുവായിരുന്ന യേശുവിനെ ഹേറോദേസിന്റെ കൈയിൽനിന്നും രക്ഷിക്കുന്നതായി യൗസേപ്പിനോടൊപ്പം മറിയം നടത്തുന്ന ഈജിപ്ത് യാത്രയെ[2] 'ആർക്കറിയാം' എന്ന കഥയാക്കി മാറ്റിയത്. ബൈബിൾ പുതിയനിയമം യേശുവിന്റെ ജനനത്തിനുശേഷമുള്ള സംഭവങ്ങളാണ് പറയുന്നത്. പഴയ നിയമത്തിൽ പറഞ്ഞിരിക്കുന്ന സംഭവങ്ങളുടെ പൂർത്തീകരണമായിട്ടാണ് പുതിയ നിയമം എഴുതിയിരിക്കുന്നത്. ശിശുവായിരുന്ന യേശുവിനെ വധിക്കാൻ ഹേറോദേസ് ഒരുങ്ങുന്നതായിട്ടറിഞ്ഞ് ദൈവദൂതൻ മുന്നറിയിപ്പു നൽകുന്നതായിട്ടാണ് ബൈബിളിൽ പറയുന്നത്. ഈജിപ്തിലേക്ക് പലായനം ചെയ്യാനാണ് ദൈവദൂതൻ നിർദ്ദേശിക്കുന്നത്. 'ഈജിപ്തിൽനിന്ന് ഞാൻ എന്റെ പുത്രനെ വിളിച്ചു എന്നു പ്രവാചകനിലൂടെ കർത്താവ് അരുളിചെയ്തതു പൂർത്തിയാകാനാണ് ഇതു സംഭവിച്ചതെന്ന് പറ

1. രാമചന്ദ്രൻ: എന്റെ യേശു- അവരുടെയും, *സാംസ്കാരിക സാഹിത്യവിചാരം മാസിക*, പുസ്തകം 1, ലക്കം 8 2003.
2. മത്തായി: *ബൈബിൾ പുതിയ നിയമം*, ഈജിപ്തിലേക്കുള്ള പലായനം, 2,12-17, പുറം 3.

യുന്നു. ഹെറോദേസ് ശിശുക്കളെ വധിച്ചതിനെയും പഴയനിയമവുമായി ബന്ധപ്പെടുത്തിക്കൊണ്ടാണ് പറഞ്ഞിരിക്കുന്നത്. 'ഇങ്ങനെ, ജറെമിയാ പ്രവാചകൻ വഴി അരുളി ചെയ്യപ്പെട്ടതു പൂർത്തിയായി: റാമായിൽ ഒരു സ്വരം, വലിയ കരച്ചിലും മുറവിളിയും. റാഹേൽ സന്താനങ്ങളെക്കുറിച്ച് കരയുന്നു.അവളെ സാന്ത്വനപ്പെടുത്തുക അസാധ്യം. എന്തെന്നാൽ, അവൾക്കു സന്താനങ്ങൾ നഷ്ടപ്പെട്ടിരിക്കുന്നു. ' ദൈവശാസ്ത്ര ദൃഷ്ട്യായുള്ള വിലയിരുത്തലുകൾക്ക് ഉപരിയായി മാനുഷികയിലൂടെ കാര്യങ്ങൾ നോക്കിക്കണ്ട് സാധാരണക്കാർക്ക് വിശ്വസനീയമായ രീതിയിൽ യേശുവിന്റെ രക്ഷപ്പെടലിന്റെ കഥ പറയുകയാണ് 'ആർക്കറിയാ'യിൽ ചെയ്തിരിക്കുന്നത്. ഹേറോദേസ് രണ്ടും അതിൽ താഴെയും വയസ്സുള്ള എല്ലാ കുട്ടികളെയും വധിക്കാൻ ആളയക്കുന്നത് മുൻകൂട്ടി ദൈവദൂതൻ മുഖേനയറിഞ്ഞഅഞ് തലേന്ന് രാത്രിയിൽ രക്ഷപ്പെടുകയാണ് ജോസഫും മറിയവും ശിശുവിനെയും കൊണ്ട്. കഥയിലാവട്ടെ ശിശുക്കളെ വധിക്കാനാരംഭിച്ച് ദിവസംതന്നെ പട്ടാളക്കാർക്കിടയിൽനിന്ന് വേശ്യാലയം നടത്തിപ്പുകാരിയുടെ സഹായത്തോടെ രക്ഷപ്പെടുകയാണ്. തങ്ങളുടെ കുഞ്ഞിനെ രക്ഷിക്കാൻ ഏതുമാതാപിതാക്കളെയും പോലെ മറിയവും, യൗസേപ്പും നടത്തുന്ന സ്വാഭാവിക ശ്രമമായിട്ടാണു വരുന്നത്. യഥാർത്ഥ ക്രൈസ്തവ സ്നേഹമെന്തെന്ന് പട്ടാളക്കാരനിലൂടെയും, വേശ്യാലയം സൂക്ഷിപ്പുകാരിയിയിലൂടെയും കാണിച്ചുതരികയാണ്. ദൈവപുത്രനായിരുന്നിട്ടും അത്ഭുതങ്ങളിലൂടെയല്ല ഒരു സാധാരണ ശിശുവിനെപ്പോലെയാണ് യേശുവും സംരക്ഷിക്കപ്പെട്ടതെന്ന് പറഞ്ഞ് യേശുവുമായുള്ള അകലം കുറയ്ക്കുന്നു. യേശുവിന്റെ പരസ്യജീവിതകാലത്ത് വേശ്യകളോടു കാണിച്ച കാരുണ്യത്തിന് കണ്ടെത്തുന്ന ഉത്തരവും കൂടിയായി കഥമാറിയിരിക്കുന്നു. പട്ടാളക്കാരനും, വേശ്യകളുമാണ് രക്ഷകനെ ആവശ്യമെന്ന് പറയുമ്പോൾതന്നെ 'ഇത്ര ആയിരം കുഞ്ഞുങ്ങളുടെ ചോരയിലൂടെയാണോ ഒരു രക്ഷകൻ വരുന്നത്?'[1] എന്ന് തന്റേതായ

1. സക്കറിയ: *ആർക്കറിയാം*, 1998, പുറം 9.

സംശയം ചോദിക്കുന്നുമുണ്ട്. നിരപരാധികളായ കുഞ്ഞുങ്ങളെ കൊല്ലേണ്ടിവന്ന പട്ടാളക്കാരന്റെ നിസ്സഹായാവസ്ഥയും സ്വാഭാവികതയോടെ പറഞ്ഞിരിക്കുന്നു. 'പട്ടാളക്കാർക്ക് ആരോടാണ് യുദ്ധം?' എന്ന് ചിന്തിക്കുന്ന പട്ടാളക്കാരനും 'ഞാൻ വേശ്യയായതും അവന്റെ വരവ് കുഞ്ഞുങ്ങളുടെ ചോരയിലൂടെയായതും ഒരേവിധികൊണ്ടു തന്നെയാണോ?' എന്ന് സഹതപിക്കുന്ന വേശ്യയും മാനുഷികമായി യേശുവിന്റെ ജനനത്തെ നോക്കിക്കാണുകയാണ്. 'ക്രിസ്ത്യാനികൾ ക്രിസ്ത്യാനികളെ സ്നേഹിക്കുന്നതല്ല ക്രൈസ്തവ സ്നേഹമെന്നും അതു സാർവ്വകാലികവും സാർവജനീനവുമായ ഒരു അവസ്ഥാവിശേഷമാണെന്നും ആ സ്നേഹം പ്രകടിപ്പിക്കാൻ ഒരുവൻ ക്രിസ്ത്യാനിയായിരിക്കേണ്ടതില്ല'[1] എന്ന ദർശനവും നിരീക്ഷിക്കുന്നുണ്ട്. ക്രൈസ്തവർ മറന്നുപോയ്ക്കൊണ്ടിരിക്കുന്ന ക്രൈസ്തവസ്നേഹത്തിനെ കുറിച്ച് ഓർമ്മപ്പെടുത്തുന്ന കഥയാണിത്.

ക്രിസ്തുവും ഒരു സാധാരണക്കാരനെപ്പോലെ സഹോദരനും, സഹോദരിയും ഉള്ള കുടംബത്തിൽ ജീവിച്ചിരുന്നതായും, കുളിച്ചും, കുളിക്കാതെയും, ഷേവുചെയ്യാതെയും കഴിഞ്ഞിരുന്നതായും സക്കറിയ ചിന്തിക്കുന്നുണ്ട്. മരിച്ചു എന്നു കരുതിയ സഹോദരൻ തിരിച്ചുവരുമ്പോഴുണ്ടാകുന്ന ആനന്ദം, യേശു ചുറ്റികറങ്ങലൊക്കെ കഴിഞ്ഞ് തിരികെ വരുമ്പോൾ കുടുംബാംഗങ്ങൾ അനുഭവിക്കുന്നുണ്ട്. സഹോദരിമാരെ വിവാഹം കഴിച്ചയക്കാനോ, കുടുംബ ചിലവുകളിൽ സഹായിക്കാനോ കഴിയാതെ വരുന്ന ഒരു യുവാവിന്റെ മാനസികാവസ്ഥ യേശുവും അനുഭവിച്ചിട്ടുണ്ടാവണം. മീശ വടിക്കണോ എന്ന് അമ്മയോടും സഹോദരിയോടും അഭിപ്രായം ചോദിച്ചിട്ടുണ്ടാവണം. മറ്റേതൊരു യുവാവിനോടും എന്നപോലെ യേശുവിനോടും പരിചയക്കാർ വിവാഹത്തെപ്പറ്റി പറഞ്ഞിട്ടുണ്ടാവണം. ലൗകിക ജീവിസുഖങ്ങൾ യേശുവി

1. ഡോ.കെ.വി.തോമസ്: ഒരു നസ്രാണി എഴുത്തുകാരനും വേദപുസ്തകവും, *സാംസ്കാരിക വികാരം സാഹിത്യമാസിക*, പുസ്തകം 1, ലക്കം 8, 2003, പുറം 153.

നെയും പ്രലോഭിപ്പിച്ചിട്ടുണ്ടാവാം. സ്വാഭാവികമായും ശിഷ്യന്മാരേക്കാൾ കൂടുതലായി തന്നെ മനസ്സിലാക്കിയിരുന്ന മാർത്തയും, മറിയവുമൊക്കെയായി തന്റെ മനസ്സിലെ ചിന്തകൾ യേശു പങ്കുവെച്ചിട്ടുണ്ടാവണം. ലാസറിനോടും സഹോദരിമാരായിരുന്ന മർത്തായോടും, മറിയത്തോടും  കാണിച്ചിരുന്ന അടുപ്പത്തെക്കുറിച്ച് ബൈബിളിൽ പരാമർശിച്ചിട്ടുണ്ട്. “അവർ പോകുന്നവഴി അവൻ ഒരു ഗ്രാമത്തിൽ പ്രവേശിച്ചു. മർത്താ എന്നുപേരുള്ള ഒരുവൾ അവനെ സ്വഭവനത്തിൽ സ്വീകരിച്ചു. അവൾക്ക് മറിയം എന്നു പേരുള്ള ഒരു സഹോദരിയുണ്ടായിരുന്നു. അവൾ കർത്താവിന്റെ വചനങ്ങൾ കേട്ടു കൊണ്ട് അവന്റെ പാദത്തിങ്കൽ ഇരുന്നു. മർത്തയാകട്ടെ പലവിധ ശുശ്രൂഷകളിൽ മുഴുകി വ്യഗ്രചിത്തയായിരുന്നു. അവൾ അവന്റെ അടുത്തുചെന്നു പറഞ്ഞു. കർത്താവെ, ശുശ്രൂഷയ്ക്കായി എന്റെ സഹോദരി എന്നെ തനിയെ വിട്ടിരിക്കുന്നതു നീ ശ്രദ്ധിക്കുന്നില്ലേ? എന്നെ സഹായിക്കാൻ അവളോടും  പറയുക. കർത്താവ് അവളോടു പറഞ്ഞു: മർത്താ, മർത്താ, നീ പലതിനെക്കുറിച്ചും ഉൽക്കണ്ഠാകുലയും അസ്വസ്ഥയുമായിരിക്കുന്നു. ഒന്നുമാത്രമേ ആവശ്യമുള്ളു. മറിയം നല്ലഭാഗം തിരഞ്ഞെടുത്തിരി്കുകന്നു. അത് അവളിൽനിന്ന് എടുക്കെപ്പെടുകയില്ല.”[1]

തന്റെ ജീവിതത്തിലുണ്ടായ പ്രലോഭനങ്ങളെ അവയ്ക്കു കീഴടങ്ങാതെ എങ്ങനെ യേശു അതിജീവിച്ചുവെന്ന് സക്കറിയ ചിന്തിക്കുന്നു. സാധാരണ മനുഷ്യനെപ്പോലെ ബന്ധങ്ങൾ സൂക്ഷിച്ച യേശുവിനെ സുഹൃത്തുക്കളെങ്ങനെ സഹായിച്ചിട്ടുണ്ടാവും, ഇത്തരം തികച്ചും മാനുഷികമായ രീതിയിൽ യേശുവിനെക്കുറിച്ച് ചിന്തിക്കുന്ന സക്കറിയ ‘കണ്ണാടി കാണ്മോളവും’[2] എന്ന കഥാനിർമ്മിതിക്ക് ഈ ദർശനങ്ങളെ പ്രയോജനപ്പെടുത്തിയിരിക്കുന്നു. മനുഷ്യോചിതമായ സകലവികാരവിചാരങ്ങളും അതിജീ

---

1. ലൂക്കാ, *ബൈബിൾ പുതിയ നിയമം*, മർത്തയും മറിയവും, 1995, 10,38-42, പുറം 77.
2. സക്കറിയ: *കണ്ണാടികാണ്മോളവും*, 1998, പുറം 41.

വിച്ചവനാണ് യേശു. അല്ലാതെ തികച്ചും ദൈവികമായ തലത്തിൽ മാത്രം ജീവിച്ചവനല്ല എന്ന തിരിച്ചറിവ് സക്കറിയയുടെ കഥയ്ക്കു പിന്നിലുണ്ട്. ഈ തിരിച്ചറിവ് കഥകളിലൂടെ വെളിപ്പെടുത്തുമ്പോൾ സാധാരണക്കാരന്റെ മനസ്സ് യേശുവിനെ കൂടുതലായി ഉൾക്കൊള്ളുമെന്നും, ദൈവികതയുടെ മാറ്റ് വർദ്ധിക്കുമെന്നുമാണ് സക്കരിയ ചിന്തിക്കുന്നത്. "യേശുവിന് ഒരു സാധാരണ മനുഷ്യനായി കുളിച്ചും കുളിക്കാതെയും ഷേവ് ചെയ്യാതെയും ഒരു യഥാർത്ഥ ജീവിതം ഉണ്ടായിരുന്നു. നാം യേശുവിന്റെ ജീവിതത്തിലെ വലിയ സന്ദർഭങ്ങൾ മാത്രമേ കാണുന്നുള്ളു"[1] എന്ന സക്കറിയ തുറന്നു പറഞ്ഞിട്ടുണ്ട്. മനുഷ്യൻ തന്റെ കഷ്ടതകൾ സ്വയം അനുഭവിക്കുന്നതെങ്ങനെയോ അതുപോലെതന്നെ ഇവയെ തരണം ചെയ്തവനാണ് യേശുവും എന്നാണ് മനസ്സിലാക്കേണ്ടത്. ദൈവികതയുടെ പരിവേഷത്തിൽ അത്ഭുതകരമായി ഇവയെല്ലാം തരണം ചെയ്തുവെന്നല്ല ചിന്തിക്കേണ്ടത്. സക്കറിയയുടെ കഥകളിലെ തുറന്നെഴുത്ത് ഇത്തരം ചിന്തകളെ പരിപോഷിപ്പിക്കുന്നു.

ക്രൈസ്തവ പശ്ചാത്തലത്തിൽ വളരുന്ന കുട്ടികളെ സംബന്ധിച്ച് 'യേശു'വുമായി സ്വാഭാവികമായും ഒരടുപ്പം ചെറുപ്പംതൊട്ടേ മനസ്സിൽ ഉണ്ടായിരിക്കും. 'അന്നമ്മ'യും കുട്ടിക്കാലത്ത്, ഇടിവെട്ടുമ്പോഴും, കുത്തൊഴുക്കുള്ള തോടുകടക്കുമ്പോഴും, കൈയൂരിയില്ലാത്ത ഒറ്റത്തടിപ്പാലങ്ങളിലൂടെ ശ്വാസംപിടിച്ചു കടന്നുപോകുമ്പോഴുംമൊക്കെ 'ഈശോ' എന്നു വിളിച്ചിരുന്നു. സാധാരണമനുഷ്യരുടെ ജീവിതത്തിൽനിന്നും ദൂരെ മാറ്റി പ്രതിഷ്ഠിക്കേണ്ട ആളല്ല സക്കറിയ കണ്ടെത്തിയ ക്രിസ്തു. സ്വന്തം സഹോദരനോടെന്നപോലെ യേശുവിനോട് എല്ലാം തുറന്നു പറയാനും, വാദപ്രതിവാദം നടത്താനും ഉള്ള സ്വാതന്ത്ര്യം ഉണ്ട്. തന്റെ മുപ്പത്തിമൂന്നാം പിറന്നാളിന്റെ അന്ന് പള്ളിയിൽപോയി കുമ്പസാരിച്ചു കുർബ്ബാന കൈകൊണ്ടു മടങ്ങുമ്പോൾ

1. സക്കറിയ: എന്റെ യേശു – അവരുടെയും, *സാംസ്കാരികവികാരം സാഹിത്യമാസിക*, ലക്കം8 പുസ്തകം 1, 2003, പുറം 14.

അന്നമ്മ യേശുവിനോടു പറയുന്നുണ്ട് ഇന്നുമുതൽ നീ എന്റെ അനിയനാണ്. ഇനി എനിക്കേ പ്രായംകൂടൂ എന്ന്. കുരിശിൽ മരിച്ചയേശു ഒരു യഥാർത്ഥ മനുഷ്യനെപ്പോലെതന്നെ വേദനയനുഭവിച്ചാണ് മരിച്ചതെന്ന് സക്കറിയ വെളിപ്പെടുത്തുന്നുണ്ട്. 'പാവം എന്തുവേദന സഹിച്ചാണ് നീ മരിച്ചത്. ഇന്നത്തെ നിന്റെയീ മഹിമ സ്വപ്നം കാണാൻകൂടി നിനക്കു കഴിഞ്ഞൊ? കുരിശിന്മേലെ നിന്റെ നിലവിളി ഒരു വലിയ നിലവിളിയാല്ലായിരുന്നൊ?' ദാനംകൊടുക്കണമെന്ന് പഠിപ്പിച്ച യേശു കുറച്ചു സ്നേഹവും അരിശവുമാണ് ദാനം ചെയ്തത്. വാക്കുകൾകൊണ്ടുള്ള കസർത്തായിരുന്നു യേശുവിന്റേത്. വാക്കുകളുടെ വലയിൽ എല്ലാവരെയും വീഴിച്ച യേശുവും ഒടുവിൽ അതിൽ വീണു. യേശുവിനെ മുൻനിർത്തി സഭരൂപപ്പെടുത്തി എടുത്ത ആരാധനാക്രമങ്ങൾ സക്കറിയയെ വീർപ്പുമുട്ടിക്കുന്നുണ്ട്. "'ഇതിനുവേണ്ടിയായിരുന്നോ നീ വെയിലിലും മഴയിലും ഇരുട്ടിലും അലഞ്ഞതും അടിയും തൊഴിയുമേറ്റ് കരഞ്ഞു മരിചച്ചതുമെന്ന് അന്നമ്മടീച്ചറിനെക്കൊണ്ട് ചോദിപ്പിക്കുമ്പോൾ സക്കറിയ തന്റെ മനസ്സാണ് തുറക്കുന്നത്. ക്രിസ്തുവിൽ സ്ഥിതിചെയ്യുന്ന സക്കറിയൻ മനസ്സിന്റെ സൃഷ്ടിയാണ് 'അന്നമ്മടീച്ചർ ഓരോർമ്മക്കുറിപ്പ്'[1] മനുഷ്യകുലത്തിന്റെ രക്ഷയ്ക്കുവേണ്ടി, ലോക നന്മയ്ക്കുവേണ്ടിയാണ് യേശു വേദനകളും അപമാനവും സഹിച്ച് കുരിശിൽ മരിച്ചത്. എന്നാൽ ഈ കുരിശുമരണം കൊണ്ട് തന്റെ ലക്ഷ്യംനേടാൻ യേശുവിന് കഴിഞ്ഞില്ല എന്ന് സക്കറിയ കരുതുന്നു. ഇത്തരത്തിലുള്ള ഒരു രക്ഷിക്കലായിരുന്നില്ല ഈ ലോകത്തിനുവേണ്ടിയിരുന്നത്. 'പാവം അനിയാ! ഒരലിവോടെ അന്നമ്മ പറഞ്ഞു: നിനക്കൊന്നും നേടാൻ കഴിഞ്ഞില്ല. എല്ലാം വെറുതേ, വെറുതേ.' യേശുവിന്റെ മരണത്തിന്റെ ഓർമ്മകളും ആചാരങ്ങളും അനുഷ്ഠാനങ്ങളായി മാറിയല്ലോ എന്ന കാഴ്ചപ്പാടുകൾ കടന്നുവരുന്നുണ്ട്. ദുഃഖവെള്ളിയാഴ്ച അനുസ്മരണവും മരണമണിയുടെ

1. സക്കറിയ: *ഒരു നസ്രാണിയുവാവും ഗൗളിശാസ്ത്രവും*, 1991, പുറം 128.

ദയയറ്റ കറുകറാശബ്ദത്തോടെ ആചരിക്കുമ്പോൾ യേശുവിന്റെ മരണം വെറും ആചാരം മാത്രമായിമാറിപ്പോകുന്നുവല്ലോ എന്ന കാഴ്ചപ്പാട് സക്കറിയക്കുണ്ട്. യേശുവിന്റെ വേദനയേറ്റുവാങ്ങി ദുഃഖവെള്ളിയാഴ്ച് തളർന്നുവീഴുന്ന അന്നമ്മ ടീച്ചറിനെ താങ്ങിക്കിടത്താൻ അനുജനായെത്തി കാർമേഘങ്ങളിലൊരു ചെറുകൊള്ളിയാനായി മാഞ്ഞുപോകുന്ന ക്രിസ്തു മാനുഷികതയിൽ നിന്നും ദൈവികതയിലേക്കുയരുന്നു. അന്ത്യനിമിഷത്തിലും ചേച്ചിയും കുഞ്ഞനുജനുമായി അവർ വേദനകൾ പങ്കുവെക്കുന്നു. നിന്റെ സങ്കടങ്ങൾക്കെല്ലാം അറുതിവന്നോ എന്ന ചേച്ചിയുടെ തളർച്ചയിൽ താങ്ങാൻ വന്നതാണെന്ന് മറുപടി പറയുന്ന യേശുവിന്റെ ശബ്ദത്തിലൂടെ കുരിശുമരണം കൊണ്ട് യേശു എന്തുനേടിയെന്ന സക്കറിയയുടെ കാഴ്ചപ്പാടാണ് വെളിപ്പെടുന്നത്.

'മനുഷ്യനായിത്തീർന്ന ദൈവത്തിന്റെ മാനുഷികവശം ഒരു ദുർഗ്രഹതയായി കലാകാരന്മാരെ ഉലച്ചപ്പോൾ യേശുവിന്റെ മാനുഷികഭാവത്തെ സക്കറിയ വളർത്തിയെടുത്തു. മനുഷ്യനായിത്തീർന്ന ദൈവത്തിന്റെ മുമ്പിൽ ആശ്ചര്യഭരിതനാകാതെ പ്രതിദിനാനുഭവങ്ങളിൽ യേശുവിനെ അകപ്പെടുത്തിക്കൊണ്ട് പുതിയൊരു കണ്ടെത്തലിന് സക്കറിയ ശ്രമിക്കുന്നതായി കെ.പി.അപ്പനും രേഖപ്പെടുത്തിയിട്ടുണ്ട്.'[1]

ക്രിസ്തുവിന്റെ ജീവിതത്തിലെ മാനുഷികവശങ്ങളെ തുറന്നു കാണിച്ചാൽ ദൈവിക പരിവേഷത്തിന് മങ്ങലേല്ക്കുമെന്ന ചിന്തകൊണ്ടാണ് ക്രൈസ്തവ സഭ അത്തരം കാര്യങ്ങൾ മറച്ചുവെക്കുന്നത്. സാധാരണ വിശ്വാസികൾ സഭ നൽകുന്ന വ്യാഖ്യാനങ്ങളും പ്രബോധനങ്ങളുംകൊണ്ട് തൃപ്തിപ്പെടുന്നു. എന്നാൽ സക്കറിയ ഇത്തരം തൃപ്തിപ്പെടലുകൾക്കും അതീതമായി ചിന്തിക്കുന്നു. മാനുഷികതയുടെ വെളിപ്പെടുത്തൽ ക്രിസ്തുവിലേക്ക് ജനങ്ങളെ അടുപ്പിക്കുകയാണ് ചെയ്യുക എന്ന് സക്ക

1. കെ.പി.അപ്പൻ: *കഥ ആഖ്യാനവും അനുഭവസത്തയും*, പുറം 105.

റിയകണ്ടെത്തുന്നു. ഈ കണ്ടെത്തലുകൾ കഥകളിൽ ഉപോയഗപ്പെടുത്തുകയാണ് ചെയ്തിരിക്കുന്നത്. 'എഴുത്തുകാരന്റെ മതദർശനം സ്വതന്ത്രമായേ തീരൂ എന്നതിൽ യാതൊരു സംശയവുമില്ല. അവന് വ്യവസ്ഥാപിതമതത്തിന്റെ വിലക്കുകൾക്കും പാരമ്പര്യങ്ങൾക്കുമുള്ളിൽ നിന്നുകൊണ്ട് സ്വതന്ത്രവും വിശാലവുമായ ഒരു ഭാവന സൃഷ്ടിക്കാൻ സാധ്യമല്ല'[1] എന്ന കാഴ്ചപ്പാട് അദ്ദേഹം തുറന്നു പറയുന്നുണ്ട്.

### 5.3. ദൈവശാസ്ത്ര ദർശനം

ക്രിസ്തുവിന്റെ മരണശേഷം പൗലോസ് സ്ഥാപിച്ചതാണ് ക്രൈസ്തവസഭ. സഭ രൂപപ്പെടുത്തിയെടുത്ത ദൈവശാസ്ത്രത്തിൽ അംഗീകരിക്കാനാകാത്ത പലതും സക്കറിയ കണ്ടെത്തുന്നു. സഭയും ഒരു അധികാരശക്തിയായി വളർന്നപ്പോൾ അധികാരം കയ്യാളുന്ന ദൂഷ്യങ്ങൾ സഭയെയും കീഴ്പ്പെടുത്തിയിട്ടുണ്ട്. വിധേയന്റെ മനോഭാവം വിശ്വാസികളെകൊണ്ട് ഇവയെല്ലാം അംഗീകരിപ്പിക്കുന്നു. ക്രൈസ്തവരും, അക്രൈസ്തവരുമായ എഴുത്തുകാർ പ്രത്യക്ഷമായും പരോക്ഷമായും സഭയുടെ പ്രവർത്തനങ്ങളെ വിമർശിച്ചിട്ടുമുണ്ട്. മതവിശ്വാസങ്ങളിൽ സംഭവിക്കുന്ന വൈകല്യങ്ങൾ ഒരെഴുത്തുകാരൻ കണ്ടറിയണം.സക്കറിയ തന്റെ ആക്ഷേപഹാസ്യത്തിൽ പൊതിഞ്ഞ ഭാഷയിലൂടെ അപ്രിയ സത്യങ്ങളെ പ്രിയപ്പെട്ട കഥകളായിട്ടവതരിപ്പിക്കുന്നു.

ശാസ്ത്രീയമായ വസ്തുതകൾക്ക് കൃത്യമായ തെളിവുകൾ നൽകി വിശദമാക്കാൻ കഴിയും. എന്നാൽ വർഷങ്ങളോളം ദൈവശാസ്ത്രം പഠിച്ച ഒരാൾക്കാണെങ്കിൽപോലും സൈദ്ധാന്തികമായി ദൈവം ഉണ്ടെന്നതിന് തെളിവു നൽകാൻ കഴിയില്ല. തനിക്കെതിരായി വാദിക്കാൻ വരുന്നയാളെ വാക്കുകൾകൊണ്ടു ജയിക്കാനും കഴിയില്ല. എന്നാൽ ദൈവമുണ്ടെന്ന് തെളിവുകൾ നല്കിഅവതരിപ്പിക്കാൻ കഴിയാത്തവനും അവന്റേതായ ഒരുദൈവവിശ്വാസം മനസ്സിൽ ഉണ്ടായിയെന്നുവരാം. ദൈവ

1. സക്കറിയ: പാരമ്പര്യത്തിന്റെ പുനഃസൃഷ്ടി, *മാതൃഭൂമി ആഴ്ചപ്പതിപ്പ്*, 2000 ഡിസംബർ 24, പുസ്തകം 78 ലക്കം 44, പുറം 55.

ത്തെക്കുറിച്ചെന്നപോലെ പിശാചിനെക്കുറിച്ചും പല സങ്കല്പ ചിത്രങ്ങളും ദൈവ ശാസ്ത്രം നല്കുന്നുണ്ട്. പിശാചിന്റെ ബാഹ്യരൂപം, കഴിവുകൾ, ശക്തി ഇവയെക്കു റിച്ചൊക്കെ പരാമർശിക്കുന്നുണ്ട്. യേശുവിന്റെ ജീവിത്തിലെ ഓരോ സംഭവങ്ങളുടെയും അർത്ഥം ഇതാണ്, ഇതല്ല എന്ന് പറഞ്ഞു വെച്ചിരിക്കുകയാണ് ദൈവശാസ്ത്രം എന്ന് സക്കറിയ കരുതുന്നു. അതേസമയംതന്നെ 'ഏതു പട്ടിക്കും പിശാചാകാം ദൈവമാ കാൻ എളുപ്പമല്ല' എന്ന ധാരണയും അദ്ദേഹത്തിനുണ്ട്. കൊന്ത,കുരിശ്, ഹാന്നാൻ വെള്ളം ഇവയൊക്കെ ചെകുത്താനെതിരായി പ്രയോഗിക്കാൻ പറ്റിയ ആയുധങ്ങളാ ണെന്ന ധാരണയും വിശ്വാസികൾക്കുണ്ട്. ദൈവശാസ്ത്രത്തോടുള്ള തന്റെ മനോ ഭാവം ചർച്ചചെയ്യുകയാണ് 'ബ്രദർ ലൂക്കോസും പിശാചും'[1] എന്ന കഥയിൽ ചെയ്തി രിക്കുന്നത്. 'താൻ വായിച്ചിട്ടുള്ള തിയോളജികളെല്ലാം അർത്ഥരഹിതമായ അധോ ശ്വാസ ജല്പനംകൊണ്ട് ഓടിച്ചു വിടാവുന്നതേയുള്ളു. അത്രയ്ക്ക് ബാലിശമാണ് തിയോളജിയുടെ പല വാദങ്ങളും'[2] എന്ന തന്റെ കാഴ്ചപ്പാട് അദ്ദേഹം തുറന്നുപറയു ന്നുണ്ട്.

ക്രൈസ്തവ സമൂഹത്തിന്റെ കരിസ്മാറ്റിക് ധ്യാനരീതിയിൽ ഗുണവും, ദോഷവും കാണുന്നവരുണ്ട്. ധ്യാന സെന്ററുകളിൽനിന്ന് ലഭിക്കുന്ന അനുഭവം ചിലരുടെ ജീവി തഗതിയെതന്നെ മാറ്റിമറിക്കുന്നു. പക്വതയെത്താത്ത പ്രായത്തിൽ അടുത്തിടപഴകാൻ അവസരം ലഭിക്കുന്ന യുവതീയുവാക്കൾക്ക് ആ അവസരം വിനയായിതീർന്നെന്നു വരും. മുതിർന്നവരുടെ നോട്ടത്തിൽ തെറ്റായി വിധിക്കുന്ന പലകാര്യങ്ങളും യുവജന ങ്ങൾ ശരിയെന്നു വിധിക്കുന്നു. ദൈവഹിതമതാണെന്നവർ ന്യായം കണ്ടെത്തുന്നു. തങ്ങൾ നിശ്ചയിക്കുന്നതുപോലെ കാര്യങ്ങൾ വരുന്നതിനായി അവർ ദൈവത്തെകൂ

1. സക്കറിയ: *കന്യാകുമാരി,* പുറം 74.
2. രാമചന്ദ്രൻ: എന്റെ യേശു - അവരുടെയും, *സാംസ്കാരികവികാരം സാഹിത്യമാസിക*, ലക്കം 8, പുസ്തകം 1, 2003, പുറം 15.

ട്ടുപിടിക്കുന്നു. ജീവിതത്തിൽ എന്തുസംഭവിച്ചാലും 'പ്രെയ്സ് ദി ലോർഡ്' എന്നു പറയുവാൻ മനസ്സിനെ ഒരുക്കുന്നു. ധ്യാനിക്കുമ്പോൾ തന്നെ പലകാര്യങ്ങളും മുൻകൂട്ടി അറിയാനുള്ള അനുഗ്രഹം ധ്യാനത്തിലൂടെ ലഭിക്കുന്നതായി ഭക്തർ പറയുന്നു. പ്രാർത്ഥനയിലൂടെ മാനസാന്തരം വരുമെന്നുള്ള വിശ്വാസം വച്ചുപുലർത്തുന്നു. കരിസ്മാറ്റിക് പ്രാർത്ഥനാരീതികളോടുള്ള തന്റെ മനോഭാവം 'പ്രെയ്സ് ദി ലോർഡി'[1]ൽ തുറന്നെഴുതിയിരിക്കുന്നു. അകലെനിന്നും നോക്കികാണുമ്പോൾ തികച്ചും ബാലിശമായി തോന്നുന്ന പ്രാർത്ഥനാരീതിയെ കഥയിലൂടെ അവതരിപ്പിച്ചിരിക്കുന്നു. അത്ഭുത പ്രവർത്തനങ്ങളിൽ ആകൃഷ്ടരായി ധ്യാനമന്ദിരങ്ങളിലേക്ക് ചെന്നെത്തുന്ന ജനങ്ങളെക്കുറിച്ചും പ്രായോഗികമായൊ, ബുദ്ധിപരമായോ ചിന്തിക്കാതെ അന്ധമായി പ്രാർത്ഥനയിൽ ആശ്രയിക്കുന്നവരെക്കുറിച്ചുമൊക്കെയുള്ള വീക്ഷണങ്ങളാണ് ഈ കഥ.

ഓരോ കാര്യസാധ്യത്തിനായി ഓരോ പുണ്യവാളന്മാരോടും പ്രാർത്ഥിക്കുന്ന രീതി ക്രൈസ്തവർക്കുണ്ട്. ഉദ്ദിഷ്ടകാര്യം സാധിച്ചുകിട്ടുന്നതിനുവേണ്ടി ഭക്തർ പല നേർച്ചകളും കാഴ്ചകളും സമർപ്പിക്കുന്നു. ബുദ്ധിപരമായി ഇവയെ നോക്കിക്കാണുന്നയാളാണ് സക്കറിയ. ഒരു വിശ്വാസിയുടെ ജീവിതത്തിൽ അനാവശ്യമായ പലവിലക്കുകളും സഭ ഏർപ്പെടുത്തിയിരുന്നു. സഭയുടെ ആചാരങ്ങളും അനുഷ്ഠാനങ്ങളും പലതും അർത്ഥരഹിതമായ ചടങ്ങുകളായിട്ടാണ് സക്കറിയ കാണുന്നത്. അരുതുകളുടെ മതമായിനിന്നുകൊണ്ട് മനുഷ്യന്റെ നിസ്സാരമായ ആനന്ദോപാധികളിൽനിന്നുപോലും അവനെ പിന്തിരിപ്പിച്ചിരിക്കുന്നു. ക്രൈസ്തവജീവിതത്തിന്റെ അത്താണിയായി കണക്കാക്കിയ വേദപുസ്തകം പോലും വായിക്കാനുള്ള സ്വാതന്ത്ര്യം സാധാരണക്കാരനില്ലായിരുന്നു. പള്ളിക്കുമാത്രമേ ഈ സ്വാതന്ത്ര്യവും ലഭിച്ചിരുന്നുള്ളൂ. പരി

1. സക്കറിയ: *പ്രെയ്സ് ദി ലോർഡ്,* 1999.

ധിവിട്ടുള്ള ഈ അരുതുകളാവട്ടെ മനുഷ്യനെ ഏതെല്ലാമപകടങ്ങളിലെത്തിക്കുന്നു വെന്ന് 'നസ്രാണിയുവാവും ഗൗളിശാസ്ത്രവും'[1] വ്യക്തമാക്കുന്നു. ഗൗളിശാസ്ത്രം എത്ര നിരർത്ഥകമാണെന്ന് അല്പബുദ്ധിക്കുപോലും മനസ്സിലാക്കാവുന്നതേയുള്ളു. ശാസ്ത്രം എന്ന വിശേഷണം വന്നതുകൊണ്ടുമാത്രം ശാസ്ത്രീയമായ ഒരു കാര്യ മായി അതിനെ പരിഗണിക്കാനാവില്ല. പരിഗണിക്കുന്ന വിഡ്ഢിക്ക് ജീവിതംതന്നെ കൈവിട്ടു പോകുന്നു. ദൈവശാസ്ത്രം എന്ന നാമത്തെ അംഗീകരിച്ച് അന്ധവിശ്വാ സിയായി മാറുന്നവനും എന്താണ് സംഭവിക്കുകയെന്ന് തുറന്നെഴുതിയിരിക്കുന്നു. ദൈവശാസ്ത്രത്തെ ഓരോ വിശ്വാസിയും എങ്ങനെ സമീപിക്കണം എന്നും, ദൈവദ ത്തമായ ബുദ്ധിയെ എങ്ങനെ പ്രയോജനപ്പെടുത്തണമെന്നുമുള്ള അഭേദകല്പനയി ലൂടെ കാര്യം ഭംഗിയായി പറഞ്ഞുവെച്ചിരിക്കുന്നു.

വിശ്വാസികളായ ആളുകളെ നേർവഴിക്കുനയിക്കാനും അവർക്ക് നന്മ ഉറപ്പുവ രുത്തുന്നതിനും, ദൈവവുമായി അടുത്തബന്ധം നിലനിർത്തുന്നതിനുമൊക്കെയാണ് 'കൂദാശകൾ' സഭ സ്ഥാപിച്ചിരിക്കുന്നത്. കുമ്പസാരമെന്ന കൂദാശയും പ്രധാനമാണ്. ഏത് വലിയ പാപവും ചെയ്ത ആൾക്കും മനസ്താപത്തോടം കുമ്പസാരിച്ചാൽ പാപമോചനം കിട്ടുമെന്നാണ് സഭ പഠിപ്പിക്കുന്നത്. ഇടയ്ക്കിടയ്ക്ക് പള്ളിയിൽ പോകു ന്നതും കുമ്പസാരിക്കുകയും, കുർബ്ബാനയിൽ പങ്കുചേരുകയും ഒക്കെ ചെയ്യുന്നതും വിശ്വാസികളുടെ കണ്ണിൽ നല്ലവനാകാൻ ഉപകരിക്കുന്നു. മരണശേഷം പള്ളിയിൽ അടക്കുന്നതിനും ഇത് ഒരു യോഗ്യതയാണ്. പാപം ചെയ്യുന്ന മനുഷ്യനെ കുറ്റബോ ധമുക്തനാക്കി നന്മയിലേക്കു നയിക്കുക എന്ന സദുദ്ദേശത്തോടെയാണ് ക്രൈസ്ത വസഭ 'കുമ്പസാരം' എന്ന കൂദാശ ഏർപ്പെടുത്തിയത്. എന്നാൽ ഏതു പാപവും ചെയ്തശേഷം കുമ്പസാരിച്ചാൽ മതിയെന്ന ചിന്ത വിശ്വാസികൾ വളർത്തിയെടുത്തു.

1. സക്കറിയ: *നസ്രാണിയുവാവും ഗൗളിശാസ്ത്രവും,* 1985, പുറം 11.

നന്മയിലേക്കു നയിക്കേണ്ട മതാനുഷ്ഠാനം വഴിമാറി പോകുന്നതായി സക്കറിയ കാണുന്നു. 'സിയോൻ സഞ്ചാരി'[1]യിൽ ഈ കാഴ്ചപ്പാടുകൾ അവതരിപ്പിക്കുന്നുണ്ട്. കുമ്പസാരത്തിൽ ഏതൊക്കെ പാപങ്ങളാണ് പറയേണ്ടത് പറയേണ്ടാത്തത് എന്നതിനെക്കുറിച്ചും സഭ വിശ്വാസികളെ പഠിപ്പിക്കുന്നുണ്ട്. ഉത്തമ മനസ്താപത്തോടുകൂടി കുമ്പസാരിച്ചാൽ ലഭിക്കുന്ന പാപശാന്തി ഒരു പോംവഴിയായികണ്ട് പാപസാഹചര്യത്തിലേക്ക് നീങ്ങാൻ വിശ്വാസികൾക്ക് പ്രേരണയുണ്ടാകുന്നു എന്ന കാഴ്ചപ്പാട് 'അശ്ലീലം വരുത്തിവെച്ച വിന ഒരു ദുരന്ത സംഭവം'[2] (പോംവഴി സഹിതം) ത്തിലും അവതരിപ്പിക്കുന്നുണ്ട്.

ആദിപ്രവാചകന്മാരിൽ പലർക്കും ദർശനങ്ങൾ ലഭിച്ചിരുന്നതായി ബൈബിൾ പറയുന്നുണ്ട്. ഇത്തരം ദർശനങ്ങളിലൂടെ ലഭിച്ച അറിവുകളായി പലതും സഭ പഠിപ്പിക്കുന്നുണ്ട്. ജ്ഞാനസ്നാനം ലഭിക്കുന്നവരർക്കുമാത്രമേ സ്വർഗ്ഗത്തിൽ പ്രവേശിക്കാൻ കഴിയൂ എന്നാണ് സഭ പറയുന്നത്. 'പരിശുദ്ധൻ', 'വിശുദ്ധൻ' തുടങ്ങിയ പദങ്ങൾ ഉപയോഗിച്ച് സഭയിലെ തിരഞ്ഞെടുക്കപ്പെട്ടവരെ സംബോധന ചെയ്യുന്ന പതിവുണ്ട്. ദർശനങ്ങൾ നൽകുന്നതും, അത്ഭുതങ്ങൾ കാട്ടുന്നതും വിശുദ്ധന്മാർ ആണ് എന്ന് ദൈവശാസ്ത്രം പഠിപ്പിക്കുന്നുണ്ട്. പരിശുദ്ധ പിതാക്കന്മാരായി തിരഞ്ഞെടുക്കപ്പെടുന്നവർ ഭൗതികകാര്യങ്ങളിലും, ആത്മീയ കാര്യങ്ങളിലെന്നപോലെ ചില സന്ദർഭങ്ങളിൽ നേതൃത്വം  കൊടുക്കേണ്ടിവരാറുണ്ട്. വിശുദ്ധരായി തിരഞ്ഞെടുക്കപ്പെടണമെങ്കിൽ സഭ നിർദ്ദേശിക്കുന്ന നിബന്ധനകൾക്കനുസരിച്ചുള്ള അത്ഭുതങ്ങൾ സംഭവിക്കണം. ബൈബിളിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ പലതും വിശദമാക്കിക്കൊണ്ട് സഭ ദൈവശാസ്ത്രത്തിലൂടെ പ്രബോധനങ്ങൾ  നല്കാറുണ്ട്. ക്രിസ്തുവിനെക്കുറിച്ച് പഴയനിമയത്തിൽ എഴുതപ്പെട്ടവയെല്ലാം പുതിയനിയമത്തിൽ പൂർത്തി

1. സക്കറിയ: *കണ്ണാടികാണ്മോളവും*, സിയോൻ സഞ്ചാരി, 1998, പുറം 22.
2. സക്കറിയ: *ഒരിടത്ത്*, 1996, പുറം 14.

യാകുന്നതായി സഭ പഠിപ്പിക്കുന്നു. സ്വർഗ്ഗത്തിൽ ദൈവം ഒരുക്കിയിരിക്കുന്ന നിത്യ സമ്മാനത്തിന് അർഹത ലഭിക്കുന്നത് ജ്ഞാനസ്നാനത്തിലൂടെയാണെന്ന് പറയു ന്നു. സഭയുടെ ഇത്തരം പ്രവർത്തനങ്ങൾ, പ്രബോധനങ്ങൾ ഇവയോടുള്ള തന്റെ മനോഭാവം 'വിശുദ്ധ താക്കോൽ അഥവാ ആത്മാവ് സ്വർഗ്ഗത്തിൽ പോകുന്നതെ ങ്ങനെ'യിൽ അവതരിപ്പിക്കുന്നുണ്ട്.[1]

'ക്രിസ്തുവിനെക്കുറിച്ച് പഴയനിയമത്തിൽ എഴുതപ്പെട്ടവയെല്ലാം പുതിയ നിയ മത്തിൽ പൂർത്തിയാകുന്നുവെന്നുവരുത്തിതീർക്കാൻ സഭ പലമാറ്റങ്ങളും വരുത്തി യെന്ന് സക്കറിയ പറയുന്നു.'[2] ഇത്തരം എഴുതിച്ചേർക്കലുകളുടെയും വിശദീകരണ ങ്ങളുടെയും ദൈവശാസ്ത്രം അംഗീകരിക്കാൻ അദ്ദേഹത്തിനു സാധിക്കുന്നില്ല.'

ദാവീദിന്റെ പുത്രനായ കിംഗ് സോളമനെ എല്ലാവിധ വിജ്ഞാനവും അസാധാ രണമായ ബുദ്ധിവൈഭവവും, സാമർത്ഥ്യവും നിറഞ്ഞ ബഹുമാനിക്കപ്പെടേണ്ട ഒരാ ളായിട്ടാണ് ബൈബിൾ ചിത്രീകരിച്ചിരിക്കുന്നത്. സോളമന് നന്മതിന്മകളെ വിവേചി ച്ചറിയാൻ പ്രത്യേക കഴിവുണ്ടായിരുന്നുവെന്നതിനു തെളിവായി പല കഥകളും ബൈബിളിലുണ്ട്. 'സോളമന്റെ ഗീതം' ക്രിസ്തുവും സഭയും തമ്മിലുള്ള ബന്ധത്തിന്റെ പ്രതീകമായിട്ടാണ് വ്യാഖ്യാനിക്കുന്നത്. തന്റെ സിംഹാസനം ഉറപ്പിക്കുന്നതിനും, താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനുംവേണ്ടി സോളമൻ ചെയ്യിച്ചിട്ടുള്ള പാതകങ്ങൾ ബൈബിളിൽ പറഞ്ഞിട്ടുണ്ടെങ്കിലും അവയൊക്കെ രാജാവിന്റെ നീതിനിർവ്വഹണ ത്തിന്റെ ഭാഗമായിട്ടാണ് അവതരിപ്പിച്ചിരിക്കുന്നത്. സോളമനെ നീതിമാനായി ചിത്രീ കരിക്കുകയും അദ്ദേഹത്തിന്റെ പ്രവൃത്തികളെയെല്ലാം ന്യായീകരിക്കുകയും ചെയ്തു കൊണ്ടുള്ള പ്രബോധനങ്ങളെ സക്കറിയ അംഗീകരിക്കുന്നില്ല. തന്റെ കാഴ്ചപ്പാടു

1. സക്കറിയ: *ഒരിടത്ത്*, 1996, പുറം 39.
2. രാമചന്ദ്രൻ: എന്റെ യേശു-അവരുടെയും, *സാംസ്കാരികവികാരം സാഹിത്യ മാസിക*, പുസ്ത കം1, ലക്കം 8, 2003, പുറം 19.

കൾ 'കിംഗ് സോളമനി'[1]ൽ അവതരിപ്പിക്കുന്നുണ്ട്. സോളമന് ദൈവം നേരിട്ട് ദർശനം നല്കിയിരുന്നതായി പറയുന്നുണ്ട്. തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനുമുമ്പായി സോളമൻ ദൈവവുമായി നേരിട്ട് സംസാരിച്ചിരുന്നതായും ബൈബിൾ പഴയനിമയ ത്തിൽ പറയുന്നുണ്ട്.[2] സോളമനെ ജ്ഞാനിയായി ചിത്രീകരിച്ചുകൊണ്ടുള്ള അവത രണം പോലെതന്നെ ദൈവവുമായി നേരിട്ട് ബന്ധം പുലർത്തിയിരുന്നു എന്ന പരാ മർശവും സക്കറിയയിലെ യുക്തിവാദി സ്വീകരിക്കുന്നില്ലെന്ന് 'കിംഗ് സോളമനി'ൽ വ്യക്തമാകുന്നുണ്ട്.

ക്രൈസ്തവരായ എഴുത്തുകാർ കുറഞ്ഞുപോകുന്നതിനുള്ള കാരണം കണ്ടെ ത്താൻ സക്കറിയ ശ്രമിച്ചിട്ടുണ്ട്. സാഹിത്യത്തോടുള്ള നിഷ്കളങ്കമായ സമീപനം ഇവർക്കില്ല. കച്ചവടമനോഭാവത്തോടെയാണ് സാഹിത്യസൃഷ്ടി നടത്തുന്നത്. സാഹി ത്യസൃഷ്ടിയിൽ പോലും സങ്കുചിതമായ മതചിന്ത വച്ചുപുലർത്തുന്നു. ലാഭനഷ്ടങ്ങ ളുടെ കണക്കുകൂട്ടൽ സാഹിത്യസൃഷ്ടിയുടെ കാര്യത്തിലും നടത്തുന്നു. പൊതുവെ പാരമ്പര്യമായി കൃഷിക്കാരായ ക്രൈസ്തവർക്ക് കഠിനാധ്വാനത്തിലൂടെ, എല്ലുമുറിയെ പണിയെടുത്ത് കാശുണ്ടാക്കണം എന്ന ചിന്തയാണു മുന്നിൽ. ഇത്തരം ചിന്തകളു ള്ളപ്പോൾ ഏകാഗ്രതയോടെ സാഹിത്യസൃഷ്ടി നടത്താനുള്ള ക്ഷമ ഇല്ലാതെപോകു ന്നു. നസ്രാണി എഴുത്തുകാരെക്കുറിച്ചുള്ള ദർശനങ്ങളാണ് 'ഒരു ക്രൂരനസ്രാണിയുടെ കഥ'[3]യിൽ.

ക്രിസ്തു കുരിശുമരണം തിരഞ്ഞെടുത്തത് മനുഷ്യവംശത്തെ മുഴുവനും നിത്യ ജീവിതത്തിലേയ്ക്ക് നയിക്കുന്നതിനും അവർക്ക് പ്രത്യാശ നല്കുന്നതിനും വേണ്ടി യാണ്. ഒരാളുടെ മരണം മറ്റുള്ളവരുടെ ജീവൻ നിലനിർത്താൻ കാരണമാകുന്നതി

1. സക്കറിയ: *ഒരിടത്ത്*, 1996, പുറം 56.
2. *ബൈബിൾ പഴയനിയമം*, 1 രാജാക്കന്മാർ 9,സോളമനുവാഗ്ദാനം, 1995, പുറം 308.
3. സക്കറിയ: *ഒരിടത്ത്*, 1996, പുറം 69.

ലൂടെ ആ മരണത്തിന്റെ മഹത്വം ഉയരുന്നുവെന്ന് കാണാം. യേശുവിന്റെ മരണത്തെ ജീവിച്ചിരിക്കുന്നരുടെ പ്രത്യാശയുടെ ഉപകരണമായിട്ട് കാണാം എന്ന ചിന്ത 'ബാർ'[1] എന്ന കഥയിലുണ്ട്. ലോകത്തിൽ നടക്കുന്ന എല്ലാ സംഭവങ്ങളും ദൈവം അറിഞ്ഞു കൊണ്ടാണ് നടക്കുന്നത് എന്ന ധാരണയും ഈ കഥയിൽ കടന്നുവന്നിട്ടുണ്ട്. ജീവിത ദുരന്തങ്ങളുടെ അങ്ങേയറ്റംവരെ എത്തിനിൽക്കുന്നവരെ പ്രത്യാശയിലേക്കു നയിക്കാനുള്ള ഉപകരണമായി ഈ കഥ മാറുന്നുണ്ട്.

ക്രിസ്തുവിന്റെ അനുയായി അദ്ദേഹത്തിന്റെ പ്രബോധനങ്ങളും, ജീവിതമാതൃകയും പിന്തുടരാൻ ബാധ്യസ്തനാണ്. സ്വാഭാവികമായും ക്രൈസ്തവകുടുംബങ്ങളിൽ ജനിച്ചുവളരുന്നവർക്ക് ക്രിസ്തുവിനെ അറിയാനുള്ള സാഹചര്യം ലഭിക്കാതിരിക്കില്ല. അനുകൂല സാഹചര്യങ്ങളിൽ പഠിച്ചകാര്യങ്ങൾ പ്രായോഗികമാക്കാൻ കഴിയണം എന്ന ദർശനമാണ് 'ജോസഫ് നല്ലവന്റെ കുറ്റസമ്മതം'.[2] തന്റെ ഭാഗത്തെ പോരായ്മകൊണ്ടല്ല തനിക്ക് പരോപകാരം ചെയ്യാൻ കഴിയാതെപോയത് എന്ന് ന്യായീകരിക്കാൻ മനസ്സ് നടത്തുന്ന ശ്രമംതന്നെ മനസ്സിന്റെ നല്ലവശത്തെയാണ് കാണിക്കുന്നത്. മനഃസാക്ഷിയില്ലാത്തവനായി മാറാൻ അവനു കഴിയുന്നില്ല. ഏതു കാലഘട്ടത്തിലും പ്രായോഗികമായി നിലനിൽക്കുന്ന പ്രബോധനങ്ങൾ യേശുനല്കിയിരുന്നുവെന്ന് ഈ കഥ വ്യക്തമാക്കുന്നുണ്ട്. 'യേശു എന്ന മനുഷ്യൻ പറഞ്ഞ കാര്യങ്ങൾക്ക് അന്നു പുതുമയുണ്ടായിരുന്നതുപോലെ ഇന്നും പുതുമയുണ്ട്. ഒരു യൂണിവേഴ്സൽ മെസ്സേജ് അക്കാലത്ത് പറഞ്ഞുവെക്കാൻ യേശുവെന്ന മനുഷ്യന് സാധിച്ച'[3]തായി സക്കറിയ സമ്മതിക്കുന്നുണ്ട്.

---

1. സക്കറിയ: *കന്യാകുമാരി*, 1999, പുറം 66.
2 സക്കറിയ: *ഒരിടത്ത്*, പുറം 209.
3. താഹ മാടായി: *സക്കറിയ വാതിൽ തുറക്കുന്നു*, 2006, പുറം 18.

ഓരോ കാലഘട്ടത്തിലും സമൂഹത്തിലുണ്ടായിരുന്ന തിന്മകൾക്കെതിരായി സാഹിത്യരംഗത്തുള്ളവർ പ്രതികരിച്ചിട്ടുണ്ട്. എഴുത്തച്ഛൻ ഭക്തിമാർഗ്ഗത്തിലൂടെ സമൂഹത്തെ നന്മയിലേക്കു നയിക്കാൻ യത്നിച്ചപ്പോൾ കുഞ്ചൻനമ്പ്യാർ ഫലിതത്തിൽ പൊതിഞ്ഞ വിമർശനമാർഗ്ഗമാണ് സ്വീകരിച്ചത്. സക്കറിയയും താൻ ജീവിക്കുന്ന ലോകത്തിൽ കാണുന്ന തിന്മകളോടും മതപരമായ സങ്കുചിതമനോഭാവങ്ങളോടുമുള്ള തന്റെ കാഴ്ചപ്പാടുകൾ ആക്ഷേപഹാസ്യത്തിന്റെ മോമ്പൊടി ചേർത്ത് ആർക്കും നോവാതെ തുറന്നെഴുത്തുന്നു. താൻകൂടി ഉൾപ്പെടുന്ന ക്രൈസ്തവ സമൂഹത്തിൽ കാണുന്ന നന്മതിന്മകളോടുള്ള കാഴ്ചപ്പാടും ക്രിസ്തുവിന്റെയും, ബൈബിളിന്റെയും, ദൈവശാസ്ത്രങ്ങളുടേയും കൂട്ടുപിടിച്ച് സക്കറിയ തുറന്നെഴുതിയിട്ടുണ്ട്. സക്കറിയയുടെ ദർശനം വിമോചനദൈവശാസ്ത്രത്തോളം ചെന്നെത്തിയിട്ടുണ്ട്. (ബ്രദർ ലൂക്കോസും പിശാചും). അതേ സക്കറിയ യേശുവിന്റെ പാണ്ഡിത്യത്തെ അംഗീകരിക്കുന്നുമുണ്ട്. ക്രിസ്തു മരിച്ച് മൂന്നൂറുകൊല്ലം കഴിഞ്ഞപ്പോഴാണ് ക്രൈസ്തവസഭ രൂപംകൊണ്ടത്. റോമാസാമ്രാജ്യത്തിന്റെ മതമായി ക്രിസ്തുമതത്തെ സ്വീകരിച്ചതോടുകൂടിയാണ് സഭയുടെ ചരിത്രം തുടങ്ങുന്നത്. അപ്പോഴേക്കും യേശുമരിച്ചിട്ട് മൂന്നൂറ്റിപന്ത്രണ്ട് കൊല്ലത്തോളം കഴിഞ്ഞിരുന്നു. ക്രൈസ്തവസഭയുടെ കാഴ്ചപ്പാടുകളോടും സങ്കല്പങ്ങളോടുമല്ല സക്കറിയയുടെ ആഭിമുഖ്യം. മറിച്ച് ക്രിസ്തുവിന്റെ ജീവിതത്തോടും ആദർശത്തോടുമാണ്. സഭയ്ക്ക് അതീതമായി ക്രിസ്തുവിനെ കണക്കാക്കുന്നു. സഭയുടെ താല്പര്യങ്ങളും ക്രിസ്തുവിന്റെ ദർശനവുമായുള്ള വൈരുദ്ധ്യത്തെ അദ്ദേഹം എടുത്തുകാട്ടുന്നു. 'ആർക്കറിയാം' എന്ന കഥയിൽ വേശ്യയാൽ രക്ഷിക്കപ്പെടുന്ന യേശുവും, 'അന്നമ്മ ടീച്ചർ ഒരോർമ്മക്കുറിപ്പി'ൽ അനുജനായെത്തുന്ന യേശുവും, 'കണ്ണാടികാണ്മോള'വത്തിലെ സാധാരണക്കാരനായ യേശുവുമൊക്കെ ഇതാണ് വെളിപ്പെടുത്തുന്നത്. 'ഏതുനിമിഷത്തിലും പഴയനിമയത്തിൽ നിന്നുദ്ധരിച്ച് മറ്റുള്ളവരെ അവ

രുടെ കൈയിലെ തന്നെ വടിയെടുത്ത് അടിക്കാനുള്ള ശേഷിയുണ്ടായിരുന്നു'[1] യേശുവിനെന്ന് സക്കറിയ സമ്മതിക്കുന്നുണ്ട്. ക്രൈസ്തവ പശ്ചാത്തലത്തിൽ ജനിച്ച തനിക്ക് യാതൊരു ക്രൈസ്തവ മതബിംബത്തെയും വിമർശനാത്മകമായ പുനഃപരിശോധന കൂടാതെ സമീപിക്കാൻ അവകാശമില്ല. അങ്ങനെ സമീപിക്കേണ്ടത് എഴുത്തുകാരനെന്നനിലയ്ക്കും ഏതു നിലയ്ക്കും തന്റെ ഉത്തരവാദിത്വമായി കരുതുന്നുവെന്ന് പറയുമ്പോൾതന്നെ[2] 'ഈ ചിന്തകൾക്കെല്ലാമപ്പുറത്ത് ഞാൻ പിളരാത്ത ഒരു ദൈവത്തിൽ ഉറച്ചുവിശ്വസിക്കുന്നുണ്ടെന്ന് പറയുന്നതും സക്കറിയതന്നെയാണ്.' (ഇഷ്ടികയും ആശാരിയും).

ബൈബിളിലെ 'കഥ' മറന്ന്, അതിനെ കൂദാശകളും, വിശ്വാസപ്രമാണങ്ങളും, അധികാരക്കസേരകളും, മഹറോൻ ഭീഷണികളും, തെമ്മാടിക്കുഴികളുമാക്കിത്തീർക്കുന്ന പൗരോഹിത്യവും, ആ പൗരോഹിത്യത്തിന്റെ മോതിരം മുത്തി സ്വന്തം പ്രമാണിത്തം വളർത്തുന്ന സഭയിലെ യഥാസ്ഥിതിക സവർണശക്തികളുമാണ് കേരള ക്രൈസ്തവ സമൂഹത്തെ സർഗ്ഗശേഷിയില്ലാത്തവാക്കുന്നതെന്ന് സക്കറിയ പറയുന്നുണ്ട്."[3] 'ക്രൂരനസ്രാണിയുടെ കഥ'യിലെ എഴുത്തുകാരനെ സൃഷ്ടിച്ചപ്പോൾ സക്കറിയയുടെ മനസ്സിൽ ഈ ആശയം നിറഞ്ഞുനിന്നിരുന്നു.

'യേശു എന്ന ആശായിയുവാവ് ഒരിക്കൽ ചെയ്തതുപോലെ, വിലക്കുകളെ പറിച്ചെറിയുകയും, വിശ്വാസങ്ങളെ പുനർവായനയ്ക്കുവിധേയമാക്കുകയും, ഒപ്പം തങ്ങളുടെ ഭൗതികമോഹങ്ങൾക്ക് സാംസ്കാരികമായ ഒരടിത്തറ നല്കുകയും ചെയ്താലേ കേരള ക്രൈസ്തവ സമൂഹത്തിന് സർഗ്ഗശേഷിയുണ്ടാവുകയുള്ളു'[4]വെന്നു പറഞ്ഞ

1. രാമചന്ദ്രൻ: എന്റെ യേശു-അവരുടെയും, *സാംസ്കാരികവികാരം സാഹിത്യ മാസിക,* പുസ്തകം1, ലക്കം 8, 2003. പുറം 23.
2.സക്കറിയ: പാരമ്പര്യത്തിന്റെ പുനഃസൃഷ്ടി, *മാതൃഭൂമി ആഴ്ചപ്പതിപ്പ്,* പുസ്തകം 78, ലക്കം 44, ഡിസംബർ 44,പുറം 55.
3. സക്കറിയ: ആരാണ് മലയാളി ക്രിസ്ത്യാനി? *കലാകൗമുദി*, ലക്കം 1231, 1999 ഏപ്രിൽ 11 പുറം 6.
4. ടി.പു. പുറം 10

സക്കറിയ ആ വിലക്കുകളെ പറിച്ചെറിയുകയാണ് യേശുവിന്റെ ജീവിത്തിലെ മാനുഷിക വശങ്ങളെയും, ദൈവശാസ്ത്രത്തിന്റെ ബാലിശതയെയും വിഷയമാക്കി നിർമ്മിച്ചെടുത്ത കഥകളിലൊക്കെയും.

'ഹിന്ദുവായിരിക്കാൻ ആർ.എസ്.എസ്സിലോ, ബി.ജെ.പിയിലോ അംഗമായിരിക്കേണ്ടതില്ല എന്നതുപോലെ തന്നെ ക്രിസ്ത്യാനിയായിരിക്കാൻ സഭയുടെ ഒത്താശയും ആവശ്യമില്ല. യേശു എന്ന ആശാരിയും മറ്റു പല നല്ല മനുഷ്യരും പറഞ്ഞിട്ടുള്ളതുപോലെ സ്നേഹിക്കാൻ സാധിച്ചാൽ മതി'[1] എന്ന ദർശനത്തിന്റെ നിഴലിലാണ് 'ആർക്കറിയാം', 'പ്രെയ്സ് ദി ലോർഡ്' എന്നീ കഥകൾ രൂപംകൊണ്ടത്.

സഭ നിർദ്ദേശിക്കുന്ന ജടിലമായ ആചാരങ്ങളെ അംഗീകരിക്കാത്ത സക്കറിയയുടെ മനസ്സ് ബൈബിൾകഥയിലെ നായകനായ യേശുവിനെ അടുത്തറിയുന്നു, അംഗീകരിക്കുന്നു.

1. സക്കറിയ: ആരാണ് മലയാളി ക്രിസ്ത്യാനി? *കലാകൗമുദി*, ലക്കം 1231, 1999 ഏപ്രിൽ 11 പുറം 10.

## അധ്യായം ആറ്

## നിഗമനങ്ങൾ

സക്കറിയയുടെ കഥകളിൽ 'ബൈബിൾ സ്വാധീനം' എത്രമാത്രമുണ്ട് എന്ന് കണ്ടെത്തുന്നതിനായി നടത്തിയ പഠനത്തിൽനിന്നും ചില നിഗമനങ്ങളിൽ എത്തിച്ചേരാൻ കഴിഞ്ഞു.

മലയാളസാഹിത്യത്തിൽ ബൈബിൾ സ്വാധീനം പ്രകടമാക്കിയിട്ടുള്ള നോവലുകളെയും കഥകളെയും അപഗ്രഥിക്കുകയാണ് ഒന്നാം അധ്യായത്തിൽ ചെയ്തത്. ഈ അപഗ്രഥനത്തിൽനിന്നും സ്വാധീനത്തിന്റെ ഭിന്നരീതികൾ കണ്ടെത്താൻ കഴിഞ്ഞു. ക്രൈസ്തവ ജീവിതത്തെയും, ക്രൈസ്തവ കുടുംബകഥകളെയും പരാമർശിക്കുന്ന നിരവധി കഥകളുണ്ട്. അവയിലെ ബൈബിൾ സ്വാധീനം പലപ്പോഴും ഉപരിപ്ലവമാണ്. ഇതിവൃത്ത ഘടനയ്ക്കും കഥാസന്ദർഭങ്ങൾക്കും സ്വാഭാവികത കൈവരുത്താൻ നടത്തുന്ന ബൈബിൾ പരാമർശങ്ങൾ മാത്രമേ അവയിൽ കാണാനാകൂ. സഭയെയും സഭയുടെ നിയമങ്ങളെയും വിമർശനവിധേയമാക്കുമ്പോഴും കഥാകൃത്തുകൾ ബൈബിൾ സന്ദർഭങ്ങളിൽ വ്യാപൃതരാകാറുണ്ട്. ആഴത്തിലുള്ള ബൈബിൾ സ്വാധീനം അനുഭവപ്പെടുന്നത് സമകാലിക ജീവിതാവസ്ഥകളെ ആവിഷ്കരിക്കാൻ ബൈബിളിലെ സന്ദർഭങ്ങളെയും കഥാപാത്രങ്ങളെയും അവരുടെ അനുഭവങ്ങളെയും ഉപയുക്തമാക്കുമ്പോഴാണ്. സമൂഹത്തിൽ കാണുന്ന സമകാലികമായ പല സംഭവങ്ങളുമായി ബൈബിൾ കഥകളെ ബന്ധിപ്പിച്ചുകൊണ്ട് അവതരിപ്പിച്ചിട്ടുണ്ട്.

ക്രിസ്തു പറഞ്ഞ ഉപമകൾക്കും, പ്രബോധനങ്ങൾക്കും പുതിയ അർത്ഥങ്ങൾ കണ്ടെത്താൻ സാഹിത്യകാരന്മാർക്ക് കഴിഞ്ഞിട്ടുണ്ട്.

സക്കറിയയുടെ കഥകളിൽ പ്രമേയം രൂപപ്പെടുത്തുന്നതിന് ബൈബിൾ സഹായകമായിട്ടുണ്ടെന്ന് രണ്ടാം അധ്യായത്തിൽ കണ്ടെത്തിയിട്ടുണ്ട്. അന്ധമായ മതവിശ്വാസങ്ങളെ ശാസ്ത്രീയമായി സമീപിക്കാനുള്ള ശ്രമമാണ് ആക്ഷേപഹാസ്യകഥകളിൽ സക്കറിയ നടത്തുന്നത്. ക്രിസ്തു ഉപമകളിലൂടെ നടത്തിയ പ്രബോധനങ്ങൾക്കും, ക്രിസ്തുവിന്റെ വചനങ്ങൾക്കും പുതിയ അർത്ഥതലങ്ങൾ കണ്ടെത്താൻ സക്കറിയ കഥകളിൽക്കൂടി ശ്രമിച്ചിട്ടുണ്ട്. സക്കറിയയുടെ കഥകളുടെ പ്രമേയത്തിൽ ബലിയർപ്പണവും പ്രാർത്ഥനയും സ്വാധീനം ചെലുത്തിയിട്ടുണ്ട്. സക്കറിയയുടെ മികച്ച കഥകളിൽ ബലിയർപ്പണം പ്രത്യക്ഷമായും പരോക്ഷമായും കടന്നുവന്നിട്ടുണ്ട്. ബലിയർപ്പണത്തിന്റെ ആത്മീയ തേജസ്സ് ഭൗതികവിഷങ്ങളെ അതിജീവിക്കുന്നുണ്ട്. സക്കറിയ തന്റെ കഥകളിലെ ആശയവ്യക്തതയ്ക്കുവേണ്ടി ബൈബിൾ മിത്തുകളെ ഉപയോഗിച്ചിട്ടുണ്ട്. പുതുമയുള്ള പ്രമേയ സ്വീകരണത്തിൽ പുതുമയോടെതന്നെ മിത്തുകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. ബൈബിൾ സംഭവങ്ങൾക്ക് താൻ ജീവിക്കുന്ന കാലഘട്ടവുമായി ബന്ധപ്പെടുത്തി അർത്ഥങ്ങൾ കണ്ടെത്തുകയും വരികൾക്കിടയിലെ വായന കൊണ്ട് കഥ സൃഷ്ടിക്കുകയും ചെയ്യുന്നുണ്ട് സക്കറിയ. ബൈബിൾ പ്രമേയം കൈകാര്യം ചെയ്യുമ്പോഴും ക്രിസ്ത്യൻ ദൈവശാസ്ത്രത്തെപ്പറ്റിയും, വിശ്വാസങ്ങളെപ്പറ്റിയുമൊക്കെ സക്കറിയയുടെ കുറേയേറെ ആശയങ്ങളും അവയുടെ ചർച്ചകളുമാണ് ആ കഥകളിലുണ്ടാവുക. തന്റെ ആശയങ്ങൾ പ്രകടിപ്പിക്കാനുള്ള മാധ്യമങ്ങളായി ബൈബിൾ പ്രമേയങ്ങളെ സക്കറിയ ഉപയോഗിക്കുകയാണ് ചെയ്തിരിക്കുന്നത്.

സക്കറിയയുടെ കഥകളിലെ കഥാപാത്രങ്ങളെക്കുറിച്ചു നടത്തിയ പഠനത്തിൽനിന്നും കഥാപാത്രങ്ങൾക്ക് ബൈബിളുമായുള്ള ബന്ധം കണ്ടെത്താൻ കഴി

ഞ്ഞിട്ടുണ്ട്. സക്കറിയക്ക് ഇഷ്ടപ്പെട്ട ബൈബിൾ കഥാപാത്രം 'ക്രിസ്തു' തന്നെയാണ്. ബൈബിളിൽ പ്രതിപാദിച്ചിരിക്കുന്ന മട്ടിൽ ദൈവികതയ്ക്ക് മങ്ങലേൽക്കാത്ത ക്രിസ്തുവിനെ സക്കറിയയുടെ കൃതികളിൽ കണ്ടെത്താനാവില്ല. എന്നാൽ മാനുഷികതയിലൂടെ ദൈവികതയിലേക്കുയരുന്ന കഥാപാത്രമായിട്ടാണ് യേശുവിനെ സക്കറിയ ചിത്രീകരിച്ചിട്ടുള്ളത്. ദേവാലയത്തിലും, രൂപങ്ങളിലും മാത്രം പ്രതിഷ്ഠിച്ച് അകറ്റി നിർത്തേണ്ടവനല്ല, മറിച്ച് മനുഷ്യ ഹൃദയത്തിൽ പ്രതിഷ്ഠിച്ച് അവരോടൊപ്പം കഴിയേണ്ടവനാണ് ക്രിസ്തു എന്ന തിരിച്ചറിവാണ് ക്രിസ്തു കഥാപാത്രമായിവരുന്ന കഥകളിൽ സക്കറിയക്കുള്ളത്. ബൈബിളിൽ നിന്നുള്ള ഇതരകഥാപാത്രങ്ങളെയും സക്കറിയകഥകളിൽ ഉപയോഗപ്പെടുത്തിയിട്ടുണ്ട്. ബൈബിൾ പശ്ചാത്തലത്തിൽനിന്നും വേർപെടുത്തി തന്റെ കഥയുടെ പശ്ചാത്തലത്തിലേയ്ക്ക് അവരെ ഇണക്കി ചേർക്കുകയാണ് സക്കറിയ ചെയ്തിരിക്കുന്നത്. കഥയിൽ കഥാകൃത്തിന്റെ ആശയങ്ങളുടെ വക്താക്കളായിട്ടാണ് അവർ പ്രത്യക്ഷപ്പെടുന്നത്. ക്രിസ്തുവിൽ നിറഞ്ഞുനിന്നിരുന്ന ദൈവികതയെക്കുറിച്ചുള്ള സക്കറിയയുടെ കാഴ്ചപ്പാടും കഥാപാത്രങ്ങളിലൂടെ വെളിപ്പെടുത്തുന്നുണ്ട്. ബൈബിൾ സംഭവങ്ങളുടെ പശ്ചാത്തലത്തിൽ രൂപംകൊണ്ട കഥാപാത്രങ്ങളും സക്കറിയയുടെ കഥകളിലുണ്ട്. സക്കറിയ ഭാവനയിൽ രൂപപ്പെടുത്തിയെടുത്ത കഥാപാത്രങ്ങളാണിവർ.

കഥകളുടെ ആഖ്യാനരീതികൾ തിരഞ്ഞെടുക്കുമ്പോഴും മനഃപൂർവ്വവും അല്ലാതെയും ബൈബിൾ സക്കറിയയെ സ്വാധീനിച്ചിട്ടുണ്ട്. ബൈബിളിലെ പ്രതീകാത്മക രചനാരീതി സക്കറിയ കഥകളിൽ പ്രയോജനപ്പെടുത്തിയിട്ടുണ്ട്. വായനക്കാരന് തിരിച്ചറിവിനുള്ള പരോക്ഷമായ ഉപദേശമാണ് സക്കറിയയുടെ അന്യാപദേശരൂപേണയുള്ള പല കഥകളും. ബൈബിളിൽ കാണുന്ന അന്യാപദേശരൂപേണയുള്ള കഥകളുടെ രചനാരീതിയാണ് ഈ കഥകളിൽ സക്കറിയ ഉപയോഗിച്ചിട്ടുള്ളത്. ക്രൈസ്തവ ബലി

യർപ്പണത്തിന്റെ ഈണവും, താളവും ഉള്ള ഭാഷാപ്രയോഗങ്ങളും, ബലിയർപ്പണ ഭാഗങ്ങളുടെ പുനരാഖ്യാനവും സക്കറിയയുടെ കഥകളിലുണ്ട്. ക്രൈസ്തവ പ്രാർത്ഥ നകളുടെ ഈണവും താളവും സക്കറിയയുടെ കഥകളിലുണ്ട്. ബൈബിൾ വാക്യ ങ്ങളെ സക്കറിയകഥകളിൽ പുനരാഖ്യാനം ചെയ്തിട്ടുണ്ട്. ബൈബിളിൽ നിന്നും എടുത്തു ചേർത്തിട്ടുള്ള ശൈലികളും, പ്രയോഗങ്ങളും, ബിംബകല്പനകളും കഥ യുടെ രൂപീകരണത്തിന് സക്കറിയക്ക് സഹായകമായിട്ടുണ്ട്. സക്കറിയയുടെ കഥക ളിൽ നസ്രാണിവ്യവഹാരഭാഷയുടെ സ്വാധീനം ഉണ്ട്. കഥകളുടെ ആവിഷ്കാരത്തിന് ബൈബിളും ക്രൈസ്തവികമായ ചുറ്റുപാടുകളും സക്കറിയക്ക് പ്രയോജനപ്പെട്ടിട്ടു ണ്ട്. ഭാഷാ സൃഷ്ടിയിലും, കഥനശൈലിയിലും, കഥാഘടന രൂപീകരണത്തിലും ഇവ യൊക്കെ സക്കറിയക്ക് ഉപകരണങ്ങളോ മാധ്യമങ്ങളോ ആണ്.

'സക്കറിയയുടെ കഥകളുടെ ദർശനത്തിലും' ബൈബിൾ സ്വാധീനമുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. ക്രിസ്തുവിലെ ദൈവികതയുടെ ദർശനം സക്കറിയയുടെ കഥക ളിലുണ്ട്. പരമ്പരാഗതമായ വിശ്വാസങ്ങൾക്കുപരിയായി സ്വയം ചിന്തിച്ചും, യുക്തി മാർഗ്ഗത്തിലൂടെ അന്വേഷിച്ചും കണ്ടെത്തിയ ദൈവികതയെയാണ് സക്കറിയ കൃതിക ളിൽ അവതരിപ്പിച്ചിരിക്കുന്നത്. ക്രിസ്തുവിലെ മാനുഷികതയുടെ ദർശനവും സക്ക റിയയുടെ കഥകളിലുണ്ട്. ക്രിസ്തുവിലുള്ള മാനുഷികതയുടെ വെളിപ്പെടുത്തൽ ദൈവി കപരിവേഷത്തെ ബാധിക്കുമോ എന്ന് ക്രൈസ്തവ സഭ ഭയപ്പെടുന്നുണ്ട്. സഭ മറച്ചു വെക്കാനാഗ്രഹിക്കുന്ന മാനുഷികതയെ നിർഭയം പുറത്തുകൊണ്ടുവരികയാണ് സക്ക റിയ ചെയ്തിരിക്കുന്നത്. മാനുഷികതയുടെ വെളിപ്പെടുത്തൽ ദൈവികപരിവേഷത്തെ ബാധിക്കുമോ എന്ന് ക്രൈസ്തവസഭ ഭയപ്പെടുന്നുണ്ട്. മാനുഷികതയുടെ വെളിപ്പെ ടുത്തൽ ക്രിസ്തുവിലേക്ക് ജനങ്ങളെ അടുപ്പിക്കുകയാണ് ചെയ്യുകയെന്ന സക്കറിയ യുടെ ദർശനമാണ് കഥകളിൽ ഉള്ളത്. ദൈവശാസ്ത്രത്തെക്കുറിച്ചുള്ള സക്കറിയ

യുടെ ദർശനങ്ങളും കഥകളിൽ ഉണ്ട്. ദൈവശാസ്ത്രത്തെ അന്ധമായി സ്വീകരിക്കാതെ ശാസ്ത്രീയമായി സമീപിക്കുകയാണ്  സക്കറിയ ചെയ്തിരിക്കുന്നത്. ക്രൈസ്തവസഭയുടെ കാഴ്ചപ്പാടുകളോടും സങ്കല്പങ്ങളോടുമല്ല സക്കറിയയുടെ ആഭിമുഖ്യം. മറിച്ച് ക്രിസ്തുവിന്റെ  ജീവിതത്തോടും  ആദർശത്തോടുമാണ്.

ആറ് അധ്യായങ്ങളായി തിരച്ചുകൊണ്ട് നടത്തിയ ഈ പഠനത്തിൽനിന്നും കഥാനിർമ്മിതിക്ക് സക്കറിയ ബൈബിൾ ഏതൊക്കെ വിധത്തിൽ ഉപയോഗപ്പെടുത്തിയെന്ന് കണ്ടെത്താൻ  സാധിച്ചു.

# ഉപസംഹാരം

യേശുക്രിസ്തുവിന്റെ അപ്പസ്തോലന്മാരിൽ ഒരാളായ തോമസ് ശ്ലീഹാ എ.ഡി.52-ൽ കേരളത്തിൽവന്നുവെന്നും അക്കാലത്തുതന്നെ ക്രിസ്തുമതം ഇവിടെ ആരംഭിച്ചുവെന്നുമാണ് പരമ്പരാഗതമായി വിശ്വസിച്ചുപോരുന്നത്. ബൈബിൾ ഭാരതീയഭാഷകളിൽ അവതരിക്കുന്നത് 18-ാം ശതകത്തിലാണ്. മലയാളത്തിൽ 1841-ൽ ആണ് ബൈബിൾ സമ്പൂർണ്ണമായി പ്രസിദ്ധപ്പെടുത്തിയിട്ടുള്ളത്. കേരളത്തിലെ ക്രിസ്ത്യാനികൾക്ക് 1811ലാണ് മലയാളത്തിൽ വേദപുസ്തകം ലഭിച്ചത്. വിശ്വാസികൾക്ക് ബൈബിൾ എത്രമാത്രം അപ്രാപ്യമായിരുന്നുവെന്ന് 'ഒരു നസ്രാണിയുവാവും ഗൗളിശാസ്ത്രവും' എന്ന കൃതിയിൽ സക്കറിയ പറഞ്ഞിട്ടുണ്ട്. എന്നാൽ കാലംമാറിയപ്പോൾ ജാതിമതഭേദമെന്യേ ആർക്കും ബൈബിൾ സമീപസ്ഥഗ്രന്ഥമായി മാറി. വിശ്വസാഹിത്യത്തിലെങ്ങും ബൈബിൾ സ്വാധീനം ചെലുത്തിയതുപോലെ മലയാളസാഹിത്യത്തിലും ബൈബിൾ സ്വാധീനം ചെലുത്തി. കഥാസാഹിത്യത്തിലെന്നും ബൈബിൾ കഥകളുടെയും, കഥാപാത്രങ്ങളുടെയും, ആഖ്യാനരീതികളുടെയും, ദർശനങ്ങളുടെയും സ്വാധീനം പ്രകടമായിരുന്നു. സക്കറിയയുടെ കഥകളിലും വ്യത്യസ്തമായ രീതികളിലുള്ള ബൈബിൾ സ്വാധീനം ഉണ്ട്. പ്രമേയം രൂപപ്പെടുത്താനും, ആഖ്യാനശൈലിചിട്ടപ്പെടുത്താനും, കഥാപാത്രങ്ങളെ കണ്ടെത്താനും, ദർശനങ്ങൾ രൂപപ്പെടുത്താനുമെല്ലാം സക്കറിയകഥകളിൽ ബൈബിൾ ഉപയോഗപ്പെടുത്തിയിട്ടുണ്ട്. സക്കറിയയുടെ കൃതികളിൽ നടത്തിയ സൂക്ഷ്മപഠനത്തിലൂടെ ഇക്കാര്യം വ്യക്തമാകുന്നുണ്ട്.

## ഗ്രന്ഥസൂചി


അച്യുതൻ, എം. ***ചെറുകഥ - ഇന്നലെ ഇന്ന്,*** നാഷണൽ ബുക്സ്റ്റാൾ, കോട്ടയം: 1973.

................................ *നിർദ്ധാരണം,* കറന്റ് ബുക്സ്, തൃശൂർ: 1990.

അപ്പൻ, കെ.പി. *മാറുന്ന മലയാള നോവൽ,* ഇംപ്രിന്റ് ബുക്സ്, കൊല്ലം: 1988.

............................... *ഉത്തരാധുനികത വർത്തമാനവും, വംശാവലിയും,* ഡി.സി.ബുക്സ്, കോട്ടയം: 1997.

.............................. *കഥ ആഖ്യാനവും അനുഭവസത്തയും,* ഡി.സി.ബുക്സ്, കോട്ടയം: 1999.

.............................. *വിവേകശാലിയായ വായനക്കാരാ,* ഡി.സി.ബുക്സ്, കോട്ടയം: 2002.

അശോകൻ ചരുവിൽ. *മരിച്ചവരുടെ കടൽ,* ഡി.സി.ബുക്സ്, കോട്ടയം 1999.

................................ *ഒരു രാത്രിക്ക് ഒരു പകൽ,* കറന്റ് ബുക്സ്, തൃശൂർ: 1996.

ആനന്ദ്. *നാലാമത്തെ ആണി,* ഡി.സി.ബുക്സ്, കോട്ടയം: 1999.

ആർച്ചു ഡീക്കൻകോശി. *പുല്ലേലികുഞ്ചു,* മലയാളം റിലിജിയസ് ട്രാക്ട് സൊസൈറ്റി, കോട്ടയം: 1931.

*ഉറൂബിന്റെ തിരഞ്ഞെടുത്ത കഥകൾ,* കറന്റ് ബുക്സ്, തൃശൂർ: 1967.

എബ്രഹാം മാത്യു. *കിനാവിന്റെ ഇര,* ഡി.സി.ബുക്സ്, കോട്ടയം: 1995.

................................ *കാർമാർഗ്ഗം,* നാഷണൽ ബുക്സ്റ്റാൾ, കോട്ടയം:

കാക്കനാടൻ. *ഒറോത,* സങ്കീർത്തനം പബ്ലിക്കേഷൻസ്, കൊല്ലം: 2002.

കാക്കനാടൻ. *അന്ത്രയോസ് എന്ന പാപി*, പ്രഭാത് ബുക് ഹൗസ്, തിരുവനന്തപുരം: 1991.

............................ *ഏഴാം മുദ്ര*, കറന്റ് ബുക്സ്, കോട്ടയം: 1968.

............................ *കാക്കനാടന്റെ കഥകൾ*, കറന്റ് ബുക്സ്, കോട്ടയം: 1995.

കുഞ്ഞമ്പു പോത്തേരി. *സരസ്വതീവിജയം*, എഡ്വേർഡ് പ്രസ്, കണ്ണൂർ: 1937.

കുമാരൻ, യു.കെ. *ഒന്നിനും ഒരകലവുമില്ല*, ഡി.സി.ബുക്സ്, കോട്ടയം: 2003.

കുട്ടികൃഷ്ണമാരാര്. *ദന്തഗോപുരം*,സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടംയ: 1981.

കേശവദേവ്, പി. *അയൽക്കാർ*, സാഹിത്യപ്രവർത്തക സഹകരണസംഘം, 1970.

കൊച്ചുതൊമ്മൻ അപ്പോത്തിക്കരി. *പരിഷ്ക്കാരപ്പാതി*, വിദ്യാർത്ഥിമിത്രം, കോട്ടയം: 1977.

കൊച്ചുബാവ, ടി.വി. *100 വർഷം 100 കഥ (1891-1991)* ഡി.സി.ബുക്സ്, കോട്ടയം: 1999.

.............................. *സൂചിക്കുഴിയിൽ ഒരു യാക്കോബ്*, പ്രഭാത് ബുക് ഹൗസ്, തിരുവനന്തപുരം: 1999.

................................ *എപ്പോഴെത്തുമോ എന്തോ*, കറന്റ് ബുക്സ്, തൃശൂർ : 1999.

................................ *വീടിപ്പോളൾ നിശ്ശബ്ദമാണ്*, നാഷണൽ ബുക് സ്റ്റാൾ, കോട്ടയം: 1985.

കോവൂർ, ഇ.എം. *തിരഞ്ഞെടുത്ത കഥകൾ*, നാഷണൽ ബുക്സ്റ്റാൾ, കോട്ടയം, 1965.

................................ *കാട്*, സാഹിത്യ പ്രവർത്തകസഹകരണ സംഘം, കോട്ടയം : 1974.

കോളിൻസ് മദാമ്മ. *ഘാതകവധം*, ഡി.സി.ബുക്സ്, കോട്ടയം: 1976.

ഗ്രേസി. *നരകവാതിൽ*, കലാക്ഷേത്രം, കാസർകോട്, 1993.

ചന്ദ്രശേഖരൻ നായർ, വൈക്കം. *കയീന്റെ വംശം*, പ്രഭാത് ബുക്ഹൗസ്, തിരുവനന്തപുരം, 1985.

ജെയിംസ്, വി.ജെ. *പുറപ്പാടിന്റെ പുസ്തകം*, ഡി.സി.ബുക്സ്, കോട്ടയം:2000.

.................................. *ഭൂമിയിലേക്കുള്ള തുരുമ്പിച്ച വാതായനങ്ങൾ*, ഡി.സി.ബുക്സ്, കോട്ടയം 2003.

ജോർജ്ജ് ഇരുമ്പയം. *മലയാളനോവൽ പത്തൊമ്പതാം നൂറ്റാണ്ടിൽ*, ഡിപ്പാർട്ട്മെന്റ് ഓഫ് കൾച്ചറൽ പബ്ലിക്കേഷൻസ്, തിരുവനന്തപുരം: 1997.

ജോർജ്ജ് ജോസഫ്, കെ. *അനന്തരം സന്ധ്യയായി, ഉഷസ്സായി*. ഡി.സി.ബുക്സ്,ക കോട്ടയം: 1990.

........................................... *അവൻ മരണയോഗ്യൻ*, ഡി.സി.ബുക്സ്, കോട്ടയം : 1997.

ജോസ് പനച്ചിപ്പുറം. *ധാരാവി*, ഡി.സി.ബുക്സ്, കോട്ടയം : 2000.

ജോസഫ് മൂളിയിൽ. *സുകുമാരി*,ബാസൽ മിഷൻ പ്രസ്സ്, മാംഗലൂർ, 1897.

ജോസഫ് പനയ്ക്കൽ. *കടൽകാക്കകൾ*, കറന്റ് ബുക്സ്, കോട്ടയം : 1998.

ജോസഫ് മറ്റം. *പാപികളുടെ കൂടാരം*, നാഷണൽ ബുക്സ്റ്റാൾ, കോട്ടയം: 1993.

ജോസഫ് പുലിക്കുന്നേൽ. *എന്റെ കുരിശുമെടുത്ത് നിന്റെ പിന്നാലെ*, നാഷണൽ ബുക് സ്റ്റാൾ, കോട്ടയം : 1979.

ജോസഫ് മുണ്ടശ്ശേരി. *കൊന്തയിൽനിന്നും കുരിശിലേക്ക്*, ഡി.സി.ബുക്സ്, കോട്ടയം: 1981.

................................ *പ്രൊഫസർ*, കറന്റ് ബുക്സ്, തൃശൂർ: 1991.

................................ *പാറപ്പുറത്ത് വിതച്ചവിത്ത്*, മംഗളോദയം പ്രൈവറ്റ് ലിമിറ്റഡ്, ത്രിശ്ശിവപേരൂർ : 1968.

ജോൺ എബ്രഹാം. *ജോൺ എബ്രഹാമിന്റെ കഥകൾ*, പക്ഷിക്കൂട്ടം ബുക്സ്, തിരുവനന്തപുരം.

തകഴി ശിവശങ്കരപിള്ള. *വെള്ളപ്പൊക്കത്തിലും മറ്റു പ്രധാനകഥകളും*, ഡി.സി.ബുക്സ്, കോട്ടയം: 2003.

തോമസ്, പി.ജെ. *മലയാള സാഹിത്യവും ക്രിസ്ത്യാനികളും*, സാഹിത്യപ്രവർത്തക സഹകരണസംഘം, 1935.

നാലപ്പാട്ടു നാരായണമേനോൻ. *പാവങ്ങൾ*, (വിവ) മാതൃഭൂമി പ്രിന്റിംഗ് ആൻഡ് പബ്ലിഷിംഗ് കമ്പനി, കോഴിക്കോട് 1976.

നീന പനയ്ക്കൽ. *സന്മനസ്സുള്ളവർക്കു സമാധാനം*, പി.കെ.ബ്രദേഴ്സ്, കോഴിക്കോട്: 1999.

നെറ്റിയാടൻ. *ജോസഫ് എന്ന തങ്കച്ചൻ*, ഋഷി ബുക്സ്, കൊട്ടാരക്കര: 1998.

നൗഷാദ് (എഡി). *തിരുവെഴുത്തുകൾ*, മൾബറി പബ്ലിക്കേഷൻസ്, കോഴിക്കോട്: 1996.

പണിക്കർ, ജി.എൻ. *അനുസ്മരണവും മറ്റുകഥകളും*, കറന്റ് ബുക്സ്, കോട്ടയം: 1998.

പാറപ്പുറത്ത്. *അരനാഴികനേരം*, നാഷണൽ ബുക്സ് സ്റ്റാൾ, കോട്ടയം : 1986.

പാറക്കടവ്, പി.കെ. *ഭൂമിയുടെ കണ്ണുകൾ*, ലിപി പബ്ലിക്കേഷൻസ്, കോഴിക്കോട്, 2002.

പൊറ്റക്കാട്, എസ്.കെ. *വിഷകന്യക*, കറന്റ് ബുക്സ്, തൃശൂർ: 1967.

പോൾ, എം.പി. *ചെറുകഥാ പ്രസ്ഥാനം*, നാഷണൽ ബുക്സ്റ്റാൾ, കോട്ടയം: 1989.

പോൾ ചിറക്കരോട്. *നിഴൽ*, ബി.കെ.എം. പ്രസിദ്ധീകരണം, 1966.

പോൾ മണവാളൻ. *കേരള സംസ്കാരവും ക്രൈസ്തവ മിഷനറിമാരും*, ഡി.സി.ബുക്സ്, കോട്ടയം: 1990.

ബാലകൃഷ്ണൻ, സി.വി. *എന്റെ പിഴ, എന്റെപിഴ, എന്റെ വലിയപിഴ*, ഡി.സി.ബുക്സ്, കോട്ടയം: 1985.

................................ *സ്നേഹവിരുന്ന്*, കറന്റ് ബുക്സ്, തൃശൂർ: 1991.

................................ *കണ്ണാടിക്കടൽ*, ഡി.സി.ബുക്സ്, കോട്ടയം: 1990.

................................ *ആയുസ്സിന്റെ പുസ്തകം*, ഡി.സി.ബുക്സ്, കോട്ടയം: 1984.

................................ *ഭവഭയം*, ഡി.സി.ബുക്സ്, കോട്ടയം: 1997.

ബാബുപോൾ,ഡി. *ബൈബിൾ നിഘണ്ടു*, വേദശബ്ദരത്നാകരം, കേരള ഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1997.

ബാബു കുഴിമറ്റം. *യുഹാനോൻ ലൂവീസിന്റെ പ്രാവുകൾ*, നാഷണൽ ബുക്സ്റ്റാൾ, കോട്ടയം: 1999.

*ബൈബിൾ*, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ, കൊച്ചി, 1995.

മുട്ടത്തുവർക്കി. *തിരഞ്ഞെടുത്ത കഥകൾ*, സാഹിത്യപ്രവർത്തക സഹകരണസംഘം, നാഷണൽ ബുക്സ്റ്റാൾ, കോട്ടയം: 1977.

മാത്യൂസ്, പി.എഫ്. *ചാവുനിലം*, ഡി.സി.ബുക്സ്, കോട്ടയം: 1996.

മാത്യു ഡാനിയൽ. *ദാർശനിക വിമർശനത്തിന്റെ ഉപാസകൻ*, (എഡി) പോൾ മണലിൽ, ഡോ.കെ.എം. തരകന്റെ കൃതികളെക്കുറിച്ചുള്ള 19 പഠനങ്ങൾ, ഡി.സി.ബുക്സ്, കോട്ടയം: 1990.

മാധവൻ, എൻ.എസ്. *ലന്തൻ ബത്തേരിയിലെ ലുത്തിനിയകൾ*, ഡി.സി.ബുക്സ്, കോട്ടയം: 2003.

മുഴൂർ, ഫാ. സെഡ്.എം. *ബൈബിൾ വിജ്ഞാനകോശം*, ആരാമം പബ്ലിക്കേഷൻസ്, അറക്കുളം, 1997.

മോഹനനൻ, എൻ. *സ്നേഹത്തിന്റെ വ്യാകരണം*, നാഷണൽ ബുക്സ്റ്റാൾ, 1997.

രവീന്ദ്രൻ, കെ. (എഡി) *മനനത്തിന്റെ നാനാർത്ഥങ്ങൾ*, ഹരിത പുസ്തകകേന്ദ്രം,തൃശൂർ 1993.

ലാൽ ജി. ജോർജ്ജ്. *കപടവാതിൽ*, കറന്റ് ബുക്സ്, കോട്ടയം: 1998.

വർഗീസ്, കെ.സി. *മനുഷ്യപുത്രൻ*, മൾബറി പബ്ലിക്കേഷൻസ്, കോഴിക്കോട്, 1999.

വാസുദേവൻ നായർ, എം. ടി. *ബന്ധനം*, കറന്റ് ബുക്സ്, കോട്ടയം' 1993.

വിജയൻ, ഒ.വി. *ചെങ്ങന്നൂർ വണ്ടി*, 1998-ലെ തിരഞ്ഞെടുത്ത കഥകൾ, ഡി.സി.ബുക്സ്, കോട്ടയം: 1989.

ശ്രീധരൻ പെരമ്പടവം. *ഏഴാം വാതിൽ*, കറന്റ് ബുക്സ്, കോട്ടയം: 1995.

................................ *നിന്റെ കൂടാരത്തിനരികെ*, കറന്റ് ബുക്സ്, കോട്ടയം: 1997.

ശങ്കുണ്ണി, ടി.ആർ. *ദേവയാഗം*, കറന്റ് ബുക്സ്, കോട്ടയം: 1990.

സക്കറിയ. *ഒരു നസ്രാണിയുവാവും ഗൗളിശാസ്ത്രവും*, കറന്റ് ബുക്സ്, കോട്ടയം: 1983.

................................ *ആർക്കറിയാം*, കറന്റ് ബുക്സ്, കോട്ടയം: 1986.

................................ *ഒരിടത്ത്*, കറന്റ് ബുക്സ്, കോട്ടയം: 1996.

................................ *കണ്ണാടി കാണ്മോളവും*, കറന്റ് ബുക്സ്, കോട്ടയം: 1997.

................................ *സലാം അമേരിക്ക*, കറന്റ് ബുക്സ്, കോട്ടയം: 1998.

................................ *ഇതാണെന്റെ പേര്*, ഡി.സി. ബുക്സ്, കോട്ടയം: 1998.

................................ *ഭാസ്കരപട്ടേരലും എന്റെ ജീവിതവും*, കറന്റ് ബുക്സ്, കോട്ടയം: 1998.

സക്കറിയ. *എന്തുണ്ട് വിശേഷം പീലാത്തോസേ*, കറന്റ് ബുക്സ്, കോട്ടയം: 1998.

................................ *കന്യാകുമാരി*, കറന്റ് ബുക്സ്, കോട്ടയം: 1999.

................................ *ഇഷ്ടികയും ആശാരിയും*, കറന്റ് ബുക്സ്, കോട്ടയം: 1999.

................................ *പ്രെയ്സ് ദി ലോർഡ്*, കറന്റ് ബുക്സ്, കോട്ടയം: 1999.

................................ *സക്കറിയയുടെ പെൺകഥകൾ,* കറന്റ് ബുക്സ്, കോട്ടയം: 2001.

................................ *അയ്യപ്പതിന്തകത്തോം*, കറന്റ് ബുക്സ്, കോട്ടയം: 2003.

സാറാ ജോസഫ്. *നന്മതിന്മകളുടെ വൃക്ഷം*, കറന്റ് ബുക്സ്, തൃശൂർ: 1989.

........................... *ആലാഹയുടെ പെൺമക്കൾ*, കറന്റ് ബുക്സ്, തൃശൂർ: 1999.

............................. *മാറ്റാത്തി*, കറന്റ് ബുക്സ്, തൃശൂർ: 2003.

................................ *ബലിദാനം*, ശിഖ പബ്ലിക്കേഷൻസ്, കോഴിക്കോട്, 1987.

സെബാസ്റ്റ്യൻ പള്ളിത്തോട്. *ആഞ്ഞൂസ്ദേയി,* ഡി.സി.ബുക്സ്, കോട്ടയം:1998.

സെബാസ്റ്റ്യൻ, കെ.എൻ. *രാത്രികളുടെ രാത്രി*, ഡി.സി.ബുക്സ്, കോട്ടയം: 2001.

ഹരിദാസ, സി.എച്ച് (എഡി) *പ്രതിഭാസംഗമം, മുപ്പത്തിമൂന്ന് തെരഞ്ഞെടുത്ത കഥകൾ*, പി.കെ.ബ്രദേഴ്സ്, കോഴിക്കോട്, 1985.

റാഫി പോഞ്ഞിക്കര. *പാപികൾ*, സാഹിത്യപ്രവർത്തക സഹകരണസംഘം, നാഷണൽ ബുക്സ്റ്റാൾ, കോട്ടയം, 1973.

........................ *സ്വർഗ്ഗദൂതൻ*, സാഹിത്യപ്രവർത്തക സഹകരണ സംഘം, കോട്ടയം, 1958.

റോസി തോമസ്. *ആനി,* ഡി.സി.ബുക്സ്, കോട്ടയം: 2004.

## ആനുകാലികങ്ങൾ


അപ്പൻ, കെ.പി. 'ക്ഷുഭിതചലനങ്ങളുടെ വെല്ലുവിളി', *ഭാഷാപോഷിണി* 7,4, സെപ്തംബർ 1993, 7.

തോമസ് മാത്യു, എം. 'ഷണ്ഡനീതിയുടെ കുമ്പസാരഹാസ്യം', *ഭാഷാപോഷിണി* 20,9, ഫെബ്രുവരി 1997, 38.

ശ്രീജൻ, ബി. 'എഴുത്തിന്റെ സക്കറിയൻ മതം അഥവാ സക്കറിയൻ സാമൂഹിക പാഠങ്ങൾ', *മലയാള മനോരമ ക്യാംപസ് ലൈൻ,* ഓഗസ്റ്റ് 29, 2000, 8-9.

ഷാജി ജേക്കബ്. 'മലയാള നോവൽ? ആധുനികതയുടെ അടയാളങ്ങൾ', *സാഹിത്യലോകം ദ്വൈമാസികം*, 25,2, ജനുവരി-ഏപ്രിൽ 2000, 92-100.

സക്കറിയ. 'കഥയും നന്മകളും', *കലാകൗമുദി* 855, ഫെബ്രുവരി 2, 1992, 29.

*സാംസ്കാരികവികാരം സാഹിത്യ മാസിക*, സക്കറിയ പതിപ്പ്, 1,8,2003.

സുനിൽ, പി.ഇളയിടം. 'കഥയിലെ പിളർപ്പുകൾ', *മലയാളവാരിക പ്രത്യേക പതിപ്പ്*, ജനുവരി 7, 2000, 342-346.

സക്കറിയ. 'ആരാണ് മലയാളി ക്രിസ്ത്യാനി?', *കലാകൗമുദി*, 1231, ഏപ്രിൽ 1999, 6.

പ്രൊഫ. റഷീദ് പാനൂർ. 'മലയാള ചെറുകഥയിലെ സക്കറിയ സ്റ്റൈൽ', *വിദ്യാരംഗം മാസിക*, 32,2, ഫെബ്രുവരി 2007,27.

റോസി തമ്പി. 'വചനം മലയാളമായി നമ്മുടെ ഇടയിൽ വസിച്ചു', *അസ്സീസ്സി മാസിക*, 49,10,നവംബർ 2004, 14.

## അനുബന്ധം

# സക്കറിയയുടെ കൃതികൾ

**കഥകൾ**

*ഒരിടത്ത്,* കറന്റ് ബുക്സ്, കോട്ടയം: 1978..

*ഒരു നസ്രാണിയുവാവും ഗൗളിശാസ്ത്രവും,* കറന്റ് ബുക്സ്, കോട്ടയം: 1983.

*ആർക്കറിയാം,* കറന്റ് ബുക്സ്, കോട്ടയം: 1986.

*സലാം അമേരിക്ക,* കറന്റ് ബുക്സ്, കോട്ടയം: 1997.

*കണ്ണാടി കാണ്മോളവും,* കറന്റ് ബുക്സ്, കോട്ടയം: 1997.

*കന്യാകുമാരി,* കറന്റ് ബുക്സ്, കോട്ടയം: 1999.

*സക്കറിയയുടെ പെൺകഥകൾ,* കറന്റ് ബുക്സ്, കോട്ടയം: 2001.

**നോവലുകൾ**

*ഭാസ്കരപട്ടേലരും എന്റെ ജീവിതവും,* കറന്റ് ബുക്സ്, കോട്ടയം: 1998.

*പ്രെയ്സ് ദി ലോർഡ്,* കറന്റ് ബുക്സ്, കോട്ടയം: 1996.

*എന്തുണ്ട് വിശേഷം പീലാത്തോസേ,* കറന്റ് ബുക്സ്, കോട്ടയം: 1996.

*ഇഷ്ടികയും ആശാരിയും,* കറന്റ് ബുക്സ്, കോട്ടയം: 1999.

*ഇതാണെന്റെ പേര്,* ഡി.സി. ബുക്സ്, കോട്ടയം: 1998.

*അയ്യപ്പതിന്തകത്തോം,* ഡി.സി. ബുക്സ്, കോട്ടയം: 2003.

**തിരക്കഥ**

*ജോസഫ് ഒരു പുരോഹിതൻ.* കറന്റ് ബുക്സ്, കോട്ടയം, 1997.

**ലേഖനങ്ങൾ**

*ഗോവിന്ദം ഭജമൂഢമതേ,* കറന്റ് ബുക്സ്, കോട്ടയം: 1992.

*ബുദ്ധനും ഞാനും,* കറന്റ് ബുക്സ്, കോട്ടയം: 1997.

*ബുദ്ധിജീവികളെകൊണ്ട് എന്തുപ്രയോജനം?,* കറന്റ് ബുക്സ്, കോട്ടയം: 1998.

*മാതാഅമൃതാനന്ദമയി ഭാഗ്യവതിയും നിർഭാഗ്യവതിയും,* കറന്റ് ബുക്സ്, കോട്ടയം: 1999.

*മതം, സംസ്കാരം, മതമൗലികവാദം,* കറന്റ് ബുക്സ്, കോട്ടയം: 2002.

*കറുത്ത കൈ,* കറന്റ് ബുക്സ്, കോട്ടയം: 2001.

*സഖാവേ നാം ആർക്കുവേണ്ടി വിലപിക്കണം?,* 2002.

*അമൃതാനന്ദമയി ഘട്ടം രണ്ട്,* ഹരിതം ബുക്സ്, കോഴിക്കോട്, 2003.

*മലയാളിയുടെ അവസാനത്തെ അത്താഴം,* മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2004.

**യാത്രാവിവരണങ്ങൾ**

*ഒരു ആഫ്രിക്കൻ യാത്ര,* ഡി.സി. ബുക്സ്, കോട്ടയം:2005.

*തടാകനാട്.* (ഇംഗ്ലണ്ട് സഞ്ചാരക്കുറിപ്പുകൾ) ഡി.സി. ബുക്സ്, കോട്ടയം: 2007.

*നബിയുടെ നാട്ടിൽ.* ഡി.സി. ബുക്സ്, കോട്ടയം: 2009.